www.malankaralibrary.com

ജി. ചേടിയത്ത്

# ഒരിജൻ ഉത്തമഗീതഭാഷ്യം

കോട്ടയം
1986

www.malankaralibrary.com

# ഒരിജൻ
# ഉത്തമഗീതഭാഷ്യം

വിവർത്തനം

പ്രൊഫ. കെ. വി. ജോസഫ്,
എം. എ. (മലയാളം), എം. എ. (ഹിന്ദി), എം. എ. (ഇംഗ്ലീഷ്)

എഡിററർ

ഗീവർഗീസ് ചേടിയത്തു്

No. 102

പൗരസ്ത്യവിദ്യാപീഠം
വടവാതൂർ, കോട്ടയം—686 010
1986

www.malankaralibrary.com

Origen, Utthamageethabhashyam (a translation)
A Publication of the Oriental Institute of Religious Studies
P. B. No. 1, Vadavathoor. Kottayam—686 010. India.

Copyright: G. Chediath, 1986.

Printed at the Ashram Press, Manganam.

# വിഷയവിവരം

പേജ്

മുഖവുര ... vii

## ഒന്നാം ഭാഗം

## ഉത്തമഗീതഭാഷ്യം

**ആമുഖം** ... 1

ഉത്തമഗീതം നിഗൂഢാർത്ഥമുള്ള ഒരു നാടകം ... 1

ഉത്തമഗീതത്തിലെ പ്രതിപാദ്യം ... 3

സോളമൻെറ രചനകളിൽ ഉത്തമഗീതത്തിനുള്ള സ്ഥാനം ... 19

ഉത്തമഗീതം എന്ന ഗ്രന്ഥനാമം ... 27

**പുസ്തകം ഒന്ന്** (ഗീതം 1: 2—4) ... 39

1. അവൻെറ അധരം എന്നെ ചുംബനങ്ങൾകൊണ്ടു പൊതിയട്ടെ (1: 2a). ... 39

2. അവിടുത്തെ മാറിടം വീഞ്ഞിനെക്കാൾ മാധുര്യമുള്ളതാകുന്നു (1: 2b). ... 43

3. അങ്ങയുടെ അഭിഷേകതൈലത്തിൻെറ സൗരഭ്യം മററെല്ലാ സുഗന്ധവസ്തുക്കളെക്കാളുമെതിനെയുംകാൾ ഉപരിയാണ് (1: 3a). ... 51

4. നിൻെറ നാമം പകർന്ന തൈലംപോലെയാണ്. അതുകൊണ്ടു് കന്യകമാർ നിന്നെ പ്രേമിച്ചു. അവർ നിന്നെ ആകർഷിച്ചു. ഞങ്ങൾ നിൻെറ പിറകെ, നിൻെറ ലേപനതൈലത്തിൻെറ സുഗന്ധത്തിലേക്കു്, ഓടിയെത്തും (1: 3b- 4b). ... 55

5. രാജാവു തൻെറ മണവറയിലേക്കു് എന്നെ കൊണ്ടു വന്നിരിക്കുന്നു. ഞങ്ങൾ നിന്നിൽ ആനന്ദിച്ചുല്ലസിക്കും. ഞങ്ങൾ നിൻെറ മാറിടത്തെ വീഞ്ഞിനേക്കാൾ സ്നേഹിക്കും. ന്യായം നിന്നെ സ്നേഹിച്ചു (1: 4c-f). ... 65

www.malankaralibrary.com




**പുസ്തകം രണ്ട്** (ഗീതം, 1: 5–14) 71

1. ജറുസലേം പുത്രിമാരേ, ഞാൻ കറുത്തവളാണെങ്കിലും, കേദാറിലെ കൂടാരങ്ങൾ പോലെയും സോളമന്റെ തിരശ്ശീലകൾപോലെയും അഴകുള്ളവളാണ് (1 :5). 71
2. ഞാൻ മങ്ങിയ നിറമുള്ളവളായതുകൊണ്ട്, വെയിലേററു ഞാൻ ഇരുണ്ടുപോയതുകൊണ്ട്, എന്നെ തുറിച്ചുനോക്കരുതേ (1: 6a). 87
3. എന്റെ മാതൃതനയന്മാർ എന്നിൽ യുദ്ധം ചെയ്തു. അവർ എന്നെ മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയാക്കി. എന്നാൽ എന്റെ സ്വന്തം മുന്തിരിത്തോട്ടം ഞാൻ കാത്തുസൂക്ഷിച്ചില്ല (1: 6b). 93
4. എന്റെ ആത്മാവിന്റെ സ്നേഹഭാജനമേ, എന്നോടു പറയൂ: അങ്ങ് ആടുകളെ മേയ്ക്കുന്നതെവിടെയാണ്? മധ്യാഹ്നത്തിലെ അങ്ങയുടെ വിശ്രമസ്ഥാനം എവിടെയാണ്? അങ്ങയുടെ ചങ്ങാതികളുടെ ആട്ടിൻകൂട്ടങ്ങൾക്കരികെ മൂടുപടമണിഞ്ഞവളെപ്പോലെ ഞാൻ ആകാതിരിക്കാനാണിത് (1: 7). 98
5. സ്ത്രീകളിൽ അതിസുന്ദരീ, നീ നിന്നെത്തന്നെ അറിയുന്നില്ലെങ്കിൽ, ആട്ടിൻകൂട്ടങ്ങളുടെ കാല്പാടുകൾ നോക്കിപ്പോവുക, ഇടയന്മാരുടെ കൂടാരങ്ങൾക്കരികിൽ നിന്റെ മുട്ടാടുകളെ മേയ്ക്കുക (1: 8). 108
6. എന്റെ അയൽക്കാരീ, ഫറവോന്റെ രഥങ്ങളിലെ എന്റെ അശ്വസൈന്യത്തോടു നിന്നെ ഞാൻ തുല്യപ്പെടുത്തുന്നു (1: 9). 119
7. നിന്റെ കവിൾത്തടങ്ങൾകാട്ടുപ്രാക്കളുടേതുപോലെയും നിന്റെ കണ്ഠം ആഭരണങ്ങൾഅണിഞ്ഞതുപോലെയും എത്ര മനോജ്ഞമായിത്തീർന്നിരിക്കുന്നു (1: 10). 123
8. രാജാവു തന്റെ മേശയ്ക്കിരിക്കുന്നതുവരെ ഞങ്ങൾ നിനക്കു വെള്ളിപതിച്ച സ്വർണാഭരണങ്ങളുടെ അനുകരണങ്ങൾ ഉണ്ടാക്കാം (1: 11–12a) 127
9. എന്റെ ജടാമഞ്ചി അവന്റെ പരിമളം പരത്തി (1: 12b). 138
10. എനിക്ക് എന്റെ ഭ്രാതൃപുത്രൻ എന്റെ സ്തനങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന മീറച്ചിമിഴുപോലെയാണ് (1: 13). 142





11. എനിക്ക് എന്റെ ഭ്രാതൃപുത്രൻ എൻഗേദിയിലെ മുന്തിരിത്തോട്ടങ്ങളിലുള്ള സൈപ്രസ് കുലയാണ് (1: 14) 145

**പുസ്തകം മൂന്ന്** (ഗീതം, 1: 15–2: 15) 148

1. എന്റെ അയല്ക്കാരീ, നീ സുന്ദരിയാണ്. അതേ, നീ സുന്ദരിതന്നെ. നിന്റെ കണ്ണുകൾ ഇണപ്രാവുകളാണ് (1: 15). 148
2. എന്റെ ഭ്രാതൃപുത്രാ, നീ എത്ര സുന്ദരൻ! അതേ, സുന്ദരൻതന്നെ. നമ്മുടെ കിടക്ക ഹരിതമനോഹരമാകുന്നു (1:16). 151
3. നമ്മുടെ വീടിന്റെ ഉത്തരങ്ങൾ ദേവദാരു കൊണ്ടുള്ളവ. കഴുക്കോലുകളോ സരളവൃക്ഷം കൊണ്ടുള്ളവ (1: 17). 153
4. ഞാൻ വയലിലെ പുഷ്പവും താഴ്വരയിലെ ലില്ലിപ്പൂവുമാണ്. മുള്ളുകൾക്കിടയിലെ ലില്ലിപ്പൂ പോലെയാണ് പുത്രിമാർക്കിടയിൽ എന്റെ പ്രിയതമ (2: 1. 2). 155
5. കാട്ടുമരങ്ങൾക്കിടയിൽ ആപ്പിൾമരംപോലെയാണ് പുത്രിമാർക്കിടയിൽ എന്റെ ഭ്രാതൃപുത്രൻ. ഞാൻ അവന്റെ തണലിൽ ആഗ്രഹത്തോടുകൂടി ഇരുന്നു. അവന്റെ ഫലം എന്റെ കണ്ഠത്തിൽ മാധുര്യപൂർണമായിരുന്നു (2: 3). 157
6. വീഞ്ഞിന്റെ ഭവനത്തിലേക്ക് എന്നെ ആനയിക്കുക (2: 4a). 163
7. ക്രമമനുസരിച്ചുള്ള സ്നേഹം എന്നിൽ സ്ഥാപിക്കുക (2: 4b). 165
8. ലേപനതൈലങ്ങൾകൊണ്ട് എന്നെ ശക്തിപ്പെടുത്തുക ആപ്പിൾപ്പഴംകൊണ്ട് എനിക്ക് ഉന്മേഷം നൽകുക. എന്തെന്നാൽ ഞാൻ പ്രേമത്താൽ മുറിവേററവളായിരിക്കുന്നു (2: 5). 173
9. അവന്റെ ഇടതുകരം എനിക്കു തലയിണയാകട്ടെ. അവന്റെ വലതുകരം എന്നെ ആലിംഗനം ചെയ്യട്ടെ (2: 6). 178
10. ജറുസലേം പുത്രിമാരേ, വയലിലെ ശക്തികളാലും പ്രേരണകളാലും, അനിഷ്ടമുള്ളവിധം സ്നേഹത്തെ

www.malankaralibrary.com




ഉയർത്തുകയും ഉണർത്തുകയും ചെയ്യുവോ എന്നു ഞാൻ നിങ്ങളോട് അപേക്ഷിച്ചു ചോദിക്കുന്നു (2: 7). 181

11. അതാ, എൻെറ പ്രിയൻെറ സ്വരം. കണ്ടാലും, മലമുകളിലൂടെ കുതിച്ചുചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും അവൻ വരുന്നു (2 :8). 183

12. എൻെറ പ്രിയൻ ബേഥേൽമലകളിലെ ചെറുമാനിനെ പോലെയോ, കലമാൻകുട്ടിയെപ്പോലെയോ ആണ് (2 :9a) 193

13. അതാ അവൻ ഭിത്തിക്കു പിന്നിൽ നിൽക്കുന്നു......... മുന്തിരിവള്ളികൾ പൂത്തുലഞ്ഞു സുഗന്ധം പരത്തുന്നു (1: 9b–13b). 206

**പുസ്തകം നാല്**

14 (1) എൻെറ അയല്ക്കാരീ, എൻെറ സുന്ദരീ, എഴുന്നേൽക്കു ........മുന്തിരിവള്ളികൾ പൂത്തുലഞ്ഞു സുഗന്ധം പരത്തുന്നു (2: 10b–13a). 215

15 (2) എൻെറ അയൽക്കാരീ, എൻെറ സുന്ദരീ, എൻെറമാടപ്പിറാവേ, എഴുന്നേററുവരിക.... നിൻെറ സ്വരംമധുരമാകുന്നു; നിൻെറ മുഖം മനോഹരവും (2:13b–14). 223

16 (3) മുന്തിരിത്തോട്ടം നശിപ്പിക്കുന്ന ചെറുകുറുക്കന്മാരെ പിടിക്കുടുക. അപ്പോൾ നമ്മുടെമുന്തിരിത്തോട്ടങ്ങൾ തഴച്ചുവരും (2: 15). 231

**രണ്ടാംഭാഗം** 240

**ഉത്തമഗീതം: പ്രസംഗങ്ങൾ** 240

**ആമുഖം** 240

**പ്രസംഗം 1** 241

**പ്രസംഗം 2** 260

**കുറിപ്പുകൾ** 283


# മുഖവുര

ആദിമസഭയിൽ ജീവിച്ചിരുന്ന ഒരു മഹാനായിരുന്നു ഒരിജൻ. അദ്ദേഹം ക്രൈസ്തവ മാതാപിതാക്കളിൽനിന്ന് ക്രി. വ. 185–ൽ അലക്സാൺഡ്രിയയിൽ ജനിച്ചു. ചെറുപ്പത്തിലേ ബൈബിളിലും ശാസ്ത്രവിഷയങ്ങളിലും അദ്ദേഹത്തിനു ശിക്ഷണം ലഭിച്ചു. അക്കാലത്തുണ്ടായ മതപീഡനത്തിൽ (ക്രി. വ. 202–ൽ) ഒരിജൻെറ പിതാവ് ലയോണിദാസ് രക്തസാക്ഷിയായി. റോമൻസർക്കാർ ഒരിജൻെറ വസ്തുവകകൾ കണ്ടുകെട്ടി. തുടർന്ന് അദ്ധ്യാപക വൃത്തി ചെയ്ത് ഒരിജൻ കുടുംബം പുലർത്തി, 18–ാം വയസ്സിൽ അദ്ദേഹം അലക്സാൺഡ്രിയൻ കലാലയത്തിലെ പ്രധാനാദ്ധ്യാപകനായി.

ഒരിജൻെറ നേതൃത്വത്തിൽ അലക്സാൺഡ്രിയൻ കലാലയം കീർത്തിയുടെ പാരമ്യത്തിലെത്തി. പ്രഗത്ഭനായ ഒരു അദ്ധ്യാപകൻ, ആദിമസഭയിലെ പ്രശസ്തനായൊരു പണ്ഡിതൻ, കറതീർന്ന വ്യക്തിത്വത്തിൻെറ ഉടമ, ഒരു വിശ്വവിജ്ഞാനകോശം, ലോകം കണ്ടിട്ടുള്ള ബുദ്ധിരാക്ഷസന്മാരിൽ ഒരാൾ എന്നിങ്ങനെ ഒരിജൻ ശോഭിച്ചു. സഭാചരിത്രകാരനായ എവുസേബിയസ് (+ 339). ഒരിജനെപ്പററി രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കു: 'അദ്ദേഹത്തിൻെറ വാക്കുപോലെ ആയിരുന്നു ജീവിതവും; അദ്ദേഹത്തിൻെറ ജീവിതംപോലെ വാക്കും. ഇക്കാരണത്താൽ ദിവ്യശക്തിയുടെ സഹകരണത്തോടെ അനേകരെ തൻെറ തീക്ഷ്ണതയിൽ അവൻ പങ്കുകാരനാക്കി' (സഭാചരിത്രം, 6. 3. 7). ഒരിജനെ 'ഉരുക്കു മനുഷ്യൻ' എന്നാണു ചരിത്രകാരൻ വിളിക്കുന്നത്. എവുസേബിയസ് തുടരുന്നു: 'ഏററം താത്ത്വികമായ രീതിയിലത്രേ അദ്ദേഹം ജീവിച്ചിരുന്നത്. ചിലപ്പോൾ ഉപവാസത്തിലായിരിക്കാം അദ്ദേഹം സ്വയം പരിശീലിപ്പിക്കുന്നത്. മററു ചിലപ്പോൾ ജാഗരണത്തിലായിരിക്കാം. അദ്ദേഹം തറയിലല്ലാതെ ഒരിക്കലും കട്ടിലിൽ കിടന്നിട്ടില്ല. 'രണ്ടുവസ്ത്രങ്ങളോ രണ്ടു ചെരിപ്പുകളോ പാടില്ല; ഭാവിയെപ്പററിയുള്ള ചിന്തയാൽ ആകുലചിത്തരാകേണ്ട' എന്നു തുടങ്ങിയ കർതൃപ്രബോധനങ്ങൾ ശരിയായി പാലിക്കണം എന്ന് അദ്ദേഹത്തിനു നിഷ്കർഷ ഉണ്ടായിരുന്നു' (സഭാ. 6. 3. 9–10).

ഒരിജൻെറ അദ്ധ്യാപന കാലഘട്ടത്തെ രണ്ടായി തിരിക്കാം: ഒന്നാം ഭാഗം അലക്സാൺഡ്രിയയിൽ (203–231); രണ്ടാം ഭാഗം പലസ്തീനായിലെ കൈസറിയായിൽ (231–253). കീർത്തിയിൽനിന്നു പ്രശസ്തിയിലേക്കും, പ്രശസ്തിയിൽനിന്നു പെരുമ

www.malankaralibrary.com



യിലേക്കും, പെരുമയിൽനിന്നു് ഉന്നതിയിലേക്കുമുള്ള കുതിച്ചു കയററമായിരുന്നു ഒരിജന്റെ ജീവിതം. തിരക്കേറിയ ജീവിതത്തിനിടയിൽ അദ്ദേഹം നിരവധി യാത്രകൾ ചെയ്തിട്ടുണ്ടു്. റോമാ, ഗ്രീസ്, പലസ്തീനാ, അറേബ്യ എന്നിവിടങ്ങളിൽ പോയിരുന്നതായി രേഖകളുണ്ടു്. 253–ൽ 69–ാം വയസ്സിൽ ടയറിൽവച്ചു് മതപീഡനം സഹിച്ചു് ജയിലിൽ കിടന്നു് ഒരിജൻ മരിച്ചു. തന്റെ ജീവിതകാലത്തും മരണശേഷവും അദ്ദേഹം വിരുദ്ധതയുടെ അടയാളമായിരുന്നു. ഈ കാര്യത്തിൽ അദ്ദേഹം ക്രൂശിതനെ പൂർണമായി അനുകരിച്ചു. എപ്പോഴും ഒരു സത്യവിശ്വാസിയായിരിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ തീവ്രമായ അഭിലാഷം: 'സഭാപരവും അപ്പൊസ്തോലികവുമായ പാരമ്പര്യത്തിൽനിന്നു വ്യത്യാസമില്ലാത്തതു മാത്രമേ സത്യമായി അംഗീകരിക്കാവൂ' എന്നു് അദ്ദേഹം തന്റെ പ്രധാന കൃതിയുടെ ആരംഭത്തിൽ പറയുന്നു (പെരി ആർക്കോൻ, ആമുഖം,2). അതനുസരിച്ചു ജീവിക്കാൻ ശ്രമിച്ചു; അതു സ്വന്ത രക്തംകൊണ്ടു് ഉറപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഒരിജന്റെ മരണശേഷം അദ്ദേഹത്തിന്റെ പേരിൽ തർക്കങ്ങളും വാദപ്രതിവാദങ്ങളും ഉയർന്നു. ഒരിജന്റെ ശിഷ്യന്മാരും ആരാധകരും ഒരുവശത്തും ശത്രുക്കൾ മറുവശത്തുംനിന്നു് വലിയ വാദകോലാഹലങ്ങളുയർത്തി. 'ഒരിജനിസം' എന്നറിയപ്പെടുന്ന അബദ്ധോപദേശം ഒരിജൻ പഠിപ്പിച്ചു എന്നും ഇല്ലെന്നുമായിരുന്നു തക്കം. ക്രി. വ. 543–ൽ ജസ്ററീനിയൻ ചക്രവത്തി ഒരിജന്റെ പ്രബോധനങ്ങളിലെ പതിനഞ്ചെണ്ണം അബദ്ധങ്ങളാണെന്നു പ്രഖ്യാപിച്ചു. 553–ലെ സാർവത്രിക സിനഡു് അതു് ആവർത്തിച്ചു.

## കൃതികൾ

ഒരിജന്റെ മരണത്തിനുശേഷം ഉടലെടുത്ത കോലാഹലങ്ങൾ മൂലം അദ്ദേഹത്തിന്റെ അനേകകൃതികൾ നശിക്കുന്നതിനിടയായി. ശേഷിച്ചവ തന്നെയും ലത്തീൻ വിവർത്തനങ്ങളിലാണു് നമുക്കു് ലഭിച്ചിട്ടുള്ളതു്. എപ്പിഫാനിയസ് പറയുന്നതു് ഒരിജൻ 6000 കൃതികൾ രചിച്ചു എന്നാണു് (പാഷ. 64. 63). ഒരിജന്റെ 2000 കൃതികളെപ്പററി വി. ജറോം പറയുന്നു (റുഫീനസിനെതിരെ, 2. 22). 800 കൃതികളുടെ പേരുകൾ നമുക്കറിയാം. വി. ജറോം വി. പൗളാക്കയച്ച കത്തിൽ ഇക്കാര്യമുണ്ടു് (ലേഖനം 33). ഒരിജനെ സഹായിക്കാൻ പണക്കാരായ ചില സുഹൃത്തുക്കളുണ്ടായിരുന്നു. ഒരേ സമയം ഏഴിലേറെ ചുരുക്കെഴുത്തുകാർ ഒരിജന്റെ അടുത്തുണ്ടായിരുന്നു (സഭാ. 6. 23. 1–2; ജി. ചേടിയത്തു്, ആദിമസഭയുടെ സന്ദേശം, പേജ് 277ff.).



## ഉത്തമഗീതഭാഷ്യം

ഒരിജൻ ഉത്തമഗീതത്തിനു് പത്തു പുസ്തകങ്ങളിലായി വളരെ വലിയൊരു ഭാഷ്യം രചിച്ചു. ആദ്യത്തെ അഞ്ചെണ്ണം 240–ൽ ആഥൻസിൽ വച്ചും പിന്നത്തെ അഞ്ചെണ്ണം അതിനുശേഷം പലസ്തീനായിലെ കൈസറിയായിൽ വച്ചും എഴുതിയെന്നു് എവുസേബിയസ് പറയുന്നു (സഭാ. 6. 32. 2). എന്നാൽ ഗ്രീക്കിലെഴുതിയ പ്രസ്തുത കൃതിയുടെ ചില രേഖാശകലങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളു. റുഫീനസിന്റെ (+ 410) ലത്തീൻ വിവർത്തനത്തിലൂടെ ആദ്യത്തെ മൂന്നു പുസ്തകങ്ങൾ മാത്രം നിലനില്ക്കുന്നു. റൂഫീനസിന്റെ വിവത്തനത്തിനു് നീണ്ട ഒരു ആമുഖമുണ്ടു്. ക്രി. വ. 410–ൽ സിസിലിയിൽ വച്ചാണു് അദ്ദേഹം ഈ വിവർത്തനം ചെയ്തതു്. ഈ വിവർത്തനം പദാനുപദമല്ല; വളരെ സ്വതന്ത്രമാണു്; റുഫീനസ് എത്രമാത്രം ചുരുക്കിയിട്ടുണ്ടെന്നും കൂട്ടിച്ചേർത്തെന്നും മാററിയെന്നും പറയാൻ വിഷമമാണു്. പ്രത്യേകിച്ചു് ലത്തീൻ ബൈബിളിലെ വാക്യങ്ങൾക്കനുസരിച്ചു് തന്റെ ശ്രോതാക്കൾക്കുവേണ്ടി അദ്ദേഹം വിവർത്തനം തയാറാക്കിയപ്പോൾ പലയിടത്തും മാററങ്ങളുണ്ടായിക്കാണാനാണിട. വിവർത്തനങ്ങളെ സംബന്ധിച്ചു് ഇന്നുള്ള മാനദണ്ഡങ്ങളല്ല അന്നുണ്ടായിരുന്നതു്. അതിനാൽ അദ്ദേഹത്തെ കുററപ്പെടുത്താനാവില്ല. എങ്കിലും ഒരിജന്റെ കൃതി അവതരിപ്പിക്കുന്നതിൽ റുഫീനസ് വിജയിച്ചിട്ടുണ്ടു് എന്നതിൽ രണ്ടുപക്ഷമില്ല.

ചില കൈയെഴുത്തുപ്രതികളിൽ പുസ്തകം മൂന്നിന്റെ ഒരു ഭാഗം പുസ്തകം നാലായിട്ടാണു് കൊടുത്തിരിക്കുന്നതു്. വിവത്തനത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഒന്നാംപുസ്തകം ഉത്തമഗീതത്തിലെ ആദ്യത്തെ നാലു് വാക്യങ്ങളുടെ ഭാഷ്യമാണു്. പുസ്തകം രണ്ടു്: അധ്യായം 1: 5–14 വരെ; പുസ്തകം മൂന്നു്: 1:15–2: 15. ഇതു മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു.

ഒരിജനു മുമ്പു് റോമിലെ വിശുദ്ധ ഹിപ്പോളിററസ് (+235) ഉത്തമഗീതത്തിനു് ഒരു ഭാഷ്യമെഴുതി (എവു. സഭാ. 6. 22. 2; A N F. 5. 176ff; ആദിമ സഭയുടെ സന്ദേശം, 179). ഒരിജനുശേഷം വി. അത്തനേഷ്യസ് (+ 373) നിസ്സായിലെ വി. ഗ്രിഗറി (+ 395), മൊപ്സുവെസ്ത്യായിലെ തിയഡോർ (+428), സൈറസിലെ തിയഡൊറെററ് (+ 466), മാക്സിമസ് കൺഫസർ (+662) ആദിയായവരും ഭാഷ്യങ്ങളെഴുതിയിട്ടുണ്ടു്. മിക്കവരും ഒരിജന്റെ ഭാഷ്യത്തിൽനിന്നു കടമെടുത്തവരാണു്. എന്നാൽ അവരുടെയാരുടെയും ഭാഷ്യത്തിനു് ഒരിജന്റെ ഭാഷ്യത്തിനുള്ള ആഴമോ ആശയസൗകുമാര്യമോ ഇല്ല. സഭയിലെ

www.malankaralibrary.com



ആദ്യത്തെ വലിയ മിസ്റ്റിക്കൽ കൃതിയാണ് ഒരിജൻെറ ഉത്തമ ഗീതഭാഷ്യം.

അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ വി. ഗ്രന്ഥത്തിന്റ വാച്യാർത്ഥത്തിനപ്പുറത്ത് ആന്തരികമായ ഒരർത്ഥമുണ്ട്. അദ്ദേഹം അതിലേക്ക് വായനക്കാരുടെ ശ്രദ്ധ തിരിക്കുന്നു. എല്ലാ മനുഷ്യർക്കും ഈ ആന്തരികാർത്ഥം സുവ്യക്തമല്ല. അലക്സാൺഡ്രിയയിലെ യൂദന്മാർക്കിടയിൽ ഈ പ്രത്യേകഭാഷ്യരീതി (allegorical interpretation) നിലനിന്നു. ഫീലോയും കുംറാൻ സമൂഹവും ഇതു വികസിപ്പിച്ചു. ബർണബാസിൻെറ ലേഖനവും ഈ ശൈലി സ്വീകരിച്ചു. ഈ ഭാഷ്യരീതിയുടെ ഉത്തമവക്താവ് ഒരിജൻ തന്നെ.

സോളമനും എത്യോപ്യക്കാരി വധുവും തമ്മിലുള്ള പ്രേമഗാനമാണ് ഉത്തമഗീതം. ഇത് വ്യാച്യാർത്ഥം. എന്നാലിതിന് ആഴമായ അർത്ഥമുണ്ട്. അതു പഠിപ്പിക്കാനാണ് പരിശുദ്ധാത്മാവ് വിശുദ്ധ ലിഖിതത്തിൽ ശ്രമിക്കുന്നത്. ക്രിസ്തുവും വധുവായ സഭയും തമ്മിലുള്ള സംഭാഷണമാണിത്. 'അവൻെറ അധരം എന്നെ ചുംബനങ്ങൾകൊണ്ടു പൊതിയട്ടെ' (1: 2) എന്നത് മണവാളനുവേണ്ടി കാത്തിരിക്കുന്ന മണവാട്ടിയുടെ പ്രാർത്ഥനയാണ്. ഈ ആഗ്രഹം അവിടുന്ന് ഒന്നിച്ച് ഒരേസമയം പൂർത്തിയാക്കുന്നില്ല. അവൾ ആദ്യം മണവാളൻെറ സ്നേഹിതരുടെ സംരക്ഷണയിലായിരുന്നു—മാലാഖമാർ, പൂർവപിതാക്കന്മാർ, പ്രവാചകർ ആദിയായവർ ആണ് സ്നേഹിതന്മാർ. 'രാജാവു തൻെറ മേശയ്ക്കിരിക്കുന്നതുവരെ' (1: 11) അവൾ ഇത്തരം സംരക്ഷകരുടെ പരിലാളനയിലായിരുന്നു. അതായത് ക്രിസ്തു പുൽക്കൂട്ടിൽ പിറന്ന്, കുരിശിൽ ഉയർത്തപ്പെട്ട്, ഈ ലോകത്തിൽ നിന്ന് പരിപൂർണതയിലേക്കു കടന്നുപോകുന്നതുവരെ. യഹൂദരിൽനിന്നും വിജാതികളിൽനിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ടവരുടെ സഭയെ പൂർണമാക്കുന്നതുവരെ. ഷേബാ രാജ്ഞിയുടെ വരവും ജാതികളുടെ സഭയെ സൂചിപ്പിക്കുന്നു.

മൂന്നാമതൊരർത്ഥവും ഒരിജൻ പഠിപ്പിക്കുന്നു: ഓരോ മനുഷ്യാത്മാവും ക്രിസ്തുവും തമ്മിലുള്ള ബന്ധമാണിവിടെ പ്രതിപാദിക്കുന്നത്. മനുഷ്യവ്യക്തികളുടെ കൂട്ടായ്മയാണ് സഭ. അങ്ങനെ പരിഗണിക്കുമ്പോൾ വ്യക്തികൾ യേശുക്രിസ്തുവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവോ അത്രമാത്രം അഗാധമായിരിക്കും സഭയും ക്രിസ്തുവുമായുള്ള ബന്ധം: 'നാമാണ് സഭ' (Ecclesia........nos sumus) എന്ന് അദ്ദേഹം ഒരിടത്തു പറയുന്നു (ഹോമിലി, 2. 3).



## രണ്ടു പ്രസംഗങ്ങൾ

ഉത്തമഗീതത്തിൻെറ ഭാഷ്യത്തിനു പുറമെ രണ്ടു പ്രസംഗങ്ങൾകൂടി ലഭിച്ചിട്ടുണ്ട്. ഭാഷ്യം ചമച്ചശേഷമാകാം പ്രസംഗങ്ങൾ നടന്നത്. ക്രി. വ. 244 നു മുമ്പെന്നാണ് പണ്ഡിതമതം. ഭാഷ്യവുമായി ഈ പ്രസംഗങ്ങൾക്കു വളരെയധികം സാമ്യമുണ്ട്. ജറോം 383—ൽ റോമിൽവച്ച് ഈ പ്രസംഗങ്ങൾ ഗ്രീക്കിൽനിന്നു ലത്തീനിലേക്കു ഭാഷാന്തരം ചെയ്തു. റൂഫീനസിനേക്കാൾ വിശ്വസ്തമായി ജറോം ഒരിജൻെറ പ്രസംഗങ്ങൾ വിവർത്തനം ചെയ്തു.

## ഒരിജൻ—മിസ്റ്റിക്

സഭാരംഭകാലത്തു ജീവിച്ചിരുന്ന വലിയ മിസ്റ്റിക്കായിരുന്നു ഒരിജൻ. അഗാധ പണ്ഡിതൻ, വാഗ്മി, താത്ത്വികൻ എന്നിവയ്ക്കുപരി ആഴമേറിയ ക്രൈസ്തവജീവിതം സ്വായത്തമാക്കിയ താപസ്സൻ എന്ന നിലയിൽ ഒരിജൻ അധികമൊന്നും അറിയപ്പെട്ടിരുന്നില്ല. എന്നാൽ ഈയടുത്ത കാലത്തുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ ഒരിജൻെറ ജീവിതത്തിലെ ഈ വശം കൂടുതൽ മനസ്സിലാക്കാൻ അനേകർക്കു സാധിച്ചിട്ടുണ്ട്. പ്രസ്തുത പഠനത്തിനു വളരെ സഹായകമാണ്, ഒരിജൻ ചമച്ച ഉത്തമഗീതഭാഷ്യവും ഉത്തമഗീതത്തെ ആധാരമാക്കിയുള്ള രണ്ടു പ്രസംഗങ്ങളും.

ഒരിജൻെറ സ്വാധീനം വളരെ വലുതായിരുന്നു. 'പറയുന്നതുപോലെ പ്രവർത്തിക്കുക; പ്രവർത്തിക്കുന്നതുപോലെ പറയുക'—ഒരിജൻെറ ജീവിതത്തെപ്പറ്റി മറ്റുള്ളവർക്കുള്ള അഭിപ്രായമിതാണ്. ഒരിജൻ ധാരാളമെഴുതി. അലക്സാൺഡ്രിയൻ വിദ്യാപാഠശാലയുടെ തലപ്പത്തു തലയുയർത്തിനിൽക്കുന്ന ആ പ്രധാനാധ്യാപകൻ ക്രൈസ്തവദൈവശാസ്ത്രത്തിൻെറ ഊടുംപാവും വിരിച്ചു. അന്നത്തെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടുപോലും ഇത്രമാത്രം എഴുതിവയ്ക്കാൻ ഒരുമ്പെട്ട ആ പണ്ഡിതനെ നാം സ്മരിക്കേണ്ടതാണ്. അഭിപ്രായവ്യത്യാസമുള്ള പല കാര്യങ്ങളും ഒരിജൻെറ പേരിൽ അറിയപ്പെടുന്നുണ്ട്. തൻെറ ജീവിതകാലത്തും പിൽക്കാലത്തും നിശിതമായ വിമർശനങ്ങൾക്ക് അദ്ദേഹം വിധേയനായി. ദൈവശാസ്ത്രം വളർന്നു വികസിക്കാത്ത സാഹചര്യത്തിൽ, അബദ്ധ പ്രബോധകർ സത്യത്തിൽ മായംചേർത്തിരുന്ന സാഹചര്യത്തിൽ, ഒരിജൻെറ പ്രബോധനങ്ങളിലെ അവ്യക്തമായ സംഗതികൾ പൊക്കിപ്പിടിച്ച് അദ്ദേഹത്തിൻെറ സംഭാവനകളെ ഇടിച്ചു താഴ്ത്തിക്കാണിക്കരുതെന്ന് ഇന്ന് അനേകം പണ്ഡിതന്മാർ കരുതുന്നു.

താഴെപ്പറയുന്ന ഗ്രന്ഥമാണ് ഈ മലയാള വിവർത്തനത്തിന് മുഖ്യമായും ആധാരം:

www.malankaralibrary.com



R. P. Lawson, Origen, The Song of Songs: Commentary and Homilies, London, 1957 (ACW 26).

ഈ കൃതി ഇംഗ്ളീഷിൽനിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്ത പ്രൊഫ. കെ. വി. ജോസഫ്, എം. എ. (മലയാളം), എം. എ. (ഹിന്ദി), എം. എ. (ഇംഗ്ളീഷ്) അവർകളെ നന്ദിപൂർവം ഓർക്കുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിൽ എല്ലാവിധ പ്രോത്സാഹനവും സഹായവും തന്ന പ്രൊഫ. ഡോ. ജോൺ മാഡായ് അവർകളെയും അനുസ്മരിക്കുന്നു. ഈ ഗ്രന്ഥം ശ്രുപസൗഷ്ഠവത്തോടെ വെളിച്ചത്തു കൊണ്ടുവരുവാൻ ബുദ്ധിമുട്ടിയ മാങ്ങാനം ആശ്രമം പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഭാരതത്തിലെ ക്രൈസ്തവരുടെ ഇടയിൽ മിസ്റ്റിക്കൽ പാരമ്പര്യം വളർന്നു വരുവാൻ ഈ ഗ്രന്ഥം സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് വടവാതൂർ സെമിനാരിയുടെ രജതജൂബിലി ആരംഭിക്കുന്ന ഇന്ന് ജൂബിലി സ്മാരകമായി (1962–1986) ഈ ഗ്രന്ഥം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗീവർഗീസ് ചേടിയത്ത്

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
3–7–1986

# ആമുഖം

(റുഫീനസിന്റെ ലത്തീൻ വിവർത്തനത്തിൽനിന്ന്)

## ഉത്തമഗീതം നിഗൂഢാർത്ഥമുള്ള ഒരു നാടകം

ഈ ചെറിയ പുസ്തകം ഒരു 'എപ്പിത്തലാമിയം' അഥവാ വിവാഹഗാനം ആണെന്ന് എനിക്കു തോന്നുന്നു. സോളമൻ ഇതെഴുതിയത് ഒരു നാടകത്തിന്റെ രൂപത്തിലാകുന്നു. ഒരു വധുവിന്റെ ഭാവത്തിൽ അതു പാടുകയും ചെയ്തു. ആ വധു ഉടനെ വിവാഹിതയാകുന്നവളും തന്റെ മണവാളനെക്കുറിച്ചുള്ള സ്വർഗ്ഗീയ സ്നേഹത്താൽ ജ്വലിക്കുന്നവളുമത്രേ. പ്രസ്തുത വരൻ ദൈവത്തിന്റെ വചനം ആകുന്നു.[1] വധുവാകട്ടെ അവന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യാത്മാവോ (ദൈവത്തിന്റെ) സഭയോ ആകുന്നു. ഏതായാലും ആ വധു യഥാർത്ഥവും അഗാധവുമായ വിധത്തിൽ തന്റെ വരനെ സ്നേഹിച്ചു. ഉന്നതനും പരിപൂർണനുമായ ആ വരൻ തന്റെ മണവാട്ടിയായ ആത്മാവിനോട് അഥവാ സഭയോടുള്ള സംഭാഷണത്തിൽ ഏതെല്ലാം വാക്കുകൾ ഉപയോഗിച്ചുവെന്നും ഇതേ വി. ലിഖിതം നമ്മെ പഠിപ്പിക്കുന്നുണ്ട്. 'ഉത്തമഗീതം' എന്നു പേരുള്ള ഈ ചെറിയ പുസ്തകത്തിൽത്തന്നെ വധുവിന്റെ കൂടെപ്പോകുന്ന കൂട്ടുകാരികൾ പറയുന്ന കാര്യങ്ങളും വരന്റെ സ്നേഹിതന്മാരും സഹകാരികളും പറയുന്ന കാര്യങ്ങളുമുണ്ട്. മണവാളന്റെ സ്നേഹിതന്മാർക്ക്, മണവാളൻ തന്റെ വധുവിനോട് ഒന്നുചേരാൻ സാധിച്ചതു മൂലമുണ്ടായ സന്തോഷത്താൽ ചില കാര്യങ്ങൾ പറയാൻ സാധിച്ചു. ഒരു പക്ഷേ അക്കാര്യങ്ങൾ മണവാളൻതന്നെ അവരോടു പറഞ്ഞിട്ടുള്ളതാകാം. ഇതുപോലെതന്നെ വധു വരനോടു മാത്രമല്ല, കൂട്ടുകാരികളായ കന്യകമാരോടും സംഭാഷണം ചെയ്യുന്നതായി നാം കാണുന്നു. മണവാളന്റെ വാക്കുകൾ മണവാട്ടിയോടു മാത്രമല്ല, ചിലപ്പോൾ തന്റെ സ്നേഹിതന്മാരോടുള്ളവയും ആണ്. ഈ വിവാഹഗാനം നാടകരൂപത്തിൽ എഴുതപ്പെട്ടു എന്ന് അല്പം മുൻപ് പറഞ്ഞപ്പോൾ

www.malankaralibrary.com



ഞാൻ അർത്ഥമാക്കിയതു് ഇക്കാര്യമത്രേ. ഒരു കഥ ഒരഭിനയവേദിയിൽ അവതരിപ്പിക്കപ്പെടുമ്പോൾ അതിനെയാണല്ലോ നാം നാടകം എന്നു വിളിക്കുന്നതു്. അതിൽ വിവിധ കഥാപാത്രങ്ങൾക്കു നാം സ്ഥാനം നല്കുന്നു. കഥാപാത്രങ്ങൾ രംഗത്തു വരുകയും നിഷ്ക്രമിക്കുകയും മററും ചെയ്യുന്നതു് കഥാനിർവഹണത്തിന്റെ ഭാഗമാകുന്നു. പ്രസ്തുത പുസ്തകത്തിൽ ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം അവയുടെ ക്രമത്തിൽ ഉള്ളടങ്ങിയിട്ടുണ്ടു്. ആ കൃതി ആദ്യന്തം നിഗൂഢാത്മകമായ ഉക്തികൾ നിറഞ്ഞതുമാണു്.

ഒരു കാര്യം ആദ്യമേതന്നെ നാം മനസ്സിലാക്കിയിരിക്കുന്നതു യുക്തമാകുന്നു: ശൈശവത്തിൽ പ്രേമം എന്ന വികാരം നമ്മെ ബാധിക്കുന്നില്ല. അതുപോലെതന്നെ ആന്തരികജീവിതത്തെ സംബന്ധിച്ചു് ശൈശവഘട്ടത്തിലായിരിക്കുന്നവർക്കു്—ക്രിസ്തുവിലുള്ള വളർച്ചയെ സംബന്ധിച്ചിടത്തോളം പാൽമാത്രം കുടിക്കുന്ന ഘട്ടത്തിലായിരിക്കുന്നവർക്കു്, കട്ടിയായ ആഹാരം കഴിച്ചുതുടങ്ങിയിട്ടില്ലാത്തവർക്കു്—ഈ വാക്കുകളുടെ ശരിയായ അർത്ഥം പിടികിട്ടുകയില്ല. അവർക്കു് കളങ്കമില്ലാത്ത യുക്തിയുടെ പാലാണല്ലോ ആവശ്യമായിട്ടുള്ളതു്.[2] എന്തെന്നാൽ 'ഉത്തമഗീതത്തിന്റെ' വാക്കുകളിൽ 'പൂർണതയുള്ളവർക്കു കട്ടിയായ ഭക്ഷണം' എന്നു് അപ്പസ്തോലൻ പറഞ്ഞ ആ ആഹാരം ഉണ്ടു്. പ്രാപ്തികൊണ്ടു് സ്വന്തം പ്രജ്ഞകളെ നന്മതിന്മകൾ തിരിച്ചറിയത്തക്കവിധം പരിശീലിപ്പിച്ചവർക്കാണു് അത്തരം ഭക്ഷണം ആവശ്യമായിരിക്കുന്നതു്.[3] കുട്ടികൾ എന്നു നാം പറഞ്ഞ കൂട്ടത്തിലുള്ളവർ ഈ ഭാഗങ്ങൾ വായിക്കുകയാണെങ്കിൽ അവക്കു് അതുകൊണ്ടു കാര്യമായ ഗുണമോ ദോഷമോ ഉണ്ടാവുകയില്ല. അവയെക്കുറിച്ചുള്ള വിശദീകരണങ്ങൾ വായിച്ചാലും അതുതന്നെയായിരിക്കും സ്ഥിതി. എന്നാൽ ശാരീരിക സുഖങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്ന ഒരാൾ അതിനെ സമീപിച്ചാൽ അയാൾക്കു് അതിന്റെ വായനകൊണ്ടുണ്ടാകാവുന്ന കുഴപ്പവും അപകടവും ചെറുതായിരിക്കുകയില്ല. സ്നേഹത്തിന്റെ ഭാഷ പരിശുദ്ധിയോടും സംശുദ്ധമായ കാതുകളോടുംകൂടി കേൾക്കാൻ അയാൾക്കു് അറിയില്ല. അതിനാൽ കേൾവിയുടെ സമ്പ്രദായം തന്നെ അയാൾ വികൃതമാക്കും. അതിനെ ഉള്ളിലുള്ള ആത്മീയ മനുഷ്യനിൽനിന്നകററി പുറമേയുള്ള വൈഷയികമനുഷ്യനിലേക്കു തിരിച്ചുവക്കും. അയാൾ ആത്മാവിൽനിന്നു ശരീരത്തിലേക്കു തിരിക്കപ്പെടും. അതു് അയാളിൽ മാംസത്തിന്റെ വികാരങ്ങൾ വളർത്തും. ദിവ്യലിഖിതങ്ങൾ അങ്ങനെ അവനു് കാമാഭിലാഷങ്ങളിലേക്കു പ്രേരണയും പ്രചോദനവും നല്കുന്നതായി തോന്നുകയും ചെയ്യും.

അതിനാൽ മാംസരക്തങ്ങളുടെ അലട്ടലുകളിൽനിന്നു മോചനം നേടിക്കഴിഞ്ഞിട്ടില്ലാത്തവരും ശാരീരിക സ്വഭാവത്തിന്റെ



വികാരങ്ങൾ ശമിച്ചിട്ടില്ലാത്തവരുമായ എല്ലാവരും ഈ ചെറിയ പുസ്തകവും അതിനെക്കുറിച്ചു പറയപ്പെടാവുന്ന കാര്യങ്ങളും വായിക്കുന്നതിൽനിന്നു പൂർണമായും ഒഴിഞ്ഞു നിൽക്കണമെന്നു് ഞാൻ ഉപദേശിക്കുകയും താക്കീതു നല്കുകയും ചെയ്യുന്നു. ഹെബ്രായരുടെയിടയിലും പ്രായത്തിൽ പക്വതയും പൂർണതയും വന്നിട്ടില്ലാത്തവർ ഈ പുസ്തകം കൈയിലെടുക്കാൻ പോലും പാടില്ലെന്നു് നിബന്ധനയുണ്ടായിരുന്നുവെന്നു പറയുന്നു. അവരിൽനിന്നു നമുക്കു മറെറാരു സമ്പ്രദായവും കിട്ടിയിട്ടുണ്ടു്. അതിതാണു്—വി. ലിഖിതങ്ങളെല്ലാം അദ്ധ്യാപകരും ജ്ഞാനമുള്ളവരും കുട്ടികളെ പഠിപ്പിക്കണം. എന്നാൽ 'ദെവുതെരോസെയിസ്'[4] എന്നു് അവർ വിളിക്കുന്ന നാലു ഭാഗങ്ങൾ, അതായതു്, സൃഷ്ടിയുടെ പുസ്തകത്തിൽ ലോകസൃഷ്ടിയെക്കുറിച്ചു വിവരിക്കുന്ന ഭാഗങ്ങൾ, എസക്കിയേലിന്റെ പുസ്തകത്തിൽ ക്രോബേ മാലാഖമാരെക്കുറിച്ചു പറയുന്ന ആദ്യ അദ്ധ്യായങ്ങൾ, അപ്പുസ്തകത്തിൽത്തന്നെ ദേവാലയനിർമാണത്തെക്കുറിച്ചു പറയുന്ന അവസാനഭാഗം, ഉത്തമഗീതം എന്ന ഈ പുസ്തകം എന്നിവ പഠനത്തിന്റെ അവസാന ഘട്ടത്തിലേക്കു നീക്കി വയ്ക്കണം.

## ഉത്തമഗീതത്തിലെ പ്രതിപാദ്യം

ഇപ്പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കാൻ തുടങ്ങുന്നതിനുമുമ്പു് പ്രേമത്തെക്കുറിച്ചുതന്നെ ഏതാനും കാര്യങ്ങൾ ആദ്യമായി പറയേണ്ടതു് ആവശ്യമാണെന്നെനിക്കു തോന്നുന്നു. ഈ ലിഖിതത്തിലെ പ്രധാന പ്രതിപാദ്യം പ്രേമമാണല്ലോ. അതിനുശേഷം സോളമന്റെ പുസ്തകങ്ങളുടെ ക്രമത്തെക്കുറിച്ചു പറയാം. സോളമന്റെ പുസ്തകങ്ങളിൽ മൂന്നാമത്തേതായിട്ടാണു് 'ഉത്തമഗീതം' കരുതപ്പെടുന്നതു്. അതിനുശേഷം പുസ്തകത്തിന്റെ നാമകരണത്തെക്കുറിച്ചു ചിന്തിക്കാം. അതിനു് 'ഉത്തമഗീതം' എന്നു പേരു കൊടുത്തതെന്തുകൊണ്ടു്? അവസാനമായി, ഇതു് നാടകരൂപത്തിൽ, കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണത്തോടുകൂടി വേദിയിൽ അഭിനയിക്കപ്പെടുന്ന ഒരു കഥയായി എഴുതപ്പെട്ടതെന്തുകൊണ്ടു് എന്നു വിചിന്തനം ചെയ്യാം.

ഗ്രീക്കുകാരുടെയിടയിൽ പ്രേമത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള സത്യം അന്വേഷിച്ചറിയാൻ ശ്രമിച്ചവരായ ജ്ഞാനികൾ[5] സംഭാഷണരൂപത്തിലുള്ള അനേകതരം ലിഖിതങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടു്. ആത്മാവിനെ ഭൂമിയിൽനിന്നു സ്വർഗത്തിന്റെ ഔന്നത്യങ്ങളിലേക്കു നയിക്കാൻ കഴിയുന്നതു് പ്രേമത്തിന്റെ ശക്തിക്കു മാത്രമാണെന്നും ആത്മാവിനു പരമമായ ആനന്ദം

www.malankaralibrary.com



അനുഭവിക്കാൻ കഴിയുന്നത് പ്രേമാഭിനിവേശത്തിന്റെ ഉത്തേജനത്തിൻകീഴിൽ മാത്രമാണെന്നും കാണിക്കുക ആയിരുന്നു അതിന്റെ ലക്ഷ്യം. ഈ വിഷയത്തെക്കുറിച്ചുള്ള വിവാദങ്ങൾ പലതും വിരുന്നുസൽകാരവേളകളിൽ നടന്നതായിട്ടാണ് എഴുതപ്പെട്ടിട്ടുള്ളത്. അവരുടെ വിരുന്നുകളിൽ ഭക്ഷണപദാർത്ഥങ്ങളെക്കാൾ പ്രാധാന്യം വാക്കുകൾക്കായിരുന്നു എന്നു തോന്നുന്നു. ആത്മാവിൽ ഈ സ്നേഹം ഉത്ഭവിപ്പിക്കുകയും വളർത്തുകയും ചെയ്യാനുതകുന്ന ചില കലകളുടെ ലിഖിത വിവരണങ്ങൾ വേറെ ചിലയാളുകളും നമുക്കായി നൽകിയിട്ടുണ്ട്. എന്നാൽ വിഷയാസക്തരായ മനുഷ്യർ നികൃഷ്ടാഭിലാഷങ്ങളെയും പാപകരമായ ജീവിതത്തിനുതകുന്ന രഹസ്യതന്ത്രങ്ങളെയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പ്രസ്തുത കലകളെ ദുഷിപ്പിച്ചു.

അതിനാൽ പ്രേമത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ഈ ചർച്ച വിഷമം പിടിച്ചതും നമ്മെ സംബന്ധിച്ചുപോലും അപകടകരമാകാൻ സാദ്ധ്യതയുള്ളതുമാണ് എന്നു ഞാൻ പറയുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടരുത്. കാരണം, നമ്മുടെയിടയിലും ലോകപരിചയം കുറഞ്ഞവരും ഋജുസ്വഭാവികളും ഉണ്ടല്ലോ. ഗ്രീക്കുകാർ വളരെ വിവേകികളും വിജ്ഞരുമാണെന്നാണല്ലോ നമ്മുടെ അറിവ്. അവരുടെയിടയിൽപ്പോലും പ്രേമത്തെക്കുറിച്ചു പറയപ്പെട്ട കാര്യങ്ങൾ ഉദ്ദിഷ്ടാർത്ഥത്തിൽ മനസ്സിലാക്കാൻ പ്രാപ്തിയില്ലാത്ത അനേകർ ഉണ്ടായി. വൈഷയികമായ പാപങ്ങളിലേക്കോ അടക്കമില്ലായ്മയുടെ അഗാധഗർത്തങ്ങളിലേക്കോ പാഞ്ഞിറങ്ങുന്നതിനു പ്രസ്തുത ലിഖിതങ്ങളിൽനിന്നു പഴുതുകൾ കണ്ടെത്തുകയാണ് അവർ ചെയ്തത്. പ്രസ്തുത ലിഖിതങ്ങളിൽ തങ്ങൾക്കിഷ്ടപ്പെട്ട ചില സൂചനകളും ശുപാർശകളും അവർ കണ്ടെത്തി. അഥവാ പ്രാചീനർ പറഞ്ഞ കാര്യങ്ങളെ തങ്ങളുടെ ആത്മനിയന്ത്രണരാഹിത്യത്തിനൊരു കവചമായി അവർ ഉപയോഗിച്ചു.

അതിനാൽ നമുക്കും അങ്ങനെ സംഭവിക്കാതിരിക്കുന്നതിനും പ്രാചീനർ നല്ലതും ആദ്ധ്യാത്മികവുമായ ഉദ്ദേശ്യത്തോടുകൂടി എഴുതിയ കാര്യങ്ങൾ നാമും ദുഷ്ടവും കാമാവിഷ്ടവുമായ അർത്ഥത്തിൽ വ്യാഖ്യാനിക്കാതിരിക്കുന്നതിനുംവേണ്ടി നമുക്കു നമ്മുടെ ശരീരത്തിന്റെയും ആത്മാവിന്റെയും കരങ്ങളെ ദൈവത്തിങ്കലേക്കുയർത്താം. നല്ല വാർത്തകൾ വലിയ ശക്തിയോടുകൂടി പ്രസംഗിക്കാൻ അവർക്കു വാക്കു നൽകിയ കർത്താവ്[6] തന്റെ വചനം നമ്മുടെമേലും അയയ്ക്കട്ടെ. അങ്ങനെ പ്രേമത്തെയും അതിന്റെ സ്വഭാവത്തെയുംകുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഇക്കാര്യങ്ങളിൽനിന്ന് പ്രസന്നവും ആരോഗ്യകരവുമായ അർത്ഥം മനസ്സിലാക്കാനും അതു



നമ്മുടെ ചാരിത്ര്യസംരക്ഷണത്തിനു സഹായകമാകാനും ഇടവരട്ടെ.

സൃഷ്ടിയെക്കുറിച്ചു വിവരിക്കുന്ന മോശയുടെ വാക്കുകളുടെ ആദ്യഭാഗത്ത് രണ്ടു മനുഷ്യസൃഷ്ടികളെക്കുറിച്ചുള്ള പരാമർശം നാം കാണുന്നുണ്ട്. ഒന്ന് 'ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും' മറ്റേത് 'ഭൂമിയിലെ കളിമണ്ണുകൊണ്ടും[7].' പൗലോസ് അപ്പൊസ്തലൻ ഇക്കാര്യം നന്നായി മനസ്സിലാക്കിയിരുന്നു. ഈ വിഷയത്തെക്കുറിച്ചു വളരെ സ്പഷ്ടമായ ധാരണയുണ്ടായിരുന്നതിനാൽ അദ്ദേഹം തന്റെ ലേഖനങ്ങളിൽ ഓരോ മനുഷ്യനിലും യഥാർത്ഥത്തിൽ രണ്ടു മനുഷ്യരുണ്ടെന്നു വളരെ സ്പഷ്ടമായും തെളിച്ചത്തോടുകൂടിയും എഴുതി. ഉദാഹരണത്തിന്; അദ്ദേഹം പറയുന്നു: 'ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു.' വീണ്ടും, 'എന്റെ ആന്തരികമനുഷ്യനിലാകട്ടെ, ഞാൻ ദൈവത്തിന്റെ നിയമമോർത്ത് ആഹ്ളാദിക്കുന്നു'.[8] ഇതേരീതിയിലുള്ള വേറെ ചില പ്രസ്താവങ്ങളും അദ്ദേഹം ചെയ്യുന്നുണ്ട്. അതിനാൽ സൃഷ്ടിയുടെ പുസ്തകത്തിൽ ആദ്യഭാഗത്തു രണ്ടു മനുഷ്യരുടെ സൃഷ്ടിയെയും ക്രമീകരണത്തെയുംകുറിച്ചു മോശ പറയുന്നതിൽ ആരും സംശയിക്കേണ്ടതില്ലെന്നാണ് എനിക്കു തോന്നുന്നത്. കാരണം, മോശ എഴുതിയതെന്തെന്ന് നമ്മെക്കാൾ വളരെ നന്നായി വി. പൗലോസ് മനസ്സിലാക്കിയെന്ന് നമുക്കു കാണാം. നാം ഓരോരുത്തരിലും രണ്ടു മനുഷ്യരുണ്ടെന്ന് അദ്ദേഹം വ്യക്തമായി പറയുന്നുണ്ടല്ലോ. ഈ രണ്ടു മനുഷ്യരിൽ ഒരാൾ, ആന്തരിക മനുഷ്യൻ, അനുദിനം നവീകരിക്കപ്പെടുന്നുവെന്ന് അദ്ദേഹം പറയുന്നു. എന്നാൽ ബാഹ്യമനുഷ്യൻ എല്ലാ വിശുദ്ധരിലും തന്നിൽത്തന്നെയും ദുഷിച്ചതും ദുർബലവുമാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നുമുണ്ട്. ആർക്കെങ്കിലും ഈ വിഷയത്തിൽ എന്തെങ്കിലും സംശയം അവശേഷിക്കുന്നുണ്ടെങ്കിൽ ഓരോ കാര്യവും പ്രസക്തമായ സന്ദർഭങ്ങളിൽ കൂടുതൽ വിശദമായി പ്രതിപാദിക്കപ്പെടുന്നതാണ്. തൽക്കാലം ആന്തരികമനുഷ്യനെയും ബാഹ്യമനുഷ്യനെയുംകുറിച്ചു നാം പറഞ്ഞുവന്ന കാര്യത്തെക്കുറിച്ചു തുടർന്നു ചിന്തിക്കാം.

ഈ വക കാര്യങ്ങളിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്ന ഒരു കാര്യം വി. ലിഖിതങ്ങൾ ഭിന്നാർത്ഥശബ്ദം (Homonyms) ഉപയോഗിക്കാറുണ്ട് എന്നതാണ്—അതായത് വ്യത്യസ്തകാര്യങ്ങൾ സൂചിപ്പിക്കുന്നതിന് ഒരേപോലുള്ള വാക്കുകൾ ഉപയോഗിക്കും. ആന്തരിക മനുഷ്യന്റെ ഭാഗങ്ങളെയും മനോഭാവങ്ങളെയും സൂചിപ്പിക്കുന്ന അതേ പേരുകൾ കൊണ്ട് അവ ബാഹ്യ

www.malankaralibrary.com



മനുഷ്യന്റെ അവയവങ്ങളെയും അർത്ഥമാക്കാറുണ്ട്. ഒരേ വാക്കുകൾ ഉപയോഗിക്കുക മാത്രമല്ല, വസ്തുതകളെ പരസ്പരം തുലനം ചെയ്യാറുമുണ്ട്. ഉദാഹരണത്തിന് ഒരാൾക്ക് പ്രായപൂർത്തിയായ അവസരത്തിലും ആന്തരികമായി വളരാനുള്ള ശക്തി അയാളിലുണ്ടെങ്കിൽ ആന്തരിക മനുഷ്യനെ സംബന്ധിച്ച് അയാൾ ഒരു ശിശുവാണ്. അയാളെ മുമ്പോട്ട് ആന്തരികമായ യൗവനത്തിലേക്കു നയിക്കാൻ കഴിയും. തുടർന്ന് വികാസത്തിന്റെ ക്രമാനുഗതമായ ഘട്ടങ്ങളിലൂടെ അയാൾ ആന്തരികമായി ഒരു പരിപൂർണ മനുഷ്യനും[9] ഒരു പിതാവും ആയിത്തീരുന്നു. അതിനാൽ അത്തരം വാക്കുകൾ വി. ലിഖിതങ്ങളിലെ പ്രയോഗങ്ങളോട്, പ്രത്യേകിച്ചും വി. യോഹന്നാന്റെ ലിഖിതങ്ങളോട് പൊരുത്തപ്പെട്ടുപോകത്തക്കവണ്ണം ഉപയോഗിക്കുക എന്നതാണ് എന്റെ ഉദ്ദേശ്യം. വി. യോഹന്നാൻ പറയുന്നു: 'കുഞ്ഞുമക്കളേ, ഞാൻ നിങ്ങൾക്കെഴുതുന്നു, എന്തെന്നാൽ നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കുന്നു. പിതാക്കന്മാരേ, ഞാൻ നിങ്ങൾക്കെഴുതുന്നു, എന്തെന്നാൽ ആദിമുതലുള്ളവനെ നിങ്ങൾ അറിയുന്നു. യുവാക്കന്മാരേ, ഞാൻ നിങ്ങൾക്ക് എഴുതുന്നു; നിങ്ങൾ ശക്തന്മാരാണ്, ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു; ദുഷ്ടനെ നിങ്ങൾ ജയിക്കുകയും ചെയ്തിരിക്കുന്നു.'[10] ഇത് അങ്ങേയറ്റം സ്പഷ്ടമാണ്. വി. യോഹന്നാൻ ഈ ആളുകളെ ശിശുക്കളെന്നോ ബാലന്മാരെന്നോ യുവാക്കളെന്നോ പിതാക്കന്മാരെന്നുതന്നെയോ വിളിക്കുന്നത് ശാരീരികമായ പ്രായത്തെ അടിസ്ഥാനമാക്കിയല്ല, ആത്മീയമായ പ്രായത്തെ അടിസ്ഥാനമാക്കിയാണ് എന്നതിനെക്കുറിച്ച് ആർക്കെങ്കിലും സംശയമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. വി. പൗലോസും ഒരിടത്തു പറയുന്നുണ്ട്: 'എനിക്കു നിങ്ങളോട് ആത്മീയമനുഷ്യരോട് എന്നതുപോലെ സംസാരിക്കാൻ സാധിച്ചില്ല. ജഡികമനുഷ്യരോട് എന്നതുപോലെയും ക്രിസ്തുവിൽ ശിശുക്കളോട് എന്നതുപോലെയുമാണ് നിങ്ങളോടു ഞാൻ സംസാരിച്ചത്. നിങ്ങൾക്കു കുടിക്കാൻ പാലാണ് തന്നത്, മാംസമല്ല.'[11] ക്രിസ്തുവിൽ ശിശു എന്ന് ഒരാളെ വിളിക്കുന്നത് അയാളുടെ ആദ്ധ്യാത്മികമായ പ്രായം കരുതിയാണ്, ശാരീരികമായ പ്രായം കണക്കാക്കിയല്ല എന്നതു സംശയാതീതമത്രേ. ഇതേ പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു. 'ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു. ശിശുവിനെപ്പോലെ മനസ്സിലാക്കി. ശിശുവിനെപ്പോലെ ചിന്തിച്ചു. എന്നാൽ പ്രായപൂർത്തിവന്നപ്പോൾ ശിശുസഹജമായവ ഞാൻ കൈവെടിഞ്ഞു.[12] വേറൊരു സന്ദർഭത്തിൽ അദ്ദേഹം വീണ്ടും പറയുന്നു: "ക്രിസ്തുവിന്റെ പൂർണതയുടെ യുഗത്തിന്റെ അളവിലേക്ക്



പരിപൂർണമനുഷ്യനായി.......നാമെല്ലാവരും ഒന്നിച്ചുകൂടുന്നതുവരെ'.[13] വിശ്വസിക്കുന്നവരെല്ലാം ക്രിസ്തുവിന്റെ പരിപൂർണതയുടെ യുഗത്തിന്റെ അളവിലേക്ക് ഒരു പരിപൂർണമനുഷ്യനായി ഒന്നിച്ചുകൂടും എന്ന് അവൻ അറിയുന്നു.

അങ്ങനെ, നാം മുകളിൽപ്പറഞ്ഞ ഈ വ്യത്യസ്തപ്രായങ്ങൾ ബാഹ്യമനുഷ്യനെ സംബന്ധിച്ചും ആന്തരികമനുഷ്യനെ സംബന്ധിച്ചും ഒരേ വാക്കുകളാൽ സൂചിപ്പിക്കുന്നതുപോലെ ശരീരാവയവങ്ങളുടെ പേരുകൾ ആത്മാവിന്റെ അവയവങ്ങളെ സൂചിപ്പിക്കുന്നതും ആത്മാവിന്റെ വിവിധപ്രവണതകളും കഴിവുകളും അതിന്റെ അവയവങ്ങളായി കണക്കാക്കപ്പെടുന്നതും വി. ലിഖിതത്തിൽ നമുക്കു കാണാം. 'ജ്ഞാനിയുടെ കണ്ണുകൾ അവന്റെ ശിരസ്സിലാകുന്നു.'[14] എന്ന് സഭാപ്രസംഗകനിൽ നാം വായിക്കുന്നു. വീണ്ടും സുവിശേഷത്തിൽ നാം വായിക്കുന്നു: 'കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.'[15] ഇതുപോലെ പ്രവാചകന്മാരിലും നമുക്കു കാണാം. 'ജറമിയാപ്രവാചകന്റെ കയ്യിൽ നൽകപ്പെട്ട കർത്താവിന്റെ അരുളപ്പാട്''.[16] ഇതുപോലെമറ്റു പ്രവാചകന്മാരിലും. 'നിന്റെ കാല് ഇടറുകയില്ല'[17] എന്ന ഭാഗം മറ്റൊരുദാഹരണമാണ്. 'എന്നാൽ എന്റെ പാദങ്ങൾ ഇടറാൻ തുടങ്ങി'[18] എന്നതും ഇപ്പറഞ്ഞതിനുദാഹരണമാണ്. 'കർത്താവേ, അവിടത്തെക്കുറിച്ചുള്ള ഭയത്തിൽ നിന്ന് ഞങ്ങൾ ഞങ്ങളുടെ ഗർഭാശയത്തിൽ ഗർഭം ധരിച്ചു'[19] എന്ന വാക്യത്തിൽ ആത്മാവിന്റെ ഗർഭാശയവും സ്പഷ്ടമായി എടുത്തു പറയപ്പെടുന്നുണ്ട്. ഇതുപോലെ 'അവരുടെ കണ്ഠം ഒരു തുറന്ന ശവക്കല്ലറയാണ്'' എന്നു വായിക്കുമ്പോൾ ആരെങ്കിലും അമ്പരക്കുന്നുണ്ടോ? അതുപോലെ 'കർത്താവേ, അവരെ താഴെ തള്ളിയിടുകയും അവരുടെ നാവുകളെ പിളർക്കുകയും ചെയ്യേണമേ' എന്നും 'അവിടുന്ന് പാപികളുടെ പല്ലുകൾ തകർത്തു' എന്നും 'അവിടന്ന് പാപിയുടെയും ദുഷ്ടന്റെയും കയ്യ് ഒടിക്കേണമേ' എന്നും എഴുതപ്പെട്ടിട്ടുള്ളതു വായിക്കുമ്പോഴും നമുക്കു യാതൊരമ്പരപ്പും ഉളവാകുന്നില്ല.[20]

ഇത്തരം പ്രയോഗങ്ങളുടെ കൂടുതൽ ഉദാഹരണങ്ങൾ ഞാൻ ഇവിടെ നിരത്തിവയ്ക്കേണ്ട യാതൊരാവശ്യവുമില്ല. വി. ലിഖിതങ്ങളിൽ അവ സർവത്ര സുലഭങ്ങളാകുന്നു. മുകളിൽ കൊടുത്ത ഉദ്ധരണികളിൽ കുറെ ശരീരഭാഗങ്ങളുടെ പേരുകൾ പറഞ്ഞിട്ടുണ്ടല്ലോ. അവ ദൃശ്യമായ ബാഹ്യശരീരത്തിന്റെ അവയവങ്ങളെക്കുറിച്ചല്ലെന്നും അദൃശ്യമായ ആത്മാവിന്റെ ഭാഗങ്ങളെയും ശക്തികളെയും കുറിച്ചാണെന്നും വ്യക്തമാണല്ലോ. ശരീരാവയവങ്ങൾക്ക് ആ പേരുകൾ ഉണ്ടെന്നത് അനിഷേധ്യം തന്നെ.

www.malankaralibrary.com



എന്നാൽ ഇവിടെ ആ പേരുകൾ ആന്തരിക മനുഷ്യനെ സംബന്ധിക്കുന്ന ആശയങ്ങൾ യാതൊരു സന്ദിഗ്ധതയും കൂടാതെ വെളിപ്പെടുത്തുന്നു. ഈ ബാഹ്യ അഥവാ ഭൗതിക മനുഷ്യന് യോജിക്കുന്ന—അതായത് ഭൗതികമായ—ഭക്ഷണപാനീയങ്ങൾ ഉണ്ട്. അതുപോലെതന്നെ ആന്തരികമനുഷ്യന് അഥവാ ആദ്ധ്യാത്മികമനുഷ്യനും അവനു യോജിച്ചതായ ഭക്ഷണമുണ്ട്. അവൻെറ ഭക്ഷണം 'സ്വർഗത്തിൽനിന്നിറങ്ങി വന്ന ജീവനുള്ള അപ്പം' ആകുന്നു. അവനു കുടിക്കാനുള്ളതാകട്ടെ, 'ഞാൻ നൽകുന്ന ഈ ജലം പാനം ചെയ്യുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല'[21] എന്ന വാക്കുകൾ വഴി യേശു വാഗ്ദാനം ചെയ്തിട്ടുള്ള ജലമത്രേ.

ഇങ്ങനെ രണ്ടുവിധ മനുഷ്യരെക്കുറിച്ചും ഒരേവാക്കുകൾ ഉപയോഗിക്കുന്നതായി നാം കാണുന്നു. എന്നാൽ കാര്യങ്ങളുടെ അടിസ്ഥാനസ്വഭാവം ശരിയായി വേർതിരിച്ചു നിർത്തപ്പെടുകയും ചെയ്യുന്നു. നശിച്ചുപോകുന്ന മനുഷ്യന് നശിച്ചുപോകുന്ന വസ്തുക്കൾ നല്കപ്പെടുന്നു. നാശമില്ലാത്ത ആത്മീയമനുഷ്യനു മുമ്പിൽ നാശമില്ലാത്ത വസ്തുക്കൾ വയ്ക്കപ്പെടുന്നു. വേണ്ടുവോളം ഗൗരവബുദ്ധിയില്ലാത്ത ചിലയാളുകൾ ദൈവിക ലിഖിതങ്ങളിൽ ബാഹ്യമനുഷ്യനെക്കുറിച്ചും ആന്തരികമനുഷ്യനെ കുറിച്ചും പറഞ്ഞിട്ടുള്ള കാര്യങ്ങൾ വകതിരിച്ച് മനസ്സിലാക്കാൻ കഴിവില്ലാതെ, ഈ പദപ്രയോഗങ്ങൾമൂലം അബദ്ധത്തിൽച്ചാടുന്നു. അവർ നിരർഥകങ്ങളും നിസ്സാരങ്ങളുമായ ചില കഥകൾക്ക് തങ്ങളെത്തന്നെ വിധേയരാക്കുന്നു. അങ്ങനെ പുനരുത്ഥാനത്തിനുശേഷം ശാരീരികമായ ഭക്ഷണപാനീയങ്ങൾ—എന്നേക്കും ജീവിക്കുന്ന ആ മുന്തിരിവള്ളിയിൽ നിന്നുള്ള ഭക്ഷണം മാത്രമല്ല,[22] ഭൂമിയിൽ നമുക്കു ചുററുമുള്ള മററു മുന്തിരിച്ചെടികളിലെയും വൃക്ഷങ്ങളിലെയും ഫലങ്ങളും[23]—നാം ഉപയോഗിക്കും എന്ന് അക്കൂട്ടർ കരുതുന്നു.

അപ്പോൾ, മുൻ പറഞ്ഞ പരാമർശങ്ങൾ വ്യക്തമാക്കിയിട്ടുള്ളതുപോലെ, ആന്തരിക മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരാൾ വന്ധ്യനും സന്താനഹീനനുമായിരിക്കാം. വേറൊരാൾക്ക് അനേകം സന്താനങ്ങൾ ഉണ്ടായിരിക്കാം. 'വന്ധ്യ ഏഴു പ്രസവിക്കുന്നു. സന്താനസമ്പത്തുള്ളവർ നിരാലംബയാകുന്നു' [24] എന്ന വി. ലിഖിതവാക്യം ഇപ്പറഞ്ഞതിനനുസരണമാണെന്നു നമുക്കു ശ്രദ്ധിക്കാൻ കഴിയും. നിങ്ങളുടെയിടയിൽ വന്ധ്യതയോ സന്താന ഹീനതയോ ഉള്ളവർ ഉണ്ടായിരിക്കുകയില്ല' [25] എന്ന അനുഗ്രഹത്തിൽ ഉള്ള ആശയവും വ്യത്യസ്തമല്ല. ജഡികം എന്നറിയപ്പെടുന്ന ഒരു സ്നേഹമുണ്ട്. കവികൾ അതിനെ മന്മഥവികാരം [26] എന്നു വിളിക്കുന്നു. അതിൻെറ പ്രേരണയിൽ സ്നേഹി



ക്കുന്നവൻ മാംസത്തിൽ വിതയ്ക്കുന്നു. അതുപോലെതന്നെ ആത്മീയമായ ഒരു സ്നേഹവുമുണ്ട്. അതിനനുസൃതമായി സ്നേഹിക്കുന്ന ആന്തരികമനുഷ്യൻ ആത്മാവിലാണു വിതയ്ക്കുന്നതെന്നു സിദ്ധം. [27] കുറെക്കൂടെ സ്പഷ്ടമായി പറഞ്ഞാൽ ബാഹ്യമനുഷ്യൻെറ സ്വഭാവമനുസരിച്ച് ഒരാൾ ഭൗമികമായിട്ടുള്ളതിൻെറ പ്രതിച്ഛായ വഹിക്കുന്നുണ്ടെങ്കിൽ ഭൗമികമായ ആഗ്രഹങ്ങളും സ്നേഹവും അവനെ ചലിപ്പിക്കും. എന്നാൽ ആന്തരിക മനുഷ്യൻെറ സ്വഭാവമനുസരിച്ച് സ്വർഗീയമായ പ്രതിച്ഛായ വഹിക്കുന്നവൻെറ ആഗ്രഹങ്ങളും സ്നേഹവും സ്വർഗീയമായിരിക്കും.[28] ദൈവവചനത്തിൻെറ സൗന്ദര്യവും നന്മയും വ്യക്തമായി ദർശിച്ചുകഴിയുമ്പോൾ ആത്മാവ് ദൈവത്തിൻെറ സൗന്ദര്യത്തിൽ അനുരക്തമായിത്തീരുന്നു. അത് ദൈവത്തിൻെറ വചനത്തിൽനിന്ന് ഒരു പ്രത്യേകതരം ആഘാതവും വേദനയും കൈക്കൊള്ളുന്നു. അപ്പോൾ അത് സ്വർഗീയമായ ഒരു സ്നേഹത്താലും അഭിലാഷത്താലും ഉദ്വിഗ്നമാവുകയും ചെയ്യുന്നു. എന്തെന്നാൽ ഈ വചനം അദൃശ്യനായ ദൈവത്തിൻെറ പ്രതിബിംബവും തേജസ്സുമാകുന്നു; എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും. അവിടുന്നു വഴി ആകാശത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ സകലതും സൃഷ്ടിക്കപ്പെട്ടു. [29] ആ വചനത്തിൽ സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളുടെയും സൗന്ദര്യത്തെയും സൗഭഗത്തേയുംകുറിച്ച് ധ്യാനിക്കാനും പരിഗണിക്കാനും സാധിക്കത്തക്ക വിധത്തിൽ ഒരു മനുഷ്യന് അവൻെറ വിചിന്തനത്തെ ഉന്നമിപ്പിക്കാൻ കഴിയുമെങ്കിൽ അവയുടെ ആ ആകർഷകത്വം അവനിൽ വളരെ ശക്തിയായ ഒരാഘാതം ഏല്പിക്കും. ആ വസ്തുക്കളുടെ ഔജ്ജ്വല്യപ്രതാപം അവൻെറ മനസ്സിൽ—പ്രവാചകൻ പറയുന്നതുപോലെ [30]—അതിതീക്ഷ്ണമായി തുളച്ചുകയറും. ആ വചനമാകുന്ന അമ്പിൻെറ ആഘാതത്തിൽനിന്ന് രക്ഷാകരമായ ഒരു മുറിവ് അവന് അനുഭവപ്പെടും. അവിടുത്തെ സ്നേഹത്തിൻെറ അനുഗ്രഹദായകമായ അഗ്നിയാൽ അവൻ പ്രോജ്ജ്വലിതനാകും.

ഇവിടെ ഒരു വസ്തുത കൂടെ നാം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്, ബാഹ്യമനുഷ്യന് അധാർമികവും നിയമവിരുദ്ധവുമായ സ്നേഹബന്ധം ഉണ്ടാകാൻ സാധ്യതയുണ്ടല്ലോ—തൻെറ വധുവിനെയോ സഹധർമിണിയെയോ സ്നേഹിക്കുന്നതിനുപകരം ഒരു വേശ്യയെയോ വ്യഭിചാരിണിയെയോ അവൻ സ്നേഹിച്ചെന്നു വരാം. അതുപോലെതന്നെ ആന്തരികമനുഷ്യൻ, അതായത് ആത്മാവ് അതിൻെറ ന്യായാനുസൃതവരനായ ദൈവവചനത്തെ സ്നേഹിക്കാതെ, വഴിതെററിക്കുന്ന ഏതെങ്കിലും വ്യക്തിയിലോ ആശയത്തിലോ സ്നേഹം സ്ഥാപിച്ചു എന്നു വരാം. അശുദ്ധ സ്നേഹത്താൽ ദൂഷിതമായ, സമരിയായെയും ജെറുസലേമിനെയും പ്രതി

www.malankaralibrary.com



നിധാനം ചെയ്യാൻ എസക്കിയേൽ പ്രവാചകൻ ഒഹലായെയും ഒഹലിബായെയും കൊണ്ടുവരുമ്പോഴും അദ്ദേഹം ഇതേ ആലങ്കാരിക പ്രയോഗത്തിലൂടെ ഇക്കാര്യം വ്യക്തമായി പ്രസ്താവിക്കുകയാണ്. [31] പ്രവാചകഗ്രന്ഥത്തിലെ ആ യഥാർത്ഥഭാഗം കൂടുതൽ അഗാധമായ ധാരണ ആഗ്രഹിക്കുന്നവരോട് ഇക്കാര്യം വ്യക്തമായി പ്രഖ്യാപിക്കുന്നു. നാം നേരത്തെ പറഞ്ഞതുപോലെ, ആത്മാവിന്റെ ഈ പ്രകൃത്യതീതസ്നേഹം ചിലപ്പോൾ തിന്മയുടെ അരൂപികൾക്കഭിമുഖമായിട്ടായിരിക്കും ജ്വലിക്കുക. ചിലപ്പോൾ പരിശുദ്ധാത്മാവിനെ ലക്ഷ്യമാക്കി ജ്വലിക്കും. ചിലപ്പോൾ സാക്ഷാൽ ദൈവവചനത്തിനു നേരെയും ജ്വലിക്കും. ആ ദൈവവചനം ആദ്ധ്യാത്മിക വിജ്ഞാനം ലഭിച്ച ആത്മാവിന്റെ വിശ്വസ്ത മണവാളൻ അഥവാ ഭർത്താവ് എന്നത്രേ വിളിക്കപ്പെടുന്നത്. ആ മണവാളനിൽനിന്നാണ് ആത്മാവിന് മണവാട്ടി എന്ന സ്ഥാനം ലഭിക്കുന്നത്, പ്രത്യേകിച്ചും നാം ഇവിടെ ചർച്ചചെയ്യുന്ന വിശുദ്ധ ലിഖിതഭാഗത്തിൽ. പ്രസ്തുത ഗ്രന്ഥത്തിലെ സാക്ഷാത് പദങ്ങളെത്തന്നെ വിശദീകരിക്കുന്ന സന്ദർഭത്തിൽ ഈ വകകാര്യങ്ങൾ ദൈവാനുഗ്രഹത്താൽ കൂടുതൽ വ്യക്തമാക്കാം എന്നു ഞാൻ പ്രതീക്ഷിക്കുന്നു.

പ്രേമം എന്ന വാക്ക് വായനക്കാർക്ക് വീഴ്ചയ്ക്കു കാരണമായിത്തീരരുതെന്ന് വിശുദ്ധ ലിഖിതത്തിന് ആകാംക്ഷയുള്ളതുപോലെ തോന്നുന്നു. അതുമൂലവും ദുർബലപ്രകൃതികളോടുള്ള പ്രത്യേകപരിഗണന കാരണവും വി. ലിഖിതം ആ വികാരത്തെ സൂചിപ്പിക്കാൻ ഉപവി അഥവാ പ്രീതി[32] എന്ന വാക്കുകളാണ് ഉപയോഗിക്കുന്നത്. ഭൗതികമായ വിവേകമുള്ളവർ അഭിലാഷം അഥവാ വികാരം [33] എന്ന അർത്ഥത്തിൽ പ്രസ്തുത പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. ഉദാഹരണത്തിന് ഇസഹാക്കിനെക്കുറിച്ച് വി. ലിഖിതത്തിൽ ഇങ്ങനെ പറയുന്നു: 'അവൻ റബേക്കയെ സ്വീകരിച്ചു. അവൾ അവന്റെ പത്നിയായി. അവൻ അവളെ സ്നേഹിച്ചു'.[34] യാക്കോബ്, റാഹേൽ എന്നിവരെക്കുറിച്ചും വി. ലിഖിതം ഇതേ വാക്ക് പ്രയോഗിക്കുന്നു. എന്നാൽ റാഹേലിനു മനോഹരമായ കണ്ണുകളും സുന്ദരമായ മുഖവുമുണ്ടായിരുന്നു. യാക്കോബ് റാഹേലിനെ സ്നേഹിച്ചു.[35] അവൻ (ലാബാനോട്) പറഞ്ഞു, 'അങ്ങയുടെ ഇളയ മകളായ റാഹേലിനുവേണ്ടി ഏഴുകൊല്ലം ഞാൻ അങ്ങയുടെ കീഴിൽ ജോലി ചെയ്യാം.'[36]

ഈ വാക്കിന്റെ കറവില്ലാത്ത ശക്തി ഇതിലും കൂടുതൽ തീവ്രമായി അമ്നോനെ സംബന്ധിച്ച പ്രസ്താവത്തിൽ പ്രത്യക്ഷപ്പെടുന്നു. എഴുതപ്പെട്ടിരിക്കുന്നു; 'ദാവീദിന്റെ മകൻ അബ്സാലോമിനു സുന്ദരിയായ ഒരു സഹോദരിയുണ്ടായിരുന്നു.



താമാർ എന്നായിരുന്നു അവളുടെ പേര്. ദാവീദിന്റെ മറ്റൊരു മകനായ അമ്നോൻ അവളെ സ്നേഹിച്ചു' എന്ന് എഴുതപ്പെട്ടിരിക്കുന്നു.[37] ഗ്രന്ഥകാരൻ 'സ്നേഹിച്ചു' എന്നിവിടെ പ്രയോഗിച്ചിരിക്കുന്നത് 'തീവ്രാഭിലാഷം ഉണ്ടായി' എന്ന അർത്ഥത്തിലാണ്. അദ്ദേഹം തുടരുന്നു: 'കന്യകയായ അവളെ സമീപിക്കുക അസാദ്ധ്യമെന്നു കരുതിയ അമ്നോൻ അവളെ പ്രതി രോഗാതുരനായിത്തീർന്നു. കുറെക്കൂടെ കഴിഞ്ഞ് അമ്നോൻ തന്റെ സഹോദരിയായ താമാറിനോടു ചെയ്ത അതിക്രമത്തെക്കുറിച്ച് വി. ലിഖിതം തുടർന്നു പറയുന്നു. 'അവളുടെ അപേക്ഷ അവൻ ശ്രദ്ധിച്ചില്ല. ബലം പ്രയോഗിച്ച് അവളെ കീഴടക്കി അവളുമായി ശയിച്ചു. പിന്നെ അമ്നോൻ അവളെ അത്യധികം വെറുത്തു. എന്തെന്നാൽ, അവൻ അവളെ വെറുത്ത വെറുപ്പ് അവൻ അവളെ സ്നേഹിച്ച[38] സ്നേഹത്തെക്കാൾ [39] വലിയതായിരുന്നു.'[40]

ഈ സ്ഥലങ്ങളിലും അതുപോലെ മറ്റു പല സന്ദർഭങ്ങളിലും വിശുദ്ധ ലിഖിതം വികാരം[41] എന്നതിനു പകരം ഉപവി അഥവാ പ്രീതി[42] എന്ന വാക്കുകൾ ഉപയോഗിക്കുന്നു. എന്നാൽ അപൂർവമായി ചില സന്ദർഭങ്ങളിൽ മാത്രം പ്രേമവികാരത്തെ അതിന്റെ സ്വന്തം പേരുകൊണ്ട് വി. ലിഖിതം നിർദേശിക്കുകയും ആത്മാക്കളെ അതിങ്കലേയ്ക്കു ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. സുഭാഷിതങ്ങളിൽ ജ്ഞാനത്തെക്കുറിച്ചു പറയുന്നിടത്ത് ഇങ്ങനെ കാണുന്നു: 'അവളെ അധികമായി കാമിക്കുക.[43] അവൾ നിന്നെ സംരക്ഷിക്കും. അവളെ പുണരുക, അവൾ നിന്നെ ഔന്നത്യത്തിലേയ്ക്കു നയിക്കും. അവളെ ആദരിക്കുക, അവൾ നിന്നെ ആശ്ലേഷിക്കും'.[44] 'സോളമന്റെ ജ്ഞാനം' എന്നു വിളിക്കപ്പെടുന്ന പുസ്തകത്തിൽ 'ജ്ഞാന'ത്തെ സംബന്ധിച്ചു തന്നെ ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ട്: 'ഞാൻ അവളുടെ അഴകിന്റെ ആവേശം നിറഞ്ഞ കാമുകൻ ആയിത്തീർന്നു.'[45] അധഃപതനത്തിനു യാതൊരു സാദ്ധ്യതയും ഇല്ലാത്ത സന്ദർഭങ്ങളിൽ മാത്രമാണ് ആസക്തി നിറഞ്ഞ സ്നേഹത്തെ സൂചിപ്പിക്കുന്ന വാക്കുകൾ ഉപയോഗിച്ചിട്ടുള്ളത് എന്നു ഞാൻ വിചാരിക്കുന്നു. ജ്ഞാനത്തോടുള്ള തീവ്രാഭിലാഷത്തിൽ അനാശാസ്യമോ ഭോഗപരമോ ആയി എന്തെങ്കിലും കണ്ടെത്താൻ ആർക്കാണു കഴിയുക? ഏതെങ്കിലും ഒരു മനുഷ്യൻ 'ഞാൻ ജ്ഞാനത്തിന്റെ ആവേശം പൂണ്ട കാമുകനാണ്' എന്നു പറഞ്ഞാൽ എന്തു ദോഷമാണു സംഭവിക്കാനുള്ളത്? എന്നാൽ ഇസഹാക്കിനു റബേക്കായുടെ പേരിൽ ആസക്തിയുണ്ടായിരുന്നു അഥവാ യാക്കോബിനു റാഹേലിനോട് ആസക്തിയുണ്ടായിരുന്നു എന്നു പറഞ്ഞാൽ, ദൈവത്തിന്റെ വിശുദ്ധന്മാർക്കും അനാശാസ്യമായ ചില വികാരങ്ങൾ ഉണ്ടായിരുന്നുവെന്ന് ചിലർക്കെങ്കിലും തോന്നും. അക്ഷരങ്ങളിൽ നിന്ന് അവ സംവഹി

www.malankaralibrary.com



കുന്ന ചൈതന്യത്തിലേക്ക് ഉയരാൻ കഴിവില്ലാത്തവരെയെങ്കിലും അത്തരം പ്രയോഗങ്ങൾ വഴിതെറ്റിക്കും. ഇപ്പോൾ നമ്മുടെ വിചിന്തനത്തിനു വിഷയമായിരിക്കുന്ന ഈ ചെറിയ ഗ്രന്ഥത്തിലും ആവേശം നിറഞ്ഞസ്നേഹം (Passionate Love) എന്ന സംജ്ഞ വെറും 'സ്നേഹം' (Charity) എന്നായി മാറ്റിയിട്ടുണ്ട്. ഉദാഹരണമായി നോക്കുക: 'ജെറൂസലേം പുത്രിമാരേ, നിങ്ങൾ എന്റെ പ്രിയനെക്കണ്ടാൽ ഞാൻ സ്നേഹത്താൽ മുറിപ്പെട്ടവളാണെന്ന് അവനെ അറിയിക്കണേ.'46 'അവനെക്കുറിച്ചുള്ള 'തീക്ഷ്ണമായ പ്രേമത്താൽ' എന്റെ ഹൃദയം മുറിപ്പെട്ടിരിക്കുന്നു' എന്നു തന്നെയാണ് അപ്പറഞ്ഞതിനർത്ഥം.

അതിനാൽ വി. ലിഖിതം സ്നേഹം, ഉപവി, പ്രീതി (love, charity, affection) എന്നെല്ലാം പറയുന്നതിന്റെ അർത്ഥം ഒന്നുതന്നെ. സ്നേഹം എന്ന വാക്കിനു മാത്രം വളരെ ഉന്നതമായ ഒരർത്ഥസങ്കല്പമുണ്ട്. ദൈവംതന്നെ സ്നേഹം എന്നു വിളിക്കപ്പെടുന്നു. വി. യോഹന്നാൻ പറയുന്നു: 'പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാണ്. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. എന്നാൽ സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. കാരണം, ദൈവം സ്നേഹമാകുന്നു47. യോഹന്നാന്റെ ലേഖനത്തിൽനിന്ന് ഉദാഹരണത്തിനായി ഉദ്ധരിച്ച വാക്കുകളെക്കുറിച്ചു കൂടുതലായി എന്തെങ്കിലും പറയുന്നതിന് ഏറ്റവും യോജിച്ച സന്ദർഭം ഇതായിരിക്കുകയില്ല. എങ്കിലും ഈ സന്ദർഭത്തിലും അക്കാര്യം ചെറുതായിട്ടൊന്നു പരാമർശിക്കുന്നതു് തീരെ അയുക്തമായിരിക്കുകയില്ല. 'നമുക്കു പരസ്പരം സ്നേഹിക്കാം 'എന്നും 'സ്നേഹം ദൈവത്തിൽനിന്നുള്ളതാകുന്നു' എന്നും അദ്ദേഹം പറയുന്നു. അല്പം കഴിഞ്ഞു് അദ്ദേഹം പറയുന്നു: 'ദൈവം സ്നേഹമാണ്' ഇങ്ങനെ പറയുമ്പോൾ ദൈവവും ദൈവത്തിന്റേതായിട്ടുള്ളവനും സ്നേഹമാകുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുകയത്രേ. 'ഞാൻ ദൈവത്തിൽനിന്നു പുറപ്പെട്ടു ലോകത്തിലേക്കു വന്നു'48 എന്നു പറയുന്നവനല്ലാതെ മറ്റാരാണു ദൈവത്തിന്റേതായിട്ടുള്ളവൻ? പിതാവായ ദൈവവും തന്റെ പുത്രനും സ്നേഹമാണെങ്കിൽ, അവർ രണ്ടുപേരും ഒന്നാണെങ്കിൽ, അവർ രണ്ടാളും എല്ലാ കാര്യങ്ങളിലും ഒന്നും തുല്യതയുള്ളവരുമാണ് എന്നു സിദ്ധം. അതിനാൽ ക്രിസ്തുവിനെ സ്നേഹം എന്നു വിളിക്കുന്നതു് ഉചിതംതന്നെ. അവിടത്തെ ജ്ഞാനമെന്നും ശക്തിയെന്നും നീതിയെന്നും വചനമെന്നും സത്യമെന്നും വിളിക്കുന്നതും ഉചിതമാകുന്നു. അതുകൊണ്ടത്രേ 'നിങ്ങളിൽ സ്നേഹം നിവസിക്കുന്നുവെങ്കിൽ ദൈവം നിങ്ങളിൽ നിവസിക്കുന്നു'49 എന്നു വി. ലിഖിതം ഉദ്ഘോഷിക്കു-



ന്നതു്. സ്നേഹത്തിൽ പൂർണനായവനിലേയ്ക്കു് പിതാവും പുത്രനുമായ ദൈവം ആഗതനാകുന്നു. 'ഞാനും എന്റെ പിതാവും അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കും'50 എന്ന് നമ്മുടെ രക്ഷകനായ കർത്താവ് അരുൾച്ചെയ്തിട്ടുണ്ടല്ലോ.

ദൈവം തന്നെയായ ഈ സ്നേഹം ആരിൽ കുടികൊള്ളുന്നുവോ അവനു ലൗകികവും ഭൗതികവും ദുഷിക്കാനിടയുള്ളതുമായ ഒന്നിനെയും സ്നേഹിക്കാൻ സാധിക്കുകയില്ല എന്നു നാം മനസ്സിലാക്കണം. ദൈവം അഴിനിലയില്ലായ്കയുടെ ഉറവയാണെന്നറിയുന്നവനു ദുഷിക്കുന്ന എന്തിനെയെങ്കിലും സ്നേഹിക്കുക എന്നതു ദൈവസ്വഭാവത്തിനു ചേരാത്തതാണെന്നു മനസ്സിലാകുമല്ലോ. 'മരണമില്ലാത്തവനും അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നവനുമായ'51 ദൈവം സ്നേഹമാകയാൽ സ്നേഹത്തിനു മാത്രമാണ് അമർത്യതയുള്ളതു്. തന്നിൽ വിശ്വസിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള നിത്യജീവനല്ലാതെ മറ്റെന്താണ് അമർത്യത? തന്നിലും തന്നാൽ അയയ്ക്കപ്പെട്ട യേശുക്രിസ്തുവിലും വിശ്വസിക്കുന്നവർക്കാണ് ദൈവം ഈ നിത്യജീവൻ വാഗ്ദാനം ചെയ്തിട്ടുള്ളതു്. അതിനാൽ സർവപ്രഥമമായും സർവോപരിയായും ദൈവത്തിനു സ്വീകാര്യമായിട്ടുള്ളതു് മനുഷ്യൻ പൂർണഹൃദയത്തോടും പൂർണ്ണ ആത്മാവോടും സകല ശക്തികളോടുംകൂടെ തന്റെ കർത്താവായ ദൈവത്തെ സ്നേഹിക്കുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു. ദൈവവും തന്നിൽനിന്നുള്ളവനായ തന്റെ പുത്രനും സ്നേഹമായതിനാൽ നമ്മിലും തനിക്കു തുല്യമായതു് എന്തെങ്കിലും ഉണ്ടായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. തന്നോടു യഥാകാലം യോജിച്ചവനായ വി. പൗലോസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ ആർക്കു കഴിയും?'52

ഈ സ്നേഹം എല്ലാ മനുഷ്യരെയും അയൽക്കാരായി കണക്കാക്കുന്നു. അക്കാരണത്താൽ തിന്മയിൽ മുഴുകിയ ഒരുവനോടു് നീതിമാനായ ഒരുവന് അയൽക്കാക്കുടുത്തവിധം പെരുമാറാൻ ചുമതലയില്ല എന്നു കരുതിയ ഒരുവനെ രക്ഷകൻ കുറ്റപ്പെടുത്തി. ഇക്കാരണംകൊണ്ടുതന്നെയാണ് ജെറൂസലത്തുനിന്നു ജെറീക്കോയിലേയ്ക്കു പോയ, വഴിയിൽ കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ട ഒരാളുടെ ഉപമ അവിടുന്നു നിർമിച്ചതു്. അർദ്ധമൃതാവസ്ഥയിൽ കിടന്ന ആ മനുഷ്യനെ കണ്ടിട്ടു സഹായിക്കാതെ കടന്നുപോയ പുരോഹിതനെയും ലേവായക്കാരനെയും അവിടുന്നു കുറ്റപ്പെടുത്തുന്നു. കാരുണ്യം കാണിച്ച സമരിയാക്കാരനെ പ്രശംസിക്കുകയും ചെയ്യുന്നു. ചോദ്യം ഉന്നയിച്ചയാളിന്റെ മറുപടി വഴി

www.malankaralibrary.com



ആ സമരിയാക്കാരനാണ് പ്രസ്തുത മനുഷ്യന്റെ അയൽക്കാരനെന്ന് അവിടുന്ന് ഉറപ്പിച്ചു പറയുന്നു. 'നീയും പോയി അങ്ങനെ ചെയ്യുക'[53] എന്ന് ആവശ്യപ്പെടുന്നുമുണ്ട്. പ്രകൃത്യാതന്നെ നാമെല്ലാം പരസ്പരം അയൽക്കാരാകുന്നു. സ്നേഹത്തിന്റെ പ്രവർത്തനങ്ങൾ വഴി, സേവനങ്ങൾ ചെയ്യാൻ കഴിവില്ലാത്ത ഒരാൾക്കു സേവനങ്ങൾ നല്കുന്നവൻ അവന്റെ അയൽക്കാരനായിത്തീരുന്നു. ഇതേ ന്യായത്താൽ നമ്മുടെ രക്ഷകൻ നമ്മുടെ അയൽക്കാരനായിത്തീരുന്നുണ്ട്. കള്ളൻ നമ്മുടെമേൽ ഏല്പിച്ച ക്ഷതങ്ങൾ മൂലം നാം പാതി മരിച്ചവരായി കിടന്ന സന്ദർഭത്തിലാണ് അവിടുന്ന് ഈ വിധം അയൽക്കാരനായത്. അവിടുന്ന് നമ്മെ ശ്രദ്ധിക്കാതെ കടന്നുപോയില്ല.

അതിനാൽ ദൈവത്തിന്റെ സ്നേഹത്തിന്റെ ലക്ഷ്യം അതിന്റെ ഉദ്ഭവസ്ഥാനമായ ദൈവം തന്നെയാണെന്നു നാം മനസ്സിലാക്കണം. അത് അയൽക്കാരന്റെ നേരെയും തിരിഞ്ഞു നോക്കുന്നുണ്ട്. അവനോട് അതിനു ബന്ധമുണ്ടല്ലോ. അറിവില്ലായ്മയിൽ സമാനതയോടുകൂടി സൃഷ്ടിക്കപ്പെട്ടതാണത്. അതിനാൽ വി. ലിഖിതത്തിൽ സ്നേഹത്തെക്കുറിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം, ഉപയോഗിച്ചിട്ടുള്ള പദങ്ങളുടെ ഭേദങ്ങൾ പരിഗണിക്കാതെ, വൈകാരിക സ്നേഹത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളതെന്നപോലെ നിങ്ങൾ കണക്കാക്കണം. ഇരു പദങ്ങൾക്കും ഒരേ അർത്ഥമാണുള്ളത്. എന്നാൽ പണം, വേശ്യകൾ തുടങ്ങിയ തിന്മകളോടുള്ള സ്നേഹത്തെ ഉപവിയോടു വ്യക്തമായ ബന്ധമുള്ള ഏതെങ്കിലും വാക്കുപയോഗിച്ച് ഒരാൾ പരാമർശിക്കുകയാണെങ്കിൽ അയാൾ ഉപവിയെ അതിന്റെ സ്വഭാവികാർത്ഥത്തിലല്ല, തെററായ അർത്ഥത്തിലാണുപയോഗിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. വേറൊരുദാഹരണം പറഞ്ഞാൽ 'ദൈവം' എന്ന വാക്ക് പ്രാഥമികമായി ഉപയോഗിക്കുന്നത് സകല വസ്തുക്കളുടെയും അധിനാഥനും സ്രഷ്ടാവും ആധാരവുമായ ആ പരമശക്തനെക്കുറിച്ചാണല്ലോ. ആ വാക്ക് ത്രിത്വത്തിന്റെ മാഹാത്മ്യവും പ്രകൃതിയും വ്യക്തമായി വെളിപ്പെടുത്തുന്നു. എന്നാൽ രണ്ടാമത്തേതും ഒരു തരത്തിൽ പറഞ്ഞാൽ അയുക്തവുമായ ഒരർത്ഥത്തിൽ 'ദൈവം' എന്ന വാക്കുകൊണ്ട് പണ്ടു മുതൽ സൂചിപ്പിക്കപ്പെട്ടിരുന്നവയെയും വി. ലിഖിതം ആ വാക്കിനാൽ സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ രക്ഷകൻ സുവിശേഷത്തിൽ ഇക്കാര്യം ഉറപ്പിച്ചു പറയുന്നുമുണ്ട്.[54] സ്വർഗീയ ശക്തികളെയെല്ലാം ഈ വാക്കുകൊണ്ടു സൂചിപ്പിച്ചിരുന്നതായി കരുതാം. ഉദാഹരണമായി ഈ ഭാഗം നോക്കുക: 'ദൈവം ദേവന്മാരുടെ സഭയിൽ ഉപവിഷ്ടനായിരിക്കുന്നു. ദേവന്മാരുടെ മധ്യത്തിലിരുന്ന് അവിടുന്ന് അവരെ വിധിക്കുന്നു.'[55] അയുക്തമെന്നതിലധികം അബദ്ധമായ മറെറാരു രീതിയിൽ പുറജാതികളുടെ പൈശാചിക ദേവന്മാരെക്കുറിച്ചും 'ദൈവം' എന്ന വാക്ക് വി. ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാ: 'പുറജാതികളുടെ ദേവന്മാരെല്ലാം പിശാചുക്കളാണ്'.[56]



അങ്ങനെ, സ്നേഹം എന്നത് ഒന്നാമതായി ദൈവത്തെക്കുറിക്കുന്നു. അതിനാൽ നാം പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും മുഴുവൻ ശക്തിയോടുംകൂടി ദൈവത്തെ സ്നേഹിക്കാൻ നിർബ്ബന്ധിതരാണ്. ആ ദൈവത്തിൽനിന്നാണല്ലോ സ്നേഹിക്കാനുള്ള കഴിവുതന്നെ നമുക്കു ലഭിച്ചിരിക്കുന്നത്. ദൈവത്തെ സ്നേഹിക്കണമെന്ന ആ കല്പനയിൽത്തന്നെ നാം വിവേകത്തെയും ശരിയായ പ്രവൃത്തനങ്ങളെയും ഭക്തിയെയും സത്യത്തെയും മറെറല്ലാ സുകൃതങ്ങളെയും സ്നേഹിക്കണമെന്ന കല്പന ഉള്ളടങ്ങിയിരിക്കുന്നു. എന്തെന്നാൽ ദൈവത്തെ സ്നേഹിക്കുന്നതും നല്ല കാര്യങ്ങളെ സ്നേഹിക്കുന്നതും ഒന്നുതന്നെ. രണ്ടാമതായി, നാം നമ്മെത്തന്നെ സ്നേഹിക്കുന്നതുപോലെ നമ്മുടെ അയൽക്കാരനെയും സ്നേഹിക്കണമെന്ന് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ആ വാക്കിന്റെ നിഷ്പന്നവും ദ്വിതീയവുമായ ഒരർത്ഥത്തിൽ നിന്നാണ് ആ ആജ്ഞ സംഭവിക്കുന്നത്. മൂന്നാമത് ഒരു തരത്തിലുള്ള അർത്ഥകല്പനയിൽ പണത്തെയോ ഭൗതിക സുഖത്തേയോ തെററിനോടും ദുഷിക്കലിനോടും ബന്ധപ്പെട്ട മറെറന്തിനെയെങ്കിലുമോ 'സ്നേഹിക്കുന്ന കാര്യം ഞാൻ പറയുന്നു. ഇത് തെററായ ഒരു പദപ്രയോഗം തന്നെയാണ്. അതിനാൽ ദൈവത്തെക്കുറിച്ച് ആവേശമുണ്ടെന്നു പറഞ്ഞാലും ദൈവത്തെ സ്നേഹിക്കുന്നു എന്നു പറഞ്ഞാലും വ്യത്യാസമൊന്നുമില്ല. ഒരാൾ ദൈവത്തെ പ്രേമം എന്നു വിളിച്ചാലും വി. യോഹന്നാനെപ്പോലെ ഉപവി (Caritatem) എന്നു വിളിച്ചാലും അയാളെ കുററപ്പെടുത്തേണ്ടതുണ്ടെന്നു ഞാൻ കരുതുന്നില്ല. ഇഗ്നേഷ്യസ് എന്നു പേരുള്ള ഒരു വിശുദ്ധൻ ക്രിസ്തുവിനെക്കുറിച്ച് 'എന്റെ പ്രേമം ക്രൂശിക്കപ്പെട്ടു'[57] എന്നു പറഞ്ഞതായി ഞാൻ ഓർക്കുന്നു. അങ്ങനെ പറഞ്ഞതിന് അദ്ദേഹത്തെ പഴിക്കേണ്ടതുണ്ടെന്ന് എനിക്കു തോന്നുന്നുമില്ല. പണത്തെയോ ദുഷിക്കുന്ന സ്വഭാവമുള്ള ഈ ഭൂമിയിലെ ഏതെങ്കിലും പദാർത്ഥത്തെയോ സ്നേഹിക്കുന്ന ഒരുവൻ സ്നേഹിക്കുന്നതിനുള്ള ദൈവികമായ കഴിവിനെ ഭൗതികവും നശ്വരവുമായ വസ്തുക്കളിലേക്കു തരം താഴ്ത്തുകയാണ്. ദൈവത്തിന്റേതായ വസ്തുക്കളെ അവിടുത്തേതല്ലാത്ത ലക്ഷ്യങ്ങൾക്കുവേണ്ടി ദുരുപയോഗിക്കുകയാണ് അവൻ ചെയ്യുന്നത്. ഭൗതിക പദാർത്ഥങ്ങൾ ദൈവം മനുഷ്യർക്കു തന്നത് ഉപയോഗിക്കാനാണ്, സ്നേഹിക്കാനല്ല.

ഇക്കാര്യങ്ങൾ സാമാന്യം ദീർഘമായി നാം ഇവിടെ പ്രതിപാദിച്ചു. വൈകാരികസ്നേഹത്തെയും ഉപവിയെയും കൂടുതൽ

www.malankaralibrary.com



വ്യക്തവും സശ്രദ്ധവുമായി വകതിരിച്ചു കാണിക്കാൻ വേണ്ടിയാണതു്. 'ദൈവം സ്നേഹമാകുന്നു' എന്നു് വിശുദ്ധ ലിഖിതം പഠിപ്പിക്കുന്നുണ്ടല്ലോ. നമ്മുടെ എല്ലാ ബന്ധങ്ങളിലും നശ്വര സംഗതികളിലും ദൈവത്തിൽനിന്നുള്ള സ്നേഹവും ഉപവിയും കാമ്യമായി നാം കരുതണം. സ്നേഹം സത്യമായും ദൈവദാനവും ദൈവത്തെ സ്വന്തമാക്കലുമാണു്. എങ്കിലും മനുഷ്യൻ എപ്പോഴും ദൈവിക പ്രവൃത്തികൾ ദൈവത്തെ പ്രതിയും ദൈവം ഇച്ഛിക്കുന്നതിനെ പ്രതിയും സ്വന്തമാക്കുന്നില്ല.

ഈ സന്ദർഭത്തിൽ നാം മറ്റൊരു കാര്യംകൂടെ മനസ്സിലാക്കിയിരിക്കേണ്ടതുണ്ടു്. എപ്പോഴും എന്തിനെയെങ്കിലും സ്നേഹിച്ചുകൊണ്ടല്ലാതെയിരിക്കാൻ മനുഷ്യസ്വഭാവത്തിനു സാദ്ധ്യമല്ല. യൗവനാരംഭമെന്നു പറയുന്ന പ്രായത്തിലെത്തിച്ചേർന്ന ഓരോ വ്യക്തിയും എന്തിനെയെങ്കിലും സ്നേഹിക്കുന്നു. അരുതാത്തതിനെ സ്നേഹിക്കുമ്പോൾ അവൻ തെറ്റു പ്രവർത്തിക്കുന്നു. വേണ്ടതിനെ സ്നേഹിക്കുമ്പോൾ അവൻ ശരിയായും ഫലപ്രദമായും പ്രവർത്തിക്കുന്നു. സ്രഷ്ടാവിന്റെ കാരുണ്യത്താൽ മനുഷ്യാത്മാവിൽ രൂഢമൂലമായിട്ടുള്ള ആവേശം നിറഞ്ഞ സ്നേഹം എന്ന കഴിവിനെ ചിലയാളുകൾ വഴിപിഴപ്പിക്കുന്നു. ചിലർക്കു് അതു് പണത്തിനും അത്യാഗ്രഹപരമായ ലക്ഷ്യങ്ങൾക്കുംവേണ്ടിയുള്ള ഒരാവേശമാകുന്നു. ചിലർ പ്രതാപത്തിന്റെ പിറകെ പോകുന്നു, അവരുടെ ആവേശം വെറും പൊങ്ങച്ചമായിത്തീരുന്നു. ചിലർ വേശ്യകളുടെ പിറകെ പോകുന്നു. അവർ വിഷയാസക്തിയുടെയും ദുർമാർഗജീവിതത്തിന്റെയും തടവുകാരായിത്തീരുന്നു. വേറെ ചിലർ ഈ മഹത്തായ നമ്മുടെ വലിയ ശക്തി അനർഹമായ എന്തിന്റെയെങ്കിലുംമേൽ ദുർവ്യയം ചെയ്യുന്നു. ചിലയാളുകൾ വൈവിധ്യമാർന്ന കർമവൈദഗ്ദ്ധ്യങ്ങളുടെ നേർക്കാണു് ഈ മഹത്തായ വികാരം തിരിച്ചുവിടുന്നതു്. ചിലപ്പോൾ അവ കരകൗശലങ്ങളും ഈ ലോകജീവിതത്തിനുമാത്രം ഉപയോഗപ്പെടുന്ന തൊഴിലുകളും ആയിരിക്കും. ഗുസ്തി, മത്സരയോട്ടം തുടങ്ങിയവ ഉദാഹരണങ്ങൾ. ചിലപ്പോൾ ക്ഷേത്രഗണിതം, സംഗീതം, കണക്കു് തുടങ്ങിയ വിജ്ഞാനശാഖകളിലായിരിക്കും ഈ താല്പര്യം ഏർപ്പെടുക. ആ സന്ദർഭത്തിലും സ്നേഹം പ്രശംസനീയമായ രീതിയിൽ ഉപയോഗപ്പെടുന്നു എന്നെനിക്കു തോന്നുന്നില്ല. നല്ലതായിട്ടുള്ളതു മാത്രമാണല്ലോ പ്രശംസനീയമായിട്ടുള്ളതു്. നല്ലതു് എന്നതുകൊണ്ടു് ഭൗതികമായ എന്തിനെയെങ്കിലുമല്ല, ദൈവത്തിലും ആത്മാവിന്റെ ശക്തികളിലും കാണപ്പെടുന്നവയാണു് നാം അർത്ഥമാക്കുന്നതു്. അതിനാൽ ദൈവത്തിനും ആത്മാവിന്റെ ശക്തികൾക്കും നേർക്കുള്ള സ്നേഹം മാത്രമാണു് പ്രശംസനീയമായ സ്നേഹമെന്നു സിദ്ധം.



വസ്തുത ഇതാണെന്നു നമ്മുടെ കർത്താവിന്റെ വചനങ്ങളും വ്യക്തമാക്കുന്നുണ്ടു്. കല്പനകളിൽ ഏറ്റവും വലുതും നിയമത്തിൽ ഒന്നാമത്തേതും ഏതു് എന്നു് ഒരാൾ ചോദിച്ചപ്പോൾ അവിടുന്നു മറുപടിയായി പറഞ്ഞു: 'നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണ ആത്മാവോടും മുഴുവൻ ശക്തിയോടുംകൂടെ സ്നേഹിക്കുക....രണ്ടാമത്തെ കല്പനയും ഇതുപോലെതന്നെയുള്ളതാണു്. നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ 'സ്നേഹിക്കുക.' അവിടുന്നു തുടർന്നു് അരുൾചെയ്തു: 'ഈ രണ്ടു കല്പനകളിൽ നിയമവും പ്രവാചകന്മാരും എല്ലാം അടങ്ങും.' 'യഥാർത്ഥവും അവികലവുമായ സ്നേഹം ഈ രണ്ടു കല്പനകളും പാലിക്കുന്നതിൽ അടങ്ങിയിരിക്കുന്നുവെന്നും നിയമവും പ്രവാചകന്മാരുമെല്ലാം അവയെ ആശ്രയിച്ചിരിക്കുന്നുവെന്നും അവിടുന്നു വെളിപ്പെടുത്തുകയാണു്. മറ്റേ അനുശാസനം വ്യഭിചാരം ചെയ്യരുതു്, കൊല്ലരുതു്, മോഷ്ടിക്കരുതു്, കള്ളസാക്ഷി പറയരുതു് എന്നിങ്ങനെ വേറെയും കല്പനകൾ ഉണ്ടെങ്കിൽ അവയെല്ലാം ' നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക' എന്ന വാക്കുകളിൽ സംഗ്രഹിക്കാം. 58

ഈ വിഷയം താഴെ കാണുംവിധത്തിൽ കൂടുതൽ നന്നായി വിവരിക്കാം. ഒരു പുരുഷനോടു് അതിതീക്ഷ്ണമായ പ്രേമമുള്ള ഒരു സ്ത്രീയുണ്ടെന്നു കരുതുക. വിവാഹംചെയ്തു് അയാളുടെ ഭാര്യയായി ജീവിക്കാൻ അവൾ ആഗ്രഹിക്കുന്നുവെന്നും വയ്ക്കുക. താൻ സ്നേഹിക്കുന്ന പുരുഷനു് എല്ലാ വിധത്തിലും പ്രീതിജനകമായ രീതിയിൽ പെരുമാറാനും തന്റെ എല്ലാ ചലനങ്ങളും ആ വിധത്തിൽ ക്രമീകരിക്കാനും അവൾ ശ്രദ്ധിക്കുകയില്ലേ? ശ്രേഷ്ഠനായ ആ വ്യക്തിക്കു് വിപ്രിയം ഉണ്ടാകത്തക്ക വിധത്തിൽ പെരുമാറിയാൽ അയാൾ തന്നെ വെറുക്കുകയും തന്റെ സാഹചര്യം ഒഴിവാക്കുകയും ചെയ്യുമെന്ന ഭീതിമൂലമാണു് അവൾ അങ്ങനെ ചെയ്യുന്നതു്. ആ മനുഷ്യനെക്കുറിച്ചുള്ള സ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയവും ആത്മാവും സമസ്ത മാനസിക ശക്തികളുമുള്ളവളായ ആ സ്ത്രീ, അയാൾ ജീവിതവിശുദ്ധിയെ സ്നേഹിക്കുന്നുവെന്നു് അറിഞ്ഞുകൊണ്ടു്, വ്യഭിചാരത്തിൽ ഏർപ്പെടാൻ തയ്യാറാകുമോ? അയാൾ ശാന്തസ്വഭാവനാണെന്നു് അറിയുന്ന അവൾ കൊലപാതകം ചെയ്യുമോ? അയാൾ സത്യസന്ധനാണെന്നു ബോധ്യമുണ്ടായിരിക്കെ അവൾ മോഷണം ചെയ്യാൻ മുതിരുമോ? തന്റെ സ്വാഭാവികാഭിലാഷങ്ങളെല്ലാം ആ മനുഷ്യനെക്കുറിച്ചുള്ള അതിശക്തമായ ആരാധനാഭാവംകൊണ്ടു നിറഞ്ഞുനില്ക്കുമ്പോൾ അന്യജനങ്ങളുടെ വകയായ വസ്തുക്കൾ അവൾ ആഗ്രഹിക്കുമോ?

ദൈവപ്രമാണങ്ങളെല്ലാം ഉപവിയുടെ പൂർണതയിൽ അധിഷ്ഠിതമായിരിക്കുന്നുവെന്നും നിയമങ്ങളുടെയും പ്രവാചക

www.malankaralibrary.com



ന്മാരുടെയും ശക്തി അവയിൽ നിർഭരമായിരിക്കുന്നുവെന്നും പറയുന്നതു് ഇതേ അർത്ഥത്തിലാണു്. ഉപവിയുടെ ഈ മഹത്തായ ദാനം ഉള്ളതുകൊണ്ടു് വിശുദ്ധന്മാർ അവർക്കു നേരിടുന്ന ക്ളേശങ്ങളിൽ ദുഃഖിതരാകുന്നില്ല, സംശയങ്ങളാൽ സംഭീതരാകുന്നില്ല, ജീവിതത്തിൽ താഴ്ചകളുണ്ടാകുമ്പോൾ നിരാശരാകുന്നുമില്ല. 'അവരുടെ ക്ളേശങ്ങൾ നിസ്സാരവും ക്ഷണികവുമാണു്. അവയുടെ ഫലമാകട്ടെ അനുപമമായ മഹത്ത്വവും.' 59 വർത്തമാനകാലത്തെ ക്ളേശങ്ങൾ നിസ്സാരവും ക്ഷണികവും എന്നു പറയപ്പെട്ടിട്ടുള്ളതു് എല്ലാ മനുഷ്യരെയും സംബന്ധിച്ചല്ല; പൗലോസിനെയും 'നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ ദൈവത്തിന്റെ സ്നേഹം ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്ന'60 മററു മനുഷ്യരെയും സംബന്ധിച്ചാണു്. അദ്ധ്വാനത്തിന്റെ സുദീർഘങ്ങളായ വർഷങ്ങളിൽ ചുട്ടുപൊള്ളുന്ന ചൂടിൽനിന്നും ഉഗ്രമായ തണുപ്പിൽനിന്നും റാഹേലിന്റെ സ്നേഹം പൂർവപിതാവായ യാക്കോബിനെ സംരക്ഷിച്ചതും ഇതേ വിധത്തിലായിരുന്നു.61 ഇതേ സ്നേഹത്താൽ ഉത്തേജിതനായി വി. പൗലോസ് 'സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു, സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല.'62 എന്നു പറയുന്നതു ഞാൻ കേൾക്കുന്നു. അതിനാൽ അവികലമായി സ്നേഹിക്കുന്നവനു് സഹിക്കാൻ കഴിയാത്തതായി ഒന്നുമില്ല. എന്നാൽ നാം സാധാരണയായി പലതും സഹിക്കാറില്ല; കാരണം 'എല്ലാം സഹിക്കുന്ന ആ സ്നേഹം' നമുക്കു സ്വന്തമായിട്ടില്ല. ചില ഭാരങ്ങൾ അനുഭവപ്പെടുമ്പോൾ നാം അക്ഷമരാകുന്നുവെങ്കിൽ 'എല്ലാം സഹിക്കുന്ന ആ സ്നേഹം' നമുക്കില്ലാത്തതുകൊണ്ടാണതു്. സാത്താനെതിരായി നടത്തുന്ന സമരത്തിൽ നാം പലപ്പോഴും പരാജയപ്പെടുന്നു; 'ഒരിക്കലും വീഴ്ചവരാത്ത' ഉപവി നമ്മിലില്ലാത്തതാണു് അതിനു കാരണം എന്നതു നിസ്സംശയം.

അനുഗൃഹീതമായ മനുഷ്യാത്മാവു് 'ദൈവവചനത്തിനു നേരെയുള്ള യാതൊരു സ്നേഹത്താലാണോ കത്തിജ്വലിക്കുന്നതു്', ആ സ്നേഹത്തെക്കുറിച്ചാണു് നമ്മുടെ മുമ്പിലിരിക്കുന്ന ഈ വി. ലിഖിതം (ഉത്തമഗീതം) നമ്മോടു പറയുന്നതു്. സഭ സ്വർഗീയ മണവാളനായ ക്രിസ്തുവിനോടു ചേർന്നു് ഒന്നായിത്തീരുന്ന ആ വിവാഹത്തിന്റെ ഗാനം അരൂപിയാൽ പ്രേരിതമായി അതു പാടുകയാണു്. 'വചന'ത്തിലൂടെ അവനോടു് ഒന്നായിച്ചേരാൻ സഭ ആഗ്രഹിക്കുന്നു. അതിനെത്തുടർന്നു് അവനിൽനിന്നു ഗർഭം ധരിക്കണമെന്നും വിശുദ്ധമായ ആ സന്തതി പ്രസവരക്ഷയ്ക്കു കാരണമായിത്തീരണമെന്നും അവൾ ആഗ്രഹിക്കുന്നു. തന്റെ സന്താനങ്ങൾ വിശ്വാസത്തിലും വിശുദ്ധിയിലും ആത്മസംയമ



നത്തിലും അടിപതറാതെ മുന്നോട്ടു പോകുമ്പോഴാണു് ഈ രക്ഷ സാദ്ധ്യമായിത്തീരുന്നതു്. ദൈവവചന ബീജത്തിൽനിന്നു രൂപം കൊള്ളുകയും കളങ്കരഹിതയായ സഭ പെററു വളർത്തുകയും ചെയ്യുന്ന സന്താനങ്ങൾക്കു് അവ്വിധം അടിപതറാതെ മുന്നോട്ടു പോകാൻ വിഷമമില്ല. ശാരീരികമോ ഭൗതികമോ ആയ ഏതെങ്കിലും ലാഭം ആഗ്രഹിക്കാതെ, ദൈവവചനത്തോടുള്ള ഏകാഗ്രമായ സ്നേഹത്താൽ ജ്വലിക്കുന്ന ഏതെങ്കിലും ആത്മാക്കൾ ആ സന്താനങ്ങളുടെ വളർത്തലിൽ സഹായിച്ചുവെന്നും വരാം.

ഇവയൊക്കെയാണു് 'പാട്ടുകളുടെ പാട്ടു്' എന്ന ഈ വിവാഹഗീതത്തിൽ ആവിഷ്കരിച്ചിട്ടുള്ള സ്നേഹത്തെ അഥവാ ഉപവിയെപ്പററി എന്റെ മനസ്സിൽ ഉയർന്നുവന്ന ചില വിചിന്തനങ്ങൾ. എന്നാൽ ഈ സ്നേഹത്തെപ്പററിയും ദൈവം സ്നേഹംതന്നെ ആയതുകൊണ്ടു് ആ ദൈവത്തെപ്പററിയും എന്തെല്ലാം വലിയ കാര്യങ്ങൾ പറയേണ്ടതായിട്ടുണ്ടെന്നു നാം മനസ്സിലാക്കണം. 'പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മററാരും പിതാവിനെ അറിയുന്നില്ല.'63 അതുപോലെ പുത്രനല്ലാതെ മററാരും സ്നേഹത്തെ അറിയുന്നില്ല. അതുപോലെതന്നെ പിതാവല്ലാതെ മററാരും സ്നേഹം തന്നെയായ പുത്രനെയും അറിയുന്നില്ല. അതുപോലെ, ദൈവം സ്നേഹമെന്നു വിളിക്കപ്പെടുന്നതിനാൽ പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാരൂപി മാത്രമേ ദൈവത്തിൽ എന്താണുള്ളതു് എന്നറിയുന്നുള്ളു; മനുഷ്യനിൽ എന്താണുള്ളതെന്നു മനുഷ്യന്റെ അരൂപിക്കുമാത്രം അറിയാവുന്നതുപോലെ പിതാവിൽനിന്നു പുറപ്പെടുന്ന സത്യത്തിന്റെ ചൈതന്യമായ ഈ പാറക്ലേത്താ,64 താൻ വെളിപ്പെടുത്താനാഗ്രഹിക്കുന്ന സ്നേഹത്തിന്റെ അഥവാ ദൈവത്തിന്റെ മഹത്ത്വം മനസ്സിലാക്കാൻ അർഹതയും പ്രാപ്തിയുമുള്ള ആത്മാക്കളെ അന്വേഷിച്ചു നടക്കുന്നു.

## സോളമന്റെ രചനകളിൽ ഉത്തമഗീതത്തിനുള്ള സ്ഥാനം

ഉപവിതന്നെയായ പിതാവായ ദൈവത്തെയും ഉപവിതന്നെയായ തന്റെ പുത്രനെയും വിളിച്ചപേക്ഷിച്ചുകൊണ്ടു് മററു കാര്യങ്ങൾ ചർച്ചചെയ്തു നമുക്കു മുമ്പോട്ടുപോകാം. സോളമന്റെ തൂലികയിൽ നിന്നു നിർഗമിച്ച മൂന്നു കൃതികളെ അംഗീകരിക്കുമ്പോൾ ദൈവത്തിന്റെ സഭകൾ സുഭാഷിതങ്ങൾക്കു് ഒന്നാമതായും സഭാപ്രസംഗകനു രണ്ടാമതായും ഉത്തമഗീതത്തിനു മൂന്നാമതായും സ്ഥാനം നൽകിയതിന്റെ കാരണം എന്താണെന്നു

www.malankaralibrary.com



നമുക്ക് ആദ്യമായി പരിഗണിക്കാം. എനിക്കു തോന്നുന്ന അഭിപ്രായങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

വസ്തുക്കളെക്കുറിച്ച് അറിവു സമ്പാദിക്കാൻ ആളുകൾ സാധാരണയായി ഉപയോഗിക്കുന്ന വിജ്ഞാന ശാഖകൾ മൂന്നാണ്. ഗ്രീക്കുകാർ അവയെ ധർമശാസ്ത്രം (Ethics) ഭൗതികശാസ്ത്രം (Physics) ആദ്ധ്യാത്മികശാസ്ത്രം (Enoptics) എന്നു വിളിക്കുന്നു. ഇവയെ യഥാക്രമം സൻമാർഗപരം, പ്രാകൃതികം, അന്തർദർശനപരം എന്നും വിളിക്കാം. ഗ്രീക്കുകാരിൽ ചിലർ ലോജിക്ക് എന്ന നാലാമതൊരു വിഭാഗവും നിർദേശിക്കുന്നു. അതിനെ നമുക്കു യുക്തിചിന്താപരം എന്നു വിളിക്കാം. ലോജിക്ക് എന്നു പ്രത്യേകമായി ഒന്നില്ല എന്നാണു വേറെ ചിലരുടെ അഭിപ്രായം. ആദ്യം പറഞ്ഞ മൂന്നു പഠനശാഖകളോടു ബന്ധപ്പെട്ടും കൂടിക്കലർന്നുമാണ് ലോജിക്കിന്റെ സ്ഥിതി എന്ന് അവർ കരുതുന്നു. ലോജിക്ക് യുക്തിചിന്താപരമാണെന്നു നാം പറഞ്ഞല്ലോ. വാക്കുകളുടെ അർത്ഥങ്ങൾ, പ്രത്യേകമായ സൂചിതാശയങ്ങൾ, വിപരീതങ്ങൾ വിഭാഗങ്ങൾ തുടങ്ങിയവയെക്കുറിച്ചാണല്ലോ ലോജിക്ക് പ്രതിപാദിക്കുന്നത്. വിവിധതരം ഉക്തികളുടെ രൂപങ്ങളെക്കുറിച്ചും അതു പറയുന്നുണ്ട്. അതിനാൽ ഈ വിജ്ഞാനവിഭാഗത്തെ മററുള്ളവയിൽ നിന്നു വേർപെടുത്തി വിചിന്തനം ചെയ്യേണ്ട കാര്യമില്ല. ജീവിതത്തിന് ആശാസ്യമായ ഒരു രീതി പ്രദാനം ചെയ്യുകയും സുകൃതങ്ങൾക്ക് ഉപകാരകമായ ശീലങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്യുന്ന പഠനവിഭാഗമാണ് ധർമശാസ്ത്രം. പ്രകൃതിപഠനപരമായ വിഭാഗത്തിൽ വ്യതിരിക്തമായ ഓരോ വസ്തുവിനെയും പ്രകൃതി പരിഗണിക്കപ്പെടുന്നു. അതുമൂലം പ്രകൃതിക്കുവിരുദ്ധമായി ഒന്നും ചെയ്യാതിരിക്കാനും ഓരോ വസ്തുവും സ്രഷ്ടാവ് ഉദ്ദേശിച്ചിരിക്കുന്ന ആവശ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കാനും സാധിക്കുന്നു. അന്തർദർശനപരമായ പഠനത്തിൽ നാം ദൃശ്യവസ്തുക്കൾക്കപ്പുറമുള്ള ലോകത്തിലേക്കു കടക്കുകയും ദിവ്യവും സ്വർഗീയവുമായ കാര്യങ്ങളെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുന്നു. ആ വക കാര്യങ്ങൾ ശാരീരിക ദർശനത്തിനപ്പുറമായതുകൊണ്ട് അവയെ നാം മനസ്സുകൊണ്ടു മാത്രമാണു കാണുക.

ഗ്രീസിലെ ദ്രഷ്ടാക്കൾ ഈ ആശയങ്ങളെല്ലാം സോളമനിൽനിന്നു കടമെടുത്തതാണെന്നെനിക്കു തോന്നുന്നു. അവരുടെ കാലത്തിനു വളരെ മുമ്പുതന്നെ സോളമൻ ദൈവാരൂപികൊണ്ട് അക്കാര്യങ്ങളെല്ലാം ഗ്രഹിച്ചിരുന്നു. എന്നിട്ട് ആ ഗ്രീക്കു പണ്ഡിതന്മാർ പ്രസ്തുതവിജ്ഞാനങ്ങളെ സ്വന്തം കണ്ടുപിടിത്തങ്ങൾ എന്ന ഭാവത്തിൽ മററുള്ളവരുടെ മുമ്പിൽ അവതരിപ്പിച്ചു. അവരുടെ പഠനങ്ങൾ അടങ്ങിയ പുസ്തകങ്ങളിൽ അവ ഉൾപ്പെടുത്തി പിൻ



തലമുറകൾക്കുകൂടെ പഠിക്കാനുതകും വിധം അവശേഷിപ്പിച്ചു. എന്നാൽ സോളമനാകട്ടെ, നാം മുമ്പു പറഞ്ഞതുപോലെ, ദൈവത്തിൽനിന്നു താൻ നേടിയ വിജ്ഞാന ശക്തികൊണ്ട് ഇക്കാര്യങ്ങളെല്ലാം കണ്ടുപിടിക്കുകയും മററുള്ളവരെ പഠിപ്പിക്കുകയുമാണു ചെയ്തതു്. വി. ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. 'ദൈവം സോളമനു് അളവററ ഉൾക്കാഴ്ചയും വിജ്ഞാനവും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു. പഴയകാലങ്ങളിലുണ്ടായിരുന്ന എല്ലാ മനുഷ്യരെക്കാളും ഈജിപ്തിലെ എല്ലാ ജ്ഞാനികളെക്കാളും ഉപരിയായ വിധം ദൈവം അവനിൽ വിജ്ഞാനം വർദ്ധിപ്പിച്ചു.[65] നാം മുകളിൽ പറഞ്ഞ മൂന്നു പഠനശാഖകളെയും പരസ്പരം വേർപെടുത്തി മനസ്സിലാക്കത്തക്കവിധം സോളമൻ അവയെ മൂന്നു വ്യത്യസ്തഗ്രന്ഥങ്ങളിലായി തന്റെ വിജ്ഞാനം ആവിഷ്കരിച്ചു. അവയെ ഉചിതമായ രീതിയിൽ ക്രമീകരിച്ചാണ് അവതരിപ്പിച്ചതും. ആദ്യമായി സുഭാഷിതങ്ങളിൽ അദ്ദേഹം ധാർമികശാസ്ത്രം പഠിപ്പിച്ചു. ഹ്രസ്വവും കുറിക്കുകൊള്ളുന്നതുമായ ഉക്തികളിൽ ധാർമികജീവിതത്തിനുള്ള നിയമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം അതു ചെയ്തതു്. രണ്ടാമതായി പ്രകൃതിവിജ്ഞാനപരമായ കാര്യങ്ങൾ അദ്ദേഹം 'സഭാപ്രസംഗക'നിൽ ഉൾപ്പെടുത്തി. അതിൽ പ്രകൃതിയിലെ വസ്തുക്കളെ അദ്ദേഹം ദീർഘമായി വിവരിക്കുന്നു. ഉപയോഗമില്ലാത്തവയെ വേർതിരിച്ചു കാണിച്ചുകൊണ്ട് ദുരഹങ്കാരത്തെയും പൊങ്ങച്ചത്തെയും ഉപേക്ഷിക്കുന്നതിനും ഉപയോഗപ്രദമായവയെ വളർത്തിയെടുക്കുന്നതിനും അദ്ദേഹം നമ്മെ ഉപദേശിക്കുകയാണ്. അന്തർദർശനപരമായ വിജ്ഞാനശാഖ അദ്ദേഹം കൈകാര്യം ചെയ്തിരിക്കുന്നതു് നമ്മുടെ കയ്യിലുള്ള ഉത്തമഗീതം എന്ന ഈ പുസ്തകത്തിലാണ്. ഇതിലൂടെ ദിവ്യവും സ്വർഗീയവുമായ കാര്യങ്ങളോടുള്ള സ്നേഹം നമ്മുടെ ആത്മാക്കളിൽ നിറയ്ക്കാൻ അദ്ദേഹം ശ്രമിക്കുന്നു. തന്റെ ലക്ഷ്യം സാധിക്കുന്നതിന് വരൻ, വധു എന്ന പ്രതിരൂപങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നു. ദൈവവുമായുള്ള ഐക്യം സ്നേഹത്തിന്റെയും ഉപവിയുടെയും മാർഗത്തിലൂടെ കൈവരിക്കണമെന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥ തത്വജ്ഞാനത്തിന്റെ ഈ അടിസ്ഥാനതത്വങ്ങൾ അവതരിപ്പിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ട വിഷയങ്ങളുടെ ക്രമം സ്ഥാപിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം യുക്തിചിന്താപരമായ ശാസ്ത്രത്തിൽ അജ്ഞനായിരുന്നില്ല; അതു കൈകാര്യം ചെയ്യാൻ വിസമ്മതിച്ചുമില്ല. സുഭാഷിതങ്ങളുടെ ആരംഭത്തിൽത്തന്നെ അദ്ദേഹം ഇക്കാര്യം വ്യക്തമായി കാണിക്കുന്നുണ്ട്. അതിനദ്ദേഹം പ്രാഥമികമായി അവലംബിച്ചമാർഗം പുസ്തകത്തിനു 'സദൃശ്യവാക്യങ്ങൾ'[66] എന്ന പേരു കൊടുത്തതു തന്നെയാണ്. ആ വാക്കിന്റെ അർത്ഥത്തിൽ നിന്നു

www.malankaralibrary.com



തന്നെ ഒരു കാര്യം വ്യക്തമായി പറയുന്നതോടൊപ്പം മറ്റൊരു കാര്യം സൂചിപ്പിക്കുകയും ചെയ്യുന്നതായി മനസ്സിലാക്കാം. സദൃശ്യവാക്യങ്ങളുടെ സാധാരണ പ്രയോഗം ഇതു വ്യക്തമാക്കുന്നു. ദിവ്യരക്ഷകൻ ഇങ്ങനെ പറയുന്നതായി വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ എഴുതുന്നു: 'ഉപമകൾ വഴിയാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത്. ഉപമകൾ വഴിയല്ലാതെ ഞാൻ നിങ്ങളോടു സംസാരിക്കുന്ന സമയം വരുന്നു. അപ്പോൾ പിതാവിനെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളോടു സംസാരിക്കും.'[67]

പുസ്തകത്തിന്റെ തലക്കെട്ടിനെക്കുറിച്ച് ആനുഷംഗികമായി ഇത്രമാത്രം. എന്നാൽ സോളമൻ ഉടൻതന്നെ വാക്കുകളുടെ അർത്ഥങ്ങൾ തമ്മിൽ വിവേചിക്കാൻ തുടങ്ങുന്നു.[68] അദ്ദേഹം വിജ്ഞാനത്തെ വിവേകത്തിൽനിന്നും ബോധനത്തെ വിജ്ഞാനത്തിൽനിന്നും വേർതിരിച്ചുകാട്ടുന്നു. വാക്കുകളുടെ അർത്ഥം മനസ്സിലാക്കൽ ഇവയിൽനിന്നെല്ലാം വ്യത്യസ്തമായ മറ്റൊരു പ്രക്രിയ ആണെന്നു ചൂണ്ടിക്കാട്ടുന്നു. വാക്കുകളുടെ വിവിധ അർത്ഥതലങ്ങൾ മനസ്സിലാക്കാനുള്ള കഴിവിലാണ് മനുഷ്യന്റെ ബുദ്ധിചാതുര്യം കുടികൊള്ളുന്നത് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇതിനുപുറമേ യഥാർത്ഥനീതിയും ശരിയായ വിധിപ്രസ്ഥാവവും തമ്മിൽ അദ്ദേഹം വകതിരിച്ചു കാണുന്നുണ്ട്. താൻ പഠിപ്പിക്കുന്നയാളുകൾക്ക് പ്രത്യേകതരത്തിലുള്ള ഒരു സൂക്ഷ്മദർശിത്വം ആവശ്യമാണെന്ന് അദ്ദേഹം എടുത്തുപറയുന്നു. കാപട്യപൂർണവും അബദ്ധജഡിലവുമായ ചിന്താപദ്ധതികളെ അവയുടെ യഥാർത്ഥ സ്വഭാവത്തിൽ മനസ്സിലാക്കാനും പരിത്യജിക്കാനും സമർത്ഥമായ വീക്ഷാനൈപുണ്യമാണ് ഇതുകൊണ്ടദ്ദേഹം അർത്ഥമാക്കുന്നത് എന്നാണെന്റെ വിശ്വാസം. ദൈവവചനം സംബന്ധിച്ച കാര്യങ്ങളിൽ യുക്ത്യാഭാസ വിദഗ്ധന്മാരുടെ കൃത്രിമങ്ങളാൽ വഞ്ചിതരാകാതിരിക്കത്തക്കവിധം വിവേകത്താൽ ഒരുതരം കൗശലം നല്കപ്പെടുന്നു എന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. വാക്കുകളുടെ ഉള്ളടക്കവും അർത്ഥങ്ങളും ആശയാവിഷ്കാരങ്ങളും മനസ്സിലാക്കുകയും ഉച്ചരിക്കുന്ന ഓരോ ശബ്ദത്തിന്റെയും സൂചിതാർത്ഥം യുക്തിപൂർവം നിർവചിക്കുകയും ചെയ്യുന്ന യുക്തിപരമായ ആ വിജ്ഞാന വിഭാഗം ഈ സന്ദർഭത്തിലും അദ്ദേഹത്തിന്റെ മനസ്സിലുണ്ടെന്ന് എനിക്കു തോന്നുന്നു. ഈ ശാസ്ത്രത്തിൽ കുട്ടികൾക്ക് പ്രത്യേകമായും ബോധനം നല്കേണ്ടതാണ്. താഴെക്കാണുന്ന വാക്കുകളിൽ അദ്ദേഹം ഇക്കാര്യം വ്യക്തമാക്കുന്നു. 'കൊച്ചുകുട്ടികൾക്ക് വീക്ഷണവിരുതും വിചിന്തനക്ഷമതയും നല്കുന്നതിന്' ഇത്തരം കാര്യങ്ങളിൽ ശരിയായ ബോധനം ലഭിച്ചാൽ അനിവാര്യമായും സ്വയം നന്നായി ഭരിക്കുമെന്നുള്ളതുകൊണ്ടും ജീവിതത്തിൽ മെച്ചപ്പെട്ട ഒരു സന്തുലിതാവസ്ഥ പാലിക്കുമെന്നുള്ളതുകൊണ്ടും സോളമൻ അതിനടുത്തതായി പറയുന്നു: 'ശരിയായി മനസ്സിലാക്കുന്നവൻ ഭരണം കൈക്കലാക്കുന്നു.'



ദൈവവചനങ്ങളിൽ വ്യത്യസ്തങ്ങളായ ആശയപ്രകടനവിധങ്ങളും വിവിധ ഭാഷാപ്രയോഗസമ്പ്രദായങ്ങളുമുണ്ട്. അവയിലൂടെയാണ് പ്രവാചകന്മാർ ജീവിതക്രമങ്ങൾ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ളത്. പ്രസ്തുത ഭാഷാപ്രയോഗവിധങ്ങളിൽ ഒന്നാണ് ഉപമ. മറ്റൊന്ന് ഗൂഢോക്തി; കടംകഥ എന്നാണ് വേറൊരു വിഭാഗത്തിന്റെ പേര്; വിവേകികളുടെ ഉക്തികൾ എന്ന പേരുള്ള വേറൊരു വിഭാഗമുണ്ട്.[69] ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം എഴുതുന്നു: 'ഉപമയും ഗൂഢോക്തിയും, വിജ്ഞന്മാരുടെ വചനങ്ങളും കടംകഥകളും നീ മനസ്സിലാക്കണം.' ഇങ്ങനെ ഈ വിവിധ മാർഗങ്ങളിലൂടെ, യുക്തിപരമായ വിജ്ഞാനവിഭാഗത്തെ സ്പഷ്ടമായും പ്രകടമായും വിശദീകരിക്കുന്നു; പ്രാചീനരുടെ സമ്പ്രദായം അനുവർത്തിച്ചുകൊണ്ട് അദ്ദേഹം വിപുലവും അവികലവുമായ സത്യങ്ങളെ മിതവും സാരവുമായ വചസ്സുകളിൽ അനാവരണം ചെയ്യുന്നു. രാപകൽ ദൈവത്തിന്റെ നിയമത്തെക്കുറിച്ചു ചിന്തിക്കുന്നവരാരെങ്കിലുമുണ്ടെങ്കിൽ, വിവേകത്തെയും വിജ്ഞാനത്തെയുംകുറിച്ചു ധ്യാനിക്കുന്ന നീതിമാന്റെ അധരംപോലുള്ളവർ ആരെങ്കിലുമുണ്ടെങ്കിൽ, അവർക്ക് ഇക്കാര്യങ്ങൾ കൂടുതൽ ശ്രദ്ധാപൂർവം അന്വേഷിക്കാനും കണ്ടെത്താനും കഴിയും. എന്നാൽ അതിന് ആദ്യമായി അവർ വിജ്ഞാനത്തിന്റെ വാതിലിൽ മുട്ടിയിരിക്കണം. പരിശുദ്ധാത്മാവുവഴി വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും വചനങ്ങൾ തനിക്കു വെളിപ്പെടുത്തിത്തരാനും അവ സ്വീകരിക്കാൻ തന്നെ യോഗ്യനാക്കാനും ദൈവത്തോടു പ്രാർത്ഥിച്ചിരിക്കണം. 'ഞാൻ വാക്കുകൾ നീട്ടിവിരിച്ചിട്ടും നിങ്ങൾ ശ്രദ്ധിക്കാൻ വിസമ്മതിച്ചു'[70] എന്നു പറഞ്ഞവനോടൊത്ത് ആ വിജ്ഞാനത്തിൽ തന്നെ പങ്കാളിയാക്കാൻ പ്രാർത്ഥിക്കുകയും ചെയ്യണം.

ദൈവം ഹൃദയവിശാലത നല്കിയിട്ടുള്ളവന്റെ ഹൃദയത്തിൽ 'വാക്കുകൾ നീട്ടിവിരിക്കുക' എന്ന വാക്കുകൾ ഉചിതമായിത്തന്നെയാണ് അദ്ദേഹം ഉപയോഗിച്ചിട്ടുള്ളത്. എന്തെന്നാൽ ദൈവിക ഗ്രന്ഥങ്ങളിലെ വാക്യങ്ങൾ എടുത്ത്, ഹ്രസ്വമായും ഗൂഢാർത്ഥവാക്യങ്ങളുടെ രൂപത്തിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾ കൂടുതൽ വിശദമായ അദ്ധ്യാപനംകൊണ്ടു വികസിപ്പിക്കാൻ ഒരു മനുഷ്യൻ പ്രാപ്തനാകുമ്പോൾ അവന്റെ ഹൃദയം വികാസം പ്രാപിക്കുന്നു. ഏറ്റവും ജ്ഞാനിയായ സോളമന്റെ ഈ തത്ത്വമനുസരിച്ച് ജ്ഞാനം സമ്പാദിക്കാനാഗ്രഹിക്കുന്നവൻ സന്മാർഗ പഠ

www.malankaralibrary.com



നത്തിൽആരംഭിക്കയും, 'ജ്ഞാനം ആഗ്രഹിക്കുന്നവൻ പ്രമാണം കാക്കട്ടെ, കർത്താവ് അവന് അതു പ്രദാനം ചെയ്യും'[71] എന്ന വാക്യത്തിന്റെ അർത്ഥം മനസ്സിലാക്കുകയും ചെയ്യുന്നതു യുക്തമാണ്. മനുഷ്യരെ ആദ്യമായി ആദ്ധ്യാത്മികതത്വശാസ്ത്രം പഠിപ്പിച്ചവനായ ഈ ആചാര്യൻ സുഭാഷിതങ്ങളുടെ പുസ്തകത്തിനു തന്റെ രചനകളുടെ കൂട്ടത്തിൽ ആദ്യമായി സ്ഥാനം നല്കിയതിനു കാരണമിതാണ്. എന്തെന്നാൽ നാം മുമ്പു പറഞ്ഞതുപോലെ സന്മാർഗവിജ്ഞാനീയമാണ് അതിൽ പ്രതിപാദിതമായിട്ടുള്ളത്. ജീവിതവീക്ഷണവിരുതിലും പെരുമാററത്തിലും ഒരാൾ പുരോഗതി നേടിക്കഴിയുമ്പോൾ ജന്മസിദ്ധമായ ബുദ്ധിശക്തിക്കു പരിശീലനം നല്കുന്ന കർമങ്ങളിലേക്കു് അയാൾക്കു കടക്കാം. വസ്തുക്കളുടെ കാരണങ്ങളും സ്വഭാവങ്ങളും വകതിരിച്ചു മനസ്സിലാക്കുന്നതുവഴി താൻ നിരാകരിക്കേണ്ട 'മിഥ്യകളിൽ മിഥ്യ' യെ തിരിച്ചറിയാൻ അവനു കഴിയും; താൻ പിന്തുടരേണ്ട നിലനില്ക്കുന്നതും, സനാതനവുമായ കാര്യങ്ങൾ മനസ്സിലാക്കാനും അവൻ പ്രാപ്തനാകും.

സുഭാഷിതങ്ങളിൽനിന്ന് 'സഭാപ്രസംഗക'നിലേക്കു് അദ്ദേഹം കടക്കുന്നു. ആ കൃതിയിൽ, ദൃശ്യങ്ങളും ഭൗതികങ്ങളുമായ എല്ലാ വസ്തുക്കളും ദുർബലങ്ങളും നശ്വരങ്ങളുമാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. വിജ്ഞാനാന്വേഷിയായ മനുഷ്യൻ ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കഴിയുമ്പോൾ അവൻ അവയെ അവജ്ഞാപൂർവം അവഗണിക്കുമെന്നതു് അവിതർക്കിതമാണ്. ലോകത്തെ പൂർണമായും തള്ളിപ്പറഞ്ഞുകൊണ്ട് അദൃശ്യങ്ങളും സനാതനങ്ങളുമായ കാര്യങ്ങളെ അവൻ എത്തിപ്പിടിക്കും. അത്തരം കാര്യങ്ങളാണ് ഉത്തമഗീതത്തിൽ പഠിപ്പിക്കുന്നത്; പ്രണയ സംബന്ധമായ ചില രൂപകാലങ്കാരങ്ങളുടെ രൂപത്തിലാണു കാര്യങ്ങൾ പ്രതിപാദിക്കുന്നതെന്നു മാത്രം.

ഒരു മനുഷ്യന് അവന്റെ ജീവിതരീതി വിശുദ്ധീകൃതമായിക്കഴിയുമ്പോൾ മാത്രം ഇപ്പുസ്തകത്തെ സമീപിക്കാൻ കഴിയുംവിധം അതിന് അവസാനമായി സ്ഥാനം നല്കപ്പെട്ടിരിക്കുന്നു. അപ്പോഴേക്കും അവന് അഴിവുണ്ടാകാവുന്നതും അല്ലാത്തതുമായ കാര്യങ്ങൾ വകതിരിച്ചറിയാനുള്ള പ്രാപ്തിയുണ്ടായിക്കഴിഞ്ഞിരിക്കും. തത്ഫലമായി മണവാട്ടിക്കു് തന്റെ സ്വർഗ്ഗീയ മണവാളനോട്—കളങ്കമില്ലാത്ത ആത്മാവിന് ദൈവവചനത്തോട്—ഉള്ള സ്നേഹത്തെ വിവരിക്കുന്നതിനും പ്രതിനിധാനം ചെയ്യുന്നതിനും ഉപയോഗിച്ചിരിക്കുന്ന രൂപകാലങ്കാരങ്ങളിൽ ഒന്നുപോലും അവന് ഇടർച്ച വരുത്താതിരിക്കും. ഒരാത്മാവ് മുകളിൽപ്പറഞ്ഞ പഠനങ്ങളെല്ലാം നടത്തിക്കഴിയുമ്പോൾ അതിന്റെ എല്ലാ പ്രവർത്തന



ങ്ങളിലും ശീലങ്ങളിലും അതു പരിശുദ്ധമായിത്തീരുന്നു. അപ്പോൾ പ്രകൃതിയിലുള്ള കാര്യങ്ങളെയെല്ലാം ഇനം തിരിച്ചു മനസ്സിലാക്കാൻ അതിനു കഴിവുണ്ടാകും. തുടർന്ന്, താത്വികവും പ്രകൃത്യാതീതവുമായ കാര്യങ്ങൾ മനസ്സിലാക്കാൻ അതിനു യോഗ്യത കൈവരും. അപ്പോൾ വിശുദ്ധവും ആദ്ധ്യാത്മികവുമായ സ്നേഹത്തോടുകൂടി ദൈവത്തെക്കുറിച്ചു ധ്യാനിക്കാൻ അതിനു കഴിയും. ആരുടെ വിശുദ്ധതമമായ ജീവിതരീതിമൂലം പരമ പരിശുദ്ധനായ ദൈവം അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം[72] എന്നു വിളിക്കപ്പെടാൻ തിരുമനസ്സായോ, വിശുദ്ധരും അനുഗൃഹീതരുമായ ആ മൂന്നു മനുഷ്യരിൽ, ദൈവിക തത്വജ്ഞാനത്തിന്റെ മൂന്നു തട്ടിലുള്ളതായ ഈ സ്വഭാവം മുൻകൂട്ടി കാണപ്പെട്ടു എന്നും ഞാൻ വിചാരിക്കുന്നു. അബ്രാഹം തന്റെ അനുസരണത്തിലൂടെ സാന്മാർഗിക തത്വജ്ഞാനം ആവിഷ്ക്കരിക്കുന്നു. അദ്ദേഹത്തിന്റെ അനുസരണം യഥാർത്ഥത്തിൽ വളരെ വലുതായിരുന്നു. ദൈവകല്പനകളോടുള്ള അദ്ദേഹത്തിന്റെ വിധേയത്വം വളരെ കർശനവുമായിരുന്നു. അതുകൊണ്ടാണല്ലോ 'നീ നിന്റെ സ്വന്തം നാട്ടിൽനിന്നും സ്വജനങ്ങളിൽനിന്നും നിന്റെ പിതാവിന്റെ വീട്ടിൽനിന്നും പുറപ്പെട്ടു പോവുക' എന്ന കല്പന കേട്ടപ്പോൾ ഒട്ടും താമസിക്കാതെ ഉടൻതന്നെ കല്പനയനുസരിച്ചു പ്രവർത്തിച്ചത്. അതിലും ഉപരിയായിട്ടുള്ള മറെറാരു കാര്യവും അദ്ദേഹം ചെയ്തു. സ്വന്തം മകനെ ബലിയർപ്പിക്കണമെന്ന കല്പന കേട്ടപ്പോൾ അദ്ദേഹം ഒട്ടും മടിച്ചു നിന്നില്ല. വേഗം അനുസരിക്കുകയാണു ചെയ്തത്. ധാർമിക വിജ്ഞാനീയത്തിന്റെ അടിത്തറയായ അനുസരണത്തിൽ തന്റെ പിൻഗാമികൾക്കു മാതൃക കാണിച്ചുകൊടുക്കത്തക്കവിധം 'തന്റെ ഏകപുത്രനെപ്പോലും ബലിയർപ്പിക്കാൻ അദ്ദേഹം തയാറായി.[73] ഇസഹാക്കു് ആകട്ടെ കിണറുകൾ കുഴിപ്പിക്കുകയും കാര്യങ്ങളുടെ വേരുകളെക്കുറിച്ച് അന്വേഷണം നടത്തുകയും ചെയ്യുമ്പോൾ ഭൗതിക വിജ്ഞാനീയത്തിന്റെ ഒരു വക്താവായി പ്രത്യക്ഷപ്പെടുകയാണു ചെയ്യുന്നത്.[74] യാക്കോബ് അന്തർദർശനപരമായ വിജ്ഞാനം പരിശീലിച്ചിരുന്നു. ദൈവിക കാര്യങ്ങളെക്കുറിച്ചുള്ള ധ്യാനം മൂലമാണല്ലോ അദ്ദേഹത്തിന് ഇസ്രായേൽ എന്ന നാമംതന്നെ ലഭിച്ചത്. അദ്ദേഹം സ്വർഗത്തിലെ കൂടാരങ്ങളും ദൈവത്തിന്റെ ഭവനവും മാലാഖമാരുടെ പാതകളും ഭൂമിയെ ആകാശത്തോടു ബന്ധിപ്പിക്കുന്ന സോപാനങ്ങളും ധ്യാനത്തിലൂടെ കാണുകയും ചെയ്തു.[75]

അനുഗൃഹീതരായ ആ മൂന്നു മനുഷ്യരും ഇതേ കാരണത്താൽതന്നെ ദൈവത്തിനു ബലിപീഠങ്ങൾ നിർമ്മിച്ചതായി നാം കാണുന്നു.[76] അവർ അങ്ങനെ ചെയ്തതു് ഉചിതംതന്നെ. അതു

www.malankaralibrary.com



മൂലം അവർ തങ്ങളുടെ വിജ്ഞാനത്തിന്റെ ഫലങ്ങളെ പവിത്രീകരിച്ചു. അവർക്കുണ്ടായ നേട്ടങ്ങൾ അവരുടെ സ്വന്തമായ മാനുഷിക കൗശലങ്ങളുടെ ഫലമായിട്ടല്ല, ദൈവാനുഗ്രഹത്തിന്റെ ശക്തികൊണ്ടാണുണ്ടായതു് എന്നു നമ്മെ പഠിപ്പിക്കാൻവേണ്ടിയാണു് അവർ അങ്ങനെ ചെയ്തതു്. അവർ കൂടാരങ്ങളിൽ ജീവിച്ചു.[77] അദ്ധ്യാത്മവിജ്ഞാനീയത്തിന്റെ പഠനവിചിന്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ നിസ്വരായിരിക്കണമെന്നും സ്ഥിരമായൊരിടത്തു തങ്ങാതെ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കണമെന്നുമാണു് അതുകൊണ്ടു് അവർ കാണിക്കുന്നതു്. ആ നീക്കം ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു് എന്നതിലധികം അപകൃഷ്ടമായ കാര്യങ്ങളിൽനിന്നു് കൂടുതൽ കൂടുതൽ ഉത്കൃഷ്ടമായ കാര്യങ്ങളിലേക്കാണു്. സോളമന്റെ ഗ്രന്ഥങ്ങളിലെ വിഷയങ്ങൾക്കുള്ളതായി മുകളിൽ ചൂണ്ടിക്കാണിച്ച ആ ക്രമം വിശുദ്ധ ലിഖിതത്തിലെ മറ്റു പല ഭാഗങ്ങളിലും അതേ രീതിയിൽ നമുക്കു കാണാൻ കഴിയും. എന്നാൽ അക്കാര്യം പൂർണമായി പ്രതിപാദിക്കാൻ വളരെ സമയം വേണം. മറ്റൊരു പ്രതിപാദ്യം കൈയിലുള്ളതുകൊണ്ടു് തത്കാലം അതു വിടുന്നു.

ഒരു മനുഷ്യൻ സുഭാഷിതങ്ങളിൽ പറയുന്നതനുസരിച്ചു് തന്റെ പെരുമാറ്റം പരിഷ്ക്കരിക്കുകയും ദൈവകല്പനകൾ പാലിക്കുകയും ചെയ്തുകൊണ്ടു് മുകളിൽ പറഞ്ഞ മൂന്നു വിഷയങ്ങളിൽ ആദ്യത്തേതിന്റെ പരിശീലനം പൂർത്തിയാക്കുകയും, തുടന്നു് ഈ ലോകം എത്ര ശൂന്യമാണെന്നു കാണുകയും നശ്വര ഭൗതിക വസ്തുക്കളുടെ ഭംഗുരത ബോദ്ധ്യപ്പെടുകയും ചെയ്തിട്ടു് ഈ ലോകത്തെയും അതിലുള്ള സമസ്തവസ്തുക്കളെയും പരിത്യജിക്കുകയും ചെയ്തു കഴിഞ്ഞാൽ, അയാൾ ആ ഘട്ടം മുതൽ അദൃശ്യങ്ങളും സനാതനങ്ങളുമായ വസ്തുക്കളെ ധ്യാനിക്കാനും ആഗ്രഹിക്കാനും തുടങ്ങും. എന്നാൽ ഇക്കാര്യം സാധിതമാകുന്നതിനു് ദൈവത്തിന്റെ കാരുണ്യം ആവശ്യമാകുന്നു. 'ദൈവവചന'ത്തിന്റെ സൗന്ദര്യം ദർശിച്ചു കഴിഞ്ഞാൽ അവിടത്തെ പ്രതിയുള്ള രക്ഷാകരമായ സ്നേഹത്താൽ നാം പ്രോജ്ജ്വലിതരായിത്തീരും; തന്നെക്കുറിച്ചുള്ള ആ ആത്മാവിന്റെ തീക്ഷ്ണമായ സ്നേഹം ബോദ്ധ്യപ്പെട്ടു കഴിയുമ്പോൾ അവിടുന്നുതന്നെ ആ ആത്മാവിനെ കാരുണ്യപൂർവം സ്നേഹിച്ചു എന്നു വരും.

## ഉത്തമഗീതം എന്ന ഗ്രന്ഥനാമം

ഇനി നമുക്കു് അടുത്ത പോയിന്റിലേയ്ക്കു കടക്കാം—ഉത്തമഗീതം എന്ന ഗ്രന്ഥനാമം. വാഗ്ദത്ത കൂടാരത്തിലെ 'അതിവിശുദ്ധസ്ഥലം' എന്ന നാമത്തിൽ ഇതിനു സാമാനമായ ഒരു ഭാഷാപ്രയോഗം നാം കാണുന്നു. സംഖ്യാപുസ്തകത്തിൽ പറയുന്ന 'ജോലികളുടെ ജോലിയും' വി. പൗലോസ് പറയുന്ന 'യുഗങ്ങളുടെ യുഗവും'[78] മറ്റുദാഹരണങ്ങളാണു്. പുറപ്പാടിന്റെ പുസ്തകത്തിൽ പറയുന്ന 'വിശുദ്ധസ്ഥലങ്ങളും' 'വിശുദ്ധിയുടെ വിശുദ്ധസ്ഥലങ്ങളും' തമ്മിലും സംഖ്യാപുസ്തകത്തിൽ പറയുന്ന 'ജോലികളും' 'ജോലികളുടെ ജോലികളും' തമ്മിലും[79] ഉള്ള വ്യത്യാസങ്ങൾ ഞാൻ എന്റെ കഴിവുപോലെ മറ്റുചില ലേഖനങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മുൻ സൂചിപ്പിച്ച 'യുഗങ്ങളുടെ യുഗ'ത്തെക്കുറിച്ചും വേണ്ട സന്ദർഭങ്ങളിൽ പറയാതിരുന്നിട്ടില്ല.[80] ആ വക കാര്യങ്ങൾ ഇവിടെ ആവർത്തിക്കേണ്ട എന്നു വയ്ക്കുകയാണു്.

ഏതു പാട്ടുകളോടു ബന്ധപ്പെടുത്തിയിട്ടാണു് ഈ ഗീതത്തെ 'ഉത്തമഗീതം' എന്നു വിളിക്കുന്നതെന്നു് ആദ്യമായി അന്വേഷിക്കേണ്ടിയിരിക്കുന്നു. മുൻകാലങ്ങളിൽ മാലാഖമാരും പ്രവാചകന്മാരും ആലപിച്ച ഗീതങ്ങളാണു് അവ എന്നു ഞാൻ കരുതുന്നു. 'ദൈവദൂതന്മാർ വഴി ഒരു മദ്ധ്യവർത്തിയിലൂടെ അതു വിളംബരം ചെയ്യപ്പെട്ടു' എന്നു 'നിയമ'ത്തെക്കുറിച്ചു പറയപ്പെട്ടിരിക്കുന്നു.[81] അങ്ങനെ നോക്കുമ്പോൾ അതുവരെ ദൈവദൂതന്മാരും പ്രവാചകന്മാരും ആലപിച്ചവയെല്ലാം മണവാളന്റെ സുഹൃത്തുക്കൾ പാടിയ പാട്ടുകളാണു്. എന്നാൽ അതുല്യമായ ഈ ഗീതമാകട്ടെ വിവാഹഗീതമായി മണവാട്ടിയെ സ്വീകരിക്കുംമുമ്പു് മണവാളൻ തന്നെ ആലപിക്കാനുള്ളതത്രേ. ആ സന്ദർഭത്തിൽ മണവാളന്റെ സുഹൃത്തുക്കൾ തനിക്കുവേണ്ടി പാടണമെന്നല്ല മണവാട്ടി ആഗ്രഹിക്കുന്നതു്. തന്റെ സമീപത്തുള്ള മണവാളൻ തന്നെ സ്വന്തം അധരങ്ങൾ കൊണ്ടു തന്നോടു സംസാരിക്കണമെന്നു് അവൾ ആഗ്രഹിക്കുന്നു. അവൾ പറയുകയാണു്: 'അവൻ തന്റെ അധരങ്ങളുടെ ചുംബനങ്ങൾ കൊണ്ടു് എന്നെ പൊതിയട്ടെ.'

അതിനാൽ ഈ ഗീതം മറ്റു ഗീതങ്ങളെക്കാളെല്ലാം പ്രധാനമായി പരിഗണിക്കപ്പെടുന്നതു ന്യായം തന്നെ. നിയമങ്ങളും പ്രവാചകന്മാരും പാടിയ മറ്റു പാട്ടുകൾ, മണവാട്ടി ഒരു ചെറിയ കുട്ടിയായിരുന്നപ്പോൾ ആലപിക്കപ്പെട്ടവയാണു്. അന്നു് അവൾക്കു പ്രായപൂർത്തി ആയിരുന്നില്ല. പ്രായപൂർത്തിയെത്തിയ

www.malankaralibrary.com



വധുവിനോട് പാടുന്നതാണ് ഈ ഗീതം. അവരം ഇന്നു ശക്തി മതിയായിരിക്കുന്നു. ഒരു ഭർത്താവിന്റെ കരുത്തുതാങ്ങുവാനും പൂർണമായ രഹസ്യം സ്വന്തമാക്കാനും അവരംക്കു കഴിവുണ്ടായിരിക്കുന്നു. അതുകൊണ്ടാണ് അവളെക്കുറിച്ച് ഇങ്ങനെ പറയപ്പെടുന്നത്: 'എന്റെ കറമില്ലാത്തവളായ മാടപ്രാവ് ഒരാരം മാത്രം.'82

കുററമററവനായ ഭർത്താവിന്റെ കറവില്ലാത്ത വധു എന്ന നിലയിൽ അവികലമായ തത്വത്തിന്റെ വചസ്സുകരം അവരം സ്വീകരിച്ചിരിക്കുന്നു. മൂശയും ഇസ്രായേൽ സന്താനങ്ങളും ദൈവത്തിനുള്ള ആദ്യത്തെ ഗീതം ആലപിച്ചു. 'ഈജിപ്തുകാർ കടൽക്കരയിൽ മരിച്ചു കിടക്കുന്നതും കർത്താവ് ഈജിപ്തുകാർക്കെതിരെ ഉയർത്തിയ ശക്തമായ കരവും കാണുകയും കർത്താവിനെയും അവിടുത്തെ ദാസനായ മോശെയെയും വിശ്വസിക്കുകയും ചെയ്തപ്പോഴാണ് ഇസ്രായേൽമക്കരം ആ ഗാനം പാടിയത്. ''കർത്താവിനെ ഞാൻ സ്തുതിച്ചു പാടും. എന്തെന്നാൽ അവിടുന്നു മഹത്വപൂർണ്ണമായ വിജയം നേടിയിരിക്കുന്നു.''83 എന്നാൽ, വലത്തും ഇടത്തും വെള്ളം മതിൽപോലെ നിലകൊള്ളവേ കടലിനു നടുവിൽ വരണ്ട ഭൂമിയിലൂടെ മുന്നോട്ടുപോവുകയും അങ്ങനെ ഈജിപ്തുകാരുടെ കരങ്ങളിൽനിന്നു രക്ഷപ്പെടുകയും ഈജിപ്തുകാർ കടൽത്തീരത്തു മരിച്ചുകിടക്കുന്നതു കാണുകയും എത്രയോ ശക്തമായ കരം കൊണ്ട് കർത്താവ് ഈജിപ്തുകാർക്കെതിരായി പ്രവർത്തിച്ചു എന്നു മനസ്സിലാക്കിക്കൊണ്ട് കർത്താവിലും അവന്റെ ദാസനായ മൂശയിലും വിശ്വസിക്കുകയും84 ചെയ്തിട്ടില്ലാത്ത ഒരുവന് ഈ വ്വി. ലിഖിതം ഉരംക്കൊള്ളുന്ന അവികലവും യോഗാത്മകവുമായ ഗീതത്തിലും ആ മണവാട്ടിയുടെ പൂർണതയിലും എത്തിച്ചേരാൻ സാധിക്കുകയില്ലെന്നു ഞാൻ കരുതുന്നു. മോശയിൽ, അതായത് —നിയമത്തിലും സുവിശേഷത്തിലും എല്ലാ ദിവ്യലിഖിതങ്ങളിലും വിശ്വസിക്കുക ആവശ്യമാണ്. അപ്പോരം ഇങ്ങനെ പാടിപ്പറയാൻ അവനു ന്യായമുണ്ടായിരിക്കും: 'നമുക്കു കർത്താവായ ദൈവത്തെ സ്തുതിച്ചു പാടാം. എന്തെന്നാൽ അവിടുന്നു മഹത്വപൂർണമായ വിജയം നേടിയിരിക്കുന്നു.'

ഏതായാലും, ഈജിപ്തുകാരുടെ അടിമത്തത്തിൽനിന്നു മോചനം നേടിയതിനുശേഷമല്ലാതെ ആരും ഈ ഗീതം ആലപിക്കുകയില്ല. ആ ഘട്ടങ്ങളെല്ലാം പിന്നിട്ട് 'പുറപ്പാടി'ലും 'ലേവ്യ'രിലും പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളിലൂടെ സഞ്ചരിച്ച്, ദിവ്യമായ 'സംഖ്യകളി'ൽ പ്രവേശനം നേടിക്കഴിയുമ്പോരം അവൻ മറെറാരു (രണ്ടാമത്തെ) പാട്ടു പാടും. സാരേദ്—വിചിത്രമായ അവരോഹണം എന്നാണ് ആ പദത്തിനർത്ഥം—താഴ്വര



പിന്നിട്ട് അവൻ സുപ്രധാനമായ ആ കിണറിന്റെ സമീപത്ത് അപ്പോഴേക്കും എത്തിയിരിക്കും. ആ കിണറിനെക്കുറിച്ച് ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. 'കർത്താവ് മൂശയോട് പറഞ്ഞു, ജനങ്ങളെ വിളിച്ചുകൂട്ടുക. അവർക്കു കുടിക്കാനുള്ള വെള്ളം ഈ കിണററിൽനിന്നു ഞാൻ നല്കും.' അവിടെവച്ച് അവർ ഇങ്ങനെ പാടും: 'ഈ കിണർ കർത്താവിനു സമർപ്പിക്കുക. പ്രഭുക്കന്മാർ ഇതു കുഴിപ്പിച്ചു. പുറജാതികളുടെ രാജാക്കന്മാർ ഇവിടെ ഭരിച്ചിരുന്ന കാലത്ത് അവർ വെട്ടിച്ച് ആകൃതിവരുത്തിയ കിണർ'85 സംഖ്യാപുസ്തകത്തെക്കുറിച്ചു പ്രതിപാദിച്ച ഘട്ടത്തിൽ ദൈവം അനുവദിച്ചതനുസരിച്ച് എന്റെ കഴിവുപോലെ ഞാൻ ഇക്കാര്യം കൂടുതൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. 86 അതിനാൽ ഇനി പ്രഭുക്കന്മാർ കുഴിക്കുകയും രാജാക്കന്മാർ രൂപംകൊടുക്കുകയും ചെയ്ത ആ കിണററിങ്കലേക്കു നമുക്കു നീങ്ങാം. അതിനെ സംബന്ധിച്ച പണികളൊന്നും സാധാരണ പണിക്കാർ ചെയ്യുന്നതല്ല. അതിന്റെ അടിത്തട്ടുവരെ ജീവജലം നിറഞ്ഞിരിക്കുന്നു.

ഈ ഗാനത്തിനുശേഷം ആവർത്തനപ്പുസ്തകത്തിലുള്ള ആ ഗാനത്തിങ്കൽ നാം എത്തിച്ചേരുന്നു. അതിനെക്കുറിച്ചു കർത്താവു പറയുന്നു: 'ഈ ഗാനം എഴുതിയെടുത്ത് ഇസ്രായേൽ ജനത്തെ പഠിപ്പിക്കുക. അവർക്കെതിരെ സാക്ഷ്യമായിരിക്കേണ്ടതിന് ഇതു് അവരുടെ അധരത്തിൽ നിക്ഷേപിക്കുക.' അതു് എത്ര മഹത്തായ ഒരു ഗാനമാണെന്നും ഏതു സമ്പ്രദായത്തിലുള്ളതാണെന്നും ശ്രദ്ധിക്കുക. അതു് ഈ ലോകത്തിൽമാത്രം പാടുവാനുള്ളതല്ല; സ്വർഗവും അതു ശ്രവിക്കാൻ ആഹ്വാനം ചെയ്യപ്പെടുന്നു. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'ആകാശങ്ങളേ, ചെവിക്കൊരംക, ഞാൻ സംസാരിക്കുന്നു. ഭൂമി എന്റെ വാക്കുകരം ശ്രവിക്കട്ടെ.' എത്ര വലുതും സുപ്രധാനവുമായ കാര്യങ്ങളാണ് പറയപ്പെടുന്നത് എന്നു നിരീക്ഷിക്കുക; 'എന്റെ വാക്കുകരം മഴത്തുള്ളിപോലെ പതിക്കട്ടെ; ഹിമകണങ്ങരംപോലെ പൊഴിയട്ടെ. അവ ഇളം പുല്ലിന്മേൽ മൃദുലമായ മഴപോലെയും സസ്യങ്ങളുടെമേൽ വർഷധാരപോലെയും ആകട്ടെ. കർത്താവിന്റെ നാമം ഞാൻ പ്രഘോഷിക്കുന്നു' ഇത്യാദി. 87

നാലാമത്തെ ഗീതം ന്യായാധിപന്മാരുടെ പുസ്തകത്തിലുള്ളതാകുന്നു. അതിനെക്കുറിച്ചു വി. ഗ്രന്ഥം പറയുന്നു: 'അന്നു ദെബോറായും അബീനോമിന്റെ പുത്രൻ ബാരാക്കും ഇങ്ങനെ പാടി: 'നേതാക്കന്മാർ ഇസ്രായേലിനെ നയിച്ചതിനും ജനം സന്തോഷത്തോടെ തങ്ങളെത്തന്നെ സമർപ്പിച്ചതിനും കർത്താവിനെ വാഴ്ത്തുവിൻ. രാജാക്കന്മാരേ, കേരംക്കുവിൻ. പ്രഭു

www.malankaralibrary.com



ക്കന്മാരേ ശ്രദ്ധിക്കുവിൻ' ഇത്യാദി. 88 ഈ വചനങ്ങൾ ആലപിക്കുന്നവൻ സ്വയം ഒരു തേനീച്ചയായിരിക്കണം. രാജാക്കന്മാർക്കും സാധാരണ ജനങ്ങൾക്കും ഒരുപോലെ ആരോഗ്യകരമായിട്ടുള്ളതാണ് അവൻെറ പ്രയത്നം. എന്തെന്നാൽ ദെബോറാ എന്ന വാക്കിൻെറ അർത്ഥം തേനീച്ച എന്നത്രേ. ഈ പാട്ടു പാടുന്നതു ദെബോറയാണ്. അവളോടൊപ്പം ബാറാക്കും പാടുന്നുണ്ട് (ബാറാക് എന്ന വാക്കിനർത്ഥം മിന്നൽ). ഒരു വിജയത്തിനു ശേഷം ആലപിക്കപ്പെടുന്നതാണീഗാനം. തൻെറ വൈരികളെ കീഴ്പ്പെടുത്താത്ത ഒരുത്തനും പരിപൂർണതയുടെ കാര്യങ്ങളെക്കുറിച്ചു പാടുവാൻ സാധിക്കുകയില്ല. ആ ഗീതത്തിൽ ഇങ്ങനെ പറയപ്പെടുന്നു: 'ഉണരൂ, ദെബോറാ ഉണരൂ, ഗാനമാലപിക്കു, ആയിരക്കണക്കായ ജനങ്ങളെ ഉണർത്തുക. ഉണരുക, ഒരു പാട്ടു പാടുക. ഓ, ബാറാക് ഉണരൂ. 89 ഈ കാര്യങ്ങളെക്കുറിച്ചുള്ള കൂടുതലായ ചർച്ച, ന്യായാധിപന്മാരുടെ പുസ്തകത്തെക്കുറിച്ചു ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചെറിയ പുസ്തകത്തിലുണ്ട്. 90

ഇവയ്ക്കുശേഷം, അഞ്ചാമത്തെ ഗാനം രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ ഉള്ളതത്രേ. അവിടെ നാം കാണുന്നു: 'കർത്താവ് ദാവീദിനെ സകല ശത്രുക്കളിൽ നിന്നും സാവൂളിൽനിന്നും രക്ഷിച്ച ദിവസം ദാവീദ് അവിടുത്തേയ്ക്കു ഈ കീർത്തനം ആലപിച്ചു. 'കർത്താവല്ലോ ഉന്നതശിലയും ദുർഗവും എൻെറ വിമോചകനും എൻെറ ദൈവവും. എൻെറ അഭയകേന്ദ്രവും രക്ഷകനും അവിടുന്നാണ്91 ഇത്യാദി. രാജാക്കന്മാരുടെ ഒന്നും രണ്ടും പുസ്തകങ്ങളിൽ വിവരിക്കപ്പെടുന്നതുപോലെ, ദാവീദ് തോല്പിച്ചു തകർത്തുകളഞ്ഞ ഈ ശത്രുക്കൾ ആരാണെന്നും കർത്താവിൻെറ അവ്വിധത്തിലുള്ള സഹായം സ്വീകരിക്കുന്നതിനും ശത്രുക്കളിൽനിന്ന് അവ്വിധം രക്ഷിക്കപ്പെടുന്നതിനും അദ്ദേഹം യോഗ്യനായതെങ്ങനെയെന്നും മനസ്സിലാക്കുന്നതിനും ചിന്തിക്കുന്നതിനും കഴിയുമെങ്കിൽ ഈ അഞ്ചാമത്തെ ഗീതം ആലപിക്കാൻ നിങ്ങളും പ്രാപ്തരായിത്തീരും.

ആറാമത്തെ ഗീതം ദിനവൃത്താന്തം ഒന്നാം പുസ്തകത്തിൽ ഉള്ളതാകുന്നു. ആസാഫിനെയും സഹോദരന്മാരെയും കർത്താവിന് സ്തോത്രങ്ങൾ പാടാൻ ദാവീദ് ഏർപ്പെടുത്തിയതാണു സന്ദർഭം. ആ ഗീതം ഇങ്ങനെ ആരംഭിക്കുന്നു. 'ജനങ്ങളേ, നിങ്ങൾ കർത്താവിനെ സ്തുതിക്കുക. അവിടുത്തെ മഹത്വം ഏററുപറയുക. അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുക. അവിടുത്തെ തിരുവിഷ്ടം എല്ലാ ജനങ്ങളെയും അറിയിക്കുക. അവിടുത്തെ സ്തുതിച്ചു പാടുക. അവിടുത്തെ സ്തോത്രഗീതങ്ങൾ ആലപിക്കുക. കർത്താവു ചെയ്ത അത്ഭുതകരങ്ങളായ എല്ലാ കാര്യങ്ങളും വർണിച്ചു പറയുക.'92



രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിലുള്ള ഗീതം പതിനേഴാം സങ്കീർത്തനത്തോടു വളരെ സാമ്യമുള്ളതാണെന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. ദിനവൃത്താന്തം ഒന്നാം പുസ്തകത്തിലെ ഗീതത്തിൻെറ ആദ്യഭാഗം, 'എൻെറ പ്രവാചകന്മാരോട് ഒരു തിന്മയും പ്രവർത്തിക്കരുത്'' എന്നു പറയുന്നിടംവരെ 104–ാം സങ്കീർത്തനത്തിനു സദൃശമായിരിക്കുന്നു. അതിൻെറ ഉത്തരാർദ്ധത്തിന് 'ഭൂമി മുഴുവനുമേ കർത്താവിനെ സ്തുതിക്കുക' എന്നതു മുതൽ 'എന്തെന്നാൽ അവിടുന്നു ഭൂമിയെ വിധിക്കാൻ വരുന്നു' എന്നു പറയുന്നിടംവരെയുള്ള ഭാഗത്തിന് 95–ാം സങ്കീർത്തനത്തിൻെറ പ്രാരംഭ പദ്യങ്ങളോടും പ്രകടമായ സാമ്യമുണ്ട്.

ഗീതങ്ങളുടെ ഈ പട്ടിക പൂർത്തിയാക്കണമെങ്കിൽ 'ഉത്തമഗീതത്തിന്'' ഏഴാമത്തെ സ്ഥാനം കൊടുക്കണമെന്നു വ്യക്തമാകുന്നു. എന്നാൽ ഏശയ്യായുടെ ഗീതം മററു ഗീതങ്ങൾക്കൊപ്പം എണ്ണപ്പെടണമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതിനെയും പട്ടികയിൽപ്പെടുത്താം. ഏശയ്യായുടെ ഗീതം എഴുതപ്പെട്ടതു പിന്നെയും വളരെക്കാലം കഴിഞ്ഞിട്ടാണ്. ഏശയ്യായുടെ ഗീതം കൂടെ ഉൾപ്പെടുത്തി കണക്കാക്കിയാലും സോളമൻെറ ഗീതംതന്നെ ഉത്തമഗീതം. മുമ്പെഴുതപ്പെട്ടവയെയും പിൻപ് എഴുതപ്പെട്ടവയെയും അതു മാഹാത്മ്യത്തിൽ അതിവർത്തിക്കുന്നു. സങ്കീർത്തനങ്ങളിൽനിന്ന് ഗീതങ്ങളായി കണക്കാക്കാവുന്നവയെക്കൂടെ വേർതിരിച്ച് ഗീതങ്ങളുടെ പട്ടികയിൽ ചേർക്കണമെന്ന് ആരെങ്കിലും അഭിപ്രായപ്പെടുകയാണെങ്കിൽ, ഉത്തമഗീതത്തെക്കാൾ കാലപ്പഴക്കമുള്ള കുറെയേറെ ഗീതങ്ങൾ ലഭിക്കും. ക്രമികഗീതങ്ങൾ എന്നു വിളിക്കപ്പെടുന്ന 119 മുതൽ133 വരെയുള്ള 15 സങ്കീർത്തനങ്ങൾ ഇക്കൂട്ടത്തിൽപ്പെടുന്നവയാണ്. ഓരോ ഗീതത്തിൻെറയും നന്മ വെവ്വേറെ വിലയിരുത്തിക്കൊണ്ട് ആത്മാവിൻെറ പുരോഗതിയുടെ വിവിധഘട്ടങ്ങൾ മനസ്സിലാക്കുകയും ആദ്ധ്യാത്മികമായ ധാരണയോടുകൂടി കാര്യങ്ങളുടെ ക്രമവും പൗർവ്വാപര്യവും ഒരുമിച്ചു ചേർക്കുകയും ചെയ്യുന്ന ഒരാൾക്ക്, എത്ര രാജകീയമായ ചുവടുവയ്പുകളോടുകൂടിയാണു വധു തൻെറ മണവാളൻെറ മണവറയിലെത്തിച്ചേരുന്നതെന്നു കാണിക്കാൻ കഴിയും. 'അവൾ ആശ്ചര്യകരമായ കൂടാരസ്ഥലത്തേക്കു, ദൈവത്തിൻെറ ആലയത്തിലേയ്ക്കുതന്നെ കടക്കുന്നു; സന്തോഷത്തിൻെറയും സ്തുതിയുടെയും കണ്ഠനാദവുമായി,' ആഘോഷത്തിൻെറ ശബ്ദമേളവുമായി അങ്ങനെ നാം മുമ്പു പറഞ്ഞതുപോലെ അവൾ മണവാളൻ വസിക്കുന്ന മണവറയിലേയ്ക്കു വരുകയാണ്, 'ഉത്തമഗീതത്തിൽ' ഉള്ളടങ്ങിയിട്ടുള്ള കാര്യങ്ങൾ പറയുകയും കേൾക്കുകയും ചെയ്യുന്നതിനുവേണ്ടി.

'ഉത്തമഗീതത്തിൻെറ' ടെക്സ്റ്റിലേയ്ക്കു നേരിട്ടു വരുന്നതിനു മുമ്പായി നമുക്ക് ഒരു അന്വേഷണംകൂടെ നടത്തേണ്ടതായിട്ടുണ്ട്.

www.malankaralibrary.com



മുകളിൽ സൂചിപ്പിച്ച മൂന്നു പുസ്തകങ്ങളിൽ പരിശുദ്ധാത്മാവിന്റെ ഹിതമനുസരിച്ച് പ്രവർത്തിച്ചയാളാണ് സോളമൻ. സുഭാഷിതങ്ങളിൽ അദ്ദേഹം പറയുന്നു: 'ദാവീദിന്റെ പുത്രനും ഇസ്രായേൽ രാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ.' രണ്ടാമത്തെ പുസ്തകമായ സഭാപ്രസംഗകനിൽ അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്, 'ജെറുസലേമിൽ ഇസ്രായേലിന്റെ രാജാവും ദാവീദിന്റെ പുത്രനുമായ സഭാപ്രസംഗകന്റെ വാക്കുകൾ.' സോളമൻ എന്ന പേര് ഇവിടെ പ്രത്യക്ഷപ്പെടുന്നില്ല. രണ്ടാമത്തെ പുസ്തകത്തിൽ ആദ്യപുസ്തകത്തിൽ എന്നപോലെ ദാവീദിന്റെ പുത്രനെന്നും ഇസ്രായേലിന്റെ രാജാവെന്നും അദ്ദേഹം സ്വയം വിളിക്കുന്നുണ്ട്. പേരിനു പകരം സഭാപ്രസംഗകൻ എന്നു മാത്രം പറയുന്നു. സുഭാഷിതങ്ങൾ എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ വാക്കുകൾ എന്നു പറയുന്നു. എന്താണിതിനു കാരണം? ആദ്യത്തെ പുസ്തകത്തിൽ ഭരിച്ച രാജ്യത്തിന്റെ പേരുമാത്രം പറയുമ്പോൾ രണ്ടാമത്തേതിൽ രാജ്യത്തിന്റെയും തലസ്ഥാനനഗരത്തിന്റെയും പേരു പറയുന്നു. എന്നാൽ ഉത്തമഗീതത്തിൽ അദ്ദേഹം രാജ്യത്തിന്റെയോ രാജധാനിയുടെയോ പേരു പറയുന്നില്ല. താൻ രാജാവാണെന്നോ തന്റെ പിതാവു ദാവീദാണെന്നോ ഒന്നും പ്രസ്താവിക്കുന്നില്ല. 'സോളമന്റെ സ്വന്തമായ ഉത്തമഗീതം' എന്നു മാത്രം അദ്ദേഹം പറയുന്നു. ഈ ഗ്രന്ഥങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം എന്നു പരിശോധിക്കുന്നതിനും അവയ്ക്ക് എന്തെങ്കിലും വിശദീകരണം കണ്ടെത്തുന്നതിനും കണ്ടെത്തിയാൽത്തന്നെ പര്യാപ്തമായ വൈശദ്യത്തോടുകൂടി അവ എഴുതി പ്രകടിപ്പിക്കുന്നതിനും എനിക്കു വിഷമമുണ്ട്. എങ്കിലും എന്റെ ബുദ്ധിശക്തിയും വായനക്കാരുടെ ഗ്രഹണശക്തിയും അനുവദിക്കുന്നിടത്തോളം ഈ വകകാര്യങ്ങൾ ചുരുക്കമായി അനാവരണം ചെയ്യാൻ ഇവിടെ ശ്രമിക്കാം.

പല കാര്യങ്ങളിലും സോളമൻ ക്രിസ്തുവിന്റെ ഒരു പ്രതിരൂപമായിരുന്നു എന്നതിനു സംശയമില്ല. സമാധാനകരൻ എന്നതു കർത്താവിന്റെ വിശേഷണമാണല്ലോ. സോളമൻ എന്ന വാക്കിന്റെ അർത്ഥവും അതുതന്നെ. 'ദക്ഷിണദേശത്തിന്റെ റാണി സോളമന്റെ വിജ്ഞാനം ശ്രവിക്കാൻ ഭൂമിയുടെ അതിർത്തികളിൽനിന്നു വന്നെത്തി' എന്നതിലും സാമ്യം അടങ്ങിയിരിക്കുന്നു.[93] ക്രിസ്തുവും സോളമനെപ്പോലെ ദാവീദിന്റെ പുത്രനാണ്, ഇസ്രായേലിനെ ഭരിക്കുകയും ചെയ്യുന്നു. ക്രിസ്തു ഇസ്രായേലിനു പുറമേ മറ്റു രാജ്യങ്ങളുടെമേലും ഭരണം നടത്തുന്നു. അതുകൊണ്ടാണല്ലോ അവിടത്തെ രാജാക്കന്മാരുടെ രാജാവ് എന്നു വിളിക്കുന്നത്. 'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും .......തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് അവൻ ഒരു ദാസന്റെ രൂപം സ്വീകരിച്ചു.'[94] തന്റെ സഭയെ ഒരൊറ്റ ആട്ടിൻപറ്റമാക്കുന്നതിനുവേണ്ടി ഇങ്ങനെ സ്വയം ശൂന്യമാക്കിയ ക്രിസ്തു തന്നെയാണു യഥാർത്ഥ സഭാപ്രസംഗകൻ. സഭാപ്രസംഗകൻ എന്ന സ്ഥാനം ഒരാൾക്കു ലഭിക്കുന്നതു സഭാംഗങ്ങളെ സമ്മേളിപ്പിക്കുന്ന അയാളുടെ ചുമതലയെ ആസ്പദമാക്കിയാണ്. മാത്രമല്ല, 'ദൈവംതന്നെ നമുക്കു ജ്ഞാനവും നീതിയും സമാധാനവും ആക്കിയിരിക്കുന്ന'[95] നമ്മുടെ കർത്താവായ യേശുക്രിസ്തു അല്ലാതെ മറ്റാരാണ് യഥാർത്ഥ 'സോളമൻ'—സമാധാനകാരകൻ. സന്മാർഗപഠനത്തിൽ നമുക്ക് അടിസ്ഥാനം നൽകുന്ന തന്റെ ആദ്യഗ്രന്ഥമായ 'സുഭാഷിതങ്ങ'ളിൽ സോളമൻ 'ഇസ്രായേലിലെ രാജാവ്' എന്നു സ്വയം വിളിക്കുന്നു. ജെറുസലേമിലെ—സമാധാനനഗരത്തിലെ—രാജാവ് എന്നു വിളിക്കുന്നില്ല. കാരണം വിശ്വാസംമൂലമായി നമ്മെ ഇസ്രായേൽ എന്നു വിളിക്കാമെങ്കിലും സ്വർഗീയ ജെറുസലേമിൽ എത്തിച്ചേരാവുന്ന ഒരവസ്ഥയിൽ നാം ആയിക്കഴിഞ്ഞിട്ടില്ല. നാം കൂടുതൽ പുരോഗതി കൈവരിക്കുകയും 'സ്വർഗത്തിലുള്ള ആദ്യജാതരുടെ സഭ'യിൽ[96] പങ്കാളിത്തം നേടുകയും പഴയ പ്രാകൃതിക താത്പര്യങ്ങളിൽനിന്നു പൂർണമായി മോചനം പ്രാപിക്കുകയും സ്വർഗീയ ജെറുസലേമിനെ നമ്മുടെ ദിവ്യമാതാവായി തിരിച്ചറിയുകയും ചെയ്തു കഴിയുമ്പോൾ ക്രിസ്തു നമ്മുടെ പുരോഹിതനായിത്തീരുന്നു. ഇസ്രായേലിൽ മാത്രമല്ല ജറുസലേമിലും അവിടുന്നു ഭരിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. എല്ലാ വസ്തുക്കളുടെയും പൂർണത കൈവന്നു കഴിയുമ്പോൾ പൂർണത നേടിയ മണവാട്ടി—മറ്റു വാക്കുകളിൽ പറഞ്ഞാൽ പൂർണത നേടിയ സൃഷ്ടികളെല്ലാം—അവനോട് ഒന്നായിക്കഴിയുമ്പോൾ, അവൻ സോളമൻ (സമാധാനകാരകൻ) എന്നു മാത്രം വിളിക്കപ്പെടുന്നു. 'സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളും അവന്റെ രക്തത്തിലൂടെ അനുരഞ്ജിപ്പിക്കപ്പെട്ടതാണ് അതിനു കാരണം. അവൻ എല്ലാ അധികാരവും ഭരണവും ശക്തിയും നിർമാർജനം ചെയ്ത് രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോഴാണിതു സംഭവിക്കുന്നത്. സകല ശത്രുക്കളെയും തന്റെ പാദസേവകരാക്കുന്നതുവരെ, മരണമെന്ന അവസാനശത്രുവും നശിപ്പിക്കപ്പെടുന്നതുവരെ അവിടുന്നു വാഴേണ്ടിയിരിക്കുന്നു.'[97] എല്ലാ വസ്തുക്കളും ശാന്തമാക്കപ്പെടുകയും പിതാവിനു കീഴ്പ്പെടുകയും ചെയ്തുകഴിയുമ്പോൾ, ദൈവം എല്ലാററിലും എല്ലാം ആയിക്കഴിയുമ്പോൾ അവൻ സോളമൻ—സമാധാനകരൻ—എന്നല്ലാതെ മറ്റൊന്നും വിളിക്കപ്പെടുകയില്ല.

മുകളിൽപ്പറഞ്ഞ അതേ കാരണത്താൽ വരന്റെയും വധുവിന്റെയും പരസ്പര പ്രേമത്തെക്കുറിച്ച് എഴുതപ്പെടേണ്ടിയിരുന്ന ഈ കൊച്ചു പുസ്തകത്തിൽ 'ദാവീദിന്റെ പുത്രൻ' എന്നോ

www.malankaralibrary.com



'രാജാവ്' എന്നോ ഭൗതികമായ അർത്ഥസൂചനയുള്ള മറ്റേതെങ്കിലും പ്രയോഗമോ നാം കാണുന്നില്ല. അതു് ഉചിതവുമാകുന്നു. അതിനാൽ പൂർണത പ്രാപിച്ചവളായ വധുവിനു് തന്റെ മണവാളനെക്കുറിച്ചു് സകാരണം ഇങ്ങനെ പറയാം: 'ഒരിക്കൽ ഞങ്ങൾ മാനുഷികമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ വീക്ഷിച്ചിരുന്നെങ്കിലും ഇനിയൊരിക്കലും അങ്ങനെ ചെയ്യുകയില്ല.'[98] ശരീരത്തിന്റേതായിട്ടുള്ളതോ മാംസത്തോടു ബന്ധപ്പെട്ടതോ ആയ എന്തിനെയെങ്കിലും ആ മണവാട്ടി സ്നേഹിക്കുന്നു എന്നു് ആരും വിചാരിക്കാതിരിക്കട്ടെ. അവളുടെ സ്നേഹത്തെക്കുറിച്ചു് യാതൊരു കളങ്കവും ആരും വിചാരിക്കാതിരിക്കട്ടെ. അങ്ങനെ ഉത്തമഗീതം കേവലം സോളമന്റേതാണ്; അതു് ദാവീദിന്റെ മകന്റെയോ ഇസ്രായേലിന്റെ രാജാവിന്റെയോ വകയല്ല. മാംസപരമായ എന്തിന്റെയെങ്കിലും സൂചനപോലും അതിലില്ല. നമ്മുടെ കർത്താവും ദൈവവുമായിട്ടുള്ളവൻ എന്നും ഒരാൾ തന്നെയാണെന്നു മനസ്സിലാക്കിയിരിക്കെ, ആദ്യം സുഭാഷിതങ്ങളിൽ ഒരു പ്രാരംഭകനായും പിന്നെ സഭാപ്രസംഗകനിൽ വളരുന്ന ഒരുവനായും അവസാനം 'ഉത്തമഗീതത്തിൽ' കൂടുതൽ പൂർണതയുള്ളവനായും അവിടുത്തെക്കുറിച്ചു ഞാൻ പറയുമ്പോൾ വായനക്കാർ ആശ്ചര്യപ്പെടരുതു്. 'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' എന്നു് എഴുതപ്പെട്ടിരിക്കുന്നു.[99]

ഇക്കാര്യങ്ങളെല്ലാം കാരണമാണു് 'ദാവീദിന്റെ പുത്രൻ' എന്നോ 'ഇസ്രായേലിന്റെ രാജാവ്' എന്നോ എഴുതപ്പെട്ടിട്ടില്ലാത്തതു് എന്നു ഞാൻ കരുതുന്നു. ജറുസലേമിന്റെ രാജ്യത്തെക്കാൾ മഹത്തായ എന്തോ ഒന്നുള്ള ഘട്ടത്തിലേക്കു് ഉത്തമഗീതത്തിൽ മണവാട്ടി പുരോഗമിച്ചിരുന്നു എന്ന കാരണംകൂടെ ഉണ്ടായിരിക്കണം. ഒരു സ്വർഗീയ ജറുസലേം ഉള്ള കാര്യവും വിശ്വാസികൾ അവിടേയ്ക്കു വരുന്ന കാര്യവും അപ്പസ്തോലൻ പറയുന്നുണ്ടു്. ആരുടെ പക്കലേയ്ക്കാണോ വധു തിടുക്കപ്പെട്ടു പോകുന്നതു് ആ മണവാളനെ അതേ പൗലോസ് അപ്പസ്തോലൻ ഉന്നത പുരോഹിതൻ എന്നു വിളിക്കുകയും ചെയ്യുന്നുണ്ടു്. സ്വർഗത്തിൽ ആയിരിക്കുന്നവനായിട്ടല്ല, സ്വർഗത്തിലേയ്ക്കും അതിനപ്പുറത്തേയ്ക്കും കടന്നുപോകുന്നവനായിട്ടാണു് അദ്ദേഹം അവിടുത്തെക്കുറിച്ചു് എഴുതുന്നതു്. പരിപൂർണത നേടിയ മണവാട്ടി ആ സ്ഥലത്തേക്കു് അവിടുത്തെ അനുഗമിക്കുന്നു. മണവാളനോടു പറ്റിച്ചേർന്നു് ഒന്നായിത്തീർന്നുകൊണ്ടാണു് അവൾ ഈ ആരോഹണം നിർവഹിക്കുന്നതു്. അവൾ അവിടുത്തോടു ചേർന്നു് ഒറ്റ ആത്മാവായിത്തീർന്നിരിക്കയാണല്ലോ.



താൻ പറഞ്ഞ കാര്യങ്ങൾ ഗ്രഹിക്കാൻ ആദ്യം കഴിയാതിരുന്ന പത്രോസിനോടു് അവിടുന്നു് ഇങ്ങനെ പറഞ്ഞതിനു കാരണവും ഇതുതന്നെയായിരുന്നു എന്നാണു് എനിക്കു തോന്നുന്നതു്: 'ഞാൻ പോകുന്നിടത്തേയ്ക്കു വരാൻ ഇപ്പോൾ നിനക്കു കഴിയുകയില്ല. എന്നാൽ പിന്നീടു് നീ എന്നെ അനുഗമിക്കും.'[100] ഇസ്രായേലിനേക്കാളും ശ്രേഷ്ഠമായ ഒന്നു് ഉണ്ടായിരിക്കാമെന്നു് സംഖ്യാപുസ്തകത്തിൽ നിന്നു നാം മനസ്സിലാക്കുന്നു. അപ്പുസ്തകത്തിൽ ഇസ്രായേൽജനങ്ങൾ എണ്ണപ്പെടുകയും ഒരു നിശ്ചിതസംഖ്യയിൽ എന്നപോലെ പന്ത്രണ്ടു ഗോത്രങ്ങളിലായി ഗണിക്കപ്പെടുകയും ചെയ്യുന്നുണ്ടു്. എന്നാൽ ലേവിയുടെ ഗോത്രക്കാർ മറ്റുള്ളവരെക്കാൾ ഔന്നത്യമുള്ളവരാകയാൽ ഇവയ്ക്കു പുറമെയാണു് എണ്ണപ്പെട്ടിരിക്കുന്നതു്. ഇസ്രായേലിന്റെ സംഖ്യയിൽപ്പെട്ടവരായി അവരെക്കുറിച്ചു വിചാരിക്കുന്നില്ല. ഗ്രന്ഥകാരൻ പറയുന്നു: 'ഇസ്രായേൽ മക്കൾ അവരുടെ ഗോത്രക്രമമനുസരിച്ചു് എണ്ണപ്പെട്ട കണക്കെടുപ്പിന്റെ ഫലമാണിതു്. ഗണമനുസരിച്ചു കണക്കെടുക്കപ്പെട്ട ആളുകൾ ആകെ ആറുലക്ഷത്തിമൂവായിരത്തി അഞ്ഞൂറ്റമ്പതു്. കർത്താവു് മോശയോടു കല്പിച്ചതനുസരിച്ചു് ഇസ്രായേൽജനത്തിന്റെകൂടെ ലേവ്യരെ എണ്ണിയില്ല.[101]

ശ്രദ്ധിക്കേണ്ട വേറൊരുകാര്യം, പുരോഹിതന്മാർ ലേവായക്കാരെക്കാൾ കൂടുതൽ ഉന്നതരായി വിവരിക്കപ്പെടുന്നു എന്നതാണു്. അതേ ഗ്രന്ഥത്തിൽ ഇങ്ങിനെ പറയപ്പെട്ടിരിക്കുന്നു: 'കർത്താവു് മോശയോടു് അരുൾചെയ്തു. ലേവിഗോത്രത്തെ കൊണ്ടുവന്നു് അഹറോന്റെ ശുശ്രൂഷയ്ക്കു് നിയോഗിക്കുക.'[102] ഗ്രന്ഥകാരൻ ലേവായരെ ഇസ്രായേൽമക്കളെക്കാൾ കൂടുതൽ ശ്രേഷ്ഠരായി അവതരിപ്പിക്കുകയും പുരോഹിതന്മാരെ ലേവായക്കാരെക്കാൾ ഉന്നതന്മാരായി പ്രതിപാദിക്കുകയും ചെയ്യുന്നതു് ഇവിടെയും നിങ്ങൾ കാണുന്നില്ലേ?.

ഇക്കാര്യങ്ങളെല്ലാം ഇത്ര ശ്രദ്ധാപൂർവമായും വിശദമായും ഇവിടെ പ്രതിപാദിച്ചതിനു് ഒരു പ്രത്യേകകാരണമുണ്ടു്. അതതു ഘട്ടത്തിൽ അനുഭവപ്പെട്ട ആവശ്യമനുസരിച്ചു് സുഭാഷിതങ്ങളിൽ ഒരു കാര്യവും സഭാപ്രസംഗകനിൽ മറ്റൊരുകാര്യവും ഉത്തമഗീതത്തിൽ വേറെ ഒരു കാര്യവും പ്രാധാന്യം കൊടുത്തു വകതിരിച്ചു പ്രതിപാദിച്ചതു് എന്തുകൊണ്ടെന്നു വിശദമാക്കുക. പുസ്തകങ്ങളുടെ പേരുകൾതന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ടു്. പൂർണത വ്യക്തമാക്കപ്പെട്ടിട്ടുള്ള ഉത്തമഗീതത്തിൽ ഗ്രന്ഥകാരൻ ദാവീദിന്റെ പുത്രനെന്നോ രാജാവെന്നോ സ്വയം വിവരിക്കുന്നില്ല എന്ന വസ്തുത മറ്റൊരു കാര്യംകൂടെ പറയാൻ നമുക്കു പ്രാപ്തി നൽകുന്നു. അതിതാണു്: ഭൃത്യൻ യജമാനനെപ്പോലെയും ശിഷ്യൻ ഗുരു-

www.malankaralibrary.com



വിനെപ്പോലെയും ആക്കപ്പെട്ടിരിക്കുന്നതിനാൽ[103] ഭൃത്യൻ ഭൃത്യനെന്ന അവസ്ഥയിൽ ഇപ്പോൾ നിലവിലില്ല. അവൻ യജമാനനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. ശിഷ്യൻ ഗുരുവിനെപ്പോലെ ആക്കപ്പെട്ടിരിക്കുന്നതിനാൽ ശിഷ്യൻ ശിഷ്യൻ എന്ന നിലയിലും പ്രത്യക്ഷപ്പെടുന്നില്ല. ഒരിക്കൽ ശിഷ്യനായിരുന്നവൻ ഇപ്പോൾ ഗുരുവിനെപ്പോലെയും ഒരിക്കൽ ഭൃത്യനായിരുന്നവൻ ഇപ്പോൾ യജമാനനെപ്പോലെയും ആണ്. 'രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കപ്പെടുമ്പോൾ'[104] രാജാവിനെയും രാജാവിന്റെ ഭരണീയരെയും സംബന്ധിച്ചും ഇതേ ചിന്താപദ്ധതി പ്രയോഗിക്കാവുന്നതാണ്.

ചിലയാളുകൾ ഈ ചെറിയ ഗ്രന്ഥത്തിന്റെ പേര് ഉത്തമഗീതങ്ങൾ എന്നെഴുതുന്നത് നമുക്ക് അവഗണിക്കാൻ സാദ്ധ്യമല്ല. ആ പ്രയോഗം ശരിയല്ല. പേര് ഏകവചനമായി ഉത്തമഗീതം എന്നുതന്നെയാണു പറയേണ്ടത്, ബഹുവചനമായിട്ടല്ല.

ആമുഖമായി ഗ്രന്ഥനാമത്തെക്കുറിച്ച് ഇത്രയും പരാമർശങ്ങൾ മതി എന്നുവയ്ക്കാം. അടുത്തതായി ദൈവകൃപയാൽ ഇക്കൃതിയുടെ ആരംഭത്തെക്കുറിച്ചുതന്നെ നമുക്കു പരിഗണിക്കാം. എങ്കിലും ഒരു കാര്യവും വിട്ടുകളയാൻ പാടില്ലല്ലോ. ഗ്രന്ഥനാമത്തെക്കുറിച്ച് അന്വേഷണം അർഹിക്കുന്നതായി ഒരു കാര്യംകൂടെയുണ്ട്, ചിലരുടെ അഭിപ്രായത്തിൽ. 'സോളമന്റേതു മാത്രമായ ഈ 'ഉത്തമഗീതം' അവരുടെ വീക്ഷണത്തിൽ സോളമന്റെ ഗീതങ്ങളുടെയിടയിലെ ഉത്തമഗീതമാകുന്നു. തന്റെ അനേകം ഗീതങ്ങളിൽ നിന്ന് അദ്ദേഹം തന്നെ ഈ ഗീതത്തെ പ്രധാനമായി മാററിനിർത്തി എന്നു തോന്നും. ഇത്തരം ഒരു വ്യാഖ്യാനം നമുക്ക് എങ്ങനെ സ്വീകരിക്കാൻ കഴിയും? ഒന്നാമതായി ദൈവത്തിന്റെ സഭ നമ്മുടെ പാരായണത്തിനായി സോളമന്റെ മറേറതെങ്കിലും ഗീതം അംഗീകരിച്ചിട്ടില്ല. രണ്ടാമതായി മറെറാരു കാര്യം: ഹെബ്രായക്കാർ വഴിയാണല്ലോ ദൈവവചനം നമുക്കു കൈമാറിക്കിട്ടിയത്. അവർ അവരുടെ വേദപുസ്തക സഞ്ചയത്തിൽ നാം മുമ്പു പറഞ്ഞതും ക്രൈസ്തവസഭ അംഗീകരിച്ചിട്ടുള്ളതുമായ ആ മൂന്നു പുസ്തകങ്ങളല്ലാതെ സോളമന്റേതായി മറെറാരു പുസ്തകവുമില്ല. മുകളിൽപ്പറഞ്ഞ വാദമുഖം ഉന്നയിക്കുന്നവർ അവരുടെ നിലപാടിനുപോദ്ബലകമായി, രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിലുള്ള, സോളമന്റെ ഗീതങ്ങൾ അനേകങ്ങളായിരുന്നു എന്ന പ്രസ്താവം എടുത്തുകാട്ടുന്നു. ആ ഗ്രന്ഥത്തിലെ നിർദ്ദിഷ്ട ഭാഗം ഇതാണ്: 'ദൈവം സോളമന് അളവററ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു. പൗരസ്ത്യദേശത്തെയും ഈജിപ്ററിലെയും ജ്ഞാനികളെ അതിശയിക്കുന്നതായിരുന്നു സോളമന്റെ ജ്ഞാനം.



എസ്രാഹ്യനായ ഏഥാൻ, മാഹോലിന്റെ പുത്രന്മാരായ ഹേമാൻ, കൽക്കോൽ, ദാർദാ തുടങ്ങി എല്ലാവരെയുംകാൾ ജ്ഞാനിയായിരുന്നു അവൻ. അവൻ മൂവായിരം സുഭാഷിതങ്ങളും ആയ്യായിരം ഗീതങ്ങളും രചിച്ചു.'[105] അതിനാൽ അക്കൂട്ടർ, നാം പ്രതിപാദിക്കുന്ന ഈ ഗീതം പ്രസ്തുത ആയ്യായിരം ഗീതങ്ങളിലൊന്നായി പരിഗണിക്കുന്നു. എന്നാൽ ആ ഗീതങ്ങൾ എപ്പോൾ എവിടെ ആലപിക്കപ്പെട്ടു എന്നതിനെക്കുറിച്ച് ദൈവത്തിന്റെ സഭകൾക്ക് ഒരനുഭവവുമില്ല, അവയെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള അറിവുമില്ല.

വി. ലിഖിതങ്ങളിൽ പരാമൃഷ്ടങ്ങളും നമുക്കു വായിക്കത്തക്കവിധം ഒരു ഭാഗവും ലഭിച്ചിട്ടില്ലാത്തതുമായ പുസ്തകങ്ങൾ എത്രയുണ്ട് എന്നതിനെക്കുറിച്ച് ഒരന്വേഷണം നടത്തുന്നത് നമ്മുടെ പ്രതിപാദ്യവിഷയത്തെ സംബന്ധിച്ചിടത്തോളം അതിക്ലേശകരവും അപ്രസക്തവുമായിരിക്കും. യഹൂദന്മാർ അത്തരം ഗ്രന്ഥഭാഗങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നതായും നാം കാണുന്നില്ല. ഒന്നുകിൽ, മാനുഷികധാരണാതീതമായ ഭാഗങ്ങൾ ഉൾക്കൊണ്ടിരുന്നതുകൊണ്ട് പരിശുദ്ധാത്മാവ് അവയെ നമ്മുടെ മദ്ധ്യത്തിൽനിന്നു നീക്കിക്കളഞ്ഞു. അല്ലെങ്കിൽ ദൂഷിച്ചതും യഥാർത്ഥവിശ്വാസത്തിനു വിരുദ്ധവുമായ ചില ഭാഗങ്ങൾ അവയിൽ കണ്ടതുകൊണ്ട്, പ്രാമാണികങ്ങളായ വി. ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ അവയ്ക്കു സ്ഥാനം നൽകുന്നതു യുക്തമല്ലെന്നു നമ്മുടെ പൂർവ്വികന്മാർ തീരുമാനിച്ചു.

ഇത്തരം കാര്യങ്ങളെക്കുറിച്ചു വിധി പ്രസ്താവിക്കുക നമ്മുടെ കഴിവിന് അപ്പുറമാകുന്നു. എന്നാൽ കാനോനികമായി നാം കരുതുന്ന വേദപുസ്തകഭാഗങ്ങളിലെങ്ങും കാണാത്തതും അപ്പോക്രിഫൽ ലിഖിതങ്ങളിൽ കാണുന്നതുമായ പല കാര്യങ്ങളും ശ്ലീഹന്മാരും സുവിശേഷകരും കടമെടുക്കുകയും പുതിയനിയമത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമത്രേ. അപ്പോക്രിഫൽ ലിഖിതങ്ങൾക്ക് ഈ രീതിയിൽ ഒരു സ്ഥാനം നൽകേണ്ടതുണ്ടെന്നല്ല ഇവിടെ പറയുന്നത്: 'പിതാക്കന്മാർ പണ്ടേ നിശ്ചയിച്ചിട്ടുള്ള അതിരുകൾ നാം അതിലംഘിക്കരുത്.'[106] അപ്പോസ്തലന്മാരും സുവിശേഷകന്മാരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി, പ്രസ്തുത ലിഖിതങ്ങളിൽനിന്നു സ്വീകരിക്കേണ്ടവയും സ്വീകരിക്കരുതാത്തവയും വിവേചിച്ചറിഞ്ഞിരുന്നു എന്നു വരാം. എന്നാൽ അത്ര അധികമായി പരിശുദ്ധാത്മാവിന്റെ ദാനം ലഭിച്ചിട്ടില്ലാത്തവരായ നാം അത്തരം ഒരു തെരഞ്ഞെടുപ്പു സാഹസത്തിനു പുറപ്പെടുന്നത് അപകടകരമായിരിക്കും.

www.malankaralibrary.com



അതിനാൽ നമ്മുടെ മുമ്പിലുള്ള പുസ്തകത്തെ സംബന്ധിച്ചെടത്തോളം മുകളിൽ വിവരിച്ച പ്രസ്താവം ഓർമയിൽ വയ്ക്കാം, 'സോളമന്റെ സ്വന്തമായ ഉത്തമഗീതം' എന്ന് എഴുത്തുകാരൻ തന്നെ വ്യക്തമായി വകതിരിച്ച് പറഞ്ഞിട്ടുള്ളതുകൊണ്ടു പ്രത്യേകിച്ചും. തന്റെ പാട്ടുകളിൽ ഉത്തമമായത് എന്ന നിലയിൽ നാം ഇതു മനസ്സിലാക്കണം എന്ന് സോളമന് ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ അദ്ദേഹം അതിനെക്കുറിച്ച് 'സോളമന്റെ ഗീതങ്ങളിൽ ഉത്തമമായ ഗീതം' എന്നു പറയുമായിരുന്നു, അല്ലെങ്കിൽ സോളമന്റെ ഗീതങ്ങളിൽ ഒന്ന് എന്ന്, 'സോളമന്റേതായ' എന്ന പ്രസ്താവം നമ്മുടെ കൈയിൽ ഇപ്പോൾ ഉള്ളതും സോളമൻ പാടാൻ ആരംഭിച്ചതുമായ ആ ഗീതം സോളമന്റേതാണെന്നു വ്യക്തമാക്കുന്നു. അതിനാൽ അദ്ദേഹം കൊടുത്ത നാമധേയംതന്നെ അതിനിരിക്കട്ടെ.

അടുത്തതായി മററു ചില കാര്യങ്ങൾ നമുക്കു പരിഗണിക്കാം.

# പുസ്തകം ഒന്ന്

## (ഗീതം 1, 2–4: വൾഗേററ് 1:1–3)

### I

'അവന്റെ അധരം എന്നെ ചുംബനങ്ങൾകൊണ്ടു പൊതിയട്ടെ' (1.2a–Vg. 1.3a)

വിവാഹഗാനത്തിന്റെ സാദൃശ്യത്തിലുള്ള ഈ ചെറുപുസ്തകം നാടക രൂപത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത് എന്ന വസ്തുത ആമുഖത്തിൽ ചൂണ്ടിക്കാണിച്ചതു് അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. കഥാപാത്രങ്ങൾ രംഗത്തുവന്നു സംസാരിക്കുന്ന രൂപത്തിലുള്ളതാണു നാടകം എന്നും നാം പറഞ്ഞു. ഓരോരോ സന്ദർഭങ്ങളിൽ കുറേ കഥാപാത്രങ്ങൾ രംഗത്തു വരുന്നു, ചിലർ പോകുന്നു, അങ്ങിനെ കഥാപാത്രങ്ങൾ തമ്മിലുള്ള ഇടപെടലുകളിൽനിന്നു നാടകം രൂപംകൊള്ളുന്നു. ഇപ്പുസ്തകവും ആദ്യന്തം അത്തരത്തിലുള്ളതാണ്. ആ രീതിയിൽ വായിക്കുമ്പോൾ സംഭവങ്ങളുടെ ഒരു പരമ്പര നമുക്കു ലഭിക്കുന്നു. അതിന്റെ ആദ്ധ്യാത്മികമായ അർത്ഥവിശദീകരണം ആമുഖത്തിൽ ചൂണ്ടിക്കാണിച്ച തരത്തിലുള്ളതാണ്. വധു, വരൻ എന്നുള്ള സ്ഥാനപ്പേരുകൾ സഭയും ദൈവവുമായിട്ടുള്ള അഥവാ മനുഷ്യാത്മാവിനു് 'ദൈവവചന'വുമായിട്ടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

വെറും ഒരു കഥയെന്ന നിലയിൽ അതു നാം വായിക്കുമ്പോൾ ഒരു മണവാട്ടി രംഗത്തുവരുന്നതു നാം കാണുന്നു. തന്റെ മനസ്സമ്മതസന്ദർഭത്തിലും ഏററവും ശ്രേഷ്ഠനായ മണവാളനിൽനിന്നു സ്ത്രീധനം എന്ന നിലയിലും ലഭിച്ച ഏററവും യോഗ്യമായ ഉപഹാരങ്ങളുമായിട്ടാണ് അവൾ വരുന്നതു്. എന്നാൽ മണവാളൻ വന്നെത്താൻ വളരെ താമസിക്കുന്നു. വധു മണവാളന്റെ സ്നേഹത്തിനുവേണ്ടിയുള്ള ആഗ്രഹത്താൽ ദുഃഖിതയാകുന്നു. അവൾ സ്വഭവനത്തിലിരുന്നു വേദനിക്കുന്നു. തന്റെ പ്രിയതമനെ ദർശിക്കുന്നതിനും അദ്ദേഹത്തിന്റെ ചുംബനങ്ങളിൽ ആനന്ദിക്കുന്നതിനുംവേണ്ടി തന്നാലാവുന്നതെല്ലാം അവൾ ചെയ്യുന്നു. തന്റെ സ്നേഹത്തിൽനിന്നു മുക്തി നേടാനോ തന്റെ അഭിലാഷം ഉടനടി കൈവരുത്താനോ സാദ്ധ്യമല്ല എന്ന് അവൾ കാണുന്നു. അവൾ ദൈവത്തോടു പ്രാർത്ഥിക്കാനും യാചിക്കാനും തുടങ്ങുന്നു. ദൈവം തന്റെ മണവാളന്റെ പിതാവാണെന്ന് അവൾക്കറിയാം. ഈ രീതിയിൽ 'കോപമോ കലഹമോ കൂടാതെ....പവിത്രമായ

www.malankaralibrary.com



കരങ്ങൾ ഉയർത്തി....ഉചിതമാംവിധം വസ്ത്രധാരണം ചെയ്തുകൊണ്ടും വിനയത്തോടും വിവേകത്തോടുംകൂടിയും ആണ് അവൾ പ്രാർത്ഥിക്കുന്നത് (1 തിമൊ. 2: 8f). ഏറ്റവും വിലപിടിപ്പുള്ള ആഭരണങ്ങൾ അണിഞ്ഞ്, പ്രിയതമനെക്കുറിച്ചുള്ള അഭിലാഷത്താൽ ജ്വലിച്ച് ഹൃദയത്തിലേറ്റ പ്രേമത്തിന്റെ മുറിവിൽനിന്നുള്ള വേദന അനുഭവിച്ച്, ദൈവത്തോടു നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ട് പ്രിയതമനെക്കുറിച്ച് അവൾ പറയുന്നു. 'അവന്റെ അധരം എന്നെ ചുംബനങ്ങൾകൊണ്ടു പൊതിയട്ടെ.'

നാടകരൂപത്തിൽ അവതരിപ്പിക്കപ്പെട്ട യഥാർത്ഥ കഥയുടെ ഉള്ളടക്കം ഇതാണ്. ഈ സമ്പ്രദായത്തിൽ കഥയുടെ ആന്തരാർത്ഥവും വേണ്ടവിധത്തിൽ വിശദമാക്കാൻ സാധിക്കുമോ എന്നു നമുക്കു നോക്കാം. സഭ ക്രിസ്തുവിനോടു ചേർന്ന് ഒന്നാകുവാൻ ആഗ്രഹിക്കുന്നു എന്നു കരുതുക. എന്നാൽ സഭയെന്നത് പുണ്യവാന്മാരുടെ ഐക്യസമൂഹമാണെന്നു നാം മനസ്സിലാക്കണം.1 അതിനാൽ സഭയായിരിക്കണം ഒരു സംയുക്ത വ്യക്തിയെന്ന നിലയിൽ ഇങ്ങനെ പറയുന്നത്: വിവാഹനിശ്ചയത്തിന്റെ സമ്മാനങ്ങളായും വിവാഹത്തിനുമുമ്പ് സ്ത്രീധനമായും എനിക്കു കിട്ടിയ സമ്മാനങ്ങൾകൊണ്ട് എനിക്കു തൃപ്തി ആയിരിക്കുന്നു. എന്തെന്നാൽ പണ്ട് രാജാവിന്റെ പുത്രനും എല്ലാ സൃഷ്ടികളുടെയും ആദ്യജാതനും ആയവനോടു വിവാഹത്തിനു ഞാൻ ഒരുക്കപ്പെട്ട സമയത്ത് അവന്റെ പരിശുദ്ധമാലാഖമാർ എന്റെ സേവനത്തിനായി വരുകയും എന്നെ ശുശ്രൂഷിക്കുകയും ചെയ്തു. വിവാഹവാഗ്ദാനത്തിന്റെ സമ്മാനമായി അവർ 'നിയമം കൊണ്ടുവന്നു. 'നിയമം' ദൈവദൂതന്മാർവഴി ഒരു മദ്ധ്യവർത്തിയിലൂടെ വിളംബരം ചെയ്യപ്പെട്ടു' (ഗലാ. 3: 19) എന്നു പറയപ്പെട്ടിരിക്കുന്നു. പ്രവാചകന്മാരും എനിക്കു ശുശ്രൂഷ ചെയ്തു. ദൈവപുത്രനെക്കുറിച്ച് എന്നെ പറഞ്ഞറിയിക്കേണ്ട കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞത് അവരാകുന്നു. ദൈവപുത്രനുമായി എന്റെ വിവാഹവാഗ്ദാനം നടത്താൻ അവർ ആഗ്രഹിച്ചിരുന്നു. (അവരില്ലായിരുന്നെങ്കിൽ) വിവാഹവാഗ്ദാനസമ്മാനങ്ങളും സ്ത്രീധനസമ്മാനങ്ങളും എന്നിൽനിന്ന് എടുക്കപ്പെട്ടേനേ. എന്നു മാത്രമല്ല, എന്നിൽ ദൈവപുത്രനെക്കുറിച്ചുള്ള സ്നേഹവും അഭിലാഷവും ഉദ്ദീപിപ്പിക്കുന്നതിനുവേണ്ടി അവിടുത്തെ ആഗമനത്തെക്കുറിച്ച് അവർ പ്രവാചകോചിതമായ സ്വരത്തിൽ എനിക്കായി പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി അവർ അവിടുത്തെ ശക്തിയുടെ അസംഖ്യങ്ങളായ കൃത്യങ്ങളെക്കുറിച്ചു മുൻകൂട്ടി പറഞ്ഞു. സഹനശക്തിക്കതീതമായ വിധം അവിടുത്തെക്കുറിച്ചുള്ള സ്നേഹം എന്നിൽ ഉജ്ജ്വലിപ്പിക്കുന്നതിനുവേണ്ടി അവിടുത്തെ സൗന്ദര്യം, ആകർഷകത്വം,



ശാന്തസ്വഭാവം എന്നിവ അവർ വിവരിച്ചു. എന്നാൽ കാലം കഴിയാറായതുകൊണ്ടും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കാൻ എനിക്കു സന്ദർഭം ലഭിച്ചിട്ടില്ലാത്തതിനാലും അദ്ദേഹത്തിന്റെ ശുശ്രൂഷകന്മാർ മാത്രം എന്റെ അടുത്തുവരികയും പോവുകയും ചെയ്യുന്നതിനാലും എന്റെ പ്രിയതമന്റെ പിതാവായ ദൈവമേ, അവിടുത്തെ തിരുസന്നിധിൽ ഞാൻ എന്റെ യാചന സമർപ്പിക്കുന്നു. ഇപ്പോഴെങ്കിലും എന്റെ സ്നേഹത്തെക്കുറിച്ച് അവിടുത്തേയ്ക്കു കാരുണ്യം തോന്നണമേ. അങ്ങേ തിരുസുതനെ എന്റെ പക്കലേക്ക് അയയ്ക്കണമേ. തന്റെ ദാസന്മാരും മാലാഖമാരും പ്രവാചകന്മാരും വഴി എന്നോടു സംസാരിക്കാതെ അവിടുന്ന് നേരിട്ട് എന്റെ അടുക്കൽ വരികയും തന്റെ അധരങ്ങളുടെ ചുംബനം എനിക്കു നൽകുകയും ചെയ്യട്ടെ. തന്റെ അധരങ്ങളുടെ വചനങ്ങൾ എന്റെ അധരങ്ങളിലേയ്ക്കു പകരാൻ ഇടയാകട്ടെ. അവിടുന്നു പറയുന്നതു കേൾക്കാനും പഠിപ്പിക്കുന്നതു കാണാനും എനിക്കു കഴിയട്ടെ.

ആ ചുംബനങ്ങൾ ക്രിസ്തുവിന്റേതാകുന്നു; തന്റെ ആഗമനത്തിൽ മാംസരക്തങ്ങളുള്ള ശരീരത്തോടുകൂടി സന്നിഹിതനായിരിക്കുന്ന അവസ്ഥയിൽ അവിടുന്നു നേരിട്ടുതന്നെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വചനങ്ങൾ തന്റെ സഭയോടു സംസാരിച്ചു. സഭയാകുന്ന മണവാട്ടിയുടെ അടുത്തേയ്ക്കു നേരത്തെ അയയ്ക്കപ്പെട്ട ഏശയാ പ്രവാചകൻവഴി ദത്തമായ വാഗ്ദാനമനുസരിച്ചാണ് അതു സംഭവിച്ചത്. പ്രവാചകൻ പറഞ്ഞു; 'ഒരു ദൂതനോ ഒരു മാലാഖയോ അല്ല, കർത്താവു തന്നെ നമ്മെ രക്ഷിക്കും' (ഏശാ. 33: 22).

നമ്മുടെ വിശദീകരണത്തിലെ മൂന്നാമത്തെ പോയിന്റ് എന്ന നിലയിൽ ഇനി നമുക്ക് ആത്മാവിനെക്കുറിച്ചു വിചിന്തനം ചെയ്യാം. 'ദൈവവചന'ത്തോട് ചേർന്ന് ഒന്നാവുകയും എന്നും അവിടുത്തോട് ഒന്നിച്ചിരിക്കുകയും സ്വർഗീയ മണവാളന്റെ മണിയറയിലേയ്ക്ക് എന്നപോലെ തന്റെ ജ്ഞാനവിജ്ഞാനങ്ങളുടെ രഹസ്യങ്ങളിലേക്ക് പ്രവേശിക്കുകയും ചെയ്യണമെന്നു മാത്രമാണ് അവളുടെ ആഗ്രഹം. ആത്മാവിനു തന്റെ മണവാളന്റെ സമ്മാനങ്ങൾ അഥവാ സ്ത്രീധനം നേരത്തെതന്നെ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. സഭയ്ക്കു സ്ത്രീധനമായി ലഭിച്ചത് നിയമത്തിന്റെയും പ്രവാചകന്മാരുടെയും പുസ്തകങ്ങൾ ആണല്ലോ. അതുപോലെ ആത്മാവാകുന്ന മണവാട്ടിക്കു ലഭിച്ച വിവാഹവാഗ്ദാനസമ്മാനങ്ങൾ പ്രാകൃതികനിയമവും യുക്തിബോധവും സ്വതന്ത്രമനസ്സും ആണെന്നു നമുക്കു കരുതാം. സ്വാഭാവികമായ ഈ ദാനങ്ങൾക്കു പുറമേ തന്റെ ഗുരുജനങ്ങളിലും ആചാര്യന്മാരിലുംനിന്നു ലഭിച്ച ശിക്ഷണം ദാമ്പത്യജീവിതത്തെ സംബന്ധിച്ച പ്രാഥ

www.malankaralibrary.com



മിക നിർദ്ദേശങ്ങളായി കരുതാം. എന്നാൽ അവയിൽനിന്നു് തന്റെ പ്രേമത്തിനും അഭിലാഷങ്ങൾക്കും പൂർണ്ണമായ സംതൃപ്തി ലഭിക്കുന്നില്ലെന്നു് അവൾ കാണുന്നു. അതിനാൽ 'ദൈവവചനത്തിന്റെ നേരിട്ടുള്ള സന്ദർശനവും പ്രകാശദാനവുംകൊണ്ടു് തന്റെ പരിശുദ്ധവും കന്യാത്വപൂർണ്ണവുമായ മനസ്സു പ്രദീപ്തമാകുന്നതിനുവേണ്ടി അവൾ പ്രാർത്ഥിക്കട്ടെ. മനുഷ്യരുടെയോ മാലാഖമാരുടെയോ മദ്ധ്യസ്ഥപരമായ സേവനങ്ങൾക്കൂടാതെ മനസ്സു ദൈവികമായ അനുഭൂതിയും ധാരണയുംകൊണ്ടു നിറഞ്ഞുകഴിയുമ്പോൾ "ദൈവവചന'ത്തിന്റെ ചുംബനങ്ങൾ തനിക്കു ലഭിച്ചു എന്നു് അവൾക്കു വിശ്വസിക്കാം.

ഈ ചുംബനങ്ങൾക്കുവേണ്ടി ആത്മാവു ദൈവത്തോടു പ്രാർത്ഥിക്കട്ടെ: 'അവിടുന്നു തന്റെ ചുംബനങ്ങൾകൊണ്ടു് എന്നെ പൊതിയട്ടെ.' 'ദൈവവചന'ത്തിന്റെ ദൃഢവും കലർപ്പററതുമായ തത്ത്വസംഹിത നേരിട്ടു സ്വീകരിക്കാൻ പ്രാപ്തിയില്ലാതിരുന്ന കാലത്തു് ഗുരുക്കന്മാരുടെ അധരങ്ങളിൽനിന്നു് 'ചുംബനങ്ങൾ' അഥവാ വിശദീകരണങ്ങൾ സ്വീകരിക്കേണ്ടതു് അവൾക്കു് അനിവാര്യമായിരുന്നു. എന്നാൽ സ്വന്തം വിദഗ്ദ്ധവിചിന്തനത്തെ ആശ്രയിച്ചു്, അവ്യക്തമായിരുന്നതു ശരിക്കു മനസ്സിലാക്കാനും കുടിപ്പിണഞ്ഞതിന്റെ കുരുക്കഴിക്കാനും സങ്കീർണ്ണമായതു വെളിപ്പെടുത്താനും ജ്ഞാനികളുടെ ഉപമകളും കടങ്കഥകളും ഉക്തികളും വ്യാഖ്യാനിക്കാനും ആരംഭിച്ചുകഴിയുമ്പോൾ 'ദൈവവചന'മാകുന്ന തന്റെ പ്രിയതമന്റെ ചുംബനങ്ങൾ തനിക്കു ലഭിച്ചിരിക്കുന്നു എന്നു് അവൾക്കു വിശ്വസിക്കാം. ചുംബനങ്ങൾ എന്ന ബഹുവചനം പ്രയോഗിച്ചിട്ടുള്ളതു് അവ്യക്തമായിരുന്ന ഓരോ ആശയത്തിനും നല്കപ്പെടുന്ന ഉജ്ജ്വലനം പൂർണ്ണതനേടിയ ആത്മാവിനു നല്കപ്പെടുന്ന 'ദൈവവചന'ത്തിന്റെ ഓരോ ചുംബനമാണെന്നു നമ്മെ ധരിപ്പിക്കുന്നതിനത്രേ. ഒരുപക്ഷേ ഈ പരാമർശത്തോടുകൂടിയായിരിക്കാം പ്രാവാചികവും പരിപൂർണ്ണതവന്നതുമായ ആത്മാവു് ഇങ്ങനെ പ്രഖ്യാപിച്ചതു്: 'ഞാൻ എന്റെ വായ്തുറന്നു ശ്വാസം എടുത്തു' (സങ്കീ. 118: 131).

മണവാളന്റെ 'അധരം' എന്നതുകൊണ്ടു് നാം മനസ്സിലാക്കേണ്ടതു് മനുഷ്യമനസ്സിനു വെളിച്ചം പകരാനുള്ള ദൈവവചനത്തിന്റെ ശക്തിയാണു്. ആ അധരം അവളോടു പറയുന്ന പ്രണയവചനത്താലെന്നപോലെ അത്ര മഹത്തായ ഒരു ശക്തിയുടെ സാന്നിദ്ധ്യം അനുഭവിക്കാൻ അവൾക്കു് അർഹതയുണ്ടെങ്കിൽ അജ്ഞാതവും അവ്യക്തവുമായിരുന്ന കാര്യങ്ങൾ അവൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു. ഇതാണു് മണവാളൻ മണവാട്ടിക്കു്—'ദൈവവചനം' പരിശുദ്ധവും പരിപൂർണ്ണവുമായ മനുഷ്യാത്മാവിനു്—നല്കുന്ന കൂടുതൽ യഥാർത്ഥവും അടുപ്പമുള്ളതും വിശുദ്ധവുമായ ചുംബനം. വിശുദ്ധ രഹസ്യങ്ങളുടെ അവസരങ്ങളിൽ ദേവാലയത്തിൽവച്ചു് നാം പരസ്പരം നല്കുന്ന ചുംബനം ഇതിന്റെ പ്രതീകമാകുന്നു.[2]



അതിനാൽ, ഒരദ്ധ്യാപകന്റെ സഹായം കൂടാതെ ദൈവികമായ അദ്ധ്യാപനങ്ങളെയും അവയുടെ അർത്ഥങ്ങളെയും സംബന്ധിച്ച ഏതെങ്കിലും പ്രശ്നം നമ്മുടെ ഹൃദയത്തിൽ സ്വയം വെളിവാകുന്നതായി അനുഭവപ്പെടുമ്പോൾ, ആ ദിവ്യമണവാളന്റെ—ദൈവവചനത്തിന്റെ—ചുംബനങ്ങൾ നമുക്കു ലഭിച്ചതായി നമുക്കു വിശ്വസിക്കാം. എന്നാൽ ഇതുപോലൊരു വിഷയത്തിൽ നാം അർത്ഥം അന്വേഷിക്കുകയും കണ്ടെത്താൻ ആവാതെവരുകയും ചെയ്യുമ്പോൾ നമുക്കു് ഇങ്ങനെ പ്രാർത്ഥിക്കുകയും 'ദൈവവചന'ത്തിന്റെ സന്ദർശനത്തിനുവേണ്ടി യാചിക്കുകയും ചെയ്യാം. "അവിടുന്നു തന്റെ അധരങ്ങളുടെ ചുംബനങ്ങൾ എനിക്കു നല്കട്ടെ. ഓരോ മനുഷ്യാത്മാവിന്റെയും പ്രാപ്തി എത്രയാണെന്നു പിതാവിനറിയാം. 'വചന'ത്തിന്റെ ചുംബനങ്ങളായ മുകളിൽപ്പറഞ്ഞ വെളിച്ചങ്ങളും ഉൾക്കാഴ്ചകളും സ്വീകരിക്കാൻ ആത്മാവിനു യുക്തമായിട്ടുള്ള സമയം ഏതെന്നും അവിടുത്തേക്കറിയാം.

## 2

അവിടുത്തെ മാറിടം വീഞ്ഞിനേക്കാൾ മാധുര്യമുള്ളതാകുന്നു (1.2b—Vg 1.1b).

'അവിടുത്തെ മാറിടം വീഞ്ഞിനേക്കാൾ മാധുര്യമുള്ളതാകുന്നു. അവിടുത്തെ അഭിഷേകതൈലത്തിന്റെ സൗരഭ്യം മറെറല്ലാ സുഗന്ധവസ്തുക്കൾക്കും ഉപരിയാകുന്നു'. അഭിനയിക്കപ്പെടുന്ന കഥ ആദ്യമായി പരിഗണിക്കുമ്പോൾ, മണവാട്ടി കൈകൾ ഉയത്തിക്കൊണ്ടു പിതാവായ ദൈവത്തോടു പ്രാർത്ഥിച്ചു എന്നു നിങ്ങൾ മനസ്സിലാക്കണം. മണവാളൻ തന്റെ അടുത്തു വരുകയും തന്റെ അധരങ്ങളുടെ ചുംബനങ്ങൾ നൽകുകയും ചെയ്യുന്നതിനുവേണ്ടിയാണു് അവൾ പ്രാർത്ഥിച്ചതു്. ചില കാര്യങ്ങൾക്കൂടെ പ്രാർത്ഥിക്കാൻ അവൾ തുടങ്ങുകയായിരുന്നു. അപ്പോഴാണു് മണവാളൻ തന്റെ സമീപത്തുതന്നെ നിൽക്കുന്നതു് അവൾ കണ്ടതു്. തന്റെ മാറിടം അദ്ദേഹം അവൾക്കു വെളിപ്പെടുത്തി. ഒരു മണവാളനു യോജിക്കും വിധത്തിലുള്ള സൗരഭ്യത്തോടുകൂടിയ സുഗന്ധദ്രവ്യങ്ങൾ തന്റെ ശരീരത്തിൽ അദ്ദേഹം പുരട്ടിയിരുന്നു. ആരുടെ വരവിനുവേണ്ടിയാണോ താൻ പ്രാർത്ഥിച്ചിരുന്നതു് ആ

www.malankaralibrary.com



മണവാളൻ തന്റെ സമീപത്തുതന്നെ സന്നിഹിതനായിരിക്കുന്നു എന്നും താൻ ആഗ്രഹിച്ച കാര്യം അവിടുന്നു തനിക്കു നൽകിക്കഴിഞ്ഞുവെന്നും ഗ്രഹിച്ച മണവാട്ടി യഥാർത്ഥത്തിൽ സന്തുഷ്ടയായിത്തീരുന്നു. അവിടുത്തെ മാറിടത്തിന്റെ സൗന്ദര്യവും അദ്ദേഹത്തിൽനിന്നു പുറപ്പെടുന്ന ആകർഷകമായ സുഗന്ധവുംമൂലം ആഹ്ളാദഭരിതയായ അവൾ തന്റെ പ്രാർത്ഥനയുടെ സമ്പ്രദായം മാറ്റുന്നു; തന്റെ പ്രിയതമന്റെ സാന്നിദ്ധ്യത്തിനു യോജിക്കുംവിധമാണ് ഈ മാറ്റം. 'അവിടുത്തെ അധരങ്ങൾ എന്നെ ചുംബനങ്ങൾകൊണ്ടു പൊതിയട്ടെ' എന്ന് ആദ്യം പ്രാർത്ഥിച്ചെങ്കിൽ, സന്നിഹിതനായിരിക്കുന്ന പ്രിയതമനോടു സംസാരിക്കുന്ന വിധത്തിൽ അവൾ തന്റെ വാക്കുകൾ തുടരുന്നു: 'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ മാധുര്യമുള്ളതാകുന്നു. അങ്ങയുടെ അഭിഷേകതൈലത്തിന്റെ സൗരഭ്യം മറ്റെല്ലാ സുഗന്ധവസ്തുക്കൾക്കും ഉപരിയാകുന്നു.'

നാം നേരത്തേ പറഞ്ഞതുപോലെ, നാടകത്തിൽ നെയ്തുചേർത്തിട്ടുള്ള കാര്യങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള ആശയത്തെക്കുറിച്ച് ഇത്രയും.

ഇനി ഇതിന്റെ ആന്തരാർത്ഥമെന്ത് എന്നു നമുക്കു പരിശോധിക്കാം. ചർച്ച ചെയ്യപ്പെടുന്ന വസ്തുതകൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി വ്യത്യസ്തമായ വാക്കുകളിൽ ഹൃദയത്തിന്റെ അടിസ്ഥാനതത്ത്വം വിശുദ്ധ ലിഖിതങ്ങളിൽ വിവരിക്കപ്പെടുന്നതായി നാം കാണുന്നു. ചിലപ്പോൾ വെറും 'ഹൃദയം' എന്നു മാത്രമേ പറയുന്നുള്ളു. ഉദാ: 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ' (മത്താ. 5: 8) എന്നും, 'നാം ഹൃദയംകൊണ്ടു വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു' (റോമ. 10: 10) എന്നും ഉള്ള ഭാഗങ്ങൾ. സന്ദർഭം ഒരു സദ്യയുടേതാണെങ്കിൽ, മേശയ്ക്കരികിൽ ഭക്ഷണത്തിനിരിക്കുന്നവരുടെ ആകൃതിയും ക്രമവും ആണ് വിവരിക്കപ്പെടുന്നതെങ്കിൽ, 'മാറിടം' വക്ഷസ്സ് എന്നീ വാക്കുകളാണുപയോഗിക്കാറ്. വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ പറയുന്നു: 'ശിഷ്യന്മാരിൽ യേശു സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേയ്ക്കു ചാരിക്കിടന്നിരുന്നു. ശിമയോൻ പത്രോസ് അവനോട് ആംഗ്യം കാണിച്ചു പറഞ്ഞു: 'അവൻ ആരെപ്പറ്റി പറയുന്നു എന്നു ചോദിക്കുക.' യേശുവിന്റെ വക്ഷസ്സിൽ ചേർന്നു കിടന്നുകൊണ്ട് അവൻ ചോദിച്ചു: 'കർത്താവേ, ആരാണത്?' (യോഹ. 13: 23–25). ഈ സന്ദർഭത്തിൽ വി. യോഹന്നാൻ ചാരിയിരുന്നത് യേശുവിന്റെ ഹൃദയതത്ത്വത്തിൽ ആയിരുന്നുവെന്നു നമുക്കു നിസ്സംശയമായി മനസ്സിലാക്കാൻ കഴിയും. അവിടെ യേശുക്രിസ്തുവിൽ മറഞ്ഞുകിടക്കുന്ന ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ (കൊളോ. 2: 3)



തന്റെ അദ്ധ്യാപനത്തിന്റെ ആന്തരികാർത്ഥങ്ങളിൽ തേടുകയായിരുന്നു അദ്ദേഹം.

അങ്ങനെ, നാം നേരത്തേ പറയാൻ ആരംഭിച്ചതുപോലെ, "ഹൃദയതത്ത്വം"3 എന്നത് വി. ലിഖിതത്തിൽ പല വാക്കുകൾകൊണ്ടു സൂചിപ്പിക്കുന്നുണ്ട്. ലേവ്യപുസ്തകത്തിൽ മറ്റൊരുദാഹരണം കാണാം. അവിടെ ഇങ്ങനെ പറയുന്നു: 'നീരാജനം ചെയ്ത നെഞ്ചും കാഴ്ചവച്ച കൈക്കുറകും' ബലി വസ്തുക്കളിൽനിന്നു പുരോഹിതന്മാരുടെ ഉപയോഗത്തിനായി നീക്കിവയ്ക്കാൻ പറഞ്ഞിരിക്കുന്നു. മറ്റുള്ളവർക്കനുവദനീയമല്ലാത്ത നെഞ്ചും കൈക്കുറകും ഇങ്ങനെ മാറ്റിവയ്ക്കാൻ പറയുന്നതിന് ഒരു ലക്ഷ്യമുണ്ട്: ആ നെഞ്ച് വൈദികമായ ഹൃദയതത്ത്വത്തെയും കൈക്കുറക് പുരോഹിതന്മാർ ചെയ്യുന്ന കർമ്മങ്ങളുടെ ശ്രേഷ്ഠതയെയും സൂചിപ്പിക്കുന്നു. ദൈവം തന്ന കഴിവിനനുസൃതമായി, ഇക്കാര്യം, ലേവ്യ പുസ്തകത്തെക്കുറിച്ചു ചർച്ച ചെയ്ത അവസരത്തിൽ ഞാൻ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.4

മുകളിൽ പറഞ്ഞ സന്ദർഭങ്ങളിലേതുപോലെ, നമ്മുടെ മുമ്പിലുള്ള വാക്യത്തിലെ മാറിടം ഹൃദയതത്ത്വത്തെ സൂചിപ്പിക്കുന്നതായി നമുക്കു മനസ്സിലാക്കാം; അതു വളരെ സ്പഷ്ടമായും ഒരു പ്രണയനാടകമാണല്ലോ. അതിനാൽ അവിടെ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾക്ക് ഇങ്ങനെ അർത്ഥം വരും: 'മണവാളാ, അങ്ങയുടെ ഹൃദയം, മനസ്സ്—അങ്ങയിലുള്ളതായ അദ്ധ്യാപനങ്ങൾ അഥവാ അവയുടേതായ വരപ്രസാദം—ഒരു മനുഷ്യന്റെ മനസ്സിനെ സന്തോഷിപ്പിക്കാൻ കഴിവുള്ള എല്ലാ വീഞ്ഞിനെക്കാളും മുന്തിയതാണ്. 'അവർ ദൈവത്തെ കാണും' (മത്താ. 5: 8) എന്ന് ആരെക്കുറിച്ചാണോ നമ്മുടെ കർത്താവു പറയുന്നത് അവരുടെ 'ഹൃദയം' എന്നു പറയുന്നതു യുക്തമാകുന്നു. മേശയ്ക്കരികിൽ ഭക്ഷണം കഴിക്കാനിരിക്കുന്നവരെക്കുറിച്ചു പറയുമ്പോൾ 'വക്ഷസ്സ്' അഥവാ 'മാറ്' എന്നു പറയുന്നതും യുക്തം തന്നെ. ആ വ്യക്തികളുടെ പെരുമാറ്റവും ഭക്ഷണത്തിന്റെ സ്വഭാവവുമാണതിനു കാരണം. വൈദികരെ സംബന്ധിക്കുന്ന മുകളിൽ പറഞ്ഞിരിക്കുന്ന പ്രസ്താവത്തിൽ 'നെഞ്ച്' 'കൈക്കുറക്' എന്ന വാക്കുകൾ ആദ്ധ്യാത്മികമായ അർത്ഥസൂചനയോടുകൂടി ഉപയോഗിച്ചിരിക്കുന്നു. നമ്മുടെ പഠനത്തിനു വിഷയമായ സന്ദർഭത്തിലാകട്ടെ കാമിനീകാമുകന്മാരുടെ പ്രവർത്തനങ്ങളും സംഭാഷണവുമാണു വിവരിക്കപ്പെടുന്നത്. മുകളിൽപ്പറഞ്ഞ ആ ഹൃദയത്തിന്റെ ആസ്ഥാനമായ ഭാഗത്തെയാണ് വളരെ സന്തോഷകരമായ രീതിയിൽ 'മാറിടം' എന്നു വിളിച്ചിരിക്കുന്നത് എന്നു ഞാൻ കരുതുന്നു.

www.malankaralibrary.com



മണവാളൻെറ മാറിടം നല്ലതാകുന്നു. എന്തെന്നാൽ വിജ്ഞാനത്തിൻെറയും വിവേകത്തിൻെറയും നിധികൾ അതിൽ മറഞ്ഞിരിക്കുകയാണ്. മണവാട്ടി ഈ മാറിടത്തെ വീഞ്ഞിനോടുപമിക്കുന്നു; അതും മാറിടത്തിൻെറ ശ്രേഷ്ഠത ചൂണ്ടിക്കാണിക്കത്തക്കവിധത്തിൽ. വീഞ്ഞ് എന്നതുകൊണ്ടർത്ഥമാക്കുന്നതു മണവാളൻെറ ആഗമനത്തിനുമുമ്പ് നിയമവും പ്രവാചകന്മാരും വഴി മണവാട്ടിക്ക് പതിവായി ലഭിച്ചുകൊണ്ടിരുന്ന കല്പനകളും പ്രബോധനങ്ങളുമാണ്. എന്നാൽ ഇന്നു മണവാളൻെറ നെഞ്ചിൽനിന്നു നേരിട്ടു നിർഗ്ഗളിക്കുന്ന പ്രബോധനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ അവൾ ആശ്ചര്യഭരിതയാകുന്നു. മണവാളൻ വരുന്നതിനുമുമ്പ് വിശുദ്ധപിതാക്കന്മാരും പ്രവാചകന്മാരും അവൾക്കു നല്കിയിരുന്ന, സന്തോഷകരമായ, ആദ്ധ്യാത്മിക വീഞ്ഞിനെക്കാൾ അതു് വളരെയധികം ശ്രേഷ്ഠമാണെന്ന് അവൾ കാണുന്നു. അവരും—പിതാക്കന്മാരും പ്രവാചകന്മാരും—ഇത്തരം മുന്തിരിത്തോട്ടങ്ങൾ നട്ടുവളർത്തിയിരുന്നു. ഉദാഹരണത്തിനു് ആദ്യമായി നോഹ (ഉല്പ. 9: 20). വളരെ ഫലപുഷ്ടിയുള്ള ഒരു കുന്നിനു മുകളിൽ ഏശയ്യാ പ്രവാചകനും (5:1). തൻെറ മണവാളനിൽ ദൃശ്യമാകുന്ന പഠനവും വിജ്ഞാനവും വളരെ ഉന്നതസ്വഭാവമുള്ളതാണെന്നും പ്രാചീനരുടേതിനേക്കാൾ അത്യുന്നതമായി അദ്ധ്യാപനം അദ്ദേഹത്തിൽനിന്നു പുറപ്പെടുന്നുവെന്നും മനസ്സിലാക്കിയിട്ട് അവൾ പറയുകയാണ്: 'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ മാധുര്യമുള്ളതാകുന്നു.' അതായതു്, പ്രാചീന കാലത്തുള്ളവർ ഏതദ്ധ്യാപനംകൊണ്ട് അവളെ സന്തോഷിപ്പിച്ചുവോ അതിനെക്കാൾ മധുരതരം എന്നു സാരം.

പൂർവികന്മാരുടെതായ ഈ വീഞ്ഞിനെയാണു താഴെ പറയുന്ന ഭാഗത്തു സഭാപ്രസംഗകൻ പരാമർശിക്കുന്നതു്. 'ഞാൻ എന്നോടുതന്നെ പറഞ്ഞു, 'വരൂ, ഞാൻ നിന്നെ സന്തോഷംകൊണ്ടു് ഇളക്കാം. നല്ലതായിട്ടുള്ളതിനെ നീ നോക്കുക.' ഇതേ സഭാപ്രസംഗകൻ വേറൊരിടത്തു് ഇതേ മുന്തിരിത്തോട്ടത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'ഞാൻ വലിയ കാര്യങ്ങൾ ചെയ്തു. ഞാൻ എനിക്കുവേണ്ടി മാളികകൾ പണിതു; മുന്തിരിത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ചു. ഉദ്യാനങ്ങളും ഉപവനങ്ങളും ഉണ്ടാക്കി 'ഇത്യാദി. ഈ ആദ്ധ്യാത്മിക വീഞ്ഞിനു് ചില ശുശ്രൂഷകർ ഉണ്ടു്. 'വീഞ്ഞൊഴിക്കുന്നവർ' എന്നാണു് അവരെ വിളിക്കുന്നതു്. സഭാപ്രസംഗകൻതന്നെ മറ്റൊരിടത്തു പറയുന്നു: 'ഞാൻ ഗായകന്മാരെയും ഗായികമാരെയും ഏർപ്പെടുത്തി. മനുഷ്യപുത്രരുടെ സന്തോഷത്തിൽ വീഞ്ഞു പകരുന്ന സ്ത്രീപുരുഷന്മാരെയും ഏർപ്പെടുത്തി.'5



യൗസേപ്പും മറിയവും നമ്മുടെ കർത്താവിനെ അന്വേഷിച്ചു ചെന്നു് 'അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്നു് അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവൻെറ ബുദ്ധിശക്തിയിലും മറുപടികളിലും അത്ഭുതപ്പെട്ടു'(ലൂക്കാ. 2: 46ff). ഈ സന്ദർഭത്തിൽ, മററു സന്ദർഭങ്ങളിലെന്നപോലെ, നമ്മുടെ രക്ഷകൻ, തൻെറ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന പുതിയ കാര്യങ്ങളെ പ്രാചീനരുടെ വീഞ്ഞുമായി കൂട്ടിക്കലർത്തുന്നുണ്ടോ എന്നു നമുക്കു നോക്കാം. എന്നാൽ ഈ അലങ്കാരസങ്കല്പത്തിൻെറ മഹത്ത്വം പൂർത്തിയാകുന്നതു് താഴെ പറയുന്നിടത്താണ്: ജനക്കൂട്ടത്തെക്കണ്ടപ്പോൾ യേശു മലയിലേയ്ക്കു കയറി. അവൻ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു: 'കൊല്ലരുതു്.........എന്നു് പൂർവികരോടു പറയപ്പെട്ടിട്ടുണ്ടല്ലോ.........എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, കാരണമില്ലാതെ സഹോദരനോടു കോപിക്കുന്നവൻ കുററവാളിയായി വിധിക്കപ്പെടും.........വ്യഭിചാരം ചെയ്യരുതു് എന്നു് പൂർവികരോടു പറയപ്പെട്ടിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു.'6

അതിനാൽ അവിടുത്തെ അദ്ധ്യാപനം പൂർവികമായി നല്കപ്പെട്ട അദ്ധ്യാപനങ്ങളെ എത്രമാത്രം അതിവർത്തിക്കുന്നുവോ അത്രമാത്രം അവിടുത്തെ മാറിടം മാധുര്യമേറിയതായി അവൾ നിരീക്ഷിക്കുകയും ഉദ്ഘോഷിക്കുകയും ചെയ്യുന്നു. എന്നാൽ 'മനുഷ്യപുത്രൻ തിന്നുന്നവനും കുടിക്കുന്നവനുമായിവന്നു. അപ്പോൾ അവർ പറയുന്നു: ഇതാ വീഞ്ഞുകുടിയനും ഭോജനപ്രിയനുമായ മനുഷ്യൻ' (മത്താ. 11: 19) എന്ന വസ്തുതയും ഇവിടെ അപ്രസക്തമല്ല. കാനായിലെ കല്യാണവിരുന്നിൽ വിളമ്പിയ ആ വീഞ്ഞുതന്നെയാണിതെന്നും ഞാൻ വിചാരിക്കുന്നു. അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ അവിടുന്നുതന്നെ മറ്റൊരു വീഞ്ഞുണ്ടാക്കി. അതു വളരെനല്ല വീഞ്ഞാണെന്നും അതിനുമുമ്പുപയോഗിച്ച വീഞ്ഞിനെക്കാൾ വളരെ മെച്ചമായതാണെന്നും പ്രധാന കലവറക്കാരൻ സാക്ഷ്യപ്പെടുത്തി. കലവറക്കാരൻ ഇങ്ങനെ പറഞ്ഞു: 'എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു. അതിഥികൾക്കു ലഹരിപിടിച്ചു കഴിയുമ്പോൾ താഴ്ന്നതരവും. എന്നാൽ നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ' (യോഹ. 2: 1–10).

സോളമൻെറ കാര്യവും ഇവിടെ പരിഗണിക്കേണ്ടതായിട്ടുണ്ടു്. ദൈവത്തിൽനിന്നു ലഭിച്ച ജ്ഞാനംമൂലം ഷേബായിലെ രാജ്ഞിയുടെ സ്നേഹാദരങ്ങൾ നേടാൻ അദ്ദേഹത്തിനു കഴിഞ്ഞു.

www.malankaralibrary.com



മണവാളന്റെ മാറിടം നല്ലതാകുന്നു. എന്തെന്നാൽ വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും നിധികൾ അതിൽ മറഞ്ഞിരിക്കുകയാണ്. മണവാട്ടി ഈ മാറിടത്തെ വീഞ്ഞിനോടുപമിക്കുന്നു; അതും മാറിടത്തിന്റെ ശ്രേഷ്ഠത ചൂണ്ടിക്കാണിക്കത്തക്കവിധത്തിൽ. വീഞ്ഞ് എന്നതുകൊണ്ടർത്ഥമാക്കുന്നതു മണവാളന്റെ ആഗമനത്തിനുമുമ്പ് നിയമവും പ്രവാചകന്മാരും വഴി മണവാട്ടിക്ക് പതിവായി ലഭിച്ചുകൊണ്ടിരുന്ന കല്പനകളും പ്രബോധനങ്ങളുമാണ്. എന്നാൽ ഇന്നു മണവാളന്റെ നെഞ്ചിൽനിന്നു നേരിട്ടു നിർഗ്ഗളിക്കുന്ന പ്രബോധനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ അവൾ ആശ്ചര്യഭരിതയാകുന്നു. മണവാളൻ വരുന്നതിനുമുമ്പ് വിശുദ്ധപിതാക്കന്മാരും പ്രവാചകന്മാരും അവൾക്കു നല്കിയിരുന്ന, സന്തോഷകരമായ, ആദ്ധ്യാത്മിക വീഞ്ഞിനെക്കാൾ അത് വളരെയധികം ശ്രേഷ്ഠമാണെന്ന് അവൾ കാണുന്നു. അവരും—പിതാക്കന്മാരും പ്രവാചകന്മാരും—ഇത്തരം മുന്തിരിത്തോട്ടങ്ങൾ നട്ടുവളർത്തിയിരുന്നു. ഉദാഹരണത്തിന് ആദ്യമായി നോഹ (ഉല്പ. 9: 20). വളരെ ഫലപുഷ്ടിയുള്ള ഒരു കുന്നിനു മുകളിൽ ഏശയ്യാ പ്രവാചകനും (5:1). തന്റെ മണവാളനിൽ ദൃശ്യമാകുന്ന പഠനവും വിജ്ഞാനവും വളരെ ഉന്നതസ്വഭാവമുള്ളതാണെന്നും പ്രാചീനരുടേതിനേക്കാൾ അത്യുന്നതമായി അദ്ധ്യാപനം അദ്ദേഹത്തിൽനിന്നു പുറപ്പെടുന്നുവെന്നും മനസ്സിലാക്കിയിട്ട് അവൾ പറയുകയാണ്: 'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ മാധുര്യമുള്ളതാകുന്നു.' അതായത്, പ്രാചീന കാലത്തുള്ളവർ ഏതദ്ധ്യാപനംകൊണ്ട് അവളെ സന്തോഷിപ്പിച്ചുവോ അതിനെക്കാൾ മധുരതരം എന്നു സാരം.

പൂർവികന്മാരുടേതായ ഈ വീഞ്ഞിനെയാണു താഴെ പറയുന്ന ഭാഗത്തു സഭാപ്രസംഗകൻ പരാമർശിക്കുന്നത്. 'ഞാൻ എന്നോടുതന്നെ പറഞ്ഞു, 'വരൂ, ഞാൻ നിന്നെ സന്തോഷംകൊണ്ട് ഇളക്കാം. നല്ലതായിട്ടുള്ളതിനെ നീ നോക്കുക.' ഇതേ സഭാപ്രസംഗകൻ വേറൊരിടത്ത് ഇതേ മുന്തിരിത്തോട്ടത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'ഞാൻ വലിയ കാര്യങ്ങൾ ചെയ്തു. ഞാൻ എനിക്കുവേണ്ടി മാളികകൾ പണിതു; മുന്തിരിത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ചു. ഉദ്യാനങ്ങളും ഉപവനങ്ങളും ഉണ്ടാക്കി 'ഇത്യാദി. ഈ ആദ്ധ്യാത്മിക വീഞ്ഞിന് ചില ശുശ്രൂഷകർ ഉണ്ട്. 'വീഞ്ഞൊഴിക്കുന്നവർ' എന്നാണ് അവരെ വിളിക്കുന്നത്. സഭാപ്രസംഗകൻതന്നെ മറ്റൊരിടത്തു പറയുന്നു: 'ഞാൻ ഗായകന്മാരെയും ഗായികമാരെയും ഏർപ്പെടുത്തി. മനുഷ്യപുത്രരുടെ സന്തോഷത്തിൽ വീഞ്ഞു പകരുന്ന സ്ത്രീപുരുഷന്മാരെയും ഏർപ്പെടുത്തി.'5



യൗസേപ്പും മറിയവും നമ്മുടെ കർത്താവിനെ അന്വേഷിച്ചു ചെന്ന് 'അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടികളിലും അത്ഭുതപ്പെട്ടു' (ലൂക്കോ. 2: 46ff). ഈ സന്ദർഭത്തിൽ, മറ്റു സന്ദർഭങ്ങളിലെന്നപോലെ, നമ്മുടെ രക്ഷകൻ, തന്റെ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന പുതിയ കാര്യങ്ങളെ പ്രാചീനരുടെ വീഞ്ഞുമായി കൂട്ടിക്കലർത്തുന്നുണ്ടോ എന്നു നമുക്കു നോക്കാം. എന്നാൽ ഈ അലങ്കാരസങ്കല്പത്തിന്റെ മഹത്ത്വം പൂർത്തിയാകുന്നത് താഴെ പറയുന്നിടത്താണ്: ജനക്കൂട്ടത്തെക്കണ്ടപ്പോൾ യേശു മലയിലേയ്ക്കു കയറി. അവൻ ജനങ്ങളെ പഠിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'കൊല്ലരുത്........എന്ന് പൂർവികരോടു പറയപ്പെട്ടിട്ടുണ്ടല്ലോ........എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, കാരണമില്ലാതെ സഹോദരനോടു കോപിക്കുന്നവൻ കുറ്റവാളിയായി വിധിക്കപ്പെടും........വ്യഭിചാരം ചെയ്യരുത് എന്ന് പൂർവികരോടു പറയപ്പെട്ടിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു.'6

അതിനാൽ അവിടുത്തെ അദ്ധ്യാപനം പൂർവികമായി നല്കപ്പെട്ട അദ്ധ്യാപനങ്ങളെ എത്രമാത്രം അതിവർത്തിക്കുന്നുവോ അത്രമാത്രം അവിടുത്തെ മാറിടം മാധുര്യമേറിയതായി അവൾ നിരീക്ഷിക്കുകയും ഉദ്ഘോഷിക്കുകയും ചെയ്യുന്നു. എന്നാൽ 'മനുഷ്യപുത്രൻ തിന്നുന്നവനും കുടിക്കുന്നവനുമായിവന്നു. അപ്പോൾ അവർ പറയുന്നു: ഇതാ വീഞ്ഞുകുടിയനും ഭോജനപ്രിയനുമായ മനുഷ്യൻ' (മത്താ. 11: 19) എന്ന വസ്തുതയും ഇവിടെ അപ്രസക്തമല്ല. കാനായിലെ കല്യാണവിരുന്നിൽ വിളമ്പിയ ആ വീഞ്ഞുതന്നെയാണിതെന്നും ഞാൻ വിചാരിക്കുന്നു. അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ അവിടുന്നുതന്നെ മറ്റൊരു വീഞ്ഞുണ്ടാക്കി. അതു വളരെനല്ല വീഞ്ഞാണെന്നും അതിനുമുമ്പുപയോഗിച്ച വീഞ്ഞിനെക്കാൾ വളരെ മെച്ചമായതാണെന്നും പ്രധാന കലവറക്കാരൻ സാക്ഷ്യപ്പെടുത്തി. കലവറക്കാരൻ ഇങ്ങനെ പറഞ്ഞു: 'എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു. അതിഥികൾക്കു ലഹരിപിടിച്ചു കഴിയുമ്പോൾ താഴ്ന്നതരവും. എന്നാൽ നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ' (യോഹ. 2: 1–10).

സോളമന്റെ കാര്യവും ഇവിടെ പരിഗണിക്കേണ്ടതായിട്ടുണ്ട്. ദൈവത്തിൽനിന്നു ലഭിച്ച ജ്ഞാനംമൂലം ഷേബായിലെ രാജ്ഞിയുടെ സ്നേഹാദരങ്ങൾ നേടാൻ അദ്ദേഹത്തിനു കഴിഞ്ഞു.

www.malankaralibrary.com



ചോദ്യങ്ങൾകൊണ്ട് അദ്ദേഹത്തെ പരീക്ഷിക്കാനായി അവൾ വന്നു. ഏതെല്ലാം കാര്യങ്ങളിലാണ് അദ്ദേഹത്തെ സംബന്ധിച്ച് ആ രാജ്ഞി ആശ്ചര്യപ്പെട്ടതെന്ന് വിശുദ്ധലിഖിതം പറയുന്നതു കേൾക്കുക. 'സോളമന്റെ ജ്ഞാനം, അവൻ പണിയിച്ച ഭവനം, മേശയിലെ വിഭവങ്ങൾ, സേവകന്മാർക്കുള്ള പീഠങ്ങൾ, ഭൃത്യന്മാരുടെ പരിചരണം, അവരുടെ വേഷം, പാനപാത്രവാഹകൻ, ദേവാലയത്തിൽ അവൻ അർപ്പിച്ച ദഹനബലികൾ എന്നിവ കണ്ടപ്പോൾ ഷേബാരാജ്ഞി അന്ധാളിച്ചുപോയി'[7] ഇത്യാദി. 'സോളമന്റെ വിജ്ഞാനം ശ്രവിക്കുവാൻ ഭൂമിയുടെ അതിർത്തിയിൽനിന്നു വന്ന' അവൾ (ലൂക്കാ. 11: 31) മററു കാര്യങ്ങളുടെകൂട്ടത്തിൽ അവന്റെ മേശയിലെ വിഭവങ്ങളെക്കുറിച്ചും പാനപാത്രവാഹകരെക്കുറിച്ചും ആശ്ചര്യപ്പെടുന്നു. അവ കാരണമായി അന്ധാളിച്ചുപോയി എന്നാണു പറഞ്ഞിരിക്കുന്നത്. ലോകത്തിന്റെ അങ്ങേ അററത്തുനിന്ന് സോളമന്റെ വിജ്ഞാനം കേൾക്കണം എന്ന ലക്ഷ്യത്തോടുകൂടി വന്നെത്തിയ രാജ്ഞി ശാരീരികമായ ഭക്ഷണത്തെയും വീഞ്ഞിനെയും പാനപാത്രവാഹകരെയും കുറിച്ച് അത്ഭുതപ്പെടത്തക്കവിധം അത്ര ബുദ്ധിയില്ലാത്തവളാണെന്ന് നാം വിചാരിച്ചാൽ അതു ശരിയായിരിക്കുമോ എന്നെനിക്കു സംശയമുണ്ട്. എല്ലാവർക്കുമുള്ള അത്തരം കാര്യങ്ങളിൽ ആ രാജ്ഞിയുടെ അത്ഭുതം അർഹിക്കത്തക്കവിധം എന്താണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളാകുന്ന ഭോജ്യങ്ങളെയും ദൈവികവിജ്ഞാനം മൂലം അദ്ദേഹം ഉച്ചരിച്ച വിധിപ്രസ്താവങ്ങളാകുന്ന വീഞ്ഞിനെയും കുറിച്ചാണ് അവൾ അദ്ഭുതംകൂറിയതു് എന്നു തോന്നുന്നു.

റേഹാബിന്റെ പുത്രനായ യോനാദാബിനെക്കുറിച്ച് ജറമിയാ പറയുന്ന കഥയിലും ഇതേ കാര്യം തീർച്ചയായി പ്രത്യക്ഷപ്പെടുന്നുണ്ട് (35). ജനങ്ങളുടെയിടയിൽ പാപം വ്യാപിക്കുകയും ദേശീയമായ ദുഷ്ടതകാരണം അടിമത്തത്തിന്റെ ഭീഷണി ആസന്നമായിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അവർ വീഞ്ഞു കുടിക്കാൻ ക്ഷണിക്കപ്പെട്ടു. തങ്ങളുടെ പിതാവായ ജോനാദാബ് തങ്ങൾ വീഞ്ഞു കുടിക്കരുതെന്ന് ആജ്ഞാപിച്ചിട്ടുണ്ടെന്ന് അവർ മറുപടി പറഞ്ഞു. അവരും അവരുടെ മക്കളും ഒരിക്കലും വീഞ്ഞു കുടിക്കുകയോ വീടു പണിയിക്കുകയോ വിത്തു വിതയ്ക്കുകയോ മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുകയോ ചെയ്യരുതെന്നും ജീവിതകാലം മുഴുവൻ കൂടാരങ്ങളിൽ വസിക്കണമെന്നും ആയിരുന്നു പിതാവിന്റെ കല്പന. പിതാവിന്റെ ആജ്ഞ അനുസരിക്കുകയും വീഞ്ഞു കുടിക്കാൻ വിസമ്മതിക്കുകയും ചെയ്തതു മൂലം അവർ കർത്താവിന്റെ കാരുണ്യത്തിനു പാത്രമായി. ആളുകളുടെ പാപങ്ങളും ദുഷ്ടതകളും മൂലം 'അവരുടെ മുന്തിരി സോദോമിലെയും ഗോമോറയിലെയും വയലുകളിൽ വളന്നു. അതിന്റെ പഴങ്ങൾ വിഷമയമായിരുന്നു; കുലകൾ തിക്തവും. അവരുടെ വീഞ്ഞു കരാളസർപ്പത്തിന്റെ വിഷമായിരുന്നു. ക്രൂരസർപ്പത്തിന്റെ കൊടിയ വിഷം' (ആവ. 32: 32 f.).



ജോനാദാബിന്റെ മക്കൾ അത്തരം വീഞ്ഞു കുടിക്കാൻ—അതായതു ദൈവവിശ്വാസത്തിനു വിരുദ്ധമായ പഠനങ്ങൾ സ്വീകരിപ്പാൻ വിസമ്മതിച്ചതുകൊണ്ടാണ് പ്രശംസയ്ക്കർഹരെന്ന് അവരെപ്പററി രേഖപ്പെടുത്തിയിട്ടുള്ളത്. സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ ദൈവം ഈജിപ്തുകാരുടെ മുന്തിരിത്തോട്ടങ്ങൾ നശിപ്പിച്ചുകളഞ്ഞതു് അവയിൽനിന്ന് അത്തരം വീഞ്ഞ് ഉണ്ടാകരുതെന്ന് കരുതിയായിരിക്കും (സങ്കീ. 104: 33).

അങ്ങനെ, വ്യത്യസ്ത തരങ്ങളിൽപ്പെട്ട വീഞ്ഞുകളെക്കുറിച്ചു നാം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, അവ വിഭിന്നങ്ങളായ അദ്ധ്യാപനങ്ങൾക്കു തുല്യമാണെന്നു ധരിച്ചിട്ടുണ്ടെങ്കിൽ, മണവാട്ടി ഇവിടെ 'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ മാധുര്യമുള്ളതാണെന്നു' പറയുമ്പോൾ, നല്ല വീഞ്ഞിനെയാണ് ചീത്ത വീഞ്ഞിനെയല്ല പരാമർശിക്കുന്നതെന്നു നാം മനസ്സിലാക്കണം: എന്തെന്നാൽ മണവാളന്റെ അദ്ധ്യാപനങ്ങൾ ചീത്ത അദ്ധ്യാപനങ്ങളോടല്ല, നല്ല അദ്ധ്യാപനങ്ങളോടു താരതമ്യപ്പെടുത്തിയിട്ടാണ് കൂടുതൽ മെച്ചമാണെന്നു പറയുന്നത്. അവൾ അതിനു മുമ്പും നല്ല വീഞ്ഞ് രുചിച്ചറിഞ്ഞിട്ടുണ്ട്, നിയമത്തിലും പ്രവാചകന്മാരിലും അവയെക്കുറിച്ചുള്ള വിചിന്തനംവഴി ഹൃദയസന്തോഷം സ്വീകരിക്കുന്നതിന് അവൾ സ്വയം തയാറാക്കി. അതിനുശേഷം മണവാളന്റെതന്നെ മാറിലൂടെ തന്റെ അടുത്തേക്കു വരാനുള്ള കൂടുതൽ വിശിഷ്ടവും സർവാതിശായിയുമായ തത്ത്വസഞ്ചയം സ്വീകരിക്കുന്നതിന് അവൾ തന്നെത്തന്നെ സന്നദ്ധയും പ്രാപ്തയുമാക്കി. അതുകൊണ്ടാണ് അവൾ പറയുന്നത്: 'അങ്ങയുടെ മാറിടം വീഞ്ഞിനേക്കാൾ മധുരമാകുന്നു' എന്ന്.

സുവിശേഷത്തിലെ താഴെ പറയുന്ന ഉപമ ഈ പറയുന്ന ആശയവുമായി യോജിച്ചു പോകുമോ എന്നു നമുക്കു നോക്കാം. 'സ്വർഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അതു കണ്ടെത്തുന്നവൻ അതു മറച്ചുവയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിററ് ആ വയൽ വാങ്ങുകയും ചെയ്യുന്നു' (മത്താ. 13: 44). ഈ നിധി ഏതെങ്കിലും മരുഭൂമിയിലോ, കാട്ടിലോ അല്ല ഒരു വയലിലാണ് ഒളിച്ചുവയ്ക്കപ്പെട്ടിട്ടുള്ളത്. ആ വയലിൽ വീഞ്ഞുണ്ടാക്കാൻ ഉപയുക്തമായ മുന്തിരിത്തോട്ടങ്ങളുണ്ട് എന്നതു തീർച്ചയാണ്. കണ്ടെത്തിയ ആൾ തനിക്കുള്ള

www.malankaralibrary.com



തെല്ലാം വിററിട്ട് ആ വയൽ വാങ്ങാൻ തക്കവിധം അമൂല്യമായ നിധി അതിലുണ്ട്. അതിനാൽ ആ വയൽ വാങ്ങിയ ആളിനു് അതിലെ വീഞ്ഞിനെക്കാൾ വിലപ്പെട്ടതായ നിധി അതിലുണ്ട് എന്നു പറയാൻ കഴിയും. അതുപോലെതന്നെ മണവാളനും അദ്ദേഹത്തിന്റെ മാറിടവും നല്ലതാകുന്നു. നിയമവും പ്രവാചകന്മാരുമാകുന്ന വയലിൽ ഒരു നിധിയെന്നപോലെ അദ്ദേഹം മറഞ്ഞിരിക്കുന്നു. അദ്ദേഹം അവയിലെ വീഞ്ഞിനെക്കാൾ അതായത്, അവ ഉൾക്കൊള്ളുന്ന പ്രകടവും സകലജനാഹ്ലാദകവുമായ അദ്ധ്യാപനത്തെക്കാൾ അധികമായ നന്മകൾക്ക് ഇരിപ്പിടമാണ്. അതിനാൽ മണവാളന്റെ മാറിടം നല്ലതായിരിക്കുന്നത് അറിവിന്റെയും വിവേകത്തിന്റെയും നിധികൾ തന്നിൽ മറഞ്ഞിരിക്കുന്നതുകൊണ്ടാണ്. അവ മണവാട്ടിക്കു വെളിപ്പെടുത്തുമ്പോൾ, നിയമവും പ്രവാചകന്മാരും വഴി തനിക്കു മുമ്പു ലഭിച്ചിട്ടുള്ള അദ്ധ്യാപനങ്ങളെക്കാൾ നല്ലതായി അവൾക്കു തോന്നും.

ഇനി മൂന്നാമത് ഒരു രീതിയിലുള്ള അർത്ഥവിശദീകരണത്തോടുകൂടി ഈ കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്കു ശ്രമിക്കാം.[8] പൂർണ്ണതനേടിയ ആത്മാവിനെയും ദൈവവചനത്തെയും സംബന്ധിച്ചതാണ് ആ വ്യാഖ്യാനം. ഒരു കാര്യം ഈ സന്ദർഭത്തിൽ നാം ഓർമിച്ചിരിക്കേണ്ടതുണ്ട്. ഒരാൾ ഒരു ശിശു ആയിരിക്കുമ്പോൾ, ദൈവത്തിനു പൂർണമായി സ്വയം സമർപ്പിക്കാത്ത അവസ്ഥയിൽ മുകളിൽ പറഞ്ഞ വയലിൽ ഉണ്ടായ വീഞ്ഞാണ് അയാൾ കുടിക്കുന്നത്. ആ വയലിൽ അപ്പോഴും ഒളിച്ചുവയ്ക്കപ്പെട്ട നിധിയുണ്ട്. താൻ പാനം ചെയ്യുന്ന വീഞ്ഞുകൊണ്ട് അവനു് ആഹ്ലാദം ലഭിക്കുന്നുമുണ്ട്. എന്നാൽ അവൻ ദൈവത്തിനു സ്വയം സമർപ്പിച്ച് വ്രതവാഗ്ദാനം ചെയ്ത് നസ്രായവ്രതം സ്വീകരിച്ചവൻ[9] ആയിക്കഴിയുമ്പോൾ, മറഞ്ഞിരിക്കുന്ന ആ നിധികൾ അവൻ കണ്ടെത്തും. ദൈവവചനത്തിന്റെ വക്ഷസ്സിലും ഉറവകളിലും അവൻ ചെന്നെത്തും. പിന്നെ അവൻ വീഞ്ഞോ മററു ലഹരിപദാർത്ഥങ്ങളോ കുടിക്കുകയില്ല. ജ്ഞാനവിജ്ഞാനങ്ങളുടെ ഈ നിധികളെക്കുറിച്ച് അവൻ 'ദൈവവചന'ത്തോടു പറയും 'അവിടുത്തെ മാറിടം വീഞ്ഞിനെക്കാൾ മധുരമാകുന്നു.'



## 3

'അങ്ങയുടെ അഭിഷേക തൈലത്തിന്റെ സൗരഭ്യം മറെറല്ലാ സുഗന്ധവസ്തുക്കളുടേതിനെയുംകാൾ ഉപരിയാണ്.'
(1. 3a–vg 1. 2a)

മണവാളനു് ചില സുഗന്ധതൈലങ്ങളുമുണ്ട്. അവയുടെ സുഗന്ധംകൊണ്ടു വധു ആഹ്ലാദിതയായിരിക്കുന്നു. അതിനാൽ അവൾ പറയുന്നു: 'അങ്ങയുടെ അഭിഷേകതൈലത്തിന്റെ സൗരഭ്യം മറെറല്ലാ സുഗന്ധ വസ്തുക്കളുടേതിനെയുംകാൾ ഉപരിയാണ്.' ഈ സുഗന്ധവസ്തുക്കൾ ഒരുതരം ഔഷധങ്ങളുമാണ്. മണവാട്ടിക്കു് ആ സുഗന്ധദ്രവ്യങ്ങളെക്കുറിച്ച് അറിവും പ്രയോഗപരിചയവുമുണ്ട്. നിയമത്തിന്റെയും പ്രവാചകന്മാരുടെയും വചനങ്ങളാണ് ആ സുഗന്ധവസ്തുക്കൾ. അവവഴി പരിമിതമായ തോതിലെങ്കിലും മണവാളന്റെ ആഗമനത്തിനുമുമ്പ് അവൾക്കു ദൈവശുശ്രൂഷയിൽ ബോധനവും പരിശീലനവും ലഭിച്ചിരുന്നു. അന്നവൾ ഒരു കൊച്ചുകുട്ടിയായിരുന്നു. ട്യൂട്ടർമാരും മേൽനോട്ടക്കാരും അദ്ധ്യാപകരുമെല്ലാം അവൾക്കു പരിശീലനം നൽകാനുണ്ടായിരുന്നു. വി. ലിഖിതം പറയുന്നു: 'നിയമം നമ്മെ ക്രിസ്തുവിങ്കലേക്കു നയിച്ച ഗുരു ആണ്.'[10] നാം കണ്ടതുപോലെ, ഇവയെല്ലാമാണ് അവൾ ചെറുപ്പത്തിൽ ഉപയോഗിച്ചിരുന്ന സുഗന്ധവസ്തുക്കൾ. അവയാൽ അവൾ പോഷിപ്പിക്കപ്പെടുകയും മണവാളനു യോഗ്യയാകാൻ തക്കവിധം തയ്യാറാക്കപ്പെടുകയും ചെയ്തു. 'എന്നാൽ സമയത്തിന്റെ പൂർണത വന്നെത്തുകയും' മണവാട്ടി വളർച്ചയെത്തുകയും ചെയ്തപ്പോൾ പിതാവു് 'പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ' തന്റെ ഏകപുത്രനെ ഈ ലോകത്തിലേയ്ക്കു് അയച്ചു. അപ്പോൾ ആ ദിവ്യതൈലത്തിന്റെ പരിമളം അനുഭവിക്കുകയും ഈ നവീനവും സ്വർഗീയവുമായ പരിമളതൈലത്തോടു താരതമ്യപ്പെടുത്തുമ്പോൾ അവൾ അതുവരെ ഉപയോഗിച്ചിട്ടുള്ള എല്ലാ സുഗന്ധവസ്തുക്കളും വളരെ താഴ്ന്നതരമാണെന്നും മനസ്സിലാക്കുകയും ചെയ്തിട്ട് അവൾ പറയുന്നു: 'അങ്ങയുടെ അഭിഷേകതൈലത്തിന്റെ സൗരഭ്യം മറെറല്ലാ സുഗന്ധവസ്തുക്കളുടേതിനെയുംകാൾ ഉപരിയാണ്.'

ക്രിസ്തു, മണവാളൻ എന്നപോലെ പുരോഹിതനും ആണല്ലോ. അവിടുന്നു് ദൈവത്തിനും മനുഷ്യർക്കും എല്ലാ സൃഷ്ടിജാലങ്ങൾക്കും മദ്ധ്യസ്ഥനായതുകൊണ്ടാണ് പുരോഹിതനായിരിക്കുന്നത്. അവർക്കുവേണ്ടി അവിടുന്നു പരിഹാരബലിയായി. ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി അവിടുന്നു ബലിയർപ്പിക്കപ്പെട്ടു. കളങ്കമോ ചുളിവോ മറെറന്തെങ്കിലും വൈകല്യമോ

www.malankaralibrary.com



ഇല്ലാത്തതായ സഭയോടു് ഒന്നുചേർന്നിരിക്കുന്നതുകൊണ്ടു് അവിടുന്നു മണവാളനാകുന്നു. ക്രിസ്തു ഇങ്ങനെ മണവാളനും പുരോഹിതനുമായതുകൊണ്ടു് ഒരു കാര്യം നാം പരിഗണിക്കേണ്ടിയിരിക്കുന്നു. പുരോഹിതന്മാർക്കുവേണ്ടി സുഗന്ധദ്രവ്യ നിർമാതാവിന്റെ കലാവൈദഗ്ദ്ധ്യം ഉപയോഗിച്ചു് ഒരഭിഷേകതൈലം നിർമിക്കുന്ന കാര്യം പുറപ്പാടു പുസ്തകത്തിൽ കല്പിക്കപ്പെട്ടിട്ടുണ്ടു്. ആ തൈലം ഇവിടെ പരാമൃഷ്ടമായ മണവാട്ടിയെ ആശ്ചര്യപ്പെടുത്തുന്ന സുഗന്ധതൈലത്തിന്റെ അർത്ഥം ഉൾക്കൊള്ളുന്നില്ലേ? അഹറോന്റെ അഭിഷേകത്തിനുള്ള തൈലം തയ്യാറാക്കിയതു് ഭൗമികവും ഭൗതികവുമായ പദാർത്ഥങ്ങൾകൊണ്ടത്രേ. അതേസമയം തന്റെ പ്രിയതമൻ ശരീരത്തിൽ പൂശിയിരിക്കുന്നതായി മണവാട്ടി കണ്ട സുരഭിലതൈലം ആദ്ധ്യാത്മികവും സ്വർഗീയവുമാകുന്നു. അതുകൊണ്ടല്ലേ 'അവിടുത്തെ ശരീരത്തിൽ പൂശിയിരിക്കുന്ന സുരഭിലതൈലം മറ്റെല്ലാ സുഗന്ധദ്രവ്യങ്ങളെയും അതിശയിക്കുന്നു' എന്നു മണവാട്ടി പറയുന്നതു്.

അഹറോനുവേണ്ടിയുള്ള മുൻപറഞ്ഞ സുഗന്ധതൈലം ഉണ്ടാക്കിയതു് എങ്ങനെയെന്നു നമുക്കു നോക്കാം. വി. ഗ്രന്ഥം പറയുന്നു: 'കർത്താവു മോശയോടു് അരുളിച്ചെയ്തു: മികച്ച സുഗന്ധദ്രവ്യങ്ങൾ എടുക്കുക. വിശുദ്ധ മന്ദിരത്തിൽ നിലവിലിരിക്കുന്ന ഷെക്കലിന്റെ കണക്കനുസരിച്ചു് അഞ്ഞൂറു ഷെക്കൽ വിശേഷപ്പെട്ട മീറപ്പൊടി, ഇരുന്നൂറ്റമ്പതു ഷെക്കൽ സുഗന്ധമുള്ള കറുവാപ്പട്ടയും ഇരുന്നൂറ്റമ്പതു ഷെക്കൽ സുഗന്ധസസ്യവും അഞ്ഞൂറുഷെക്കൽ അമരിപ്പട്ടയും ഒരു ഹീൻ ഒലിവെണ്ണയും എടുക്കുക. സുഗന്ധതൈലങ്ങൾ നിർമിക്കുന്ന വിദഗ്ധനെപ്പോലെ ഇവയെല്ലാം കൂട്ടിക്കലർത്തി ഒരു വിശുദ്ധ തൈലമുണ്ടാക്കണം. അതു വിശുദ്ധമായ അഭിഷേകതൈലമായിരിക്കും (പുറ. 30: 22–25).

നിയമ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഇക്കാര്യങ്ങളെല്ലാം മണവാട്ടി തീർച്ചയായും കേട്ടിരിക്കും. എന്നാൽ ഇപ്പോളാണവൾക്കു് അവയുടെ അർത്ഥവും സത്യവും പിടികിട്ടുന്നതു്. അഭിഷേക തൈലത്തിനുവേണ്ടി മുകളിൽ നിർദേശിച്ച നാലു സുഗന്ധവസ്തുക്കൾ ദൈവവചനത്തിന്റെ മനുഷ്യാവതാരത്തെ പ്രതീകവത്കരിക്കുന്നു. നാലു് അടിസ്ഥാന പദാർത്ഥങ്ങളുടെ സംയുക്തമായ ഒരു ശരീരം അവിടുന്നു സ്വീകരിച്ചു. ആ ശരീരത്തിൽ മീറ എന്നതു് താൻ അനുഭവിച്ച മരണത്തെ സൂചിപ്പിക്കുന്നു. ജനങ്ങൾക്കുവേണ്ടി പുരോഹിതൻ എന്ന നിലയിലും സഭയ്ക്കുവേണ്ടി മണവാളൻ എന്ന നിലയിലുമാണു് അവിടുന്നു മരണം കൈവരിച്ചതു്. എഴുതപ്പെട്ടിട്ടുള്ളതു് വെറും മീറയെന്നല്ല, മീറപ്പൊടി എന്നാണു്. അതും വിശേഷപ്പെട്ട മീറയുടെ. മീറകൊണ്ടു



സൂചിതമാകുന്നതു അവിടുത്തെ മരണം മാത്രമല്ല; 'താൻ മരിച്ചവരിൽനിന്നുള്ള ആദ്യജാതനാകു'മെന്നും 'അവന്റെ മരണത്തിനു സദൃശ്യമായ ഒരു മരണത്തിൽ അവനോടു് ഐക്യപ്പെട്ടവർ' വിളിക്കപ്പെടുക മാത്രമല്ല, തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുമെന്നും ആണു്. കറ്റമറ്റ 'കറുവാപ്പട്ട' പരാമൃഷ്ടമായിട്ടുള്ളതു് തീർച്ചയായും സഭയെ സംബന്ധിച്ചാകുന്നു. 'അവിടുന്നു് അവളെ ജലംകൊണ്ടു കഴുകി കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്തവളാക്കി' (എഫേ. 5: 25–27). ഞാങ്ങണയും സ്വീകൃതമായിട്ടുണ്ടു്. കാരണം അവന്റെ നാവു് സമർത്ഥനായ എഴുത്തുകാരന്റെ തൂലികയാണു് (സങ്കീ. 45: 2). ചായത്തിന്റെ മസൃണത അവിടുത്തെ അദ്ധ്യാപനത്തിന്റെ ദയാപൂർണ്ണത സൂചിപ്പിക്കുന്നു. ഉപയോഗിച്ചിരിക്കുന്ന അമരിപ്പട്ട വളരെ ചൂടും എരിവുമുള്ളതാണു് എന്നു നമ്മോടു പറയപ്പെട്ടിട്ടുണ്ടു്. അതു് ഒന്നുകിൽ പരിശുദ്ധാത്മാവിന്റേതായ തീക്ഷ്ണത സൂചിപ്പിക്കുന്നു. അല്ലെങ്കിൽ അതു് വരാനിരിക്കുന്ന അഗ്നികൊണ്ടുള്ള വിധിയുടെ ഒരു മാതൃകയാണു്.

അഞ്ഞൂറു് അല്ലെങ്കിൽ ഇരുന്നൂറ്റമ്പതു് എന്ന സംഖ്യ താഴെ പറയുന്ന രണ്ടാശയങ്ങൾ സൂചിപ്പിക്കുന്നതാകാം. ഒന്നു്—അഞ്ചു തരം ഇന്ദ്രിയവേദനങ്ങളും നൂറു മടങ്ങായി തന്നിൽ പരിപൂർണ്ണത നേടിയിരിക്കുന്നു. രണ്ടു്—ക്ഷമിക്കാവുന്ന സംഖ്യയാണു് അമ്പതു്. അതിന്റെ അഞ്ചിരട്ടിയായ ഇരുന്നൂറ്റമ്പതു് ക്രിസ്തു വഴി നമുക്കു ലഭിക്കുന്ന പാപമോചനത്തെ സൂചിപ്പിക്കുന്നു (ലേവ്യ. 25: 10).

ഈ പറഞ്ഞ വസ്തുക്കളെല്ലാം സംശുദ്ധമായ എണ്ണകൊണ്ടു് യോജിപ്പിക്കപ്പെടുന്നു. ഇതു രണ്ടു കാര്യങ്ങളെയാണു സൂചിപ്പിക്കുന്നതു്. ഒന്നു്, താൻ ദൈവത്തിന്റെ രൂപത്തിലായിരിക്കെ ദാസന്റെ രൂപമെടുത്തു എന്നതാണു് ഏകമാത്രമായ കാരുണ്യത്തിനു കാരണം. രണ്ടു്, ക്രിസ്തുവിലേക്കു സ്വീകരിക്കപ്പെട്ട പാദാർത്ഥികസ്വഭാവമുള്ള വസ്തുക്കൾ എല്ലാം ചേർത്തു് ഒന്നാക്കപ്പെട്ടു, അതായതു് 'മദ്ധ്യസ്ഥൻ' എന്ന വ്യക്തി. അതിനാൽ എണ്ണ എന്ന ആ പദാർത്ഥത്തെ സന്തോഷത്തിന്റെ എണ്ണ എന്നു വിളിക്കാവുന്നതല്ല. എന്നാൽ ഈ എണ്ണ—ക്രിസ്തുവിന്റെ അഭിഷേകം ചെയ്ത പരിശുദ്ധാത്മാവാകുന്ന തൈലം—സന്തോഷത്തിന്റെ എണ്ണയെന്നു യുക്തമായി വിളിക്കപ്പെടുന്നു. അതിന്റെ സുഗന്ധം അനുഭവപ്പെടുമ്പോൾ മണവാട്ടി ആശ്ചര്യപ്പെടുന്നു. സന്തോഷം പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നായതുകൊണ്ടാണു് അതിനെ സന്തോഷത്തിന്റെ തൈലം എന്നു വിളിക്കുന്നതു്. 'നീതിയെ സ്നേഹിക്കുകയും ദുഷ്ടതയെ വെറുക്കുകയും ചെയ്തവനെ' ആ

www.malankaralibrary.com



തൈലം കൊണ്ടു ദൈവം അഭിഷേകം ചെയ്തു. വി. ഗ്രന്ഥം പറയുന്നു: 'അതിനാൽ, അവന്റെ കർത്താവായ ദൈവം അവനെ തന്റെ കൂട്ടരെക്കാൾ ഉപരിയായി സന്തോഷത്തിന്റെ തൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു.'[11] അതിനാൽ അവൻ ദേഹത്തണിഞ്ഞ തൈലത്തിന്റെ സൗരഭ്യം മറ്റെല്ലാ സുഗന്ധവസ്തുക്കളുടെയുംകാൾ ഉപരിയാകുന്നു.

ദൈവവചനത്തോടു സ്നേഹത്തിലും തനിക്കുവേണ്ടിയുള്ള ആഗ്രഹത്തിലും ബദ്ധമായ ഒരാത്മാവിനെക്കുറിച്ചു പറയുമ്പോൾ ഈ വാക്കുകൾക്ക് ഇതേ രീതിയിലുള്ള മറ്റൊരർത്ഥം നൽകാം. ദൈവവചനത്തെക്കുറിച്ചുള്ള ജ്ഞാനത്തിൽ എത്തിച്ചേരുന്നതിനു മുമ്പായി തനിക്കു പഠനവും പരിശീലനവും ലഭിച്ച വിവിധതരം ബോധനങ്ങളിലൂടെ അവൾ കടന്നുപോന്നിരിക്കും. ആ ബോധനങ്ങൾ നീതിശാസ്ത്രത്തിൽ അധിഷ്ഠിതമാകാം, അഥവാ, പ്രകൃതിവിജ്ഞാനത്തിൽ അധിഷ്ഠിതമാകാം. അവയെല്ലാം ആ ആത്മാവിനെ സംബന്ധിച്ച് വിവിധ സുഗന്ധവസ്തുക്കളായിരുന്നു. അവ വഴിയായി ആശാസ്യമായ സ്വഭാവ ഘടനയും പെരുമാറ്റത്തിൽ പുരോഗതിയും അവൾക്കു ലഭിച്ചു. അവയിൽ ലോകത്തിന്റെ അന്തസ്സാരഹീനത വെളിപ്പെടുകയും നശ്വര വസ്തുക്കളുടെ വഞ്ചനാപരമായ ആശ്ചര്യങ്ങൾ തിരസ്കൃതമാവുകയും ചെയ്തിട്ടുണ്ടല്ലോ.

അവയെല്ലാം ആത്മാവിന്റെ സുഗന്ധദ്രവ്യങ്ങളും സൗന്ദര്യവർദ്ധക പദാർത്ഥങ്ങളും ആയിരുന്നു. ഒടുവിൽ അവൾ ആദ്ധ്യാത്മികരഹസ്യങ്ങളുടെയും വിധികളുടെയും അറിവിൽ എത്തിച്ചേർന്നിരിക്കുന്നു. വിജ്ഞാനത്തിന്റെ പ്രവേശനകവാടത്തിൽത്തന്നെ അവൾ വന്നുചേർന്നിരിക്കുകയാണ്. ആ വിജ്ഞാനം ഈ ലോകത്തിന്റേതല്ല, ഇല്ലായ്മയിൽ എത്തിച്ചേരുന്ന ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടേതുമല്ല; പ്രത്യുത ദൈവത്തിൽനിന്നുള്ള ജ്ഞാനമാകുന്നു. പരിപൂർണ്ണത നേടിയവർ അതിനെക്കുറിച്ചു ചർച്ചകൾ നടത്തുന്നു. മുൻതലമുറകൾക്ക് അജ്ഞാതമായിരുന്ന ആ രഹസ്യം മനുഷ്യമക്കൾക്കു വെളിപ്പെടുത്തപ്പെട്ടപ്പോൾ,—അത്ര മഹത്തായ ഈ രഹസ്യത്തിന്റെ അവബോധത്തിലേക്ക് ആത്മാവ് ആരോഹണം ചെയ്തുകഴിഞ്ഞപ്പോൾ—'അങ്ങയുടെ ലേപനതൈലത്തിന്റെ സുഗന്ധം'—അതായത് ആ പുതിയ അറിവിന്റെ ആദ്ധ്യാത്മികവും ആത്മാനുഭൂതിപരവുമായ അർത്ഥങ്ങൾ, സന്മാർഗശാസ്ത്രപരവും, ഭൗതികവിജ്ഞാനപരവുമായ എല്ലാ 'സുഗന്ധ വസ്തുക്ക'ളെക്കാൾ ശ്രേഷ്ഠമാണെന്നു പറയാൻ അവൾക്കു ന്യായമുണ്ട്.

ഉത്തമഗീതത്തിന്റെ ചില പകർപ്പുകളിൽ 'അവിടുത്തെ വചസ്സുകൾ, വീഞ്ഞിനേക്കാൾ മെച്ചമാകുന്നു' എന്നൊരു പാഠാന്തരം കാണുന്നുണ്ട് എന്ന വസ്തുതയും നമുക്ക് അവഗണിക്കാവുന്നതല്ല. ആദ്ധ്യാത്മിക വ്യാഖ്യാനത്തിൽ നാം വിശദീകരിച്ച കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ സ്പഷ്ടമായ ഒരർത്ഥം ഈ പാഠാന്തരത്തിൽനിന്നു ലഭിക്കുന്നുവെന്നു തോന്നാം. എന്നാൽ എഴുപതു വ്യാഖ്യാതാക്കൾ സ്വീകരിച്ച കാര്യങ്ങളെയാണ് ഈ വിഷയത്തിൽ ഞാൻ അനുവർത്തിക്കുന്നത്. എന്തെന്നാൽ ദൈവികലിഖിതങ്ങളിൽ ദിവ്യരഹസ്യങ്ങളെ സംബന്ധിച്ച പ്രയോഗങ്ങൾ ആവരണം ചെയ്യപ്പെട്ടിരിക്കണമെന്നും പരസ്യമായും തുറസ്സായ സ്ഥലത്തും പ്രദർശിപ്പിക്കപ്പെടരുതെന്നും പരിശുദ്ധാത്മാവു തിരുമനസ്സായി എന്നെനിക്കു നിശ്ചയമുണ്ട്.



## 4

'നിന്റെ നാമം പകർന്ന തൈലംപോലെയാണ്. അതുകൊണ്ട് കന്യകമാർ നിന്നെ പ്രേമിച്ചു. അവർ നിന്നെ ആകർഷിച്ചു. ഞങ്ങൾ നിന്റെ പിറകേ, നിന്റെ ലേപനതൈലത്തിന്റെ സുഗന്ധത്തിലേക്ക് ഓടിയെത്തും' (I. 3b; 4ab–Vg 1·2b· 3ab).

മുൻ ഉദ്ധരണങ്ങൾ വിശദീകരിച്ചപ്പോൾ നാം സ്വീകരിച്ച പദാർത്ഥാനുസാരിയായ വ്യാഖ്യാനസമ്പ്രദായം ഇപ്പോൾ നമ്മുടെ മുമ്പിലുള്ള ആ ഉദ്ധരണത്തെ സംബന്ധിച്ചും യുക്തംതന്നെ. കഥാപാത്രങ്ങൾ തമ്മിൽ ചില മാറ്റങ്ങൾ ഉണ്ടാകുന്നതുവരെ ആ സമ്പ്രദായം യുക്തമായിരിക്കും. ഈ വ്യാഖ്യാനത്തിൽ നാം സ്വീകരിച്ച നാടകീയമായ സംഭവക്രമം യഥാർത്ഥത്തിൽ അത് ആവശ്യപ്പെടുന്നു. ഈ വാക്കുകളിൽ ഒരു പ്രവചനം നമുക്കു കാണാൻ കഴിയും. ക്രിസ്തുവിനെക്കുറിച്ചു മണവാട്ടിതന്നെ പറയുന്നതാണത്: 'നമ്മുടെ രക്ഷകനായ കർത്താവിന്റെ ആഗമനത്തിൽ തന്റെ നാമം എല്ലായിടത്തും പരക്കും. എല്ലായിടത്തും മാധുര്യം പരത്തുന്ന ഒരു സൗന്ദര്യമാകത്തക്കവിധം അത് ഈ ഭൂഗോളമെങ്ങും വ്യാപിക്കും.' അപ്പസ്തോലൻ പറയുന്നുണ്ടല്ലോ: 'ഞങ്ങൾ എല്ലായിടത്തും ക്രിസ്തുവിന്റെ സൗരഭ്യമാകുന്നു. ഒരുവനു മരണത്തിൽനിന്നു മരണത്തിലേയ്ക്കുള്ള സൗരഭ്യവും അപരനു ജീവനിൽനിന്നു ജീവനിലേയ്ക്കുള്ള സൗരഭ്യവും' (2 കൊറി. 2: 14–16).

അത് എല്ലാവർക്കും ജീവനിൽനിന്നു ജീവനിലേക്കുള്ള സൗരഭ്യമായിരുന്നെങ്കിൽ ഈ സ്ഥലത്ത് നമുക്ക് തീർച്ചയായും ഇങ്ങനെ വായിക്കാൻ സാധിക്കുമായിരുന്നു: 'അവരെല്ലാവരും അങ്ങയെ സ്നേഹിച്ചു, അങ്ങയെ ആകർഷിച്ചു.' എന്നാൽ ഇവിടെ പറയ

www.malankaralibrary.com



പ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്: 'അങ്ങേ നാമം തൈലമെന്നനിലയ്ക്ക് പകർന്നപ്പോൾ അവർ അങ്ങയെ സ്നേഹിച്ചു.' പഴയ മനുഷ്യനിൽ വേഷമണിഞ്ഞ പഴയ ചെറിയ ആത്മാക്കളല്ല, കളങ്കവും ചുളിവും ഉള്ളവരുമല്ല, 'കന്യകകളാ'ണ് സ്നേഹിച്ചത്, അതായത് പ്രായത്തിലും സൗന്ദര്യത്തിലും വളർന്നുവരുന്ന പുതിയ ആത്മാക്കൾ. ദൈവാഭീഷ്ടമനുസരിച്ച് അനുദിനം നവീകരണം നേടുന്ന ആത്മാക്കളാണവർ.

അതിനാൽ സമൃദ്ധമായ ജീവനിൽ വളർന്നു മുന്നേറുന്ന യൗവനം നിറഞ്ഞ ആ ആത്മാക്കൾക്കുവേണ്ടി ദൈവത്തിന്റെ രൂപത്തിലായിരുന്നവൻ സ്വയം ശൂന്യനാക്കി. തന്റെ നാമം പകർന്ന സുഗന്ധതൈലം പോലെ ആകുന്നതിനും മേലിൽ താൻ അനഭിഗമ്യമായ പ്രകാശത്തിലും ദൈവത്തിന്റെ രൂപത്തിലും വസിക്കുന്നവനാകാതെ ഇരിക്കുന്നതിനുംവേണ്ടിയായിരുന്നു അത്. വചനം മാംസമാകണം, ഈ കന്യകാത്മാക്കൾ അവരുടെ പുരോഗതിയുടെ ആരംഭത്തിൽ അവിടുത്തെ സ്നേഹിക്കുക മാത്രമല്ല, അവിടുത്തെ തങ്ങളിലേയ്ക്ക് ആകർഷിക്കുകയും ചെയ്യണം. ഓരോ ആത്മാവും അതിന്റെ പ്രാപ്തിയും വിശ്വാസവും അനുസരിച്ച് ദൈവവചനത്തെ തന്നിലേയ്ക്ക് ആകർഷിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ആത്മാക്കൾ ദൈവവചനത്തെ ഇപ്രകാരം തങ്ങളിലേയ്ക്കു സംവഹിച്ചുകഴിയുമ്പോൾ, അവിടുത്തെ സ്വന്തം മനസ്സുകളിലും ധാരണകളിലും ഒട്ടിച്ചുചേർത്തുകഴിയുമ്പോൾ, അവിടുത്തെ സൗരഭ്യത്തിന്റെയും മാധുര്യത്തിന്റെയും ആഹ്ളാദകത്വം അനുഭവിച്ചു കഴിയുമ്പോൾ, അവിടുത്തെ ലേപനതൈലത്തിന്റെ സൗരഭ്യം സ്വീകരിക്കുകയും തന്റെ ആഗമനത്തിന്റെ കാരണവും രക്ഷാകരപ്രവർത്തനത്തിന്റെ ലക്ഷ്യവും മനസ്സിലാക്കുകയും ചെയ്തുകഴിയുമ്പോൾ, യാതൊരു സ്നേഹത്താൽ പ്രചോദിതനായി അമർത്യനായ അവിടുന്ന് മനുഷ്യരക്ഷയ്ക്കുവേണ്ടി കരിശുമരണംപോലും അനുഭവിച്ചു എന്നറിയുമ്പോൾ, ഈ കന്യകാത്മാക്കൾ ദിവ്യവും അവർണ്ണനീയവുമായ ഒരു പരിമളത്താലെന്നപോലെ ഇവയാലെല്ലാം ആകർഷിക്കപ്പെട്ട് ഊർജസ്വലതയും ഉത്സാഹപ്രകർഷവും നിറഞ്ഞവരായി തന്റെ പിന്നാലെ ഓടിയടുക്കും; തന്റെ മാധുര്യത്തിന്റെ സുഗന്ധത്തിലേയ്ക്കു പാഞ്ഞെത്തും. ആ സമീപനം മന്ദഗതിയിലോ അലസപാദങ്ങളോടുകൂടിയോ ആയിരിക്കയില്ല, വേഗത്തിൽ, സാദ്ധ്യമായ മുഴുവൻ വേഗതയോടുംകൂടി ആയിരിക്കും. 'എനിക്കു സമ്മാനം ലഭിക്കത്തക്കവിധം ഞാൻ ഓടി' (1 കൊറി. 9: 24) എന്നു പറഞ്ഞയാളിനെപ്പോലെ.

ഇവിടെ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണല്ലോ: 'നിന്റെ നാമം പകർന്ന തൈലംപോലെയാണ്. അതുകൊണ്ടു കന്യക-



മാർ നിന്നെ പ്രേമിച്ചു. നിന്നെ ആകർഷിച്ചു. നിന്റെ തൈലങ്ങളുടെ സൗരഭ്യത്തിലേയ്ക്കു ഞങ്ങൾ നിന്റെ പിന്നാലെ ഓടും.' കന്യകമാർ ക്രിസ്തുവിനെ തങ്ങളിലേക്കു് ആകർഷിക്കുന്നു. ഇതു തീർച്ചയായും സഭകളെ പരാമർശിക്കുന്ന ഒരു പ്രസ്താവമായി സ്വീകരിക്കാം. അവ പരിപൂർണതയിലെത്തുമ്പോൾ ഒററ സഭയായിത്തീരുന്നു. എന്നാൽ പരിശീലനത്തിൽ ഇരിക്കുകയും പുരോഗതി നേടുകയും ചെയ്യുന്ന സന്ദർഭത്തിൽ അവ വെവ്വേറെ കന്യകകളത്രേ. ഈ സഭകൾ വിശ്വാസംവഴി ക്രിസ്തുവിനെ തങ്ങളിലേക്കു് ആകർഷിക്കുന്നു. എന്തെന്നാൽ തന്റെ നാമത്തിലുള്ള വിശ്വാസത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു ചേരുന്നതായി കാണുമ്പോൾ ക്രിസ്തു അവിടെ എത്തിച്ചേരുന്നു, അവരുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. അവരുടെ വിശ്വാസത്താൽ ആകൃഷ്ടനായിട്ടും അവരുടെ മനസ്സിന്റെ ഐക്യത്താൽ വിളിക്കപ്പെട്ടും ആണ് അവിടുന്നു അങ്ങനെ ചെയ്യുന്നത്.12

ഇനി ആദ്യം ധർമശാസ്ത്രത്തിൽ പരിശീലനം നൽകപ്പെടുകയും പിന്നീടു പ്രകൃതിശാസ്ത്രത്തിൽ പരിശീലനം നേടുകയും ചെയ്ത ഒരാത്മാവിനെ പരാമർശിക്കുന്നതായി ഈ ഉദ്ധരണത്തിനു് മൂന്നാമതൊരു വ്യാഖ്യാനം കൊടുക്കുന്നത് ഉചിതമായി നാം കരുതുന്നു. അപ്പോൾ 'ദൈവവചനം' ആകർഷിക്കപ്പെടുന്നത് അല്പം മുൻപു പറഞ്ഞതുപോലെ ഈ വിഷയങ്ങളുടെ പഠനത്തിൽനിന്നു സംലബ്ധമാകുന്ന നന്മകളാലാണ്. അതായത്—സ്വഭാവപരിഷ്കരണം, കാര്യവിജ്ഞാനം പെരുമാററത്തിലെ സത്യസന്ധത മുതലായവ. നന്മയിൽ പരിശീലനം നേടിയ ആത്മാക്കളാൽ ആകർഷിക്കപ്പെടാനും അവയുടെ അടുത്തുചെന്നെത്താനും അവിടുന്നു സന്നദ്ധനാണ്. താൻ അവയുടെ ആകർഷണം ഉപചാരപൂർവം സ്വീകരിക്കുന്നു. ദയാപൂർവം വഴങ്ങുന്നു.

ഇവിടെ ഞാനൊന്നു ചോദിക്കട്ടെ: അവന്റെ വെറും നാമം പകർന്ന തൈലംപോലെ ആയിത്തീർന്നു കന്യകമാരുടെ ഹൃദയങ്ങളെ അത്രയേറെ ചലിപ്പിച്ചു. ആദ്യം അവർ അവിടുത്തെ തങ്ങളിലേക്കു് ആകർഷിച്ചു. തന്നെ അവരുടെ സമീപത്തു ലഭിച്ചുകഴിഞ്ഞപ്പോൾ തന്റെ ലേപനതൈലത്തിന്റെ സൗരഭ്യം അനുഭവിക്കുകയും ഉടൻ തന്റെ പിറകെ ഓട്ടം പിടിക്കുകയും ചെയ്തു. തന്റെ പേരു കേട്ടതുകൊണ്ടു മാത്രം ഇത്രയുമൊക്കെ സംഭവിച്ചെങ്കിൽ തന്റെ യഥാർത്ഥ വ്യക്തിത്വം എന്തു പ്രതികരണമായിരിക്കും ഉളവാക്കുക? എന്നെങ്കിലും ഏതെങ്കിലും വിധത്തിൽ, അഗ്രാഹ്യവും അവർണനീയവുമായ തന്റെ യഥാർത്ഥ വ്യക്തിത്വത്തിൽ എത്തിച്ചേരാൻ ഈ കന്യകമാർക്കു് കഴിഞ്ഞെങ്കിൽ എന്തു ശക്തിയും ഓജസ്സുമായിരിക്കും അവർക്കതിൽനിന്നു സംലബ്ധമാവുക? എന്നെങ്കിലും അവർക്കതിനു കഴിഞ്ഞാൽ പിന്നെ അവർ

www.malankaralibrary.com



നടക്കുകയോ ഓടുകയോ ആയിരിക്കുകയല്ല ചെയ്യുന്നത്. പിന്നെയോ തന്റെ സ്നേഹത്തിന്റെ കരങ്ങളാൽ ബന്ധിതരായി അവർ തന്നോടു പറ്റിച്ചേരും. അവിടെനിന്നു വേർപെടാൻ പിന്നെ കരുത്തുണ്ടാവുകയില്ല. അവർ തന്നോടു ചേർന്ന് ഒറ്റ ആത്മാവായിത്തീരും. 'പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ഒന്നായിരിക്കുന്നതുപോലെ, ഇവരും നമ്മിൽ ഒന്നായിത്തീരട്ടെ.' 13 എന്ന് എഴുതപ്പെട്ടിരിക്കുന്നത് അവരിൽ നിറവേറും.

ഇതേസമയം മണവാട്ടി തന്റെ കൂട്ടുകാരായി അനവധി കന്യകമാരെ സ്വീകരിച്ചിട്ടുണ്ടെന്നു നമുക്കു കാണാം. അല്പം കൂടെ കഴിയുമ്പോൾ അവർ അസംഖ്യമാണെന്ന പ്രസ്താവം നമുക്കു കാണാം (ഉത്തമ. 6: 7). ഗന്ധം എന്ന ഒരൊറ്റ ഇന്ദ്രിയാനുഭൂതിയുടെ പ്രേരണമൂലമാണ് താൻ മണവാളന്റെ സുഗന്ധതൈലങ്ങളുടെ സമീപത്തേയ്ക്ക് ഓടുന്നതെന്ന് മണവാട്ടി പറയുന്നു. അവർ ഇനിയും ഓടാനും മുന്നോട്ടു പോകാനും ആഗ്രഹിക്കുന്നതുകൊണ്ടാകാം ഇത്. അഥവാ, അവർ പരിപൂർണതയിലെത്തിയെങ്കിലും തോഴികളായ കന്യകമാർക്കുവേണ്ടിയാകാം അതിനുമുതിരുന്നത്. അവർക്ക് ഇനിയും ഓടുകയും മുമ്പോട്ടു പോവുകയും ചെയ്യേണ്ടതായിട്ടുണ്ട്. 'നിയമത്തിൻ കീഴുള്ളവരെ നേടേണ്ടതിന്, നിയമത്തിനു വിധേയനല്ലെന്നിരിക്കിലും, ഞാൻ അവരെപ്പോലെയായി. നിയമത്തിനു പുറമെയുള്ളവരെ നേടേണ്ടതിന് ഞാൻ അവർക്കു നിയമമില്ലാത്തവനെപ്പോലെയായി' എന്നു പറഞ്ഞ അപ്പസ്തോലനെപ്പോലെ അവർ പ്രവർത്തിക്കുകയാവാം (1 കൊറി. 9: 21).

നാം പറഞ്ഞപോലെ തന്റെ ഗന്ധംമാത്രം ലഭിച്ചുകഴിഞ്ഞപ്പോൾ ഉള്ള സ്ഥിതിയാണിത്. 'ദൈവവചനം' അവരുടെ ദർശന, ശ്രവണ, സ്പർശന, രസനങ്ങളെയെല്ലാം സ്വാധീനത്തിലാക്കിക്കഴിയുമ്പോൾ പഞ്ചേന്ദ്രിയങ്ങൾ ഓരോന്നും അതതിന്റെ സ്വഭാവത്തിനും കഴിവിനും ചേരുന്ന വിശിഷ്ടാനുഭൂതികൾ തന്നിൽനിന്നു ലഭിച്ചുകഴിയുമ്പോൾ ആ കന്യകമാർ എന്തായിരിക്കും ചെയ്യുക? കണ്ണുകൾ 'ദൈവത്തിന്റെ ഏക പുത്രൻ എന്ന നിലയിലുള്ള തന്റെ മഹത്ത്വം' ദർശിച്ചുകഴിഞ്ഞാൽപ്പിന്നെ വേറെയൊന്നും കാണാൻ ആഗ്രഹിക്കുകയില്ല. കാതുകളാകട്ടെ 'ജീവന്റെയും രക്ഷയുടെയും വചസ്സുകൾ' തന്നിൽനിന്നു ശ്രവിച്ചുകഴിഞ്ഞാൽപ്പിന്നെ വേറൊന്നും കേൾക്കാൻ അഭിലഷിക്കുകയില്ല.

'ജീവന്റെ വചനം' കൈകാര്യം ചെയ്ത കരം ഭൗതികമായ ഏതെങ്കിലും വസ്തു പിന്നെ കൈകാര്യം ചെയ്യുകയില്ല.



പൊട്ടുന്നതോ തകരുന്നതോ ആയ ഒരു പദാർത്ഥവും അതിന് അഭിമതമായിരിക്കുകയില്ല. ദൈവത്തിന്റെ നല്ല വചനവും തന്റെ മാംസവും സ്വർഗത്തിൽനിന്നിറങ്ങിവന്ന അപ്പവും രുചിച്ച രസനയ്ക്ക് മറ്റൊന്നിന്റെയും സ്വാദിൽ അഭിരമിക്കാൻ സാധിക്കുകയില്ല. തന്റെ സ്വാദ് അത്രയേറെ മധുരവും ആഹ്ലാദകരവുമായതിനാൽ അതനുഭവിച്ചതിനു മറ്റെന്തിന്റെയും സ്വാദ് രൂക്ഷവും ദുസ്സഹവുമായിത്തോന്നും. അതിനാൽ അവിടുന്നു മാത്രമാകും അവനു ഭക്ഷണം. അവൻ എക്കാലവും ആഗ്രഹിച്ചിട്ടുള്ള മാധുര്യം മുഴുവൻ അങ്ങയിൽ അവന് അനുഭവപ്പെടും. എല്ലാത്തരം ആവശ്യങ്ങൾക്കും യോജിച്ചവിധം സ്വയം ഇണങ്ങിച്ചേരാൻ ദൈവപുത്രനു കഴിയുമല്ലോ.

അനശ്വരമായ ബീജത്തിൽനിന്ന് വീണ്ടും ജനിക്കുന്നവർക്ക് അവിടുന്ന് പരിശുദ്ധവും ആത്മീയവുമായ പാൽ ആയിത്തീർന്നിരിക്കുന്നു. ചില കാര്യങ്ങളിൽ ദുർബലരായിട്ടുള്ളവർക്ക് താൻ ഉദാരമായ ആതിഥ്യവ്യഗ്രതയോടെ രോഗമോചനം നല്കുന്ന ഔഷധങ്ങളായി സ്വയം ദാനം ചെയ്യുന്നു. ഇനിയും പ്രാപ്തരായിരിക്കുന്ന അവസ്ഥയിൽ, നന്മതിന്മകളുടെ വിവേചനത്തിൽ സംവേദനശക്തികളെ പരിശീലിപ്പിച്ചിട്ടുള്ളവരുടെ മുന്നിൽ അവിടുന്ന് ഘര ഭക്ഷണമായി ആവിർഭവിക്കുന്നു. ഈജിപ്തിൽനിന്നു പുറപ്പെട്ടുവന്ന് അഗ്നിയുടെയും മേഘത്തിന്റെയും സ്തംഭത്തെ അനുഗമിച്ച് വിജനഭൂമിയിൽ പ്രവേശിക്കുന്നവരുണ്ടെങ്കിൽ താൻ സ്വർഗത്തിൽനിന്ന് അവരുടെ പക്കലേക്കിറങ്ങിവന്ന് ചെറിയ, ലോലമായ ഭക്ഷണമായി, മാലാഖമാരുടെ ഭോജനത്തിനു സമാനമായി അവർക്കു സ്വയം നല്കുന്നു; അങ്ങനെ 'മനുഷ്യൻ മാലാഖാമാരുടെ അപ്പം ഭക്ഷിക്കുന്നു.' 14

ഇതിനെല്ലാം പുറമെ തന്നിൽ അസംഖ്യങ്ങളായ മറ്റു പലതരം ഭോജ്യങ്ങളുമുണ്ട്. അവയൊന്നും ചർമ്മവും മാംസവും അസ്ഥികളും സ്നായുക്കളുംകൊണ്ട് ആവരണം ചെയ്യപ്പെട്ടവരായ മനുഷ്യർക്ക് ഇപ്പോൾ ഭക്ഷിക്കാൻ സാദ്ധ്യമല്ല. എന്നാൽ ക്രിസ്തുവിനോടു കൂടി ആയിരിക്കുന്നതിന് യോഗ്യതനേടുന്നവൻ, ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്നതുമൂലം അനേകം കാര്യങ്ങളിൽ മേൽനോട്ടക്കാരനായി നിയമിക്കപ്പെട്ടവൻ, പ്രത്യേകമായ ഒരു സ്ഥലത്തേയ്ക്ക് ആനയിക്കപ്പെടും. അവിടെയുള്ള ഭോജ്യപദാർത്ഥങ്ങളുടെ സമൃദ്ധിയും വൈവിദ്ധ്യവും കാരണം ആനന്ദങ്ങളുടെ സ്ഥലം എന്നാണ് അത് അറിയപ്പെടുന്നത്. അവൻ അവിടെ കർത്താവിന്റെ സംതൃപ്തി കാണുകയും ആസ്വദിക്കുകയും ചെയ്യും. അതുകൊണ്ടാണ് അവൻ ഏദനിൽ ആക്കപ്പെട്ടു എന്നു പറയുന്നത്. ഏദൻ എന്ന വാക്കിന്റെ അർത്ഥം ആനന്ദങ്ങൾ എന്നത്രേ. അവി

www.malankaralibrary.com



ടെ അവർ അവനോടു പറയും: 'കർത്താവിൽ ആനന്ദിക്കുക' (മത്താ. 25: 21).

അവന്റെ സന്തോഷം തിന്നുക, രുചിയറിയുക എന്ന ഏകമായ ഇന്ദ്രിയാനുഭൂതിയിൽ ഒതുങ്ങിനിൽക്കുകയില്ല. ശ്രവണപരമായ അഹ്ളാദവും അവനു ലഭിക്കും. ദർശനത്തിലും സ്പർശനത്തിലും ഘ്രാണനത്തിലും അവന് ആനന്ദകരമായ അനുഭൂതികൾ ഉണ്ടാകും. അവിടുത്തെ ലേപന തൈലത്തിന്റെ സൗരഭ്യത്തിങ്കലേയ്ക്ക് അവൻ പാഞ്ഞെത്തും. ഇപ്രകാരം പരിപൂർണതയുടെയും പരമാനന്ദത്തിന്റെയും കൊടുമുടിയിൽ എത്തിച്ചേർന്നവൻ 'ദൈവവചന'ത്താൽ അവന്റെ പഞ്ചേന്ദ്രിയങ്ങളിലും ആഹ്ളാദിതനാകും.

വിചിന്തനങ്ങളിലൂടെ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്ന ഈ സ്ഥാനത്തുനിന്നുകൊണ്ട്, എന്റെ വായനക്കാരോട് അവരുടെ ശാരീരികാനുഭൂതികളെ നിഗ്രഹിക്കാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുകയാണ്. പ്രസ്തുതഗ്രന്ഥത്തിൽ ശാരീരിക പ്രവത്തനങ്ങളെ സംബന്ധിക്കുന്നതായി പറഞ്ഞിട്ടുള്ള ഒരു കാര്യവും അതേ അർത്ഥത്തിൽ എടുക്കരുത്. ആന്തരിക മനുഷ്യന്റെ ദൈവികാനുഭൂതികളെക്കുറിച്ചു ഗ്രഹിക്കുന്നതിന് അവയെ വിനിയോഗിക്കണം. 'ദൈവികമായ അർത്ഥം നീ ഗ്രഹിക്കണം' എന്നു സോളമൻ തന്നെ പറയുന്നുണ്ടല്ലോ (സദൃശ്യ. 2: 5). നന്മതിന്മകളെ വേർതിരിച്ചറിയത്തക്കവിധം സ്വന്തം ബോധത്തെ പരിശീലിപ്പിച്ച ആളുകളെക്കുറിച്ച് ഹെബ്രായക്കാർക്ക് എഴുതുമ്പോൾ വി. പൗലോസ് ഇക്കാര്യം വ്യക്തമാക്കുന്നതായി ഞാൻ മുമ്പു ചൂണ്ടിക്കാണിച്ചിട്ടും ഉണ്ടല്ലോ. മനുഷ്യനിൽ ശാരീരികമായ ഈ അഞ്ച് ഇന്ദ്രിയങ്ങൾക്കൂടാതെ വേറെയും ബോധപരമായ ഇന്ദ്രിയങ്ങൾ ഉണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പരിശീലനംകൊണ്ടാണ് അവ കൈവരുന്നത്. കൂടുതൽ സൂക്ഷ്മമായ വീക്ഷാശക്തിയോടുകൂടി കാര്യങ്ങളുടെ അർത്ഥം പരിശോധിക്കുമ്പോഴാണ് ആ ബോധേന്ദ്രിയങ്ങൾക്കു പരിശീലനം ലഭിക്കുന്നതെന്നും പറയപ്പെടുന്നു. നന്മതിന്മകളെ തിരിച്ചറിയാൻ സാധിക്കും വിധത്തിൽ സ്വന്തം ബോധത്തെ പരിശീലിപ്പിച്ചവർ എന്ന് പൂർണതനേടിയവരെക്കുറിച്ച് അപ്പസ്തോലൻ പറയുമ്പോൾ നാം അക്കാര്യം അശ്രദ്ധമായിട്ടെടുക്കുകയോ തോന്നിയ അർത്ഥത്തിൽ മനസ്സിലാക്കുകയോ ചെയ്യരുത്.

നിങ്ങൾക്കിഷ്ടമാണെങ്കിൽ, ആശയം കൂടുതൽ സ്പഷ്ടമാക്കുന്നതിന് ശാരീരിക സംവേദനത്തിൽനിന്ന് നമുക്ക് ഒരുദാഹരണം എടുക്കാം. അങ്ങനെ ഒടുവിൽ ആന്തരിക മനുഷ്യന്റേതെന്ന് വി. ലിഖിതം വിളിക്കുന്ന ആ ദൈവിക സംവേദന



ങ്ങളിലേക്കു നമുക്കു വരാം. ശരീരത്തിന്റെ കണ്ണിനു ദർശനശക്തി ഉണ്ടായിരിക്കുകയും അതിന്റെ മാർഗത്തിൽ പ്രതിബന്ധങ്ങൾ ഒന്നും ഇല്ലാതിരിക്കുകയും ചെയ്താൽ വസ്തുക്കളുടെ നിറങ്ങളും വലിപ്പവും ഗുണങ്ങളും അവയുടെ പൂർണതയിലും കബളിപ്പിക്കൽ കൂടാതെയും കണ്ടു മനസ്സിലാക്കാൻ അതിനു കഴിയും. മൂടൽകൊണ്ടോ മറ്റെന്തെങ്കിലും ദൗർബല്യംകൊണ്ടോ കണ്ണ് വെളുത്ത വസ്തുവിനെ ചുവന്നതായിട്ടോ കറുത്തതിനെ പച്ചയായിട്ടോ വളഞ്ഞതോ തിരിഞ്ഞതോ ആയ പദാർത്ഥത്തെ നേരെയുള്ളതായിട്ടോ ഗ്രഹിക്കുകയാണെങ്കിൽ അതിനെ ആധാരമാക്കി മനസ്സു സ്വീകരിക്കുന്ന തീരുമാനങ്ങൾ വികലമായിരിക്കുമെന്നതിനു സംശയമില്ല. അതിന്റെ ഫലമായി ഒരു പ്രവൃത്തി ചെയ്യേണ്ട സ്ഥാനത്ത് വേറൊന്നായിരിക്കും ചെയ്യുക. അതുപോലെതന്നെ ആന്തരികമായ കണ്ണിനും പഠനവും നിരന്തര പ്രയത്നവുംകൊണ്ട് നന്മതിന്മകൾ തിരിച്ചറിയത്തക്കവിധം പരിശീലനം ലഭിച്ചിട്ടില്ലെങ്കിൽ, അജ്ഞതയും അനുഭവക്കുറവും മൂലം, ഏതെങ്കിലും രോഗം മൂലം എന്നപോലെ, മൂടൽ ബാധിച്ചിട്ടുണ്ടെങ്കിൽ നന്മതിന്മകൾ തിരിച്ചറിയാൻ ഒരിക്കലും കഴിയുകയില്ല. അതിന്റെ ഫലമായി നന്മയ്ക്കു പകരം അതു തിന്മ പ്രവർത്തിക്കും; ചീത്തക്കാര്യങ്ങൾക്കുവേണ്ടി നല്ല കാര്യങ്ങൾ ഉപേക്ഷിക്കും. ശാരീരികവും ആത്മികവുമായ കാഴ്ചശക്തിയെ സംബന്ധിച്ച് നാം നടത്തിയ ഈ താരതമ്യവിചിന്തനം ശ്രവണം, സ്പർശനം, രസനം, ഘ്രാണനം എന്നീ പ്രക്രിയകളെക്കുറിച്ചും നടത്താവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ ആത്മാവിന്റെ വിഷയത്തിൽ നാം നടത്തേണ്ട പരിശീലനങ്ങളും സ്വീകരിക്കേണ്ട തിരുത്തലുകളും ഏവയെന്നു നമുക്കു മനസ്സിലാകും.

ഈ വിഷയത്തിൽ നാം അല്പം ശാഖാചംക്രമണം നടത്തി എന്നു പറയേണ്ടിയിരിക്കുന്നു. മണവാട്ടിയും തോഴിമാരും മണവാളന്റെ ലേപനതൈലങ്ങളുടെ സുഗന്ധം അനുഭവിച്ചു എന്നു പറയുമ്പോൾ അത് ഗന്ധാനുഭവത്തെ സംബന്ധിച്ച ശാരീരികമായ ഒരർത്ഥത്തിലല്ല, ആന്തരികമനുഷ്യന്റെ പ്രവൃത്തി എന്ന ദൈവികമായ ഒരർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത് എന്നു വ്യക്തമാക്കുവാൻ ആഗ്രഹിച്ചതുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. ഈ അനുഭൂതിക്ഷമത, അവികലവും ആരോഗ്യപൂർണവും ആയിരിക്കുവോളം, ക്രിസ്തുവിന്റെ ഗന്ധം ഒരിക്കൽ ഗ്രഹിച്ചുകഴിഞ്ഞാൽ അതിനെ ജീവിനിൽനിന്നു ജീവിനിലേയ്ക്കു മുന്നോട്ടു കൊണ്ടുപോകും. എന്നാൽ അനുഭൂതിക്ഷമത രോഗഗ്രസ്തമാണെങ്കിൽ ക്രിസ്തുവിന്റെ ഗന്ധം അതിനെ മരണത്തിൽനിന്നു മരണത്തിലേക്കായിരിക്കും നയിക്കുക. ഇങ്ങനെ പറയപ്പെട്ടിട്ടുണ്ടല്ലോ: 'ഞങ്ങൾ ക്രിസ്തുവിന്റെ സൗരഭ്യമാകുന്നു. ചിലർക്ക്

www.malankaralibrary.com



അതു ജീവനിൽനിന്നു ജീവനിലേക്കു നയിക്കുന്ന ഗന്ധമാകുന്നു: വേറെ ചിലർക്കാകട്ടെ മരണത്തിൽനിന്നു മരണത്തലേയ്ക്കു നയിക്കുന്നതും.'

അവസാനമായി ഒരു കാര്യംകൂടെ: ചെടികളുടെയും ഔഷധവസ്തുക്കളുടെയും ഗുണങ്ങൾ പഠിക്കുന്നതു ജീവിതകൃത്യമാക്കിയിട്ടുള്ളവർ പറയുന്നു, 'ചില മരുന്നുകളുണ്ടു്: അവയുടെ ഗന്ധം അടിച്ചാൽ ചില ജീവികൾ ആ നിമിഷം ചത്തുവീഴും; അതേസമയം അതേ ഗന്ധംകൊണ്ടു വേറെ ചില ജീവികൾക്കു് നവചൈതന്യവും പുനരുജ്ജീവനവും ലഭിക്കും.' അതുപോലെ ഇപ്പോൾ നാം ഏർപ്പെട്ടിരിക്കുന്ന ഈ വിചിന്തനവും വിശദീകരണവും ചിലർക്കു ജീവനിൽനിന്നു ജീവനിലേക്കുള്ള പ്രചോദനവും മററു ചിലർക്കു മരണത്തിൽനിന്നു മരണത്തിലേക്കുള്ള പ്രേരണയും ആയിത്തീരാം. വിഷയാസക്തനായ മനുഷ്യൻ[15], ദൈവികാത്മാവിന്റേതായ കാര്യങ്ങൾ കാണാനും മനസ്സിലാക്കാനും കഴിവില്ലാത്തവൻ, ഇക്കാര്യങ്ങൾ ഇവ്വിധം വിശദീകരിക്കപ്പെടുന്നതു കേൾക്കുമ്പോൾ അവയെ പരിഹസിക്കുകയും അവ മൂഢതയും അർത്ഥശൂന്യവുമാണെന്നു് വിളിച്ചുപറയുകയും ചെയ്യും. നാം ചർച്ചചെയ്യുന്നതു് വസ്തുതകളുടെ യുക്തിന്യായങ്ങളോ ദൈവികപഠനങ്ങളോ അല്ല, സ്വപ്നദർശനങ്ങളാണെന്നു് അവർ പ്രസ്താവിക്കും. അത്തരക്കാരെ ഈ 'ഉത്തമഗീതത്തിന്റെ' ഗന്ധം മരണത്തിൽനിന്നു മരണത്തിലേയ്ക്കു നയിക്കും—അതായതു് അവിശ്വാസത്തിന്റെ മരണത്തിൽനിന്നു ന്യായവിധിയുടെയും ശിക്ഷയുടെയും മരണത്തിലേക്കു്. എന്നാൽ തങ്ങളുടെ സൂക്ഷ്മമായ ആന്തരികബോധത്തിന്റെ ചോദന അനുസരിച്ചു് അദൃശ്യങ്ങളായ കാര്യങ്ങളിൽ മഹത്തരങ്ങളായ സത്യങ്ങൾ അടങ്ങിയിരിക്കുന്നു എന്നു മനസ്സിലാക്കുന്നവർക്കു് ഇത്തരം വിശദീകരണങ്ങൾ വളരെ ഉപകാരപ്രദമാകും. അവയെ അനുസരിക്കുകയും ആശ്ളേഷിക്കുകയും ചെയ്യേണ്ടതാണെന്നവർക്കറിയാം. അദൃശ്യങ്ങളും ആദ്ധ്യാത്മികങ്ങളുമായ കാര്യങ്ങൾ ദൃശ്യങ്ങളും ശാരീരികങ്ങളുമായവയെക്കാൾ ദൈവത്തോടു് അടുത്തവയാണെന്നു് അവർ മനസ്സിലാക്കുന്നു. ദൈവത്തിങ്കലേക്കു നയിക്കുന്ന സത്യങ്ങൾ മനസ്സിലാക്കുന്ന രീതി ഇവിടെ നാം അനുവർത്തിക്കുന്നതാണെന്നും അവർ അറിയുന്നു.

വിശ്വാസത്തിൽനിന്നു് അകന്നുനിൽക്കുന്ന ഒരാൾ ഇത്തരം കാര്യങ്ങളെ ബുദ്ധിശൂന്യവും പരിഹാസ്യവുമായി കരുതിയാൽ അതിൽ ആശ്ചര്യത്തിനു് ഒട്ടും ന്യായമില്ല. എന്നാൽ വിശ്വസിക്കുകയും വി. ലിഖിതങ്ങളുടെ അധികാരം അംഗീകരിക്കുകയും ചെയ്യുന്നവരുടെയിടയിൽ ആദ്ധ്യാത്മികമായ ഇത്തരം ഒരു ഭാഷ്യം സ്വീകരിക്കാൻ മടിക്കുന്നവരുണ്ടെങ്കിൽ, അവർ അതിനെ പരിഹ



സിക്കാനും നിസ്സാരമായി തള്ളിക്കളയാനും ശ്രമിക്കുന്നുവെങ്കിൽ, അവരെ പറഞ്ഞു സമ്മതിപ്പിക്കാൻ നാം ശ്രമിക്കണം. വി. ലിഖിതത്തിലെ മററു ഭാഗങ്ങൾ ചൂണ്ടിക്കാണിച്ചു് അവരെ നേരായ ചിന്താപഥത്തിലേക്കു കൊണ്ടുവരാൻ ശ്രമിക്കാം. താഴെ പറയുന്ന വിധത്തിൽ അവരോടു സംസാരിക്കാം.

വേദപുസ്തകം പറയുന്നു: 'കർത്താവിന്റെ കല്പന ലഘുവും കണ്ണുകൾക്കു വെളിച്ചം നൽകുന്നതും ആകുന്നു.' കല്പനയുടെ വെളിച്ചത്താൽ പ്രകാശിതമാകുന്ന കണ്ണു് ഏതാണെന്നു് അയാൾ പറയട്ടെ. വീണ്ടും ഇതാ: 'കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.' ഏതു ചെവിയുടെ ഉടമസ്ഥൻ മാത്രമാണോ ക്രിസ്തുവിന്റെ വചനങ്ങൾ കേൾക്കുന്നതു്, ആ ചെവി ഏതു വിധത്തിലുള്ളതായിരിക്കും? വീണ്ടും, 'ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ പരിമളമാണു്.' ഇനിയുമുണ്ടു്: 'കർത്താവു മാധുര്യമുള്ളവനാണെന്നു രുചിച്ചുനോക്കി മനസ്സിലാക്കുക.' 'ഞങ്ങളുടെ കരങ്ങൾ ജീവന്റെ വചനത്തെ സ്പർശിച്ചു'[16] നാം പറഞ്ഞവിധത്തിൽ വിശ്വാസിയായ ഒരു മനുഷ്യൻ, അയാൾ കതർക്കത്തിന്റെയും അഹങ്കാരത്തിന്റെയും തിന്മകളാൽ പ്രേരിതനല്ലെങ്കിൽ ഈ തെളിവുകളെല്ലാമുണ്ടായിട്ടും കാര്യം ഗ്രഹിക്കാതിരിക്കുമെന്നു് നിങ്ങൾ കരുതുന്നുണ്ടോ? മുൻപറഞ്ഞ കാര്യങ്ങളെല്ലാം പറയപ്പെട്ടിട്ടുള്ളതു് ശാരീരികമായ ഇന്ദ്രിയവൃത്തികളെക്കുറിച്ചല്ല, നാം മുകളിൽ പ്പറഞ്ഞതുപോലെ, നമ്മിലെല്ലാം കുടികൊള്ളുന്ന ആന്തരികമനുഷ്യന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണെന്നു ഗ്രഹിക്കാൻ അവനു കഴിയാതെ വരുമോ?

കതർക്കത്തിന്റെയും അഹങ്കാരത്തിന്റെയും തിന്മമൂലം ആന്തരികമായ ദർശനശക്തി അവ്യക്തമാവുക മാത്രമല്ല, ആന്തരികമായ ശ്രവണ, ഘ്രാണശക്തികൾ കെട്ടുപോവുകയും ചെയ്യുന്നുണ്ടു്. ആദ്ധ്യാത്മികമായ കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്യാനോ ക്രിസ്തുവിന്റെ ഗന്ധം ഗ്രഹിക്കാനോ അവനു സാധിക്കാത്തതിനു തക്കതായ കാരണമുണ്ടു്. ഈ ആദ്ധ്യാത്മികഘ്രാണശക്തി പുഷ്ടവും ശക്തവുമായിരുന്നതുകൊണ്ടു് ആ കന്യകമാർക്കു ക്രിസ്തുവിന്റെ ഗന്ധം ഗ്രഹിക്കാൻ സാധിച്ചു. അതിനെത്തുടർന്നു തന്റെ ലേപനതൈലത്തിന്റെ ഗന്ധംപിടിച്ചു് അവർ തന്റെ പിറകേ ഓടുകയാണു്: ഓടുമ്പോൾ അവർ ക്ളേശിക്കുകയോ തല കറങ്ങി വീഴുകയോ ചെയ്യുന്നില്ല. എന്തെന്നാൽ ജീവനിൽനിന്നു ജീവനിലേക്കുള്ളവനായ അവിടുത്തെ ഗന്ധത്തിന്റെ മാധുര്യം അവരെ നിരന്തരമായി ശക്തിപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നു.

'നിന്റെ നാമം പകർന്ന സുഗന്ധതൈലംപോലെയാകുന്നു. അതിനാൽ കന്യകമാർ നിന്നെ പ്രേമിച്ചു' എന്ന വാക്കുകൾക്കു്

www.malankaralibrary.com


ലാക്കാൻ അനുവദിക്കുമ്പോൾ അവൾ രാജാവിന്റെ മണിയറയിലേക്ക് ആനയിക്കപ്പെട്ടു എന്നു പറയാം. ആ മനസ്സിൽ ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ ഒളിഞ്ഞു കിടക്കുന്നു.[18]

തന്നെ ആനയിച്ച ആളിനെക്കുറിച്ച് 'പ്രിയതമൻ' എന്നോ 'ഭാതൃപുത്രൻ' എന്നോ തനിക്കു പതിവുള്ള മറ്റേതെങ്കിലും വാക്കോ മണവാട്ടി ഉപയോഗിക്കാത്തതു് സാർത്ഥകമാണ് എന്നെനിക്കു തോന്നുന്നു. അവൾ മണിയറയെക്കുറിച്ചാണല്ലോ പറയാൻ ഒരുങ്ങുന്നതു് രാജാവിന്റെ മണിയറ എന്നുതന്നെ അവൾ പറയുന്നു. സാധാരണ ഒരാളിനെ സൂചിപ്പിക്കുന്ന വാക്ക് ഉപയോഗിക്കുന്നില്ല. മണിയറ എത്ര സമ്പന്നമാണ് എന്നു കാണിക്കാൻ വേണ്ടിയാണ് 'രാജാവിന്റെ മണിയറ' എന്നു പറയുന്നതെന്നു ഞാൻ കരുതുന്നു. രാജകീയമായതുകൊണ്ടു് ആ അറ വിവിധങ്ങളും വിപുലങ്ങളുമായ സമ്പത്തുകൾകൊണ്ടു നിറഞ്ഞതാണ്. മൂന്നാം സ്വർഗത്തിലേക്കും അവിടെനിന്നു പറുദീസായിലേക്കും താൻ ആനയിക്കപ്പെട്ടുവെന്നും മനുഷ്യനു് ഉച്ചരിക്കാൻ പാടില്ലാത്തതായ വാക്കുകൾ താൻ അവിടെ കേട്ടുവെന്നും പറയുന്ന മനുഷ്യൻ ഈ രാജാവിന്റെ സമീപസ്ഥനോ അനുഗാമിയോ ആയിരുന്നുവെന്നു ഞാൻ വിചാരിക്കുന്നു (2 കൊറി. 12: 1–4). അവൻ കേട്ട വാക്കുകൾ രാജാവിൽനിന്നായിരിക്കും. മണിയറയിൽനിന്നോ തൊട്ടടുത്തുള്ള സ്ഥലത്തുനിന്നോ ആയിരിക്കും. ആ വാക്കുകൾ കൂടുതൽ മുന്നോട്ടുപോകാൻ അവനെ പ്രോത്സാഹിപ്പിക്കുന്നതും അവസാനംവരെ പരിശ്രമിച്ചാൽ രാജാവിന്റെ മണിയറയിൽ പ്രവേശിക്കാൻ അവൻ അർഹനാകുമെന്നു വാഗ്ദാനം നൽകുന്നതുമായിരുന്നു എന്നു ഞാൻ കരുതുന്നു. പ്രവാചകൻ ഇങ്ങനെ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. 'അന്ധകാരത്തിലെ നിധികളും രഹസ്യധനശേഖരവും ഞാൻ നിനക്കു നൽകും. നിന്നെ പേരു ചൊല്ലി വിളിക്കുന്ന ഇസ്രായേലിന്റെ കർത്താവായ ദൈവം ഞാനാണെന്നു നീ അറിയേണ്ടതിനു് അദൃഷ്ടപൂർവങ്ങളായ വസ്തുക്കൾ ഞാൻ നിന്റെ മുമ്പിൽ തുറന്നുവയ്ക്കും (ഏശാ. 45: 3).

കന്യകമാർ തന്റെ പിന്നാലെ, തന്റെ സൗരഭ്യത്തിലേയ്ക്ക് ഓടിയടുക്കുന്നു. ഓരോരുത്തരുടെയും ഓട്ടം അവനവന്റെ കഴിവനുസരിച്ചത്രേ. ഒരാൾ അതിവേഗത്തിലായിരിക്കും. വേറൊരാൾ അല്പംകൂടെ കുറഞ്ഞ വേഗതയിൽ. ഇനിയുമൊരാൾ ഏറ്റവും പിന്നിൽ. ഏതായാലും എല്ലാവരും ഓടുന്നുണ്ടു്. എന്നാൽ ഒരാൾ മാത്രമാണ് പൂർണതയുള്ളവൾ. അവൾ ഓടി സമ്മാനം നേടി. ആ ഒരേ ഒരുവൾ പറയുന്നു: 'രാജാവ് എന്നെ തന്റെ മണിയറയിലേയ്ക്കു കൊണ്ടുവന്നിരിക്കുന്നു.' എന്നാൽ അതിനു മുമ്പ് തന്നെമാത്രം കുറിച്ചല്ല, പലരെക്കുറിച്ച് അവൾ പറഞ്ഞ



തിങ്ങനെയാണ്: 'ഞങ്ങൾ നിന്റെ പിന്നാലെ, നിന്റെ ലേപനതൈലത്തിന്റെ സൗരഭ്യത്തിലേക്ക് ഓടും.' അവൾ മണിയറയിലേയ്ക്ക് ആനീതയായി, രാജ്ഞിയാക്കപ്പെട്ടിരിക്കുന്നു. അവളെക്കുറിച്ചാണ് ഇങ്ങനെ പറയപ്പെട്ടിട്ടുള്ളതു്: 'കനകമയമായ വസ്ത്രങ്ങളണിഞ്ഞു്, വിവിധ വർണങ്ങളാൽ പരിവേഷ്ടിതയായി, രാജ്ഞി അങ്ങയുടെ വലത്തു ഭാഗത്തു നിന്നു.' അവളുടെ പിന്നാലെ ഓടുകയും ഓട്ടത്തിൽ അവളിൽനിന്ന് കുറെ പിന്നിൽ ആയിരിക്കുകയും ചെയ്തവരെപ്പറ്റി പറയപ്പെട്ടിട്ടുള്ളതു് ഇങ്ങനെയാണ്: 'അവൾക്കു പിന്നാലെ കന്യകമാർ രാജാവിന്റെ സന്നിധിയിലേയ്ക്ക് ആനയിക്കപ്പെടും. അവളുടെ അയൽക്കാരും അങ്ങയുടെ പക്കൽ ആനീതരാകും. അവർ സന്തോഷത്തോടും ആഹ്ലാദത്തോടുംകൂടി കൊണ്ടുവരപ്പെടും. അവർ രാജാവിന്റെ കോവിലിലേയ്ക്കു നയിക്കപ്പെടും' (സങ്കീ. 45: 10. 15).

ഇവിടെ മറ്റൊരു വസ്തുതകൂടെ നാം ശ്രദ്ധിക്കേണ്ടതുണ്ടു്: തന്റെ രാജ്ഞിയെ അഥവാ വധുവിനെ കൊണ്ടുവരുന്നതിനായി രാജാവിനു് ഒരു മണിയറ ഉള്ളതുപോലെ ആ വധുവിനും സ്വന്തമായി ഒരു മണിയറയുണ്ടു്. അവൾ അതിൽ പ്രവേശിച്ചു കഴിയുമ്പോൾ അതിന്റെ വാതിലടയ്ക്കാനും 'രഹസ്യത്തിൽ കാണുന്നവനായ പിതാവിനോടു പ്രാർത്ഥിക്കാനും' 'ദൈവവചനം' അവളോടു് ആജ്ഞാപിക്കും. അവളുടെ മണിയറയിലെ വിശിഷ്ട സമ്പത്തുകൾ—ആത്മാവിന്റെ സുകൃതസമ്പത്തുകൾ—കണ്ടറിയുന്നവനാണല്ലോ പിതാവായ ദൈവം. അവളുടെ സമ്പത്തുകൾ കണ്ടു് ദൈവം അവളുടെ പ്രാർത്ഥനകൾ സാധിച്ചുകൊടുക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ആജ്ഞാപിക്കുന്നതു്. എന്തെന്നാൽ 'ഉള്ളവനു് കൊടുക്കപ്പെടും' (മത്താ. 6: 6).

'ഞങ്ങൾ അങ്ങയിൽ ഉല്ലസിച്ചാനന്ദിക്കട്ടെ' എന്ന വാക്കുകൾ തോഴിമാർ പറയുന്നതായിട്ടാണു തോന്നുന്നതു്. മണവാട്ടിക്കു് കുറ്റമറ്റ ഉപഹാരങ്ങൾ ലഭിച്ചതിനാൽ അവൾ ആഹ്ലാദിക്കുകയാണല്ലോ. തങ്ങൾക്കും തങ്ങളുടെ ഓട്ടം യോഗ്യതാപൂർവം പൂർത്തിയാക്കാനും രാജാവിന്റെ മണിയറയിൽ എത്തിച്ചേരാനും സാധിക്കണമെന്ന് അവർ പ്രാർത്ഥിക്കുന്നു. ഏതു വിശിഷ്ട സമ്പത്തുകളെക്കുറിച്ചാണോ മണവാട്ടി അഭിമാനപൂർവം സംസാരിക്കുന്നതു്, അവ ഈ കന്യകകളും, കണ്ടിരിക്കുന്നു. അവയുടെ സാഹചര്യത്തിൽ മണവാട്ടിയെപ്പോലെ മണവാളനിൽ ആഹ്ലാദിക്കാൻ തങ്ങൾക്കും സാധിക്കണമെന്നാണ് അവരുടെ പ്രാർത്ഥന.

'ഞങ്ങൾ നിന്റെ മാറിടത്തെ വീഞ്ഞിനെക്കാൾ സ്നേഹിക്കും' എന്ന വാക്കുകൾ കന്യകമാർ മണവാട്ടിയോടു പറയുന്നതായിട്ടും എടുക്കാവുന്നതാണ്. കന്യകമാർ മണവാട്ടിയോടൊത്തു് ആഹ്ലാ

www.malankaralibrary.com



ദിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവളുടെ സന്തോഷത്തിലും ഉല്ലാസത്തിലും പങ്കാളികളാകാൻ തങ്ങൾക്കും കഴിയുമെന്നാണ് അവരുടെ പ്രതീക്ഷ. മണവാട്ടി മണവാളന്റെ അധരങ്ങളിൽ നിന്നു ചുംബനങ്ങൾ സ്വീകരിക്കുന്നതിനും തന്റെ മാറിടത്തിൽ ആനന്ദിക്കുന്നതിനും അർഹത നേടിക്കഴിഞ്ഞ അവസ്ഥയിൽ മണവാളനോടു പറയുന്നു: 'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ ശ്രേഷ്ഠമാണ്' (ഉത്തമ. 1: 2).

എന്നാൽ ഈ കന്യകമാർ അനുഗൃഹീതാവസ്ഥയുടെ അത്ര ഉന്നതമായ മേഖലയിൽ എത്തിയിട്ടില്ല. പൂർണതയുടെ ഉച്ചകോടിയിൽ അവർ എത്തിക്കഴിഞ്ഞിട്ടില്ല. 'അങ്ങയുടെ മാറിടം നല്ലതാകുന്നു' എന്ന് അനുഭവത്തിൽനിന്ന് പറയാൻ തക്കവിധം പെരുമാററത്തിലും പ്രവർത്തനത്തിലും അവികലമായ ഉപവിയുടെ ഫലങ്ങൾ അത്രയധികമായി പുറപ്പെടുവിച്ചു തുടങ്ങിയിട്ടില്ല. മണവാട്ടി മണവാളന്റെ മാറിടത്തിൽ ആനന്ദിക്കുകയും ഉത്സാഹവതിയായിത്തീരുകയും ചെയ്യുന്നത് അവർ കാണുന്നു—അതായത് തന്റെ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന അറിവിന്റെയും വിവേകത്തിന്റെയും ഉറവകളിൽ അവൾ ആനന്ദിക്കുന്നതായി അവർ കാണുന്നു. ദൈവിക ബോധനങ്ങളുടെ ചഷകങ്ങൾ അവൾ പാനം ചെയ്യുന്നതായി അവർ കാണുന്നു. അപ്പോൾ, അവളുടെ പരിപൂർണത സ്വന്തമാക്കാനും അവളുടെ പാതയിൽ സഞ്ചരിക്കാനും ആഗ്രഹിക്കുന്നവരായി അവർ പ്രതിജ്ഞാപൂർവം പറയുന്നു: 'ഞങ്ങൾ അങ്ങയുടെ മാറിടത്തെ വീഞ്ഞിനെക്കാളധികമായി സ്നേഹിക്കും.' ആ പ്രസ്താവത്തിന്റെ അർത്ഥമിതാണ്: 'വീഞ്ഞിനെക്കാൾ അധികമായി അങ്ങയുടെ മാറിടത്തെ സ്നേഹിക്കാൻ പര്യാപ്തമായ പൂർണതയിൽ ഇപ്പോൾ ഞങ്ങൾ എത്തിച്ചേർന്നിട്ടില്ല. എങ്കിലും ഞങ്ങൾ കന്യകമാരായതുകൊണ്ട് 'ദൈവവചന'ത്തിന്റെ മാറിൽനിന്നു പോഷണം സ്വീകരിക്കാനും അങ്ങനെ പോഷണം നൽകിയ ആ ദൈവവചനത്തെ സ്നേഹിക്കാനും കഴിയുന്ന ഒരവസ്ഥയിൽ എത്തിച്ചേരാൻ കഴിയുമെന്നുള്ള പ്രതീക്ഷ ഞങ്ങൾ വച്ചുപുലർത്തുന്നു.'

നാം ഇതിനു മുമ്പു പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ, ഈ കന്യകമാർ അദ്ധ്യാപകരുടേയും ഉപദേഷ്ടാക്കളുടേയും പാലകന്മാരുടെയും മാത്രം ശിക്ഷണത്തിൽ ബോധനത്തിന്റെ പ്രഥമപാഠങ്ങളും ആദ്യഫലങ്ങളുംമാത്രം സ്വായത്തമാക്കുകയും ഒരുതരം വീഞ്ഞിനാൽ എന്നപോലെ അവയാൽ ആഹ്ലാദിതരായിരിക്കുകയും ചെയ്യുന്ന കൊച്ചുകുട്ടികളെ പ്രതിനിധാനം ചെയ്യുന്നു.[19] ആ കുട്ടികൾക്ക് വീഞ്ഞിനെ സ്നേഹിക്കാൻ കഴിയും. എങ്കിലും മണവാളന്റെ മാറിടത്തോടുള്ള സ്നേഹത്താൽ മനസ്സിളകാനും ആവേശം



കൊള്ളാനും തക്ക പ്രായത്തിൽ അവർ എത്തിച്ചേർന്നിട്ടില്ല. എങ്കിലും, പ്രായത്തിൽ തികവുവരുകയും ക്രിസ്തു അവരിൽ പ്രായത്തിലും വിജ്ഞാനത്തിലും വളരുകയും ചെയ്യുമ്പോൾ, മണവാളന്റെ മാറിടം എന്താണെന്നും ദൈവവചനത്തിന്റെ ഏതു വിധത്തിലുള്ള അവികലതയും ആദ്ധ്യാത്മികാദ്ധ്യാപനത്തിന്റെ ഏതു വിധത്തിലുള്ള പൂർണതയും അതിനാൽ നിർദിഷ്ടമാകുന്നുവെന്നും മനസ്സിലാക്കാൻ തുടങ്ങുമ്പോൾ, അവർ അതിനെ സ്നേഹിക്കാൻ തുടങ്ങും എന്ന് അവർ വാഗ്ദാനം ചെയ്യുകയാണ്. ഇപ്പോൾ കുട്ടികളുടെമട്ടിൽ മാത്രമാണവരതിനെ സ്നേഹിക്കുന്നത്— വീഞ്ഞിനെക്കാളേറെയായി. അവർ തങ്ങളുടെ മററു പാഠ്യവിഷയങ്ങളുടെ അഥവാ നിയമത്തിന്റെയും പ്രവാചകന്മാരുടെയും പഠനത്തിൽ എത്ര പ്രാപ്തരായ വിദ്യാർത്ഥികളായിരുന്നോ, ക്രിസ്തുവിന്റെ പൂർണവും കററമററതുമായ അദ്ധ്യാപനങ്ങളുടെ പഠിതാക്കൾ എന്ന നിലയിൽ അതിലേറെ പ്രഗദ്ഭരായിത്തീരുമെന്നർത്ഥം.

'ന്യായം നിന്നെ സ്നേഹിച്ചു.' ഇതും തോഴിമാർ പറഞ്ഞതായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അവർ മണവാളന്റെ മാറിടത്തെ വീഞ്ഞിനേക്കാളേറെ സ്നേഹിക്കുമെന്ന് വാഗ്ദാനം ചെയ്യുക മാത്രമാണു ചെയ്തത്. ഇപ്പോൾ അങ്ങനെ സ്നേഹിക്കുന്നില്ല. അവർ സ്നേഹത്തിന്റെ ശക്തി പൂർണമായി പ്രകടിപ്പിക്കുന്നുമില്ല. അതിനു പരിഹാരമെന്ന നിലയിലായിരിക്കണം അവർ ഇങ്ങനെ പറഞ്ഞത്. ഈ വാക്കുകൾ ആത്മസന്തുലനം സൂചിപ്പിക്കുന്നു. കന്യകമാർ ന്യായത്തിൽ എത്തിച്ചേരാൻ പ്രാപ്തരാകത്തക്കവിധത്തിൽ ഇതുവരെ അന്യായത്തെ ദൂരതഃ പരിത്യജിച്ചിട്ടില്ല. അതിനാൽ മണവാളന്റെ മാറിടത്തെ വീഞ്ഞിനേക്കാൾ സ്നേഹിക്കുവാൻ അവർക്ക് ഇപ്പോൾ കഴിവില്ല. ആദ്ധ്യാത്മികവും ഈശ്വരജ്ഞാനപരവുമായ പഠനത്തിന്റെ പൂർണതയിലെത്തിയ ഒരാളിൽ അനീതിയുടെ ഛായപോലും ഉണ്ടായിരിക്കുന്നതു യുക്തമല്ല എന്ന് അവർക്കറിയാം. അതിനാൽ, അവികലതയുടെ ഔന്നത്യം സ്നേഹത്തിൽ കുടികൊള്ളുന്നതിനാൽ, നീതി മണവാളനെ സ്നേഹിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതു ശരിയത്രേ. അനീതിയില്ലാത്തിടത്തു നീതിയുണ്ടല്ലോ. സ്നേഹം അനീതിയായിട്ടുള്ള യാതൊന്നും അനുവദിക്കുന്നുമില്ല.

'നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും' (യോഹ. 14: 15) എന്നു നമ്മുടെ രക്ഷകൻ സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളത് ഇക്കാര്യംതന്നെയല്ലേ എന്നു നോക്കുക. ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ അവിടുത്തെ കല്പനകൾ പാലിക്കുകയും കല്പനകൾ പാലിക്കുന്നവനിൽ അനീതി

www.malankaralibrary.com



ഇല്ലാതിരിക്കുകയും അവനിൽ നീതി കുടികൊള്ളുകയും ചെയ്യുന്നുവെങ്കിൽ, ക്രിസ്തുവിനെ സ്നേഹിക്കുകയും കല്പനകൾ കാക്കുകയും ചെയ്യുന്നതാണു നീതി. കല്പന പാലിക്കുന്നവൻ ക്രിസ്തുവിനെ സ്നേഹിക്കുന്നെങ്കിൽ, കല്പന പാലിക്കുന്നതു നീതിമൂലമാണെങ്കിൽ, ക്രിസ്തുവിനെ സ്നേഹിക്കുന്നതാണു നീതിയെങ്കിൽ, അനീതിയായി എന്തെങ്കിലും പ്രവർത്തിക്കുന്നവൻ കല്പനകൾ പാലിക്കുകയോ ക്രിസ്തുവിനെ സ്നേഹിക്കുകയോ ചെയ്യുന്നില്ല.

അതിനാൽ, നമ്മിൽ എത്രത്തോളം അനീതിയുണ്ടോ, അത്രത്തോളം നാം ക്രിസ്തുവിൽനിന്ന് അകലെയാണ്, അത്രത്തോളം നമ്മിൽ കല്പനകളുടെ ലംഘനവുമുണ്ട്. അതിനാൽ നീതിയെ നമുക്ക് ഒരുതരം അളവുകോൽ ആക്കാം. അനീതിയുടെ ഏതെങ്കിലും ഒരംശം നമ്മിലുണ്ടെങ്കിൽ ഈ റൂളർ ഉപയോഗിച്ചും ദൈവകല്പനകൾ അതിനോടു ചേർത്തും നമ്മിൽ വളവും തിരിവുമുള്ളതെല്ലാം നേരേയാക്കണം. അങ്ങനെ, 'ന്യായം നിന്നെ സ്നേഹിച്ചു' എന്നു നമ്മെക്കുറിച്ചും പറയാറാകണം.

ഇവിടെ നീതിയെക്കുറിച്ചു പറഞ്ഞിട്ടുള്ളതുപോലെ സത്യം, വിവേകം, വിനയം തുടങ്ങിയ മറ്റു സുകൃതങ്ങളെക്കുറിച്ചും അവ ക്രിസ്തുവിനെ സ്നേഹിച്ചു എന്നു പറയാൻ സാധിക്കും. ഈ സദ്ഗുണങ്ങൾ ക്രിസ്തുവിനെ സ്നേഹിച്ചു എന്നു പറയുന്നതിൽ ആശ്ചര്യപ്പെടാനില്ല. ക്രിസ്തു ആ ഗുണങ്ങളുടെയെല്ലാം സാരസർവസ്വമാണെന്നു നാം കരുതുന്നുണ്ടല്ലോ. സന്ദർഭത്തിനും സാഹചര്യങ്ങൾക്കും അനുഗുണമായ വിധത്തിൽ ഈ ആശയം വി. ഗ്രന്ഥത്തിൽ പലേടത്തും നമുക്കു കാണാൻ സാധിക്കുന്നതാണ്. അവിടുന്ന് നീതി, സമാധാനം, സത്യം എന്നൊക്കെ വിളിക്കപ്പെടുന്നതു നാം കാണുന്നു. സങ്കീർത്തനങ്ങളിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. 'നീതിയും സമാധാനവും പരസ്പരം ചുംബിക്കും. ഭൂമിയിൽ വിശ്വസ്തത മുളയെടുക്കും. നീതി ആകാശത്തുനിന്നു ഭൂമിയെ കടാക്ഷിക്കും' (സങ്കീ. 84: 11). ഈ പറഞ്ഞ സദ്ഗുണങ്ങളെല്ലാം അവിടുന്നുതന്നെയാണെന്നും അവിടുത്തെ ആശ്ലേഷിക്കുന്നു എന്നും പറയപ്പെട്ടിട്ടുണ്ട്. അവിടുന്നുതന്നെ വരനെന്നും വധുവെന്നും വിളിക്കപ്പെട്ടിരിക്കുന്നു. ഏശയ്യായുടെ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുള്ളതു കാണുക: 'മണവാളൻ എന്ന നിലയിൽ അവിടുന്ന് എന്നെ കിരീടംകൊണ്ടലങ്കരിച്ചു, വധു എന്ന നിലയിൽ ആഭരണങ്ങൾ അണിയിച്ചു' (ഏശാ. 61: 10).

# പുസ്തകം രണ്ട്

## (ഗീതം 1: 5–14: വൾഗേറ്റ് 1: 4–13)

### 1

ജെറുസലെം പുത്രിമാരേ, ഞാൻ കറുത്തവളാണെങ്കിലും, കേദാറിലെ കൂടാരങ്ങൾപോലെയും സോളമന്റെ തിരശ്ശീലകൾപോലെയും അഴകുള്ളവളാണ്.

ചില പകർപ്പുകളിൽ നാം ഇങ്ങനെയും വായിക്കുന്നു: 'ഞാൻ കറുത്തവളും അഴകുള്ളവളുമാണ്'.

ഇവിടെയും മണവാട്ടി സംസാരിക്കുന്നതായിട്ടാണ് അവതരണം. എന്നാൽ അവൾ സംസാരിക്കുന്നതു തന്റെകൂടെ ഓടാറുള്ള കന്യകമാരോടല്ല, ജെറുസലെം പുത്രിമാരോടാണ്. താൻ സുന്ദരിയല്ല എന്ന് അവർ ഇകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. മണവാട്ടി ഇവിടെ അതിനു പ്രത്യാഖ്യാനം നൽകുന്നു: 'ഞാൻ കറുത്തവളാണെന്നതു ശരിതന്നെ, എന്റെ നിറത്തെ സംബന്ധിച്ച്. എന്നാൽ ജെറുസലെം പുത്രിമാരേ, എന്റെ ആന്തരികഭാവങ്ങൾ വിലയിരുത്തിയാൽ ഞാൻ സുന്ദരിയാകുന്നു. എന്നാൽ മഹത്വപൂർണ്ണമായ ഒരു രാഷ്ട്രമായ കേദാറിലെ കൂടാരങ്ങളും കറുത്തവയാകുന്നു. കേദാർ എന്ന വാക്കിന്റെ അർത്ഥംതന്നെ കറുപ്പ് അഥവാ ഇരുട്ട് എന്നത്രെ. അതുപോലെ സോളമന്റെ തിരശ്ശീലകളും കറുത്തവയാണ്. എന്നാൽ ആ കറുപ്പ് എല്ലാ പ്രതാപങ്ങളോടുംകൂടിയ ആ രാജാവിനു യോജിക്കാത്തതായി കരുതപ്പെടുന്നില്ല. അതിനാൽ ജെറൂസലേം പുത്രിമാരേ, നിങ്ങൾ എന്റെ നിറത്തെ ചൊല്ലി എന്നെ കുറ്റപ്പെടുത്തരുത്. എന്തെന്നാൽ എന്റെ ശരീരത്തിനു ജന്മനാ സിദ്ധിച്ചതോ പരിശീലനത്താൽ നേടിയതോ ആയ സൗന്ദര്യത്തിന്റെ കാര്യത്തിൽ കുറവൊന്നുമില്ല.

നാടകത്തിൽ ആവിഷ്കൃതമാകുന്ന കഥയിൽനിന്ന് ഇത്രയും നമുക്കു മനസ്സിലാക്കാം. ഇവിടെ പറയപ്പെടുന്ന കഥയിലെ ബാഹ്യമായ അർത്ഥമിതാണ്. എന്നാൽ നമുക്കിപ്പോൾ അതിന്റെ ഗൂഢാർത്ഥപരമായ വിശദീകരണത്തിലേക്കു കടക്കേണ്ടിയിരിക്കുന്നു. ഈ മണവാട്ടി പുറജാതിക്കാരിൽനിന്നു രൂപീകൃതമായ സഭയെ പ്രതിനിധാനം ചെയ്യുന്നു. അവൾ അഭിസംബോധന ചെയ്യുന്ന ജെറൂസലെംപുത്രിമാർ: 'തിരഞ്ഞെടുപ്പു സംബന്ധിച്ച്

www.malankaralibrary.com



അവരുടെ പൂർവികരെപ്രതി അവർ സ്നേഹഭാജനങ്ങളാണ്, സുവിശേഷം സംബന്ധിച്ചു നിങ്ങളെപ്രതി അവർ ദൈവത്തിന്റെ ശത്രുക്കളാണ്'' (റോമ. 11: 28) എന്നു പരാമൃഷ്ടരായ ആളുകളുമത്രേ. അതിനാൽ അവർ ഈ ഭൗതിക ജെറൂസലെത്തിന്റെ പുത്രിമാർ ആകുന്നു. അവർ പുറജാതിക്കാരിൽനിന്നു രൂപംകൊണ്ട സഭയെ അവളുടെ താഴ്ന്ന ജന്മത്തിന്റെ പേരിൽ ആക്ഷേപിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. അവരുടെ നോട്ടത്തിൽ അവൾ നീചജാതിയാണ്. കാരണം അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും കുലീനരക്തമാണ് തന്റേതെന്ന് അവൾക്ക് അവകാശപ്പെടാൻ നിവൃത്തിയില്ല. അതുകൊണ്ട് അവൾ സ്വന്ത ജനങ്ങളേയും പിതാവിന്റെ ഭവനത്തേയും ഉപേക്ഷിച്ചു ക്രിസ്തുവിങ്കലേക്കു വരുന്നു (സങ്കീ. 45: 11).

ആദ്യത്തെ കൂട്ടർ തന്റെമേൽ ഇങ്ങനെയൊരു ദോഷം ആരോപിക്കുന്നുണ്ടെന്നു മണവാട്ടിക്കറിയാം. അതുകൊണ്ടാണവർ അവളെ കറുമ്പിയെന്നു വിളിക്കുന്നതെന്നും അറിയാം. പൂർവപിതാക്കന്മാരുടെ അദ്ധ്യാപനത്താൽ അവൾ ഉദ്ബുദ്ധയാക്കപ്പെട്ടിട്ടില്ലല്ലോ. അവരുടെ വിരോധോക്തികൾക്ക് അവൾ ഇങ്ങനെ മറുപടി പറയുന്നു: 'ജെറൂസലെം പുത്രിമാരേ, പ്രസിദ്ധരായ മനുഷ്യരിൽനിന്നു പിന്തുടർച്ച അവകാശപ്പെടാനില്ലാത്തതുകൊണ്ടു ഞാൻ കറുത്തവൾ തന്നെ. മൂശയുടെ നിയമത്തിൽനിന്നുള്ള ഉദ്ബുദ്ധതയും എനിക്കു കിട്ടിയിട്ടില്ല. ഇങ്ങനെയൊക്കെയാണെങ്കിലും എനിക്ക് എന്റേതായ സൗന്ദര്യമുണ്ട്. കാരണം, അടിസ്ഥാനപരമായ ആ ഘടകം എന്നിലുണ്ട്—ദൈവസാദൃശ്യം! അതിലാണല്ലോ എന്നെ സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പോൾ, ദൈവവചനത്തിങ്കൽ വന്നണഞ്ഞപ്പോൾ എനിക്കെന്റെ സൗന്ദര്യവും ലഭിച്ചു. എന്റെ കറുപ്പുനിറം കാരണം നിങ്ങൾ എന്നെ കേദാറിലെ കൂടാരങ്ങളോടും സോളമന്റെ തിരശ്ശീലകളോടും ഉപമിച്ചേക്കാം. എന്നാൽ കേദാറും ഇസ്മായേലിന്റെ പിന്തുടർച്ചക്കാരനായിരുന്നു. ഇസ്മായേലിന്റെ രണ്ടാമത്തെ മകനായിരുന്നു കേദാർ. ഇസ്മായേൽ ദൈവത്തിന്റെ അനുഗ്രഹത്തിൽ പങ്കില്ലാത്തവനായിരുന്നുമില്ല (ഉല്പ. 25: 13; 16: 11). നിങ്ങൾ എന്നെ സോളമന്റെ തിരശ്ശീലകളോടും തുല്യപ്പെടുത്തുന്നുണ്ടല്ലോ. അവ ദൈവത്തിന്റെ കൂടാരത്തിലെ തിരശ്ശീലകളല്ലാതെ മറ്റൊന്നുമല്ല (പുറ. 25: 2ff.) ജറൂസലേം പുത്രിമാരേ, എന്റെ കറുപ്പുനിറത്തെ ആധാരമാക്കി നിങ്ങൾ എന്നെ കുറ്റപ്പെടുത്തുന്നതിൽ ഞാൻ സത്യമായും ആശ്ചര്യപ്പെടുന്നു. കറുത്തവളായ ഒരു എത്യോപ്യാക്കാരിയെ ഭാര്യയാക്കിയതിന്റെ പേരിൽ മോശയെ കുറ്റപ്പെടുത്തിയ അദ്ദേഹത്തിന്റെ സഹോദരി മിറിയത്തിന് എന്തു സഹിക്കേണ്ടിവന്നു എന്നു നിങ്ങളുടെ നിയമപുസ്തകത്തിൽ എഴുതിയിട്ടുള്ളതു നിങ്ങൾ



എങ്ങനെ മറന്നു? ആ മാതൃകയുടെ പൂർത്തീകരണമാണ് എന്നിലുള്ളതെന്നു നിങ്ങൾ എന്തുകൊണ്ടു മനസ്സിലാക്കുന്നില്ല? ഞാൻ എത്യോപ്യാക്കാരിയാണ്. എന്റെ താഴ്ന്ന ജനനത്തിന്റെ ഫലമായി ഞാൻ കറുത്തിരിക്കുന്നു. എന്നാൽ വിശ്വാസവും പശ്ചാത്താപവും വഴി ഞാൻ സുന്ദരിയായി. ദൈവപുത്രനെ ഞാൻ സ്വന്തമാക്കി. 'മാംസമായ വചന'ത്തെ (യോഹ. 1: 14) ഞാൻ സ്വീകരിച്ചു. 'അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും' തന്റെ 'മഹത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയും' ആയവന്റെ പക്കൽ ഞാൻ എത്തി (കൊളോ. 1: 15 ; എബ്രാ. 1: 3). അതിനാൽ ഞാൻ സുന്ദരിയായിത്തീർന്നു. പാപത്തിൽനിന്ന് അകന്നു മാറുന്ന ഒരാളെ കുറ്റപ്പെടുത്തുന്ന നിങ്ങൾ എന്താണ് ചെയ്യുന്നത്? ആ പ്രവൃത്തിയെ നിങ്ങളുടെ നിയമം കുറ്റപ്പെടുത്തുന്നില്ലേ? നിങ്ങൾക്കു നിയമത്തെ മഹത്വപ്പെടുത്താനും അതേസമയം അതിനെ ലംഘിക്കാനും കഴിയുന്നതെങ്ങനെ?

പുറജാതികളിൽനിന്നുണ്ടായതും അതിനാൽ കറുത്തവളെങ്കിലും സുന്ദരിയെന്നു സ്വയം വിളിക്കുന്നതുമായ സഭയെക്കുറിച്ചാണല്ലോ നാം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ രഹസ്യത്തിന്റെ പൂർവച്ഛായയായ ഭാഗങ്ങൾ വി. ലിഖിതങ്ങളിൽനിന്നു ശേഖരിക്കുക എന്നതു ശ്രമകരമായ ഒരു ജോലിയാണ്. എങ്കിലും ആ വിഷയത്തിലുള്ള പ്രയത്നം നമുക്ക് ഉപേക്ഷിക്കാവുന്നതല്ല എന്നു ഞാൻ കരുതുന്നു. ഒന്നാമതായി സംഖ്യയുടെ പുസ്തകത്തിൽ മുൻപറഞ്ഞ എത്യോപ്യൻ സ്ത്രീയെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: 'മോശയുടെ ഭാര്യയായ എത്യോപ്യൻ സ്ത്രീയെപ്രതി മിറിയവും അഹറോനും അവനെതിരായി സംസാരിച്ചു. 'കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ?' (സംഖ്യ. 12: 1ff).

രാജാക്കന്മാരുടെ ഒന്നാംപുസ്തകത്തിൽ ഷേബാരാജ്ഞിയെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: 'സോളമന്റെ വിജ്ഞാനം ശ്രവിക്കുന്നതിന് ഭൂമിയുടെ അതിർത്തിയിൽനിന്നു വന്നവളാണ് അവൾ; സോളമന്റെ കീർത്തിയെപ്പറ്റി കേട്ട ഷേബാരാജ്ഞി അവനെ പരീക്ഷിക്കാൻ കുറെ കടംകഥകളുമായിവന്നു. ഒട്ടകപ്പുറത്തു സുഗന്ധദ്രവ്യങ്ങളും ധാരാളം സ്വർണവും വിലയേറിയ രത്നങ്ങളുംആയി വലിയൊരു പരിവാരത്തോടുകൂടിയാണ് അവൾ ജറുസലേമിൽ എത്തിയത്. സോളമനെ സമീപിച്ച് ഉദ്ദേശിച്ചതെല്ലാം അവൾ പറഞ്ഞു. അവളുടെ എല്ലാ ചോദ്യങ്ങൾക്കും സോളമൻ മറുപടി നൽകി. വിശദീകരിക്കാൻ വയ്യാത്തവിധം ഒന്നും അവന് അജ്ഞാതമായിരുന്നില്ല. സോളമന്റെ

www.malankaralibrary.com



ജ്ഞാനം, അവൻ പണിയിച്ച ഭവനം, മേശയിലെ വിഭവങ്ങൾ, സേവകന്മാർക്കുള്ള പീഠങ്ങൾ, ഭൃത്യന്മാരുടെ പരിചരണം, അവരുടെ വേഷം, പാനപാത്രവാഹകൻ, ദേവാലയത്തിൽ അവൻ അർപ്പിച്ച ദഹനബലികൾ എന്നിവ കണ്ടപ്പോൾ ഷേബാ രാജ്ഞി അന്ധാളിച്ചുപോയി. അവൾ രാജാവിനോടു പറഞ്ഞു: 'അങ്ങയെയും അങ്ങയുടെ ജ്ഞാനത്തെയുംപററി ഞാൻ എന്റെ ദേശത്തു കേട്ടതു് എത്രയോ വാസ്തവം! നേരിൽ കാണുന്നതു വരെ അതൊന്നും ഞാൻ വിശ്വസിച്ചിരുന്നില്ല. യാഥാർത്ഥ്യത്തിന്റെ പകുതിപോലും ഞാൻ അറിഞ്ഞിരുന്നില്ല. അങ്ങയുടെ ജ്ഞാനവും സമ്പത്തും ഞാൻ കേട്ടതിനെക്കാൾ എത്രയോ വിപുലമാണ്! അങ്ങയുടെ ഭാര്യമാർ എത്രയോ ഭാഗ്യവതികൾ! അങ്ങയുടെ സന്നിധിയിൽ സദാ കഴിച്ചുകൂട്ടുകയും ജ്ഞാനം ശ്രവിക്കുകയും ചെയ്യുന്ന അങ്ങയുടെ ദാസന്മാർ എത്രയോ ഭാഗ്യവാന്മാർ! അങ്ങിൽ പ്രസാദിച്ച് ഇസ്രായേലിന്റെ രാജാസനത്തിൽ അങ്ങയെ ഇരുത്തിയ അങ്ങയുടെ ദൈവമായ കർത്താവു വാഴ്ത്തപ്പെടട്ടെ. കർത്താവ് ഇസ്രായേലിനെ അനന്തമായി സ്നേഹിച്ചതിനാൽ, നീതിയും ന്യായവും നടത്താൻ അങ്ങയെ രാജാവാക്കി.' അവൾ രാജാവിനു നൂററിയിരുപതു താലന്തുസ്വർണവും വളരെയേറെ സുഗന്ധദ്രവ്യങ്ങളും രത്നങ്ങളും കൊടുത്തു. ഷേബാ രാജ്ഞി സമ്മാനിച്ചിടത്തോളം സുഗന്ധദ്രവ്യങ്ങൾ പിന്നീടാരും സോളമനു കൊടുത്തിട്ടില്ല' (1 രാജാ. 10: 1–10).

ഈ കഥ സാമാന്യം ദീർഘമായി ഉദ്ധരിച്ച് ഇവിടെ ചേർക്കാൻ ഞാൻ ആഗ്രഹിച്ചതു് ഈ കാര്യങ്ങളും അന്യജാതികളുടെയിടയിൽനിന്ന് ക്രിസ്തുവിങ്കലേയ്ക്കു വരുന്ന സഭയുടെ വ്യക്തിത്വവും തമ്മിൽ വളരെ നികടമായ സാദൃശ്യം ഉള്ളതുകൊണ്ടാണ്. നമ്മുടെ കർത്താവുതന്നെ ഈ രാജ്ഞിയെക്കുറിച്ചു സുവിശേഷത്തിൽ പറയുന്നുണ്ട്. അവിടുന്നു പറയുന്നു: 'ദക്ഷിണദേശത്തെ രാജ്ഞി സോളമന്റെ വിജ്ഞാനം ശ്രവിക്കാൻ ഭൂമിയുടെ അതിർത്തിയിൽനിന്നുവന്നു' (മത്താ. 12: 42). കർത്താവ് അവളെ ദക്ഷിണദേശത്തിന്റെ രാജ്ഞി എന്നു വിളിക്കുന്നതു് എത്യോപ്യാ ദക്ഷിണഭാഗത്തു കിടക്കുന്ന രാജ്യമായതുകൊണ്ടാണ്. ആ രാജ്യം ഏററം അകലെ കിടക്കുന്ന ഒന്നായതുകൊണ്ട് ഭൂമിയുടെ അതിർത്തിയിൽനിന്ന് എന്നും പറഞ്ഞിരിക്കുന്നു. ജൊസേഫൂസ് തന്റെ ചരിത്രഗ്രന്ഥത്തിൽ[1] ഈ രാജ്ഞിയെക്കുറിച്ച് എഴുതിയിട്ടുള്ളതായി നമുക്കു കാണാം. ആ രാജ്ഞിയെക്കുറിച്ചു കൂടുതലായി ചില വിവരങ്ങൾ ജൊസേഫൂസ് നൽകുന്നു. അവൾ സോളമന്റെ പക്കൽനിന്നു തിരിച്ചെത്തിയപ്പോൾ കാംബിസസ് രാജാവ് അവളുടെ വിജ്ഞാനത്തെക്കുറിച്ച് ആശ്ചര്യപ്പെട്ട്—ആ വിജ്ഞാനം സോളമന്റെ ബോധനത്തിൽനിന്ന് അവൾക്കു



ലഭിച്ചതായിരിക്കുമെന്നതിനു സംശയമില്ല—അവൾക്ക് മെറോയെ എന്ന പേരു നൽകിയതായി അദ്ദേഹം രേഖപ്പെടുത്തുന്നു. ആ രാജ്ഞി എത്യോപ്യയുടെമേൽ മാത്രമല്ല, ഈജിപ്റ്റിന്റെ മേലും ഭരണം നടത്തിയിരുന്നതായി ജൊസേഫൂസ് പ്രസ്താവിക്കുന്നു. ഇതിനും പുറമേ 67–ാം സങ്കീർത്തനത്തിലെ (31–33) താഴെപ്പറയുന്ന വാക്കുകൾ ഈ വിഭാഗത്തിലുള്ളവരെ പരാമർശിക്കുന്നതായി നമുക്ക് എടുത്തുപറയാവുന്നതുമാണ്. സങ്കീർത്തകൻ പറയുന്നു: 'യുദ്ധപ്രിയരായ ജനതകളെ ചിതറിക്കണമേ. ഈജിപ്തിൽനിന്ന് രാജപ്രതിനിധികൾ വരും. എത്യോപ്യാ ദൈവത്തിങ്കലേക്ക് അവളുടെ കരങ്ങൾ ഉയർത്തും. ഭൂമിയിലെ രാജ്യങ്ങളേ, നിങ്ങൾ ദൈവത്തിനു സ്തുതിഗീതങ്ങളാലപിക്കുവിൻ.'

ഇനി നാലാമത്തു് ഒരുദ്ധരണത്തെക്കുറിച്ചു ചിന്തിക്കാം. സെഫനിയാപ്രവാചകന്റെ പുസ്തകത്തിൽ (3: 8–11) നിന്നുള്ളതാണതു്. ഇതേ തരത്തിലുള്ള ആളുകളെക്കുറിച്ച് അവിടെ ഇങ്ങനെ പറയുന്നു: 'കർത്താവ് അരുൾച്ചെയ്യുന്നു. അതുകൊണ്ട് സാക്ഷ്യം വഹിക്കുവാൻ ഞാൻ വരുന്ന ദിവസംവരെ എന്നെ കാത്തിരിക്കുക. എന്റെ രോഷവും കോപാഗ്നിയും വർഷിക്കാൻ ജനതകളെയും രാജ്യങ്ങളെയും ഒരുമിച്ചുകൂട്ടാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു. അസഹിഷ്ണുവായ എന്റെ ക്രോധാഗ്നിയിൽ ഭൂമി മുഴുവൻ ദഹിക്കും. കർത്താവിന്റെ നാമം ജനതകൾ വിളിച്ചപേക്ഷിക്കാനും ഏകമനസ്സോടെ അവിടുത്തേക്ക് ശുശ്രൂഷചെയ്യാനും വേണ്ടി അന്നു ഞാൻ അവരുടെ അധരങ്ങളെ ശുദ്ധീകരിക്കും. എത്യോപ്യായിലെ നദികൾക്കപ്പുറത്തുനിന്ന് എന്റെ അപേക്ഷകർ, എന്റെ ജനത്തിൽനിന്നു ചിതറിപ്പോയവരുടെ പുത്രിമാർ എനിക്കു കാഴ്ചകൾ കൊണ്ടുവരും. അല്ലയോ സാബാ, നീ എന്നെ ധിക്കരിച്ചു ചെയ്ത പ്രവൃത്തികൾ നിമിത്തം അന്നു ഞാൻ നിന്നെ ലജ്ജിപ്പിക്കുകയില്ല.'

ജറമിയാസിന്റെ പുസ്തകത്തിൽ ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ട്. ഇസ്രായേലിലെ പ്രഭുക്കന്മാർ 'ജെറമിയായെ കാവൽപ്പുരയുടെ മുററത്തുണ്ടായിരുന്ന കിണററിലേയ്ക്ക് ഇറക്കി. രാജകുമാരൻ മൽക്കിയായുടെ കിണർ എന്നറിയപ്പെടുന്ന അതിലേയ്ക്ക് അവർ അവനെ കയറിൽ കെട്ടിത്താഴ്ത്തി. കിണററിൽ ചെളിയല്ലാതെ വെള്ളമില്ലായിരുന്നു. ജറമിയാ ചെളിയിൽ താണു. അവർ ജറമിയായെ കിണററിൽ താഴ്ത്തി എന്ന് കൊട്ടാരത്തിലുണ്ടായിരുന്ന എത്യോപ്യാക്കാരനായ എബെദ്മെലെക്ക് എന്ന ഷണ്ഡൻ കേട്ടു. രാജാവ് ബന്യാമിൻ കവാടത്തിൽ ഇരിക്കുകയായിരുന്നു. എബെദ്മെലെക്ക് കൊട്ടാരത്തിൽനിന്ന് ഇറങ്ങിച്ചെന്ന് രാജാവിനോടു പറഞ്ഞു: 'യജമാനനായ രാജാവേ,

www.malankaralibrary.com



ജറമിയായെ കിണററിൽ താഴ്ത്തിയ ഇവർ തിന്മ ചെയ്തിരിക്കുന്നു. അവൻ അവിടെ കിടന്നു വിശന്നുമരിക്കും. നഗരത്തിൽ അപ്പം തീർന്നു പോയിരിക്കുന്നു. രാജാവു് എത്യോപ്യാക്കാരനായ എബെദ്മെലെക്കിനോടു കല്പിച്ചു. നീ ഇവിടെ നിന്നു് മുപ്പതുപേരെയും കൂട്ടിക്കൊണ്ടുപോയി ജറമിയാ പ്രവാചകനെ മരിക്കുന്നതിനു മുമ്പു കിണററിൽനിന്നു കയററുക.' പിന്നെ എന്തു സംഭവിച്ചു? എത്യോപ്യക്കാരനായ എബെദ്മെലേക്കാണു് ജറമിയാപ്രവാചകനെ കിണററിൽനിന്നു കയററിയതു്. കുറേക്കാലത്തിനുശേഷം 'ജറമിയാ പ്രവാചകനു് ദൈവത്തിന്റെ വചനം ലഭിച്ചു. നീ പോയി എത്യോപ്യാക്കാരനായ എബെദ്മെലേക്കിനോടു് ഇങ്ങനെ പറയുക: ഇസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ കർത്താവ് അരുൾചെയ്യുന്നു: ഞാൻ പറഞ്ഞിരുന്നതുപോലെ നന്മയല്ല തിന്മ ഈ നഗരത്തിന്റെ മേൽ ഞാൻ വരുത്താൻ പോകുന്നു. നിന്റെ കണ്ണുകൾ അതു കാണും. അന്നു നിന്നെ ഞാൻ രക്ഷിക്കുമെന്നു കർത്താവു് അരുൾചെയ്യുന്നു. നീ ഭയപ്പെടുന്നവരുടെ കയ്യിൽ നിന്നെ ഞാൻ ഏല്പിച്ചു കൊടുക്കുകയില്ല. ഞാൻ നിന്നെ നിശ്ചയമായും രക്ഷിക്കും. നീ വാളിനിരയാവുകയില്ല. യുദ്ധസമ്മാനമായി നിന്റെ ജീവൻ രക്ഷിക്കപ്പെടും. എന്തെന്നാൽ നീ എന്നിൽ ആശ്രയിച്ചു.'[2]

നാം പരിഗണിക്കുന്ന ഗാനഭാഗത്തോടു്—അതായതു്, 'ജറുസലേം പുത്രിമാരേ, ഞാൻ കറുത്തവളാണെങ്കിലും കേദാറിലെ കൂടാരങ്ങൾ പോലെയും സോളമന്റെ തിരശീലകൾ പോലെയും അഴകുള്ളവളാണു്' എന്ന ഭാഗത്തോടു ബന്ധമുള്ളതായി വിലിഖിതങ്ങളിൽനിന്നു് എന്റെ ഓർമ്മയിൽ വന്ന ഭാഗങ്ങൾ ഇവയായിരുന്നു.

അപ്പോൾ, മോശ എത്യോപ്യാക്കാരിയായ ഒരു സ്ത്രീയെ—കറുത്ത അഥവാ ഇരുണ്ട നിറമുള്ള ഒരുവളെ—ഭാര്യയാക്കുന്നതായി നാം സംഖ്യാപുസ്തകത്തിൽ കാണുന്നു (12: 1ff). അവൾ കാരണമായി മിറിയവും അഹറോനും മോശയെ കുററപ്പെടുത്തുകയും രോഷത്തോടുകൂടി ഇങ്ങനെ പറയുകയും ചെയ്യുന്നു. 'കർത്താവു മോശയോടു മാത്രമേ സംസാരിച്ചുള്ളോ? ഞങ്ങളോടു സംസാരിച്ചില്ലേ?' സൂക്ഷ്മ വിചിന്തനത്തിൽ അവരുടെ ഈ വാക്കുകൾക്കു് പ്രസക്തിയില്ലെന്നു നമുക്കു് മനസ്സിലാകും. അവരുടെ വാക്കുകൾക്കു് എത്യോപ്യാക്കാരിയോടുള്ള അമർഷവുമായി എന്തു ബന്ധമാണുള്ളതു്? അതായിരുന്നു കുഴപ്പമെങ്കിൽ അവർ പറയേണ്ടിയിരുന്നതു് ഇങ്ങനെയാണു്: 'മോശേ, ഹാമിന്റെ വംശത്തിൽപ്പെട്ടവളായ ഒരു എത്യോപ്യാക്കാരിയെ താങ്കൾ ഭാര്യയാക്കരുതായിരുന്നു. സ്വന്തം വർഗത്തിൽ നിന്നു്, ലേവിയുടെ ഗോത്രത്തിൽപ്പെട്ട



ഒരുവളെയായിരുന്നു വിവാഹം ചെയ്യേണ്ടതു്.' എന്നാൽ അവർ അക്കാര്യമൊന്നും പറയുന്നില്ല. ദൈവം മോശയോടെന്നപോലെ ഞങ്ങളോടും സംസാരിച്ചു എന്നു മാത്രമാണു് അവർ പറയുന്നതു്. മോശയുടെ പ്രവൃത്തിയെ ഒരു ആദ്ധ്യാത്മിക രഹസ്യത്തിന്റെ ഭാഗമെന്ന നിലയിൽ അവർ കൂടുതലായി മനസ്സിലാക്കി എന്നാണു ഞാൻ കരുതുന്നതു്. മോശ—അതായതു് ആദ്ധ്യാത്മിക നിയമം—പുറജാതിക്കാരുടെയിടയിൽനിന്നു രൂപംകൊണ്ട സഭയുമായി വിവാഹത്തിലും ഐക്യത്തിലും ഏർപ്പെടുന്നതായി അവർ കണ്ടു. ഉപേക്ഷിക്കപ്പെട്ട സിനഗോഗിന്റെ പ്രതീകമായ മിറിയവും ശാരീരികാർത്ഥത്തിലുള്ള പൗരോഹിത്യത്തെ പ്രതിനിധാനം ചെയ്യുന്ന അഹറോനും അവരുടെ രാജ്യം അവരിൽനിന്നെടുക്കപ്പെടുകയും ഫലം പുറപ്പെടുവിക്കുന്ന മറെറാരു രാഷ്ട്രത്തിനു നൽകപ്പെടുകയും ചെയ്യുന്നതുകണ്ടു പറയുന്നു. 'കർത്താവു മോശയോടു മാത്രമല്ലല്ലോ ഞങ്ങളോടും സംസാരിച്ചില്ലേ?'

വിശ്വാസത്തെയും ക്ഷമയെയും സംബന്ധിച്ചു് മോശയുടെ വലിയനേട്ടങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടല്ലോ. എന്നാൽ എത്യോപ്യാക്കാരിയെ വിവാഹം ചെയ്ത ആ സന്ദർഭത്തിലെന്നപോലെ മറെറാരു സന്ദർഭത്തിലും ദൈവം അദ്ദേഹത്തെ ശ്ലാഘിച്ചിട്ടില്ല. പ്രസ്തുതസന്ദർഭത്തിൽ മോശെയെക്കുറിച്ചു് ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: 'മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലുംവച്ചു് സൗമ്യനായിരുന്നു.' ഇതേ സന്ദർഭത്തിൽത്തന്നെ കർത്താവു തുടർന്നു പറയുന്നു: 'നിങ്ങളുടെയിടയിൽ ഒരു പ്രവാചകനുണ്ടെങ്കിൽ കർത്താവായ ഞാൻ ദർശനത്തിൽ അവനു് എന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കും. സ്വപ്നത്തിൽ അവനോടു സംസാരിക്കുകയും ചെയ്യും. എന്റെ ദാസനായ മോശയുടെ കാര്യത്തിൽ അങ്ങനെയല്ല; അവനെ എന്റെ ഭവനത്തിന്റെ മുഴുവൻ ചുമതലയും ഏല്പിച്ചിരിക്കുന്നു. അവ്യക്തമായിട്ടല്ല, സ്പഷ്ടമായി മുഖാഭിമുഖം അവനുമായി ഞാൻ സംസാരിക്കുന്നു. അവൻ കർത്താവിന്റെ രൂപം കാണുകയും ചെയ്യുന്നു. അങ്ങനെയിരിക്കെ, എന്റെ ദാസനായ മോശെക്കെതിരായി സംസാരിക്കാൻ നിങ്ങൾ ഭയപ്പെടാതിരുന്നതെന്തു്?' (സംഖ്യ 12: 3. 6—8).

എത്യോപ്യക്കാരിയെ വിവാഹം ചെയ്തതുകൊണ്ടാണു് ഇക്കാര്യങ്ങളെല്ലാം കേൾക്കുവാൻ മോശ യോഗ്യനായി കണ്ടെത്തപ്പെട്ടതു്. സംഖ്യാപുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ഈ പ്രശ്നം ഞാൻ കൂടുതൽ പൂർണമായി കൈകാര്യം ചെയ്തിട്ടുണ്ടു്. അതുകൊണ്ടു പ്രയോജനമുണ്ടെന്നു കരുതുന്നവർ ആ പുസ്തകംകൂടെ നോക്കുക.[3] ഏതായാലും ഇവിടെ ഉത്തമഗീതത്തിൽ പരാമർശിക്കപ്പെടുന്ന കറുത്ത സുന്ദരി മോശ വിവാഹം ചെയ്ത എത്യോപ്യൻ

www.malankaralibrary.com



സ്ത്രീ തന്നെ എന്നു വ്യക്തമാക്കിക്കൊണ്ടു തല്ക്കാലം നിർത്താം. മോശ ആദ്ധ്യാത്മികനിയമത്തിന്റെ പ്രതീകമാകുന്നു. ആദ്ധ്യാത്മിക നിയമമെന്നാൽ ദൈവവചനമായ ക്രിസ്തുതന്നെയാണെന്നതിനു സംശയമില്ല. എന്നാൽ ജെറൂശലെം പുത്രിമാർ—ഇസ്രായേൽ ജനങ്ങളും അവരുടെ പുരോഹിതന്മാരും— ആ കറുത്ത പെണ്ണിനെ വിവാഹം ചെയ്തതിന്റെ പേരിൽ മോശെയെ പഴിക്കുകയും അദ്ദേഹത്തെക്കുറിച്ചു ചീത്ത കാര്യങ്ങൾ പറയുകയും ചെയ്യുന്നു.

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽനിന്നു് ഷേബാരാജ്ഞിയെക്കുറിച്ചുള്ള ഒരു ഭാഗം നാം മുമ്പ് ഉദ്ധരിച്ചല്ലോ. ആ ഭാഗത്തെക്കുറിച്ച് ഒന്നുകൂടെ വിചിന്തനം ചെയ്യാം. എത്യോപ്യാക്കാരിയായ ആ രാജ്ഞിയെക്കുറിച്ച് നമ്മുടെ കർത്താവ് സുവിശേഷത്തിൽ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. 'ദക്ഷിണദേശത്തെ രാജ്ഞി വിധിദിവസം ഈ തലമുറയോടൊത്ത് ഉയിർപ്പിക്കപ്പെടുകയും ഇതിനെ കുററം വിധിക്കുകയും ചെയ്യും. എന്തെന്നാൽ സോളമന്റെ വിജ്ഞാനം ശ്രവിക്കാൻ അവൾ ഭൂമിയുടെ അതിർത്തികളിൽനിന്നു വന്നെത്തി'. കർത്താവു തുടർന്നു പറയുന്നു: 'ഇതാ ഇവിടെ സോളമനെക്കാൾ വലിയവൻ' (മത്താ. 12: 42). സത്യം സത്യത്തിന്റെ രൂപത്തെക്കാൾ വലിയതാണെന്നത്രേ ഈ വാക്കുകൾകൊണ്ട് അവിടുന്നു നമ്മെ പഠിപ്പിക്കുന്നത്.

അപ്പോൾ, ഈ രാജ്ഞി പുറജാതികളിൽനിന്നു വന്നു. ആ മാതൃകയുടെ പൂർത്തീകരണമായ പ്രസ്തുതസഭയും പുറജാതികളുടെയിടയിൽനിന്നു വന്നിരിക്കുന്നു. യഥാർത്ഥസോളമൻ—സമാധാനപ്രേമി—ആയ നമ്മുടെ കർത്താവീശോമിശിഹായുടെ വിജ്ഞാനം ശ്രവിക്കുന്നതിനായി അവൾ വന്നിരിക്കുന്നു. അവളും ആദ്യം വരുന്നത് കടങ്കഥയുടെ ചോദ്യങ്ങളുംകൊണ്ട് തന്നെ പരീക്ഷിക്കുന്നവളായിട്ടാണ്. അവ ഉത്തരമില്ലാത്തവയായി മുമ്പു് അവൾക്കു തോന്നിയിരുന്നു. സത്യദൈവത്തെക്കുറിച്ചും ഈ ലോകത്തിലെ സൃഷ്ടവസ്തുക്കളെക്കുറിച്ചും ആത്മാവിന്റെ അമർത്ത്യതയെക്കുറിച്ചും വരാനിരിക്കുന്ന വിധിയെക്കുറിച്ചും അവൾക്കും അവളുടെ ഉപാദ്ധ്യായന്മാർക്കും—പുറജാതിക്കാരായ ദാർശനികന്മാർക്കെങ്കിലും—സംശയസ്പൃഷ്ടമായി അവശേഷിച്ചിരുന്ന എല്ലാ കാര്യങ്ങളിലെയും ചിന്താക്കുഴപ്പങ്ങൾ അവിടുന്നു പരിഹരിച്ചു കൊടുത്തു.

അനേകം അനുചരന്മാരോടും വലുതായ സന്നാഹങ്ങളോടും കൂടി സമാധാന ദർശനത്തിനായി അവൾ ജെറുസലേമിൽവന്നു; ഏതെങ്കിലും ഒരൊററ ദേശത്തോടുകൂടിയല്ല അവൾ വന്നത്. അവൾക്കു മുമ്പു സിനഗോഗ് വന്നത് ഹെബ്രായർ എന്ന ഏക



വർഗത്തോടുകൂടെയാണ്. സഭയാകുന്ന രാജ്ഞി വരുന്നതാകട്ടെ ലോകത്തിലെ എല്ലാ വർഗങ്ങളോടുംകൂടെയാകുന്നു. അവൾ വിലപ്പെട്ട ഉപഹാരങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നു. ഗ്രന്ഥകാരൻ പറയുന്നതുപോലെ, അവൾ സുഗന്ധദ്രവ്യങ്ങൾ സമർപ്പിക്കുന്നു—അതായത് അവയുടെ പരിമളത്താൽ ദൈവസന്നിധിയിൽ എത്തിച്ചേരുന്ന സൽകൃത്യങ്ങൾ. അവൾ സ്വർണവും കൊണ്ടുവന്നു—പരിശീലിപ്പിച്ച വീക്ഷണങ്ങളും മനസ്സിന്റെ യുക്തിഭദ്രമായ തഴക്കങ്ങളും വിശ്വാസത്തിലേയ്ക്കു വരുന്നതിനു മുമ്പു് സാധാരണമായ മററു വിദ്യാതീർത്ഥങ്ങളിൽനിന്നു് അവൾ നേടിയതാണവ. അമൂല്യരത്നങ്ങളും അവൾ കൊണ്ടുവന്നു. അതുകൊണ്ടു നാം മനസ്സിലാക്കേണ്ടതു് നല്ല പെരുമാററത്തിന്റെ അലങ്കാരങ്ങളെയാണ്. ഈ ആഡംബരങ്ങളോടുകൂടി അവൾ സമാധാനരാജാവിന്റെ കൊട്ടാരത്തിൽ പ്രവേശിക്കുന്നു. തന്റെ ഹൃദയം അദ്ദേഹത്തിന്റെ മുമ്പിൽ തുറക്കുന്നു—തന്റെ പൂർവദുഷ്കൃതങ്ങളുടെ ഏററു പറച്ചിലിന്റെയും പശ്ചാത്താപത്തിന്റെയും രൂപത്തിൽ. 'അവൾ തന്റെ ഹൃദയത്തിലുള്ളതെല്ലാം അവനോടു പറഞ്ഞു.' അപ്പോൾ നമ്മുടെ സമാധാനമായക്രിസ്തു 'അവളുടെ എല്ലാ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞു. മറുപടി പറയാതെ ഒരു ചോദ്യവും രാജാവു വിട്ടുകളഞ്ഞില്ല.' എല്ലാത്തിനും മകുടം ചൂടാനെന്നവിധം തന്റെ പീഡാനുഭവത്തിന്റെ കാലം സമീപിച്ചപ്പോൾ അവിടുന്നു് അവളോട്, ആതായതു് തന്റെ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരോട് പറഞ്ഞു, 'ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻചെയ്യുന്നതെന്തെന്നു ദാസൻ അറിയുന്നില്ല. ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു' (യോഹ. 15: 14f.).

സമാധാനകർത്താവായ രാജാവ് ഷേബാരാജ്ഞിക്കു വെളിപ്പെടുത്താത്തതായി ഒന്നുമില്ലായിരുന്നു എന്ന വചനം ഇങ്ങനെ പൂർത്തിയായി. —പുറജാതികളിൽനിന്നുള്ള സഭയാണല്ലോ ഷേബാരാജ്ഞി —. നിങ്ങൾ സഭയുടെ ഘടന കാണുകയും അവളുടെ കാര്യങ്ങൾ ക്രമീകരിക്കപ്പെടുകയും നിർവഹിക്കപ്പെടുകയും ചെയ്യുന്നതെങ്ങനെയെന്നു പരിഗണിക്കുകയും ചെയ്താൽ സോളമന്റെ ബുദ്ധിചാതുര്യത്തെക്കുറിച്ച് രാജ്ഞി ആശ്ചര്യപ്പെട്ടത് എന്തുകൊണ്ടെന്നു നിങ്ങൾക്കു മനസ്സിലാകും.

സോളമന്റെ ജ്ഞാനത്തെക്കുറിച്ചു പറയാതെ ബുദ്ധിചാതുര്യത്തെക്കുറിച്ച് കർത്താവു പറഞ്ഞതെന്ത് എന്നു നിങ്ങൾ ചോദിച്ചേക്കാം. ബുദ്ധിചാതുര്യം ഭൗതികകാര്യങ്ങളെക്കുറിക്കുന്ന

www.malankaralibrary.com



ഒന്നാണെന്നും ജ്ഞാനം ആദ്ധ്യാത്മികകാര്യങ്ങളെക്കുറിക്കുന്നതാണെന്നും അറിവുള്ളവർ അഭിപ്രായപ്പെടുന്നു. സഭ ഈ ഭൂമിയിലായിരിക്കുകയും ലൗകികരായ മനുഷ്യരുടെയിടയിൽ ജീവിക്കുകയും ചെയ്യുമ്പോൾ അവൾ ഒരുപക്ഷേ കുറെക്കാലത്തേയ്ക്ക് ക്രിസ്തുവിന്റെ ബുദ്ധിചാതുര്യത്തെക്കുറിച്ച് ആശ്ചര്യപ്പെട്ടേക്കാം. എന്നാൽ 'പൂർണമായവ വന്നുചേരുകയും' അവൾ ഭൂമിയിൽ നിന്നു സ്വർഗത്തിലേക്കു മാററപ്പെടുകയും ചെയ്തുകഴിയുമ്പോൾ, അവൾ കാണുന്നത് ദർപ്പണത്തിലൂടെയും അവ്യക്തമായും അല്ലാതെ, എല്ലാ വിശദാംശങ്ങളെയും സംബന്ധിച്ച് മുഖാമുഖമാകമ്പോൾ അവൾ അവന്റെ ജ്ഞാനം മുഴുവൻ കണ്ടറിയും.

'അവൻ നിർമിച്ച ആലയം അവൾ കണ്ടു.' ഈ പ്രസ്താവം നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരരഹസ്യത്തെക്കുറിച്ചാണെന്നതിനു തർക്കമില്ല. എന്തെന്നാൽ ജ്ഞാനം അവൾക്കു തന്നെ വേണ്ടി നിർമിച്ച വാസസ്ഥലമാണത് (സദൃശ്യ. 9: 1). അവൾ സോളമന്റെ മേശയിലെ വിഭവങ്ങൾ കണ്ടു. 'എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം' (യോഹ. 4: 34) എന്നു പറഞ്ഞപ്പോൾ കർത്താവർത്ഥമാക്കിയതെന്തോ അതാണീ ഭക്ഷണം എന്നു ഞാൻ കരുതുന്നു. 'അവന്റെ ഭൃത്യന്മാരുടെ വാസസ്ഥലങ്ങളും' അവൾ കണ്ടു. മെത്രാന്മാരുടെയും വൈദികരുടെയും സ്ഥാനങ്ങളുടെ ക്രമത്തെ സംബന്ധിച്ച സഭയിൽ നിലനിൽക്കുന്ന ക്രമമാണ് ഇവിടെ പരാമൃഷ്ടമായിട്ടുള്ളതെന്നെനിക്കു തോന്നുന്നു. 'ഭൃത്യന്മാരുടെ പരിചരണം' ദൈവിക ആരാധനയിൽ സഹായിക്കുന്ന ഡീക്കന്മാരുടെ സേവനങ്ങൾ ആയിരിക്കും. രാജ്ഞി കണ്ട അവന്റെ 'വസ്ത്രങ്ങൾ' എന്നതുകൊണ്ടു സൂചിതമായത് ക്രിസ്തുവിനോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു' (ഗലാ. 3: 27) എന്നു പറയപ്പെട്ടിടത്തു സൂചിതമായ വസ്ത്രമായിരിക്കണം. 'അവന്റെ പാനപാത്രവാഹകർ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവവചനവും അദ്ധ്യാപനവും കൂട്ടിക്കലർത്തി ശ്രോതാക്കളുടെ ഹൃദയങ്ങൾക്ക് ആസ്വാദ്യമായിരിക്കുംവിധം അവതരിപ്പിക്കുന്ന ഗുരുക്കന്മാരായിരിക്കണം. 'ദഹനബലികൾ' എന്നതു തീർച്ചയായും പ്രാർത്ഥനായാചനകളുടെ രഹസ്യങ്ങളാകുന്നു.

ആ കറുത്ത സുന്ദരി സമാധാനരാജാവിന്റെ, അതായത് ക്രിസ്തുവിന്റെ കൊട്ടാരത്തിൽ ഇപ്പറഞ്ഞവയെല്ലാം കണ്ടപ്പോൾ അവൾ അമ്പരന്നുപോയി. അവൾ അവനോടു പറഞ്ഞു: അങ്ങയുടെ വചനങ്ങളെയും ബുദ്ധിചാതുര്യത്തെയുംകുറിച്ച് ഞാൻ



എന്റെ നാട്ടിൽ കേട്ട കാര്യങ്ങൾ സത്യമത്രേ.' 'സത്യമായ വചനമെന്നു ഞാൻ മനസ്സിലാക്കിയ അങ്ങയുടെ വചനത്തെപ്രതി ഞാൻ അങ്ങയുടെ പക്കൽവന്നു. ഞാൻ എന്റെ സ്വന്തം രാജ്യത്തായിരുന്നപ്പോൾ ലൗകികാധ്യാപകരും താത്വികരും എന്നോടു പറഞ്ഞതും ഞാൻ കേട്ടതുമായ വചനങ്ങളൊന്നും സത്യമായിരുന്നില്ല. അങ്ങയിലുള്ള വചനങ്ങൾ മാത്രമാണു സത്യവചനങ്ങൾ.'

'അങ്ങയെക്കുറിച്ച് എന്നോടു പറഞ്ഞയാളുകളെ ഞാൻ വിശ്വസിച്ചില്ല' എന്ന് ഈ രാജ്ഞി പറഞ്ഞതെന്തുകൊണ്ട് എന്നു നാം അന്വേഷിക്കേണ്ടതാണല്ലോ എന്നു വായനക്കാർക്കു തോന്നുന്നുണ്ടാകും. വിശ്വസിച്ചില്ലെങ്കിൽ തീർച്ചയായും അവൾ അദ്ദേഹത്തിന്റെ അടുത്തേക്കു വരുമായിരുന്നില്ല. ഈ പ്രശ്നം താഴെ കാണുംവിധം പരിഹരിക്കാൻ സാധിക്കുമോ എന്നു നമുക്കു നോക്കാം. അവളുടെ വിശദീകരണം ഈവിധത്തിലാണെന്നു സങ്കല്പിക്കുക: 'അങ്ങയെക്കുറിച്ച് എന്നോടു പറഞ്ഞവരിൽ ഞാൻ പൂർണവിശ്വാസം അർപ്പിച്ചില്ല. അതുകൊണ്ടാണ് ഞാൻ അവരുടെ വാക്കുകൾ വിശ്വസിക്കാതിരുന്നത്. ഞാൻ വിശ്വാസമർപ്പിച്ചത് അങ്ങയിൽ മാത്രമാണ്. അതായത്, ദൈവമേ, അങ്ങയിൽ മാത്രമാണ്, മനുഷ്യരിലല്ല ഞാൻ വിശ്വസിച്ചത്. മനുഷ്യർവഴിയാണ് അങ്ങയെക്കുറിച്ചു ഞാൻ കേട്ടത് എന്നതു സത്യം തന്നെ. എന്നാൽ നേരിട്ടു അങ്ങയുടെ പക്കലേക്കാണ് ഞാൻ വന്നിട്ടുള്ളത്. അങ്ങയിൽ ഞാൻ വിശ്വസിക്കയും ചെയ്യുന്നു. അങ്ങയുടെ സാന്നിദ്ധ്യത്തിൽ എന്നോടു മുമ്പു പറയപ്പെട്ടിട്ടുള്ളതിനേക്കാൾ വളരെയധികം കാര്യങ്ങൾ ഞാൻ കണ്ടറിയുന്നു.'

ഈ കറുത്ത സുന്ദരി സ്വർഗീയ ജറൂസലെമിൽ വന്നെത്തുകയും സമാധാനത്തിന്റെ ദർശനത്തിൽ പ്രവേശിക്കുകയും ചെയ്യുമ്പോൾ, അവൾ മുമ്പു കേട്ടറിഞ്ഞിട്ടുള്ളതിനേക്കാൾ വളരെയധികവും വളരെയേറെ വിശിഷ്ടവുമായ കാര്യങ്ങൾ അവൾ കാണും. 'ദർപ്പണത്തിലെന്നപോലെ അവ്യക്തമായിട്ടാണ് അവൾ ഇപ്പോൾ കാണുന്നത്.' എന്നാൽ അവിടെ എത്തിക്കഴിയുമ്പോൾ അവൾ 'മുഖാമുഖം കാണും.' 'കണ്ണുകൾ കാണുകയോ കാതുകൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്ത' കാര്യങ്ങൾ അവൾ സാക്ഷാത്കരിക്കും. 'സ്വന്തനാട്ടിലായിരുന്നപ്പോൾ അവൾ കേട്ടത് സത്യാവസ്ഥയുടെ പകുതിപോലും ആകുന്നില്ല' എന്ന് അവൾ അപ്പോൾ മനസ്സിലാക്കും.

'സോളമന്റെ ഭാര്യമാർ അനുഗൃഹീതരാകുന്നു.' ദൈവവചനത്തിന്റേയും തന്റെ സമാധാനത്തിന്റേയും പങ്കാളികളായ ആത്മാക്കളെയാണ് ഇവിടെ ഉദ്ദേശിക്കുന്നതെന്നു സ്പഷ്ടമാകുന്നു.

www.malankaralibrary.com



‘സദാ അങ്ങയുടെ സന്നിധിയിൽ കഴിയുന്ന ദാസന്മാർ ഭാഗ്യവാന്മാർ.’ ചിലപ്പോൾ സന്നിധിയിലും ചിലപ്പോൾ മററു വല്ലയിടത്തും കഴിയുന്നവരല്ല ഭാഗ്യവാന്മാരായിട്ടുള്ളത്. അവിരാമമായി സദാ ദൈവവചന സന്നിധിയിൽ കഴിയുന്നവരത്രേ. യേശുവിന്റെ വചനങ്ങൾ ശ്രവിച്ചുകൊണ്ട് തന്റെ പാദാന്തികത്തിലിരുന്ന മറിയം അങ്ങനെയുള്ള ഒരുവളാണ്. മാർത്തായോട് ഇങ്ങനെ പറഞ്ഞപ്പോൾ കർത്താവുതന്നെ അവളെക്കുറിച്ചു സാക്ഷ്യം വഹിച്ചു: ‘മറിയം ഉത്തമഭാഗം തെരഞ്ഞെടുത്തു. അതു് അവളിൽനിന്നെടുക്കപ്പെടുകയില്ല’ (ലൂക്കോ. 10: 39–42).

അവസാനമായി ആ കറുത്ത സുന്ദരി പറയുന്നു: ‘അങ്ങിൽ പ്രസാദിച്ച് ഇസ്രായേലിന്റെ രാജാസനത്തിൽ അങ്ങയെ ഇരുത്തിയ അങ്ങയുടെ ദൈവമായ കർത്താവ് വാഴ്ത്തപ്പെടട്ടെ. കർത്താവ് ഇസ്രായേലിനെ അനന്തമായി സ്നേഹിച്ചതിനാൽ നീതിയും ന്യായവും നടത്താൻ അങ്ങയെ രാജാവാക്കി.’ ആരെ? സമാധാനകാരനെ, സംശയമില്ല. എന്തെന്നാൽ ‘അവൻ നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരേയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു’ (എഫെ. 2: 14).

ഇതിനെല്ലാംശേഷം ഷേബാരാജ്ഞി സോളമൻരാജാവിന് നൂററിയിരുപതു താലന്തു സ്വർണം നല്കിയതായി നാം വായിക്കുന്നു. നൂററിയിരുപത് എന്ന ഈ സംഖ്യ നോഹയുടെകാലത്തു മനുഷ്യായുസ്സായി അനുവദിച്ചു നല്കപ്പെട്ടതായിരുന്നു (ഉത്പ. 6: 3). ആ ആയുഷ്കാലത്തിനുള്ളിൽ പശ്ചാത്തപിക്കുന്നതിന് അവർ ക്ഷണിക്കപ്പെടുന്നുമുണ്ട്. മോശയുടെ ജീവിതകാലവും നൂററിയിരുപതു വർഷങ്ങൾതന്നെയായിരുന്നു (ഉത്പ. 6: 3; ആവ. 34: 7). സ്വർണ്ണത്തൂക്കത്തിന്റെ ഈ സാദൃശ്യത്തിൽ സഭ ക്രിസ്തുവിനു തന്റെ കഴിവുകളുടെയും മാനസിക ശക്തികളുടെയും ആകെത്തുക സമർപ്പിക്കുകയാണ്. എന്നു മാത്രമല്ല, മോശയുടെ ആയുഷ്കാലത്തിലെ വർഷങ്ങളുടെ സംഖ്യ ഉൾക്കൊള്ളുന്ന ഈ രൂപകംകൊണ്ട്, സഭയുടെ കഴിവുകളെല്ലാം ദൈവത്തിന്റെ നിയമത്തിനുമുമ്പിൽ സമർപ്പിതമായിരിക്കുന്നു എന്നും വ്യക്തമാവുന്നു.

അതിനുമുമ്പ് അവിടെ കിട്ടിയിട്ടില്ലാത്തത്ര അധികമായി അവൾ സുഗന്ധവസ്തുക്കളും സമർപ്പിച്ചു. ഇതുകൊണ്ട് പ്രാർത്ഥനകളെയോ കാരുണ്യപ്രവൃത്തികളെയോ നിങ്ങൾക്ക് ഇഷ്ടംപോലെ അർത്ഥമാക്കാം. എന്തെന്നാൽ ക്രിസ്തുവിനെ സമീപിച്ചപ്പോൾ എന്നതുപോലെ ശരിയായ വിധത്തിൽ അവൾ അതിനുമുമ്പ് ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല. ‘താൻ ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുന്നതു മനുഷ്യരുടെ മുമ്പിലല്ല, രഹസ്യത്തിൽ കാണു



കയും പരസ്യമായി പ്രതിഫലം കൊടുക്കുകയും ചെയ്യുന്ന പിതാവിന്റെ സന്നിധിയിലാണെന്നു മനസ്സിലാക്കിയതിനുശേഷം എന്നതുപോലെ അത്ര കർത്തവ്യനിരതയായി അവൾ ഒരിക്കലും പ്രവർത്തിച്ചിട്ടില്ല.

എന്റെ അനുമാനങ്ങൾക്കാധാരമായി ഞാൻ എടുത്തു ചേർത്തിട്ടുള്ള ഈ കാര്യങ്ങളെയെല്ലാം അവയുടെ വിവിധങ്ങളായ സ്ഥാനങ്ങളിൽ പിന്തുടരുക എന്നതു് ഒരു വലിയ ജോലിതന്നെയാണ്. രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തെക്കുറിച്ചു ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾകൊണ്ട് തല്ക്കാലം തൃപ്തിപ്പെടാം.

അറുപത്തിയെട്ടാം സങ്കീർത്തനത്തിൽ നിന്ന് മുമ്പുദ്ധരിച്ച ഭാഗത്തെക്കുറിച്ച് ഇനി ചെറുതായി ചിന്തിക്കാം. അവിടെ ഗ്രന്ഥകാരൻ പറയുന്നു: ‘എത്യോപ്യ ദൈവത്തിങ്കലേയ്ക്ക് അവളുടെ കരങ്ങൾ ഉയർത്തും’ (32). ഇസ്രായേലിന്റെ കരുമനകൾ മൂലം രക്ഷ എപ്രകാരം പുറജാതികളുടെ പക്കലേക്കു വരുന്നുവെന്നും ഇസ്രായേൽക്കാരുടെ പരാജയമാണ് രക്ഷയുടെ സീമയിലേയ്ക്കു വരുവാൻ പുറജാതികൾക്കു വഴി തുറന്നുകൊടുത്തതെന്നും പരിഗണിക്കുമ്പോൾ എത്യോപ്യായുടെ—പുറജാതികളുടെ—കരങ്ങൾ ദൈവത്തിങ്കലേയ്ക്കുള്ള സമീപനത്തിൽ ഇസ്രായേലിന്റെ കരങ്ങളെ എങ്ങനെ അതിവർത്തിക്കുന്നു എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ഇസ്രായേൽജനതയ്ക്കാണല്ലോ ദൈവത്തിന്റെ വെളിപാടുകൾ ആദ്യം നൽകപ്പെട്ടതു്. ‘എത്യോപ്യാ ദൈവത്തിങ്കലേയ്ക്ക് അവളുടെ കരങ്ങൾ ഉയർത്തും’ എന്ന വചനം പൂർത്തീകരിക്കപ്പെടുന്നതു് ഇങ്ങനെയാണെന്നു നിങ്ങൾക്കു കാണാം; കറുത്തവൾ സുന്ദരിയാകുന്നതെങ്ങനെയെന്നും മനസ്സിലാകും. ജറുസലേം പുത്രിമാർക്ക് ഇക്കാര്യത്തിൽ എത്ര വൈമനസ്യമുണ്ടെങ്കിലും ആ കറുത്ത സുന്ദരിയെ അവർ എത്രയേറെ പകച്ചാലും ദുഷിച്ചാലും പ്രയോജനമൊന്നുമില്ലതാനും.

എത്യോപ്യായിലെ നദികൾക്കപ്പുറത്തുനിന്നു വരുകയും ദൈവത്തിനു കാഴ്ചവസ്തുക്കൾ കൊണ്ടുവരുകയും ചെയ്യുവരെ കർത്താവു സ്വീകരിച്ചതായി പറയുന്ന, മുകളിൽ ഉദ്ധരിക്കപ്പെട്ട, പ്രവാചകന്റെ വാക്കുകളും ഇതുപോലൊരു വ്യാഖ്യാനം ആവശ്യപ്പെടുന്നുണ്ടെന്നാണെന്റെ വിചാരം. അതിഭീകരങ്ങളായ അസംഖ്യം പാപങ്ങളുടെ കാളിമകലർന്നവനാണ് ‘എത്യോപ്യയിലെ നദികൾക്കപ്പുറമായിരിക്കുന്ന’ എന്നു പറയപ്പെടുന്നതെന്ന് എനിക്കു തോന്നുന്നു. ദുഷ്ടതയുടെ മഷിനിറത്താൽ ലേപനം ചെയ്യപ്പെട്ട് അവൻ കറുത്തിരുണ്ടവനായിത്തീർന്നു. എന്നാൽ ഇത്തരക്കാരെപ്പോലും കർത്താവ് ആട്ടിയകററുന്നില്ല. വേദനി

www.malankaralibrary.com



ക്കുന്ന മനസ്സിന്റെയും വിനീതഹൃദയത്തിന്റെയും ബലികൾ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന ആരെയും തന്റെയടുത്തുനിന്ന് അവിടുന്ന് ഓടിച്ചുവിടുന്നില്ല. എന്തെന്നാൽ സമാധാനപ്രഭുവായ നമ്മുടെ കർത്താവു പറയുന്നു: 'എന്റെയടുത്തു വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല' (യോഹ. 6: 37). എത്യോപ്യായിലെ നദികൾക്കപ്പുറത്തു വസിക്കുന്നവർ ബലിവസ്തുക്കളുമായി കർത്താവിന്റെയടുത്തേയ്ക്കു വരും. അവരെ പുറജാതികളുടെ പൂർണതയ്ക്കു പിന്നാലെ വരുന്നവരുടെ പ്രതീകമായി കരുതാം—എത്യോപ്യയിലെ നദികൾ എന്നത് പുറജാതികളുടെ പൂർണതയുടെ പ്രതീകമാണ്—. അപ്പോൾ ഇസ്രായേൽ ജനത മുഴുവൻ രക്ഷിക്കപ്പെടുകയും ചെയ്യും. പ്രസ്തുത പ്രസ്താവത്തിൽ എത്യോപ്യയിലെ നദികൾക്കപ്പുറമായിരിക്കുക എന്നത് അവർ പുറജാതികൾക്കുള്ള രക്ഷയുടെ ജലപ്രവാഹം കടന്നുവരുന്ന സ്ഥലത്തിനപ്പുറവും കാലത്തിനുശേഷവും ആകുന്നു എന്നതാകാം. ഒരു പക്ഷേ ആ വിധത്തിലായിരിക്കും താഴെപ്പറയുന്ന പ്രവചനവും പൂർത്തിയാകുന്നത്: 'ഓ ഇസ്രായേലേ, നീ എന്നെ ധിക്കരിച്ചു ചെയ്ത പ്രവൃത്തികൾ നിമിത്തം നിന്നെ ഞാൻ അന്നു ലജ്ജിതനാക്കുകയില്ല' (സെഫ. 3: 11).

ജറമിയായുടെ പുസ്തകത്തിൽനിന്ന് ഉദ്ധരിച്ച ഭാഗത്തെക്കുറിച്ചു മാത്രമാണ് ഇനി വിവരിക്കാനുള്ളത്. ഇസ്രായേലിലെ പ്രഭുക്കൾ ജറമിയായെ കിണററിലിട്ടു എന്നു കേട്ട് എത്യോപ്യൻ ഷണ്ഡനായ അബ്ദിമെലെക്ക് അദ്ദേഹത്തെ അവിടെനിന്നു രക്ഷിച്ച കാര്യമാണല്ലോ അവിടെ പറയുന്നത്.[4] ഈ അന്യജാതിക്കാരൻ, ഇരുണ്ട നീലവർണ്ണത്തിൽപ്പെട്ട ഈ മനുഷ്യൻ, ഇസ്രായേൽ പ്രഭുക്കളാൽ മരണത്തിന്റെ ഗർത്തത്തിലേയ്ക്കു വലിച്ചെറിയപ്പെട്ട പ്രവാചകനെ അവിടെനിന്നു കയററി രക്ഷിച്ച ഈ വ്യക്തി, ഇസ്രായേൽ പ്രഭുക്കളാൽ മരണത്തിനേല്പിക്കപ്പെട്ടവന്റെ മരണത്തിൽനിന്നുള്ള പുനരുത്ഥാനത്തിൽ വിശ്വസിക്കുന്ന പുറജാതിക്കാരായ മനുഷ്യരെ പ്രതിനിധാനം ചെയ്യുന്നുവെന്നു പറയുന്നതനുചിതമാണെന്നെനിക്കു തോന്നുന്നില്ല. ആ ജനത അതിന്റെ വിശ്വാസംകൊണ്ട് തന്നെ പാതാളത്തിൽനിന്നു തിരികെ വിളിക്കുകയും തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നു. ഈ എത്യോപ്യക്കാരൻ ഒരു ഷണ്ഡനാണെന്നും പറയുന്നുണ്ടല്ലോ. അത് 'അവൻ അവനെത്തന്നെ സ്വർഗരാജ്യത്തിനുവേണ്ടി സ്വയം ഷണ്ഡനാക്കി'യതുകൊണ്ടോ അവനിൽ ദുഷ്ടതയുടെ ബീജം ഇല്ലാതിരുന്നതുകൊണ്ടോ ആയിരിക്കും എന്നു ഞാൻ കരുതുന്നു. അയാൾ രാജാവിന്റെ ഒരു ദാസനുമാണ്. 'ബുദ്ധിമാനായ ദാസൻ മൂഢന്മാരായ പ്രഭുക്കന്മാരെ ഭരിക്കുന്നു.' അബ്ദിമെലെക് എന്ന വാക്കിന്റെ അർത്ഥം 'രാജാക്കന്മാരുടെ ദാസൻ' എന്നത്രെ.[5] അതു



കൊണ്ടാണ് കർത്താവ് ഇസ്രായേൽ ജനങ്ങളെ അവരുടെ പാപങ്ങൾ കാരണമായി കൈവെടിഞ്ഞിട്ട് ആ എത്യോപ്യാക്കാരനെ സംബോധന ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞത്: ഞാൻ പറഞ്ഞിരുന്നതുപോലെ നന്മയല്ല, തിന്മ ഈ നഗരത്തിന്റെമേൽ ഞാൻ വരുത്താൻ പോകുന്നു.... അന്നു നിന്നെ ഞാൻ രക്ഷിക്കും. നീ ഭയപ്പെടുന്നവരുടെ കയ്യിൽ നിന്നെ ഞാൻ ഏല്പിച്ചുകൊടുക്കുകയില്ല....ഞാൻ നിന്നെ നിശ്ചയമായും രക്ഷിക്കും.'[6] ദൈവം അയാളെ രക്ഷിച്ചതിനു കാരണം അയാൾ പ്രവാചകനെ കഴിയിൽനിന്നു രക്ഷിച്ചു എന്നുള്ളതാണ്. അതായത്, മരണത്തിൽനിന്നുള്ള ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ വിശ്വസിച്ചതുകൊണ്ട്, ഒരു തരത്തിൽ പറഞ്ഞാൽ അയാൾ അവിടത്തെ ഗർത്തത്തിൽനിന്നു പുറത്തെടുത്തു.

ഇങ്ങനെ, ഈ കറുത്ത സുന്ദരി ജറുസലേം പുത്രിമാരുടെയടുത്തു സ്വതന്ത്രമായി പെരുമാറുകയും 'ഞാൻ കേദാറിലെ കൂടാരങ്ങൾപോലെ കറുത്തവളാണെന്നതു സത്യംതന്നെ. പക്ഷേ, ഞാൻ സോളമന്റെ തിരശ്ശീലകൾപോലെ സൗന്ദര്യമുള്ളവളാണ്' എന്ന് ആത്മവിശ്വാസത്തോടുകൂടി ഉറപ്പിച്ചു പറയുകയും ചെയ്യുന്നു എന്ന വസ്തുതക്കു സാക്ഷ്യം വഹിക്കുന്ന പല ഭാഗങ്ങൾ ഉണ്ടെന്നു നിങ്ങൾക്കു കാണാൻ കഴിയും.

സോളമന്റെ തിരശ്ശീലകളെ നേരിട്ടു പരാമർശിക്കുന്ന ഏതെങ്കിലും ഭാഗം വി. ലിഖിതത്തിൽ ഉള്ളതായി ഞാൻ ഓർമിക്കുന്നില്ല. എന്നാൽ അത് അദ്ദേഹത്തിന്റെ മഹത്ത്വത്തെ സൂചിപ്പിക്കുന്നതായിരിക്കും എന്ന് എനിക്കു തോന്നുന്നു. അതിനെക്കുറിച്ചാണല്ലോ 'സോളമൻപോലും തന്റെ സർവമഹത്ത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല' (മത്താ. 6: 29) എന്നു നമ്മുടെ രക്ഷകൻ പറയുന്നത്. എന്നാൽ സാക്ഷ്യകൂടാരത്തെക്കുറിച്ചു പറയുമ്പോൾ യവനികകളുടെ കാര്യം പലപ്പോഴും പറയപ്പെടുന്നുണ്ട്. ഉദാഹരണമായി കർത്താവു പറയുന്നു: 'കൂടാരത്തിന്റെ മുകൾഭാഗം മൂടുന്നതിനായി ആട്ടിൻരോമംകൊണ്ട് പതിനൊന്നു തിരശ്ശീലകൾ ഉണ്ടാക്കണം. ഓരോ തിരശ്ശീലക്കും മുപ്പതുമുഴം നീളവും നാലുമുഴം വീതിയുമുണ്ടായിരിക്കണം. പതിനൊന്നു തിരശ്ശീലകളും ഒരേ അളവിലായിരിക്കണം. അഞ്ചു തിരശ്ശീലകൾ യോജിപ്പിച്ച് ഒരു ഗണവും ആറു തിരശ്ശീലകൾ യോജിപ്പിച്ചു വേറൊരു ഗണവും ഉണ്ടാക്കുക. ആറാമത്തെ തിരശ്ശീല കൂടാരത്തിന്റെ മുൻഭാഗത്തു മടക്കിയിടുക. ഒന്നാമത്തെ ഗണം തിരശ്ശീലകളിൽ അവസാനത്തേതിന്റെ വക്കിൽ അമ്പതു വളയങ്ങളും രണ്ടാംഗണം തിരശ്ശീലകളിൽ അവസാനത്തേതിന്റെ വക്കിൽ അമ്പതു വളയങ്ങളും തുന്നിച്ചേർക്കുക. ഓടുകൊണ്ടുള്ള അമ്പതു കൊളുത്തുകളുണ്ടാക്കി അവ വളയങ്ങളിലൂടെയിട്ടു കൂടാരം

www.malankaralibrary.com



ഒന്നായി യോജിപ്പിക്കുക. അവശേഷിക്കുന്ന ഒരു പകുതി തിരശ്ശീല കൂടാരത്തിന്റെ പിന്നിൽ തൂക്കിയിടണം. മേൽവിരിയുടെ നീളത്തിൽ ഓരോ വശത്തും അവശേഷിക്കുന്ന ഓരോമുഴം ഇരുവശങ്ങളും മറയ്ക്കാനായി തൂക്കിയിടണം' (പുറ. 26: 7–13).

ഉത്തമഗീതത്തിൽ തിരശ്ശീലകളെക്കുറിച്ചു പറയുന്നതു് ഇതുകൊണ്ടാണു് എന്നെനിക്കു തോന്നുന്നു. തിരശ്ശീലകൾ സോളമന്റേതാണെന്നു പറയുന്നുണ്ടു്—അതായതു് സമാധാനകാരകനായ ക്രിസ്തുവിന്റെ. അപ്പോൾ കൂടാരം അവിടുത്തെതാണു്. അതിലെ സജ്ജീകരണങ്ങളും 'മനുഷ്യനിർമിതമല്ലാത്തതും കർത്താവിനാൽ സ്ഥാപിതവുമാണു് ആ സത്യകൂടാരം' എന്നും 'മനുഷ്യനിർമിതവും സാക്ഷാലുള്ളവയുടെ പ്രതിരൂപവുമായ വിശുദ്ധസ്ഥലത്തേക്കല്ല യേശു പ്രവേശിച്ചതു്' എന്നും വി. പൗലോസ് പറയുന്നതു പരിഗണിക്കുമ്പോൾ ഇക്കാര്യം വിശേഷിച്ചും വ്യക്തമാകും (എബ്രാ. 8: 2; 9: 24). അതിനാൽ മണവാട്ടി തന്റെ സൗന്ദര്യത്തെ സോളമന്റെ തിരശ്ശീലകളോടുപമിക്കുന്നുവെങ്കിൽ തീർച്ചയായും അവൾ അതുകൊണ്ടർത്ഥമാക്കുന്നതു് 'മനുഷ്യനിർമ്മിതമല്ലാത്തതും കർത്താവിനാൽ സ്ഥാപിതവുമായ ആ സത്യകൂടാരത്തെ ആവരണം ചെയ്യുന്ന തിരശ്ശീലകളെയാണു്. എന്നാൽ തന്റെ കറുപ്പുനിറത്തെയാണു് അവൾ സോളമന്റെ തിരശ്ശീലകളോടു തുല്യപ്പെടുത്തുന്നതെങ്കിൽ —ആ കറുപ്പു നിറത്തെപ്രതിയാണല്ലോ ജറുസലേം പുത്രിമാർ അവളെ അധിക്ഷേപിക്കുന്നതു്— ആ തിരശ്ശീലകൾ 'സത്യകൂടാരത്തിന്റെ പ്രതിരൂപ'ത്തിന്റേതാണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവ യഥാർത്ഥത്തിൽ കറുത്തവതന്നെയായിരുന്നു. കാരണം, ആട്ടിൻരോമംകൊണ്ടാണു് അവ ഉണ്ടാക്കപ്പെട്ടതു്. ദൈവത്തിന്റെ കൂടാരത്തിന്റെ അലങ്കരണത്തിനും അവിടത്തെ ആരാധനക്കും അവ ഉപകരിച്ചു എന്നതു് നിഷേധിക്കാവുന്നതുമല്ല.

ഒരു കാര്യംകൂടെ ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ടു്: ഉദ്ധൃതഭാഗത്തു് വക്താവു് ഒററ വ്യക്തി ആണു് എങ്കിലും തന്റെ കറുപ്പിനെ അവൾ തുല്യപ്പെടുത്തിയിട്ടുള്ളതു് കേദാറിലെ കൂടാരങ്ങളോടും സോളമന്റെ തിരശ്ശീലകളോടും ബഹുവചനത്തിലാണു്. അതിനാൽ രംഗത്തുവരുന്നതു് ഒരാൾ മാത്രമാണെന്നും എന്നാൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ചിതറിക്കിടക്കുന്ന അസംഖ്യം സഭകൾ ഉണ്ടെന്നും അവയിൽ വലിയ ജനവിഭാഗങ്ങൾ ഉൾപ്പെടുന്നുവെന്നും നാം മനസ്സിലാക്കണം. സ്വർഗരാജ്യം ഒന്നുമാത്രമാണെങ്കിലും 'പിതാവിന്റെ ഭവനത്തിൽ അനേകം ഹർമ്മ്യങ്ങളുണ്ടു്' എന്നാണല്ലോ പറയപ്പെട്ടിരിക്കുന്നതു് (യോഹ. 14: 2).



അനേകം പാപങ്ങൾ ചെയ്തതിനുശേഷം പശ്ചാത്താപത്തിലേയ്ക്കു തിരിയുന്ന ഓരോ ആത്മാവിനെക്കുറിച്ചും ഉദ്ധൃതവാക്യം പറയാം. പാപങ്ങൾമൂലം അവൾ കറുത്തിരിക്കുന്നു. എന്നാൽ പശ്ചാത്താപവും അതിന്റെ ഫലങ്ങളുംമൂലം അവൾ സുന്ദരിയത്രേ.

'ഞാൻ കറുത്തവളും സുന്ദരിയുമാകുന്നു' എന്നു പറയുന്നവൾ അവസാനംവരെ അവളുടെ കറുപ്പിൽ കഴിയുന്നില്ലാത്തതുകൊണ്ടു് ജറുസലേം പുത്രിമാർ പിന്നീടു് അവളെക്കുറിച്ചു പറയുന്നു: 'ധവളീകരിക്കപ്പെട്ടവളായി തന്റെ ആത്മനാഥനെ ചാരിവരുന്ന ഇവൾ ആരാണു്?' (ഉത്തമ. 8: 5).

## 2

'ഞാൻ മങ്ങിയ നിറമുള്ളവളായതുകൊണ്ടു്, വെയിലേററു ഞാൻ ഇരുണ്ടുപോയതുകൊണ്ടു്, എന്നെ തുറിച്ചു നോക്കരുതേ'
(1. 6a–Vg. 1. 5a)

മോശ വിവാഹം ചെയ്ത എത്യോപ്യൻ സ്ത്രീയെക്കുറിച്ചായാലും സോളമന്റെ വിജ്ഞാനം കേൾക്കാൻ വന്ന എത്യോപ്യൻ ഭരണാധികാരിണിയായ ഷേബാരാജ്ഞിയെക്കുറിച്ചായാലും നാം മുകളിൽക്കൊടുത്ത വിശദീകരണം വസ്തുതകൾക്കു യോജിക്കുമെങ്കിൽ, ഈ കറുത്ത സുന്ദരി തന്റെ കറുപ്പിനു തക്കതായ കാരണം നൽകുന്നതായി തോന്നുന്നു. തന്നെ ആക്ഷേപിക്കുന്നവർക്കു് അവൾ തക്ക സമാധാനം നൽകുന്നുവെന്നും പറയാം. അതു് അവൾ സൃഷ്ടിക്കപ്പെട്ടപ്പോഴുള്ള സ്വാഭാവികാവസ്ഥയല്ല എന്നു് അവൾ വ്യക്തമാക്കുകയാണു്. സാഹചര്യവശാൽ അവൾക്കു വന്നുചേർന്ന ഒരു വൈകല്യമാണതു്. 'സൂര്യൻ എന്റെ നേരേ കീഴോട്ടു നോക്കിയതുകൊണ്ടു് അങ്ങനെ സംഭവിച്ചു' എന്നു് അവൾ പറയുന്നു. താൻ സംസാരിക്കുന്നതു് ശാരീരികമായ കറുപ്പിനെക്കുറിച്ചല്ല എന്നു് ഇതുകൊണ്ടു് അവൾ വ്യക്തമാക്കുന്നു. സൂര്യൻ ഒരാളുടെ നേരേ നോക്കുമ്പോഴാണു്, നേരേ കീഴോട്ടു നോക്കുമ്പോഴല്ല, അയാളുടെ നിറം കറുപ്പാകുന്നതു്.

എത്യോപ്യാക്കാർ എല്ലാവരുംതന്നെ ജന്മനാ കറുത്തവരാണു്. ആ ഭൂപ്രദേശത്തു സൂര്യൻ കൂടുതൽ തീക്ഷ്ണമായ കിരണങ്ങളോടുകൂടി ജ്വലിക്കുന്നതുകൊണ്ടു് അവിടെയുള്ളവരുടെ ശരീരം കറുക്കുന്നുവെന്നും ശരീരം ഒരിക്കൽ വെയിലേററിരുണ്ടാൽ ആ നിറം അനന്തര തലമുറകളിലേയ്ക്കു ജന്മനാ സംക്രമിക്കുമെന്നും അവരുടെയിടയിൽ പരക്കെ പറയപ്പെടുന്നു. എന്നാൽ ആത്മാവിന്റെ

www.malankaralibrary.com



കറുപ്പിന്റെ കാര്യം നേരേ മറിച്ചാണ്. ആത്മാവു കറുക്കുന്നതു് സൂര്യൻ നോക്കുന്നതുകൊണ്ടല്ല, സൂര്യൻ താഴേയ്ക്കു നോക്കുന്നതുകൊണ്ടാണ്. അതിനാൽ ആ കറുപ്പു ജന്മനാ ലഭിക്കുന്നതല്ല, ഉപേക്ഷമൂലം ഉണ്ടാകുന്നതത്രേ. അലസതയാൽ ഉണ്ടാകുന്ന ആ കറുപ്പിനെ പ്രയത്നംകൊണ്ടു നീക്കാൻ കഴിയും.

അല്പംമുമ്പു് ഞാൻ പറഞ്ഞതുപോലെ കറുത്തവൾ എന്നു വിളിക്കപ്പെടുന്ന ഇതേ ആൾ ഈ ഗീതത്തിന്റെ അവസാനത്തിൽ 'ധവളീകരിക്കപ്പെട്ടു് ആത്മനാഥന്റെമേൽ ചാരിക്കൊണ്ടു വരുന്ന'തായി പ്രസ്താവിക്കപ്പെടുന്നുണ്ടു് (ഉത്തമ. 8: 5). അവൾ താഴേയ്ക്കു പോയതുകൊണ്ടാണു കറുത്തതു്. എന്നാൽ മുകളിലേയ്ക്കു വരാനും ആത്മനാഥന്റെമേൽ ചാരാനും തുടങ്ങിയപ്പോൾ, അവനോടു പററിനിൽക്കാനും അവരെ വേർതിരിക്കാൻ ഒന്നിനും സാധിക്കുകയില്ലെന്ന അവസ്ഥ നിലനില്ക്കാനും തുടങ്ങിയപ്പോൾ, അവൾ വെളുത്തവളും സുന്ദരിയുമായി. അവളുടെ കാളിമയെല്ലാം ദൂരീകൃതമായപ്പോൾ സത്യപ്രകാശത്തിന്റെ ആവരണം ചെയ്യുന്ന തിളക്കത്താൽ അവൾ ശോഭിക്കുകയായി.

തന്റെ കറുപ്പിനു വിശദീകരണം നൽകിക്കൊണ്ടു് ജറുസലേം പുത്രിമാരോടു് അവൾ പറയുന്നു: ജറുസലേം പുത്രിമാരേ, എന്റെ മുഖത്തു കാണുന്ന ഈ കറുപ്പുനിറം ജന്മസിദ്ധമാണെന്നു നിങ്ങൾ വിചാരിക്കരുതു്. സൂര്യൻ എന്റെ നേരേ അതൃപ്തിയോടുകൂടി നോക്കിയിട്ടാണു് ആ നിറം ഉണ്ടായതു്. എന്തെന്നാൽ ഞാൻ നിൽക്കുന്നതു നേരെയല്ല എന്നു് 'നീതിയുടെ സൂര്യൻ' കണ്ടു (മാലാഖി 4: 2). അതിനാൽ അദ്ദേഹം തന്റെ രശ്മികൾ നേരേ എന്റെമേൽ പതിച്ചില്ല. ഞാൻ പുറജാതികൾ എന്ന ജനതയാകുന്നു. ഞങ്ങൾ 'നീതിസൂര്യ'നെ ഇതിനുമുമ്പു കണ്ടിട്ടില്ല; കർത്താവിന്റെ സന്നിധിയിൽ നിന്നിട്ടുമില്ല. അതിനാൽ അദ്ദേഹം എന്നെ നേരേ നോക്കിയില്ല, ചരിഞ്ഞാണു നോക്കിയതു്. അദ്ദേഹം എന്റെ അടുത്തു നിന്നില്ല; എന്നെ കടന്നു പോവുകയാണു ചെയ്തതു്. ഇസ്രായേൽ എന്നു വിളിക്കപ്പെടുന്ന നീ ഈ സ്ഥിതി സ്വയം അനുഭവിച്ചിട്ടുള്ളതാണല്ലോ. അക്കാര്യം നീ വീണ്ടും വീണ്ടും സമ്മതിക്കുകയും ഇങ്ങനെ പറയുകയും ചെയ്യും. 'പണ്ടു ഞാൻ വിശ്വസിക്കാതിരുന്ന കാലത്തു് നീ തെരഞ്ഞെടുക്കപ്പെടുകയും കാരുണ്യം പ്രാപിക്കുകയും ചെയ്തു. നീതിയുടെ സൂര്യൻ നിന്നെ ദയാപൂർവം പരിഗണിച്ചു. എന്നെ സംശയപൂർവം വീക്ഷിക്കുകയും അനുസരണവും വിശ്വാസവുമില്ലാത്തവളായി തിരസ്കരിക്കുകയും ചെയ്തു. അതുപോലെ ഇപ്പോൾ നീ അവിശ്വാസിനിയും അനുസരണമില്ലാത്തവളുമായിരിക്കുന്നതുകൊണ്ടു് നീതിസൂര്യൻ എന്നെ സ്നേഹകാരുണ്യങ്ങളോടെ



വീക്ഷിക്കുമെന്നു ഞാൻ ശരണപ്പെടുന്നു. സ്വർഗത്തിന്റെ രഹസ്യങ്ങളറിഞ്ഞവനായ പൗലോസിനെ ഞാൻ നിന്റെ പക്കലേക്കു ആനയിക്കും. നീതിസൂര്യനാൽ അസംതൃപ്തിയോടെ വീക്ഷിക്കപ്പെടുക എന്നതു് നമുക്കു രണ്ടുപേർക്കും ഉണ്ടായ അനുഭവമാണെന്നും നിന്നെ അവിടുന്നു സ്നേഹപൂർവം വീക്ഷിച്ചിരുന്ന കാലത്തു് അവിടുന്നു് അനുസരണക്കേടിന്റെ പേരിൽ എന്നെ വെറുത്തിരുന്നുവെന്നും ഇപ്പോൾ ആ സൂര്യൻ നിന്നെ അതൃപ്തിയോടെ നോക്കുന്നുവെന്നു മാത്രമല്ല, ഭാഗികമായ ഒരന്ധത നിന്നെ ബാധിച്ചിരിക്കുന്നുവെന്നും അവൻ നിനക്കു സാക്ഷ്യപ്പെടുത്തും. ഇതാണു് അവൻ പറയുന്നതു്—അവൻ പുറജാതികളെ സംബോധന ചെയ്തു പറയുന്നു എന്നു സ്പഷ്ടമത്രേ—ഒരിക്കൽ നിങ്ങൾ ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. എന്നാൽ അവരുടെ അനുസരണക്കേടുനിമിത്തം നിങ്ങൾക്കു കൃപ ലഭിച്ചു. അതുപോലെ തന്നെ നിങ്ങൾക്കു ലഭിച്ച കൃപനിമിത്തം അവർക്കും കൃപ ലഭിക്കേണ്ടതിനു് ഇപ്പോൾ അവർ അനുസരണമില്ലാത്തവരായിരിക്കുന്നു. മറെറാരിടത്തു് അവൻ പറയുന്നു: 'ഇസ്രായേലിൽ കുറെപ്പേർക്കു മാത്രമേ ഹൃദയകാഠിന്യം ഉണ്ടായിട്ടുള്ളു. അതും വിജാതീയർ പൂർണമായി സ്വീകരിക്കപ്പെടുന്നതുവരെ മാത്രം (റോമ. 11: 30f. 25). അതിനാൽ നിങ്ങൾ എന്നെ ആക്ഷേപിക്കുന്നതിനു കാരണമായ ഈ കറുപ്പുനിറം എന്നിലുണ്ടായതു് എന്റെ അവിശ്വാസവും അനുസരണക്കേടുംമൂലം സൂര്യൻ അതൃപ്തിയോടുകൂടി എന്നെ നോക്കിയതുകൊണ്ടാണു്. എന്നാൽ ഞാൻ നീതിയുള്ളവളായി അവിടുത്തെ മുമ്പിൽ നിൽക്കുകയും ഒന്നിലും വക്രതയില്ലാത്തവളായിരിക്കുയും 'വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കാതെ നീതിസൂര്യന്റെ മുമ്പിൽ തന്റെ എല്ലാ നീതീകരണങ്ങളിലും കററമററവളായി എന്റെ പാദങ്ങൾക്കുള്ള പാതകളെ നേരേയാക്കുകയും ചെയ്യുമ്പോൾ' നീതിപൂർണനായ അവിടുന്നു് എന്നെ സ്നേഹപൂർവം വീക്ഷിക്കും. അപ്പോൾ എന്റെ ശോഭയും പ്രതാപവും എനിക്കു തിരിച്ചുകിട്ടും. നിങ്ങൾ കററപ്പെടുത്തുന്ന ആ കറുപ്പുനിറം എന്നിൽനിന്നു പൂർണമായി നിഷ്കാസനം ചെയ്യപ്പെടുകയും 'ലോകത്തിന്റെ പ്രകാശം' എന്നു വിളിക്കപ്പെടാൻ ഞാൻ അർഹയായിത്തീരുകയും ചെയ്യും.'

നാം കാണുന്ന ദൃശ്യനായ സൂര്യൻ ഉച്ചസ്ഥാനത്തു നിൽക്കുമ്പോൾ അതിന്റെ സമീപത്തു ചെല്ലുന്ന വസ്തുക്കളെ കറുപ്പിക്കുകയും കത്തിക്കുകയും ചെയ്യും. എന്നാൽ അകലെയുള്ള വസ്തുക്കളെ പ്രകാശിപ്പിക്കുക മാത്രമല്ലാതെ കരിച്ചുകളയുന്നില്ല. എന്നാൽ ആദ്ധ്യാത്മിക സൂര്യന്റെ — നീതിസൂര്യന്റെ — സ്വഭാവം നേരെ വിപരീതമാണു്. തന്റെ കരങ്ങളിൽ രോഗമോചനമുണ്ടു്. ഹൃദയത്തിൽ സത്യസന്ധരും തന്റെ പ്രതാപത്തിന്റെ ഉച്ച

www.malankaralibrary.com



സ്ഥിതിയോടു ചേർന്നു നിൽക്കുന്നവരുമായി താൻ കണ്ടെത്തുന്നവരെ അവിടുന്നു പ്രകാശിപ്പിക്കുന്നു, സകല ഉജ്ജ്വലതകളുംകൊണ്ടു വലയം ചെയ്യുന്നു. പക്ഷെ തനിക്കെതിരായി നടക്കുന്നവരെ അതൃപ്തിയോടുകൂടി വീക്ഷിക്കാൻ മാത്രമേ അവിടുത്തേയ്ക്കു കഴിയൂ. അനുഗ്രഹപൂർവം അവരെ വീക്ഷിക്കാൻ കഴിയുകയില്ല. ആ ആളുകളുടെ ചാപല്യങ്ങളും ചഞ്ചലതയുമാണ് ഇതിനു കാരണം.

വശം തിരിഞ്ഞിരിക്കുന്നതിന് നേരേയുള്ളതിനെ സ്വീകരിക്കാൻ സാധിക്കുന്നതെങ്ങിനെ? ഏററവും ഋജുവായ ഒരു റൂളംതടി ഒരു വക്രരേഖയോടു ചേർത്തു വയ്ക്കാൻ ശ്രമിക്കുന്നതുപോലെയാണത്. രേഖയുടെ വക്രത റൂളംതടി വളരെ സ്പഷ്ടമായി വെളിപ്പെടുത്തും. എന്നാൽ രേഖയെ വക്രമാക്കിയത് റൂളംതടിയല്ല. അതിനാൽ നേരായ മാർഗങ്ങൾ സ്വീകരിക്കാൻ തിടുക്കപ്പെടുന്നതും സുകൃതങ്ങളുടെ വഴിയിൽ നിൽക്കുന്നതും നമുക്കുചിതമാകുന്നു. നീതിസൂര്യൻ നമ്മുടെ നേർമുകളിൽ വന്നുനിൽക്കുമ്പോൾ നമ്മെ വളഞ്ഞവരും വശംതിരിഞ്ഞവരുമായി കണ്ടാൽ കറുത്തവരാക്കിമാററും.

അവിടുത്തെ പ്രകാശം സ്വീകരിക്കാൻ നാം എത്രത്തോളം അപ്രാപ്തരാണോ, അത്രത്തോളം ഇരുട്ടിനും കറുപ്പിനും നാം നമ്മിൽത്തന്നെ ഇടം ഉണ്ടാക്കുകയാണ്. എന്തെന്നാൽ അവിടുന്ന് 'ഈ ലോകത്തിലേയ്ക്കു വരുന്ന എല്ലാവരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചവും ഈ ലോകത്തെ സൃഷ്ടിച്ചവനും ലോകത്തിൽ ഉണ്ടായിരുന്നവനു'മാകുന്നു (യോഹ. 1: 9f). നമുക്കു കണ്ണുകൊണ്ടു കാണാവുന്ന പ്രകാശമല്ല ഈ ലോകത്തെ സൃഷ്ടിച്ചത്; ആ പ്രകാശം ലോകത്തിന്റെ ഒരു ഭാഗമാണല്ലോ. യഥാർത്ഥമായ പ്രകാശം ഈ ലോകത്തെ സൃഷ്ടിച്ചു. അതിനെതിരായി നാം നടന്നാൽ അത് നമ്മെ അതൃപ്തിയോടെ നോക്കും.

നാം ആ പ്രകാശത്തിനെതിരായി സഞ്ചരിക്കുമ്പോൾ, ഒരർത്ഥത്തിൽ, ആ പ്രകാശം നമുക്കെതിരായും സഞ്ചരിക്കുന്നു. ലേവ്യാപുസ്തകത്തിൽ ഇപ്രകാരം എഴുതപ്പെട്ടിട്ടുണ്ട്: 'നിങ്ങൾ എനിക്കെതിരായി നടക്കുകയും എന്നെ അനുസരിക്കാതിരിക്കുകയും ചെയ്താൽ വേറെ ഏഴു ബാധകൾ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും'. അല്പം കഴിഞ്ഞ് ഒരിടത്ത് ഇങ്ങിനെ കാണുന്നു: 'നിങ്ങൾ എന്നിലേക്കു തിരിയാതെ എനിക്കെതിരായി വ്യാപരിക്കുകയാണെങ്കിൽ ഞാനും നിങ്ങൾക്കെതിരായി വ്യാപരിക്കും'. ചില പകർപ്പുകളിൽ നാം ഇങ്ങനെ വായിക്കുന്നു: 'നിങ്ങൾ എന്റെയടുത്ത് വക്രമായി വ്യാപരിച്ചാൽ നിങ്ങളുടെയടുത്ത് ഞാനും വക്രമായി വ്യാപരിക്കും.' അതേ ഗ്രന്ഥത്തിൽ അല്പംകൂടെ കഴിഞ്ഞ് ഒരിടത്ത് കർത്താവ് ഇങ്ങനെ പറഞ്ഞിരിക്കുന്നു:



'അവർ എന്റെ ദൃഷ്ടിയിൽ വക്രമാർഗത്തിൽ സഞ്ചരിച്ചതിനാൽ ഞാൻ കോപത്തോടുകൂടി അവക്കെതിരേ വക്രമാർഗത്തിൽ വ്യാപരിക്കും' (26: 21. 23f· 40f.)

സൂര്യൻ ചൊവ്വില്ലാത്തവിധത്തിൽ—വക്രമായ രീതിയിൽ—നോക്കുന്നു എന്നു പറഞ്ഞത് ഏതർത്ഥത്തിലാണെന്നു വ്യക്തമാക്കാനാണ് ഞാൻ ഈ ഭാഗങ്ങളെല്ലാം എടുത്തുകാണിച്ചത്. തന്റെയടുത്ത് വക്രമായി പെരുമാറുന്നയാളിന്റെയടുത്താണ് കർത്താവ് വക്രമായി വ്യാപരിക്കുന്നതെന്നും അയാളെയാണു വക്രമായി വീക്ഷിക്കുന്നതെന്നും വ്യക്തമായല്ലോ. നാം ചർച്ച ചെയ്യുന്ന ഉദ്ധരണത്തിലെ ഒരാശയം ചർച്ചചെയ്യാതെ മുന്നോട്ടു പോകാൻ പാടില്ല. അതിതാണ്: സൂര്യന് രണ്ടുതരം കഴിവുകൾ ഉള്ളതായി കാണപ്പെടുന്നു. ഒരുതരം കഴിവിനാൽ അതു പ്രകാശംപരത്തുന്നു. മറെറാന്നിനാൽ അതു കരിക്കുന്നു. അതിന്റെ അടുത്തെത്തുന്ന പദാർത്ഥത്തിന്റെ സ്വഭാവം അനുസരിച്ച് അത് അതിനെ പ്രകാശംകൊണ്ട് ഉജ്ജ്വലമാക്കുകയോ ചൂടുകൊണ്ട് കറുത്തതും കടുത്തതും ആക്കിത്തീർക്കുകയോ ചെയ്യുന്നു.

ഒരു പക്ഷേ ഈ അർത്ഥത്തിലായിരിക്കും ദൈവം ഫറവോന്റെ ഹൃദയത്തെ കഠിനമാക്കി എന്നു പറയുന്നത് (പുറ. 9: 12). അയാളുടെ ഹൃദയത്തിന്റെ സ്വഭാവം നീതിസൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് ഉജ്ജ്വലമാകുന്നതല്ല, അതിൽനിന്നു ചൂടു സ്വീകരിച്ച് കടുക്കുകയും കറുക്കുകയും ചെയ്യുന്നതായിരുന്നു. ആ ഫറവോൻ എബ്രായ ജനങ്ങളെ കഠിന ജോലികൾ കൊണ്ട് പീഡിപ്പിക്കുകയും കളിമണ്ണും ഇഷ്ടികകളും കൊണ്ട് അവരെ വിവശരാക്കുകയും ചെയ്തതിനു കാരണം അതുതന്നെ (പുറ. 1: 14). ഇസ്രായേൽക്കാരെ പീഡിപ്പിക്കാൻ അയാൾ ആവിഷ്കരിച്ച സംവിധാനങ്ങൾ അത്രയേറെ അഴുക്കും ചെളിയും നിറഞ്ഞ ഒരു ഹൃദയത്തിൽ നിന്നേ ഉളവാകുകയുള്ളു. കളിമണ്ണുണക്കി കടുതാക്കിയ ഭൗതിക സൂര്യൻ അതേ കിരണങ്ങൾ കൊണ്ട് ഇസ്രായേൽ ജനങ്ങളുടെ ജീവിതത്തിനാവശ്യമായ ചൂടും വെളിച്ചവും നൽകിയല്ലോ. അതുപോലെ നീതിസൂര്യൻ ഫറവോന്റെ ഹൃദയത്തെ കഠിനമാക്കുകയും അതിൽ പങ്കിലമായ ആശയങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.

ദൈവദാസനായ ഗ്രന്ഥകാരൻ പരിശുദ്ധാരൂപിയുടെ പ്രചോദനം ഉൾക്കൊണ്ട് ഇവിടെ എഴുതുന്നത് സാധാരണ രീതിയിലുള്ള ഒരു മാനുഷിക കഥയല്ല. 'ഇസ്രായേൽമക്കൾ വേദനപ്പെട്ടു ഞരങ്ങി' എന്ന് അദ്ദേഹം പറയുമ്പോൾ, അവർ ഞരങ്ങിയതു കളിമണ്ണോ ഇഷ്ടികയോ വയ്ക്കോലോ കാരണമല്ല, 'അവരുടെ ജോലികൾ കാരണമാണെന്ന്' അദ്ദേഹം വ്യക്തമാക്കുന്നു. 'അവ

www.malankaralibrary.com



രുടെ നിലവിളി ദൈവത്തിന്റെ പക്കലെത്തി' എന്നു് അദ്ദേഹം തുടർന്നു പറയുന്നു. ഇതും ഇഷ്ടികയോ വയ്ക്കോലോ കാരണമല്ല, അവരുടെ ജോലികൾ കാരണമാണെന്നു് അദ്ദേഹം വ്യക്തമാക്കുന്നുണ്ടു്. അതിനാൽ 'കർത്താവു് അവരുടെ ഞരക്കങ്ങൾ കേട്ടു' (പുറ. 2: 23f.) എന്നു് അദ്ദേഹം തുടർന്നു പറയുന്നു. തങ്ങളുടെ ജോലികൾ കാരണമായി കർത്താവിനെ വിളിച്ചു കരയുന്നവരുടെ ഞരക്കങ്ങളല്ലാതെ താൻ കേൾക്കുകയില്ല.

ഈ കാര്യങ്ങൾ വളരെ ദീർഘമായി ഇവിടെ പ്രതിപാദിച്ചു എന്നു തോന്നിയേക്കാം. എന്നാൽ പ്രസ്തുത ഉദ്ധരണങ്ങൾ നൽകിയ സന്ദർഭം ഉപയോഗപ്പെടുത്താതിരിക്കുന്നതു ശരിയല്ല എന്നെനിക്കു തോന്നി. പ്രത്യേകിച്ചും, സൂര്യൻ തന്റെനേരേ അതൃപ്തിയോടുകൂടി നോക്കിയതുകൊണ്ടു തന്റെ നിറം കറുത്തതായി എന്നു പറയുന്നവളുടെ അവസ്ഥയോടു് ഇക്കാര്യങ്ങൾക്കു സാദൃശ്യമുണ്ടു്. പാപപൂർണ്ണമായ അവസ്ഥ നേരത്തേ ഉള്ളിടത്തു് ഇതു സംഭവിക്കുമെന്നു്, പാപത്തിന്റെ അടിത്തറയുള്ളിടത്തു സൂര്യൻ ആളിനെ കരിക്കുകയോ കറുപ്പിക്കുകയോ ചെയ്യുമെന്നു് താൻ കാണിച്ചു. എന്നാൽ സങ്കീർത്തനങ്ങളിൽ നീതിമാനായ മനുഷ്യനെക്കുറിച്ചു് ഇങ്ങനെ പറയപ്പെട്ടിട്ടുള്ളതു ശരിയാണുതാനും: 'പകൽ സൂര്യനോ രാത്രി ചന്ദ്രനോ നിന്നെ തപിപ്പിക്കയില്ല' (സങ്കീ. 120: 6). പാപകരമായി ഒന്നുമില്ലാത്ത വിശുദ്ധന്മാരെ ദിവ്യസൂര്യൻ പൊള്ളലേല്പിക്കുന്നില്ല. കാരണം, നാം മുമ്പു പറഞ്ഞതുപോലെ സൂര്യനു രണ്ടുതരം കഴിവുകളുണ്ടു്; അതു നീതിമാന്മാർക്കു പ്രകാശം നൽകുന്നു; എന്നാൽ പാപികളെ അതു പ്രകാശിപ്പിക്കുന്നില്ല, കരിക്കുകയാണു ചെയ്യുന്നതു്. എന്തെന്നാൽ അവർ തിന്മ ചെയ്യുന്നവരാകയാൽ പ്രകാശത്തെ വെറുക്കുന്നു' (യോഹ. 3: 20).

ഇക്കാരണത്താൽത്തന്നെയാണു നമ്മുടെ ദൈവത്തെ 'എല്ലാററിനെയും ദഹിപ്പിക്കുന്ന അഗ്നി' എന്നു പറയുന്നതു് (ആവ. 4: 24). അതേസമയം അന്ധകാരം ലേശംപോലുമില്ലാത്ത പ്രകാശമെന്നും അവിടുന്നു വിളിക്കപ്പെടുന്നുണ്ടു്. നീതിമാന്മാർക്കു് അവിടുന്നു സംശയാതീതമായും പ്രകാശമാകുന്നു. പാപികൾക്കു് അവിടുന്നു് അഗ്നിയാകുന്നു. അവരുടെ ആത്മാക്കളിലുള്ള ദൗർബല്യങ്ങളുടെയും ദുഷിപ്പുകളുടെയും അംശങ്ങളെപ്പോലും താൻ ദഹിപ്പിച്ചുകളയുന്നു. അവധാനപൂർവം വി. ഗ്രന്ഥം വായിക്കുകയാണെങ്കിൽ ഒരു കാര്യം വീണ്ടും വീണ്ടും നിങ്ങളുടെ ശ്രദ്ധയിൽപ്പെടും. സൂര്യനെപ്പററിയും അഗ്നിയെപ്പററിയും പറയുന്ന അനേകം സന്ദർഭങ്ങളിൽ ഭൗതികമായ സൂര്യനും അഗ്നിയുമല്ല അർത്ഥമാക്കപ്പെടുന്നതു്; പ്രത്യുത, ആദ്ധ്യാത്മികമായ സൂര്യനും അഗ്നിയുമാണു്.



## 3

'എന്റെ മാതൃതനയന്മാർ എന്നിൽ യുദ്ധം ചെയ്തു. അവർ എന്നെ മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയാക്കി. എന്നാൽ എന്റെ സ്വന്തം മുന്തിരിത്തോട്ടം ഞാൻ കാത്തുസൂക്ഷിച്ചില്ല' (1. 6b–Vg. 1. 5b).

തന്റെ പൂർവപാപങ്ങൾമൂലം കറുത്തവളും, വിശ്വാസവും ഹൃദയപരിവർത്തനവുംമൂലം സൗന്ദര്യം നേടിയവളുമായ മണവാട്ടി ഇപ്പോൾ ഒരു പ്രസ്താവംകൂടെ അവതരിപ്പിക്കുന്നു. അവളുടെ മാതൃതനയന്മാർ അവൾക്കെതിരായിട്ടല്ല, അവളിൽ യുദ്ധം ചെയ്തുവെന്നാണു് അവൾ പറയുന്നതു്. അവളിൽ നടത്തിയ ആ യുദ്ധത്തിനുശേഷം അവർ അവളെ ഒരു മുന്തിരിത്തോട്ടത്തിന്റെയല്ല, അനേകം മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയാക്കി. മാതൃതനയന്മാർ സൂക്ഷത്തിനേല്പിച്ച ആ മുന്തിരിത്തോട്ടങ്ങൾക്കു പുറമേ, മറെറാരു തോട്ടംകൂടെയുണ്ടു്, അവളുടെ സ്വന്തം തോട്ടം. അതവൾ കാത്തുസൂക്ഷിച്ചില്ല. നമ്മുടെ മുമ്പിലുള്ള നാടകത്തിലെ കഥ ഇതാണു്.

ഈ വക്താവിന്റെ അമ്മ ആരായിരിക്കും എന്നു നമുക്കു നോക്കാം. ആ അമ്മയുടെ മക്കൾ ആരായിരിക്കുമെന്നും നോക്കേണ്ടതുണ്ടു്. അവർ മണവാട്ടിയിൽ യുദ്ധം ചെയ്യുകയും യുദ്ധം കഴിഞ്ഞു് അവളുടെ സൂക്ഷത്തിനു മുന്തിരിത്തോട്ടങ്ങൾ ഏല്പിച്ചുകൊടുക്കുകയും ചെയ്തവരാണല്ലോ. അവർ യുദ്ധം ചെയ്തില്ലായിരുന്നെങ്കിൽ അവൾ തോട്ടം സൂക്ഷിക്കുകയില്ലായിരുന്നെന്നു തോന്നും. ഏതായാലും മററു മുന്തിരിത്തോട്ടങ്ങളുടെ സൂക്ഷിപ്പു് ഏറെറടുത്തതിന്റെ ഫലമായി അവൾ സ്വന്തം തോട്ടം ശരിക്കു പരിപാലിച്ചില്ല, അഥവാ അവൾക്കതിനു കഴിഞ്ഞില്ല.

ഗലാത്തിയാക്കാക്കെഴുതുമ്പോൾ വി. പൗലോസ് പറയുന്നു (ഗലാ. 4: 21–26): 'നിയമത്തിനു വിധേയരായിരിക്കാൻ അഭിലഷിക്കുന്ന നിങ്ങൾ എന്നോടു പറയുവിൻ, നിങ്ങൾ നിയമം അനുസരിക്കുകയില്ലേ? എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: അബ്രാഹത്തിനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഒരുവൻ ദാസിയിൽനിന്നു്, ഇതരൻ സ്വതന്ത്രയിൽനിന്നു്. ദാസിയുടെ പുത്രൻ ശാരീരിക രീതിയിലും സ്വതന്ത്രയുടെ പുത്രൻ വാഗ്ദാനപ്രകാരവും ജനിച്ചു. ആലങ്കാരികമായി പറഞ്ഞാൽ ഈ സ്ത്രീകൾ രണ്ടു് ഉടമ്പടികളാണു്. ഒരുവൾ സീനായ് മലയിൽനിന്നുള്ളവൾ. അവൾ ദാസ്യവൃത്തിക്കായി മക്കളെ ജനിപ്പിക്കുന്നു. അവളാണു് ഹാഗാർ. ഹാഗാർ അറേബ്യായിലെ സീനായ് മലയാണു്. അവൾ ഇന്നത്തെ ജറൂസലെമിന്റെ പ്രതീകമത്രെ. എന്തെ

www.malankaralibrary.com



ന്നാൽ അവൾ തന്റെ മക്കളോടൊത്ത് ദാസ്യവൃത്തി ചെയ്യുന്നു. എന്നാൽ സ്വർഗീയ ജറൂസലേം സ്വതന്ത്രയാണ്. അവളാണ് നമ്മുടെ അമ്മ.'

ഇപ്രകാരം വി. പൗലോസ് സ്വർഗീയ ജറൂസലെമിനെ തന്റെ അമ്മയെന്നും എല്ലാ വിശ്വാസികളുടെയും അമ്മയെന്നും വിളിക്കുന്നു. തുടർന്നു താഴെ പറയുന്ന ഭാഗത്ത് ഇങ്ങനെയൊരനുമാനവും അദ്ദേഹം അവതരിപ്പിക്കുന്നു: 'അതിനാൽ സഹോദരരേ, നാം ദാസിയുടെ മക്കളല്ല, സ്വതന്ത്രയുടെ മക്കളാണ്. സ്വാതന്ത്ര്യത്തിലേക്കു ക്രിസ്തു നമ്മെ മോചിപ്പിച്ചു' (ഗലാ. 4: 31). അതിനാൽ ക്രിസ്തുവിൽനിന്നുള്ള സ്വാതന്ത്ര്യത്താൽ സ്വാതന്ത്ര്യത്തെ അനുഗമിക്കുന്ന ഓരോരുത്തരും സ്വതന്ത്രയുടെ മക്കളാണെന്നു പൗലോസ് വ്യക്തമായി പ്രഖ്യാപിക്കുകയാണ്. ഈ സ്വതന്ത്രയായ സ്ത്രീ ഉന്നതങ്ങളിലെ ജറൂശലേം ആണെന്നും അവളാണു നമ്മുടെയെല്ലാം അമ്മയെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

ഇവിടെ രണ്ടുകാര്യം നമുക്കു മനസ്സിലാകുന്നുണ്ട്: ഒന്ന്—മണവാട്ടി ഈ അമ്മയുടെ മക്കളിൽ ഒരാളാണ്. രണ്ട്—അവളിൽ യുദ്ധം ചെയ്യുകയും അവളെ മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയാക്കുകയും ചെയ്തവരും ആ അമ്മയുടെ മക്കളാകുന്നു. അവളിൽ യുദ്ധം ചെയ്യാനും അവളെ മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയാക്കാനും അധികാരമുള്ള ഈ സഹോദരന്മാർ ഏതെങ്കിലും നീചസ്ഥാനത്തെ പൗരന്മാരായിരുന്നില്ല എന്ന് ഇതിൽനിന്നു വ്യക്തമാകുന്നുണ്ട്. അതിനാൽ മണവാട്ടിയുടെ മാതൃപുത്രന്മാർ എന്ന പ്രയോഗം അപ്പസ്തോലന്മാരെ സൂചിപ്പിക്കുന്നതാണെന്നു നമുക്കു കരുതാം. അവർ സ്വർഗീയ ജറുസലേമിന്റെ സന്താനങ്ങളാണല്ലോ. പുറജാതിക്കാരിൽനിന്നു രൂപം പൂണ്ട സഭയായ അവളിൽ അവർ മുമ്പു യുദ്ധം ചെയ്തു. അവർ യുദ്ധം ചെയ്തത് അവളിൽ മുമ്പുണ്ടായിരുന്ന അവിശ്വാസത്തിന്റേയും അനുസരണക്കേടിന്റെയും പ്രവണതകളേയും ക്രിസ്തുവിന്റെ ജ്ഞാനത്തിനെതിരായി തലയുയർത്തിനില്ക്കുന്ന അഹങ്കാരത്തെയും പരാജയപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു. 'ക്രിസ്തുവിനെപ്പറ്റിയുള്ള അറിവിനെതിരായ വാദമുഖങ്ങളേയും ഔദ്ധത്യപൂർണമായ എല്ലാ പ്രതിബന്ധങ്ങളേയും ഞങ്ങൾ തകർത്തു' (2 കൊരി. 10: 4f.) എന്നു പൗലോസ്ശ്ലീഹ പറഞ്ഞിരിക്കുന്നു. അതിനാൽ അവർ യുദ്ധം ചെയ്തത് അവൾക്കെതിരായിട്ടല്ല, അവളിലത്രേ. അതായത്, അവളുടെ പ്രവണതകളിലും ഹൃദയത്തിലും. പുറജാതികളുടെയിടയിൽ ജീവിച്ച കാലത്ത് അവൾ സോഫിസ്റ്റുകളുടെ പഠനങ്ങളിൽനിന്ന് ആഗിരണം ചെയ്ത എല്ലാ അവിശ്വാസങ്ങളേയും തിന്മകളേയും അവളിൽനിന്ന് ആട്ടിപ്പായിക്കുന്നതിനുവേണ്ടിയാണവർ പൊരുതിയത്.



അതിനാൽ ക്രിസ്തുവിന്റെ അപ്പസ്തോലന്മാർക്ക് ഈ മണവാട്ടിയിൽനിന്ന് അസത്യത്തിന്റെ ഗോപുരങ്ങളും അബദ്ധ പഠനങ്ങളുടെ മതിൽക്കെട്ടുകളും തകർത്തു നീക്കംചെയ്യുന്നതിന്, ദുഷ്ടതയുടെ വാദമുഖങ്ങളെ ധ്വംസിക്കുന്നതിന്, ഇവയെല്ലാം അവളുടെ ഹൃദയത്തിൽ ഉജ്ജ്വലിപ്പിച്ച ദൂഷിത ചൈതന്യങ്ങളെ പരാജയപ്പെടുത്തുന്നതിന് ഉഗ്രപോരാട്ടംതന്നെ നടത്തേണ്ടിവന്നു. ഇങ്ങനെ പഴയ അവിശ്വാസത്തിന്റെ സമ്പ്രദായങ്ങളെ അവളിൽനിന്ന് ഉന്മൂലനം ചെയ്തശേഷവും അവർ അവളെ അലസമായി വിടുന്നില്ല. അലസയായിരുന്നാൽ പഴയ തിന്മകൾ അവളിലേക്കു തിരികെ നുഴഞ്ഞുകയറിയേക്കും. അവൾക്കു ചെയ്യാൻ അവർ ഒരു ജോലി കൊടുക്കുന്നു. മുന്തിരിത്തോട്ടത്തിന്റെ ചുമതല അവർ അവളെ ഏല്പിക്കുന്നു.

മുന്തിരിത്തോട്ടങ്ങളെന്നാൽ നിയമത്തിന്റെയും പ്രവാചകന്മാരുടെയുമായ വിവിധ ഗ്രന്ഥങ്ങൾ എന്നു നമുക്കു മനസ്സിലാക്കാം. എന്തെന്നാൽ അവ ഓരോന്നും 'കർത്താവു സമൃദ്ധമായി അനുഗ്രഹിച്ച ഒരു വയൽ' ആയിരുന്നു (ഉത്പ. 27: 27). ധീരരായ ആ സഹോദരന്മാർ യുദ്ധം ജയിച്ചുകഴിഞ്ഞപ്പോൾ ഇവയെ കാത്തുസൂക്ഷിക്കാനാണ് സഹോദരിയെ ചുമതലപ്പെടുത്തിയത്. എന്തെന്നാൽ നാം മുമ്പു പറഞ്ഞതുപോലെ, അവളെ അലസതയിൽ വിട്ടേക്കുവാൻ അവർ ഇഷ്ടപ്പെട്ടില്ല. ഇതുപോലെതന്നെ സുവിശേഷങ്ങളും അപ്പസ്തോലികലേഖനങ്ങളും മുന്തിരിത്തോട്ടങ്ങളായി നമുക്കു പരിഗണിക്കാം. പുറജാതികളുടെയിടയിൽനിന്നു രൂപീകൃതമായ സഭയുടെ പരിചരണത്തിനും പഠനത്തിനുമായി അവയും ഭരമേല്പിക്കപ്പെട്ടു.

താൻ സംരക്ഷിച്ചില്ല എന്നു മണവാട്ടി പറയുന്ന അവളുടെ സ്വന്തം മുന്തിരിത്തോട്ടമുണ്ടല്ലോ; വിശ്വാസത്തിലേക്കു വരുന്നതിനുമുമ്പ് അവൾക്കു ലഭിച്ച വിവിധങ്ങളായ അറിവുകളാണത്. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾ അത്തരം അറിവുകളെ ഉപേക്ഷിച്ചുകളയുന്നു. അതുവരെ നേട്ടമെന്നു കരുതിയിരുന്ന ആ കാര്യങ്ങൾ ക്രിസ്തുവിനെ സംബന്ധിച്ചു കോട്ടമാണെന്നു മനസ്സിലാക്കിക്കൊണ്ടാണ് അങ്ങനെ പരിത്യജിക്കുന്നത്. ഇപ്രകാരം, യഹൂദനിയമത്തിന്റെ ആചരണവും യഹൂദമതത്തിന്റെ എല്ലാ മഹത്ത്വങ്ങളും തനിക്കു വിസർജ്യംപോലെ ആയിരുന്നുവെന്ന് വി. പൗലോസ് അഭിമാനപൂർവം പ്രസ്താവിക്കുന്നു. നിയമത്തിന്റേതായ സ്വന്തം നീതീകരണത്തോടുകൂടിയല്ല ദൈവത്തിന്റെ നീതീകരണത്തോടുകൂടി ക്രിസ്തുവിൽ കാണപ്പെടുന്നതിനുവേണ്ടിയാണ് താൻ അങ്ങനെ കരുതിയതെന്നും അദ്ദേഹം പറയുന്നു (ഫിലി. 3: 7–9). ഈ അർത്ഥത്തിൽ പൗലോസ് തന്റെ സ്വന്തം മുന്തിരിത്തോട്ടം സംരക്ഷിക്കുന്നില്ല. അതാ

www.malankaralibrary.com



യതു് ക്രിസ്തുവിന്റെ വിശ്വാസം സ്വീകരിച്ചതിനുശേഷം യഹൂദാചാരപാരമ്പര്യങ്ങൾ അദ്ദേഹം അനുവർത്തിച്ചില്ല. യഥാർത്ഥ മുന്തിരിച്ചെടിയായിത്തന്നെ ആ വിശ്വാസത്തെയും ദൈവം നട്ടതാണു്. എന്നാൽ, പിന്നീടു് അതു കൈപ്പുള്ള കാട്ടുമുന്തിരിയായി പരിണമിച്ചു. 'അവരുടെ മുന്തിരി സോദോമിലെ മുന്തിരിത്തോട്ടംപോലെയായിരുന്നു. അവരുടെ മുന്തിരിത്തളിപ്പുകൾ ഗോമോറായിലെതായിരുന്നു. അവയിൽ കയ്പു നിറഞ്ഞ മുന്തിരിക്കുലകൾ ഉണ്ടായിരുന്നു. അവരുടെ വീഞ്ഞു് സർപ്പങ്ങളുടെ കോപവും അണലികളുടെ പരിഹാരമില്ലാത്ത വിഷവും ആയിരുന്നു.' [8] ഈ സ്ഥിതിവിശേഷമാകാം പൗലോസ് ആ പാരമ്പര്യങ്ങൾ അനുസരിക്കാതിരിക്കാൻ കാരണം.

പുറജാതിക്കാരുടെയിടയിൽ ഇത്തരത്തിലുള്ള പല പാഠങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തുവിനെ അംഗീകരിപ്പിക്കുന്നതിനും വിശ്വസിപ്പിക്കുന്നതിനുംവേണ്ടി പ്രബോധകന്മാർ നടത്തിയ യുദ്ധത്തിനുശേഷവും അത്തരം മുന്തിരിത്തോട്ടങ്ങൾ നിലനിർത്താനും വിഷമയതത്ത്വങ്ങളുടെ വിത്തുകൾ വിതച്ച വയലുകളിൽ പണിയെടുക്കാനും ആരെങ്കിലും ഉദ്യമിച്ചാൽ അതൊരപരാധം തന്നെയായിരിക്കും.

വിവിധ ദേശങ്ങളുടെ ഘടകങ്ങളിൽനിന്നു രൂപംകൊണ്ടു് ക്രിസ്തുവിന്റെ മണവാട്ടിയാകാൻ ഒരുക്കപ്പെട്ട സഭ പഴയകാലങ്ങളിൽ ഇത്തരം കറവുകൾക്കധീനയായിരുന്നെങ്കിൽ നാം അതിൽ ആശ്ചര്യപ്പെടേണ്ട. ആദ്യത്തെ സ്ത്രീ പ്രലോഭനത്തിലും പാപത്തിലും അകപ്പെട്ട കാര്യം നാം ഓർക്കുക. മക്കളെ ജനിപ്പിക്കുന്നതിലൂടെ അവൾ രക്ഷ കണ്ടെത്തി. മക്കൾ എന്നതിനു് 'വിശ്വാസത്തിലും വിശുദ്ധിയോടുകൂടെ സ്നേഹത്തിലും തുടരുന്നവർ' (1 തിമോ. 2: 14f) എന്നാണു് ഇവിടെ അർത്ഥം എടുക്കേണ്ടതു്. അതിനാൽ ആദത്തെയും ഹവ്വായെയുംകുറിച്ചു് എഴുതപ്പെട്ട കാര്യങ്ങളെപ്പറ്റി അപ്പസ്തോലൻ ഇങ്ങനെ പ്രഖ്യാപിക്കുന്നു: 'ഇതു് ക്രിസ്തുവിലും സഭയിലുമുള്ള ഒരു വലിയ രഹസ്യമത്രേ.' തന്നെ സ്വയം അവൾക്കു നൽകത്തക്കവണ്ണം അവിടുന്നു സഭയെ സ്നേഹിച്ചു. സഭവേണ്ടത്ര വിധേയത്വമില്ലാത്തവളായിരുന്നപ്പോൾ പോലും ഈ സ്നേഹം അവൾക്കു ലഭിച്ചു. പൗലോസ്ശ്ലീഹാ പറയുന്നു: 'നാം ബലഹീനരായിരിക്കെ, നിർണയിക്കപ്പെട്ട സമയത്തു ക്രിസ്തു പാപികൾക്കുവേണ്ടി മരിച്ചു. 'വീണ്ടും' നാം പാപികളായിരിക്കെ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു.'

അതിനാൽ, വഴിപിഴപ്പിക്കപ്പെട്ടു് പാപത്തിലായിരുന്നവൾ, കാലത്തിന്റെ പ്രേരണയാൽ ദൈവാരൂപിയില്ലാതെ ജീവിച്ചവൾ, അവിശ്വസ്തയായിരുന്ന ആ കാലത്തു് (ഉപദ്രവകരമായ)



അത്തരമൊരു മുന്തിരിത്തോട്ടം നട്ടുവളർത്തിയെന്നതു് ആശ്ചര്യകരമല്ല. ആ മുന്തിരിത്തോട്ടത്തെ പരിപൂർണമായി അവഗണിക്കാനും ഉപേക്ഷിക്കാനും അവൾ നിർബന്ധിതയായി.

ഉദ്ധൃതഭാഗത്തിനു് ഇനി മൂന്നാമതൊരു വ്യാഖ്യാനവും അനുവദനീയമാണെങ്കിൽ, അതു്, ഓരോ മനുഷ്യാത്മാവിനെയും കുറിക്കുന്നതായി നമുക്കു് പ്രതിപാദിക്കാം. ആത്മാവു് ദൈവത്തിങ്കലേക്കു തിരിയുകയും വിശ്വാസത്തിൽ എത്തിച്ചേരുകയും ചെയ്തു കഴിയുമ്പോൾ മാനസിക സംഘർഷങ്ങളും ദുഷ്ടാരൂപികളുടെ ആക്രമണങ്ങളും തീർച്ചയായും അവൾക്കു് അനുഭവപ്പെടും. പഴയജീവിതത്തിന്റെ ആകർഷണങ്ങളിലേയ്ക്കും അവിശ്വാസത്തിന്റെ തെറ്റുകളിലേയ്ക്കും അവളെ തിരികെ വിളിക്കാൻ അവ ശ്രമിക്കും. ഇവ സംഭവിക്കാതിരിക്കാൻ, തിന്മയുടെ ശക്തികൾ വീണ്ടും അവളിൽ കാലൂന്നാനിടംകണ്ടെത്താതിരിക്കാൻ, ദൈവപരിപാലന നേരത്തേ വേണ്ടതു ചെയ്യാതിരിക്കുകയില്ല. ആ ചെറിയവർക്കു്, ക്രിസ്തുവിൽ മുലകുടിമാറാത്ത ശിശുക്കളായിട്ടുള്ളവർക്കു്, പിശാചിന്റെ വഞ്ചനകളെയും ദുഷ്ടാരൂപികളുടെ ആക്രമണങ്ങളേയും സ്വയം ചെറുത്തുനിൽക്കാൻ പ്രാപ്തിയില്ലാത്തവർക്കു്, കാവൽക്കാരും സംരക്ഷകരുമായി മാലാഖമാരെ അവിടുന്നു നൽകിയിരിക്കുന്നു.[9] പ്രായം കുറഞ്ഞവരുടെയും ശത്രുവിനോടു യുദ്ധം ചെയ്യാൻ സ്വയം പ്രാപ്തിയില്ലാത്തവരുടെയും സംരക്ഷകരും പരിശീലകരുമായിട്ടാണു് ദൈവം അവരെ ഏർപ്പെടുത്തീട്ടുള്ളതു്. അവർക്കു് ഈ കൃത്യം കൂടുതൽ ആത്മവിശ്വാസത്തോടുകൂടി ചെയ്യാൻ സാധിക്കേണ്ടതിനു് 'സ്വർഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരിക്കാൻ' അവർക്കു് അനുവാദമുണ്ടു്. ആരെയാണോ ക്രിസ്തു തന്റെ പക്കൽ വരാൻ അനുവദിക്കുകയും അവരെ തടസ്സപ്പെടുത്താൻ മറ്റുള്ളവരെ അനുവദിക്കാതിരിക്കുകയും ചെയ്തതു് അവരാണു് ആ ചെറിയവർ എന്നു ഞാൻ വിചാരിക്കുന്നു.

ദൈവത്തിങ്കലേയ്ക്കു് അടുക്കുന്ന ഈ ആത്മാവു് മാലാഖമാരെ അവളുടെ സ്വന്തം അമ്മയുടെ മക്കൾ എന്നു വിളിക്കുന്നതിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടെന്നു് വിചാരിക്കരുതു്. സ്വർഗീയ ജെറുസലെം ആത്മാക്കളുടെ അമ്മയാണല്ലോ. മാലാഖമാർ സ്വർഗീയരാണു്. തന്നെപ്പോലെ സ്വർഗീയരായിട്ടുള്ളവരെ ആത്മാവു് സ്വന്തം അമ്മയുടെ മക്കൾ എന്നു വിളിക്കുന്നതിൽ അനൗചിത്യമൊന്നുമില്ല. നേരേമറിച്ചു്, ദൈവം ആർക്കെല്ലാം ഏകപിതാവാണോ അവർക്കെല്ലാം ജറുസലെം ഏകമാതാവും ആയിരിക്കുക എന്നതു് ന്യായവും യുക്തവുമാണല്ലോ.

'എന്റെ മുന്തിരിത്തോട്ടം ഞാൻ സംരക്ഷിച്ചില്ല' എന്നു മണവാട്ടി പറയുമ്പോൾ, പഴയ സമ്പ്രദായങ്ങൾക്കനുസരിച്ചു

www.malankaralibrary.com


ജീവിച്ചിരുന്നപ്പോൾ അനുവർത്തിച്ചിരുന്ന തഴക്കങ്ങളും ആചാരങ്ങളും താൻ ഉപേക്ഷിച്ചുകളഞ്ഞതു് ശ്ളാഘനീയമായി അവൾ കരുതുന്നു എന്നു വ്യക്തമാകുന്നുണ്ടു്. മാലാഖമാരുടെ സഹായത്തോടുകൂടി 'പഴയമനുഷ്യനേയും അവൻെറ ചെയ്തികളേയും' തൻെറ ഹൃദയത്തിൽനിന്നു പൂർണമായി ബഹിഷ്കരിക്കുകയും അവരാൽ മുന്തിരിത്തോട്ടങ്ങളുടെ ദിവ്യരഹസ്യങ്ങളുടെയും ദൈവികാദ്ധ്യാപനങ്ങളുടെയും കാവൽക്കാരിയായി നിയമിക്കപ്പെടുകയും ചെയ്തതിനുശേഷമാണു് ഇതു സംഭവിച്ചതു്. പുതിയ തോട്ടങ്ങളിൽനിന്നു് അവൾക്കു സ്വന്തം ഹൃദയത്തിനാഹ്ളാദം നൽകുന്ന വീഞ്ഞു കുടിക്കാനും സാധിച്ചു.

## 4

> 'എൻെറ ആത്മാവിൻെറ സ്നേഹഭാജനമേ, എന്നോടു പറയൂ, അങ്ങു് ആടുകളെ മേയ്ക്കുന്നതെവിടെയാണു്? മധ്യാഹ്നത്തിലെ അങ്ങയുടെ വിശ്രമസ്ഥാനം എവിടെയാണു്? അങ്ങയുടെ ചങ്ങാതികളുടെ ആട്ടിൻകൂട്ടങ്ങൾക്കരികെ മൂടുപടമണിഞ്ഞവളെപ്പോലെ ഞാൻ ആകാതിരിക്കാനാണിതു്.'
>
> (1: 7—Vg. 1: 6.)

ഇവിടെയും മണവാട്ടിയാണു് സംസാരിക്കുന്നതു്. എന്നാൽ ജെറുസലേം പുത്രിമാരോടല്ല, മണവാളനോടു്. ഇങ്ങനെ, 'അവൻ എന്നെ ചുംബിക്കട്ടെ' എന്നു മുതൽ 'നിൻെറ ചങ്ങാതിമാരുടെ ആട്ടിൻകൂട്ടങ്ങൾക്കടുത്തു്' എന്നുവരെയുള്ള ഭാഗങ്ങൾ മുഴുവൻ മണവാട്ടിയുടെ വാക്കുകളാകുന്നു. അവൾ ആദ്യം ദൈവത്തെയും പിന്നെ മണവാളനെയും മൂന്നാമതു് കന്യകമാരെയും സംബോധനചെയ്താണു് സംസാരിക്കുന്നതു്. കന്യകമാരുടെയും മണവാളൻെറയും മദ്ധ്യത്തിൽ നിൽക്കുന്നവൾ എന്ന നിലയിലും, നാടകത്തിലെ സാങ്കേതികപദം ഉപയോഗിക്കുകയാണെങ്കിൽ ഗായകസംഘനേതാവായി പ്രവർത്തിച്ചുകൊണ്ടും അവൾ സംസാരിക്കുന്നു. ഉച്ചയ്ക്കു് മണവാളൻ ആടുകളെ മേയിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതെവിടെയാണെന്നു് അവൾ ചോദിക്കുന്നു. താൻ മണവാളനെ അന്വേഷിച്ചു ചെല്ലുമ്പോൾ ഉച്ചസമയം മുഴുവൻ മണവാളൻെറ കൂട്ടുകാർ അവരുടെ ആട്ടിൻപററങ്ങളുമായി വിശ്രമിക്കുന്ന ഇടങ്ങളിൽ ചെന്നുപെടുമോ എന്നവൾ ഭയപ്പെടുകയാണു്.

ഈ മണവാളനും ഒരു ആട്ടിടയനാണെന്നു് മണവാട്ടിയുടെ വാക്കുകളിൽനിന്നു വ്യക്തമത്രേ. താൻ ഒരു രാജാവുമാണെന്നു് നാം നേരത്തെ മനസ്സിലാക്കി, താൻ മനുഷ്യരെ ഭരിക്കുന്നുവെന്ന



താണു് അതിനുള്ള സംശയാതീതമായ കാരണം. ആടുകളെ മേയ്ക്കുന്നതുകൊണ്ടു് അവിടുന്നു് ഒരാട്ടിടയനാണെന്നും മണവാട്ടിയുള്ളതുകൊണ്ടു് മണവാളനാണെന്നും നമുക്കു മനസ്സിലാക്കാം. മണവാട്ടി മണവാളനോടൊത്തു ഭരിക്കാനുള്ളവളാണു്. 'സ്വർണമയമായ വസ്ത്രങ്ങളണിഞ്ഞു് രാജ്ഞി അങ്ങയുടെ വലത്തുഭാഗത്തു നിന്നു' എന്നു് എഴുതപ്പെട്ടിട്ടുണ്ടല്ലോ (സങ്കീ. 45: 10). ചരിത്രപരമായി നോക്കുമ്പോൾ നാടകത്തിലെ ഘടകങ്ങൾ ഇവയൊക്കെയാണു്.

ഇതിൻെറ ആന്തരികാൎത്ഥം എന്തെന്നു് ഇനി നമുക്കു നോക്കാം, ഇവിടെ സൂചിപ്പിക്കുന്ന ചങ്ങാതികൾ ഏതു തരക്കാരാണെന്നു കാണിക്കുന്നതിനു് പിന്നീടു ചർച്ചാവിഷയമാകാനുള്ള ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കേണ്ടതുണ്ടു്. 'അറുപതു രാജ്ഞിമാരുണ്ടെങ്കിലും അവരിൽ ഒരാൾ മാത്രമാണു് മാടപ്രാവു, കുററമററവൾ' എന്നു് എഴുതപ്പെട്ടിരിക്കുന്നു എന്നു നാം ഓർക്കണം. ആ ഒരാൾ മാത്രമാണു് രാജ്യാധികാരത്തിൽ പങ്കാളിയാകുന്നതു്. താഴ്ന്നപദവിയുള്ള സ്ത്രീകൾ വേറെയുമുണ്ടു്: എൺപതു വെപ്പാട്ടികൾ, ചെറുപ്പക്കാരികളായ അസംഖ്യം കന്യമാർ; ഈ കന്യകമാർ കന്യകമാരെക്കാൾ താഴ്ന്നപദവിയിലുള്ളവരാണു് (ഉത്തമ. 6: 7f.). ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ വിവിധവിഭാഗങ്ങളെയാണു് ഇവർ പ്രതിനിധാനം ചെയ്യുന്നതു്. വ്യത്യസ്തതരം ബന്ധങ്ങളാണു് അവർക്കു ക്രിസ്തുവിനോടുള്ളതു്. വേറൊരുതരം സങ്കേതം ഉപയോഗിക്കുമ്പോൾ വി. ശ്ളീഹാ ചെയ്യുന്നതുപോലെ സഭയെ ക്രിസ്തുവിൻെറ ശരീരം എന്നു നമ്മൾ വിളിക്കുന്നു. ആ ശരീരത്തിൽ വിവിധ അവയവങ്ങൾ ഉണ്ടെന്നും പറയുന്നു: ചിലതു കണ്ണുകൾ, ചിലതു കൈകൾ, ചിലതു പാദങ്ങൾ, ഓരോന്നിൻെറയും കൃത്യങ്ങളും കർമങ്ങളും അനുസരിച്ചു് അവയെ ക്രമീകരിച്ചിരിക്കുന്നു (1 കൊറി. 12: 12—27).

നിർദിഷ്ടമായ ഉദ്ധരണത്തെ ഈ രീതിയിൽ നാം മനസ്സിലാക്കണം. ഈ വിവാഹ നാടകത്തിൽ മണവാളനുമായി കൂടുതൽ ശ്രേഷ്ഠവും വിശിഷ്ടവുമായ ഒരു സ്നേഹബന്ധത്തിൽ എത്തിയിട്ടുള്ള ആളുകൾക്കു് രാജ്ഞിയുടേതായ സ്നേഹവും സ്ഥാനവും ഉള്ളതായി നാം മനസ്സിലാക്കണം. പുരോഗതിയുടേയും സുകൃതങ്ങളുടേയും കാര്യത്തിൽ അതിലും താഴ്ന്ന നിലവാരത്തിൽ നില്ക്കുന്നവർക്കു് വെപ്പാട്ടികളുടെ സ്ഥാനം നല്കാം. കന്യകമാർ എന്ന നിലയിലുള്ളവരുടെ സ്ഥാനം കൊട്ടാരത്തിനു പുറത്താണു്; എങ്കിലും രാജകീയ നഗരത്തിനു പുറത്തല്ല. ഇവർക്കെല്ലാം താഴെയായി അജഗണങ്ങൾ എന്നു വിളിക്കപ്പെടുന്ന

www.malankaralibrary.com



ആത്മാക്കളും ഉണ്ട്. കൂടുതൽ സൂക്ഷ്മമായി നോക്കിയാൽ, ഈ അജഗണങ്ങളുടെ കൂട്ടത്തിൽത്തന്നെ ചിലവ മററുള്ളവയെക്കാൾ അപകൃഷ്ടങ്ങളാണെന്നു കാണാം. അവയെ മണവാളന്റെ ചങ്ങാതികളുടെ ആടുകളായി കരുതാം. കാരണം, ആ ചങ്ങാതിമാർക്കും കുറെ ആട്ടിൻപററങ്ങൾ ഉള്ളതായിട്ടാണല്ലോ പറഞ്ഞിരിക്കുന്നത്. അവയെ കാണാൻ മണവാട്ടി ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് മണവാളൻ തന്റെ ആടുകളെ മേയ്ക്കുന്നതും ഉച്ചയ്ക്കു വിശ്രമിക്കുന്നതും എവിടെയാണെന്ന് അവൾ ചോദിക്കുന്നത്. 'നിന്റെ ചങ്ങാതികളുടെ ആട്ടിൻകൂട്ടങ്ങൾക്കരികെ മൂടുപടമണിഞ്ഞവളെപ്പോലെ ആകാതിരിക്കാനാണിത്'' എന്ന് അവൾ പറയുന്നു.

ചങ്ങാതികൾ എന്നു പറയുന്നവർ മണവാളന്റെ കീഴിലുള്ളവരാണോ അല്ലയോ എന്നതാണ് ഇവിടുത്തെ പ്രശ്നം. അവരും കുറെ ആടുകളെ മേയ്ക്കുന്നുണ്ട്. അത് മണവാളന്റെ കീഴിലുള്ളവർ എന്ന നിലയിലാകാം, മണവാളനെ ഇടയപ്രമാണി എന്ന നിലയിൽ അംഗീകരിച്ചവരാകാം അവർ. അല്ലെങ്കിൽ മണവാളന്റെ അഭീഷ്ടത്തിനനുസൃതമായിട്ടല്ലാതെ, അവർ സ്വന്തമായി കുറെ സമ്പത്തുണ്ടായിരിക്കാൻ ആഗ്രഹിക്കുന്നവരാകാം. ഏതായാലും അവരെ കണ്ടുമുട്ടാൻ മണവാട്ടി ആഗ്രഹിക്കുന്നില്ല. അവൾ അവരെ ഭയപ്പെടുന്നു, ഓടിയകലാൻ ആഗ്രഹിക്കുന്നു. മണവാളനെ തേടിനടക്കുന്നതിനിടയിൽ അവരുടെ കണ്ണിൽപ്പെടല്ലേ എന്നാണു പ്രാർത്ഥന.

'സന്ദർഭവശാൽ ഞാൻ മുഖാവരണം അണിഞ്ഞവളെപ്പോലെ ആക്കപ്പെടരുത്'' — അണിഞ്ഞവളാക്കപ്പെടരുതെന്നല്ല — എന്നു മണവാട്ടി പറയുന്നുണ്ട്. 'ശിരസ്സിൽ ഒരാവരണവുമായി' എന്ന് അപ്പസ്തോലൻ പറയുന്നുണ്ടല്ലോ. 10 ചങ്ങാതിമാരിൽ ഏതാനും പേർ മണവാട്ടിയുടെ വേഷവും മുഖാവരണവും ധരിച്ചവരാണ് എന്ന് ഈ വാക്കുകൾകൊണ്ട് ഇവിടുത്തെ വക്താവായ മണവാട്ടി സൂചിപ്പിക്കുന്നില്ലേ എന്നു നാം ചിന്തിക്കേണ്ടതുണ്ട്. ഈ ഉക്തിയിലെ രൂപം കൂടുതൽ സ്പഷ്ടമാക്കുന്നതിന്, നാടകത്തിന്റെ അനന്തരഗതിയിൽ സംഭവിക്കുന്നതായി പറഞ്ഞിട്ടുള്ളതെന്താണെന്നു നമുക്കന്വേഷിക്കാം. മണവാളന്റെ സ്വകാര്യവിശ്രമത്തിനും വിചിന്തനത്തിനുമുള്ള സ്ഥാനം ഏതെന്നു വധു അയാളോടു ചോദിക്കുന്നു. കാരണം, സ്നേഹത്താൽ ക്ഷമകെട്ടവളായി, ഉച്ചവെയിലിലെ ചൂടിലും മണവാളന്റെ അടുത്തേക്കു പോകുവാൻ അവൾ ആഗ്രഹിക്കുന്നു. പ്രകാശം ഏററവും തീക്ഷ്ണവും പകലിന്റെ പ്രതാപം പരിപൂർണവും ശുദ്ധവും ആയിരിക്കുന്നതു മദ്ധ്യാഹ്നത്തിലാണല്ലോ. പ്രിയതമന്റെ അടുത്തായിരിക്കാൻ അവൾക്കു തിടുക്കമായി. തന്റെ അടുത്തെത്താനുള്ള വഴി മനസ്സിലാക്കണമെന്ന് അവൾ ആത്മാർത്ഥമായും ആഗ്രഹിക്കുന്നു: വഴി



യുടെ തിരിവുകൾ ശരിയായി ധരിച്ചിരുന്നില്ലെങ്കിൽ മണവാളന്റെ ചങ്ങാതിമാരുടെ മുമ്പിൽ ചെന്നെത്തിയെന്നു വരാം. മുഖാവരണം ധരിച്ചുകൊണ്ട് അവരെ തേടിച്ചെല്ലുന്ന ഒരുവളാണു താനെന്ന് അവർ ധരിച്ചെന്നു വരാം. ഈ മണവാട്ടി വിനയവും അടക്കവും ഇല്ലാത്തവളാണെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്നതിലും തന്നെ പലരും കാണുന്നതിലും അവൾക്ക് എതിരുണ്ടാകേണ്ടതില്ല. എന്നാൽ അവൾ പറയുന്നതിങ്ങനെയാണ്: 'അങ്ങല്ലാതെ ആരും എന്നെ കാണണ്ട. അങ്ങയുടെ പക്കലെത്തുവാനുള്ള വഴിയറിയാൻ ഞാനാഗ്രഹിക്കുന്നു. ആ വഴി ഒരു രഹസ്യമാർഗമായിരിക്കട്ടെ. നമ്മുടെയിടയ്ക്ക് മററാരും വന്നു ചാടരുത്. അലഞ്ഞുനടക്കുന്നവരോ അപരിചിതരായ എത്തിനോട്ടക്കാരോ നമുക്കു ശല്യമാകരുത്.

മണവാളൻ തന്റെ ആട്ടിൻപററങ്ങളെ മേയ്ക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് മണവാട്ടി അന്വേഷിക്കുന്നതിനും ചങ്ങാതിമാരുടെ ആട്ടിൻപററങ്ങളെ കാണാതിരിക്കണമെന്നുള്ള ശക്തിയായ താത്പര്യം പ്രകടിപ്പിക്കുന്നതിനും ഒരു കാരണമുണ്ടായിരിക്കും. അതിതാണ്. മണവാളൻ തന്നെ അജഗണങ്ങളെ വേറിട്ടു സംരക്ഷിക്കുകയും മേയ്ക്കുകയും ചെയ്യണം. അപ്പോൾ മണവാളനല്ലാതെ മററാരും തന്നെ കാണുകയുമില്ല, മണവാളന്റെ സ്വകാര്യവും അവർണനീയവുമായ രഹസ്യങ്ങൾ തനിക്ക് കൂടുതൽ ഏകാന്തതയിൽ അനുഭവിക്കുകയും ചെയ്യാം.

ഈ വിഷയം കുറെക്കൂടെ വിശദമായി നമുക്കു ചർച്ച ചെയ്യാം. ആരുടെ ഓഹരി അവിടുത്തെ ജനവും, യാക്കോബ് അവിടുത്തെ അവകാശവുമാണോ ആ കർത്താവ് മണവാളനായി കരുതപ്പെടണമെങ്കിൽ തന്റെ ചങ്ങാതികൾ മാലാഖമാരായിരിക്കും. അത്യുന്നതൻ ജനതകൾക്ക് അവരുടെ പൈതൃകം വീതിച്ചു കൊടുക്കുകയും മനുഷ്യമക്കളെ അവിടുന്നു വേർതിരിക്കുകയും ചെയ്തപ്പോൾ ദൈവത്തിന്റെ മാലാഖമാരുടെ എണ്ണമനുസരിച്ച് 'അവിടുന്നു ജനതകൾക്ക് അതിർത്തി നിശ്ചയിച്ചു' എന്നു വേദപുസ്തകം പറയുന്നു (ആവ. 32: 8f.). അതിനാൽ ഒരു പക്ഷേ മണവാളന്റെ ചങ്ങാതിമാരുടെ അജഗണങ്ങൾ മാലാഖമാരാകുന്ന അജഗണങ്ങൾക്കു കീഴിൽ വിഭക്തങ്ങളായ അജഗണങ്ങളെപ്പോലുള്ള രാജ്യങ്ങളായിരിക്കാം. 'എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു' എന്ന് നമ്മുടെ കർത്താവ് സുവിശേഷത്തിൽ ആരെക്കുറിച്ചു പറയുന്നുവോ അവരെയാണ് മണവാളന്റെ അജഗണങ്ങൾ എന്നു വിളിക്കേണ്ടത്. 'എന്റെ ആടുകൾ' എന്നു പറയുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തന്റേതല്ലാത്ത ആടുകൾ വേറെയുണ്ട് എന്നാണല്ലോ അതിലെ സൂചന. കർത്താവു തന്നെ വേറൊരു

www.malankaralibrary.com



ഭാഗത്തു പറയുന്നു: 'നിങ്ങൾ എന്റെ ആടുകളല്ല' (യോഹ. 10: 26f). ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം ഈ ഗുപ്തരഹസ്യത്തോടു വളരെ പ്രസക്തിയുള്ളതാണ്.

ഈ വ്യാഖ്യാനം ശരിയാണെങ്കിൽ ചങ്ങാതിമാർ ഓരോരുത്തരുടെയും അജഗണം അയാളുടെ മണവാട്ടിയായി മനസ്സിലാക്കപ്പെടണം എന്ന് നമ്മുടെ മണവാട്ടി ആഗ്രഹിക്കുന്നെങ്കിൽ അതും ഉചിതംതന്നെ. ചങ്ങാതിയുടെ വധുവിനെ മുഖാവരണം അണിഞ്ഞവളായിട്ടാണല്ലോ അവർ നിർദ്ദേശിച്ചിട്ടുള്ളത്. താൻ മററു മണവാട്ടികളെക്കാളെല്ലാം ശ്രേഷ്ഠയാണെന്ന ബോദ്ധ്യമുള്ള മണവാട്ടി അവരെപ്പോലെ കാണപ്പെടാൻ ആഗ്രഹിക്കുന്നില്ല. തന്റെ മണവാളൻ ചങ്ങാതിമാരെക്കാൾ എത്ര ശ്രേഷ്ഠനാണോ ചങ്ങാതിമാരുടെ വധുക്കളെക്കാൾ താൻ അത്രയ്ക്കു ശ്രേഷ്ഠയായിരിക്കണം എന്ന് അവൾക്കറിയാം.

മണവാട്ടി ഇവിടെ പറഞ്ഞ കാര്യം ആവശ്യപ്പെട്ടതിന് വേറെയും ലക്ഷ്യങ്ങളുണ്ടായിരുന്നു എന്നു നമുക്കു കാണാം. തന്റെ ആടുകൾക്കുവേണ്ടി ഏററവും നല്ല മേച്ചിൽസ്ഥലങ്ങൾ അന്വേഷിക്കുന്നതും ഉച്ചനേരത്തെ കൊടുംചൂടിൽ അവയ്ക്കു വിശ്രമിക്കാൻ വേണ്ടി പച്ചനിറഞ്ഞതും തണലുള്ളതുമായ തോപ്പുകൾ കണ്ടെത്തുന്നതും തന്റെ ചുമതലയായി നല്ലയിടയൻ കരുതുന്നുവെന്ന് അവൾക്കറിയാം. എന്നാൽ ചങ്ങാതിമാക്ക് ഇക്കാര്യം അറിവില്ല. അതുകൊണ്ടാണ് അവൾ പറയുന്നത്: 'അങ്ങ് ആടുകളെ മേയ്ക്കുന്നത് എവിടെയാണെന്നും മദ്ധ്യാഹ്നത്തിൽ വിശ്രമിക്കുന്നതെവിടെയാണെന്നും എന്നോടു പറയുക.' ലോകത്തിന്റെമേൽ ഏററവും സമൃദ്ധമായി പ്രകാശംചൊരിയപ്പെടുന്ന സമയം, ദിവസം പരിശുദ്ധവും പകൽ വെളിച്ചം കൂടുതൽ തേജസ്സുററതായിരിക്കുന്ന വേള—അതാണവൾക്കു വേണ്ടത്.

'എന്റെ ആത്മാവിന്റെ സ്നേഹഭാജനമേ, എന്നോടു പറയൂ, അങ്ങ് ആടുകളെ മേയ്ക്കുന്നതെവിടെയാണ്, മദ്ധ്യാഹ്നത്തിലെ അങ്ങയുടെ വിശ്രമസ്ഥാനം എവിടെയാണ്, അങ്ങയുടെ ചങ്ങാതികളുടെ ആട്ടിൻകൂട്ടങ്ങൾക്കരികെ മൂടുപടമണിഞ്ഞവളെപ്പോലെ ഞാൻ ആകാതിരിക്കാനാണിത്.' മണവാട്ടി തന്റെ മണവാളനെ ഒരു പുതിയ പേരുകൊണ്ട് ഇവിടെ സംബോധന ചെയ്യുന്നു. തന്റെ മണവാളൻ സ്നേഹത്തിന്റെ പുത്രനാണെന്നും—ദൈവത്തിന്റെ സ്നേഹം തന്നെയാണെന്ന് (1 യോഹ. 4: 7f.)— അറിഞ്ഞുകൊണ്ട് 'എന്റെ ആത്മാവിന്റെ സ്നേഹഭാജനം' എന്ന വാക്കുകളിൽ ഒരു പുതിയ അഭിധാനം തന്നെ അവൾ അവിടുത്തേയ്ക്കു നൽകുന്നു. 'എന്റെ സ്നേഹഭാജനമേ' എന്നല്ല അവൾ പറയുന്നത്. മണവാട്ടി മണവാളനെ സ്നേഹിക്കേണ്ടത് ഏതെങ്കിലും തരത്തി



ലുള്ള ഒരു സ്നേഹംകൊണ്ടല്ല തന്റെ പൂർണമായ ആത്മാവോടും പൂർണ്ണഹൃദയത്തോടും മുഴുവൻ ശക്തിയോടുംകൂടെയാണെന്ന് അവൾക്കറിയാം.[11]

'അങ്ങ് ആടുകളെ മേയ്ക്കുന്നതെവിടെ? അങ്ങയുടെ വിശ്രമസ്ഥാനം എവിടെ?' എന്ന് അവൾ ചോദിക്കുന്നു. ഇവിടെ മണവാട്ടി ചോദിക്കുകയും വിവരങ്ങൾ അറിയാൻ ശ്രമിക്കുകയും ചെയ്യുന്ന ഈ സ്ഥലത്തെക്കുറിച്ചുതന്നെയാണ് പ്രവാചകനും പറഞ്ഞിട്ടുള്ളത് എന്നു ഞാൻ വിചാരിക്കുന്നു. ഇതേ ഇടയന്റെ കീഴിലാണ് താനും മേയുന്നത് എന്നു മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം പറയുന്നു. 'കർത്താവ് എന്റെ ഇടയനാകുന്നു; എനിക്ക് ഒന്നിനും മുട്ടുണ്ടാവുകയില്ല' (സങ്കീ. 23: 1). മററുള്ള ഇടയന്മാർ അലസതയും പരിചയക്കുറവും കാരണം തങ്ങളുടെ ആടുകളെ വെള്ളം കുറഞ്ഞ സ്ഥലങ്ങളിൽ കൊണ്ടെത്തിക്കുന്നു എന്നു മനസ്സിലാക്കിക്കൊണ്ട് ഈ ഉത്തമഇടയനെ — ദൈവത്തെ — കുറിച്ച് അദ്ദേഹം പറയുകയാണ്: 'പച്ച നിറഞ്ഞ പ്രദേശത്തേക്ക് അവിടുന്ന് എന്നെ ആനയിച്ചു. ക്ഷീണം തീർക്കുന്ന ജലാശയത്തിങ്കലേയ്ക്ക് അവിടുന്ന് എന്നെ കൊണ്ടുവന്നു.' ഈ നല്ല ഇടയൻ തന്റെ ആടുകൾക്ക് സമൃദ്ധമായി ജലം നൽകുന്നുവെന്നു മാത്രമല്ല, ആ ജലം ആരോഗ്യകരവും പരിശുദ്ധവും ഉത്സാഹസന്ദായകവും ആണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ഒരിടയന്റെ അധീനതയിലുള്ള ആട് എന്ന തന്റെ പഴയ അവസ്ഥയിൽനിന്ന് യുക്തിപരവും ഉന്നതവുമായ അവസ്ഥകളിലേയ്ക്കു ഉയർന്നതിനാൽ, ഈ പുരോഗതി കൈവന്നത് തന്റെ പരിവർത്തനത്തിന്റെ ഫലമായതിനാൽ, പ്രവാചകൻ തുടർന്നു പറയുന്നു: 'അവിടുന്ന് എന്റെ ആത്മാവിനു മാററം വരുത്തി. തന്റെ നാമത്തിന്റെ പേരിൽ അവിടുന്ന് എന്നെ നീതിയുടെ പാതകളിൽ നടത്തി.'

നീതിയുടെ പാതയിൽ പ്രവേശിക്കുന്ന അവസ്ഥയിലേക്ക് അദ്ദേഹം വളർന്നു. നീതിയ്ക്കെതിരായി പൊരുതാൻ അനീതി ഉണ്ടായിരിക്കും എന്നത് അനിവാര്യമാണല്ലോ. നീതിയുടെ മാർഗത്തിൽ പ്രവേശിക്കുന്നവന് നീതിവിരുദ്ധരെ എതിർക്കേണ്ടതായി വരും. വിശ്വാസത്തിലും ശരണത്തിലും ആശ്രയിച്ചുകൊണ്ട് ഈ സംഘർഷങ്ങളെക്കുറിച്ചു പ്രവാചകൻ പറയുന്നു: 'മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല.'

ഇതിനുശേഷം, ആട്ടിടയന്മാരുടെ ജ്ഞാനം പകർന്നു തന്നയാളിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ടെന്നപോലെ പ്രവാചകൻ തുടർന്നു പറയുന്നു: 'അങ്ങേ ഊന്നുവടിയും ദണ്ഡും എനിക്ക്

www.malankaralibrary.com



ആശ്വാസം നൽകി.' അവയോടുകൂടിയാണ് ആട്ടിടയന്റെ ഉദ്യോഗത്തിൽ അദ്ദേഹം നിയമിക്കപ്പെട്ടത്. പിന്നീട് ആടുകളുടെ മേച്ചിൽപ്പുറങ്ങളിൽനിന്ന് യുക്തിപരമായ ഭോജനങ്ങളിലേയ്ക്കും ആദ്ധ്യാത്മിക രഹസ്യങ്ങളിലേയ്ക്കും താൻ എങ്ങനെ മാററപ്പെട്ടു എന്നു കണ്ടിട്ട് അദ്ദേഹം പറയുന്നു: 'എന്റെ ശത്രുക്കളുടെ മുമ്പിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കി. എന്റെ ശിരസ്സ് തൈലംകൊണ്ട് അഭിഷേകം ചെയ്തു. മദിപ്പിക്കുന്നതായ അങ്ങയുടെ പാനപാത്രം എത്ര സമ്പൂർണമാണ്! അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും. കർത്താവിന്റെ ആലയത്തിൽ ഞാൻ എന്നേയ്ക്കും വസിക്കും.' മേച്ചിൽസ്ഥലത്തുള്ളതായ ആദ്യത്തെ ജീവിതം തയ്യാറെടുപ്പിന്റേതായിരുന്നു. പച്ചപ്പുല്ലു നിറഞ്ഞ പ്രദേശത്ത് ഉജ്ജീവനത്തിന്റെ ജലം പാനം ചെയ്തു വളരാൻ സാധിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു അത്. എന്നാൽ തുടർന്നു വരുന്ന കാര്യങ്ങൾ പരിപൂർണതയോടും ബന്ധപ്പെട്ടിരിക്കുന്നു.

മേച്ചിൽപ്പുറങ്ങളും പച്ചപ്പുല്ലും എന്ന വിഷയം പരാമർശവിധേയമാക്കിയതുകൊണ്ട്, ഇക്കാര്യങ്ങൾക്ക് സുവിശേഷങ്ങളിലെ പ്രസ്താവങ്ങൾകൊണ്ട് പിൻബലം നൽകുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. അവിടെയും നല്ല ഇടയൻ മേച്ചിൽസ്ഥലങ്ങളെയും ആടുകളെയും കുറിച്ചു സംസാരിക്കുന്നതു നാം കാണുന്നു. ഒരു സ്ഥലത്ത് നമ്മുടെ കർത്താവ് ഇടയൻ എന്നു സ്വയം വിശേഷിപ്പിക്കുന്നു. വാതിലെന്നും സ്വയം വിളിക്കുന്നു. അവിടുന്നു പറയുന്നു: 'ആടുകളുടെ വാതിൽ ഞാനാകുന്നു. എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തുപോവുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും (യോഹ. 10: 7. 11. 9).

ഇങ്ങനെയുള്ള ആ മണവാളനോടാണ് ഇവിടെ മണവാട്ടി ചോദ്യങ്ങൾ ചോദിക്കുന്നത്. അവിടുന്ന് തന്റെ ആട്ടിൻ പററത്തെ മേയ്ക്കുന്നതെവിടെയാണെന്നും ഉച്ചച്ചൂടിന്റെ വേളയിൽ വിശ്രമിക്കുന്നതെവിടെയാണെന്നും അവൾക്ക് അറിയണം. മദ്ധ്യാഹ്നം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ദൈവവചനത്തിൽനിന്ന് ആത്മാവ് വിജ്ഞാനത്തിന്റെ സ്വച്ഛതരമായ പ്രകാശം അന്വേഷിക്കുന്ന ഹൃദയത്തിന്റെ നിഗൂഢസ്ഥാനങ്ങൾ എന്നത്രേ. മദ്ധ്യാഹ്നത്തിലാണല്ലോ സൂര്യൻ തന്റെ ദൈനിക യാത്രയിലെ ഏററവും ഉച്ചമായ സ്ഥാനത്ത് എത്തുന്നത്. അതുപോലെ നീതിസൂര്യനായ ക്രിസ്തു തന്റെ ശക്തികളുടെ ഉന്നത രഹസ്യങ്ങൾ തന്റെ സഭയ്ക്കു കാണിച്ചുകൊടുക്കുമ്പോൾ താൻ അജഗണത്തെ മേയ്ക്കുന്നതെവിടെയാണെന്നും മദ്ധ്യാഹ്നവേളയിൽ വിശ്ര



മിക്കുന്നതെവിടെയാണെന്നും പഠിപ്പിക്കുകയാണ്. അവൾ ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ തുടങ്ങുകമാത്രം ചെയ്യുന്ന അവസരത്തിൽ അറിവിന്റെ പ്രാഥമിക പാഠങ്ങൾ കർത്താവിൽനിന്നു സ്വീകരിക്കുന്നതായ സന്ദർഭത്തിൽ, പ്രവാചകൻ പറയുന്നു: 'അതിരാവിലെ തന്നെ ദൈവം അവൾക്കു തുണയാകും' (സങ്കീ. 46: 5). എന്നാൽ ഈ സമയത്ത്, അവൾ കൂടുതൽ പൂർണമായ കാര്യങ്ങൾ അന്വേഷിക്കുകയും കൂടുതൽ ഉന്നതമായ കാര്യങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു; അറിവിന്റെ മദ്ധ്യാഹ്ന തേജസ്സിനുവേണ്ടി അർത്ഥിക്കുന്നു.

ദൈവം പലപ്രാവശ്യം അബ്രാഹത്തിനു പ്രത്യക്ഷപ്പെടുകയും വിവിധ കാര്യങ്ങൾ അദ്ദേഹത്തെ പഠിപ്പിക്കുകയും ചെയ്തു. അതിനുശേഷം 'മാമ്രേയുടെ ഓക്കു മരത്തോപ്പിനു സമീപം, ഉച്ചസമയത്ത് അബ്രാഹം തന്റെ കൂടാരത്തിനുമുമ്പിൽ ഇരിക്കുകയായിരുന്നപ്പോൾ ദൈവം അദ്ദേഹത്തിനു പ്രത്യക്ഷനായതു'' ഇതുകൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നു. വേദപുസ്തകം പറയുന്നു: 'അവൻ തല ഉയർത്തി നോക്കിയപ്പോൾ മൂന്നാളുകൾ തനിക്കെതിരെ നിൽക്കുന്നതു കണ്ടു' (ഉല്പ. 18: 1f.). ഈ വാക്കുകൾ പരിശുദ്ധാത്മാവിൽ എഴുതപ്പെട്ടതാണെന്നും നാം വിശ്വസിക്കുന്നു. പ്രസ്തുത ദർശനത്തിന്റെ സ്ഥലവും സമയവും വി. ഗ്രന്ഥത്തിന്റെ താളുകളിൽ രേഖപ്പെടുത്തണമെന്നു പരിശുദ്ധാത്മാവു തീരുമാനിച്ചതു വെറുതെയല്ല എന്നു ഞാൻ കരുതുന്നു. അബ്രാഹത്തിന്റെ സന്തതികളുടെ അറിവിന് ചില കാര്യങ്ങൾകൂടെ നൽകണമെന്ന ലക്ഷ്യത്തോടുകൂടിത്തന്നെയായിരിക്കും അങ്ങനെ ചെയ്തിട്ടുള്ളത്. 'അബ്രാഹത്തിന്റെ പ്രവൃത്തികൾ ചെയ്യുകയും (യോഹ. 8: 39) അത്തരം ദർശനങ്ങൾക്കുവേണ്ടി കാത്തിരിക്കുകയും ചെയ്യുക അബ്രാഹത്തിന്റെ സന്താനങ്ങളുടെ കർത്തവ്യമാണല്ലോ. അപ്പസ്തോലൻ പറയുന്നു: 'രാത്രി കഴിയാറായി. പകൽ അടുത്തെത്തിയിരിക്കുന്നു. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിത വേഴ്ചകളിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുതു'' (റോമ. 13: 12f). ഈ അനുഭവങ്ങളിലൂടെയെല്ലാം കടന്നുപോയിട്ട്, രാത്രി കഴിഞ്ഞ് പ്രഭാതത്തിൽ എത്തിച്ചേർന്നിട്ട്, മദ്ധ്യാഹ്നത്തെ പ്രതീക്ഷിച്ചു മുന്നോട്ടു നീങ്ങുന്ന ഒരാൾക്ക് അബ്രാഹത്തിനു ലഭിച്ച അനുഗ്രഹങ്ങൾ പ്രതീക്ഷിക്കാൻ കഴിഞ്ഞേക്കും. അവനിൽ മനസ്സിന്റെ വെളിച്ചവും ഹൃദയത്തിന്റെ വിശുദ്ധിയും ഉജ്ജ്വലവും തീക്ഷ്ണവുമാണെങ്കിൽ, ഈ മദ്ധ്യാഹ്നവേള അവനിൽത്തന്നെയുണ്ട്. ഹൃദയശുദ്ധിമൂലം ഇങ്ങനെ മദ്ധ്യാഹ്നത്തിൽ സ്ഥിതിചെയ്യുന്ന അവസ്ഥയിൽ, ദൈവം മാമ്രേയുടെ ഓക്കു മരത്തിനു സമീപം സ്ഥിതിചെയ്യുന്നതായി അവനുകാണാൻ

www.malankaralibrary.com



കഴിയും. മാമ്രേ എന്ന വാക്കിനർത്ഥം 'കാഴ്ചയിൽനിന്നു്' എന്നത്രേ.[12]

ദർശനത്തിൻെറ സമയത്തെക്കുറിച്ചു പറഞ്ഞാൽ, ദൈവത്തെ കാണുന്നതിനായി മററു വേവലാതികളിൽനിന്നൊഴിഞ്ഞിരിക്കുന്നവൻ 'ഉച്ചസമയത്തു് ഇരിക്കുന്നു.' അതുകൊണ്ടാണു് അബ്രാഹം കൂടാരത്തിനുള്ളിൽ ഇരുന്നു എന്നു പറയാതെ കൂടാരത്തിൻെറ വാതിൽക്കൽ ഇരുന്നു എന്നു പറഞ്ഞിട്ടുള്ളതു്. ഒരാളുടെ മനസ്സു് മാംസപരമായ ചിന്തകളിലും അഭിലാഷങ്ങളിലുംനിന്നു വിമുക്തമാണെങ്കിൽ ആ മനസ്സു് ശരീരത്തിന്നു വെളിയിലാണെന്നു പറയാം. അങ്ങനെ ശാരീരികവും ഭൗതികവുമായ ആഗ്രഹങ്ങളിൽനിന്നു വിമുക്തി പ്രാപിച്ചവരെ ദൈവം സന്ദർശിക്കുന്നു. പൂർവപിതാവായ യൗസേപ്പ് ഈജിപ്റ്റിൽവച്ചു തൻെറ സഹോദരന്മാരെ സ്വീകരിച്ചപ്പോൾ അവർക്കു മദ്ധ്യാഹ്നസമയത്തു ഭക്ഷണം കൊടുത്തതും ആ സഹോദരന്മാർ മദ്ധ്യാഹ്നസമയത്തു തങ്ങളുടെ ഉപഹാരങ്ങളുമായി യൗസേഫിനെ നമിച്ചതും ഈ രഹസ്യത്തോടു പ്രസക്തിയുള്ള കാര്യങ്ങൾതന്നെ (ഉല്പ. 43: 16. 25f).

ഉപസംഹാരമായി ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു: യൂദന്മാർ നമ്മുടെ രക്ഷകനെതിരായി ചെയ്ത ഏതെങ്കിലും പാതകം മദ്ധ്യാഹ്നത്തിൽ ചെയ്തതായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടില്ല. ആറാമത്തെ മണിക്കൂർ മദ്ധ്യാഹ്നമല്ലാതെ മററൊരു സമയവുമല്ല. എങ്കിലും അവരാരും അതിനെ മദ്ധ്യാഹ്നം എന്നു വിളിച്ചിട്ടില്ല. വി. മത്തായി ഇങ്ങനെ രേഖപ്പെടുത്തുന്നു: 'ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർവരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചു.' വി. ലൂക്കാ പറയുന്നു: 'അപ്പോൾ ഏകദേശം ആറാം മണിക്കൂർ ആയിരുന്നു. ഒമ്പതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു.' ഇതുപോലെതന്നെ വി. മർക്കോസ് പറയുന്നതു നോക്കുക: 'ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു.[13] ഇതിൽനിന്നു് ഒരു കാര്യം വ്യക്തമാകുന്നു. അബ്രാഹത്തിനുണ്ടായ ദർശനത്തെക്കുറിച്ചും പൂർവപിതാക്കന്മാർക്കു യൗസേപ്പ് കൊടുത്ത വിരുന്നിനെക്കുറിച്ചും പറയുമ്പോൾ സമയത്തെ ആറാംമണിക്കൂർ എന്നു വിളിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല; മദ്ധ്യാഹ്നം എന്നു പറയുന്നതു തികച്ചും യുക്തമായിരുന്നു. ഈ പൂർവപിതാക്കന്മാർ ആരുടെ പൂർവച്ഛായകളാണോ, ആ മണവാട്ടി, തൻെറ മണവാളൻ ആടുകളെ മേയ്ക്കുന്നതും വിശ്രമിക്കുന്നതും എവിടെയാണെന്നറിയാൻ ആഗ്രഹിച്ചു. അതിനാൽ ആ സമയത്തെ അവർ മദ്ധ്യാഹ്നം എന്നു വിളിക്കുന്നു. സുവിശേഷകന്മാർക്കു് അവരുടെ ആഖ്യാനത്തിൻെറ



ഗതിയിൽ ഉച്ചസമയം എന്നു പറയേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ആറാം മണിക്കൂർ എന്നു് അവർ പ്രയോഗിച്ചു. പ്രകടമായും, മനുഷ്യരക്ഷയ്ക്കുവേണ്ടി പെസഹാദിനത്തിൽ സമർപ്പിക്കപ്പെട്ട ആ ബലിയുടെ കഥ ആഖ്യാനം ചെയ്യുന്നതിനുവേണ്ടിയാണതു്. ആ ബലിയിലെ ബലിവസ്തുവാകട്ടെ ഭൂമി 'എല്ലായിനം കാട്ടുമൃഗങ്ങളെയും, നാൽക്കാലികളെയും, ഇഴജന്തുക്കളെയും പുറപ്പെടുവിച്ചു കഴിഞ്ഞപ്പോൾ, ആറാം ദിവസം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതുമാണു്' (ഉല്പ. 1: 27f. 24).

ഇക്കാരണത്താൽ നമ്മുടെ പരിചിന്തനത്തിനു വിഷയമായ ഉദ്ധരണത്തിൽ, മണവാട്ടി അറിവിൻെറ പൂർണമായ വെളിച്ചത്താൽ ഉദ്ബുദ്ധയാകാൻ ആഗ്രഹിക്കുന്നു. അതിനു സാധിച്ചില്ലെങ്കിൽ ബോധനത്തിൻെറ അപര്യാപ്തതമൂലം വഴി തെററി നടന്നു്, ദൈവത്തിൻെറ ജ്ഞാനം കൈകാര്യം ചെയ്യാതെ ഈ ലോകത്തിൻെറയും അതിലെ പ്രമാണിമാരുടെയും വിജ്ഞാനം കൈപകരുന്ന അദ്ധ്യാപകസമൂഹത്തെപ്പോലെ ഏതെങ്കിലും വിധത്തിൽ അവളും ആയിത്തീരും. 'ലൗകികവിജ്ഞാനവും ഈ ലോകത്തിൻെറ നാശോന്മുഖരായ അധികാരികളുടെ വിജ്ഞാനവുമല്ല, രഹസ്യവും നിഗൂഢവുമായ ദൈവികവിജ്ഞാനമാണു ഞങ്ങൾ പ്രസംഗിക്കുന്നതു്' എന്നു പറയുമ്പോൾ വി. അപ്പസ്തോലൻ ഇക്കാര്യം തന്നെയാണു് പ്രതിപാദിക്കുക. അദ്ദേഹം തുടർന്നു പറയുന്നു: 'നാം സ്വീകരിക്കുന്നതു് ലോകത്തിൻെറ ആത്മാവിനെയല്ല; പ്രത്യുത, ദൈവം നമുക്കായി വർഷിപ്പിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻവേണ്ടി ദൈവത്തിൻെറ ആത്മാവിനെയാണു്' (1 കൊറി. 2: 7f. 12).

അതിനാൽ ക്രിസ്തുവിൻെറ മണവാട്ടി മണവാളൻെറ വിശ്രമസ്ഥാനത്തെക്കുറിച്ചു് അന്വേഷിക്കുകയും സമൃദ്ധമായ അറിവിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവൾ, ആവരണമണിഞ്ഞവരായി പ്രസ്താവിക്കപ്പെടുന്ന ദാർശനിക വിഭാഗങ്ങളിൽ ഒന്നുപോലെ ആകാതിരിക്കാൻവേണ്ടിയാണിതു്. സത്യത്തിൻെറ അധികാംശവും അവരിൽനിന്നു മറഞ്ഞിരിക്കുന്നതുകൊണ്ടു് അവരെ ആവരണം ചെയ്യപ്പെട്ടവർ എന്നു വിളിക്കുന്നു. എന്നാൽ ക്രിസ്തുവിൻെറ മണവാട്ടി പറയുന്നു: 'കർത്താവിൻെറ മഹത്ത്വം മൂടുപടമണിയാത്ത മുഖംകൊണ്ടു് നാം കാണുന്നു'.

(2 കൊറി. 3: 18).

www.malankaralibrary.com



# 5

'സ്ത്രീകളിൽ അതിസുന്ദരീ, (അഥവാ നന്മയുള്ളവളേ,) നീ നിന്നെത്തന്നെ അറിയുന്നില്ലെങ്കിൽ ആട്ടിൻകൂട്ടങ്ങളുടെ കാൽപ്പാടുകൾ നോക്കിപ്പോവുക, ഇടയന്മാരുടെ കൂടാരങ്ങൾക്കരികിൽ നിന്റെ മുട്ടാടുകളെ മേയ്ക്കുക' (1: 8–Vg. 1: 7).

'നീ നിന്നെത്തന്നെ അറിയുക'[14] എന്ന പ്രശംസനീയമായ ആപ്തവാക്യം അതുല്യവിജ്ഞാനശാലികളായ ഏഴ് പ്രമുഖ യവനദാർശനികന്മാരിൽ ഒരാളുടെ നാവിൽനിന്നുദിച്ചതാണെന്നാണ് പറയാറ്. എന്നാൽ ആമുഖത്തിൽ നാം കണ്ടതുപോലെ, കാലത്തിലും ആത്മീയജ്ഞാനത്തിലും ഭൗതിക വിജ്ഞാനത്തിലും അവരുടെയെല്ലാം മുന്നോടിയായ സോളമൻ ഒരു സ്ത്രീയോടെന്നപോലെ, ചെറിയൊരു ഭീഷണിയുടെ സൂചനയോടെ ആത്മാവിനോടു പറയുന്നു: 'സ്ത്രീകളിൽ അതിസുന്ദരീ, നീ നിന്നെത്തന്നെ അറിയുന്നില്ലെങ്കിൽ, നിന്റെ സൗന്ദര്യത്തിന്റെ ഉത്ഭവസ്ഥാനം ഏതെന്നു ഗ്രഹിക്കുന്നില്ലെങ്കിൽ—ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നതാണു നിന്റെ സൗന്ദര്യരഹസ്യം എന്നു ഗ്രഹിക്കുന്നില്ലെങ്കിൽ—നീ അജഗണങ്ങളുടെ ഏറ്റവും പിൻനിരയിൽപ്പോയി നിൽക്കാൻ ഞാൻ ആജ്ഞാപിക്കുന്നു.

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതുകൊണ്ട് നിന്നിൽ സ്വാഭാവികസൗന്ദര്യത്തിന്റെ ആധിക്യമുണ്ട്. ആദിയിൽ നീ ഇവ്വിധം എത്ര സുന്ദരിയായിരുന്നു എന്നു നീ ശരിയായി മനസ്സിലാക്കണം. ഇപ്പോഴും നീ മററു സ്ത്രീകളെക്കാൾ ശ്രേഷ്ഠയാണ്. സ്ത്രീകളിൽ സുന്ദരിയെന്നു പറയാവുന്ന ഏക വ്യക്തിയുമാണ്. മോശപ്പെട്ടവരുമായി താരതമ്യപ്പെടുത്തുമ്പോൾ നീ സുന്ദരിയായതുകൊണ്ടുമാത്രം ഞാൻ തൃപ്തിപ്പെടുകയില്ല. നീ നിന്നെത്തന്നെ നിഷ്പക്ഷമായി അവലോകനം ചെയ്യുകയും സ്വന്തം യോഗ്യതകൾ വിലയിരുത്തുകയും വേണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ചെമ്മരിയാടുകളെയോ ആട്ടിൻകുട്ടികളെയോ നീ മേയിക്കേണ്ട. സ്വന്തം ദുർന്നടപ്പും കൗടില്യവും കാരണമായി, രാജാവ് ന്യായവിധിക്കിരിക്കുമ്പോൾ തന്റെ ഇടതുഭാഗത്തു നിൽക്കേണ്ട ജീവികളായ ആ ആടുകളെ നീ മേയ്ക്കുക (മത്താ. 25: 32f). എന്റെ രാജകീയ മണിയറയിലേക്കു നിന്നെ കൊണ്ടുവന്ന സമയത്ത് അതിവിശിഷ്ടങ്ങളായ പദാർത്ഥങ്ങൾ ഞാൻ നിന്നെ കാണിച്ചിരിക്കാം (ഉത്തമ. 1: 4). പക്ഷേ നീ നിന്നെത്തന്നെ അറിയുന്നില്ലെങ്കിൽ ഏററവും നികൃഷ്ടങ്ങളായ പദാർത്ഥങ്ങളും ഞാൻ നിന്നെ കാണിക്കും. രണ്ടും കാണുമ്പോൾ ചീത്തവസ്തുക്കളെക്കുറിച്ചുള്ള



ഭയത്തിൽനിന്നും നല്ല വസ്തുക്കളെക്കുറിച്ചുള്ള ആഗ്രഹത്തിൽനിന്നും നിനക്കു ചില പ്രയോജനം ഉണ്ടാകും.

നീ നിന്നെത്തന്നെ അറിഞ്ഞിട്ടില്ലെങ്കിൽ, ആത്മജ്ഞാനം സമ്പാദിക്കാൻ ശ്രമിക്കാതെ അജ്ഞതയിൽത്തന്നെയാണ് കഴിയുന്നതെങ്കിൽ നിനക്കു സ്വന്തമായി ഒരു കൂടാരം ലഭിക്കുകയില്ല. നിനക്കു മററിടയന്മാരുടെ കൂടാരങ്ങൾക്കു സമീപം ഓടി നടക്കേണ്ടിവരും. നിനക്കു നിന്റെ ആടുകളെ, പാപത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ആ സ്വൈരംകെട്ട, അലഞ്ഞുനടക്കുന്ന ജന്തുക്കളെ (ലേവ്യാ. 16: 5ff.) മറേറാരോരുത്തരുടെ കൂടാരങ്ങൾക്കു സമീപംകൊണ്ടുചെന്നു തീറേറണ്ടിവരും. ആത്മാവ് അതിനെത്തന്നെ അറിയാതിരിക്കുന്നതു് എത്ര വലിയ തിന്മയാണെന്ന് അനുഭവങ്ങളും സാഹചര്യങ്ങളും നിന്നെ പഠിപ്പിക്കുന്നതുവരെ ഇക്കാര്യങ്ങളെല്ലാം നീ സഹിക്കേണ്ടിവരും. നിനക്കു സൗന്ദര്യം കൂടുതലുള്ളതു മററു കന്യകമാരെക്കാളല്ല, അഴിനില സംഭവിക്കുകയും കന്യാത്വത്തെ ഭദ്രമായി സംരക്ഷിക്കാതിരിക്കുകയും ചെയ്ത മററു സ്ത്രീകളെക്കാൾ ആണെന്നും നീ മനസ്സിലാക്കണം.

മണവാട്ടി അങ്ങനെയെല്ലാം പറഞ്ഞിട്ടും, നാടകത്തിൽ മണവാളൻ ഈ ഘട്ടത്തിൽ അവളോടു പറയുന്നതു് ഇങ്ങനെയാണ്. ഒരു താക്കീതുകൊടുക്കുംവിധത്തിൽ അദ്ദേഹം കർശനമായി സംസാരിക്കുന്നു. സ്വയം അറിയുന്ന വിഷയത്തിലേക്കു് അവളുടെ ശ്രദ്ധ അദ്ദേഹം ക്ഷണിക്കുന്നു. ഇനി നമുക്കു മുൻ ഉദ്ധരണങ്ങളെ സംബന്ധിച്ചു ചെയ്തതുപോലെ ഈ ഭാഗത്തിനു ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചുള്ള അർത്ഥമെന്തെന്നു നോക്കാം.

ഈ വാക്കുകൾ സഭയോട്—വിശ്വാസികളുടെ ആത്മാക്കളോട്—പറയുമ്പോൾ ആത്മീയമായ ആരോഗ്യവും അനുഗൃഹീതാവസ്ഥയും അവനവനെക്കുറിച്ചുള്ള അറിവിനെ ആശ്രയിച്ചിരിക്കുന്നു എന്ന് അവിടുന്നു വ്യക്തമാക്കുകയാണ്. ഒരാത്മാവ് സ്വയം അറിയേണ്ടതെങ്ങനെയാണെന്ന് എളുപ്പത്തിലും ചുരുക്കത്തിലും പറയാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ പറയേണ്ടതായിട്ടുള്ള അനേകം കാര്യങ്ങളിൽ ചിലതുമാത്രം കഴിവുപോലെ ഇവിടെ പറയാം.

ആത്മാവു രണ്ടുവിധത്തിലുള്ള സ്വയംപരിജ്ഞാനമാണു സമാർജ്ജിക്കേണ്ടതു് എന്നു ഞാൻ കരുതുന്നു. അവൾ അവളിൽത്തന്നെ എന്താണെന്നും എന്തിനാൽ പ്രേരിതയാകുന്നുവെന്നും അറിയണം. അതായതു് അടിസ്ഥാനപരമായി തന്റെ സ്വഭാവം എന്താണെന്നും തന്റെ ആഭിമുഖ്യങ്ങൾ ഏവയാണെന്നും ഗ്രഹിക്കണം. ഉദാഹരണത്തിനു തന്റെ സമ്പ്രദായം നല്ലതാണോ. തന്റെ ഉദ്ദേശ്യങ്ങൾ

www.malankaralibrary.com



നീതിപൂർവകമാണോ എന്ന് അവർ മനസ്സിലാക്കണം. നീതിപൂർവകമായ ഉദ്ദേശ്യങ്ങളാണുള്ളതെങ്കിൽ, വിചാരത്തിലും പ്രവൃത്തിയിലും എല്ലാ പുണ്യങ്ങളോടും അവർക്ക് ആവേശമുണ്ടോ അതോ അത്യാവശ്യവും എളുപ്പവുമുള്ളവയോടു മാത്രമേ താത്പര്യമുള്ളോ എന്നു നോക്കണം. പുണ്യത്തിന്റെ മാർഗത്തിൽ പുരോഗതി കൈവരിക്കുന്നുണ്ടോ, കാര്യങ്ങളെക്കുറിച്ചുള്ള ധാരണ വളരുന്നുണ്ടോ എന്നു ഗ്രഹിക്കണം. അഥവാ ഇതുവരെ നേടിയവയെക്കുറിച്ചുസംതൃപ്തയായി നിന്നിടത്തുതന്നെ നില്ക്കുകയാണോ എന്നറിയണം. അവർ ചെയ്യുന്ന കാര്യങ്ങൾ സ്വന്തം അഭിവൃദ്ധിക്കു മാത്രം ഉപയോഗപ്പെടുന്നവയാണോ അഥവാ ഉദ്ബോധനപരമായ വാക്കുകൾകൊണ്ടോ മാതൃകാപരമായ പ്രവൃത്തികൾകൊണ്ടോ മറ്റുള്ളവർക്കും നന്മ വരുത്തുന്നവയാണോ എന്നു പരിഗണിക്കണം.

ഇനി, നേരേമറിച്ച് തന്റെ അവസ്ഥ തൃപ്തികരമല്ലെന്നും ലക്ഷ്യങ്ങൾ നീതിയുക്തങ്ങളല്ലെന്നും മനസ്സിലാവുകയാണെങ്കിൽ തന്റെ കുറവുകൾ വളരെയധികമാണോ താൻ പുണ്യത്തിന്റെ പാതയിൽനിന്നു വളരെയകലെയാണോ എന്നു നോക്കണം. പുണ്യത്തിന്റെ വഴിയിൽ യാത്രയാരംഭിച്ച് അതിൽ മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ തന്റെ മുമ്പിലുള്ള കാര്യങ്ങൾ ഗ്രഹിക്കാനും പിന്നിലുള്ള കാര്യങ്ങൾ വിസ്മരിക്കാനും സന്നദ്ധതയുണ്ടോ എന്നു നോക്കണം (ഫിലി. 3: 13).

ആത്മാവ് മറ്റൊരുതരത്തിലും സ്വയം അറിയേണ്ടതുണ്ട്. അവർ തെറ്റായ പ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിൽ അതു മനഃപൂർവ്വമായും താത്പര്യത്തോടുകൂടിയും ആണോ? അതോ അപ്പസ്തോലൻ പറയുന്നതുപോലെ, താൻ ആഗ്രഹിക്കാത്തതുപോലെ പെരുമാറുകയും താൻ വെറുക്കുന്ന കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നതു് ഏതെങ്കിലും ദൗർബല്യം മൂലമാണോ? (റോമ. 7: 15). നല്ല കാര്യങ്ങൾ ചെയ്യുന്നതു് ഉദ്ദേശ്യപൂർവകവും താത്പര്യത്തോടുകൂടിയുമാണോ? അവർ ചിലരുടെയടുത്ത് കോപം അടക്കുകയും ചിലരുടെയടുത്തു കോപം തുറന്നുവിടുകയും ചെയ്യുന്നുണ്ടോ? അതോ എല്ലാവരോടും ശാന്തമായിത്തന്നെ പെരുമാറുന്നുണ്ടോ? വിഷാദാത്മകത്വത്തിന്റെ കാര്യത്തിലും ഇതുപോലെ നോക്കണം. ചിലപ്പോൾ വിഷാദാവിഷ്ടയാവുകയും ചിലപ്പോൾ വിഷാദത്തെ ചെറുത്തു നില്ക്കുകയും ചെയ്യുന്നുണ്ടോ? ഭയം തുടങ്ങി, സുകൃതജീവിതത്തിനു വിഘാതമായ എല്ലാ വികാരത്തെക്കുറിച്ചും ഇതേവിധത്തിലുള്ള പരിശോധന ആവശ്യമത്രേ.

സ്വയം അറിയാൻ ആഗ്രഹിക്കുന്ന ആത്മാവ് സ്വപ്രതാപത്തെയും മഹത്ത്വത്തെയും കുറിച്ച് എന്തുമാത്രം അഭിലാഷം വച്ചുപു



ലർത്തുന്നുവെന്നും അന്വേഷിക്കേണ്ടതാണ്. പുകഴ്ത്തലുകളും ഇകഴ്ത്തലുകളും ഹൃദയത്തിൽ എന്തു പ്രതികരണം സൃഷ്ടിക്കുന്നു എന്നു നോക്കിയാൽ ഇക്കാര്യം മനസ്സിലാക്കാം. പ്രശംസകൾ മനസ്സിനെ അമിതമായ ആഹ്ലാദത്തിൽ ആഴ്ത്തുന്നുണ്ടോ, ചെറിയ ചലനം മാത്രമേ സൃഷ്ടിക്കുന്നുള്ളോ അഥവാ ഒരു ചലനവും സൃഷ്ടിക്കുന്നില്ലേ എന്നു നോക്കണം. അതുപോലെ മറ്റുള്ളവർ കുറ്റപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന ദുഃഖം അധികമോ ന്യൂനമോ നിസ്സാരമോ എന്നു നോക്കണം.

ആത്മാവിന്റെ സ്വയാവബോധത്തെ സംബന്ധിച്ചെടത്തോളം ദാനങ്ങളിലും സമ്മാനങ്ങളിലും അവർ പുലർത്തുന്ന മനോഭാവവും സൂചകങ്ങളാണ്. താൻ നൽകുന്ന ദാനങ്ങളും ഉപഹാരങ്ങളും പക്ഷവശ്ശലി നേരായ ഒരു ചൈതന്യത്തോടുകൂടിയാണോ, മറ്റു മനുഷ്യരോടുള്ള തന്റെ സമത അംഗീകരിച്ചു കിട്ടാൻ ഇഷ്ടപ്പെടുന്നയാളിനെപ്പോലെയാണോ. അതോ, ദുഃഖത്തോടും, നിവൃത്തികേടുമൂലവും (2 കൊരി. 9: 7) ആണോ. അതുമല്ലെങ്കിൽ ദാനം സ്വീകരിക്കുന്നവരിൽ നിന്നു പ്രതിസമ്മാനം കിട്ടുന്നതിനുവേണ്ടിയാണോ? ദാനം സ്വീകരിക്കുമ്പോഴും ഇതുപോലെ ചിന്തിക്കേണ്ടതായിട്ടുണ്ട്. ദാനങ്ങൾ കിട്ടുമ്പോൾ താൻ അമിതമായി സന്തോഷിക്കാറുണ്ടോ? അതോ അതിനെ നിസ്സാരമായി വീക്ഷിക്കാറുണ്ടോ എന്ന്, സ്വയം അറിയാൻ ആഗ്രഹിക്കുന്ന ആത്മാവു ശ്രദ്ധിക്കും.

ഇങ്ങനെയുള്ള ഒരാത്മാവ് സ്വന്തം മാനസിക പ്രവർത്തനങ്ങളും വിലയിരുത്തും. സത്യം എന്നു തോന്നുന്ന യാഥാർത്ഥ്യമല്ലാത്ത ഒരു കാര്യം കേട്ടാൽ താൻ അനായാസം വിചലിതയാകുന്നുണ്ടോ, അതിന്റെ വാചികാവതരണത്തിലെ വൈദഗ്ദ്ധ്യവും ചാരുത്വവും തന്റെ മനം മയക്കുന്നുണ്ടോ അഥവാ അത്തരം സംഭവങ്ങൾ അപൂർവങ്ങളാണോ അഥവാ അങ്ങനെ സംഭവിക്കുന്നില്ലയോ എന്നറിയുന്നതിനാണ് ഇങ്ങനെ വിലയിരുത്തുന്നതു്. ആ വിധത്തിലുള്ള അറിവിനെക്കുറിച്ചു നാം വേണ്ടുവോളം പറഞ്ഞു കഴിഞ്ഞു. താല്പര്യമുള്ളവർക്ക് ഇത്തരം അനേക കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാവുന്നതാണ്. അവ ഉപയോഗിച്ച് ആത്മാവിന് തന്നെക്കുറിച്ചുള്ള അറിവു പരിശോധിക്കാനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടതിനാൽ തനിക്കു ലഭിച്ച സൗന്ദര്യത്തെക്കുറിച്ചു ചിന്തിച്ച് അതു നവീകരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യേണ്ടതെങ്ങനെയെന്നു നിശ്ചയിക്കാനും കഴിയും.

അപ്പോൾ, നാം പരിഗണിക്കുന്ന ഉദ്ധരണം, ഒരു സ്ത്രീയോട് എന്ന രൂപത്തിൽ, ആത്മാവിനോട് അവർ സ്വയം അറിയണ

www.malankaralibrary.com



മെന്ന് ആവശ്യപ്പെടുകയാണ്. അതു പറയുകയാണ്: 'നീ നിന്നെത്തന്നെ അറിയുന്നില്ലെങ്കിൽ ആട്ടിൻകൂട്ടങ്ങളുടെ കാൽപ്പാടുകൾ നോക്കിപ്പോവുക.' നിന്നെത്തന്നെ അറിയുന്നില്ലെങ്കിൽ എന്നതിനർത്ഥം ഇതാണ്: 'നാം അല്പംമുമ്പു ചൂണ്ടിക്കാണിച്ച സമ്പ്രദായങ്ങളിലൂടെ ജീവിതം ക്രമീകരിച്ചില്ലെങ്കിൽ, ചെയ്യേണ്ട കാര്യങ്ങളും ചെയ്യരുതാത്ത കാര്യങ്ങളും വകതിരിച്ചറിഞ്ഞില്ലെങ്കിൽ, ധാരാളമുള്ള കാര്യങ്ങളും കുറവുള്ള കാര്യങ്ങളും ഏതെല്ലാമാണെന്നു മനസ്സിലാക്കിയില്ലെങ്കിൽ, ഏതെല്ലാം കാര്യങ്ങൾ നിലനിർത്തണമെന്നും ഏതെല്ലാം പരിഹരിക്കണമെന്നും അറിഞ്ഞില്ലെങ്കിൽ, ഇവയൊക്കെ ചെയ്യുന്നതിനു പകരം സാധാരണ സമ്പ്രദായമുള്ള ആത്മാക്കളോടൊപ്പം വിവേചനം കൂടാതെ സഞ്ചരിക്കാൻ നീ തീരുമാനിക്കുകയാണെങ്കിൽ—ആ ആത്മാക്കളെ ഇവിടെ സ്ത്രീകളായി അവതരിപ്പിച്ചിരിക്കുന്നു. ആ ആത്മാക്കളെക്കാൾ സുന്ദരിയാണു നീ. എന്തുകൊണ്ടെന്നാൽ നിനക്കു 'ദൈവവചന'ത്തിന്റെ ചുംബനങ്ങൾ മാത്രമല്ല അവിടത്തെ മണിയറയിലെ രഹസ്യങ്ങൾ കാണാനുള്ള സന്ദർഭവും ലഭിച്ചിട്ടുണ്ട്.

അങ്ങനെ സ്വയം ശരിയായി അറിഞ്ഞില്ലെങ്കിൽ 'ആട്ടിൻകൂട്ടങ്ങളുടെ കാല്പാടുകൾ നോക്കി പോവുക'. ഇപ്പറഞ്ഞതിന്റെ അർത്ഥം ഇപ്രകാരം വിശദീകരിക്കാം. ഇത്രയധികമായ ദാനങ്ങൾ നിനക്കു നൽകപ്പെട്ടിട്ടും അസാധാരണ വൈശിഷ്ട്യമുള്ള ഏതെങ്കിലും കാര്യം നീ ചെയ്യുന്നില്ലെങ്കിൽ സാധാരണ ആടുകളുടെ ജീവിതരീതിയിൽ നിന്നു വേറിട്ട് നിൽക്കാൻ നിനക്കു കഴിയുന്നില്ലെങ്കിൽ, മറ്റ് ആടുകൾക്കൊപ്പം ആയിരിക്കുക. നീ ആടുകളോടുകൂടിയല്ല ആയിരിക്കുക, ആട്ടിൻകൂട്ടത്തിന്റെ കാല്പാടുകളിൽ ആയിരിക്കും. സവിശേഷമായ സ്വന്തം ഔന്നത്യത്തെക്കുറിച്ച് അവബോധമില്ലാത്തവൻ ഏറ്റവും പിൻനിരയിലേക്കു തള്ളപ്പെടും (മത്താ. 19: 30).

ഇക്കാരണത്താൽ, ഒരാത്മാവ് ഇപ്രകാരം അറിവിനെ അവഗണിക്കുമ്പോൾ, അവർ 'വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തുത്തെറിയപ്പെടുകയും ചെയ്യുക' എന്നതു (എഫേ. 4:14) അനിവാര്യമാണ്. ഒരിക്കൽ ഒരിടയന്റെയടുത്തും പിന്നീട് വേറൊരിടയന്റെയടുത്തും എന്ന രീതിയിൽ മാറിമാറി പലേടത്തും കൂടാരം കെട്ടാൻ അവർക്കിടയാകും. അതായത്, വചനത്തിന്റെ വിവിധ വ്യത്യസ്ത ഉപദേഷ്ടാക്കളെ ആശ്രയിക്കാൻ അവർക്ക് ഇടവരും. അവർ മേയ്ക്കുന്നത് ചെമ്മരിയാടുകളെയല്ല, അവ കാപട്യമില്ലാത്ത ശാന്തജീവികളാണല്ലോ. അവർക്കു മേയാൻകിട്ടുന്നത് ഇണക്കമില്ലാത്ത മുട്ടാടുകളെയാണ്—അതായത് ആത്മാവിന്റെ അസ്വസ്ഥവും പ്രാകൃതവും പാപ



കരവുമായ പ്രവണതകളെ. അവയെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് മുകളിൽ സൂചിപ്പിച്ച വിവിധ ഗുരുനാഥന്മാരെ അവർ സമീപിച്ചത്. സ്വയം മനസ്സിലാക്കാനും ആടുകൾക്കുവേണ്ടി സ്വന്തം ജീവനുപേക്ഷിക്കുന്ന ഇടയനെ അനുഗമിക്കാനും ശ്രമിക്കാത്ത ആത്മാവിന്റെ അപരാധത്തിനുള്ള ശിക്ഷ ഇതായിരിക്കും (യോഹ. 10: 11).

ആത്മാവിന് അവളെക്കുറിച്ചുതന്നെ അറിവുനേടാനുള്ളതായ ഒരു വഴി ഇതാണ്—അതായത് അവളുടെ താല്പര്യങ്ങളിലും പ്രവർത്തനങ്ങളിലും. സ്ത്രീകളിൽ സുന്ദരിയായ ആത്മാവ് തന്നെക്കുറിച്ചുതന്നെ അറിവുനേടേണ്ടതായ മറ്റൊരു വിധം കൂടുതൽ ദുർഗ്രഹവും കഠിനവുമാകുന്നു. അതു നേടാൻ കഴിഞ്ഞാൽ എല്ലാ നല്ല കാര്യങ്ങളും അവൾക്കു പ്രതീക്ഷിക്കാം. കഴിഞ്ഞില്ലെങ്കിൽ അവൾക്ക് ആടുകളുടെ കാൽപ്പാടുകൾ നോക്കിപ്പോവുകയും, അപരിചിതരായ അന്യ ഇടയന്മാരുടെ കൂടാരങ്ങളിൽ തന്റെ മുട്ടാടുകളെ തീറ്റുകയും ചെയ്യേണ്ടിവരുമെന്ന് അവൾ അറിഞ്ഞിരിക്കട്ടെ. അതിനാൽ ഈ വിധത്തിലുള്ള അറിവിനെപ്പറ്റി കഴിവുപോലെ വിചിന്തനം ചെയ്യാൻ ഇവിടെ ശ്രമിക്കാം.

പ്രവാചകന്റെ അധരങ്ങളിലൂടെ 'ദൈവവചനം' പറയുന്നു: 'വിജ്ഞാനത്തിന്റെ ദീപം നിങ്ങൾക്കുവേണ്ടിത്തന്നെ തെളിക്കുവിൻ.'15 ആദ്ധ്യാത്മികദാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും മഹത്തായ ഒന്നുണ്ട്: പരിശുദ്ധാത്മാവിനാൽ ദാനം ചെയ്യപ്പെടുന്ന അറിവിന്റെ വചനം (1 കൊറി. 12: 8). ആ അറിവിന്റെ പ്രാഥമികലക്ഷ്യം എന്തെന്ന് മത്തായിയുടെ സുവിശേഷത്തിൽ ഇങ്ങനെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു: 'പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനേയും അറിയുന്നില്ല' (11: 27). ലൂക്കായുടെ സുവിശേഷത്തിൽ ഇങ്ങനെയാണു കാണുന്നത്: 'പുത്രനാരെന്നു പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല. പിതാവാരെന്നു പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്താനാഗ്രഹിക്കുന്നുവോ അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല' (10: 22). വി. യോഹന്നാൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നേയും അറിയുന്നു' (10: 15). നാല്പത്താറാം സങ്കീർത്തനത്തിൽ എഴുത്തുകാരൻ പറയുന്നത് ഇങ്ങനെയത്രേ: 'നിശ്ചലനായിരിക്കുക. ഞാൻ ദൈവമാണെന്നറിയുക' (46: 10).

അറിവിന്റെ പരമോന്നതമായ കൃത്യം ത്രിത്വത്തെ അറിയുക എന്നതാകുന്നു. രണ്ടാമത്തേത് ദൈവത്തിന്റെ സൃഷ്ടികളെ

www.malankaralibrary.com



അറിയുക എന്നതും. വി. ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'ഉള്ളതായ വസ്തുക്കളുടെയും ലോകത്തിന്റെ അന്തസ്സത്തയുടെയും പദാർത്ഥങ്ങളുടെ ഗുണങ്ങളുടെയും കാലത്തിന്റെ ആദിമദ്ധ്യാന്തങ്ങളുടെയും എല്ലാം യഥാർത്ഥമായ ജ്ഞാനം അവിടുന്ന് എനിക്കു നൽകി' (വിജ്ഞാനം, 7: 17f).

ആത്മാവിനെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളെല്ലാം ഒരു സ്വയം ദർശനത്തിന്റെ ഭാഗങ്ങളാകുന്നു. താൻ എങ്ങനെയാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്, തന്റെ സത്ത പദാർത്ഥപരമോ പദാർത്ഥാതീതമോ, താൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ഒരൊറ്റ ഘടകപദാർത്ഥംകൊണ്ടാണോ രണ്ടോ മൂന്നോ അതിലധികമോ പദാർത്ഥങ്ങൾകൊണ്ടാണോ എന്നെല്ലാം അവൾ അറിയണം. ചില ആളുകൾ അന്വേഷിക്കുന്നതുപോലെ, ആത്മാവിന്റെ സാരതത്ത്വം ആരെങ്കിലും നിർമ്മിച്ചതാണോ ആരും നിർമ്മിക്കാത്തതാണോ എന്നു ഗ്രഹിക്കണം. ആരെങ്കിലും സൃഷ്ടിച്ചതാണെങ്കിൽ എങ്ങനെ സൃഷ്ടിച്ചു എന്നു മനസ്സിലാക്കണം. ചിലർ അഭിപ്രായപ്പെടുന്നതുപോലെ അതിന്റെ ഉത്ഭവവും ശാരീരികമായ ബീജത്തോടൊപ്പമാണോ അതോ വേറെ സൃഷ്ടിക്കപ്പെട്ടിട്ടു മാതാവിന്റെ ഉദരത്തിൽ രൂപംകൊണ്ട് വളർച്ച പ്രാപിച്ച ശരീരത്തോടു ചേർക്കപ്പെടുകയാണോ എന്നു ഗ്രഹിക്കണം. രണ്ടാമതു പറഞ്ഞതാണ് യാഥാർത്ഥ്യമെങ്കിൽ, ശരീരം രൂപപ്പെട്ടു കഴിയുമ്പോൾ തൽക്കാലം സൃഷ്ടിച്ച് അതിൽ സ്ഥാപിക്കപ്പെടുന്നതാണോ അഥവാ നേരത്തേ സൃഷ്ടിക്കപ്പെട്ടു നിലനിന്നിരുന്ന ആത്മാവ് അതിന്റെ ആവശ്യമനുസരിച്ച് ഒരു ശരീരത്തിൽ ചെന്നുചേരുകയാണോ എന്നു മനസ്സിലാക്കണം. ആത്മാവ് ഏതെങ്കിലും കാരണത്താൽ ശരീരത്തിലേക്ക് ആനയിക്കപ്പെടുകയാണെങ്കിൽ, ജ്ഞാനത്തിന്റെ ചുമതല ആ കാരണം എന്തെന്നു നിർണ്ണയിക്കുകയാണ്.

ഉത്തരം അന്വേഷിക്കേണ്ടതായ ഒരു പ്രശ്നംകൂടെയുണ്ട്: ഒരാത്മാവ് ഒരിക്കൽ മാത്രമേ ശരീരം ധരിക്കുകയുള്ളോ? ആ ശരീരം ഉപേക്ഷിച്ചു കഴിഞ്ഞാൽ വേറൊരു ശരീരം തേടുകയില്ലേ? അതോ ഒരു ശരീരം ഉപേക്ഷിച്ചുകഴിഞ്ഞിട്ടു വേറൊന്നു സ്വീകരിക്കുമോ? അങ്ങനെ രണ്ടാമതൊരു ശരീരം സ്വീകരിച്ചാൽ അതിനെയും ഉപേക്ഷിക്കുമോ അതോ എന്നും അതു വച്ചുപുലർത്തുമോ? ലോകാവസാനം സമീപസ്ഥവും നാശമുള്ള ഇന്നത്തെ സ്ഥിതി നാശമില്ലായ്മയുടെ അവസ്ഥയിലേക്കു മാറുന്നതും ആണെന്നു വിശ്വസിക്കാൻ വി. ഗ്രന്ഥം വഴിതരുന്നുണ്ടല്ലോ. അതിനാൽ ജീവിതത്തിന്റെ ഇപ്പോഴത്തെ സാഹചര്യങ്ങളിൽ ആത്മാവിനു രണ്ടാമതോ മൂന്നാമതോ ശരീരം സ്വീകരിക്കാനാവുകയില്ലെന്നതു



നിസ്സംശയമാണ്. ആത്മാവിന്റെ ശരീരാന്തരപ്രവേശം എന്ന ആശയം സത്യമാവുമെങ്കിൽ ആ പുനഃപ്രവേശങ്ങളുടെ പരമ്പരയ്ക്ക് അറുതിയുണ്ടാവുകയുമില്ല.

അവനവനെക്കുറിച്ചുള്ള ഈ അറിവുകൾ തേടി നടക്കുന്നതോടൊപ്പംതന്നെ വേറേ ചില കാര്യങ്ങൾകൂടെ അവൾ അന്വേഷിക്കേണ്ടതായിട്ടുണ്ട്: തന്നെപ്പോലെതന്നെയുള്ള സ്വഭാവത്തോടുകൂടിയ മറ്റു സൃഷ്ടികൾ ഉണ്ടോ? തന്നിൽനിന്നു വ്യത്യസ്തമായ സ്വഭാവഘടനയുള്ള മറ്റ് അരൂപികൾ ഉണ്ടോ? തന്നെപ്പോലെ യുക്തിവിചാരം ചെയ്യാൻ കഴിവുള്ള വേറെ അരൂപികളുണ്ടോ? ആ കഴിവില്ലാത്തവയുണ്ടോ? തന്റെ പ്രകൃതി മാലാഖമാരുടേതുതന്നെയാണോ? ഒരുവിധത്തിലുള്ള യുക്തിപരത മറ്റൊരു യുക്തിപരതയിൽനിന്ന് ഒരുതരത്തിലും വിഭിന്നമായിരിക്കുകയില്ലെന്നാണല്ലോ കരുതപ്പെടുന്നത്. മനുഷ്യാത്മാവ് ഇപ്പോൾ മാലാഖമാർക്കു തുല്യമല്ലെങ്കിൽ അർഹതനേടിയാൽ ദൈവപ്രസാദംമൂലം ആ തുല്യത കൈവരുമോ? അവളുടെ സ്വഭാവവും പ്രാകൃതികഘടനയും ഈ രൂപം സ്വീകരിക്കാതിരുന്നെങ്കിൽ അവൾക്ക് ഒരിക്കലും മാലാഖമാരെപ്പോലെ ആകാൻ കഴിയുമായിരുന്നില്ലേ? ദൈവം ആദ്യം നൽകിയ ഒരു ദാനം ഒരാൾ നഷ്ടപ്പെടുത്തിയാലും അതു പുനഃപ്രാപിക്കാൻ കഴിയുമെന്നു വിചാരിക്കാവുന്നതാണ്. എന്നാൽ ആദ്യമേതന്നെ നൽകാത്ത ഒന്നു പിന്നീടു നൽകുമെന്നു വിചാരിക്കാൻ വിഷമമുണ്ട്.

ആത്മജ്ഞാനം ആഗ്രഹിക്കുന്ന ആത്മാവ് അന്വേഷിക്കേണ്ട മറ്റൊരു കാര്യംകൂടെയുണ്ട്. തന്റെ യുക്തിവിചാരപടുത പരിണാമ വിധേയമാണോ അതോ ഒരിക്കൽ കൈവന്നു കഴിഞ്ഞാൽ പിന്നെ എന്നും മാറ്റമില്ലാതെ അതു നിലനിൽക്കുമോ എന്നതാണത്. ആത്മാവ് സ്വയം അറിയണം എന്നതിനു കൂടുതൽ ന്യായങ്ങൾ അന്വേഷിക്കേണ്ട ആവശ്യമെന്താണ്? അവികലമായ സ്വയംപരിജ്ഞാനത്തിനുവേണ്ടി പ്രവർത്തിക്കാൻ അവൾ ഉപേക്ഷവിചാരിച്ചാൽ ആട്ടിൻകൂട്ടങ്ങളുടെകാൽപ്പാടുകൾ നോക്കി സഞ്ചരിക്കാനും മറ്റ് ഇടയന്മാരുടെ കൂടാരങ്ങളിൽ അലഞ്ഞു നടന്ന് സ്വന്തം മുട്ടാടുകളെ തീറ്റാനും അവൾ ആജ്ഞാപിക്കപ്പെട്ടേക്കാം. ഇത്തരം കാര്യകാരണവിചാരങ്ങളെ അനുവർത്തിക്കാൻ താല്പര്യമുള്ള എല്ലാവർക്കും നാം മുകളിൽപ്പറഞ്ഞ ചില കാര്യങ്ങൾ സ്വീകരിച്ച് വിവേകത്തിന്റെ വചനത്തിനനുസൃതം തന്റെ കഴിവുപോലെ അവയിൽ പരിശീലനം നേടാൻ വേണ്ടുവോളം സന്ദർഭങ്ങൾ സമീപത്തുതന്നെയുണ്ട്.

പുരോഗതിയുടെ പാതയിൽ ഇറങ്ങിപ്പുറപ്പെട്ടവളും എന്നാൽ പൂർണ്ണതയുടെ ഉച്ചകോടിയിൽ എത്തിച്ചേർന്നിട്ടില്ലാത്തവളു-

www.malankaralibrary.com



മായ ഒരാത്മാവിനോട് 'ദൈവവചനം' പറയുന്ന കാര്യങ്ങളാണു മുകളിൽ കൊടുത്തിട്ടുള്ളതെന്നു നമുക്കു വിചാരിക്കാം. അവൾ പുരോഗതി നേടുന്നുണ്ട്, അതിനാൽ സുന്ദരി എന്നു വിളിക്കപ്പെടുന്നു. എന്നാൽ പരിപൂർണതയിൽ എത്തിച്ചേരുന്നതിന് അവൾക്ക് ഒരു താക്കീതു നൽകേണ്ടതായിട്ടുണ്ട്. ഇല്ലെങ്കിൽ അവൾ ചില കുഴപ്പങ്ങളിൽച്ചെന്നുപെടാൻ സാദ്ധ്യതയുണ്ടെന്നതാണ് കാരണം. മുകളിൽ വ്യക്തമാക്കിയതുപോലെ, അവൾക്കു തന്നെക്കുറിച്ചുതന്നെ വ്യക്തവും വിശദവുമായ അറിവില്ലെങ്കിൽ, ദൈവവചനവും ദൈവികനിയമങ്ങളും അവധാനപൂർവം അവൾ പരിശീലിച്ചില്ലെങ്കിൽ, തന്നെക്കുറിച്ചുള്ള അറിവിനോടൊപ്പം വിവിധ തരക്കാരായ പല ആളുകളുടെയും ആശയങ്ങളും അവൾ കൂട്ടിച്ചേർക്കും. പ്രസ്തുത ആളുകൾ പരമോന്നതമായ വസ്തുതകളെപ്പററി സംസാരിക്കാത്തവരും പരിശുദ്ധാത്മാവിയുടെ പ്രചോദനം ലഭിക്കാത്തവരും ആണ്. എന്തെന്നാൽ ആട്ടിൻകൂട്ടങ്ങളുടെ കാൽപ്പാടുകളിൽ സഞ്ചരിക്കുക എന്നതിനു അർത്ഥം ഇതാകുന്നു: സ്വയം പാപികളായി തുടരുന്നവരും മററുള്ളവരുടെ പാപങ്ങൾക്ക് എന്തെങ്കിലും പരിഹാരം നിർദേശിച്ചുകൊടുക്കാൻ അപ്രഗൽഭരും ആയവരുടെ അദ്ധ്യാപനങ്ങൾക്കു പിറകെ ഓടുക. അങ്ങിനെ പിറകെ ഓടുന്നവർ പാപത്തിനായി നിയോഗിക്കപ്പെട്ടവരെ പോററുകയാണ്; ഇടയന്മാരുടെ കൂടാരങ്ങൾക്ക് —വിവിധ തരക്കാരായ ദാർശനികരുടെ സിദ്ധാന്തങ്ങൾക്ക്—സമീപം അലയുകയും.

ഇവിടത്തെ അലങ്കാരകല്പന എത്ര ഭീകരമായ ഒരു സംഗതിയാണു സൂചിപ്പിക്കുന്നതെന്ന് കൂടുതൽ ശ്രദ്ധാപൂർവം പരിഗണിക്കുക. 'ആട്ടിൻകൂട്ടങ്ങളുടെ കാൽപ്പാടുകൾ നോക്കിപ്പോവുക' എന്ന് മണവാളൻ പറയുകയാണ്. മണിയറയ്ക്കുള്ളിലെ ദിവ്യരഹസ്യങ്ങളുടെ മദ്ധ്യത്തിൽ നിൽക്കുന്ന മണവാട്ടി. അവൾ തന്നെക്കുറിച്ചുതന്നെ അന്വേഷിച്ചറിയാൻ മെനക്കെടുന്നില്ല. താൻ ആരാണ്, താൻ എന്തു ചെയ്യണം, എങ്ങനെ ചെയ്യണം, എന്തു ചെയ്യാൻ പാടില്ല എന്ന് അവൾ ആരായുന്നില്ല. അലസതയുടേതായ ആ അപരാധത്തിന് അവൾ പുറത്തു പോകാൻ ആജ്ഞാപിക്കപ്പെടുകയാണ്. അവളുടെമേൽ അധികാരമുള്ളവൻ അവളെ ബഹിഷ്കരിക്കുന്നു. അതിനാൽ ഒരാത്മാവ് സ്വയം അറിയാൻ ശ്രമിക്കാതിരിക്കുന്നത് എത്രയോ വലിയ ഒരു വിപത്താണെന്നു മനസ്സിലാക്കാം.

ആത്മാവിന്റെ സ്വയപരിജ്ഞാനം എന്നതിന് ഒരു ദ്വിമുഖാർത്ഥമാണ് നാം ഇവിടെ പറഞ്ഞത്. ആദ്യത്തെ വ്യാഖ്യാനമനുസരിച്ച് അവൾ അവളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്ന



തിലും പുരോഗതി പരിശോധിക്കുന്നതിലും കുറവുകൾ പരിഹരിക്കുന്നതിലും ഉപേക്ഷ വരുത്തിയതിനാൽ, അർഹമായ രീതിയിൽത്തന്നെ പുറത്തുപോകാൻ ആജ്ഞാപിക്കപ്പെടുകയാണെന്നു തോന്നും. രണ്ടാമത്തെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ആലോചിച്ചാൽ ശിക്ഷ വളരെ കഠിനമാണെന്നും തോന്നും. ആത്മാവ് സ്വന്തം സ്വഭാവത്തെയും നിർമാണപദാർത്ഥത്തെയും അവസ്ഥയെയും ഭൂതഭാവികളെയും എല്ലാം സംബന്ധിച്ചുള്ള അറിവു സമ്പാദിക്കണമെന്നാണല്ലോ അവിടെ നാം പറഞ്ഞത്. ഈ വക കാര്യങ്ങളെല്ലാം വളരെ വ്യക്തമായി അറിയാവുന്ന, അത്ര കുറവുതീർന്ന, അത്ര കരുത്തേറിയ, ഒരാത്മാവ് എവിടെയാണുള്ളത്?

നാം പരിഗണിക്കുന്ന വാക്കുകൾ എല്ലാ ആത്മാക്കളെയും സംബോധന ചെയ്തു പറയപ്പെടുന്നതല്ല എന്ന് ഇതിനു മറുപടിയായി നമുക്കു പറയാം. മണവാളൻ തോഴിമാരായ കന്യകമാരോടല്ല, മററു സ്ത്രീകളോടോ എൺപതു വെപ്പാട്ടികളോടോ അറുപതു റാണിമാരോടോ അല്ല, സ്ത്രീകളിൽവച്ച് ഏററവും സുന്ദരിയും പരിപൂർണയുമായ ആ ഒരേ ഒരു വ്യക്തിയോടാണു പറയുന്നത് (ഉത്തമ. 6: 7ff.). ദൈവത്തിനു സവിശേഷം പ്രിയപ്പെട്ട ചില വ്യക്തികളോടാണ് ഈ വാക്കുകൾ പറയപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാണ്. ദർശനത്തിന്റെയും ധാരണയുടെയും അനേകം അനുഗ്രഹങ്ങൾ ദൈവം അവർക്കു നൽകി. എന്നാൽ ആ അനുഗ്രഹങ്ങളിൽ ഒരു നല്ല പങ്ക് അവർ പാഴാക്കിക്കളഞ്ഞു. സ്വയം അറിയുന്നതിനുവേണ്ടി അവർ ഒട്ടും ക്ലേശിക്കുന്നില്ല. 'ആർക്കെല്ലാം അധികമായി നൽകപ്പെട്ടിട്ടുണ്ടോ അവരിൽനിന്ന് അധികമായി പ്രതീക്ഷിക്കപ്പെടും' എന്ന ദൈവവചനത്തിലെ ഭീഷണി അവർക്കുബാധകമാണ് (ലൂക്കാ. 12: 48). എളിയവനായ വ്യക്തി കരുണയ്ക്കും മാപ്പിനും അർഹനായി കണക്കാക്കപ്പെടും; എന്നാൽ കരുത്തന്മാർക്കു ശക്തിയേറിയ ശിക്ഷ ലഭിക്കും (വിജ്ഞാ. 6:6f).

അതിനാൽ അന്യരേക്കാൾ സൗന്ദര്യവും ശ്രദ്ധേയതയുമുള്ള ആത്മാവേ,—ഉദാഹരണത്തിന് അദ്ധ്യാപകർ—നീ സ്വയം അവഗണിക്കുകയും അജ്ഞതയിൽ തുടരുകയും ചെയ്താൽ ഔന്നത്യത്തിലേക്കുവരാൻ ആഗ്രഹിക്കുന്നവർക്ക് എവിടെനിന്ന് ബോധനം ലഭിക്കും? സത്യവിശ്വാസത്തെ എതിർക്കുന്നവരുടെ അഭിപ്രായങ്ങൾ എങ്ങനെ അബദ്ധങ്ങളെന്നു തെളിയിക്കപ്പെടും? അതിനാൽ 'നീ ആട്ടിൻകൂട്ടങ്ങളുടെ കാൽപ്പാടുകൾ നോക്കിപ്പോവുക, ഇടയന്മാരുടെ കൂടാരങ്ങളുടെ സമീപത്തു് നിന്റെ മുട്ടാടുകളെ മേയ്ക്കുക' എന്ന ഭീഷണിയുടേതായ അർത്ഥ സൂചനയോടുകൂടി തെരഞ്ഞെടുക്കപ്പെട്ട അത്മാവിനോടു പറയപ്പെടുന്നതു സാധാരണമാണ്.

www.malankaralibrary.com



മോശ എഴുതിയിട്ടുള്ള ഒരു കാര്യം നമുക്ക് ഇതിനോടു താരതമ്യപ്പെടുത്താവുന്നതാണ്. അദ്ദേഹം എഴുതിയിരിക്കുന്നു, 'ഒരു ഇസ്രായേൽസ്ത്രീ വ്യഭിചാരം ചെയ്യുകയാണെങ്കിൽ അവളെ കല്ലെറിയണം. ആ സ്ത്രീ ഒരു പുരോഹിതന്റെ പുത്രിയാണെങ്കിൽ അവളെ തീയിൽ ദഹിപ്പിക്കണം (ലേവ്യ 20: 10; 29: 9). അതിനാൽ പഠനത്തിനും അറിവിനുമുള്ള കഴിവ് അധികമുണ്ടായിട്ടും ഉപേക്ഷാപൂർവം ജീവിക്കുന്നവർക്കെതിരെ ഉച്ചരിക്കപ്പെട്ട ഈ ശിഷാഭീഷണി ന്യായം തന്നെ. അത്തരക്കാരോടു മണവാളനു തോന്നുന്ന കോപം നീതിയുക്തമാകുന്നു. ഒരാളുടെ ഉപേക്ഷ അനേകർക്കുപദ്രവം വരുത്തുമെന്ന് അവിടുത്തേയ്ക്കറിയാം. (1 കൊറി. 12: 26). തനിക്ക് ഒരു നാണയം നൽകപ്പെട്ടിട്ട്, യജമാനനു യാതൊരു പ്രയോജനവും ലഭിക്കാത്തവിധത്തിൽ അതു മണ്ണിൽ കഴിച്ചിട്ടയാളിനോട് ഇത്തരം ആത്മാവിനു സാദൃശ്യമുണ്ട്. തനിക്കു ലഭിച്ച പ്രാകൃതിക വിജ്ഞാനത്തിന്റെ വിത്ത് ഭാവിതലമുറകൾക്ക് ഉപകാരപ്പെടാതെ പോകട്ടെ എന്നു കരുതി നിലത്തു തൂകിക്കളയുകയും അതിനു ശിക്ഷയായി ദൈവത്താൽ വധിക്കപ്പെടുകയും ചെയ്ത ആളിനോടും (മത്താ. 25:18; ഉല്പ. 38: 7–9) ഈ ആത്മാവിനെ തുല്യപ്പെടുത്താം.

പ്രസ്തുത ഉദ്ധരണം സഭയ്ക്കുള്ള ഒരു താക്കീതായി കരുതുകയാണെങ്കിൽ ഇടയന്മാർ എന്നത് ഈ ലോകത്തിലെ പ്രഭുക്കന്മാരാണ്. അഥവാ അക്രൈസ്തവ ദേശങ്ങളുടെയും സമൂഹങ്ങളുടെയും ചുമതല ഏല്പിക്കപ്പെട്ടിട്ടുള്ള മാലാഖമാർ ആകാം. തവണയനുസരിച്ചോ നമുക്കജ്ഞാതമായ മറ്റെന്തെങ്കിലും ക്രമീകരണം അനുസരിച്ചോ ആയിരിക്കും ആ ചുമതല അവർക്കു ലഭിച്ചിട്ടുള്ളത് (1 കൊറി. 2: 6)

ഈ താക്കീത് സ്വയം അറിയുന്നതിൽ ഉപേക്ഷകാണിക്കുന്ന വ്യക്തിയുടെ ആത്മാവിനെ ഉദ്ദേശിച്ചാണ് എന്നു നാം മനസ്സിലാക്കുകയാണെങ്കിൽ ആ വ്യക്തി ഈ കാലഘട്ടത്തിലെ പുണ്യവാന്മാരായ സന്യാസികളിലും ഗുരുക്കന്മാരിലും ഒരുവനായിരിക്കും.

ഇങ്ങനെ ചിന്തിച്ചുനോക്കുമ്പോൾ, ഒരാത്മാവിനെ സംബന്ധിച്ചിടത്തോളം—ബുദ്ധിപരമായ ജാഗ്രതയും ആഭിമുഖ്യങ്ങളിൽ നന്മയും സൗന്ദര്യവുമുള്ള ആത്മാവിനെ സംബന്ധിച്ചു സവിശേഷമായും—അവനവനെക്കുറിച്ച് അറിവു സമ്പാദിക്കുക എന്നത് എത്ര സുപ്രധാനമാണെന്നു നമുക്കു മനസ്സിലാക്കാം. തത്ത്വങ്ങളുടെ പഠനത്തിലൂടെയും വിശുദ്ധമായ പ്രവർത്തനങ്ങളിലൂടെയും അവനവനെ വേർതിരിച്ചറിയാനുള്ള ശ്രമത്തിൽ കൂടുതൽ ശ്രദ്ധവയ്ക്കണം. ദൈവത്തിന്റെ ചൈതന്യത്താലും പുത്രസ്വീകര



ണത്തിന്റെ ചൈതന്യത്താലും നയിക്കപ്പെടാനും ആത്മാവു തയ്യാറാകണം (1 കൊറി. 2: 12; റോമ. 8: 15).

ഇത്തരം ഒരാത്മാവ് സ്വയം അവഗണിക്കുകയും വിശുദ്ധമായ ചര്യകൾ ഉപേക്ഷിക്കുകയും ചെയ്താൽ അവൾ തന്റെ ശ്രദ്ധയും താത്പര്യവും ലൗകികമായ അന്വേഷണങ്ങൾക്കും ഭൗതികവിജ്ഞാനത്തിനുംവേണ്ടി തിരിച്ചുവിടും എന്നത് അനിവാര്യമാകുന്നു. അവൾ 'വീണ്ടും ഭയത്തിൽ ഈലോകത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടും.' താഴെ പറയുന്ന വാക്കുകളിൽ അപ്പസ്തോലൻ അർത്ഥമാക്കുന്നതും അതുതന്നെയാണ്: 'നാം സ്വീകരിച്ചിരിക്കുന്നതു ലോകത്തിന്റെ ആത്മാവിനെയല്ല; ദൈവത്തിന്റെ ആത്മാവിനെയത്രെ.' വീണ്ടും, 'നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച് പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവുമൂലം നാം ആബാ—പിതാവേ—എന്നു വിളിക്കുന്നു' (റോമ. 8: 15).

## 6

'എന്റെ അയൽക്കാരീ, ഫറവോന്റെ രഥങ്ങളിലെ എന്റെ അശ്വസൈന്യത്തോടു നിന്നെ ഞാൻ തുല്യപ്പെടുത്തുന്നു' (1. 9–Vg. 1. 8).

എഴുത്തുകാരൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്ന ചരിത്രപരമായ ആശയം ഇതാണ്. മണവാളൻ അഥവാ ദൈവം പറയുകയാണ്: 'പണ്ട് ഫറവോൻ തേരുകളോടും കതിരപ്പടയാളികളോടുംകൂടി ഇസ്രായേൽ ജനത്തെ അനുധാവനം ചെയ്തുവന്നു. എന്നാൽ എന്റെ അശ്വസൈന്യം ഫറവോന്റെ സൈന്യത്തേക്കാൾ വളരെ മികച്ചതായിരുന്നു. എന്റെ സൈന്യം ഫറവോന്റെ സൈന്യത്തെ അടിപ്പെടുത്തുകയും കടലിൽ മുക്കിക്കൊല്ലുകയും ചെയ്തു (പുറ. 14). അതുപോലെ എന്റെ അയൽക്കാരിയും മണവാട്ടിയും ആയവളേ, നീ മറ്റെല്ലാ സ്ത്രീകളെയും പിന്നിലാക്കുന്നു. അതിനാൽ ഫറവോന്റെ രഥസൈന്യത്തോടു താരതമ്യപ്പെടുത്തുമ്പോൾ ശക്തിയും മാഹാത്മ്യവും വളരെ കൂടുതലുള്ള എന്റെ അശ്വസൈന്യത്തോടു നിന്നെ ഞാൻ തുല്യപ്പെടുത്തുന്നു.'

ഇവിടെ ഉദ്ധരിച്ചിട്ടുള്ള വാക്കുകളുടെ അർത്ഥം ഇതാണെന്നു തോന്നുന്നു. ഇനി ഇതിന്റെ അദ്ധ്യാത്മരഹസ്യപരമായ അർത്ഥം നോക്കാം. ദൈവത്തിന്റെ ജനമായ ഇസ്രായേലിനെ പിന്തുടരാനും പീഡിപ്പിക്കാനുംവേണ്ടി ഫറവോൻ നയിക്കുകയും നിയ

www.malankaralibrary.com



ന്ത്രിക്കുകയും ചെയ്യുന്ന തേരുകളുടെയും നാലു കുതിരസംഘങ്ങളുടെയും പ്രതിരൂപത്തിൽ എഴുത്തുകാരൻ ആദ്ധ്യാത്മിക ഫറവോന്റെയും ദുഷ്ടതയുടെയും അധീനത്തിലുള്ള ആത്മാക്കളെ വർണ്ണിക്കുകയായിരിക്കാം. ദുഷ്ടാരൂപികൾ വിശുദ്ധർക്കെതിരായി കുത്തിപ്പൊക്കുന്ന ശല്യങ്ങളും പ്രലോഭനങ്ങളും അതിനുപയുക്തരായ ചില ആത്മാക്കൾവഴിയാണ് അവർ ആവിഷ്കരിക്കുന്നത്. രഥങ്ങളിൽ എന്നപോലെ അവരിൽ ആരൂഢരായി ദുഷ്ടാരൂപികൾ ദൈവത്തിന്റെ സഭയെയും വിശ്വാസികളായ വ്യക്തികളേയും ഭയങ്കരമായ വിധത്തിൽ ആക്രമിക്കുന്നു.

എന്നാൽ ഫറവോന്റെ രഥങ്ങൾ കടലിൽ മുക്കിത്താഴ്ത്തപ്പെട്ട സംഭവത്തെക്കുറിച്ചു പുറപ്പാടു പുസ്തകത്തിൽ പറയുന്നിടത്ത് കർത്താവ് ആ രഥസൈന്യത്തെ കടലിൽ താഴ്ത്തി നശിപ്പിച്ചു എന്നല്ലാതെ കർത്താവിന്റെ കുതിരപ്പടയെക്കുറിച്ച് ഒന്നും പറയുന്നില്ല. എന്നാൽ രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ ഏലീശാ തന്റെ ഭൃത്യനോടു പറയുന്നതായി ഒരുഭാഗം രേഖപ്പെടുത്തിയിട്ടുണ്ട്. കുതിരകളോടും തേരുകളോടുംകൂടി വരുന്ന ശത്രുസൈന്യത്തെക്കണ്ടു ഭൃത്യൻ അന്ധാളിച്ചപ്പോഴാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്: 'ഭയപ്പെടേണ്ട. അവരെക്കാൾ കൂടുതൽ ആളുകൾ നമ്മുടെ കൂടെയുണ്ട്.' വി. ഗ്രന്ഥം തുടരുന്നു: 'അപ്പോൾ ഏലീശാ— പ്രാർത്ഥിച്ചു: 'കർത്താവേ, ഇവന്റെ കണ്ണുകളെ തുറക്കണമേ. ഇവൻ കാണട്ടെ.' കർത്താവ് അവന്റെ കണ്ണുകൾ തുറന്നു. ഏലീശായ്ക്കു ചുററും മല ആഗ്നേയരഥങ്ങളും കുതിരകളുംകൊണ്ടു നിറഞ്ഞിരിക്കുന്നത് അവൻ കണ്ടു (2 രാജാ. 6: 8ff). വീണ്ടും ഹബക്കുക്ക പ്രവാചകന്റെ പുസ്തകത്തിൽ, ദൈവത്തിന്റെ അശ്വാരൂഢരെക്കുറിച്ചും കർത്താവുതന്നെ തന്റെ കതിരകളിൽ ആരൂഢനായതിനെക്കുറിച്ചും വ്യക്തമായും സ്ഫുടമായും പറയുന്നുണ്ട്. ആ സന്ദർഭത്തിലെ വേദപുസ്തകവാക്യങ്ങൾ ഇങ്ങനെയാണ്: 'കർത്താവേ, നദികൾക്കെതിരെയാണോ അവിടത്തെ ക്രോധം? അങ്ങു കുതിരപ്പുറത്തും വിജയരഥങ്ങളിലും സവാരി ചെയ്തപ്പോൾ അങ്ങയുടെ കോപം നദികൾക്കെതിരായും അങ്ങയുടെ രോഷം സമുദ്രത്തിനുനേരെയും ആയിരുന്നുവോ? അങ്ങ് അങ്ങയുടെ കതിരകളിന്മേൽ ആരൂഢനാകും. രക്ഷയാണ് അങ്ങയുടെ അശ്വസൈന്യം' (3: 8).

ഇവിടെയിതാ, കർത്താവു കയറി സഞ്ചരിക്കുന്ന കുതിരകളും തന്റെ കതിരപ്പടയാളികളും. കർത്താവിന്റെ ക്രമീകരണമാകുന്ന കടിഞ്ഞാൺ സ്വീകരിക്കുന്നവരും തന്റെ മധുരമായ നുകം വഹിക്കുന്നവരും (മത്താ. 11: 30). ദൈവത്തിന്റെ ചൈതന്യത്താൽ നയിക്കപ്പെടുന്നവരും അങ്ങനെ സ്വന്തം രക്ഷ കണ്ടെത്തുന്നവരു



മായ ആളുകളാണ് ഈ കതിരകളും കതിരപ്പടയാളികളും എന്നു ഞാൻ കരുതുന്നു.

യോഹന്നാന്റെ വെളിപാടിൽ അദ്ദേഹത്തിനു് ഒരു കുതിര പ്രത്യക്ഷപ്പെട്ടതായി നാം വായിക്കുന്നു. വിശ്വസ്തനും സത്യവാനും നീതിപൂർവം വിധിക്കുന്നവനുമായ ഒരാൾ ആ കതിരപ്പുറത്ത് ഉപവിഷ്ടനായിരുന്നു. ആ ആളിന്റെ പേരു് 'ദൈവവചനം' എന്നാണെന്നും യോഹന്നാൻ പറയുന്നു. അദ്ദേഹം പറയുന്നു: 'സ്വർഗം തുറക്കപ്പെട്ടതായി ഞാൻ കണ്ടു. ഇതാ ഒരു വെള്ളക്കുതിര. അതിന്റെ പുറത്തിരിക്കുന്നവൻ വിശ്വസ്തനെന്നും സത്യവാനെന്നും വിളിക്കപ്പെടുന്നു. അവൻ നീതിയോടെ വിധിക്കുകയും പടപൊരുതുകയും ചെയ്യുന്നു. അവന്റെ മിഴികൾ തീനാളംപോലെ. അവന്റെ ശിരസ്സിൽ അനേകം കിരീടങ്ങൾ. അവനു് ആലേഖനം ചെയ്യപ്പെട്ട ഒരു നാമം ഉണ്ട്. അതു് അവനല്ലാതെ മററാർക്കും അറിഞ്ഞുകൂടാ. അവൻ രക്തത്തിൽ മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു. അവന്റെ നാമം ദൈവവചനം എന്നാണ്. സ്വർഗീയസൈന്യങ്ങൾ നിർമലവും ധവളവുമായ മൃദുലവസ്ത്രങ്ങളണിഞ്ഞു് വെള്ളക്കുതിരകളുടെ പുറത്തു് അവനെ അനുഗമിക്കുന്നു' (വെളി. 19: 11–14).

ഈ ദർശനത്തിലെ ഓരോ ഭാഗവും എന്തിനെ സൂചിപ്പിക്കുന്നു എന്നു നമുക്കു മനസ്സിലാകണമെങ്കിൽ ദൈവവരപ്രസാദം ആവശ്യമത്രേ. അതു ലഭിച്ചാൽ വെള്ളക്കുതിര എന്താണെന്നും അതിന്റെ പുറത്തിരിക്കുന്നത് ആരാണെന്നും ദൈവവചനമെന്നത് ആരുടെ പേരാണെന്നും എല്ലാം നമുക്കു വ്യക്തമാകും. വെളുത്ത കുതിര കർത്താവു സ്വീകരിച്ച ശരീരമാണ് എന്നു ചിലർ പറഞ്ഞേക്കും. വചനമായ ദൈവമെന്ന നിലയിൽ ആദിയിൽ ദൈവത്തോടൊപ്പമുണ്ടായിരുന്നവൻ ആ കുതിരപ്പുറത്തു കയറിയാണല്ലോ സഞ്ചരിച്ചത്. എല്ലാ സൃഷ്ടികളുടെയും ആദ്യജാതനായവൻ നയിച്ച ജീവിതമാണ് ആ കതിര എന്നായിരിക്കും വേറെ ചിലർ പറയാൻ ഇഷ്ടപ്പെടുക. അതിനെക്കുറിച്ച് അവിടുന്നു പറഞ്ഞിരിക്കുന്നു: 'എനിക്കു് അതു് അർപ്പിക്കാൻ കഴിവുണ്ട്; അതു തിരിച്ചെടുക്കാനും' (യോഹ. 10: 17). പാപമില്ലാത്ത അവസ്ഥയിൽ ശരീരവും ആത്മാവും ഒരുമിച്ചാണ് വെളുത്തകതിര എന്നു വിളിക്കപ്പെടുന്നത് എന്നു ചിലർ വിചാരിക്കാം. നാലാമതായും, അവസാനമായും, തന്റെ ശരീരമെന്നുകൂടെ വിളിക്കപ്പെടുന്ന സഭയാണ് ഈ വെളുത്ത കതിരയായി പ്രത്യക്ഷപ്പെടുന്നതെന്നു ചിലർ പറഞ്ഞേക്കും. അവളെ അവിടുന്നു തനിക്കുവേണ്ടി ജലംകൊണ്ടു കഴുകി വിശുദ്ധീകരിച്ചു; അവളിൽ ചുളിവോ കളങ്കമോ ഇല്ല.[16] സ്വർഗത്തിലെ സൈന്യം, ദൈവ

www.malankaralibrary.com



വചനത്തിന്റെ സേന, ദൈവവചനത്തിന്റെ അനുയായികളായ എല്ലാവരും മൃദുലമായ ശുഭ്രവസ്ത്രങ്ങളണിഞ്ഞു് വെള്ളക്കുതിരകളിന്മേൽ ഉപവിഷ്ടരായിരിക്കുന്നു എന്ന വസ്തുത തുടങ്ങിയവയെ എല്ലാം അവർ ഇതേ സമ്പ്രദായത്തിൽ വ്യാഖ്യാനിക്കും.

അപ്പോൾ ക്രിസ്തു തന്റെ സഭയെ, ദൈവവചനമെന്നു വിളിക്കപ്പെടുന്ന തന്നെ സംവഹിക്കുന്ന ഈ വെള്ളക്കുതിരയോടും വെള്ളക്കുതിരകളിന്മേൽ തന്നെ അനുഗമിക്കുന്ന സ്വർഗീയ സൈന്യത്തോടും ഒരേസമയം താരതമ്യപ്പെടുത്തുകയും തുല്യപ്പെടുത്തുകയുമാണു്. 'ഫറവോന്റെ രഥങ്ങളിൽ........' എന്നു തുടങ്ങുന്ന ഭാഗത്തിനു് നമുക്കു് ഇങ്ങനെ അർത്ഥമെടുക്കാം: 'ദൈവത്തിന്റെ അശ്വസൈന്യം ഫറവോന്റെ രഥങ്ങളെയും കുതിരപ്പടയെയും അതിവർത്തിക്കുന്നു. സ്ത്രീകളിൽ സുന്ദരിയായ നീ അതുപോലെ, ഇപ്പോഴും ഫറവോന്റെ നുകം വഹിക്കുകയും അയാളുടെ ഭടന്മാരെ ചുമക്കുകയും ചെയ്യുന്ന മറ്റെല്ലാ ആത്മാക്കളെയും പിന്നിലാക്കുന്നു.'

പ്രസ്തുത ഭാഗത്തിനു് ഇങ്ങനെ ഒരർത്ഥവും പറയാം: 'എന്റെ അശ്വസൈന്യം വെള്ളംകൊണ്ടു കഴുകി വെടിപ്പും വെളുപ്പും ഉള്ളതായിത്തീർന്നിരിക്കുന്നു. ദൈവവചനം അവരുടെയിടയിലെ അശ്വാരോഹകനാകാൻ അതിനു യോഗ്യതയുണ്ടു്. ഈ സൈന്യത്തിലെ അംഗങ്ങൾ ഫറവോന്റെ സേനയിൽനിന്നു് എടുക്കപ്പെട്ടവരാകുന്നു.' എല്ലാ വിശ്വാസികളും അങ്ങനെ പുറത്തുനിന്നു സ്വീകരിക്കപ്പെടുന്നവരാണു്. 'ക്രിസ്തു ഈ ലോകത്തിലേക്കു വന്നതു പാപികളെ രക്ഷിക്കുന്നതിനത്രെ' (1 തിമോ. 1: 15).

അതിനാൽ ഉദ്ധൃതഭാഗത്തിന്റെ അർത്ഥം നമുക്കിങ്ങനെ പറയാം: 'എന്റെ അയൽക്കാരീ, പണ്ടു ഫറവോന്റെ രഥസൈന്യത്തിൽ അംഗങ്ങളായിരുന്ന എന്റെ അശ്വസൈന്യത്തോടു് നിന്നെ ഞാൻ തുല്യപ്പെടുത്തുന്നു. അവർ ഇപ്പോൾ ജലത്താൽ ശുദ്ധീകരിക്കപ്പെട്ടവരായി വെള്ളക്കുതിരകളിന്മേൽ എന്നെ അനുഗമിക്കുന്നു.'

ദൈവവചനത്തിനു് കയറി സഞ്ചരിക്കുന്നതിനുവേണ്ടി തങ്ങളുടെ പുറങ്ങളെ കുനിച്ചു കൊടുക്കുകയും തന്റെ കടിഞ്ഞാണിന്റെ നിയന്ത്രണം അംഗീകരിക്കുകയും ചെയ്ത ആത്മാക്കൾ ഭാഗ്യമുള്ളവയാണു്. കർത്താവിനു് താനിഷ്ടപ്പെടുന്ന ദിക്കിലേയ്ക്കു് അവരെ നയിക്കാം; തന്റെ കല്പനകളാകുന്ന കടിഞ്ഞാൺ കൊണ്ടു് അവരെ നിയന്ത്രിക്കാം. അവർ ഇനി തന്നിഷ്ടമനുസരിച്ചു് സഞ്ചരിക്കുന്നില്ല. തങ്ങളുടെ പുറത്തിരുന്നു സഞ്ചരിക്കുന്ന കർത്താവിന്റെ ആഗ്രഹമനുസരിച്ചു് അവർ അങ്ങിങ്ങു പോകുന്നു.



സഭ അനേകം ആത്മാക്കളുടെ സംഘമാണു്. തന്റെ ജീവിതത്തിന്റെ മാതൃക അവൾക്കു ക്രിസ്തുവിൽനിന്നു ലഭിച്ചിരിക്കുന്നു. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ടു്. ദൈവവചനമാകുന്ന യഥാർത്ഥ ദൈവത്തിൽനിന്നല്ല അവൾ ആ മാതൃക കൈക്കൊണ്ടതു്. താൻ സ്വീകരിച്ച ആത്മാവാണു് മനുഷ്യർക്കു മാതൃകയായി നൽകപ്പെട്ടതു്. ആ ആത്മാവിൽ പരമമായ പൂർണത ഉണ്ടായിരുന്നു. ദൈവവചനമാകുന്ന യഥാർത്ഥ ദൈവത്തിന്റെ സ്വഭാവവും പ്രവർത്തനങ്ങളും മനുഷ്യർക്കു മാതൃകയായി നൽകപ്പെടാവുന്നതിനേക്കാൾ വളരെ ഉപരിയായ ഒരു തലത്തിലുള്ളതത്രേ. മുമ്പ് ഫറവോന്റെ നുകങ്ങൾക്കു കീഴിലും തേരുകളിലും സേവനം നടത്തിയിരുന്നവരും ഇപ്പോൾ കർത്താവിന്റെ അശ്വസൈനികർ എന്നു വിളിക്കപ്പെടുന്നവരുമായ ആത്മാക്കളുടെ സംഘമാണല്ലോ സഭ. ദൈവവചനം സ്വന്തമായി സ്വീകരിച്ച ആത്മാവിനെത്തന്നെയാണു് സഭ മാതൃകയായി കൈക്കൊള്ളേണ്ടതു്.

ഈ രണ്ടു വ്യാഖ്യാനങ്ങളിൽ കൂടുതൽ യുക്തമായതു വായനക്കാർതന്നെ തെരഞ്ഞെടുക്കുക.

## 7

'നിന്റെ കവിൾത്തടങ്ങൾ കാട്ടുപ്രാക്കളുടേതുപോലെയും നിന്റെ കണ്ഠം ആഭരണങ്ങൾ അണിഞ്ഞതുപോലെയും എത്ര മനോജ്ഞമായിത്തീർന്നിരിക്കുന്നു.' (1. 10—vg 1. 9).

നാടകം താഴെ പറയുംവിധം മുന്നോട്ടു പോയിരിക്കുന്നുവെന്നുതോന്നുന്നു. മണവാളൻ കുറെ കർശനസ്വരത്തിൽ മണവാട്ടിക്കു താക്കീതു നൽകി. അവൾ സ്വയം മനസ്സിലാക്കിയില്ലെങ്കിൽ ആട്ടിൻ കൂട്ടങ്ങളുടെ കാൽപ്പാടുകൾ നോക്കി അവൾക്കു സഞ്ചരിക്കേണ്ടിവരും. ദുസ്സ്വഭാവമുള്ള മുട്ടാടുകളെ പരിചരിക്കേണ്ടിവരും. മണവാളന്റെ താക്കീതിന്റെ കാഠിന്യം ഓർത്തു് അവളുടെ മുഖം തുടുത്തു. ലജ്ജയുടെ ആ തുടുപ്പു് മുഖത്തു മുഴുവൻ വ്യാപിച്ചപ്പോൾ അതു് അവളുടെ കവിൾത്തടങ്ങൾക്കു് പൂർവാധികമായ ചാരുത പ്രദാനം ചെയ്തു. കവിളുകൾ മാത്രമല്ല കഴുത്തും തുടുപ്പാർന്നു. രത്നാഭരണങ്ങൾ അണിഞ്ഞാലുള്ള മനോഹാരിത അവിടെ ദൃശ്യമായി. അവളുടെ കവിൾത്തടങ്ങളുടെ സൗന്ദര്യത്തെ കാട്ടുപ്രാവുകളോടാണു തുല്യപ്പെടുത്തിയിരിക്കുന്നതു്. ആ പക്ഷികളുടെ കലീനമായ മുഖഭാവവും വേഗതയും ശ്രദ്ധാർഹമത്രേ. കഥയിലെ ആശയത്തെക്കുറിച്ചു് ഇത്രയും. ഇനി നമുക്കു് ഉദ്ധൃതഭാഗത്തിന്റെ ആന്തരാർത്ഥത്തെക്കുറിച്ചു ചിന്തിക്കാം.

www.malankaralibrary.com



കൊറിന്തോസുകാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ ഇങ്ങനെ പറയുന്നു: 'ഒരു അവയവമല്ല, പലതു ചേർന്നതാണു ശരീരം. ഞാൻ കൈ അല്ലാത്തതിനാൽ ശരീരത്തിന്റെ ഭാഗമല്ല എന്നു കാൽ പറഞ്ഞാൽ അതു ശരീരത്തിന്റെ ഭാഗം അല്ലെന്നു വരുമോ? അതുപോലെതന്നെ ഞാൻ കണ്ണല്ലാത്തതിനാൽ ശരീരത്തിന്റെ ഭാഗമല്ലെന്നു ചെവി പറഞ്ഞാൽ അതു ശരീരത്തിന്റെ ഭാഗമല്ലെന്നു വരുമോ? ശരീരം ഒരു കണ്ണുമാത്രമായിരുന്നെങ്കിൽ ശ്രവണം സാദ്ധ്യമാകുന്നതെങ്ങനെ? ശരീരം ഒരു ചെവിമാത്രമായിരുന്നെങ്കിൽ ഘ്രാണം സാദ്ധ്യമാകുന്നതെങ്ങനെ? എന്നാൽ ദൈവം സ്വന്തം ഇഷ്ടമനുസരിച്ച് ഓരോ അവയവവും ശരീരത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു.' ഈ വിഷയത്തെക്കുറിച്ചു കുറെക്കൂടെ ചർച്ച ചെയ്തശേഷം അവസാനമായി അദ്ദേഹം പറയുന്നു: 'നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്' (1 കൊരി. 12: 14–18. 27).

എഫെസോസുകാർക്കുള്ള ലേഖനത്തിൽ അദ്ദേഹം പറയുന്നു: 'ക്രിസ്തുവിനോടുള്ള ബഹുമാനത്തെ പ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ. ഭാര്യമാരേ, നിങ്ങൾ കർത്താവിന് എന്നപോലെ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്. ക്രിസ്തു തന്നെയാണ് ശരീരത്തിന്റെ രക്ഷകൻ. സഭ ക്രിസ്തുവിനു വിധേയ ആയിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാക്കാര്യങ്ങളിലും ഭർത്താക്കന്മാർക്കു വിധേയരായിരിക്കണം. ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലംകൊണ്ടു കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇതു് അവളെ കറയോ ചുളിവോ മററു കുറവുകളോ ഇല്ലാതെ മഹത്വപൂർണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയും ആയിരിക്കുന്നതിനും വേണ്ടിയാണ്.......ആരും ഒരിക്കലും സ്വന്തം ശരീരത്തെ വെറുക്കുന്നില്ലല്ലോ. ക്രിസ്തു സഭയെ എന്നപോലെ അവൻ അതിനെ പരിപോഷിപ്പിക്കയും പരിപാലിക്കുകയും ചെയ്യുന്നു (5: 21–27. 29f.).

ക്രിസ്തുവിന്റെ മണവാട്ടിയായ സഭ തന്റെ ശരീരവും അവയവങ്ങളുമാണെന്ന് ഈ വാക്കുകളിൽനിന്ന് നമുക്കു മനസ്സിലാക്കാം. അതിനാൽ മണവാളന്റെ അവയവങ്ങളെക്കുറിച്ച് പരാമർശം ഉണ്ടായാൽ അതു ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളെക്കുറിച്ചാണെന്നു നാം മനസ്സിലാക്കണം. ഈ അംഗങ്ങളിൽ ചിലരെ



കണ്ണുകൾ എന്നു വിളിക്കാം. കാരണം, അവർക്ക് ധാരണയുടെയും അറിവിന്റെയും വെളിച്ചമുണ്ട്. ചിലർ ചെവികളാണ്. അവർ ദൈവവചനം ശ്രവിക്കുന്നു. നന്മ പ്രവർത്തിക്കുകയും മതപരമായ കൃത്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നവർ കൈകളാണ്. അതുപോലെ കർത്താവിന്റെ കവിൾത്തടങ്ങൾ എന്നു വിളിക്കപ്പെടാവുന്ന ചിലരുമുണ്ട്. അവർ മുഖത്തെ കവിൾത്തടങ്ങൾ എന്നു വിളിക്കപ്പെടാൻ അർഹതനേടുന്നതു് വിനയവും പരിശുദ്ധിയും അവരിൽ പ്രത്യക്ഷപ്പെടുമ്പോഴത്രേ. അതിനാൽ സത്യസന്ധതയും ചാരിത്ര്യവും നന്മയും വളർത്തിയെടുക്കുന്ന സഭാംഗങ്ങൾ തീർച്ചയായും കപോലങ്ങൾ എന്നു വിളിക്കപ്പെടാൻ യോഗ്യത നേടുന്നു.

ഇത്തരം ആളുകൾ മൂലമായി മണവാട്ടിയുടെ മുഴുവൻ ദേഹത്തോടും ഇങ്ങനെ പറയപ്പെടുന്നു: 'നിന്റെ കവിൾത്തടങ്ങൾ എത്ര മനോജ്ഞമായിത്തീർന്നിരിക്കുന്നു!' എത്ര മനോജ്ഞമാണ് എന്നല്ല, 'ആയിത്തീർന്നിരിക്കുന്നു' എന്നാണ് ഇവിടെ പ്രയുക്തമായിരിക്കുന്നതെന്നു ശ്രദ്ധിക്കുക. അവ നേരത്തെ അത്ര സുന്ദരങ്ങളായിരുന്നില്ല എന്നാണു മണവാളൻ വിവക്ഷിക്കുന്നതു്. മണവാളന്റെ ചുംബനങ്ങൾ ഏററിട്ടാണ് അവളുടെ കവിൾത്തടങ്ങൾ അരുണിമയണിഞ്ഞതു്. മുമ്പ് പ്രവാചകന്മാർവഴി സംസാരിച്ചിരുന്ന കർത്താവ് സ്വയം ആഗതനായി തന്റെ സഭയെ വെള്ളംകൊണ്ടു കഴുകി വെടിപ്പാക്കി, കളങ്കവും ചുളിവുമകററി അവളെക്കുറിച്ചു തന്നെ പര്യാപ്തമായ ജ്ഞാനം നൽകി കഴിഞ്ഞപ്പോൾ അവളുടെ കവിൾത്തടങ്ങൾ വളരെ സുന്ദരങ്ങളായി. മുമ്പില്ലാതിരുന്ന ചാരിത്ര്യവും സുകൃതവും കന്യാത്വവും സഭയുടെ കവിൾത്തടങ്ങളിലാകെ മനോഹരമായ ഒരു സൗന്ദര്യമായി വ്യാപിച്ചു.

കവിൾത്തടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചാരിത്ര്യത്തിന്റെയും അടക്കത്തിന്റെയുമായ ഈ സൗന്ദര്യം കാട്ടുപ്രാവുകളോട് ഉപമിക്കപ്പെട്ടിരിക്കുന്നു. ഈ ഇനം പ്രാവുകൾ ആണും പെണ്ണും ജീവിതത്തിൽ ഒരൊററ ഇണപ്രാവിനെ മാത്രമേ സ്വീകരിക്കുകയുള്ളുവെന്നും അതിനോടുമാത്രമേ ഇണ ചേരുകയുള്ളു എന്നുമാണു പറയുന്നതു്. ഇണ ചത്തുപോയാൽ ജീവിച്ചിരിക്കുന്ന പക്ഷിക്ക് ഇണ ചേരാനുള്ള ആസക്തിയും അതോടൊപ്പം അവസാനിക്കുമത്രേ. കാട്ടുപ്രാവിനോടുള്ള ഈ ഉപമ സഭയ്ക്കു വളരെ യോജിക്കുന്നതാകുന്നു. ക്രിസ്തുവിനോടല്ലാതെ മററാരോടും അവൾക്കു സംഗമില്ല. അവളിലുള്ള വിനയവും അടക്കവും അനേകം പ്രാവുകളുടെ ഒരുമിച്ചുള്ള പറക്കലിനെ അനുസ്മരിപ്പിക്കുന്നുമുണ്ട്.

മണവാട്ടിയുടെ കഴുത്തിനെയും നമുക്ക് ഇതുപോലെ വ്യാഖ്യാനിക്കാം. കഴുത്ത് എന്ന പദം ക്രിസ്തുവിന്റെ നുകം സ്വീകരി

www.malankaralibrary.com



ക്കുന്ന ആത്മാക്കളെ സൂചിപ്പിക്കുന്നു. അവിടുന്നു പറയുന്നു: 'നിങ്ങൾ എന്റെ നുകം വഹിക്കുവിൻ.......എന്തെന്നാൽ അതു മാധുര്യമുള്ളതാകുന്നു' (മത്താ. 11: 29f).

ഇവിടെ കഴുത്തിനെക്കുറിച്ചു പറഞ്ഞിട്ടുള്ളതു് മണവാട്ടിയുടെ അനുസരണത്തെ സൂചിപ്പിക്കുന്നതിനത്രേ. അവളുടെ കഴുത്തു്, കഴുത്തിലെ രത്നഹാരങ്ങൾപോലെ മനോഹരമായിത്തീർന്നു എന്നു പറഞ്ഞതും ശരിതന്നെ. ദൈവാജ്ഞാലംഘനമെന്ന അനുസരണക്കേടുമൂലം മുമ്പു് അവമാനകരമായിത്തീർന്നിരുന്ന കണ്ഠം വിശ്വാസസ്വീകരണത്തിന്റെ അനുസരണത്താൽ ഇപ്പോൾ സുന്ദരവും മനോഹരവുമായിത്തീർന്നിരിക്കുന്നു.

'നിന്റെ കണ്ഠം ആഭരണങ്ങൾ അണിഞ്ഞതുപോലെ മനോജ്ഞമായിത്തീന്നിരിക്കുന്നു.' മനോജ്ഞമായിത്തീർന്നിരിക്കുന്നു എന്നതു രണ്ടെണ്ണത്തെക്കുറിച്ചുമാണെന്നു് നാം മനസ്സിലാക്കണം. രത്നഹാരങ്ങൾ അഥവാ കണ്ഠാഭരണങ്ങൾ എന്നു പറഞ്ഞിട്ടുള്ളതു് രത്നങ്ങൾ കോർത്ത ചരടുകൾ അല്ലെങ്കിൽ ചെയിനുകളെ ഉദ്ദേശിച്ചാണു്. അതു കഴുത്തിൽ ബന്ധിച്ചിരിക്കും. ബാക്കിഭാഗം അതിൽനിന്നു തൂങ്ങിക്കിടന്നു് കഴുത്തിനെ മുഴുവനായി അലങ്കരിക്കുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള എന്റെ ചിന്തകൾ താഴെ ചേർക്കാം: അനുസരണവും വിധേയത്വവുമാണു് കഴുത്തു് എന്നു പറയപ്പെടുന്നതു് എന്നു പറഞ്ഞു. എന്തെന്നാൽ കഴുത്താണു് ക്രിസ്തുവിന്റെ നുകം ഏറ്റുവാങ്ങുന്നതും ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അനുസരണം തനിക്കു് വാഗ്ദാനം ചെയ്യുന്നതും. അതിനാൽ മണവാട്ടിയുടെ കണ്ഠത്തിന്റെ അഥവാ അനുസരണത്തിന്റെ അലങ്കാരം ക്രിസ്തുവാകുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നാണു് ആദ്യം മരണത്തോളം കീഴ്വഴങ്ങിയതു്?' ഒരു മനുഷ്യന്റെ—ആദത്തിന്റെ—അനുസരണക്കേടുമൂലം അനേകംപേർ പാപികളായിത്തീന്നതുപോലെ ഒരാളുടെ—ക്രിസ്തുവിന്റെ—അനുസരണം മൂലം അനേകംപേർ നീതീകരിക്കപ്പെടും (ഫിലി. 2: 8; റോമ. 5: 19). അതിനാൽ സഭയുടെ കണ്ഠാഭരണവും അലങ്കാരവും ക്രിസ്തുവിലുള്ള അനുസരണമാകുന്നു. അതേസമയം സഭയുടെ കണ്ഠവും (അനുസരണവും) ക്രിസ്തുവിന്റെ അനുസരണത്തോടു തുല്യപ്പെടുത്തപ്പെട്ടിട്ടുണ്ടു്; എന്തെന്നാൽ ക്രിസ്തുവിനെ അനുസരിക്കുന്നതാണു് കണ്ഠത്തിന്റെ ആഭരണം.

അതിനാൽ, സഭയ്ക്കു് അനുകരണീയനായ ക്രിസ്തുവിന്റെ മാതൃകയെ അനുസരിച്ചു് അവളുടെ അനുസരണം ക്രിസ്തുവിന്റെ അനുസരണത്തിനു തുല്യമാകുമ്പോൾ ഈ വിഷയത്തിൽ സഭയ്ക്കുള്ള മഹത്വം, മണവാട്ടിക്കുള്ള പ്രശംസ വലുതാകുന്നു.



ഇതേ തരത്തിലുള്ള ഒരു കണ്ഠാഭരണത്തിന്റെ കാര്യം സൃഷ്ടിയുടെ പുസ്തകത്തിലും പറയുന്നു. പൂർവപിതാവായ യൂദാ, ഒരു വേശ്യയോടൊപ്പം എന്നവിധം തന്റെ മരുമകളായ താമാറിനോടുകൂടി ശയിച്ചതിനുശേഷം അവൾക്കു കൊടുത്തതാണതു് (38: 11ff). ഈ രഹസ്യം എല്ലാവർക്കും സുഗ്രഹമല്ല. അതിൽനിന്നു ഞാൻ മനസ്സിലാക്കുന്ന കാര്യം ഇതാണു്: വിവിധങ്ങളായ ദാർശനികതത്ത്വങ്ങളുടെ വ്യഭിചാരത്തിൽനിന്നു ജനങ്ങളെ മുക്തരാക്കി ക്രിസ്തു തന്റെ സഭയെ രൂപപ്പെടുത്തി. ഭാവിപൂർണതയുടെ ഈ വാഗ്ദാനങ്ങൾ താൻ അവൾക്കു നൽകി. അനുസരണത്തിന്റെ ഈ കണ്ഠാഭരണം അവളുടെ കഴുത്തിൽ ചാർത്തി.

## 8

'രാജാവു തന്റെ മേശയ്ക്കിരിക്കുന്നതുവരെ ഞങ്ങൾ നിനക്കു് വെള്ളിപതിച്ച സ്വർണാഭരണങ്ങളുടെ അനുകരണങ്ങൾ ഉണ്ടാക്കാം' (1: 11–12a; Vg. 1. 10–11a).

ഉത്തമഗീതം എന്ന ഈ ചെറുഗ്രന്ഥം ഒരു നാടകത്തിന്റെ രൂപത്തിൽ നിർമിതമാകയാൽ കഥാപാത്രങ്ങളുടെ പരസ്പര വ്യാപാരത്തിലൂടെയാണു രൂപപ്പെടുന്നതെന്നു് നാം മുമ്പേ പറഞ്ഞിട്ടുണ്ടു്. ഇവിടെ മണവാളന്റെ ചങ്ങാതിമാർ—അദ്ധ്യാത്മരഹസ്യപരമായി വ്യാഖ്യാനിക്കുമ്പോൾ ഈ ചങ്ങാതിമാർ പ്രവാചകന്മാരോ പൂർവപിതാക്കന്മാരോ മാലാഖമാരോ ആകാം എന്നു നാം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ—മണവാട്ടിയോടു് പറയുന്നതാണു് ഈ വാക്കുകൾ. സ്നാപകയോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചതിനുശേഷം വിജനസ്ഥലത്തുവച്ചു് സാത്താനാൽ പരീക്ഷിക്കപ്പെട്ട സമയത്തുമാത്രമല്ല, മാലാഖാമാർവന്നു് നമ്മുടെ കർത്താവിനു ശുശ്രൂഷ ചെയ്തതു് (മത്താ. 4: 1–11); ജഡത്തിലുള്ള തന്റെ ആഗമനത്തിനു മുമ്പും അവർ ശുശ്രൂഷ ചെയ്തിരുന്നു. 'ദൈവദൂതന്മാർവഴി ഒരു മദ്ധ്യവർത്തിയിലൂടെ അതു വിളംബരം ചെയ്യപ്പെട്ടു' എന്നാണു് ശ്ലീഹ നിയമത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളതു് (ഗലാ. 3: 19). എബ്രായർക്കുള്ള ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: 'മാലാഖാമാർവഴി നാം സ്വീകരിച്ച വാക്കുകൾ സത്യമാവുകയും....' (2: 2).

നിയമം പ്രധാന ബോധകനായിരിക്കുകയും മണവാട്ടി അതിന്റെ ശിക്ഷണത്തിൻകീഴിൽ ഒരു കൊച്ചുകുട്ടിയായിരിക്കുകയും പ്രവാചകന്മാരും പൂർവപിതാക്കന്മാരും അവളുടെ രക്ഷാക

www.malankaralibrary.com



ത്താക്കളും മേൽനോട്ടക്കാരും ആയിരിക്കുകയും ചെയ്ത ഒരു ഘട്ടം ഉണ്ടായിരുന്നു. 'പിതാവു നിശ്ചയിച്ച കാലംവരെ അവൾ രക്ഷാകർത്താക്കളുടെയും കാര്യസ്ഥന്മാരുടെയും സംരക്ഷണയിൽ ആയിരിക്കും' എന്നും 'എന്നാൽ കാലസമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി; നിയമത്തിനു് അധീനനായി ജനിച്ചു' എന്നും പൗലോസ് ശ്ലീഹാ പറയുന്നു. അങ്ങനെ രക്ഷാകർത്താക്കളുടെയും കാര്യസ്ഥന്മാരുടെയും സംരക്ഷണയിൽ ആയിരുന്ന അവളെ കാലസമ്പൂർണത വന്നപ്പോൾ ദൈവത്തിന്റെ വചനമായ ദൈവപുത്രൻ സ്വീകരിക്കുകയും അവൾക്കു തന്റെ ചുംബനങ്ങൾ—തന്റെ വചനങ്ങളും അദ്ധ്യാപനവും—നല്കുകയും ചെയ്തു.

ഇവയെല്ലാം സംഭവിക്കുന്നതിനുമുമ്പായി മണവാട്ടി മാലാഖാമാരുടെ ശുശ്രൂഷകളാൽ പല വിധത്തിൽ സംരക്ഷിക്കപ്പെട്ടിരുന്നു. അക്കാലങ്ങളിൽ മാലാഖാമാർ സമയവും സന്ദർഭവും അനുസരിച്ചു മനുഷ്യർക്കു പ്രത്യക്ഷപ്പെട്ടു് ആവശ്യമുള്ള കാര്യങ്ങൾ പറഞ്ഞുകൊടുത്തിരുന്നു. രക്ഷകൻ മനുഷ്യനായി അവതരിച്ചതിനു ശേഷം മാത്രമാണു് മണവാട്ടി അഥവാ സഭ ആ പേരിൽ വിളിക്കപ്പെടാൻ തുടങ്ങിയതെന്നു നിങ്ങൾ വിചാരിക്കരുതു്. മനുഷ്യവംശത്തിന്റെ ആരംഭംമുതൽ മാത്രമല്ല, ലോകസ്ഥാപനംമുതൽ തന്നെയും സഭയുണ്ടായിരുന്നു. വി. പൗലോസിന്റെ വീക്ഷണത്തിൽ നോക്കുകയാണെങ്കിൽ ലോകാരംഭത്തിനു മുമ്പുമുതൽതന്നെ അങ്ങനെയായിരുന്നുവെന്നു കാണാം. അദ്ദേഹം പറയുന്നതിങ്ങനെയാണു്: 'തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു' (എഫെ. 1: 4f.).

സങ്കീർത്തനങ്ങളിലും ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ടു്: 'ദൈവമേ, അങ്ങു പണ്ടേ തിരഞ്ഞെടുത്ത ജനത്തെ, അങ്ങു വീണ്ടെടുത്തു് അവകാശമാക്കിയ ഗോത്രത്തെ, ഓർക്കേണമേ' (74: 2). സഭാ സമൂഹത്തിന്റെ ആദ്യത്തെ അടിസ്ഥാനക്കല്ലുകൾ ആദിയിൽത്തന്നെ സ്ഥാപിക്കപ്പെട്ടിരുന്നു.17 അതുകൊണ്ടാണു് സഭ പണിതുയർത്തപ്പെട്ടിരിക്കുന്ന അടിത്തറ അപ്പസ്തോലന്മാർ മാത്രമല്ല, പ്രവാചകന്മാർകൂടെയാണെന്നു് ശ്ലീഹാ പറയുന്നതു് (എഫെ. 2: 20). പ്രവാചകന്മാരുടെകൂട്ടത്തിൽ ആദവും പരിഗണിക്കപ്പെടുന്നു. താഴെ പറയുംവിധം പ്രവചിച്ചപ്പോൾ ക്രിസ്തുവിലും സഭയിലും അടങ്ങുന്ന മഹത്തായ രഹസ്യത്തെ അദ്ദേഹം പ്രവചിക്കുകയാണു ചെയ്തതു്. 'അതിനാൽ പുരുഷൻ മാതാപിതാക്കളെവിട്ടു ഭാര്യയോടു ചേരും, അവർ ഒററ ശരീരമായിത്തീരും' (ഉത്പ. 2: 24). ആദത്തിന്റെ ഈ വാക്കുകളെക്കുറിച്ചാണു് 'ഇതു് ഒരു വലിയ



രഹസ്യമാണു്. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണു് ഞാൻ ഇതു പറയുന്നതു്' എന്നാണു് ശ്ലീഹാ പ്രസ്താവിച്ചിട്ടുള്ളതു് (എഫേ. 5: 32).

ഇങ്ങനെയാണെങ്കിലും 'ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു. അവളെ ജലംകൊണ്ടു കഴുകി വെണ്മയുള്ളതാക്കി' എന്നു പറയുമ്പോൾ (എഫേ. 5: 25f.) സഭ നേരത്തെ ഉണ്ടായിരുന്നില്ലെന്നല്ല ശ്ലീഹാ വിവക്ഷിക്കുന്നതു്; അവൾ നേരത്തെ ഉണ്ടായിരുന്നില്ലെങ്കിൽ ക്രിസ്തുവിനു് അവളെ സ്നേഹിക്കാൻ കഴിയുന്നതെങ്ങനെ? ഉണ്ടായിരുന്നതായ ഒരു സഭയെ ആണു് അവിടുന്നു സ്നേഹിച്ചതെന്നു നിശ്ചയം. കാലത്തിന്റെ ആരംഭം മുതൽ ഉണ്ടായ എല്ലാ വിശുദ്ധരിലുംകൂടെ അവൾ നിലനിന്നു. അതിനാൽ അവളെ സ്നേഹിച്ചുകൊണ്ടു് അവിടുന്നു് അവളുടെ അടുത്തേയ്ക്കുവന്നു. 'മക്കൾ ഒരേ രക്തത്തിലും മാംസത്തിലും ഭാഗഭാക്കുകൾ ആകുന്നതുപോലെ അവനും അവയിൽ ഭാഗഭാക്കായി (എബ്രാ. 2: 14); അവർക്കുവേണ്ടി സ്വയം സമർപ്പിക്കുകയും ചെയ്തു. ക്രിസ്തു ആത്മാർത്ഥമായി സ്നേഹിച്ച ആളുകളുടെ സമൂഹമാണു സഭ. അവരുടെ സംഖ്യ അധികമാകണമെന്നു് അവിടുന്നു് ആഗ്രഹിച്ചു. സഭ സുകൃതത്തിൽ പുരോഗമിക്കണമെന്നും പരിപൂർണ്ണമായ സ്നേഹത്തിലൂടെ അവളെ ഭൂമിയിൽനിന്നു സ്വർഗത്തിലേക്കു് ആനയിക്കണമെന്നും അവിടുന്നു് അഭിലഷിച്ചു.

അങ്ങനെ പ്രവാചകന്മാർ ആരംഭം മുതൽ സഭയ്ക്കു് ശുശ്രൂഷ ചെയ്തു എന്നു കാണുന്നു; അതുപോലെതന്നെ മാലാഖമാരും. മാമ്രേയുടെ ഓക്കുമരത്തിനു സമീപം ഇരുന്ന അബ്രഹാമിനു പ്രത്യക്ഷപ്പെട്ട മാലാഖമാർ മററെന്താണു ചെയ്തതു്? ആ സന്ദർഭത്തിൽ മാലാഖമാർ മാലാഖമാരുടേതായ സാധാരണ ദൗത്യം നിർവഹിക്കുക മാത്രമല്ല ചെയ്തതു്; അവിടെ ത്രിത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തപ്പെട്ടു (ഉല്പ. 18: 1ff.). പുറപ്പാടു പുസ്തകത്തിലും ഇത്തരം ഒരു സംഭവമുണ്ടു്. അവിടെ ഒരു മുൾപ്പടർപ്പിൽ കത്തിജ്വലിച്ച അഗ്നിയുടെ മദ്ധ്യത്തിൽ കർത്താവിന്റെ മാലാഖ മോശയ്ക്കു പ്രത്യക്ഷപ്പെട്ടതായി പറയുന്നു. തുടർന്നു് കർത്താവായ ദൈവം മാലാഖവഴി സംസാരിച്ചുവെന്നും എഴുതപ്പെട്ടിട്ടുണ്ടു്. 'അബ്രഹാത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം' എന്നാണു് ദൈവം അവിടെ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളതു് (3: 1–6). ഈ ഭാഗം വായിച്ചിട്ടു്, നിയമത്തിലെയും പ്രവാചകന്മാരിലെയും ദൈവം യേശുക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയുംകാൾ താഴ്ന്ന നിലയിലുള്ള ദൈവമാണെന്നു ചിലർ പറഞ്ഞിട്ടുണ്ടു്. എല്ലാ മഹാത്മ്യങ്ങളും ക്രിസ്തുവിനും പരിശുദ്ധാത്മാവിനും മാത്ര

www.malankaralibrary.com



മായി നീക്കിവയ്ക്കുന്ന ഭക്തിരാഹിത്യത്തിലേക്കു വീഴാനും അവർക്കിടയായിട്ടുണ്ടു്. 'നിയമത്തിന്റെ ദൈവം' അപൂർണനും ദുർബലനും ആണെന്നും അവർ അഭിപ്രായപ്പെട്ടു. ഈ വിഷയത്തെക്കുറിച്ചു കൂടുതലായി മറ്റൊരവസരത്തിൽ.

മാലാഖമാർ ഇവിടെ മണവാളന്റെ ചങ്ങാതിമാരാകുന്നതു് ഏതർത്ഥത്തിലാണെന്നാണു നമുക്കു നോക്കേണ്ടതു്. മണവാട്ടി ഒരു ശിശുവായിരുന്നപ്പോൾ, കർത്താവിന്റെ ആഗമനത്തിനുമുമ്പു്, മാലാഖമാർ അവളുടെ കാര്യത്തിൽ ചുമതലകൾ വഹിച്ചിരുന്നു എന്നു നാം പറഞ്ഞു. ഇവിടെ മണവാളന്റെ ചങ്ങാതിമാർ പറയുന്നു: 'രാജാവു് തന്റെ മേശയ്ക്കിരിക്കുന്നതുവരെ ഞങ്ങൾ നിനക്കു് വെള്ളി പൊതിഞ്ഞ സ്വർണാഭരണങ്ങളുടെ അനുകരണങ്ങളുണ്ടാക്കാം.' തങ്ങൾ സ്വർണാഭരണങ്ങൾ ഉണ്ടാക്കിത്തരാമെന്നു് അവർ പറയുന്നില്ല. കാരണം സ്വർണം അവരുടെ കൈയിലില്ല. സ്വർണംപോലെ തോന്നുന്ന പദാർത്ഥങ്ങൾകൊണ്ടു് ആഭരണങ്ങളുണ്ടാക്കാമെന്നാണു വാഗ്ദാനം. അതു ധാരാളം ഉണ്ടാക്കുകയും ചെയ്യും. വെള്ളിയുടെ കാര്യവും അവർ പറയുന്നുണ്ടു്. വെള്ളിയുണ്ടെങ്കിലും അധികമായ അളവിലില്ല എന്നു സൂചിപ്പിക്കുന്നുമുണ്ടു്. വെള്ളികൊണ്ടു് സ്വർണാഭരണങ്ങളുടെ അനുകരണങ്ങൾ നിർമിക്കാമെന്നു് അവർ പറയുന്നില്ല; അവയിൽ വെള്ളി പതിപ്പിക്കാമെന്നേ പറയുന്നുള്ളു. വെള്ളികൊണ്ടുതന്നെ പൂർണമായി ഏതെങ്കിലും ഒരു സാധനം നിർമിക്കാൻ മാത്രം വെള്ളി അവരുടെ കൈവശമില്ല. അതുകൊണ്ടു് അവർ ആഭരണങ്ങളിൽ അങ്ങിങ്ങു വെള്ളി പതിപ്പിക്കുക മാത്രമേ ചെയ്യുകയുള്ളു. ഇങ്ങനെയുള്ള ആഭരണങ്ങളാണു് മണവാളന്റെ ചങ്ങാതികൾ മണവാട്ടിക്കുവേണ്ടി നിർമിക്കുന്നതു്.

ഇനി ഈ ഭാഗത്തിന്റെ അദ്ധ്യാത്മരഹസ്യപരമായ അർത്ഥവും അവ പഠിപ്പിക്കാൻ ശ്രമിക്കുന്ന പാഠവും എന്തെന്നു നമുക്കു നോക്കാം. സർവശക്തനായ വചനവും മണവാളനും ആയവന്റെ പിതാവായ ദൈവം ഇതിനു വേണ്ട അനുഗ്രഹം തരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. രഹസ്യത്തിന്റെ കവാടങ്ങൾ അവിടുന്നു നമുക്കു തുറന്നുതരട്ടെ. അതുമൂലം കാര്യങ്ങൾ മനസ്സിലാക്കാൻ മാത്രമല്ല അവ പ്രചരിപ്പിക്കാനും നമുക്കു സാധിക്കട്ടെ. ഇതു വായിക്കുന്നവർക്കു് അവരുടെ കഴിവനുസരിച്ചുള്ള ആദ്ധ്യാത്മിക വാഗ്മിത്വവും ലഭിക്കാനിടയാകട്ടെ.

സ്വർണം ദർശനപരവും പ്രകൃത്യതീതവുമായ കാര്യങ്ങളുടെ പ്രതീകമായി പറയപ്പെടാറുണ്ടെന്നു് ഇതിനുമുമ്പും പല അവസരത്തിലും ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണല്ലോ.[18] അതേസമയം വെള്ളി പ്രതിനിധാനം ചെയ്യുന്നതു് ചിന്താശക്തിയെയും



സംഭാഷണശക്തിയെയുമാകുന്നു. കർത്താവുതന്നെ പ്രവാചകൻവഴി ഇങ്ങനെ പറയുന്നു: 'ഞാൻ നിങ്ങൾക്കു സ്വർണവും വെള്ളിയും തന്നു. എന്നാൽ നിങ്ങൾ അവകൊണ്ടു് ബാലിന്റെ പ്രതിമകൾ ഉണ്ടാക്കി' (ഹോശിയ 2: 8). ഇതിന്റെ അർത്ഥം ഇങ്ങനെയാണു്: 'ഞാൻ നിങ്ങൾക്കു കാര്യഗ്രഹണശക്തിയും യുക്തിവിചാരശേഷിയും തന്നു. ദൈവമായ എന്നെ മനസ്സിലാക്കാനും ആരാധിക്കാനുംവേണ്ടിയാണു് ആ കഴിവുകൾ ഞാൻ നിങ്ങൾക്കു നൽകിയതു്. എന്നാൽ ആ കഴിവുകൾ ദുഷ്ടാത്മാക്കളെ ആരാധിക്കുവാൻ നിങ്ങൾ ദുർവിനിയോഗം ചെയ്തു.'

'കർത്താവിന്റെ വചനങ്ങൾ തീയിൽ ശുദ്ധീകരിച്ച വചനംപോലെ പരിശുദ്ധമാകുന്നു' എന്നു നമ്മോടു പറയപ്പെട്ടിരിക്കുന്നു. വേറൊരിടത്തു് 'നീതിമാന്റെ നാവു് അഗ്നിയിൽ ശുദ്ധീകരിച്ച വെള്ളിപോലെയാണു്' എന്നും പറയപ്പെടുന്നുണ്ടു് (സദൃശ. 10: 20). ക്രോപ്പേമാലാഖമാർ സ്വർണമയന്മാരാണെന്നു പറയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അർത്ഥവിശദീകരണത്തിൽ അവർ വിജ്ഞാനപൂരങ്ങളത്രേ. സാക്ഷ്യപേടകത്തിന്റെ കൂടാരത്തിൽ കട്ടിസ്വർണംകൊണ്ടുള്ള ഒരു മെഴുകുതിരിക്കാൽ സ്ഥാപിക്കണമെന്നു കല്പിക്കപ്പെട്ടിട്ടുണ്ടു്.[19] അതു് ജ്ഞാനപ്രകാശത്തെ ഉൾക്കൊള്ളുന്ന പ്രകൃതിനിയമത്തിന്റെ ഒരു പ്രതീകമാണെന്നാണു് എനിക്കു തോന്നുന്നതു്. സ്വർണം ബുദ്ധിയെയും മനസ്സിനെയും സൂചിപ്പിക്കുന്നതിനും വെള്ളി ഭാഷയെയും സംഭാഷണശക്തിയെയും സൂചിപ്പിക്കുന്നതിനുംവേണ്ടി വി. ലിഖിതത്തിൽ ഉപയോഗിച്ചിട്ടുണ്ടെന്നു മനസ്സുള്ളവർക്കു് അനവധി സന്ദർഭങ്ങളിൽ ഗ്രഹിക്കാൻ കഴിയും. അതിനാൽ തെളിവിനായിട്ടു് ഇനിയും പല ഉദാഹരണങ്ങൾ എടുത്തു കാണിക്കേണ്ട ആവശ്യമില്ല.'

വെള്ളിപതിച്ച 'സ്വർണാഭരണങ്ങളുടെ അനുകരണങ്ങൾ' ഉണ്ടാക്കിത്തരാമെന്നു് മണവാളന്റെ ചങ്ങാതിമാർ പറയുന്നതിന്റെ ആന്തരാർത്ഥമെന്തെന്നു് മുൻനിർദേശിച്ച മാർഗങ്ങളിലൂടെ നമുക്കു ചിന്തിച്ചുനോക്കാം. 'ദൈവദൂതന്മാർവഴി ഒരു മദ്ധ്യവർത്തിയിലൂടെ എന്നവണ്ണം നിയമം വിളംബരം ചെയ്യപ്പെട്ടു' എന്നും 'നിയമം വരാനിരിക്കുന്ന നന്മകളുടെ ഒരു നിഴൽ മാത്രമാണു്. അവയുടെ തനിരൂപമല്ല' എന്നും അപ്പസ്തോലൻ പ്രസ്താവിക്കുന്നു. 'നിയമ'ത്തിനു് അധീനരായിരുന്നവർക്കു സംഭവിച്ചതെല്ലാം ഛായാരൂപമാണു്, യഥാർത്ഥമല്ല എന്നുള്ളതുകൊണ്ടു്[20] അക്കാര്യങ്ങളെല്ലാം സ്വർണാഭരണങ്ങളുടെ അനുകരണങ്ങളാണു്; യഥാർത്ഥ സ്വർണാഭരണങ്ങളല്ല. അതിനാൽ സ്വർണം പ്രകൃത്യതീതവും അദൃഷ്ടവും ആദ്ധ്യാത്മികവുമായ കാര്യങ്ങളെ സൂചിപ്പിക്കുന്നുവെന്നു മനസ്സിലാക്കുക. സ്വർണാഭരണങ്ങളുടെ അനുകരണ

www.malankaralibrary.com



ങ്ങൾ എന്നതു് സത്യത്തിന്റെ ഛായ മാത്രമാണെന്നും അതു് ശാരീരികവും ദൃശ്യവുമായ കാര്യങ്ങളെ സൂചിപ്പിക്കുന്നുവെന്നും മനസ്സിലാക്കണം. ഉദാഹരണത്തിനു മനുഷ്യകരങ്ങളാൽ നിർമിതമായ കൂടാരം സ്വർണത്തിന്റെ അനുകരണമാണു്. അതിനെക്കുറിച്ചു് അപ്പസ്തോലൻ പറയുന്നു: 'എന്നാൽ വരാനിരിക്കുന്ന നന്മകളുടെ പ്രധാന പുരോഹിതനായി ക്രിസ്തു പ്രത്യക്ഷപ്പെട്ടു. കൂടുതൽ മഹനീയവും പൂർണവും മനുഷ്യനിർമിതമല്ലാത്തതും സൃഷ്ടവസ്തുക്കളിൽപ്പെടാത്തതുമായ കൂടാരത്തിലൂടെ അവൻ എന്നേക്കുമായി വിശുദ്ധസ്ഥലത്തു പ്രവേശിച്ചു' (എബ്രാ. 9: 11).

അപ്പോൾ, സ്വർഗത്തിലുള്ളതും അദൃഷ്ടവും പ്രകൃത്യതീതവുമായ വസ്തുക്കളാണു് യഥാർത്ഥമായിട്ടുള്ളതു്. ഭൂമിയിലുള്ള ദൃശ്യവും ഭൗതികവുമായവ സത്യത്തിന്റെ ഛായകൾ മാത്രം. ഇവയാണു് സ്വർണത്തിന്റെ അനുകരണങ്ങൾ എന്നു പറയപ്പെട്ടിട്ടുള്ളതു്. സാക്ഷ്യപേടകം, കൃപാസനം, കെരൂബുകൾ, സുഗന്ധധൂപം, അൾത്താര, അർപ്പണമേശ, അപ്പങ്ങൾ, വിരി, തൂണുകൾ, അഴിക്കാലുകൾ, ദഹനബലിക്കുള്ള അൾത്താര, ദേവാലയം തന്നെയും എന്നല്ല, 'നിയമ'ത്തിൽ എഴുതപ്പെട്ടിട്ടുള്ളതെല്ലാം സ്വർണത്തിന്റെ ഛായാരൂപങ്ങളായിരുന്നു (പുറ. 27). എന്നാൽ നമുക്കു കാണാവുന്ന ആ സ്വർണമുണ്ടല്ലോ, അതു ദൃശ്യമായതുകൊണ്ടുതന്നെ സത്യമായ സ്വർണമല്ല; അതു് അദൃഷ്ടവും യഥാർത്ഥവുമായ സ്വർണത്തിന്റെ ഛായമാത്രമാകുന്നു.

അതിനാൽ, മണവാളന്റെ ചങ്ങാതിമാർ,—'നിയമ'വും മററു രഹസ്യങ്ങളും കൈകാര്യം ചെയ്തിരുന്നവരായ മാലാഖമാരും പ്രവാചകന്മാരും—മണവാട്ടിയായ സഭയ്ക്കു സ്വർണാഭരണങ്ങളുടെ ഈ അനുകരണങ്ങൾ ഉണ്ടാക്കിക്കൊടുത്തു. 'ദൈവദൂതവന്ദനത്തിൽ ശാഠ്യം പിടിക്കുന്നവർ, ഐന്ദ്രിയ മോഹങ്ങൾ നിമിത്തം കാണപ്പെടുന്ന വസ്തുക്കളിൽ സ്വയം ഊതിവീർപ്പിച്ചവർ' എന്നു പറഞ്ഞപ്പോൾ പൗലോസ് ശ്ലീഹാ ഉദ്ദേശിച്ചതു് ഇതാണെന്നു ഞാൻ കരുതുന്നു (കൊളോ. 2: 18). ഇങ്ങനെ നോക്കുമ്പോൾ യഹൂദമതവും വിശ്വാസവുമെല്ലാം അനുകരണസ്വർണമാണെന്നു നമുക്കു കാണാം.

'ഒരു മനുഷ്യൻ കർത്താവിലേക്കു പരിവർത്തനം ചെയ്യപ്പെടുകയും അവനിൽനിന്നു മൂടുപടം എടുക്കപ്പെടുകയും ചെയ്യുമ്പോൾ (2 കൊറി. 3: 16) അവൻ യഥാർത്ഥസ്വർണം കാണും. ആ സ്വർണം വന്നു് സ്വയം വെളിപ്പെടുത്തുന്നതിനുമുമ്പു് അവിടുത്തെ സുഹൃത്തുക്കൾ മണവാട്ടിക്കുവേണ്ടി തന്റെ ഛായാരൂപങ്ങൾ ഉണ്ടാക്കി. അവൾക്കു് ആ രൂപങ്ങൾ കണ്ടു് മുന്നറിവും ആവേശവും ഉണ്ടായി. യഥാർത്ഥ കനകത്തിനുവേണ്ടിയുള്ള ആഗ്രഹമുണ്ടാകുന്നതിനുവേണ്ടിയായിരുന്നു അതു്. ഇങ്ങനെ സംഭവിച്ചുവെന്നു്



താഴെപ്പറയുന്ന വാക്കുകളിൽ പൗലോസ് ചൂണ്ടിക്കാണിക്കുന്നു: 'ഇതെല്ലാം അവർക്കൊരു താക്കീതായിട്ടാണു സംഭവിച്ചതു്. നമുക്കൊരു പാഠമാകേണ്ടതിനു് അവയെല്ലാം എഴുതപ്പെട്ടിരിക്കുന്നു. യുഗങ്ങളുടെ അന്തിമഘട്ടം നമ്മിലാണല്ലോ വന്നെത്തിയിരിക്കുന്നതു്' (1 കൊറി. 10: 11). പൗലോസ് പറയുന്ന ഈ അന്തിമഘട്ടം നാം ഭൗതികമായ അർത്ഥത്തിൽ എടുക്കരുതു്. ഈ പ്രസ്താവത്തിന്റെ പരിധിയിൽ വരാത്തവരായി അനേകർ കാലത്തിന്റെ അവസാനത്തിലും കണ്ടേക്കും: അതിന്റെ അർത്ഥം അവർക്കു പിടികിട്ടുകയുമില്ല. 'യുഗങ്ങളുടെ അന്തിമഘട്ടം' എന്നതുകൊണ്ടു് 'കാര്യങ്ങളുടെ പൂർത്തീകരണം' എന്നു മനസ്സിലാക്കണം. പൗലോസിനും അദ്ദേഹത്തെപ്പോലുള്ളവർക്കും യഥാർത്ഥത്തിൽ സംഭവിച്ചുവെന്നും അവർക്കുവേണ്ടി എഴുതപ്പെട്ടുവെന്നും പറയപ്പെടുന്ന കാര്യങ്ങൾ ഇവയാണു്.

ഈ കാര്യങ്ങൾ സാധാരണയിൽ കവിഞ്ഞ ദൈർഘ്യത്തോടുകൂടി ഇവിടെ പ്രതിപാദിച്ചു. വെള്ളി പതിച്ച സ്വർണാഭരണാനുകരണങ്ങൾ തങ്ങൾ മണവാട്ടിക്കുവേണ്ടി നിർമിക്കുന്നുവെന്നു മണവാളന്റെ ചങ്ങാതിമാർ പറയുമ്പോൾ പ്രതിരൂപകല്പനകളും ഛായാസങ്കല്പങ്ങളും ഉപമകളും എല്ലാംവഴി നിയമവും പ്രവാചകന്മാരും നമുക്കു നൽകിയിട്ടുള്ള കാര്യങ്ങളെയാണു് അവർ അർത്ഥമാക്കുന്നതു് എന്നു കാണിക്കാൻ ആഗ്രഹിച്ചതുകൊണ്ടാണു് അങ്ങനെ ചെയ്തതു്.

ഈ സ്വർണാഭരണാനുകരണങ്ങളിൽ ചില ഭാഗങ്ങളിൽ വെള്ളി പതിച്ചിട്ടുമുണ്ടു്—അതായതു് ആദ്ധ്യാത്മികമായ അർത്ഥങ്ങളുടെയും യുക്തിപരമായ വിശദീകരണങ്ങളുടെയും അംശങ്ങൾ; ഇവ വളരെ ചെറിയ അളവിലേ ഉള്ളു എന്നു മാത്രം. കർത്താവിന്റെ വരവിനുമുമ്പു് വളരെ അപൂർവമായി മാത്രമേ ഏതെങ്കിലും പ്രവാചകൻ ഗുപ്തമായ അർത്ഥത്തിന്റെ സൂചന നൽകിയിട്ടുള്ളു. ഉദാഹരണത്തിനു് ഏശയ്യാ പ്രവാചകൻ 'സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേൽ ഭവനമാണു്; യൂദായുടെ ഭവനം താൻ പുതുതായി നട്ടമുന്തിരിയും' (5: 7) എന്നും 'വിവിധ ജലങ്ങൾ വിവിധ ദേശങ്ങളും' എന്നും പറയുമ്പോൾ. 21 എസക്കിയേൽ പ്രവാചകൻ ഊലാ, ഊലിബാ എന്നു രണ്ടു സഹോദരിമാരെക്കുറിച്ചു പറയുമ്പോൾ അതിൽ ഒരാൾ സമറിയായും മറേറതു യൂദായുമാണു് എന്നു വിശദീകരിക്കുന്നു (23:4). പ്രവാചകന്മാർക്കു മാത്രം അർത്ഥവിശദീകരണം ലഭിച്ചിട്ടുള്ള ഇത്തരം ഭാഗങ്ങളാണു് ഇടയ്ക്കുപതിച്ചവെള്ളിയായി പറയപ്പെട്ടിട്ടുള്ളതു്.

എന്നാൽ നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തു 'തന്റെ ശക്തിയുടെ വചനത്താൽ എല്ലാററിനേയും താങ്ങിനി

www.malankaralibrary.com



ത്തിക്കൊണ്ടു' വന്നപ്പോൾ, (എബ്രാ. 1:3) തന്റെ പീഡാനുഭവത്തിന്റെ സന്ദർഭത്തിൽ, അദ്ഭുതങ്ങളും രഹസ്യങ്ങളുമായി മറച്ചുവയ്ക്കപ്പെട്ടിരുന്ന കാര്യങ്ങൾ വെളിപ്പെടുത്തപ്പെടും എന്നതിനു് ഒരു അടയാളം നല്കപ്പെട്ടു. പരിശുദ്ധസ്ഥലത്തിന്റെ ഗുപ്തവും രഹസ്യവുമായ ഭാഗങ്ങൾ മറച്ചിരുന്ന ദേവാലയ തിരശ്ശീല അടിമുതൽ മുടിവരെ പിളർന്നു (മത്താ. 27: 51). മുമ്പു മറയ്ക്കപ്പെട്ടിരുന്ന കാര്യങ്ങൾ ഇനി എല്ലാവർക്കും വെളിപ്പെടുത്തപ്പെടും എന്നു് അങ്ങനെ പ്രഖ്യാപിതമായി.

അങ്ങനെ മാലാഖമാരും പ്രവാചകന്മാരും നല്കിയതു് അങ്ങിങ്ങു് അല്പം വെള്ളിപതിച്ചതും സ്വർണംപോലെ തോന്നിക്കുന്നതുമായ ആഭരണങ്ങളായിരുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നല്കപ്പെട്ടവയാകട്ടെ യഥാർത്ഥസ്വർണവും കട്ടിവെള്ളിയും കൊണ്ടുള്ളവ. മണവാളന്റെ ചങ്ങാതിമാർ ഉണ്ടാക്കിയതും അല്പാല്പം വെള്ളി പതിച്ചതും സ്വർണത്തിന്റെ സാദൃശ്യമുള്ള എന്തോ പദാർത്ഥംകൊണ്ടുണ്ടാക്കിയതുമായ ആഭരണങ്ങൾ അധികകാലം നിലനില്ക്കാൻ ഉദ്ദേശിക്കപ്പെട്ടവയല്ല. വക്താക്കൾ തന്നെ അവയ്ക്കു കാലപരിധി നിശ്ചയിച്ചിട്ടുണ്ടു്: 'രാജാവു തന്റെ മേശക്കിരിക്കുന്നതുവരെ' താൻ വരുകയും 'ഒരു സിംഹത്തെപ്പോലെയും സിംഹക്കുട്ടിയെപ്പോലെയും (ഉത്പ. 49: 9) കിടത്തി ഉറക്കപ്പെടുകയും പിന്നീടു പിതാവു് അവിടുത്തെ മരിച്ചവരിൽനിന്നു് ഉയിർപ്പിക്കുകയും ചെയ്തുകഴിയുമ്പോൾ, തന്റെ പുനരുത്ഥാനത്തിനു് അനുരൂപരായിട്ടുള്ളവരാരും പിന്നെ സ്വർണ്ണത്തിന്റെ അനുകരണങ്ങളിൽ കഴിയേണ്ടിവരില്ല. അവർക്കു് ഭൗതികമായ കാര്യങ്ങളുടെ പിറകെ നടക്കേണ്ടിവരില്ലെന്നർത്ഥം. അവർക്കു് ക്രിസ്തുവിൽനിന്നു് യഥാർത്ഥ കനകം തന്നെ ലഭിക്കും. അവർ ആഗ്രഹിക്കുന്ന കാര്യങ്ങൾ അദൃശ്യങ്ങളാണു്, ദൃശ്യങ്ങളല്ല; ക്രിസ്തു, ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന സ്വർഗത്തിലെ കാര്യങ്ങളാണു് ഈ ഭൂമിയിലെ കാര്യങ്ങളല്ല അവർ അന്വേഷിക്കുന്നതു്. അവർ പറയും 'ഒരിക്കൽ ഞങ്ങൾ മാനുഷികമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ വീക്ഷിച്ചിരുന്നുവെങ്കിലും ഇനിയൊരിക്കലും അങ്ങനെ ചെയ്യുകയില്ല'. [22]

മേലിൽ അവർ ഉപയോഗിക്കുന്നതു് അങ്ങുമിങ്ങും പതിപ്പിച്ച വെള്ളിയുടെ പൊട്ടും പൊടിയുമായിരിക്കുകയില്ല. വെള്ളി സമൃദ്ധമായി അവർ ഉപയോഗിക്കും. സ്വർണത്തിന്റെ സാദൃശ്യത്തിലുണ്ടായിരുന്നതു ക്രിസ്തുവാണെന്നു് അവർ മനസ്സിലാക്കും. ജനങ്ങളെ അനുഗമിക്കുകയും അവർക്കു ജലം നല്കുകയും ചെയ്തതായി പറയുന്ന പാറ ക്രിസ്തുവും സമുദ്രം ജ്ഞാനസ്നാനവും മേഘം പരിശുദ്ധാത്മാവും മന്നാ ദൈവവചനവും



പെസഹാക്കുഞ്ഞാടു് രക്ഷകനും കുഞ്ഞാടിന്റെ രക്തം ക്രിസ്തുവിന്റെ പീഡാനുഭവവും അതിവിശുദ്ധസ്ഥലത്തു സ്ഥാപിതവും അവിടുത്തെ രഹസ്യകാര്യങ്ങൾ മറയ്ക്കുന്നതുമായ തിരശ്ശീല ക്രിസ്തുവിന്റെ മാംസവും ആണെന്നു് അവർ മനസ്സിലാക്കും.[23] ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷം ഇത്തരം അനേകം കാര്യങ്ങൾ അവരുടെ മുമ്പിൽ തുറന്നുകിടക്കും. ചെറിയ പൊട്ടും പൊടിയുമായിട്ടല്ല, പര്യാപ്തമായ വിസ്തൃതിയിൽ.

'രാജാവു തന്റെ മേശക്കിരിക്കുന്നതുവരെ' എന്നതിന്റെ അർത്ഥം വിശദീകരിക്കുന്നതിനു് ബാലാമിന്റെ രണ്ടാം പ്രവചനത്തിൽനിന്നു് ക്രിസ്തുവിനെ പരാമർശിക്കുന്ന ഭാഗം ഇവിടെ ഉദ്ധരിക്കാം: 'യാക്കോബിൽനിന്നു് ഒരു നക്ഷത്രം ഉദിക്കും; അവന്റെ ബീജത്തിൽനിന്നു് ഒരു മനുഷ്യൻ ഉണ്ടാകും. അവൻ അനേകം രാജ്യങ്ങളുടെ മേൽ ഭരണം നടത്തും. അവന്റെ രാജ്യം ഗോഗിനെക്കാൾ ഉന്നതമായിരിക്കും. അവന്റെ രാജ്യം വദ്ധിക്കും. ദൈവം അവനെ ഈജിപ്റ്റിൽനിന്നു പുറത്തുകൊണ്ടുവരും. അവനു കാട്ടുപോത്തിന്റെ കരുത്തുണ്ടു്. അവൻ തന്റെ ശത്രുക്കളെ സംഹരിക്കും. അവരുടെ അസ്ഥികൾ അവൻ തകർക്കും. അവന്റെ അസ്ത്രങ്ങൾ അവരെ പിളർക്കും. സിംഹത്തെപ്പോലെയും സിംഹിയെപ്പോലെയും അവൻ പതുങ്ങിക്കിടക്കുന്നു. അവനെ ഉണർത്താൻ ആർക്കു ധൈര്യമുണ്ടാകും' (സംഖ്യ. 24: 17; 7–9).

ഈ കാര്യങ്ങൾ കൂടുതൽ ശ്രദ്ധാപൂർവം പരിഗണിക്കുകയും സ്വർണാഭരണങ്ങളുടെ സാദൃശ്യമുള്ള വസ്തുക്കൾ ഒരു നിശ്ചിത സമയംവരെമാത്രം—രാജാവു് തന്റെ മേശയ്ക്കിരിക്കുന്നതുവരെ—നിലനില്ക്കുമെന്നു പറയുന്നതു് ഏതർത്ഥത്തിലാണെന്നു കാണുകയും ചെയ്യുക. അതിനുശേഷം 'തന്റെ രാജ്യം ഗോഗിനെക്കാൾ—അനേകം ഹർമ്യങ്ങൾ എന്നാണു് ഗോഗ് എന്ന വാക്കിനർത്ഥം—ഉയർത്തപ്പെടും.' രാജ്യം ഭൂമിയിൽനിന്നു് സ്വർഗീയ വാസസ്ഥലങ്ങളിലേയ്ക്കു മാററപ്പെടുമ്പോഴായിരിക്കും അതു സംഭവിക്കുക. സംഖ്യാപുസ്തകത്തെക്കുറിച്ചെഴുതിയ സന്ദർഭത്തിൽ, കർത്താവു് അനുവദിച്ചതുപോലെ, ഈ വിഷയത്തെക്കുറിച്ചു ഞാൻ വിവരിച്ചു പറഞ്ഞിട്ടുണ്ടു്.[24]

ഈ യഥാർത്ഥസ്വർണത്തിന്റെ—പരിപൂർണതയുടെ—വരപ്രസാദം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വരവിനുമുമ്പു് ദൈവവചനത്തിന്റെ ശുശ്രൂഷകരായിരുന്ന പൂർവപിതാക്കന്മാർക്കും പ്രവാചകന്മാർക്കും നൽകപ്പെട്ടിരുന്നോ എന്നു നമുക്കു ചിന്തിച്ചു നോക്കാം. അതോ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ എന്ന നിലയിൽ ആത്മാവിൽ അവർ മുൻകൂട്ടി കാണുക മാത്രമേ ചെയ്തിരുന്നുള്ളുവോ? 'എന്റെ ദിവസം

www.malankaralibrary.com



കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ പിതാവായ അബ്രഹാം ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു' (യോഹ. 8: 56) എന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ടു്. അതു പറഞ്ഞപ്പോൾ, അബ്രാഹത്തിനു് ആത്മീയമായ ഒരു മുന്നറിവുണ്ടായിരുന്നു എന്നു മാത്രമേ അവിടുന്നു് അർത്ഥമാക്കിയിട്ടുള്ളു. താഴെ പറയുന്ന ഉദ്ധരണവും ഈ വീക്ഷണത്തിനു പിൻബലം നൽകുന്നു: 'അനേകം നീതിമാന്മാരും പ്രവാചകന്മാരും നിങ്ങൾ കാണുന്നവ കാണുവാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്നവ കേൾക്കുവാൻ ആഗ്രഹിച്ചു. എങ്കിലും കേട്ടില്ല (മത്താ. 13: 17). വിശ്വാസത്തിൽനിന്നുളവാകുന്ന പൂർണത അവരിൽ ഇല്ലായിരുന്നുവെന്നു പറയാൻ നമുക്കു സാദ്ധ്യവുമല്ല. എന്തെന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചു എന്നു നാം വിശ്വസിക്കുന്ന കാര്യങ്ങൾ ഭാവിയിൽ സംഭവിക്കും എന്ന വലിയ പ്രതീക്ഷയോടുകൂടി അവർ വിശ്വസിച്ചു.

ക്രിസ്തുവിന്റെ ആഗമനത്തിനുശേഷമുള്ള ആളുകളെ, സംഭവിച്ചുകഴിഞ്ഞ കാര്യങ്ങളിലുള്ള വിശ്വാസം പരിപൂർണ്ണതയിലേയ്ക്കു നയിച്ചു. അതുപോലെതന്നെ ക്രിസ്തുവിനുമുമ്പുള്ള ആളുകൾ, സംഭവിക്കാനിരിക്കുന്ന കാര്യങ്ങളിലുള്ള വിശ്വാസത്താൽ പൂർണതയിലേയ്ക്കു സമാനീതരായി. ഈ ആശയം വ്യക്തിയുടെ ആത്മാവിനെ സംബന്ധിച്ച നിലയിൽ വ്യാഖ്യാനിച്ചാൽ താഴെ പറയുന്ന ആശയം നമുക്കു കിട്ടും: 'ആത്മാവു് ശിശുവായിരിക്കുന്ന—അപൂർണതയിലായിരിക്കുന്ന—കാലത്തോളം അവൾ കാര്യസ്ഥന്മാരുടെയും അദ്ധ്യാപകരുടെയും മേൽനോട്ടത്തിലായിരിക്കും. അവർ സഭയുടെ പ്രബോധകരോ മാലാഖമാരോ ആയിരിക്കാം. —ചെറിയ ആത്മാക്കൾക്കു സംരക്ഷകരായി മാലാഖമാരുണ്ടെന്നാണല്ലോ പറയപ്പെടുന്നതു്. അവർ എപ്പോഴും സ്വർഗസ്ഥനായ പിതാവിന്റെ മുഖം അഭിമുഖം ദർശിക്കുന്നവരാണു്—അവർ ശിശുവായ മണവാട്ടിക്കു് സ്വർണാഭരണങ്ങൾപോലുള്ള സാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നു. ദൈവവചനത്തിന്റെ കട്ടിയായ ഭക്ഷണം അപ്പോൾ അവൾക്കു നൽകുന്നില്ല. സാധർമ്യമുള്ള ആശയങ്ങൾ കൊണ്ടാണു് അവളുടെ ശിക്ഷണം നടക്കുന്നതു്, ഉപമകളും ആശയരൂപങ്ങളും വഴി. 'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' എന്നു ക്രിസ്തുവിനെക്കുറിച്ചും പറയപ്പെട്ടിട്ടുണ്ടല്ലോ.25

അപ്പോൾ പരമസത്യങ്ങളോടു സാമ്യമുള്ള ആശയങ്ങൾകൊണ്ടു് ആത്മാവിനു് ആദ്യഘട്ടങ്ങളിൽ പ്രബോധനം നൽകപ്പെടുന്നു. അവളുടെ ആഭരണങ്ങളിൽ അങ്ങിങ്ങു വെള്ളി പതിക്കുന്നു. ഇങ്ങനെ പഠിപ്പിക്കപ്പെടുന്നവരുടെമേൽ ഇടയ്ക്കിടെ ആദ്ധ്യാ



ത്മികമായ അഗാധ രഹസ്യങ്ങളെക്കുറിച്ചുള്ള അവബോധത്തിന്റെ പ്രകാശകണികകൾ ചൊരിയപ്പെടുകയാണു്. അതുമൂലം ഉപരിസത്യങ്ങൾ ഗ്രഹിക്കാനുള്ള അഭിലാഷം അവൾക്കുണ്ടാകുന്നു. തീർത്തും അജ്ഞാതമായ ഒന്നിനെക്കുറിച്ചു് ആർക്കും അഭിലാഷമുണ്ടാവുകയില്ലല്ലോ. ഏതെങ്കിലും വിഷയത്തിന്റെ പ്രാഥമിക പാഠങ്ങൾ ഗ്രഹിച്ചുകൊണ്ടിരിക്കുന്നവർക്കു് ആ വിഷയത്തെ സംബന്ധിച്ച എല്ലാ വിജ്ഞാനവും ഒററയടിക്കു നൽകപ്പെടാത്തതുപോലെതന്നെയാണു് ആദ്ധ്യാത്മികതത്ത്വങ്ങളും. എന്നാൽ സകല കാര്യങ്ങളും പഠിതാക്കളിൽനിന്നു പൂർണമായി മറച്ചുവയ്ക്കാനും പാടില്ല. ദൈവിക'വചനം' പറയുന്നതുപോലെ, കുറേശ്ശെ വെള്ളി പതിച്ചു കൊടുക്കേണ്ട ആവശ്യമുണ്ടു്. അതായതു് ആദ്ധ്യാത്മിക വിജ്ഞാനത്തിന്റെ ചെറിയ സ്ഫുലിംഗങ്ങൾ അവരുടെ മനസ്സിലേയ്ക്കു കടത്തിവിടണം. അപ്പോൾ അത്രയേറെ ആഗ്രഹിക്കപ്പെടേണ്ട മാധുര്യത്തെക്കുറിച്ചുള്ള ഒരഭിരുചി അവരിൽ സംജാതമാകും. അങ്ങനെയല്ലെങ്കിൽ, നാം മുമ്പു പറഞ്ഞതുപോലെ അല്പം പോലും അഭിരുചി ഉണ്ടാവുകയില്ല.

ആത്മാവിനെ ഒരു ശിശു എന്നിവിടെ പരാമർശിച്ചതുകൊണ്ടു് ആത്മാവിന്റെ അടിസ്ഥാനസ്വഭാവം ശിശുത്വമാണെന്നാരും കരുതരുതു്. അറിവു കുറവായിരിക്കുന്നു എന്നതിൽ മാത്രമാണു ശിശുത്വം. അറിവും കർമകുശലതയും കുറവായിരിക്കയാൽ ആത്മാവിനെ നാം ശിശുവെന്നു വിളിക്കുന്നു. അതിനാൽ അനുകരണാഭരണങ്ങൾ 'രാജാവു്തന്റെ മേശയ്ക്കിരിക്കുന്നതുവരെ' അതായതു് മേശയ്ക്കരികിൽ വിശ്രമപൂർവം ഉപവിഷ്ടനായ രാജാവിനെ തന്നിലേക്കു സ്വീകരിക്കാൻ ആത്മാവിനു പ്രാപ്തി ഉണ്ടാകുന്നതുവരെ മാത്രമേ ആവശ്യമുള്ളു. 'ഞാൻ അവരുടെയിടയിൽ വസിക്കും. അവരുടെ മദ്ധ്യത്തിൽ സഞ്ചരിക്കും' എന്നു് ആ രാജാവുതന്നെ പറയുന്നു (ലേവ്യ. 26: 12). ദൈവവചനത്തിനു് സഞ്ചരിക്കാൻ മാത്രം വിശാലമായ ഹൃദയമുള്ള ആളുകളിലാണു് അവിടുന്നു വസിക്കാൻ വരുന്നതു്. ഹൃദയത്തിന്റെ വിശാലതയെന്നാൽ ധാരണയുടെയും അറിവിന്റെയും വ്യാപ്തിയത്രേ.

കർത്താവു് ഹൃദയത്തിൽ 'മേശയ്ക്കിരിക്കുന്നു' എന്നു പറയാനുള്ള കാരണവും ഇതുതന്നെ. ആ ആത്മാവിനെക്കുറിച്ചു കത്താവു് പ്രവാചകന്റെ വാക്കായി ഇങ്ങനെ പറയുന്നു: ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവന്റെ മേൽ അല്ലാതെ ആരുടെമേൽ ഞാൻ വിശ്രമിക്കും?' (ഏശാ. 66: 2). അപ്പോൾ ദൈവവചനമാകുന്ന ആ രാജാവു് പരിപൂർണത പ്രാപിച്ച ആത്മാവിൽ തന്റെ മേശയ്ക്കിരിക്കുന്നു. ഇവിടെ ഒരു വ്യവസ്ഥ

www.malankaralibrary.com



യുണ്ട്: ആ ആത്മാവിൽ തിന്മകളൊന്നും ഉണ്ടായിരിക്കാൻ പാടില്ല. അതു വിശുദ്ധി, ഭക്തി, വിശ്വാസം, ഉപവി, ശാന്തി തുടങ്ങിയ പുണ്യങ്ങളെല്ലാം നിറഞ്ഞതായിരിക്കണം. അങ്ങനെയുള്ളപ്പോഴാണ് അവളിൽ വന്നു കുടികൊള്ളാനും വിശ്രമിക്കാനും രാജാവിനു സന്തോഷം. 'ഞാനും എൻെറ പിതാവും വന്ന് അവനോടൊപ്പം ഭക്ഷണം കഴിക്കും. ഞങ്ങൾ അവനോടൊപ്പം വസിക്കും' എന്നു നമ്മുടെ കർത്താവു പറഞ്ഞതു് ഈ ആത്മാവിനെക്കുറിച്ചാകുന്നു (യോഹ. 14: 23). പിതാവും പുത്രനും അവരോടൊപ്പം തീർച്ചയായും പരിശുദ്ധാത്മാവും വിശ്രമിക്കുകയും ഭക്ഷണം കഴിക്കുകയും നിവസിക്കുകയും ചെയ്യുന്നതു് ഏതു വിശാല ഹൃദയത്തിലാണോ ആ ആത്മാവും അതിലെ ദൈവികശയ്യകളും ഭാഗ്യമുള്ളതാകുന്നു.

അത്തരം അതിഥികളെ തൃപ്തരാക്കേണ്ടതു് എന്തു് അമൂല്യ ശേഖരങ്ങൾ, എത്ര അധികമായ സമൃദ്ധികൊണ്ടാണ് എന്നു നിങ്ങൾക്കു തോന്നുന്നു? സമാധാനമാണ് അവിടെ ആദ്യം വിളമ്പേണ്ട വിഭവം. അതോടൊപ്പം വിനയം, ക്ഷമ, കാരുണ്യം, ശാന്തത തുടങ്ങിയവയും. നമ്മുടെ കർത്താവിന് ഏററവും ഇഷ്ടപ്പെട്ട ഒരു വിഭവമുണ്ട്— ഹൃദയശുദ്ധി. എന്നാൽ ഈ സദ്യയിലെ ഏററവും പ്രമുഖമായ വിഭവം ഉപവിയാകുന്നു.

'രാജാവു് തൻെറ മേശയ്ക്കിരിക്കുന്നതുവരെ ഞങ്ങൾ നിനക്കു് വെള്ളി പതിച്ച സ്വർണ്ണാഭരണാനുകരണങ്ങൾ ഉണ്ടാക്കാം' എന്ന ഭാഗത്തിൻെറ ഈ മൂന്നാമത്തെ വ്യാഖ്യാനം ഓരോ വ്യക്തിയുടെയും ആത്മാവിനെ സംബന്ധിച്ച് യുക്തമാണെന്നു നിങ്ങൾക്കു കാണാം.

## 9

'എൻെറ ജടാമഞ്ചി അവൻെറ പരിമളം പരത്തി.'
(1. 12b— vg. 1. 11b).

നാടകത്തിലെ അടുത്തപടിയായ ഈ ഭാഗംകൊണ്ടു എന്താണ് സാധിക്കുന്നതെന്ന് പറയാം. മുൻ ഉദ്ധരണത്തിലെ വാക്കുകൾ പറയപ്പെട്ടതിനുശേഷം മണവാട്ടി മണവാളൻെറ അടുത്തേയ്ക്കു വന്ന് തൻെറ കൈയിലുള്ള തൈലങ്ങൾ അദ്ദേഹത്തിൻെറ തലയിൽ തൂകി. ജടാമഞ്ചിത്തൈലം മണവാട്ടിയുടെ കയ്യിലിരുന്നപ്പോൾ അതിനു വലിയ സുഗന്ധമുണ്ടായിരുന്നില്ല. എന്നാൽ അതു് മണവാളൻെറ ശരീരത്തിൽ സ്പർശിച്ചു കഴിഞ്ഞപ്പോൾ



ഏതോ ശക്തിവിശേഷത്താൽ അത്ഭുതകരമായി അതു് അതിൻെറ സുഗന്ധം പുറപ്പെടുത്താൻ തുടങ്ങി. മണവാളനു് ആ തൈലത്തിൽനിന്നു സുഗന്ധം കിട്ടിയതായിട്ടല്ല, തൈലത്തിനു മണവാളനിൽനിന്നു സൗരഭ്യം ലഭിച്ചതായിട്ടാണ് അനുഭവം.

'എൻെറ ജടാമഞ്ചി അവിടുത്തെ സുഗന്ധം പ്രസരിപ്പിച്ചു' എന്നാണു ചില പകർപ്പുകളിൽ കാണുന്ന പാഠാന്തരം. അതനുസരിച്ച് ഇനിയും ദിവ്യമായ ചില ആശയങ്ങൾ ഉരുത്തിരിഞ്ഞു വരുന്നു: മണവാളനെ അഭിഷേകം ചെയ്യാനുപയോഗിച്ച ജടാമഞ്ചിതൈലത്തിനു കൈവന്ന സൗരഭ്യം അതിനു സ്വാഭാവികമായിട്ടുള്ളതല്ല, പ്രത്യുത, മണവാളൻെറ സൗരഭ്യമാണ്; തൈലം അതു് മണവാട്ടിയുടെ പക്കലേക്കു സംവഹിച്ചു. അങ്ങനെ മണവാളനെ തൈലാഭിഷേകം ചെയ്തതിൻെറ പ്രതിസമ്മാനമായി മണവാട്ടിക്കു് മണവാളൻെറ തൈലങ്ങളുടെ സുഗന്ധം ലഭിച്ചു. അതിനാൽ അവളുടെ വാക്കുകളുടെ അർത്ഥം ഇതാകുന്നു: 'മണവാളനെ അഭിഷേകം ചെയ്യാൻ ഞാനുപയോഗിച്ച ജടാമഞ്ചിത്തൈലം എൻെറ പക്കലേക്കു തിരിച്ചുവന്നു. മണവാളൻെറ സ്വന്തം സുഗന്ധം വഹിച്ചുകൊണ്ടാണതു വന്നതു്. എൻെറ തൈലത്തിനു സ്വന്തമായുണ്ടായിരുന്ന സുഗന്ധം മണവാളൻെറ പരിമളത്തിൽ വിലയിച്ചുപോയി. മണവാളൻെറ മാധുര്യം അതു് എൻെറ പക്കലേയ്ക്കു കൊണ്ടുവന്നു.'

നാടകീയമായ ആഖ്യാനത്തെക്കുറിച്ചിത്രയും. ഇനി ഉദ്ധൃത ഭാഗത്തിൻെറ ആദ്ധ്യാത്മികമായ അർത്ഥത്തിലേയ്ക്കു തിരിയാം.

ഈ ഉദ്ധരണത്തിലെ മണവാട്ടിയായ സഭയെ പുതിയനിയമത്തിൽ പ്രസ്താവിക്കപ്പെടുന്ന മറിയത്തിൽ നമുക്കു ദർശിക്കാം. വളരെ വിലപിടിപ്പുള്ള ഒരു റാത്തൽ സുഗന്ധദ്രവ്യം അവൾ കൊണ്ടുവന്നു. അതുകൊണ്ട് ക്രിസ്തുവിൻെറ പാദങ്ങൾ അഭിഷേകം ചെയ്യുകയും തൻെറ തലമുടികൊണ്ടു തുടയ്ക്കുകയും ചെയ്തു (യോഹ. 12: 3). തൻെറ തലമുടിയിലൂടെ അവൾ ആ തൈലം തിരികെ സ്വീകരിക്കുന്നു എന്നു പറയാം. അതിനിടെ നമ്മുടെ കർത്താവിൻെറ ശരീരത്തിൻെറ സ്വഭാവവും ഗുണങ്ങളും അതിനു ലഭിച്ചിരുന്നു. അതുപോലെതന്നെ അവിടുത്തെ പാദങ്ങൾ തുടച്ചു തൻെറ തലമുടിയിലൂടെ അവൾ സ്വീകരിച്ചതു് താൻ കൊണ്ടുവന്ന തൈലത്തിൻെറ എന്നതിലധികം 'ദൈവവചനത്തി'ൻെറ സുഗന്ധമാണ്. തൻെറ തലയിൽ അവൾ സംവഹിച്ചതു് ജടാമഞ്ചിത്തൈലത്തിൻെറതെന്നതിലധികം ക്രിസ്തുവിൻെറ സുഗന്ധമത്രെ. അതിനാൽ അവൾ പറയുന്നു: 'ക്രിസ്തുവിൻെറ ദേഹത്തിനുവേണ്ടി ഞാൻ സമർപ്പിച്ച ജടാമഞ്ചിത്തൈലം അവിടുത്തെ സൗരഭ്യം എനിക്കു കൊണ്ടുവന്നു തന്നു.

www.malankaralibrary.com



ഈ കാര്യങ്ങൾ എന്തിനെ പരാമർശിക്കുന്നു എന്ന് ഇനി നോക്കാം. വി. ഗ്രന്ഥം പറയുന്നു: 'മറിയം വളരെ വിലയുള്ള ഒരു റാത്തൽ നാർദീൻ സുഗന്ധതൈലം കൊണ്ടുവന്നു. അതു ക്രിസ്തുവിന്റെ പാദങ്ങളിൽ പുരട്ടി. തന്റെ തലമുടികൊണ്ട് അതു തുടച്ചു. തൈലത്തിന്റെ സുഗന്ധം ആ വീടു മുഴുവൻ വ്യാപിച്ചു. ക്രിസ്തുവിൽനിന്നു പുറപ്പെടുന്ന അദ്ധ്യാപനങ്ങളും പരിശുദ്ധാത്മാവിന്റെ പരിമളവും വിശ്വകടുംബം അഥവാ സഭാഭവനം മുഴുവൻ വ്യാപിച്ചു എന്നാണ് ഇതു സുനിശ്ചിതമായി കാണിക്കുന്നത്. അഥവാ ആത്മാവാകുന്ന ഭവനം സുഗന്ധപൂരിതമായി എന്നും നമുക്ക് അർത്ഥം പറയാം. ആത്മാവ് ആദ്യമായി തന്റെ വിശ്വാസത്തിന്റെ ഉപഹാരം ജടാമഞ്ചിതൈലമായി ക്രിസ്തുവിനു സമർപ്പിക്കുന്നു. തുടർന്ന് അതിനുള്ള പ്രതിസമ്മാനമായി പരിശുദ്ധാത്മാവിന്റെ വരപ്രസാദവും ആദ്ധ്യാത്മികാദ്ധ്യാപനങ്ങളുടെ സുഗന്ധവും സ്വീകരിക്കുന്നു. ഇങ്ങനെ ചെയ്യുന്ന ആത്മാവ് ഉത്തമഗീതത്തിലെ മണവാട്ടിയാകാം. അഥവാ സുവിശേഷത്തിലെ ക്രിസ്തുശിഷ്യയായ മറിയമാകാം. അവൾ തന്റെ ഗുരുവായ ക്രിസ്തുവിനെ തൈലംകൊണ്ടഭിഷേകം ചെയ്യുന്നതു, നാം പറഞ്ഞതുപോലെ, ആ തൈലത്തിലൂടെ വചനത്തിന്റെ സുഗന്ധവും ക്രിസ്തുവിന്റെ പരിമളവും പകരമായി തനിക്കു ലഭിക്കുമെന്ന പ്രതീക്ഷയോടുകൂടിയായിരിക്കും. അപ്പോൾ അവൾക്കും പറയാൻ കഴിയും. 'ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ പരിമളമാകുന്നു' (2 കൊറി. 2: 15). ആ തൈലം വിശ്വാസവും അമൂല്യവുമായ സ്നേഹവും നിറഞ്ഞതാകയാൽ ഇങ്ങനെ പറഞ്ഞുകൊണ്ട് യേശുതന്നെ അവളെക്കുറിച്ചു സാക്ഷ്യപ്പെടുത്തി. 'ഇവൾ എനിക്കുവേണ്ടി ഒരു നല്ല കാര്യം ചെയ്തിരിക്കുന്നു' (മർക്കോ. 14: 6).

അതുപോലെ ഉത്തമഗീതത്തിൽ അല്പംകൂടെ മുന്നോട്ടു പോയിക്കഴിയുമ്പോൾ മറിയത്തിന്റെ ചെയ്തികളെക്കുറിച്ച് ഇവിടെ പ്രകടിപ്പിക്കുന്ന അതേ താത്പര്യത്തോടെ അവിടുന്ന് മണവാട്ടിയുടെ തളിർപ്പുകളെക്കുറിച്ചും പറയുന്നു.[26] ജടാമഞ്ചികളോടുകൂടി മയിലാഞ്ചിയും, കുങ്കുമത്തോടുകൂടി ജടാമഞ്ചിയും ഉള്ള ഒരു മാതളത്തോട്ടമാണ് നിന്റെ തളിർപ്പുകൾ (ഉത്തമ. 4: 13f.) അങ്ങനെ മണവാട്ടിയുടെ സമ്മാനങ്ങളേയും 'തളിർപ്പു'കളേയും കൂടെ ഇക്കാര്യങ്ങളുടെകൂട്ടത്തിൽ അവിടുന്ന് ഉൾപ്പെടുത്തുന്നു.

മുകളിൽ നാം ഉദ്ധരിച്ചഭാഗത്ത് ആദ്യം 'ജടാമഞ്ചികൾ' എന്ന ബഹുവചന പ്രയോഗമാണു നാം കാണുന്നത്. പിന്നീട് ജടാമഞ്ചി' എന്ന ഏകവചന പ്രയോഗവും കാണുന്നു. സ്വർഗരാജ്യവ്യാപാരിയുടെ പ്രവൃത്തിക്കുള്ള കാരണം തന്നെയാണിതിനും എന്നെനിക്കു തോന്നുകയാണ്. അയാൾ ആദ്യം പല രത്നങ്ങൾ വാങ്ങുന്നു. വളരെ വിലയുള്ള ഒരൊററ രത്നം കണ്ടെത്തുന്നതുവരെ മാത്രമാണങ്ങനെ ചെയ്യുന്നത് (മത്താ. 13: 45f). 'നിന്റെ തളിർപ്പുകൾ മാതളത്തോട്ടമാണ്'' എന്ന അവന്റെ ചൊല്ല് അനേകം ജടാമഞ്ചികളോടുകൂടിയ നിരവധി ഫലങ്ങളെ ഒരുപക്ഷേ സൂചിപ്പിക്കുകയാകാം. പ്രബോധനത്തിന്റെ ബാലപഠനങ്ങളിൽനിന്നും പ്രവാചകപ്രബോധനങ്ങളിൽനിന്നും നാം അവ ശേഖരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ അദ്ധ്യാപനങ്ങളിൽനിന്നുതന്നെ നമുക്കു ലഭിക്കുന്ന അങ്കുരങ്ങൾക്കും സമ്മാനങ്ങൾക്കും പല ജടാമഞ്ചികളില്ല, ഒന്നു മാത്രമേ ഉള്ളു.



'എന്റെ ജടാമഞ്ചി അവന്റെ പരിമളം പരത്തി' എന്നു പറയുന്നവളുടെ പക്കലേക്കു് നമുക്കു വീണ്ടും തിരിയാം.

ആത്മാവിനാണോ സഭയ്ക്കാണോ 'എന്റെ ജടാമഞ്ചി അതിന്റെ പരിമളം പരത്തി' എന്ന വാക്കുകളിൽ സ്പഷ്ടമായി തന്റെ മഹത്ത്വം പ്രഖ്യാപിക്കാൻ സാധിക്കുക എന്നും അങ്ങനെ പറയുന്നതിനു് ന്യായീകരണം ഉണ്ടോ എന്നും നമുക്കു പരിശോധിക്കാം.

ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു മതിയാംവണ്ണവും ശരിയായിട്ടും പ്രതിപാദിക്കാനും തന്റെ ശക്തിയെയും ഔന്നത്യത്തെയുംപററി യോഗ്യമായ പ്രസ്താവനകൾ ചെയ്യാനും നമുക്കു സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യാം. ക്രിസ്തു ഉറവയാകുന്നു. ആ ഉറവയിൽനിന്ന് ജീവന്റെ ജലം പ്രവഹിക്കുന്നു. അവിടുന്നു ജീവൻ നല്കുന്ന അപ്പമാകുന്നു.[27] അതുപോലെതന്നെ അവിടുന്നു പരിമളം പ്രസരിപ്പിക്കുന്ന ജടാമഞ്ചിയും ലേപനം ചെയ്യപ്പെടുന്നവരെയെല്ലാം അഭിഷിക്തരാക്കി മാററുന്ന തൈലവും ആണെങ്കിൽ നാം അതിൽ ആശ്ചര്യപ്പെടേണ്ടതില്ല. എന്റെ അഭിഷിക്തരെ സ്പർശിക്കരുത് എന്ന് സങ്കീർത്തനത്തിൽ പറയുന്നുണ്ടല്ലോ (105: 15).

അപ്പസ്തോലൻ പറയുന്നതുപോലെ, 'തങ്ങളുടെ ശക്തിവിശേഷങ്ങളുടെ പരിശീലനത്താൽ നന്മതിന്മകളെ വിവേചിച്ചറിയാൻ കഴിവുള്ളവരായ മനുഷ്യർക്ക്'' (എബ്രാ. 5: 14) ആത്മാവിന്റെ വിവിധ ഇന്ദ്രിയങ്ങൾക്കഗോചരമായ വിവിധ അനുഭവവസ്തുക്കളായി ക്രിസ്തു മാറുന്നു. താൻ സത്യമായ പ്രകാശം എന്നു വിളിക്കപ്പെടുന്നു. അതിനാൽ ആത്മാവിന്റെ കണ്ണുകൾക്ക് അവിടുന്നു പ്രകാശമാകുന്നു. അവിടുന്ന് ആത്മാവിന്റെ കാതുകൾക്കു കേൾക്കാനുള്ള വചനമാണ്. ജീവന്റെ ഭോജനമായ അവിടുത്തെ, ആത്മാവിന്റെ നാവിനു രുചിക്കാൻ കഴിയുന്നു. അതു

www.malankaralibrary.com



പോലെതന്നെ താൻ ജടാമഞ്ചി അഥവാ ലേപനതൈലം എന്നു വിളിക്കപ്പെടുന്നു: ആ ദൈവവചനത്തിന്റെ സൗരഭ്യം ആത്മാവിന്റെ ഘ്രാണശക്തിക്ക് അനുഭവനീയമാകുന്നു. ഇതേരീതിയിൽത്തന്നെ അവിടുത്തെ തൊടാനും തലോടാനും കഴിയും, താൻ മാംസമായിത്തീർന്ന വചനമത്രേ. ജീവന്റെ വചനത്തെ അന്തരാത്മാവിന്റെ കരങ്ങൾക്കു സ്പർശിക്കാൻ കഴിയും. ഈ വിവിധ വസ്തുക്കളെല്ലാം ആ ഒരേ ഒരു ദൈവവചനംതന്നെ. വിവിധതരത്തിലുള്ള പ്രാർത്ഥനകൾക്കു പ്രത്യുത്തരമായി താൻ ഇങ്ങനെ വിവിധ രൂപങ്ങൾ കൈക്കൊള്ളുന്നു. ആത്മാവിന്റെ ഒരു ശക്തിവിശേഷത്തെയും തന്റെ വരപ്രസാദംകൊണ്ടു ധന്യമാക്കാതിരിക്കുന്നില്ല.

## 10

'എനിക്കു് എന്റെ ഭ്രാതൃപുത്രൻ എന്റെ സ്തനങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന മീറച്ചിമിഴപോലെയാണ്.'
(1. 13. Vg-1: 12)

ഇവയും മണവാട്ടിയുടെ വാക്കുകൾതന്നെ. അവൾ തോഴിമാരോടു സംസാരിക്കുകയാണെന്നും വ്യക്തം. അവളുടെ ജടാമഞ്ചിതൈലം അവൾക്ക് മണവാളന്റെ സൗരഭ്യം നേടിക്കൊടുത്തുവെന്ന്—താൻ അദ്ദേഹത്തെ അഭിഷേകം ചെയ്ത തൈലംവഴി മണവാളന്റെ ശരീരത്തിലെ സുഗന്ധം തനിക്കു കൈവന്നുവെന്ന്—അവൾ മുമ്പു പറഞ്ഞു. ഇപ്പോൾ അവൾ പറയുന്നു: 'എന്റെ ഭ്രാതൃപുത്രന് മീറയുടെ സുഗന്ധമുള്ളതായി എനിക്ക് അനുഭവപ്പെടുന്നു. അതു ലഘുവായ രീതിയിലോ വല്ലപ്പോഴുമൊക്കെയോ അനുഭവപ്പെടുന്ന ഒരു സുഗന്ധമല്ലതാനും. അതു ഗാഢവും ദൃഢബദ്ധവും നിരന്തരവുമാണ്. ആ സൗരഭ്യം കൂടുതൽ ശക്തവും ഫലപ്രദവുമാകുന്നു. അവൻ അങ്ങനെയായതുകൊണ്ടു് എന്റെ സ്തനങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. എന്റെ മടിയിലാണവന്റെ വാസം.'

മണവാട്ടി ഇവിടെ ആദ്യമായി മണവാളനെ ഭ്രാതൃപുത്രൻ എന്നു വിളിക്കുകയാണ്. തുടർന്ന് ഗ്രന്ഥത്തിന്റെ അവസാനം വരെ അനേകം പ്രാവശ്യം അവൾ ആ പേർ വിളിക്കുന്നുണ്ട്. അതിനാൽ ആ വിളിയുടെ ന്യായത്തെക്കുറിച്ചിവിടെ അല്പം ചിന്തിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. സഹോദരന്റെ മകനെയാണ് ഭ്രാതൃപുത്രൻ എന്നു വിളിക്കുന്നത്. അതിനാൽ ഇവിടെ മണവാട്ടിയുടെ സഹോദരൻ ആരാണെന്ന് ആദ്യം



അന്വേഷിക്കാം. എന്നിട്ട് മണവാട്ടി പുറജാതിക്കാരുടെ സഭയാണോ എന്നു നോക്കാം: അവളുടെ മൂത്തസഹോദരൻ—സാഹചര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതുപോലെ—ആദ്യജനതയാണോ എന്നും നോക്കാം. ക്രിസ്തു തന്റെ സഹോദരപുത്രനാണെന്ന് പുറജാതിക്കാരുടെ സഭ പറയുന്നു. കാരണം, ശാരീരികമായി യഹൂദജനതയിൽ നിന്നാണ് അവിടുന്ന് ജനിച്ചതു് (റോമ. 9: 3–5). 'എന്റെ ഭ്രാതൃപുത്രൻ എനിക്ക് മീറത്തുള്ളി അടക്കംചെയ്ത ചിമിഴാണ്'' എന്നുള്ള മണവാട്ടിയുടെ വാക്കു് ക്രിസ്തുവിന്റെ ശാരീരിക ജനനത്തിന്റെ രഹസ്യം സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ദൈവികശക്തിയും മാധുര്യവും ഉള്ളടക്കുന്ന ആ ശരീരം ഒരുതരത്തിൽ ഒരു 'ചിമിഴ്'' ആണല്ലോ.

പ്രസ്തുത ഉദ്ധരണം ഒരു വ്യക്തിയുടെ ആത്മാവിനെ സൂചിപ്പിക്കുന്നതായി കണക്കാക്കിയാൽ 'മീറത്തുള്ളി ഉൾക്കൊള്ളുന്ന ചിമിഴ്'' ദൈവികാദ്ധ്യാപനങ്ങളുടെ ഉള്ളടക്കവും ദൈവശാസ്ത്ര സിദ്ധാന്തങ്ങളിലെ വിവിധ സങ്കല തത്ത്വങ്ങളുമാകുന്നു. കാരണം നമ്മുടെ വിശ്വാസത്തിന്റെ തത്ത്വങ്ങൾ പരസ്പരം കൂടിപ്പിണഞ്ഞവയും സത്യത്തിന്റെ ചരടുകൊണ്ടു പരസ്പരം ബന്ധിക്കപ്പെട്ടവയുമാണ്. എന്നു മാത്രമല്ല, മൂടിക്കെട്ടപ്പെട്ട പാത്രങ്ങൾ ശുദ്ധിയുള്ളവയും കെട്ടപ്പെടാതെ തുറന്നിരിക്കുന്നവ ശുദ്ധിയില്ലാത്തവയും ആണെന്ന് നിയമം ഉദ്ഘോഷിക്കുന്നു (സംഖ്യ. 19: 15). അതിനാൽ യാതൊരുവിധ അശുദ്ധിയും ഒരിക്കലും തീണ്ടിയിട്ടില്ലാത്തവനായ ക്രിസ്തു മീറച്ചിമിഴ് എന്നു വിളിക്കപ്പെടുന്നതു് എന്തുകൊണ്ടു് എന്നു നമുക്കു മനസ്സിലാക്കാം. അതിനാൽ ശരിയായ അടച്ചുകെട്ടിൽ സൂക്ഷിക്കപ്പെടാത്ത കാര്യങ്ങളോടു്, അതായതു് യുക്തിവിചാരത്തിന്റെ പിൻബലമില്ലാത്തവയും സത്യത്തിന്റെ തത്ത്വങ്ങളാൽ ബന്ധിക്കപ്പെടാത്തവയുമായ ആശയങ്ങളോടു് ആത്മാവു സമ്പർക്കം പുലർത്തരുതു്. അങ്ങനെയുള്ള സമ്പർക്കം ആത്മാവിന്റെ അശുദ്ധിക്കു കാരണമാകും. അശുദ്ധമായതിനെ സ്പർശിക്കുന്നവൻ അശുദ്ധനാകും എന്നാണല്ലോ നിയമം അനുശാസിക്കുന്നതു്. യുക്തിശൂന്യമോ ദൈവികമായ വിവേകത്തിൽ നിന്നകന്നതോ ആയ ഒരാശയം ഒരു മനുഷ്യനെ സ്പർശിച്ചാൽ അതു് അവനെ അശുദ്ധനാക്കും.

ഇനി മറ്റൊരു കാര്യം പരിഗണിക്കാം. ദൈവപുത്രന്റെ മനുഷ്യാവതാരത്തെ ഒരു 'തുള്ളി'യായിട്ടാണല്ലോ ഇവിടെ പരാമർശിച്ചിട്ടുള്ളതു്. ചെറുതും അപ്രധാനവും എന്ന അർത്ഥത്തിലാണോ ആ പ്രയോഗം? ദാനിയേൽദീർഘദർശി ക്രിസ്തുവിനെ ഇങ്ങനെയുള്ള ഒരു ചെറിയ കല്ലായി ചിത്രീകരിക്കുന്നു. ആരും തൊടാതെ അതു് ഒരു പർവതത്തിൽനിന്നു് അടർന്നു വീണ് വിഗ്രഹം തകർക്കുകയും പിന്നീടു വളർന്നു് ഒരു വലിയ പർവതമാവുകയും

www.malankaralibrary.com



ചെയ്തു (2: 34). പന്ത്രണ്ടു പ്രവാചകന്മാരുടെ പുസ്തകത്തിലും ഇതുപോലൊരു പ്രസ്താവമുണ്ടു്. ജനങ്ങളെയെല്ലാം ഒരുമിച്ചു ചേർക്കുന്ന ഒരു 'തുള്ളി' ഉണ്ടാകുമെന്നാണു് അവിടെ പറയുന്നതു്. പ്രവാചകന്മാരിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'ഈ ജനതയാകുന്ന തുള്ളിയിൽനിന്നു് യാക്കോബ് തീർച്ചയായും ശേഖരിക്കപ്പെടും' (മീഖാ. 2: 11f). യാക്കോബിനെ മാത്രമല്ല, എല്ലാ ജനതകളെയും പ്രവാചകൻ പറയുന്നതുപോലെ, ഒരു തൊട്ടിയിലെ ജലബിന്ദുവിനു തുല്യം ശേഖരിക്കാൻ വന്നവനായ ദൈവപുത്രനു് തുള്ളി എന്നതു വളരെ യോജിക്കും. ദൈവികരൂപത്തിന്റെ സ്വയം ശൂന്യവത്കരണത്തിലൂടെ ഒരു ബിന്ദുവായിത്തീരുന്നതിനു് അവിടുന്നു് ആഗതനായി. അങ്ങനെ പുറജാതികളാകുന്ന തുള്ളിയും യാക്കോബിന്റെ അവശിഷ്ടമാകുന്ന തുള്ളിയും ശേഖരിക്കുന്നതിനു് താൻ വന്നു.[28]

45-ാം സങ്കീർത്തനത്തിലും—അതു് പ്രിയതമനെ സംബോധന ചെയ്തുകൊണ്ടുള്ളതാണു്—ഇങ്ങനെ പറയുന്നു: 'മീറയും ഒരു തുള്ളിയും ഇലവർങ്ഗവും നിന്റെ ഉടയാടകൾക്കു സൗരഭ്യം നൽകുന്നു.'[8] വിജ്ഞാന പാഠങ്ങൾക്കു പ്രതീകമായ ദൈവവചനത്തിന്റെ വസ്ത്രങ്ങളിൽനിന്നു് മീറ പുറപ്പെടുന്നു. ആ മീറ തീർച്ചയായും മനുഷ്യവർഗത്തിനുവേണ്ടി താൻ അനുഭവിച്ച മരണത്തിന്റെ പ്രതീകമാണു്. തുള്ളി, നാം മുമ്പു പറഞ്ഞതുപോലെ, ദൈവിക രൂപത്തിൽനിന്നുള്ള തന്റെ സ്വയം ശൂന്യമാക്കലിനെ സൂചിപ്പിക്കുന്നു. ആ ശൂന്യമാക്കലിലൂടെ അവിടുന്നു് ഒരു ദാസന്റെ രൂപം സ്വീകരിച്ചു. ധാരാളമായി മഴ പെയ്യുന്ന ഭൂഭാഗങ്ങളിൽ ഇലവർങ്ഗച്ചെടി വളരുന്നുവെന്നാണു പറയുന്നതു്. അതിനാൽ അതു് മാമോദീസാജലത്തിലൂടെ മനുഷ്യവർഗത്തിനു നൽകപ്പെടുന്ന രക്ഷയെ സൂചിപ്പിക്കുന്നു.

ഈ വൈവാഹിക നാടകത്തിൽ 'എന്റെ ഭ്രാതൃപുത്രൻ എന്റെ സ്തനാന്തരത്തിൽ സ്ഥിതിചെയ്യുന്ന മീറച്ചിമിഴുപോലെയാണെനിക്കു്' എന്നു പറയുമ്പോൾ മണവാട്ടി അർത്ഥമാക്കുന്നതിതാണു്. മാറിടം എന്നതിനു്, നാം മുമ്പു പറഞ്ഞതുപോലെ, ഹൃദയത്തിന്റെ ആസ്ഥാനം എന്നു് അർത്ഥം മനസ്സിലാക്കണം. സഭ തന്റെ ഹൃദയത്തിൽ ക്രിസ്തുവിനെ കുടിയിരുത്തിയിരിക്കുന്നു. അഥവാ ആത്മാവു് തന്റെ ഹൃദയത്തിൽ ദൈവവചനത്തെ നിവസിപ്പിച്ചിരിക്കുന്നു. സ്നേഹത്തിന്റെ ശൃംഖലയാൽ ദൃഢബദ്ധനായി ദൈവവചനം അവിടെ വസിക്കുകയാണു്. പൂർണമായ സ്നേഹത്തോടും പൂർണമായ ഉദ്ദേശ്യത്തോടുംകൂടെ ദൈവവചനത്തെ സ്വഹൃദയത്തിൽ വഹിക്കുന്നവനുമാത്രമേ തന്റെ സൗരഭ്യത്തിന്റെയും മാധുര്യത്തിന്റെയും ഗന്ധം അനുഭവിക്കാൻ സാദ്ധ്യമാകൂ.



## 11

'എനിക്കു് എന്റെ ഭ്രാതൃപുത്രൻ എൻഗെദിയിലെ മുന്തിരിത്തോട്ടങ്ങളിലുള്ള സൈപ്രസ്കുലയാണു്' (1: 14—vg. 1. 13).

ശബ്ദാർത്ഥം പരിഗണിക്കുകയാണെങ്കിൽ 'സൈപ്രസ് കുല' സന്ദിഗ്ദ്ധാർത്ഥമായ ഒരു പ്രയോഗമാകുന്നു. സൈപ്രസ് എന്ന വാക്കു് ഒരു നല്ല മുന്തിരിക്കുലയെ സൂചിപ്പിക്കാനും ഉപയോഗിക്കും. വിദേശങ്ങളിൽ സൈപ്രസ് എന്ന ഒരു ചെടിയുണ്ടു്. അതിന്റെ കായ്കളും മുന്തിരിയുടേതുപോലെ ഭംഗിയുള്ള കുലകളായി വളരുന്നു. ഇവിടെ 'എൻഗെദി'യിലെ മുന്തിരിത്തോപ്പുകൾ എന്നു പ്രത്യേകം പറയുന്നുണ്ടല്ലോ. എൻഗെദി യൂദായിലെ ഒരു ജില്ലയാണു്. ബാൾസം ആണു് അവിടത്തെ പ്രധാനകൃഷി. അതിനാൽ മണവാട്ടി കന്യകമാരോടു പറയുന്ന നിർദിഷ്ട ഭാഗത്തിന്റെ അർത്ഥം താഴെപ്പറയുന്ന വിധത്തിൽ നമുക്കു നൽകാം: മണവാട്ടി ആദ്യമായി പറയുന്നു: 'എന്റെ ജടാമഞ്ചി എന്റെ പ്രിയതമന്റെ സുഗന്ധം എനിക്കു പകർന്നുതന്നു.' രണ്ടാമതു് അവൾ പറയുന്നു: 'എന്റെ ഭ്രാതൃപുത്രൻ എനിക്കു് സ്തനങ്ങളുടെ ഇടയിലെ മീറച്ചിമിഴുപോലെയാണു്.' മൂന്നാമതായി അവൾ പറയുന്നു: 'അവൻ എൻഗെദിയിലെ മുന്തിരിത്തോട്ടങ്ങളിലുള്ള സൈപ്രസ്കുലയാണു്.' എൻഗെദി, സുഗന്ധങ്ങളുടെ കാര്യത്തിൽ മററു സ്ഥലങ്ങളെ അതിശയിക്കുന്നു. തന്റെ തോഴിമാർക്കു് തന്റെ മണവാളനോടു് കൂടുതൽ സ്നേഹം ഉണ്ടാകുന്നതിനുവേണ്ടിയാണു് മണവാട്ടി ഇങ്ങനെയെല്ലാം പറയുന്നതു്. അവൾ ആദ്യം ജടാമഞ്ചിത്തൈലത്തെക്കുറിച്ചു പറയുന്നു, പിന്നെ മീറയെക്കുറിച്ചു്, അനന്തരം സൈപ്രസ് കുലയെക്കുറിച്ചും പടിപടിയായി ഉയർന്ന സ്നേഹത്തിന്റെ വിവിധ അവസ്ഥകളെക്കുറിച്ചു് ഉദ്ബോധനം നൽകുന്നതിനുവേണ്ടിയാണു് അവൾ ഇങ്ങനെ ചെയ്യുന്നതു്.

ഇനി ഉദ്ധൃതഭാഗത്തിന്റെ ആദ്ധ്യാത്മികമായ അർത്ഥമെന്തെന്നു നോക്കാം. കുല എന്നതു് മുന്തിരിയുടെ ഫലങ്ങളെക്കുറിച്ചാണു് ഉപയോഗിച്ചിരിക്കുന്നതെന്നു കരുതുക. ദൈവവചനം വിവേകവും ശക്തിയും അറിവിന്റെ നിധിയും എന്നപോലെ യഥാർത്ഥ മുന്തിരിവള്ളി എന്നും വിളിക്കപ്പെടുന്നു.[29] താൻ ആർക്കുവേണ്ടി അറിവും വിവേകവും ശക്തിയും ആയിരിക്കുന്നുവോ അവരെ താൻ അറിവുള്ളവരും വിവേകികളും ശക്തന്മാരും ആക്കുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതു് ഒററയടിക്കല്ല, പടിപടിയായിട്ടാണു്. സ്വീകരിക്കുന്നവരുടെ ഉത്സാഹവും പരിശ്ര

www.malankaralibrary.com



മവും വിശ്വാസവുംഒക്കെ അനുസരിച്ചായിരിക്കും പുരോഗതി. ആക്കു താൻ യഥാർത്ഥ മുന്തിരിവള്ളി ആയിരിക്കുന്നുവോ അവർക്ക് ഉടനെ തന്നെ അവിടുന്നു പക്വവും മധുരവുമായ മുന്തിരിഫലങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നില്ല. പെട്ടെന്നുതന്നെ ഹൃദയത്തെ ആഹ്ളാദിപ്പിക്കുന്ന ഹൃദ്യമായ വീഞ്ഞായി പരിണമിക്കുന്നുമില്ല (സങ്കീ. 104: 15). ആദ്യമായി അവിടുന്നു നല്കുന്നതു പുഷ്പത്തിന്റെ മധുര സൗരഭ്യമാണ്. ആത്മാക്കൾ ആദ്യമായി തന്റെ സൗരഭ്യത്തിന്റെ അനുഗ്രഹത്താൽ ആകർഷിക്കപ്പെട്ട്, ദൈവവചനത്താൽ വിശ്വാസികൾക്കുവേണ്ടി ഒരുക്കപ്പെടുന്ന പരീക്ഷണങ്ങളുടേയും യാതനകളുടെയും കാഠിന്യം സഹിക്കാൻ പിന്നീട് പ്രാപ്തരായിത്തീരണം. അതിനുശേഷം അവിടുന്ന് ആത്മാക്കൾക്കു പക്വതയുടെ മാധുര്യം നല്കുന്നു. എന്നിട്ട്, ആത്മാക്കൾ മുന്തിരിച്ചക്കുകളിലേക്കു നയിക്കപ്പെടുന്നു. അവിടെ ആ മുന്തിരിപ്പഴങ്ങളുടെ ചാറ് പിഴിഞ്ഞെടുക്കപ്പെടുന്നു. അതാണ് പുതിയ ഉടമ്പടിയുടെ രക്തം. സ്വർഗീയമായ സ്ഥലങ്ങളിൽ ആഹ്ളാദത്തിന്റെ ദിവസം ശ്രേഷ്ഠമായ വിരുന്നൊരുക്കുന്നസന്ദർഭത്തിൽ പാനം ചെയ്യാനുള്ള വീഞ്ഞാണതു്.[30]

മുന്തിരിവള്ളിയുടെയും മുന്തിരിക്കുലകളുടെയും രഹസ്യത്തിലൂടെ ഉപക്രമണം നടത്തിയിട്ട്, മുമ്പോട്ടു പൂർണതയിലേക്കു നയിക്കപ്പെട്ട്, ക്രിസ്തുവിൽനിന്നു തങ്ങൾ സ്വീകരിച്ച പുതിയ ഉടമ്പടിയുടെ പാനപാത്രത്തിൽനിന്നു കുടിക്കാൻ തിടുക്കപ്പെടുന്ന ആളുകൾക്ക് പടിപടിയായി മുന്നേറുന്നതു് ഉചിതമാകുന്നു.

'സൈപ്രസ്'' എന്നതിനു് ഒരു പ്രത്യേകതരം മരം എന്ന അർത്ഥമാണ് എടുക്കുന്നതെങ്കിൽ ആദ്ധ്യാത്മികമായ അർത്ഥവിശദീകരണം മറ്റൊരു തരത്തിലാണു വേണ്ടതു്. ആ മരത്തിന്റെ പൂവിനു് വളരെ സൗരഭ്യമോ ഫലത്തിനു വലിയ മാധുര്യമോ ഉള്ളതായി പറയപ്പെടുന്നില്ല. എന്നാൽ അതിന്റെ ഫലത്തിനു് ചൂടുപിടിപ്പിക്കാനും ഉത്തേജിപ്പിക്കാനും അപൂർവമായ കഴിവാണുള്ളതത്രേ. അതിനാൽ, തന്നെ വിശ്വസിക്കാനും സ്നേഹിക്കാനുമുള്ള ശക്തി ആത്മാക്കളിൽ ഉജ്ജ്വലിപ്പിക്കുന്ന വിഷയത്തിൽ മണവാളനുള്ള അസാധാരണ ശക്തിയാണ് ഇവിടെ സൂചിതമായിട്ടുള്ളതെന്നു് നമുക്കു നിസ്സംശയമായി കരുതാം. 'അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ടു നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?' (ലൂക്കോ. 24: 32) എന്നു പറഞ്ഞ ആളുകളുടെ ഹൃദയത്തെ ഉത്തേജിപ്പിച്ച അതേ ശക്തിയാണിതു്.

ഈ പഴക്കുല എൻഗദിയിലെ മുന്തിരിത്തോപ്പുകളിൽനിന്നു വന്നതെന്നാണല്ലോ പറയുന്നതു്. എൻഗദി എന്ന വാക്കിനർത്ഥം



'എന്റെ പ്രലോഭനത്തിന്റെ കണ്ണു്'' എന്നാകുന്നു. 'ലോകത്തിൽ മനുഷ്യജീവിതം പ്രലോഭനമാകുന്നു', എന്ന ചൊല്ലിന്റെ അർത്ഥം മനസ്സിലാക്കാൻ ആർക്കെങ്കിലും കഴിവുണ്ടെങ്കിൽ, പ്രലോഭനത്തിൽനിന്നു രക്ഷപ്പെടുന്നതെങ്ങനെയെന്ന് ആരെങ്കിലും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അയാളെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ വചനം 'എൻഗദിയിലെ മുന്തിരിത്തോട്ടങ്ങളിൽനിന്നുള്ള സൈപ്രസ് കുല'യാണ്. ജോബിനെക്കുറിച്ച് എന്നപോലെ അയാളെക്കുറിച്ചും പറയാൻ കഴിയും: 'ഇക്കാര്യങ്ങളിലൊന്നിലും അവൻ പാപം ചെയ്യുകയോ ദൈവത്തെ പഴിക്കുകയോ ചെയ്തില്ല' (7:1; 1:22).

ജടാമഞ്ചി, മീറച്ചിമിഴ്, സൈപ്രസ്കുല എന്നിവയെല്ലാം മണവാട്ടിയെമാത്രം സംബന്ധിക്കുന്നതാണെന്നു വ്യക്തമാക്കുന്ന വിധത്തിലാണ് അവളുടെ വാക്കുകളുടെ ക്രമീകരണം. പുരോഗതിയുടെ ഉന്നതമേഖലകളിൽ അവൾ എത്തിയിരിക്കുന്നു എന്നു വ്യക്തം. 'ദൈവവചന'ത്തിൽനിന്നു പുറപ്പെടുന്ന ജടാമഞ്ചി, മീറ, സൈപ്രസ്സ്, എന്നിവയുടെ സൗരഭ്യം അനുഭവിക്കാനും ദൈവികഗന്ധമാകുന്ന വരപ്രസാദം ശ്വസിക്കാനും കഴിയുംവിധം ആരുടെ നാസിക ശുദ്ധവും അവികലവുമാണോ ആ ആത്മാവു മാത്രമാണു കുററമററതു്.

www.malankaralibrary.com

# പുസ്തകം മൂന്നു്

## (ഗീതം 1. 15—2. 15)

### 1

'എൻെറ അയല്ക്കാരി, നീ സുന്ദരിയാണ്. അതേ, നീ സുന്ദരി തന്നെ. നിൻെറ കണ്ണുകൾ ഇണപ്രാവുകളാണ്'' (1. 15—vg. 1. 14).

ഇവിടെ മണവാളൻ രണ്ടാം പ്രാവശ്യം മണവാട്ടിയോടു സംസാരിക്കുകയാണ്. ആദ്യം സംസാരിച്ച അവസരത്തിൽ സ്വയം നന്നായി അറിയണമെന്ന് അവളെ ഉദ്ബോധിപ്പിച്ചു. അവൾ സ്ത്രീകളിൽ നല്ലവളാണെങ്കിലും സ്വയം മനസ്സിലാക്കിയില്ലെങ്കിൽ ചില ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുമെന്ന് അവൾക്കു താക്കീതു നൽകി. അവൾ വേഗം തന്നെക്കുറിച്ചുള്ള അറിവിലും ധാരണയിലും എത്തിച്ചേർന്നു എന്നു കണ്ട് അവൻ അവളെ ഫറവോയുടെ രഥസൈന്യത്തെ തോല്പിക്കാൻ തനിക്കുപകരണങ്ങളായിത്തീർന്ന കുതിരകളോടും കുതിരപ്പടയാളികളോടും ഉപമിച്ചു. അതേ സമയം അവളുടെ കവിൾത്തടങ്ങളെ കാട്ടുപ്രാവുകളോടും ഉപമിച്ചു. അവളുടെ അസാധാരണമായ വിനയവും മാനസാന്തരത്തിൻെറ ഗതിവേഗവുമാണ് ആ ഉപമയ്ക്കാധാരമായിരുന്നതു്. അവളുടെ കഴുത്തിനെ രത്നങ്ങൾ പതിച്ച കണ്ഠാഭരണങ്ങളോടുപമിച്ചു (ഉത്തമ. 7:8—10).

ഏതായാലും മണവാളൻ ഇവിടെ അവളെ സുന്ദരിയെന്നു പ്രഖ്യാപിക്കുന്നു. നേരത്തേ പറഞ്ഞതുപോലെ അവൾ സ്ത്രീകളിൽ സുന്ദരിയാണെന്നു മാത്രമല്ല, തൻെറ അയല്ക്കാരിയാണെന്നും പറയുന്നു. തുടർന്ന് കുറെക്കൂടെ ഉന്നതമായ പ്രശംസകൾകൊണ്ടു് അവളെ ബഹുമാനിക്കുന്നു. അവൾ തൻെറ സമീപത്തായിരിക്കുമ്പോൾ മാത്രമല്ല, തന്നിൽ നിന്ന് അകന്നിരിക്കുന്നതിന് അവസരം ഉണ്ടായാൽ അപ്പോഴും സുന്ദരിയായിരിക്കുമെന്നാണ് മണവാളൻെറ പ്രസ്താവം. 'എൻെറ അയൽക്കാരി, നീ സുന്ദരിയാണ്'' എന്നു പറഞ്ഞിട്ട് ഉപാധികളൊന്നും കാണിക്കാതെ മണവാളൻ തുടർന്നു പറയുകയാണ് 'അതേ, നീ സുന്ദരിതന്നെ.'

ഇതിനു മുമ്പുദ്ധരിച്ച ഭാഗത്തു് മണവാളൻ അവളുടെ മുഖത്തെ സ്തുതിച്ചില്ല. അതിനു കാരണം, ആ സന്ദർഭത്തിൽ അവൾ ആദ്ധ്യാ



ത്മിക ധാരണയുടെ ഉൾക്കാഴ്ച നേടിയിരുന്നില്ല എന്നതാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഇപ്പോൾ മണവാളൻ പറയുന്നു: 'നിൻെറ കണ്ണുകൾ ഇണപ്രാവുകളാണ്.' സ്ത്രീകളിൽ സുന്ദരി എന്നു മാത്രം മുമ്പു പറയപ്പെട്ട അവൾ ഇപ്പോൾ സുന്ദരിയെന്നും അയൽക്കാരി എന്നും വിളിക്കപ്പെടുന്നു എന്നതിൽനിന്ന് അവൾ നേടിയ പുരോഗതിയുടെ വലിപ്പം നമുക്കു ഗ്രഹിക്കാം. സൗന്ദര്യത്തിൻെറ ഔജ്വല്യം അവൾക്കു ലഭിച്ചതു് മണവാളനിൽനിന്നു തന്നെയാണ്. ഒരിക്കൽ ആ ചാരുത സ്വന്തമാക്കിക്കഴിഞ്ഞതുകൊണ്ടു് അവൾ ഇനി എന്നും സുന്ദരിയായിത്തുടരും. കുറെക്കാലത്തേയ്ക്കു മണവാളനിൽനിന്ന് അകന്നു കഴിയേണ്ടി വന്നാലും അവളുടെ സൗന്ദര്യം നഷ്ടമാവുകയില്ല.

ഇതു മാത്രമല്ല, അവളുടെ കണ്ണുകൾ പ്രാവുകളോടു് ഉപമിക്കപ്പെട്ടിരിക്കുന്നു. അവൾ ഇപ്പോൾ വി. ലിഖിതങ്ങൾ മനസ്സിലാക്കുന്നു എന്നതാണ് അതിൻെറ സംശയാതീതമായ കാരണം. വി. ലിഖിതങ്ങളെ അക്ഷരാർത്ഥത്തിലല്ല, ആന്തരാർത്ഥത്തിലാണ് അവൾ ഗ്രഹിക്കുന്നതു്. അവയിലെ ആദ്ധ്യാത്മികമായ രഹസ്യങ്ങൾ അവൾ കണ്ടെത്തുകയും ചെയ്യുന്നു. പ്രാവ് പരിശുദ്ധാത്മാവിൻെറ അടയാളമാണല്ലോ (മത്താ. 3: 16). ഒരു പ്രാവിൻെറ കണ്ണുണ്ടായിരിക്കുക എന്നാൽ നിയമത്തെയും പ്രവാചകന്മാരെയും ആദ്ധ്യാത്മികമായ രീതിയിൽ മനസ്സിലാക്കുക എന്നാണർത്ഥം. അതിനാൽ ഇവിടെ അവളുടെ കണ്ണുകളെ പ്രാവുകൾ എന്നു വിളിക്കുന്നു. സങ്കീർത്തനങ്ങളിൽ ഇതുപോലെയുള്ള ഒരാത്മാവു് പ്രാവുകളുടെ ചിറകു ലഭിക്കാൻ ആഗ്രഹിക്കുന്നതായ ഒരു ഭാഗമുണ്ടു് (68: 13). ആദ്ധ്യാത്മിക രഹസ്യങ്ങളുടെ ധാരണയാകുന്ന ആകാശത്തിൽ ഉയർന്നു പറക്കുന്നതിനും വിവേകത്തിൻെറ രാജമന്ദിരങ്ങളിൽ വിശ്രമിക്കുന്നതിനും സാധിക്കാൻ വേണ്ടിയാണങ്ങനെ പ്രാർത്ഥിക്കുന്നതു്.

വിധിതീർപ്പുകളുടെ മദ്ധ്യത്തിൽ ഉറങ്ങാൻ— അതായതു് അവിടെ എത്തിച്ചേരാനും വിശ്രമിക്കാനും—ആർക്കെങ്കിലും കഴിയുമെങ്കിൽ, വിധിക്കുള്ള കാരണങ്ങൾ മനസ്സിലാക്കാൻ സാധിക്കുമെങ്കിൽ, ദൈവിക വിധിതീർപ്പുകളുടെ കാരണം ഗ്രഹിക്കാൻ അയാൾ പ്രാപ്തനാണെങ്കിൽ, അയാൾക്ക് പ്രാവിൻെറ ചിറകുകൾ മാത്രമല്ല, വെള്ളിച്ചിറകുകളും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. പ്രാവിൻെറ ചിറകുകൾ കൊണ്ടു് ആദ്ധ്യാത്മികവിജ്ഞാനാന്തരീക്ഷത്തിൽ ഉയർന്നു പറക്കാം. വെള്ളിച്ചിറകുകൾ സംഭാഷണചാതുര്യത്തിൻെറയും കാരണബോധത്തിൻെറയും അലങ്കാരങ്ങൾ കൊണ്ടു് സുന്ദരമാക്കപ്പെട്ടവയാണ്. ആത്മാവിൻെറ മുതുകിന് സ്വർണനിറമാണെന്നും പറയപ്പെടുന്നുണ്ടു്. വിശ്വാസത്തിലെ സ്ഥിരതയും പഠനങ്ങളിലുള്ള ഉറപ്പുമാണ് ആ പ്രയോഗംകൊണ്ടു

www.malankaralibrary.com



സൂചിതമാകുന്നത്. ആ സ്ഥിരതയും ഉറപ്പും ഉത്തമ ആത്മാക്കൾക്കു ചേർന്നതാകുന്നു.

അതിനാൽ, ക്രിസ്തുവിനെ തല എന്നു പറയുന്നതുപോലെ, ആന്തരിക മനുഷ്യന് അനുസൃതമായ വിധത്തിൽ ആദ്ധ്യാത്മികമായി കാര്യങ്ങൾ മനസ്സിലാക്കുകയും ആദ്ധ്യാത്മികമായ വിധിതീർപ്പുകൾ സ്വീകരിക്കുകയും ചെയ്യുന്ന ആളുകളുടെ കണ്ണുകൾ പരിശുദ്ധാത്മാവാണ് എന്നു പറയുന്നതും അയുക്തമാണ് എന്നെനിക്കു തോന്നുന്നില്ല. 'നിയമ'ത്തിൽ, ആടു പെസഹാക്കാലത്ത് മനുഷ്യരുടെ ശുദ്ധീകരണത്തിന്റെ ബലിമൃഗമായി നിശ്ചയിക്കപ്പെട്ടതുപോലെ, മനുഷ്യൻ ആദ്യമായി ഭൂമിയിലേയ്ക്കു വരുന്ന അവസരത്തിൽ അവന്റെ ശുദ്ധീകരണത്തിന്റെ പദാർത്ഥമായി പ്രാവിനെ നിശ്ചയിച്ചിട്ടുള്ളതിനു കാരണം ഒരു പക്ഷേ ഇതു തന്നെ ആയിരിക്കും (ലേവ്യ. 12·ff; പുറ. 12,1ff). ഇക്കാര്യങ്ങളെല്ലാം വിശദമായി പ്രതിപാദിക്കുകയും വിവിധതരം ബലിജന്തുക്കളെക്കുറിച്ചു ചർച്ച ചെയ്യുകയും ചെയ്യുന്നത് നമ്മുടെ പ്രതിപാദ്യത്തോടു കാര്യമായ ബന്ധമില്ലാത്ത ഒരു ശാഖാ ചംക്രമണമായിപ്പോകും.

നമ്മുടെ മുമ്പിലുള്ള ഉദ്ധരണത്തെ സംബന്ധിച്ചിടത്തോളം ('നിന്റെ കണ്ണുകൾ ഇണപ്രാവുകൾ ആകുന്നു' എന്നത്) നാം പറഞ്ഞിടത്തോളം കാര്യങ്ങൾകൊണ്ടു മതിയാക്കാം. ആ വാക്കുകളുടെ ആശയം ഇതാണ്: 'നിന്റെ ദൃഷ്ടികൾ ആദ്ധ്യാത്മിക ദൃഷ്ടികളാകുന്നു. അവ ആദ്ധ്യാത്മികമായ രീതിയിൽ കാര്യങ്ങൾ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു.'

'എന്റെ അയൽക്കാരീ, നീ സുന്ദരിയാകുന്നു' എന്ന വാക്കുകളിൽ കൂടുതൽ അഗാധമായ രഹസ്യാർത്ഥമുണ്ടെന്നു തോന്നുന്നു. ഇന്നത്തെ കാലഘട്ടത്തെക്കുറിച്ചാണ് അതു പറഞ്ഞിട്ടുള്ളതെന്നു കരുതാം. കാരണം, ഇപ്പോഴും സഭ സുന്ദരിയാകുന്നു; അവൾ ക്രിസ്തുവിനു സമീപം ആയിരിക്കുകയും ക്രിസ്തുവിനെ അനുകരിക്കുകയും ചെയ്യുന്നതുകൊണ്ട്. 'കണ്ടാലും, നീ സുന്ദരിയാകുന്നു' എന്ന ആവർത്തനം, വരാൻ പോകുന്ന കാലത്തെ സൂചിപ്പിക്കുന്നു. അന്നവൾ സുന്ദരിയായിരിക്കുന്നത് അനുകരണവശാൽ മാത്രമായിരിക്കയില്ല; അവൾക്കു സവിശേഷമായ പൂർണതകൊണ്ടുകൂടെ ആയിരിക്കും. മണവാട്ടിയുടെ കണ്ണുകൾ പ്രാവുകളാണ് എന്നു മണവാളൻ പറയുന്നതിനും ഒരു പ്രത്യേകലക്ഷ്യം ഉള്ളതായിക്കരുതാം. കണ്ണുകളിൽ ഒന്ന് ദൈവപുത്രനും മറേറതു പരിശുദ്ധാരൂപിയും അത്രേ. പുത്രനെയും പരിശുദ്ധാരൂപിയെയും പ്രാവുകൾ എന്നു വിളിക്കുന്നതിൽ നിങ്ങൾ ആശ്ചര്യപ്പെടേണ്ട. രണ്ടുപേരും ഒരുപോലെ മദ്ധ്യസ്ഥനെന്നും വിളിക്കപ്പെട്ടിട്ടുണ്ട്. യോഹന്നാൻ തന്റെ സുവിശേഷത്തിൽ പരിശുദ്ധാരൂപിയെ പാറ



ക്ലേത്താ എന്നു വിളിക്കുന്നു (14: 16f.). മദ്ധ്യസ്ഥൻ എന്നാണ് ആ വാക്കിന്റെ അർത്ഥം. അതുപോലെ അദ്ദേഹം തന്റെ ലേഖനത്തിൽ യേശുക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'ആരെങ്കിലും പാപം ചെയ്യാനിടയായാൽത്തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മദ്ധ്യസ്ഥനുണ്ട്—നീതിമാനായ യേശുക്രിസ്തു (1 യോഹ. 2: 1). സഖറിയാസിന്റെ പ്രവചനത്തിൽ പറയപ്പെടുന്ന, മെഴുകുതിരിക്കാലിന്റെ ഇരുവശങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള രണ്ട് ഒലിവു മരങ്ങളും (4: 2f.) 'ഏകജാത'നെയും പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നതായി വിശ്വസിക്കപ്പെടുന്നു.

## 2

'എന്റെ ഭ്രാതൃപുത്രാ, നീ എത്ര സുന്ദരൻ! അതേ സുന്ദരൻ തന്നെ. നമ്മുടെ കിടക്ക ഹരിതമനോഹരമാകുന്നു'

(1: 16—vg. 1: 15).

മണവാട്ടി തന്റെ പ്രിയതമന്റെ സൗന്ദര്യം കൂടുതൽ സൂക്ഷ്മമായി നോക്കി മനസ്സിലാക്കിയിരിക്കുന്നു എന്നു തോന്നുന്നു. പ്രാവുകൾ എന്നു വിളിക്കപ്പെട്ട തന്റെ കണ്ണുകൾകൊണ്ട് കൂടുതൽ ശ്രദ്ധാപൂർവം നോക്കുകയും വിലയിരുത്തുകയും ചെയ്തപ്പോൾ അവൾക്കു 'ദൈവവചന'ത്തിന്റെ സൗന്ദര്യവും ചാരുത്വവും കൂടുതൽ നന്നായി ബോദ്ധ്യപ്പെട്ടു. പ്രാവിന്റെ കണ്ണുകൾ—ആദ്ധ്യാത്മികമായ ധാരണാശക്തി—സ്വായത്തമാകുംവരെ ദൈവവചനത്തിന്റെ മാഹാത്മ്യം എത്ര വലുത് എന്നു ഗ്രഹിക്കാൻ ആർക്കും സാദ്ധ്യമല്ല എന്നതാണല്ലോ സത്യം.

മണവാളനോടൊത്ത് താൻ പങ്കുവെയ്ക്കുന്നതായി മണവാട്ടി പറയുന്ന കിടക്ക ആത്മാവിന്റെ ശരീരമാകുന്നു എന്ന് എനിക്കു തോന്നുന്നു. ആത്മാവ് ഇപ്പോഴും ശരീരത്തിനുള്ളിലാണ് എന്നിരുന്നാലും ദൈവവചനത്തിന്റെ സഹവാസം അനുഭവിക്കാൻ അവൾ അനുവദിക്കപ്പെട്ടിരിക്കുന്നു. ആ ശയ്യ ഹരിതമനോഹരമാണെന്ന് അവൾ പറയുകയാണ്. അതായത് അതു ശുഷ്കമല്ല, ഫലങ്ങൾ നിറഞ്ഞതാണെന്ന്. സൽപ്രവൃത്തികളാകുന്ന ഇലകളും കായ്കളും നിറഞ്ഞതാണത്. ഇങ്ങനെയത്രേ പ്രാവിന്റെ കണ്ണുകളുള്ള മണവാട്ടി അഥവാ ആത്മാവു പറയുന്നത്.

എന്നാൽ ആ മണവാളനിൽ വിശ്വസിക്കുക മാത്രം ചെയ്യുന്ന ദൈവപുത്രന് എന്തു സൗന്ദര്യമുണ്ടെന്ന് കാണാൻ കഴിവില്ലാത്ത,

www.malankaralibrary.com



ആളുകൾ പറയുന്നു: 'ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭീര്യമോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല' (ഏശാ. 53 2f.). എന്നാൽ നല്ല പുരോഗതി നേടിയ, കന്യകമാരുടെയും എൺപതു വെപ്പാട്ടികളുടെയും അറുപതു റാണിമാരുടെയും മുമ്പിൽ നിലയുറപ്പിച്ചിട്ടുള്ള ആത്മാവിനു പറയാൻ കഴിയും: 'എന്റെ ഭ്രാതൃ പുത്രാ, നീ എത്ര സുന്ദരനാണ്. അതേ സുന്ദരൻതന്നെ.' ഇപ്പോഴും ശരീരത്തിൽത്തന്നെയാണെങ്കിലും അസംഖ്യങ്ങളായ ആദ്ധ്യാത്മികാർത്ഥങ്ങൾ, സാധാരണമായി അവ്യക്തതയോടുകൂടി വി. ലിഖിതങ്ങളിൽ നെയ്തുചേർത്തിട്ടുള്ള ആശയങ്ങൾ, മനസ്സിലാക്കാൻ എനിക്കു കഴിയുന്നുവെങ്കിൽ, പല വൃക്ഷങ്ങളെയും കരിച്ചുകളയുകയും പലതിന്റേയും ഫലങ്ങളെ ചുക്കിച്ചുളുങ്ങിയതാക്കുകയും ചെയ്യുന്ന ആ തീക്ഷ്ണതാപം എന്റെ ചർമത്തെ ഇരുണ്ടതാക്കുന്നില്ലെങ്കിൽ, എന്നിലുള്ള വിശ്വാസബീജത്തെ ഉണക്കിക്കളയാൻ ഒരു പ്രലോഭനത്തിനും ശക്തിയില്ലെങ്കിൽ—എങ്കിൽ എനിക്കു പറയാൻ കഴിയും: 'നമ്മുടെ കിടക്ക ഹരിതമനോഹരമാകുന്നു.'

'നമ്മുടെ കിടക്ക' എന്ന് അവൾ പറയുന്നത് വരനുമായി അവൾ പങ്കുവയ്ക്കുന്ന അവളുടെ ശരീരത്തിന്റെ സ്ഥാനത്തെപ്പറ്റിയാണ്. 'നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണ്' എന്നു പറഞ്ഞപ്പോൾ വി. പൗലോസ് ഉപയോഗിച്ച പ്രതീക കല്പനയുടെ വെളിച്ചത്തിൽ നിങ്ങൾ അതു മനസ്സിലാക്കണം (2 കൊരി. 6: 15). 'നമ്മുടെ ശരീരങ്ങൾ' എന്ന് അദ്ദേഹം പറയുമ്പോൾ, ഈ ശരീരങ്ങൾ മണവാട്ടിയുടെ ശരീരമാകുന്നുവെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. എന്നാൽ 'ക്രിസ്തുവിന്റെ അവയവങ്ങൾ' എന്നു പറയുമ്പോൾ ആ ശരീരങ്ങൾ തന്നെ മണവാളന്റെ ശരീരമാകുന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. അപ്പോൾ ആ ശരീരങ്ങൾ, നാം അല്പം മുൻപു പറഞ്ഞതുപോലെ, അവ സൽപ്രവൃത്തികളാൽ സമ്പൂർണവും ആദ്ധ്യാത്മിക ദർശനത്തിന്റെ സമൃദ്ധിയാൽ പച്ചിലകൾ നിറഞ്ഞതും എന്ന അർത്ഥത്തിൽ ഹരിതമനോഹരങ്ങളാണെങ്കിൽ അവയെക്കുറിച്ച് 'പകൽ സൂര്യനോ രാത്രി ചന്ദ്രനോ നിന്നെ കരിച്ചുകളയുകയില്ല' എന്നു നമുക്കു യഥാർത്ഥമായി പറയാം (സങ്കീ. 121: 6). നീതിമാനായ മനുഷ്യനെ പ്രലോഭനത്തിന്റെ സൂര്യൻ പൊള്ളിക്കുകയില്ല. അയാൾ ദൈവവചനത്തിന്റെ തണലിൽ സുരക്ഷിതമായി വിശ്രമിക്കുകയാണല്ലോ. നീതിമാനു പൊള്ളലേൽപിക്കുന്ന സൂര്യനെ നമുക്കു പ്രശംസിപ്പാൻ പറ്റുകയില്ല. 'പ്രഭാപൂർണനായ മാലാഖയായി സ്വയം രൂപം മാറുന്നവനെ' അതിലും പ്രശംസിക്കാം. [1]



അപ്പോൾ, ഭ്രാതൃപുത്രൻ നല്ലവനും സുന്ദരനുമാണെന്നു പറയപ്പെട്ടിരിക്കുന്നു. ആത്മാവിന്റെ കണ്ണുകൾകൊണ്ട് കൂടുതൽ അടുത്തു നിരീക്ഷിക്കുമ്പോൾ താൻ കൂടുതൽ കൂടുതൽ സുന്ദരനും മനോഹരനുമായി കാണപ്പെടും. തന്റെ സൗന്ദര്യവും ആശ്ചര്യകരമായ മനോഹാരിതയും മാത്രമല്ല പ്രത്യക്ഷപ്പെടുന്നത്. ആത്മാവുതന്നെ ദൈവവചനത്തെ നോക്കുകയും കാണുകയും ചെയ്യുമ്പോൾ അസാധാരണമായ മനോഹാരിതയും ആകൃതിസൗഭഗവും അവളിൽ തെളിഞ്ഞുവരും. ദൈവവചനത്തിന്റെ സൗന്ദര്യം ശരിക്കും കണ്ടറിഞ്ഞവനായ അപ്പസ്തോലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു, 'ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരികമനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു' (2 കൊരി. 4: 16). അങ്ങനെയുള്ള ഒരാത്മാവു ശരിയായിത്തന്നെ അവളുടെ ശയ്യ—തന്റെ ശരീരം—'വചനവു'മായി പങ്കിടുന്നു. ദൈവിക ശക്തി ആ ശരീരത്തിന് ചാരിത്ര്യമെന്ന ദാനവും ആത്മസംയമനമെന്ന അനുഗ്രഹവും മറ്റു ദിവ്യദാനങ്ങളും നല്കുമ്പോൾ ആ ശരീരത്തോടും മമത പ്രദർശിപ്പിക്കുകയാണ്.

യേശു മനുഷ്യാവതാരത്തിൽ സ്വീകരിച്ച ശരീരത്തെ ഇവിടെ മണവാളനും മണവാട്ടിയും പങ്കുവയ്ക്കുന്ന കിടക്കയായി നമുക്കു പരിഗണിക്കാവുന്നതല്ലേ എന്നു ചിന്തിക്കാവുന്നതാണ്. ആ ശരീരം വഴി സഭയും ക്രിസ്തുവും പരസ്പരം ബന്ധിക്കപ്പെട്ടു; ദൈവവചനത്തിൽ പങ്കുകാരിയാകുവാൻ സഭയ്ക്കു കഴിഞ്ഞു. ക്രിസ്തു 'ദൈവത്തിന്റെയും മനുഷ്യരുടെയും മദ്ധ്യസ്ഥൻ' എന്നു വിളിക്കപ്പെടുന്നു എന്ന വസ്തുതയിൽനിന്നും 'ദൈവമഹത്വത്തിന്റെ പ്രതീക്ഷയിൽ....അവൻമൂലം വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നു' എന്ന അപ്പസ്തോല വചനങ്ങളിൽനിന്നും നമുക്കിതറിയാം. [2]

## 3

'നമ്മുടെ വീടിന്റെ ഉത്തരങ്ങൾ ദേവദാരുകൊണ്ടുള്ളവ. കഴുക്കോലുകളോ സരളവൃക്ഷംകൊണ്ടുള്ളവ' (1. 17—Vg 1.16).

ഇതിനുമുമ്പ് മണവാട്ടി സ്നേഹാദരപൂർവം പറഞ്ഞ കാര്യങ്ങൾക്കുള്ള മണവാളന്റെ പ്രതിവചനമാണിതെന്നു തോന്നുന്നു. സാധാരണ വസതികളുടെ സ്വഭാവവും അവയിലുള്ള തടിപ്പണികൾ ഏവയെന്നും മണവാട്ടിയെ മനസ്സിലാക്കുകയാണ് തന്റെ ലക്ഷ്യമെന്നു കരുതാം. കഥയെ സംബന്ധിച്ചിടത്തോളം വാക്കുകളുടെ ആശയം ഇതാണ്.

www.malankaralibrary.com



ക്രിസ്തു തന്റെ സഭയെക്കുറിച്ചു വിവരിക്കുകയാണിവിടെ എന്ന് ഏതായാലും സ്പഷ്ടമാകുന്നു. അത് ഒരു ആദ്ധ്യാത്മിക ഭവനവും ദൈവത്തിന്റെ ഭവനവും ആണല്ലോ. പൗലൊസ് പറയുന്നു: 'ഇപ്പോൾ ഇതെഴുതുന്നതാകട്ടെ, എനിക്കു താമസം നേരിടുന്ന പക്ഷം, ജീവിക്കുന്ന ദൈവത്തിന്റെ സഭയും സത്യത്തിന്റെ തൂണും കോട്ടയുമായ ദൈവഭവനത്തിൽ ഒരുവൻ പെരുമാറേണ്ടതെങ്ങനെയെന്നു നിന്റെ അറിവിനായി നിർദേശിക്കാനാണ് (1 തിമോ. 3: 15). പിതാവിന്റേതായിട്ടുള്ളതെല്ലാം പുത്രനുള്ളതാണല്ലോ (യോഹ. 16: 15). അതിനാൽ സഭ ദൈവത്തിന്റെ ഭവനമാണെങ്കിൽ അത് ദൈവപുത്രന്റെയും ഭവനമാണെന്നു സിദ്ധം.

എന്നാൽ 'സഭകൾ' എന്ന് ബഹുവചനത്തിലുള്ള പ്രയോഗം പലപ്പോഴും നാം കാണുന്നു. 'ഞങ്ങൾക്കോ ദൈവത്തിന്റെ സഭകൾക്കോ അങ്ങനെയൊരു സമ്പ്രദായമില്ല' (1 കൊരി. 11: 16) എന്ന ഭാഗം ഒരുദാഹരണം. 'ഗലാത്തിയായിലെ സഭകൾക്ക്' പൗലോസും (1. 2) 'ഏഴു സഭകൾക്ക്' യോഹന്നാനും എഴുതുന്നത് വേറെ ഉദാഹരണങ്ങൾ (വെളി. 1. 4). അപ്പോൾ സഭ അഥവാ സഭകൾ മണവാളന്റെയും മണവാട്ടിയുടെയും വീടുകളത്രെ. അതായത് ദൈവവചനത്തിന്റെയും ആത്മാവിന്റെയും ഭവനങ്ങൾ. അവയിൽ ദേവദാരുകൊണ്ട് ഉത്തരങ്ങൾ ഉണ്ട്. ദൈവത്തിന്റെ ദേവദാരുവൃക്ഷങ്ങളെക്കുറിച്ചു വേറൊരു സ്ഥലത്തും നാം വായിക്കുന്നു. ഈജിപ്തിൽനിന്നു കൊണ്ടുവന്ന മുന്തിരിച്ചെടി അതിൽ കയറിപ്പടർന്നതായി പ്രസ്താവിക്കപ്പെടുന്നു. സങ്കീർത്തനങ്ങളിൽ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: 'അതിന്റെ തണൽ കുന്നുകളെ മൂടി. അതിന്റെ ശാഖകൾ ദൈവത്തിന്റെ ദേവദാരുക്കളേയും' (80. 9–11).

അതിനാൽ, ദൈവത്തിന്റെ ദേവദാരുക്കൾ എന്നു വിളിക്കാവുന്ന ചില ഘടകങ്ങൾ സഭയിൽ ഉണ്ടെന്നു വ്യക്തം. 'നമ്മുടെ വീടിന്റെ ഉത്തരങ്ങൾ ദേവദാരുകൊണ്ടുള്ളവ' എന്നു മണവാളൻ പറയുമ്പോൾ സഭയെ സംരക്ഷിക്കുന്ന ആളുകളാണ് ആ ഉത്തരങ്ങൾ എന്നു നാം മനസ്സിലാക്കണം. അവരുടെ കൂട്ടത്തിൽ കഴുക്കോലുകൾ എന്നു വിളിക്കപ്പെടുന്ന കൂടുതൽ കരുത്തന്മാരായ ചിലരും ഉണ്ട്. സഭയിൽ വിശ്വസ്തവും കാര്യക്ഷമവുമായ വിധത്തിൽ മെത്രാൻ സ്ഥാനം വഹിക്കുന്നയാളിനെ കഴുക്കോൽ എന്നു വിളിക്കാമെന്നാണെനിക്കു തോന്നുന്നത്. ആ കഴുക്കോൽ കെട്ടിടത്തെ താങ്ങിനിറുത്തുകയും വെയിലിൽനിന്നും മഴയിൽനിന്നും രക്ഷിക്കുകയും ചെയ്യുന്നു. അവശ്യശേഷമായി വൈദികരെ ഉത്തരങ്ങൾ എന്നു വിളിക്കാം. കഴുക്കോലുകൾ സരളവൃക്ഷംകൊണ്ടാണ് എന്നു പറഞ്ഞിട്ടുണ്ടല്ലോ. സരളവൃക്ഷത്തിന്റെ തടി അധികമായ കരുത്തും സുഗന്ധവുമുള്ളതാണ്. മെത്രാന്റെ സൽപ്രവൃത്തികളുടെ ദാർഢ്യവും അദ്ധ്യാപനത്തിന്റെ സുഗന്ധവുമാണ് അവിടെ സൂചിതമായിട്ടുള്ളത്. വൈദികർ ദേവദാരുവിന്റെ തടികൊണ്ടുള്ളവരാണെന്നു പറയുമ്പോൾ കുററമില്ലായ്മയാകുന്ന നന്മയും ക്രിസ്തുവിനെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ സൗരഭ്യവും അവരിൽ ഉണ്ടായിരിക്കണമെന്നാണ് അർത്ഥമാക്കുന്നത്.[3]



## 4

'ഞാൻ വയലിലെ പുഷ്പവും താഴ്വരയിലെ ലില്ലിപ്പൂവുമാണ്. മുള്ളുകൾക്കിടയിലെ ലില്ലിപ്പൂപോലെയാണ് പുത്രിമാർക്കിടയിൽ എന്റെ പ്രിയതമ!' (2: 1. 2).

ഈ ഉദ്ധൃതഭാഗത്ത്, ഒരേസമയം മണവാളനും വചനവും ജ്ഞാനവുമായവൻ, തന്നെയും തന്റെ മണവാട്ടിയെയുംകുറിച്ച് സുഹൃത്തുക്കളോടു പറയുകയാണ് എന്നു തോന്നുന്നു. ഇതുവരെ നാം അനുവർത്തിച്ചു വന്ന വ്യാഖ്യാനസമ്പ്രദായം അനുസരിച്ച് ഇവിടെ ക്രിസ്തു തന്റെ സഭയെ പരാമർശിക്കുന്നു എന്നു നമുക്കു പറയാം. വയലിലെ പുഷ്പവും താഴ്വരയിലെ ലില്ലിയും എന്ന് അവിടുന്നു സ്വയം പരാമർശിക്കുന്നു. കൃഷി ചെയ്യപ്പെടുന്നതും കർഷകരുടെ ജോലികൾക്കു വിധേയവുമായ നിരപ്പായ സ്ഥലത്തെയാണു വയൽ എന്നു വിളിക്കുന്നത്. താഴ്വരകൾ എന്നു പറയുമ്പോൾ കല്ലുകൾ നിറഞ്ഞതും അധികം കൃഷിചെയ്യാത്തതുമായ സ്ഥലങ്ങളെ അർത്ഥമാക്കുന്നു. അതിനാൽ നിയമവും പ്രവാചകന്മാരും കൃഷിചെയ്തു പാകതവന്ന ജനത്തെ വയലായും കല്ലുനിറഞ്ഞതും കൃഷിക്കൊരുക്കാത്തതുമായ പുറജാതികളെ താഴ്വരയായും നമുക്കു മനസ്സിലാക്കാം.

അതിനാൽ, മണവാളൻ ആ തെരഞ്ഞെടുക്കപ്പെട്ട ജനമാകുന്ന വയലിലുണ്ടായ പുഷ്പമാകുന്നു. എന്നാൽ 'നിയമം' ഒരു മനുഷ്യനെയും പരിപൂർണതയിലേക്കു നയിച്ചിട്ടില്ലാത്തതിനാൽ (എബ്രാ. 7: 19) 'ദൈവവചനത്തിന് അവിടെ പുഷ്പത്തിന്റെ അവസ്ഥയിൽനിന്നു മുന്നോട്ടു പോകാൻ കഴിഞ്ഞില്ല; ഫലത്തിന്റേതായ പൂർണതയിൽ എത്തിച്ചേരാൻ സാധിച്ചില്ല. പുറജാതികളുടേതായ ആ താഴ്വരയിൽ അവിടുന്ന് ലില്ലിയായി. എന്നാൽ ഏതുതരം ലില്ലിയാണ്; തീർച്ചയായും സുവിശേഷത്തിൽ താൻതന്നെ പ്രസ്താവിക്കുന്ന വിധത്തിലുള്ള ലില്ലി. സ്വർഗസ്ഥനായ പിതാവ് അവയെ അണിയിച്ചൊരുക്കുന്നവെ

www.malankaralibrary.com



ന്നും 'സോളമൻപോലും തന്റെ സർവമഹത്വത്തിലും അവയിലൊന്നുപോലെ അണിയിക്കപ്പെട്ടിട്ടില്ലെന്നും' അവിടുന്നു പ്രസ്താവിക്കുന്നുണ്ടല്ലോ (മത്താ. 6: 28–30). അപ്പോൾ മണവാളൻ താഴ്‌വരയിലെ ലില്ലിപുഷ്പം ആയിരിക്കുന്നു. സോളമനു് തന്റെ സർവമഹത്വത്തിന്റെ മദ്ധ്യത്തിലും സ്വായത്തമാക്കാൻ കഴിയാത്തത്ര ഉന്നതമായ മാംസത്തിന്റെ ആവരണംകൊണ്ടു് പിതാവായ ദൈവം തന്നെ അണിയിച്ചൊരുക്കിയതുമൂലമാണിതു്. എന്തെന്നാൽ സോളമൻ കളങ്കമററ ശരീരത്തോടുകൂടിയല്ല ജനിച്ചതു്. പുരുഷന്റെ ആഗ്രഹത്തിൽനിന്നും സ്ത്രീസംയോഗത്തിൽനിന്നുമാണു് സോളമൻ ജനിച്ചതു്. ജീവിതകാലത്തെ വിവിധ പാപകൃത്യങ്ങളിൽനിന്നു് ആ ശരീരം വിമുക്തമായിരുന്നില്ല.

വയലിലെ പുഷ്പമായിരുന്ന താൻ താഴ്‌വരയിലെ ലില്ലിപുഷ്പംകൂടെ ആകാൻ ആഗ്രഹിച്ചതെന്തുകൊണ്ടാണെന്നു് അവിടുന്നു വ്യക്തമാക്കുന്നു. താൻ വളരെക്കാലം വയലിലെ പുഷ്പമായിരുന്നുവെങ്കിലും ആ വയലിൽനിന്നു് തന്റെ സാദൃശ്യത്തിലോ തന്നെ അനുകരിച്ചോ മറേറതെങ്കിലും പുഷ്പം ഉണ്ടായതായി അവിടുന്നു പറയുന്നില്ല. എന്നാൽ താൻ താഴ്‌വരയിലെ ലില്ലിപുഷ്പമായിത്തീർന്നപ്പോൾ ഉടൻതന്നെ തന്റെ പ്രിയതമ തന്നെ അനുകരിച്ചു് ഒരു ലില്ലിപുഷ്പമായിത്തീർന്നു. അങ്ങനെ താൻ ലില്ലിപുഷ്പമായിത്തീർന്നതുകൊണ്ടു പ്രയോജനമുണ്ടായി. തന്മൂലം തന്റെ ഓമന—അതായതു് തന്നെ സമീപിക്കുകയും തന്റെ മാതൃക അനുകരിക്കുകയുംചെയ്യുന്ന ഓരോ ആത്മാവും—ലില്ലിപുഷ്പമായിത്തീരും.

അതിനാൽ 'മുള്ളുകൾക്കിടയിലെ ലില്ലിപ്പൂപോലെയാണു് പുത്രിമാർക്കിടയിൽ എന്റെ പ്രിയതമ' എന്ന മണവാളന്റെ വാക്കുകൾ പുറജാതികളിൽനിന്നുള്ള സഭയെ സൂചിപ്പിക്കുന്നതായി നമുക്കു കണക്കാക്കാം. 'മുള്ളുകൾക്കിടയിലെ' എന്നതിനു് രണ്ടു തരത്തിൽ അർത്ഥം പറയാം. ഒന്നു്: അവൾ അവിശ്വാസികളുടെയും അവിശ്വസ്തരുടെയും ഇടയിൽ നിന്നു വന്നു. രണ്ടു്: ചുററും ബഹളമുണ്ടാക്കുന്ന പാഷണ്ഡരുടെ ശല്യത്തിന്റെ മദ്ധ്യത്തിലാണു് അവളുടെ സ്ഥിതി. രണ്ടാമതു പറഞ്ഞ അർത്ഥവിശദീകരണമാണു് കൂടുതൽ ശരിയായിരിക്കാനിടയുള്ളതു്. എന്തെന്നാൽ മണവാളൻ പറയുന്നു: 'അതുപോലെയാണു് പുത്രിമാർക്കിടയിൽ എന്റെ പ്രിയതമ.' ഒരിക്കലും വിശ്വാസത്തിലേയ്ക്കു വന്നിട്ടില്ലാത്ത ആത്മാക്കളെ സംബന്ധിച്ചു് 'പുത്രിമാർ' എന്ന വാക്കു് താൻ ഉപയോഗിക്കാൻ ഇടയില്ല. പാഷണ്ഡർ എപ്പോഴും വിശ്വാസത്തിലാണല്ലോ ആരംഭിക്കുന്നതു്. അതിനുശേഷം വിശ്വാസ-



ത്തിന്റെ മാർഗത്തിൽനിന്നും സഭയുടെ അദ്ധ്യാപനത്തിന്റെ സത്യത്തിൽ നിന്നും വ്യതിചലിക്കുന്നു. യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിൽ പറയുന്നു: 'അവർ നമ്മുടെ കൂട്ടത്തിൽനിന്നാണു പുറത്തുപോയതു്. അവർ നമുക്കുള്ളവരായിരുന്നില്ല. നമുക്കുള്ളവരായിരുന്നെങ്കിൽ നമ്മോടുകൂടെ നിലനിൽക്കുമായിരുന്നു (1 യോഹ. 2: 19).

ഉദ്ധൃതഭാഗം ഓരോ വ്യക്തിയുടെയും ആത്മാവിനെ പരാമർശിക്കുന്നതായും നമുക്കു പരിഗണിക്കാം. ആത്മാവിന്റെ സരളതയും നിരപ്പും സമത്വവും വയലെന്നു വിളിക്കപ്പെടാൻ അതിനെ അർഹമാക്കുന്നു. ദൈവവചനം പുഷ്പമായിത്തീർന്നു് നല്ല പ്രവൃത്തികളുടെ ആദ്യപാഠങ്ങൾ അവളെ പഠിപ്പിക്കുന്നു. എന്നാൽ കൂടുതൽ ആഴമുള്ള കാര്യങ്ങൾ അന്വേഷിക്കുകയും ഉപരിതലത്തിൽ കാണപ്പെടാത്ത കാര്യങ്ങളെക്കുറിച്ചു വിചിന്തനം ചെയ്യുകയും ചെയ്യുന്നവർക്കു്, അതുല്യമായ വിനയംകൊണ്ടോ അസാധാരണമായ വിജ്ഞാനം കൊണ്ടോ താഴ്‌വരകളെപ്പോലെ ആയിട്ടുള്ളവർക്കു് 'ദൈവവചനം ലില്ലിപ്പുഷ്പമായിത്തീരുന്നു. അവരും മുള്ളുകൾക്കിടയിലൂടെ മുകളിലേയ്ക്കു വന്നു വികസിക്കുന്നതിനു്—അതായതു്, സുവിശേഷത്തിൽ മുള്ളുകളോടുപമിക്കപ്പെട്ടിട്ടുള്ള ഭൗമികചിന്തകളിലും താല്പര്യങ്ങളിലും നിന്നു് ഓടിയകലുന്നവർ ആയിത്തീരുന്നതിനു്—വേണ്ടിയാണതു്. (മർക്കോ. 4: 18f.)

## 5

'കാട്ടുമരങ്ങൾക്കിടയിൽ ആപ്പിൾമരംപോലെയാണു പുത്രന്മാർക്കിടയിൽ എന്റെ ഭ്രാതൃപുത്രൻ. ഞാൻ അവന്റെ തണലിൽ ആഗ്രഹത്തോടുകൂടി ഇരുന്നു. അവന്റെ ഫലം എന്റെ കണ്ഠത്തിൽ മാധുര്യപൂർണമായിരുന്നു' (2. 3).

മണവാളൻ തന്നെക്കുറിച്ചു സംസാരിക്കുകയും താൻ വയലിൽ എന്തായിരുന്നുവെന്നും താഴ്‌വാരങ്ങളിൽ എന്തായിരുന്നുവെന്നും നമ്മോടു പറയുകയും ചെയ്തതു് ഉചിതം തന്നെ. തന്റെ മണവാട്ടിയെ സംബന്ധിച്ചു് അവൾ ആരായിരുന്നുവെന്നും പെൺകൊടികൾക്കിടയിൽ അവളുടെ സ്ഥാനമെന്തു് എന്നും അവിടുന്നു വ്യക്തമാക്കി. എന്നാൽ വധു അതിനു പ്രത്യുത്തരം പറയുമ്പോൾ തന്നെക്കുറിച്ചു തന്നെ പറയുന്നതു് ഉചിതമല്ല. മണവാളനെക്കുറിച്ചുള്ള ആശ്ചര്യാദരങ്ങൾ നിറഞ്ഞവളായിരിക്കുകയും അവിടുത്തെ പ്രകീർത്തിക്കുന്നതിൽ തന്റെ വാക്കുകളെ ഒതുക്കി നിർത്തുകയും ചെയ്യുക

www.malankaralibrary.com



അവർക്കുചിതമത്രേ. അതിനാൽ അവൾ മണവാളനെ ആപ്പിൾമരത്തോടു തുല്യപ്പെടുത്തുന്നു. വാക്കുകളുടെ സാമ്യത്താൽ ആപ്പിൾമരം (arbor mali) ചീത്തമരം (arbor mala) ആണെന്നും അതിന്റെ പേരു ദ്വേഷം (malice) എന്ന വാക്കിൽ നിന്നാണെന്നും സാധാരണക്കാർ ചിന്തിക്കാതിരിക്കാൻ, സാധാരണലത്തീൻകാർക്ക് മാളും (malum) എന്ന വാക്കിനേക്കാൾ കൂടുതൽ പരിചയമുള്ള ഗ്രീക്കുവാക്കുപയോഗിച്ച് തല്ക്കാലത്തേക്ക് മേളും മരം (arborem melum) എന്നു വിളിക്കാം. സത്യവിശകലനത്തിൽ ശബ്ദശാസ്ത്രജ്ഞന് ഇഷ്ടക്കേടുണ്ടായാലും വായനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ പാടില്ല.[4]

അപ്പോൾ, മണവാട്ടി മണവാളനെ ആപ്പിൾവൃക്ഷത്തോട് ഉപമിക്കുന്നു; മണവാളന്റെ ചങ്ങാതികളെ കാട്ടിലെ മറ്റു വൃക്ഷങ്ങളോടും. മണവാളൻ ആപ്പിൾ മരത്തിനു തുല്യനാണെന്നു സങ്കല്പിക്കുന്നതുകൊണ്ട് താൻ അദ്ദേഹത്തിന്റെ തണലിൽ ആഗ്രഹത്തോടുകൂടി ഇരിക്കുകയും ആ വൃക്ഷത്തിന്റെ ഫലം തന്റെ കണ്ഠനാളത്തിൽ മാധുര്യം നിറഞ്ഞതായി അനുഭവപ്പെടുകയും ചെയ്തുവെന്നു പറയാൻ അവൾക്കു സാധിക്കുന്നു. അല്പം മുമ്പു സംസാരിച്ച മണവാളൻ തന്റെ ചങ്ങാതിമാരെ സംബോധന ചെയ്തു സംസാരിച്ചതുപോലെ ഇവിടെ മണവാട്ടി തന്റെ വാക്കുകൾ തോഴിമാരോടായിട്ടാണു പറയുന്നത്.

ആദ്ധ്യാത്മിക രഹസ്യപരമായി ചിന്തിക്കുമ്പോൾ, മണവാട്ടി പുത്രന്മാർ എന്നു വിളിക്കുന്നത് ആരെയാണെന്നാണ് ഇനി പരിഗണിക്കാനുള്ളത്. കാട്ടിലെ മറ്റു വൃക്ഷങ്ങളെ ആപ്പിൾമരം എപ്രകാരമോ അപ്രകാരം ആ യുവാക്കന്മാരെ മണവാളൻ പശ്ചാത്കരിക്കുന്നുവെന്നാണല്ലോ മണവാട്ടി പറയുന്നത്. പുത്രിമാരെയും മുള്ളുകളെയും കുറിച്ചുള്ള പ്രസ്താവത്തിനു മുകളിൽക്കൊടുത്ത ദ്വിമുഖ വ്യാഖ്യാനത്തെ തുടർന്ന് ഈ പുത്രന്മാർ എന്ന വാക്കിനും രണ്ടുതരം അർത്ഥം കൊടുക്കാം. ഒന്ന്: മുമ്പ് പുത്രന്മാരായിരുന്നിട്ട് ഇപ്പോൾ അങ്ങനെയല്ലാത്തവർ. രണ്ട്: സ്വർഗീയ ദൂതന്മാരുടെ ഗണങ്ങൾ. എന്തെന്നാൽ, 'ഞാൻ പറയുന്നു, നിങ്ങൾ ദൈവങ്ങളാണ്, നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണ്' എന്നു പറയപ്പെട്ടിട്ടുള്ളത് ആരംഭത്തിൽ എല്ലാവരെ സംബന്ധിച്ചും ശരിയാണ്. എന്നാൽ താഴെ പറയുന്നവരെ സംബന്ധിച്ച് ഇടയ്ക്ക് ഒരു വ്യത്യാസം വന്നുകൂടി. 'എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും. ഏതു പ്രഭുവിനെപ്പോലെയും വീണുപോകും' (സങ്കീ. 82. 6f.). രണ്ടാമത്തേതിന് ഇതിനോടൊരു പരാമർശനമുണ്ട്: 'കർത്താവിനോട് സദൃശ്യൻ മേഘങ്ങളിൽ ആരുണ്ട്? അവനു തുല്യനായി ദൈവമക്കളിൽ ആരാണുള്ളത്? (സങ്കീ. 89: 6).



അതിനാൽ മണവാളൻ തന്റെ ചങ്ങാതിമാരുടെയിടയിൽ വനവൃക്ഷങ്ങളുടെ മദ്ധ്യത്തിൽ ആപ്പിൾമരംപോലെയാകുന്നു. ആ ആപ്പിൾമരത്തിന്റെ ഫലം സ്വാദിഷ്ഠതയിൽ മാത്രമല്ല, സൗരഭ്യത്തിലും മറ്റെല്ലാ വൃക്ഷങ്ങളുടെയും ഫലങ്ങളെ പിന്നിലാക്കുന്നു. അങ്ങനെ ആത്മാവിന്റെ രണ്ടു സംവേദനശക്തികളെ—ഗന്ധത്തെയും രുചിയെയും—അത് സന്തോഷിപ്പിക്കുന്നു. ജ്ഞാനം അവളുടെ ഭക്ഷണമേശയിൽ വിവിധതരം വിഭവങ്ങളാണ് നമുക്കുവേണ്ടി ഒരുക്കുന്നത്. അവിടെ ജീവന്റെ അപ്പം മാത്രമല്ല, വചനമാകുന്ന മാംസവും നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്നു. പാനപാത്രത്തിൽ വീഞ്ഞു പകർന്നുവയ്ക്കുക മാത്രമല്ല അവൾ ചെയ്തിട്ടുള്ളത്, സുഗന്ധപൂർണങ്ങളായ ആപ്പിൾപ്പഴങ്ങളുടെ ഒരു ശേഖരവും അവിടെയുണ്ട്. അതിമാധുര്യമുള്ള ആ ആപ്പിൾപ്പഴങ്ങൾ വായ്ക്കും ചുണ്ടുകൾക്കും ആസ്വാദ്യങ്ങളാണെന്നു മാത്രമല്ല, ഗളാന്തർഭാഗത്തെത്തുമ്പോഴും ആ മാധുര്യം നഷ്ടപ്പെടുന്നുമില്ല.

കാട്ടിലെ മരങ്ങളായി വിവിധ പാഷാണ്ഡതകളുടെ വിധാതാക്കളായ ദൂതന്മാരെ നമുക്കു കണക്കാക്കാം. ക്രിസ്തുവിന്റെ അദ്ധ്യാപനങ്ങളുടെ മാധുര്യത്തെ പാഷണ്ഡതത്ത്വങ്ങളുടെ ദുസ്സ്വാദിനോടു താരതമ്യപ്പെടുത്തുമ്പോൾ സദ്യ് അവയുടെ വ്യത്യാസം പെട്ടെന്നു ബോദ്ധ്യപ്പെടും. പാഷണ്ഡികൾ അവതരിപ്പിക്കുന്നത് നിരുപയോഗങ്ങളും ദുസ്സ്വാദുനിറഞ്ഞവയുമായ കാട്ടുമരക്കായ്കളാണ്.

'വൃക്ഷങ്ങളുടെ വേരിനു കോടാലി വയ്ക്കപ്പെട്ടു കഴിഞ്ഞു. നല്ലഫലങ്ങൾ കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയപ്പെടും' എന്ന സുവിശേഷ വാക്യങ്ങൾ (മത്താ. 3: 10) ഇവിടെ പറയപ്പെടുന്ന കാട്ടുമരങ്ങളെ സംബന്ധിച്ചു സാർത്ഥകമാണ്. ഇങ്ങനെ നോക്കുമ്പോൾ മണവാട്ടിയുടെ ഭ്രാതൃപുത്രൻ ക്രിസ്തുവിന്റെ സഭയിൽ അവൾക്ക് ഒരു ആപ്പിൾമരംപോലെയാകുന്നു. എന്നാൽ പല വിധത്തിലുള്ള അബദ്ധവിശ്വാസക്കാർ ഫലശൂന്യങ്ങളായ കാനന വൃക്ഷങ്ങളെന്ന നിലയ്ക്ക്, ദൈവവിധിയാൽ, വെട്ടി തീയിൽ എറിയപ്പെടും.

അതിനാൽ ഈ ആപ്പിൾ മരത്തിന്റെ ചുവട്ടിൽ ഇരിക്കാൻ മണവാട്ടി ആഗ്രഹിക്കുന്നു. ഈ മണവാട്ടി, നാം മുമ്പു പറഞ്ഞതുപോലെ, സഭയാകാം. സഭ ദൈവപുത്രന്റെ സംരക്ഷണയിൽ സുരക്ഷിതയായിരിക്കാനാണ് ആഗ്രഹിക്കുന്നത്. അല്ലെങ്കിൽ മനുഷ്യാത്മാവാകാം. മറ്റെല്ലാ പഠനങ്ങളേയും വിട്ട് ദൈവവചനത്തോടു പറ്റിച്ചേർന്നിരിക്കാൻ അവൾ അഭിലഷിക്കുന്നു. ആ വചനത്തിന്റെ ഫലം അവളുടെ കണ്ഠത്തിൽ മാധുര്യം പകരുന്നു. ശുദ്ധിയുള്ള ഒരു മൃഗം അതിന്റെ ഭക്ഷണം അയവിറക്കുന്നതു

www.malankaralibrary.com



പോലെ[5] ദൈവത്തിന്റെ നിയമത്തെക്കുറിച്ച് നിരന്തരമായി സ്നേഹപൂർവം ധ്യാനിക്കുന്നതാണവൾക്കിഷ്ടം.

ആപ്പിൾമരത്തിന്റെ തണലിലിരിക്കാൻ സഭ ആഗ്രഹിക്കുന്നതായി നാം പറഞ്ഞുവല്ലോ. ഈ ആപ്പിൾമരം എന്തിനെ സൂചിപ്പിക്കുന്നു എന്നു വ്യക്തമാക്കുന്ന ചില വി. ലിഖിത ഭാഗങ്ങൾ ഇവിടെ എടുത്തു പറയുന്നത് അനുചിതമാവുകയില്ല എന്നു കരുതുന്നു. വിലാപങ്ങളുടെ പുസ്തകത്തിൽ ജെറമിയാ ദീർഘദർശി ഇങ്ങനെ പറയുന്നു: 'ഞങ്ങളുടെ ജീവശ്വാസം, കർത്താവിന്റെ അഭിഷിക്തൻ, ഞങ്ങളുടെ പതനങ്ങളിൽ ഞങ്ങളോടൊപ്പം എടുക്കപ്പെട്ടു. അവന്റെ തണലിൽ ഞങ്ങൾ അന്യജനതകളുടെ യിടയിൽ വസിക്കും എന്ന് അവനെപ്പററിയാണു ഞങ്ങൾ പറഞ്ഞിരുന്നത്'' (4: 20). പ്രവാചകൻ പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി, ക്രിസ്തുവിന്റെ തണലിനാൽ അന്യജനതകൾക്ക് ജീവൻ നൽകപ്പെടും, എന്നിവിടെ പ്രസ്താവിക്കുകയാണ്. തന്റെ തിരുശരീരം ഗർഭം ധരിക്കപ്പെട്ട സന്ദർഭത്തിൽത്തന്നെ ദൈവദൂതൻ മറിയത്തോടു പറഞ്ഞു, 'പരിശുദ്ധാത്മാവു നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും' (ലൂക്കോ. 1: 35). ആ ദൈവപുത്രന്റെ തണൽ നമുക്കു ജീവൻ നൽകാതിരിക്കുന്നതെങ്ങനെ?

തന്റെ തിരുശരീരം രൂപംകൊണ്ട സന്ദർഭത്തിൽ നിഴൽ വീശിയത് അത്യുന്നതന്റെ ശക്തിയായിരുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനത്തിന്റെ തണൽ ന്യായമായും പുറജാതികൾക്കു ജീവൻ പകരും. തന്റെ മണവാട്ടിയായ സഭ ആ ആപ്പിൾ വൃക്ഷത്തിന്റെ തണലിൽ ഇരിക്കാൻ ആഗ്രഹിക്കുന്നതു ന്യായം തന്നെ. ആ തണലിൽ ഉൾച്ചേർന്നിരിക്കുന്ന ജീവനിൽ പങ്കാളിയാകാൻ സ്വാഭാവികമായും അവൾ ആഗ്രഹിക്കുന്നു. എന്നാൽ കാട്ടിലെ മററു മരങ്ങളുടെ തണലിൽ ഇരിക്കുന്നവർ മരണത്തിന്റെ നിഴലിലാണു തങ്ങൾ സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കിക്കൊള്ളും.

നമ്മുടെ പരിഗണനയിലുള്ള ഉദ്ധൃതഭാഗത്തിന്റെ ആശയം കൂടുതൽ വ്യക്തമാകുന്നതിനു് അപ്പസ്തോലൻ പറയുന്ന ഒരുകാര്യം കൂടെ നമുക്കു കണക്കിലെടുക്കാം. ഹെബ്രായർക്കുള്ള ലേഖനത്തിൽ അദ്ദേഹം പറയുന്നു: 'നിയമം വരാനിരിക്കുന്ന നന്മകളുടെ ഒരു നിഴൽ മാത്രമാണ്. ഉത്സവങ്ങളേയും അമാവാസികളെയും ശാബത്തുകളെയും സംബന്ധിച്ച് എഴുതപ്പെട്ട കാര്യങ്ങളെയെല്ലാം വരാനിരിക്കുന്ന നല്ല കാര്യങ്ങളുടെ നിഴലുകൾ എന്ന് അദ്ദേഹം വിളിക്കുന്നു. നിയമങ്ങളെ അക്ഷരാർത്ഥത്തിൽ സ്വീകരിച്ചു ചെയ്തിരുന്ന കാര്യങ്ങളെയാണ് അദ്ദേഹം ഇവിടെ വിവക്ഷിക്കു



ന്നത്. പൂർവികരുടെ ആചരണങ്ങളെക്കുറിച്ച് 'സ്വർഗീയ വസ്തുക്കളുടെ സാദൃശ്യത്തെയും നിഴലിനെയുമാണ് അവർ പൂജിക്കുന്നത്'' എന്ന് അദ്ദേഹം പറയുന്നു[6]. അങ്ങനെയെങ്കിൽ നിയമത്തിനു് അധീനരായിരിക്കുകയും യഥാർത്ഥ നിയമത്തിന്റെ സത്തസ്വരൂപകരം അതിന്റെ നിഴലിനവകാശികളായിരിക്കുകയും ചെയ്തവർ നിയമത്തിന്റെ നിഴലിൽ ഇരുന്നിരുന്നു എന്നു സിദ്ധം. എന്നാൽ നാം അവരുടെ നിഴലിനു് അന്യരത്രേ. 'എന്തെന്നാൽ നാം നിയമത്തിനു കീഴ്പ്പെട്ടവരല്ല, കൃപയ്ക്കു കീഴ്പ്പെട്ടവരാകുന്നു' (റോമ. 6: 4).

നാം അക്ഷരാർത്ഥത്തിലുള്ള നിയമത്തിന്റെ നിഴലിനു കീഴ്പ്പെട്ടവരല്ലെങ്കിലും കുറെക്കൂടെ മെച്ചപ്പെട്ട ഒരു തണലിൻകീഴിലാണ്. 'എന്തെന്നാൽ നാം പുറജാതിക്കാരുടെയിടയിൽ ക്രിസ്തുവിന്റെ തണലിൽ ജീവിക്കുന്നു.' നിയമത്തിന്റെ തണലിൽനിന്നു ക്രിസ്തുവിന്റെ തണലിലേക്കു വരുക എന്നുള്ളത് ഒരു പുരോഗതിയാണ്. ക്രിസ്തു, വഴിയും സത്യവും ജീവനും ആയതുകൊണ്ട് (യോഹ. 14: 6) നാം ആ വഴിയുടെ തണലിലും സത്യത്തിന്റെ തണലിലും ജീവന്റെ തണലിലും രൂപീകരണം നേടണം. കാര്യങ്ങൾ കണ്ണാടിയിലൂടെ എന്നപോലെയും കടംകഥയിലൂടെയും ഭാഗികമായും ഗ്രഹിക്കണം. തുടർന്നു ക്രിസ്തുവാകുന്ന വഴിയിലൂടെ മുന്നോട്ടുപോയാൽ മുമ്പ് ഭാഗികമായും നിഴലിലും കടംകഥയിലും കണ്ട കാര്യങ്ങൾ അഭിമുഖം കണ്ടു മനസ്സിലാക്കാൻ നമുക്കു കഴിയും (1 കൊരി. 13: 12). മുകളിൽ പ്പറഞ്ഞ വൃക്ഷത്തിന്റെ തണലിൽ ഇരിക്കാൻ ആഗ്രഹിച്ചിട്ടില്ലാത്ത ആർക്കും സത്യവും പൂർണവുമായ കാര്യങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയില്ല.

ഇതേരീതിയിൽ, 'മനുഷ്യന്റെ ജീവിതംമുഴുവൻ ഒരു നിഴലാണ്'' എന്ന് ജോബു പറയുന്നു (7: 1). ഈ പരുക്കനായ ശരീരത്തിന്റെ നിഴൽകൊണ്ട് ആവൃതമാണ് ഓരോ ആത്മാവും ഈ ജീവിതത്തിൽ എന്നാണ് അദ്ദേഹം അർത്ഥമാക്കുന്നതെന്നു ഞാൻ കരുതുന്നു. അതിനാൽ ഈ ജീവിതത്തിലായിരിക്കുന്നവരെല്ലാം അനിവാര്യമായും ഏതെങ്കിലുംവിധത്തിൽ നിഴലിൽ ആയിരിക്കും.

എങ്ങനെയായാലും ചിലർ 'മരണനിഴലിന്റെ മേഖലയിൽ' ഇരിക്കുന്നവരാകുന്നു.[7] ക്രിസ്തുവിൽ വിശ്വസിക്കാത്തവരാണ് ആ സ്ഥലത്ത് ഇരിക്കുന്നത്. ഇതിനുനേരേ വിപരീതമായി സഭ ആത്മവിശ്വാസത്തോടുകൂടി പറയുന്നു: 'മണവാളന്റെ തണലിൽ ഇരിക്കാൻ ഞാൻ ആഗ്രഹിക്കുകയും ഇരിക്കുകയും ചെയ്തു.' 'നിയമ'ത്തിന്റെ തണലിൽ ഇരിക്കുന്നവർക്ക് വേന

www.malankaralibrary.com



ലിന്റെയും ചൂടിന്റെയും കാഠിന്യത്തിൽനിന്നു സംരക്ഷണം ലഭിക്കുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ആ കാലം കടന്നുപോയി. ഇനി നമുക്കു് ആപ്പിൾ വൃക്ഷത്തിന്റെ തണലിലേയ്ക്കു വരാം. ആളുകൾക്കു് മറ്റേതെങ്കിലും തണലും ഉപയോഗപ്പെടുത്താവുന്നതാണെങ്കിലും ഈ ജീവിതത്തിലായിരിക്കുവോളം ആത്മാവിന്നു് ഒരു തണൽ ആവശ്യമുണ്ടെന്നതു് അനിഷേധ്യമത്രേ. ഉദിച്ചുയർന്നു കഴിയുമ്പോഴൊ, ആഴത്തിൽ വേരുപിടിച്ചിട്ടില്ലാത്ത എല്ലാ വിത്തുകളെയും ഉണക്കിക്കരിച്ചുകളയുന്ന ചൂടോടുകൂടിയ ഒരു സൂര്യൻ ഉണ്ടെന്നതാണു് അതിനു കാരണം (മത്താ. 13: 6). 'നിയമ'ത്തിന്റെ തണൽ ഈ ചൂടിൽനിന്നു് അപര്യാപ്തമായ സംരക്ഷണം മാത്രമേ നൽകിയിരുന്നുള്ളു. ഇന്നു നാം പുറജാതിക്കാരുടെ മദ്ധ്യത്തിൽ ജീവിക്കുന്നതു് ക്രിസ്തുവിന്റെ തണലിൽ—തന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ—ആകുന്നു. ആ തണൽ മുൻപറഞ്ഞ ചൂടിൽനിന്നു് നമുക്കു സമ്പൂർണസംരക്ഷണം നൽകുകയും ആ ചൂടു് ശമിപ്പിക്കുകയും ചെയ്യുന്നു. 'നിയമ'ത്തിന്റെ തണലിൽ സഞ്ചരിച്ചിരുന്നവർക്കു് പൊള്ളലേല്പിച്ചിരുന്നവൻ ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ സമയത്തു് സ്വർഗത്തിൽനിന്നു് ഇടിമിന്നൽപോലെ നിപതിക്കുന്നതായി കാണപ്പെട്ടു (ലൂക്കോ. 10: 8). എന്നാൽ ഈ തണലിന്റെ കാലഘട്ടവും യുഗാന്ത്യത്തിൽ പൂർത്തിയാകേണ്ടതുണ്ടു്. എന്തെന്നാൽ നാം മുമ്പു പറഞ്ഞതുപോലെ യുഗാവസാനത്തിൽ നാം കാണുന്നതു് കണ്ണാടിയിലൂടെയും കടംകഥയിലൂടെയും ആയിരിക്കയില്ല, മുഖാഭിമുഖമായിരിക്കും (1 കൊരി. 13: 12).

'അവിടുത്തെ ചിറകുകളുടെ തണലിൽ ഞാൻ ആനന്ദിക്കും' എന്ന വാക്യത്തിലും (സങ്കീ. 57: 1) ഇതുപോലൊരർത്ഥമുണ്ടെന്നു് ഞാൻ കരുതുന്നു. ഈ ചെറിയ പുസ്തകത്തിൽത്തന്നെ അടുത്തൊരു ഭാഗത്തു് മണവാട്ടി പറയുന്നു: 'എന്റെ ആത്മനാഥൻ എന്റെതാണു്; ഞാൻ അവന്റേതും. അവൻ തന്റെ ആട്ടിൻപറ്റത്തെ ലില്ലികൾക്കിടയിൽ മേയിക്കുന്നു; പകൽ അന്ത്യശ്വാസം വലിക്കുകയും നിഴലുകൾ എടുക്കപ്പെടുകയും ചെയ്യുന്നതുവരെ (ഉത്തമ. 2: 16f ). എല്ലാ നിഴലുകളും നീക്കപ്പെടുകയും സത്യംമാത്രം നിലനിൽക്കുകയും ചെയ്യുന്ന ഒരു സമയം വരുമെന്നാണു് ഈ വാക്കുകളിലൂടെ മണവാട്ടി വ്യക്തമാക്കുന്നതു്.

'അവന്റെ കനി എന്റെ കണ്ഠത്തിനു മാധുര്യപൂർണമായിരുന്നു' എന്നു മണവാട്ടി പറയുന്നുണ്ടല്ലോ. വായിൽ നിർജീവവും അർത്ഥശൂന്യവുമായതൊന്നുമില്ലാത്ത ആത്മാവിനെ സംബന്ധിച്ചു് ഈ ഉക്തി പ്രസക്തമത്രേ. 'അവരുടെ കണ്ഠം ഒരു തുറന്ന ശവകുടീരമാകുന്നു' എന്നു പറയപ്പെട്ടിട്ടുള്ളതു് അവരെക്കു



റിച്ചല്ല (സങ്കീ. 5: 9). മരണത്തിന്റേതും വിനാശത്തിന്റേതുമായ വചനങ്ങൾ ഉദീരണം ചെയ്യുന്നവരുടെ കണ്ഠങ്ങളെയാണു് ശവക്കല്ലറകൾ എന്നു വിളിക്കുന്നതു്. സത്യവിശ്വാസത്തിനെതിരായി സംസാരിക്കുകയും ചാരിത്ര്യത്തിന്റെയും നീതിയുടെയും സംയമത്തിന്റെയും ക്രമീകരണങ്ങളെ എതിർക്കുകയും ചെയ്യുന്നവരുടെ കണ്ഠങ്ങളെയും അങ്ങനെ വിളിക്കാം.

മരണത്തിന്റെ വചനങ്ങൾ ആരിൽ നിന്നു പുറപ്പെടുന്നുവോ, അവരുടെ വായ്കളാണു് ശവകുടീരങ്ങളും മൃത്യുവിന്റെ ഭവനങ്ങളും. എന്നാൽ നീതിമാനായ മനുഷ്യൻ പറയുന്നു, 'നിന്റെ വചനങ്ങൾ എന്റെ വാഗ്ഗു് എത്ര മാധുര്യമാർന്നവ' (സങ്കീ. 118: 103). ജീവന്റെ വചനങ്ങൾ പഠിപ്പിച്ച മറ്റൊരാൾ ഇങ്ങനെ പറയുന്നു, 'കൊറിന്തോസുകാരേ, ഞങ്ങൾ നിങ്ങളോടു വായ് തുറന്നു സംസാരിക്കുന്നു. ഞങ്ങളുടെ ഹൃദയം നിങ്ങളെ തുറന്നു കാണിക്കുകയും ചെയ്യുന്നു' (2 കൊറി. 6: 11). ദൈവവചനത്തിനു തന്റെ വായ് തുറന്നുകൊടുത്ത മറ്റൊരാൾ പറയുന്നതിങ്ങനെയാണു്: 'ഞാൻ എന്റെ വായ് തുറന്നു. എന്റെ ശ്വാസം വലിച്ചെടുത്തു' (സങ്കീ. 118: 13).

## 6

'വീഞ്ഞിന്റെ ഭവനത്തിലേയ്ക്കു് എന്നെ ആനയിക്കുക' (2: 4a·).

ഇവിടെയും സംസാരിക്കുന്നതു മണവാട്ടിതന്നെ. അവൾ ഇപ്പോൾ സംസാരിക്കുന്നതു് മണവാളന്റെ അന്തരംഗസുഹൃത്തുക്കളോടാണെന്നെനിക്കു തോന്നുന്നു. സന്തോഷത്തിന്റെ ഭവനത്തിലേയ്ക്കു് തന്നെ നയിക്കാനാണു് അവൾ ആവശ്യപ്പെടുന്നതു്. അവിടെ വീഞ്ഞുകുടിക്കാനുണ്ടു്, വിരുന്നൊരുക്കപ്പെട്ടിട്ടുണ്ടു്. രാജാവിന്റെ മണിയറ കണ്ടുകഴിഞ്ഞ അവൾ ഇപ്പോൾ രാജകീയ വിരുന്നിലേയ്ക്കും പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുകയാണു്. അവിടെ സന്തോഷത്തിന്റെ മുന്തിരിച്ചാറു് ആസ്വദിക്കാൻ അവൾ ആഗ്രഹിക്കുകയാണു്.

മണവാളന്റെ സുഹൃത്തുക്കൾ എന്നു പറയുമ്പോൾ പ്രവാചകന്മാരെയും ലോകാരംഭംമുതൽ ദൈവവചനത്തിനു ശുശ്രൂഷ ചെയ്ത എല്ലാ ആളുകളെയുമാണു മനസ്സിലാക്കേണ്ടതെന്നു് നാം മുമ്പു പറഞ്ഞിട്ടുണ്ടു്. അപ്പോൾ ക്രിസ്തുവിന്റെ സഭയും ദൈവവചനത്തെ സ്നേഹപൂർവം ആശ്രയിക്കുന്ന ആത്മാവിനും മണവാളന്റെ സുഹൃത്തുക്കളോടു്, തന്നെ വീഞ്ഞിന്റെ ഭവനത്തിലേക്കു് ആന

www.malankaralibrary.com



യിക്കാൻ അവകാശപൂർവം ആവശ്യപ്പെടാം; അതായത് 'ജ്ഞാനം തന്റെ പാനപാത്രത്തിൽവീഞ്ഞ് ഒരുക്കിയിരിക്കുന്നിടത്തേയ്ക്ക്.' ജ്ഞാനം തന്റെ വീഞ്ഞു കലർത്തി തയാറാക്കിയിട്ട്, 'വിവേകമില്ലാത്തവരോടും ഗ്രഹണശക്തി കുറഞ്ഞവരോടും' തന്റെ വേലക്കാർവഴി ഇങ്ങനെ അഭ്യർത്ഥിക്കുന്നു: 'വരുവിൻ, വന്ന് എന്റെ അപ്പം ഭക്ഷിക്കുകയും ഞാൻ കലർത്തിയ വീഞ്ഞ് കുടിക്കുകയും ചെയ്യുവിൻ' (സദൃശ്യ. 9. 1–5).

ഇതാണ് വീഞ്ഞും വിരുന്നും ഉള്ള ഭവനം. ഇവിടെയാണ് 'കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾവന്ന് അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടി സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കുന്നത്'' (മത്താ. 8: 11). തങ്ങളെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്ന ആത്മാക്കളെ പ്രവാചകന്മാർ ഈ ഭവനത്തിലേയ്ക്കും ഈ വിരുന്നുശാലയിലേയ്ക്കും നയിക്കുന്നു. 'രക്ഷയുടെ പൈതൃകം സ്വീകരിച്ചവർക്കു ശുശ്രൂഷ ചെയ്യുവാൻ വേണ്ടി' അയയ്ക്കപ്പെട്ടവരായ പരിശുദ്ധമാലാഖമാരും സ്വർഗ്ഗീയശക്തികളും' ഇങ്ങനെ നയിക്കുന്നവർതന്നെ (എബ്രാ. 1: 14).

'മുന്തിരിച്ചക്കുകൾക്ക്'' എന്ന തലക്കെട്ടുള്ള സങ്കീർത്തനങ്ങളിൽ ഉദ്ദേശിച്ചിരിക്കുന്നത് ഈ വീഞ്ഞാണ്.[8] 'ഞാനാണ് യഥാർത്ഥ മുന്തിരിവള്ളി' എന്നു പറയുന്ന മുന്തിരിവള്ളിയിൽനിന്ന് നിർമിക്കപ്പെട്ട വീഞ്ഞ് ഇതാകുന്നു. ചക്കിൽ ആട്ടി ആ വീഞ്ഞുണ്ടാക്കുന്ന കർഷകൻ അവിടുത്തെ സ്വർഗീയ പിതാവത്രേ. ഈ ലോകത്തിൽ മാത്രമല്ല, സ്വർഗത്തിലും യേശുവിനോടൊത്തു വസിച്ച ശാഖകളിലുണ്ടായ വീഞ്ഞാണത്. 'എന്നിൽ വസിക്കാത്ത ഒരു ശാഖയും ഫലം പുറപ്പെടുവിക്കുന്നില്ല' (യോഹ. 15: 1, 4) എന്ന വാക്യത്തിന്റെ അർത്ഥം ഞാൻ മനസ്സിലാക്കുന്നതങ്ങനെയാണ്. വചനത്തിൽ വസിക്കാത്ത ഒരാൾക്കും ഈ വീഞ്ഞിനുള്ള മുന്തിരിപ്പഴം പുറപ്പെടുവിക്കാൻ സാദ്ധ്യമല്ല. വചനത്തിലെന്നപോലെതന്നെ ജ്ഞാനം, സത്യം, നീതി, ശാന്തി തുടങ്ങിയ നന്മകളിലും അവൻ വസിക്കേണ്ടിയിരിക്കുന്നു. ഈ വീഞ്ഞു കുടിച്ചു ലഹരിപിടിക്കാനാണ് നീതിമാന്മാരും വിശുദ്ധചരിതരും ന്യായമായ വിധത്തിൽ അഭിലഷിക്കുന്നത്. ആത്മാവിൽ ഇത്തരം കാര്യങ്ങൾ കണ്ടിട്ടാണ് നോഹയ്ക്ക് മത്തു പിടിച്ചതായി പറയപ്പെടുന്നതെന്നു ഞാൻ കരുതുന്നു (ഉല്പ. 9: 21). ഈ വിരുന്നിലെ പാനപാത്രം കണ്ട് ആശ്ചര്യഭരിതനായി ദാവീദ് പറയുന്നു: 'ലഹരിപിടിപ്പിക്കുന്നതായ അങ്ങയുടെ പാനപാത്രം! അതെത്ര മനോഹരമാകുന്നു!' (സങ്കീ. 23: 5).

അതിനാൽ സഭ, അഥവാ പരിപൂർണമായ കാര്യങ്ങൾക്കുവേണ്ടി ആഗ്രഹിക്കുന്ന ആത്മാവ്, ഈ വീഞ്ഞിന്റെ ഭവനത്തിൽ



പ്രവേശിക്കാൻ തിടുക്കപ്പെടുന്നു. ജ്ഞാനത്തിന്റെ അദ്ധ്യാപനങ്ങളും അറിവിന്റെ രഹസ്യങ്ങളും ആസ്വദിക്കാൻ അത് ആഗ്രഹിക്കുന്നു.

സത്യത്തിന്റെ തത്ത്വങ്ങളിൽനിന്നു പിഴിഞ്ഞെടുക്കപ്പെടുകയും ജ്ഞാനത്തിന്റെ പാനപാത്രത്തിൽ കലർത്തപ്പെടുകയും ചെയ്യുന്ന ഈ വീഞ്ഞിനു പുറമേ, വിപരീതസ്വഭാവമുള്ള മറ്റൊരു വീഞ്ഞും ഉണ്ടെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. പാപികളും അബദ്ധ പഠനങ്ങളുടെ ഹാനികരമായ തത്ത്വങ്ങൾ അംഗീകരിക്കുന്നവരും ആ വീഞ്ഞു കുടിച്ചു മത്തരായിത്തീരുന്നു. അവരെക്കുറിച്ചാണ് സോളമൻ സുഭാഷിതങ്ങളിൽ ഇങ്ങനെ പറയുന്നത്: 'അവർ ദുഷ്ടതയുടെ അപ്പം ഭക്ഷിക്കുകയും അക്രമത്തിന്റെ വീഞ്ഞു കുടിക്കുകയും ചെയ്യുന്നു' (സദൃശ്യ. 4. 17). ഈ ദുഷ്ടതയുടെ വീഞ്ഞിനെക്കുറിച്ച് നിയമാവർത്തനത്തിലും നാം ഇങ്ങനെ വായിക്കുന്നുണ്ട്: 'അവരുടെ മുന്തിരി സോദോമിലെയും ഗോമോറായിലെയും വയലുകളിൽ വളരുന്നു. അതിന്റെ പഴങ്ങൾ വിഷമയമാണ്. കുലകൾ തിക്തവും. അവരുടെ വീഞ്ഞ് കരാള സർപ്പത്തിന്റെ വിഷമാണ്; ക്രൂര സർപ്പത്തിന്റെ കൊടിയ വിഷം' (32: 32f.).

യഥാർത്ഥ മുന്തിരിയിൽനിന്നു ലഭിക്കുന്ന വീഞ്ഞ് എന്നും പുതുമയുള്ളതായിരിക്കും. ആത്മാക്കൾ പഠനത്തിൽ പുരോഗമിക്കുന്നതനുസരിച്ച് ദൈവിക വിജ്ഞാനത്തിലുള്ള അവരുടെ ധാരണയും അവരുടെ വിവേകവും നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കും. അതുകൊണ്ടാണ് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞത്: 'എന്റെ പിതാവിന്റെ രാജ്യത്ത് നിങ്ങളോടൊത്ത് ഈ വീഞ്ഞ് ഞാൻ പുതുതായി പാനം ചെയ്യും.' (മത്താ. 26: 29). എന്തുകൊണ്ടെന്നാൽ മനുഷ്യർക്കു മാത്രമല്ല, മാലാഖമാർക്കും സ്വർഗ്ഗീയ ശക്തികൾക്കും ദൈവത്തിന്റെ ജ്ഞാനം വഴി രഹസ്യങ്ങളുടെ അറിവും ആദ്ധ്യാത്മികതത്ത്വങ്ങളുടെ വെളിപാടും നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കയാണ്.

## 7

'ക്രമമനുസരിച്ചുള്ള സ്നേഹം എന്നിൽ സ്ഥാപിക്കുക' (2. 46).

ഈ വാക്കുകളും മണവാട്ടിയുടേതുതന്നെ. മുൻ ഉദ്ധരണത്തിലെ ആളുകളെത്തന്നെ സംബോധന ചെയ്യുന്നു. സംബോധനചെയ്യപ്പെടുന്നവരുടെ കൂട്ടത്തിൽ, വേണമെങ്കിൽ ക്രിസ്തുവിന്റെ അപ്പസ്തോല

www.malankaralibrary.com



ന്മാരെയും നമുക്ക് ഉൾപ്പെടുത്താം. അവളുടെ വാക്കുകൾക്ക് നമുക്ക് ഇങ്ങനെ അർത്ഥമെടുക്കാം: എല്ലാ മനുഷ്യരും എന്തിനെയെങ്കിലും സ്നേഹിക്കുന്നുണ്ടെന്നു നിശ്ചയമാണ്. സ്നേഹിക്കാൻ കഴിയുന്ന പ്രായത്തിലെത്തിയ ഒരാൾ എന്തിനെയെങ്കിലും സ്നേഹിക്കാതിരിക്കുകയില്ല എന്ന് ഇപ്പുസ്തകത്തിന്റെ ആമുഖത്തിൽ ഞാൻ വേണ്ടവിധം വ്യക്തമാക്കിയിട്ടുണ്ട്. ചിലയാളുകളിൽ ഈ സ്നേഹം വേണ്ടവിധത്തിൽ നിയന്ത്രിക്കപ്പെട്ട് ശരിയായ ദിശയിൽ പുരോഗമിക്കുന്നു. എന്നാൽ വളരെയേറെപ്പേരെ സംബന്ധിച്ചിടത്തോളം ഈ സ്നേഹം ക്രമംതെററിയ മട്ടിലാണു മുമ്പോട്ടു പോവുക. ഒരാൾ സ്നേഹിക്കേണ്ടതിനെ സ്നേഹിക്കാതിരിക്കുകയോ വേണ്ടവിധം സ്നേഹിക്കാതിരിക്കുകയോ അരുതാത്തതിനെ സ്നേഹിക്കുകയോ ചെയ്യുമ്പോഴാണ് അയാളുടെ സ്നേഹം ക്രമംതെററിയതാണെന്നു നാം പറയുന്നത്. ക്രമീകൃതമായവിധത്തിൽ സ്നേഹിക്കുന്നവർ വളരെ കുറച്ചുപേർ മാത്രമത്രേ. അവർ ജീവിതത്തിൽ നേരേ മുമ്പോട്ടുപോകുന്നു. വലത്തോട്ടോ ഇടത്തോട്ടോ തിരിഞ്ഞുനോക്കുന്നില്ല.

ഇവിടെ ആ സ്നേഹത്തിന്റെ ക്രമത്തെയും അളവിനെയും സംബന്ധിച്ച ഒരു മാതൃക നമുക്കു കാണാം. ദൈവത്തെ സ്നേഹിക്കുന്നതിൽ അളവോ അതിരോ ഇല്ല. നിങ്ങൾക്കുള്ളതെല്ലാം ദൈവത്തിനു നല്കണം എന്നതു മാത്രമാണു പരിധി. ക്രിസ്തുവിൽ നാം ദൈവത്തെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടുംകൂടി സ്നേഹിക്കണം. ഇക്കാര്യത്തിൽ അളവില്ല. എന്നാൽ അയൽക്കാരനെ സ്നേഹിക്കുന്ന വിഷയത്തിൽ അല്പം പരിധിയുണ്ട്. 'നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക' എന്ന് വി. ലിഖിതം പറയുന്നു.[9] അപ്പോൾ നിങ്ങൾ നിങ്ങളുടെ പൂർണ ശക്തിയോടുകൂടി ദൈവത്തെ സ്നേഹിക്കുന്നില്ലെങ്കിൽ, നിങ്ങളെ സ്നേഹിക്കുന്നതുപോലെതന്നെ അയല്ക്കാരനെ സ്നേഹിക്കുന്നില്ലെങ്കിൽ, അതിൽ അല്പം വ്യത്യാസം കാണിക്കുന്നുണ്ടെങ്കിൽ, നിങ്ങളിലെ സ്നേഹം നല്ല ക്രമമുള്ളതല്ല.

നാം സ്നേഹത്തിന്റെ ക്രമമാണല്ലോ ചർച്ച ചെയ്യുന്നത്. അതിനാൽ ആരെയാണു നാം സ്നേഹിക്കേണ്ടതെന്ന് കൂടുതൽ സൂക്ഷ്മമായി അന്വേഷിക്കാം. എത്രമാത്രം സ്നേഹിക്കണമെന്നതും പരിഗണിക്കേണ്ടതുണ്ട്. ശ്ളീഹാ പറയുന്നതുപോലെ, 'നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണെങ്കിൽ' (എഫേ. 4: 25) നാം നമ്മുടെ അയല്ക്കാരെ സ്നേഹിക്കേണ്ടത് അന്യമനുഷ്യരെ എന്ന വിധത്തിലല്ല, നമ്മുടെ അവയവങ്ങൾ എന്ന വിധത്തിൽത്തന്നെയാണ്. നാം ഒരേ ശരീരത്തിന്റെ



വിവിധ അവയവങ്ങളാണെന്ന വസ്തുത നമുക്കെല്ലാം പരസ്പരം സമാനവും സമശക്തവുമായ സ്നേഹം ആവശ്യമാക്കിത്തീക്കുന്നു.

ശരീരത്തിൽ ചില അവയവങ്ങൾ കൂടുതൽ ആദരണീയവും സുന്ദരവുമാണല്ലോ. സൗന്ദര്യവും ശക്തിയും കുറവായ അവയവങ്ങളുമുണ്ട് (1 കൊരി. 12: 12–15). ഒരവയവത്തോടുള്ള സ്നേഹാദരങ്ങൾ അതിന്റെ പ്രാധാന്യം അനുസരിച്ചു ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഒരാൾ എല്ലാ കാര്യങ്ങളിലും യുക്തിസഹമായ രീതിയിൽ പെരുമാറുവാനും ദൈവത്തിന്റെ വചനമനുസരിച്ചു തന്റെ പ്രവർത്തനങ്ങളെയും സ്നേഹത്തെയും നിയന്ത്രിക്കാനും തീരുമാനിച്ചിട്ടുണ്ടെങ്കിൽ മററു മനുഷ്യരിൽ ഓരോരുത്തരേയും എങ്ങനെ സ്നേഹിക്കണം, എങ്ങനെ പെരുമാറണം എന്ന് അയാൾ അറിഞ്ഞിരിക്കണം എന്നെനിക്കു തോന്നുന്നു.

പറഞ്ഞുവരുന്ന കാര്യം കൂടുതൽ വിശദമാക്കുന്നതിന് സ്പഷ്ടമായ ചില ഉദാഹരണങ്ങൾ നിർദേശിക്കാം. ഒരാൾ ദൈവവചന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു എന്നു കരുതുക. അയാൾ ബോധനംവഴി നമ്മുടെ ആത്മാവിനു വെളിച്ചം പകരുന്നു; രക്ഷയുടെ മാർഗം നമ്മെ പഠിപ്പിക്കുന്നു; ജീവിതത്തിന്റെ നിയമങ്ങൾ നമുക്കു പ്രദാനം ചെയ്യുന്നു. അങ്ങനെയുള്ള ആളും നമ്മുടെ അയല്ക്കാരൻ തന്നെ. എന്നാൽ അത്തരം സേവനങ്ങൾ ഒന്നും ചെയ്യാത്ത ഒരാളേക്കാൾ അധികമായി സ്നേഹിക്കപ്പെടാൻ അയാൾക്ക് അർഹതയുണ്ടെന്ന് നിങ്ങൾക്കു തോന്നുന്നില്ലേ? ഈ സേവനങ്ങൾ ചെയ്യാത്തയാളുകളെയും തീർച്ചയായും നാം സ്നേഹിക്കണം; കാരണം, നാം ഒരേ ശരീരത്തിന്റെ അവയവങ്ങളും ഒരേ പദാർത്ഥംകൊണ്ടു നിർമ്മിക്കപ്പെട്ടവരും ആണ്. ദൈവത്തിന്റെവഴി കാണിച്ചുതരുന്നവർക്ക് ഈ പൊതുവായ യോഗ്യതയ്ക്കുപുറമേ അവരുടെ മഹത്തായ സേവനത്തിന്റെ യോഗ്യതയും ഉണ്ട്.

ഇനി വേറൊരുദാഹരണം പറയാം. ഞാൻ അപഥസഞ്ചാരം ചെയ്ത് ഒരു സ്ത്രീയോടൊത്തു പാപം ചെയ്യുവാനുള്ള അപകടത്തിന്റെ വക്കിലെത്തി നില്ക്കുന്നതായി ഒരാൾ അറിയുന്നുവെന്നു വയ്ക്കുക. അയാൾ സത്യത്തിന്റെ പ്രകാശത്തിലേയ്ക്ക് എന്നെ നയിക്കുകയും ആസന്നമായ ആ വിപത്തിൽനിന്ന് എന്നെ രക്ഷപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ, അങ്ങനെ നിത്യമായ മരണത്തിൽനിന്ന് എന്നെ വിമുക്തനാക്കുകയാണെങ്കിൽ ആ മനുഷ്യനെ ഞാൻ സ്നേഹിക്കേണ്ടതല്ലേ? ദൈവം കഴിഞ്ഞാൽ ഏററവും പൂർണമായ വിധത്തിൽ അയാളെ സ്നേഹിക്കേണ്ടതല്ലേ? ഞാൻ ഇപ്പറയുന്നത് കടന്നകയ്യാണെന്നു വായനക്കാർക്ക് തോന്നുന്നുണ്ടെങ്കിൽ തെസലോനിക്കക്കാർക്കുള്ള ലേഖനത്തിൽ അപ്പസ്തോലൻ

www.malankaralibrary.com



പറഞ്ഞിട്ടുള്ളത് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. 'നിങ്ങളുടെയിടയിൽ അദ്ധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ നയിക്കുകയും അനുശാസിക്കുകയും ചെയ്യുന്നവരെ അവരുടെ അദ്ധ്വാനം പരിഗണിച്ച് അത്യധികം സ്നേഹത്തോടെ ബഹുമാനിക്കണം' (1 തെസ്സ. 5: 12f ).

ഇനി മറ്റൊരുതരം സ്നേഹത്തെക്കുറിച്ചു നമുക്കു ചിന്തിക്കാം; അയൽക്കാരെ സ്നേഹിക്കണമെന്ന കല്പന നമുക്കു ലഭിച്ചിട്ടുള്ളതുകൊണ്ടു തന്നെ. ദൈവവചനം പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഉള്ള അനുഗ്രഹം ലഭിച്ചിട്ടില്ലാത്ത ഒരാൾ ഉണ്ടെന്നു വിചാരിക്കുക. എങ്കിലും അദ്ദേഹം പരിശുദ്ധമായ ജീവിതം നയിക്കുന്ന ഒരാളാണ്. കളങ്കവും കറവും ഇല്ലാത്തവനായി, 'ദൈവതിരുമുമ്പിൽ നീതിയുള്ളവനും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവനും ആയി' അയാൾ ജീവിക്കുന്നു (ലൂക്കോ. 1: 6). അയാൾക്കു നൽകുന്നത്ര സ്നേഹാദരങ്ങൾ, വെറും അയൽക്കാരനായതിന്റെ പേരിൽ, ഇതിനൊക്കെ വിപരീതമായ രീതിയിൽ ജീവിക്കുന്ന ഒരാളിനു നൽകാൻ നമുക്കു ചുമതലയുണ്ടോ? ഇവിടെ പറയപ്പെട്ട വിശുദ്ധചരിതനായ ആ മനുഷ്യൻപോലും നമുക്ക് ആദ്ധ്യാത്മികമായ അദ്ധ്യാപനം നൽകുന്ന വിശുദ്ധ ചരിതന്മാരോളം, അപ്പസ്തോലനെ ഉദ്ധരിച്ചാൽ ദൈവവചനത്തിൽ വേല ചെയ്യുന്നവരോടൊപ്പം സ്നേഹാദരങ്ങൾക്കർഹരാണോ?

സ്നേഹത്തിന്റെ മറ്റൊരു താരതമ്യക്രമം ഇനി ചൂണ്ടിക്കാണിക്കാം. നമ്മുടെ ശത്രുക്കളെയും സ്നേഹിക്കാൻ കർത്താവു നമ്മോടു കല്പിച്ചിട്ടുണ്ട് (മത്താ. 5: 43–48). അവരെ സംബന്ധിച്ച് ഒരു തരം സ്നേഹമേയുള്ളോ അതോ 'ക്രമമനുസരിച്ചുള്ള സ്നേഹം എന്നിൽ സ്ഥാപിക്കുക' എന്ന വാക്യത്തിന് അവിടെയും പ്രസക്തിയുണ്ടോ എന്നു നമുക്കു നോക്കാം. സ്നേഹത്തിന്റെ ക്രമം ഇവിടെയും പ്രസക്തമാണ് എന്നാണെന്റെ അഭിപ്രായം. ഉദാഹരണത്തിന് എന്നോടെതിരുള്ള ഒരാളുണ്ടെന്നു കരുതുക. എന്നാൽ അതേ സമയം അയാൾ മറ്റുള്ളവരോടു ദയയുള്ളവനും വിനീതനും സംയമിയും ഒരു പരിധിവരെയെങ്കിലും ദൈവകല്പനകൾക്കനുസൃതമായി ജീവിക്കുന്നവനും ആണെന്നു വിചാരിക്കുക. നമ്മുടെ എതിരാളിയായി വേറൊരാളും ഉണ്ടെന്നു കരുതുക. സ്വന്തം ജീവിതത്തിന്റെയും ആത്മാവിന്റെയും കൂടെ ശത്രുവാണയാൾ, തിന്മ ചെയ്യാൻ സദാ സന്നദ്ധൻ, നാണംകെട്ട കൃത്യങ്ങൾക്കു ചുറുക്കുള്ളവൻ, പരിശുദ്ധമോ മതപരമോ ആയ കാര്യങ്ങളെക്കുറിച്ച് ഒരു ചിന്തയുമില്ലാത്തവൻ. ഇവിടെ പറഞ്ഞ രണ്ടുതരം ശത്രുക്കളോടുമുള്ള നമ്മുടെ സമീപനത്തിൽ വ്യത്യാസം വേണ്ടേ?



സ്നേഹത്തിന് ഒരേ ശക്തിയാണുള്ളതെന്നും എന്നാൽ സ്നേഹത്തിനുള്ള കാരണങ്ങൾ പലതാണെന്നും അതിനാൽ സ്നേഹത്തിനു തരതമഭേദമുണ്ടെന്നും മുകളിൽപ്പറഞ്ഞ ഉദാഹരണങ്ങൾ മൂലം വേണ്ടുവോളം വ്യക്തമായി എന്നു കരുതുന്നു. ഇതുകൊണ്ടാണ് 'ക്രമമനുസരിച്ചുള്ള സ്നേഹം എന്നിൽ സ്ഥാപിക്കുക' എന്ന് മണവാട്ടി പറയുന്നത്. സ്നേഹത്തിന്റെ വിവിധ കോടികൾ എന്നെ പഠിപ്പിക്കുക എന്നർത്ഥം. ഈ വിഷയത്തിൽ കൂടുതലായി എന്തെങ്കിലും പറയേണ്ടതുണ്ടെങ്കിൽ അപ്പസ്തോലന്റെ നിർദേശം ഇവിടെ എടുത്തു കാണിക്കാം. 'ഭർത്താക്കന്മാരേ, ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചതുപോലെ, സ്വന്തം ശരീരത്തെ എന്നവണ്ണം നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം' (എഫേ. 5. 25–28). ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം എന്നതു തീർച്ചതന്നെ. എന്നാൽ പൂർണമായ പരിശുദ്ധിയോടുകൂടി അവർ മറ്റു സ്ത്രീകളെ സ്നേഹിക്കേണ്ടതല്ലേ? 'അയൽക്കാർ' എന്ന വിഭാഗത്തിൽ മറ്റു സ്ത്രീകൾ വരുകയില്ലേ?

ഭാര്യ, അമ്മ, സഹോദരി എന്നിവർ ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവരാണെങ്കിൽ അവരെ നാം സ്നേഹിക്കണം. അയൽക്കാരി എന്ന സ്ഥാനമുള്ള മറ്റു സ്ത്രീകളെ സ്നേഹിക്കേണ്ടതില്ലേ? വിചിത്രമായി തോന്നാമെങ്കിലും കല്പനയിലെ നിർദേശം വിശുദ്ധമായ ഒരു സ്നേഹം ഇവർക്കും നൽകണം എന്നുള്ളതാണ്. സ്നേഹം നൽകപ്പെടേണ്ടതായ സ്ത്രീജനങ്ങളുടെയിടയിൽത്തന്നെ സ്നേഹത്തിനു തരതമഭേദം ദീക്ഷിക്കേണ്ടതുണ്ട്. വളരെ ആദരപൂർവകമായ സ്നേഹമാണ് അമ്മയ്ക്കു നൽകേണ്ടത്. അതിനേക്കാൾ അല്പം കുറഞ്ഞ പടിയിലുള്ള ആദരത്തോടുകൂടെ സഹോദരിയെ സ്നേഹിക്കണം. ഭാര്യയോടുള്ള സ്നേഹം ഇതിൽനിന്നെല്ലാം വ്യത്യസ്തവും സവിശേഷവുമായ തരത്തിലുള്ളതായിരിക്കണം. മറ്റു സ്ത്രീകൾക്കും അവരുടെ അവകാശങ്ങൾക്കും യോഗ്യതകൾക്കും അനുയോജ്യമായ വിധത്തിലുള്ള സ്നേഹം നൽകപ്പെടേണ്ടതാണ്".

പിതാവ്, സഹോദരന്മാർ, മറ്റു ബന്ധുക്കൾ എന്നിവരെയും മുകളിൽപ്പറഞ്ഞ രീതിയിലുള്ള ക്രമത്തിൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച വിശുദ്ധ വ്യക്തികൾ (1 കൊരി. 4: 15) വൈദികർ, മെത്രാന്മാർ, ദൈവവചനത്തിന്റെ പരിചാരകരായ മറ്റാളുകൾ, സഭയിൽ സേവനം നിർവഹിക്കുന്നവർ, വിശ്വാസത്തിൽ മറ്റുള്ളവരെ അതിശയിക്കുന്നവർ തുടങ്ങിയവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാതിരിക്കാൻ എങ്ങനെ കഴിയും? അവരുടെ ജീവിതവിശുദ്ധിക്കും അവർ നമുക്കു നൽകിയ സേവനങ്ങൾക്കും ആനുപാതികമായ വിധത്തിലാണ് നാം

www.malankaralibrary.com



അവരെ സ്നേഹിക്കേണ്ടതു്. സത്യവിശ്വാസമുള്ളവരും ഇല്ലാത്തവരുമായ മാതാപിതാക്കരം സഹോദരീസഹോദരന്മാർ എന്നിവർ തമ്മിലും ഒരു വിവേചനം ഉണ്ടാകാതിരിക്കുക സാദ്ധ്യമാണോ?

മണവാട്ടി ഈ വ്യത്യാസങ്ങളെല്ലാം നോക്കി മനസ്സിലാക്കുന്നു. പൂർണത അന്വേഷിക്കുന്ന ആത്മാവിനു് ഇക്കാര്യങ്ങളെ സംബന്ധിച്ചു് അറിവുണ്ടായിരിക്കണം എന്നവരം ഗ്രഹിക്കുന്നു. ഓരോരുത്തർക്കും നൽകേണ്ട സ്നേഹത്തിൻെറ പരിമാണം നിശ്ചയിക്കാൻ അതു് ആവശ്യമാണല്ലോ. അതുകൊണ്ടാണു് അവരം മണവാളൻെറ സുഹൃത്തുക്കളോടു്—ദൈവവചനശുശ്രൂഷ ചെയ്യുന്നവരോടു്—ഇങ്ങനെ പറയുന്നതു്: 'ക്രമമനുസരിച്ചുള്ള സ്നേഹം എന്നിൽ സ്ഥാപിക്കുക.' അതായതു് ഓരോ ആളുകളെയും അവരുടെ അർഹത അനുസരിച്ചു വേണ്ട ക്രമത്തിൽ സ്നേഹിക്കാൻ എന്നെ പഠിപ്പിക്കുക.' കാരണം മുമ്പു നാം പറഞ്ഞതുപോലെ, എല്ലാ മനുഷ്യരെയും അവർ മനുഷ്യരാണെന്ന കാരണത്താൽ നമ്മെപ്പോലെതന്നെ നാം സ്നേഹിക്കണം. നാം യുക്തിബോധമുള്ള ജീവികളായതിനാൽ നമ്മെപ്പോലെ യുക്തിബോധമുള്ള മററു ജീവികളെയും (മനുഷ്യരെയും) സ്നേഹിക്കാൻ നമുക്കു ബാദ്ധ്യതയുണ്ടു്. എന്നാൽ ഓരോ വ്യക്തിയുടെയും സ്നേഹാർഹത പരിഗണിക്കുമ്പോരം ഇതിനുപരിയായി നാം കണക്കിലെടുക്കേണ്ട മറെറാരു വസ്തുതയുണ്ടു്. ഒരാരം പെരുമാററത്തിലോ പ്രവൃത്തനങ്ങളിലോ ഉദ്ദേശ്യങ്ങളിലോ വിജ്ഞാനത്തിലോ ജീവിതവൃത്തിയിലോ മററുള്ളവരെക്കാരം ഔന്നത്യമുള്ളയാളാണെങ്കിൽ മാനുഷിക പരിഗണനയിൽ അയാരംക്കു നൽകേണ്ട സ്നേഹത്തോടുകൂടി അതതു വിഷയത്തിലെ യോഗ്യതയും കൂട്ടിച്ചേർക്കേണ്ടതാണു്.

ഈ വിഷയത്തിൽ കൂടുതലായ ഒരു പ്രമാണം വേണമെന്നുണ്ടെങ്കിൽ ദൈവത്തെത്തന്നെ നമുക്കു് ഉദാഹരണമായെടുക്കാം. 'അസ്തിത്വമുള്ള എല്ലാത്തിനെയും ദൈവം തുല്യമായി സ്നേഹിക്കുന്നു. താൻ സൃഷ്ടിച്ച യാതൊന്നിനെയും അവിടുന്നു വെറുക്കുന്നില്ല. എന്തെന്നാൽ താൻ വെറുക്കേണ്ടതായ ഒന്നിനേയും അവിടുന്നു സൃഷ്ടിച്ചില്ല' (വിജ്ഞാനം. 11: 25). എങ്കിലും ഇക്കാരണംകൊണ്ടു് ഹെബ്രായക്കാരെയും ഈജിപ്തുകാരെയും അവിടുന്നു് ഒരുപോലെ സ്നേഹിച്ചില്ല. മോശയെയും അഹറോനെയും സ്നേഹിച്ചതുപോലെ അവിടുന്നു ഫറവോനെ സ്നേഹിച്ചില്ല. ഇസ്രായേൽമക്കളിൽത്തന്നെ മോശ, അഹറോൻ, മിറിയം എന്നിവരെ സ്നേഹിച്ചതുപോലെ മററുള്ളവരെ സ്നേഹിച്ചില്ല. അഹറോൻ മിറിയം എന്നിവരെക്കാളധികമായി മോശയെ സ്നേഹിച്ചു. 'കർത്താവേ, സർവവും അങ്ങയുടേതായതുകൊണ്ടു് അങ്ങു് അവയെ നിലനിർത്തുന്നു. ആത്മാക്കളെ സ്നേഹിക്കുന്നവനേ, സകലത്തിലും അങ്ങയുടെ അക്ഷയമായ ചൈതന്യം കുടികൊള്ളുന്നു' എന്നു നാം പറയുന്നതു ശരിതന്നെ (വിജ്ഞാ. 11: 27; 12: 19). എങ്കിലും 'സർവവും എണ്ണിത്തൂക്കി അളന്നു ക്രമപ്പെടുത്തിയിരിക്കുന്നവൻ' (വിജ്ഞാ. 11: 21) ഓരോന്നിൻെറയും അളവനുസരിച്ചു് അവയോടുള്ള സ്നേഹവും ക്രമപ്പെടുത്തിയിരിക്കുന്നു. പൗലോസ് ദൈവത്തിൻെറ സഭയെ പീഡിപ്പിച്ചുകൊണ്ടിരുന്ന കാലത്തും പിൽക്കാലത്തു് സഭയ്ക്കുവേണ്ടി പീഡനങ്ങളും യാതനകളും സഹിച്ച കാലത്തും, അദ്ദേഹം തന്നെ പറഞ്ഞതുപോലെ 'സകല സഭകളെക്കുറിച്ചുള്ള ഉത്കണ്ഠ അദ്ദേഹത്തെ അനുദിനം അലട്ടിക്കൊണ്ടിരുന്ന' കാലത്തും[10] ദൈവം അദ്ദേഹത്തെ സ്നേഹിച്ചിരുന്നതു് ഒരേ വിധമാണെന്നു പറയാൻ സാധിക്കുമോ? ഇല്ല.



സ്നേഹത്തിൻെറ ഈ വിവിധ തലങ്ങളെക്കുറിച്ചുള്ള ചർച്ചയുടെ മദ്ധ്യത്തിൽ ദ്വേഷത്തെക്കുറിച്ചുള്ള ചില പരാമർശങ്ങരം കൂടെ ചേർക്കുക എന്നതു പ്രധാനമാകുന്നു. ദ്വേഷം സ്നേഹത്തിനു നേരെ വിപരീതമായ വികാരമാണല്ലോ. കർത്താവു തന്നെ പറയുന്നു: 'നിൻെറ ശത്രുക്കരംക്കു ഞാൻ ശത്രുവായിരിക്കും. നിൻെറ എതിരാളികരംക്കു ഞാൻ എതിരാളിയായിരിക്കും' (പുറ. 23: 22). വീണ്ടും 'നീ ഒരു പാപിയെ സഹായിക്കുന്നുവെങ്കിൽ ദൈവത്താൽ ദ്വേഷിക്കപ്പെടുന്നവൻെറ സ്നേഹിതനായിരിക്കും' (2 ദിന. 19: 2). 'നിൻെറ മാതാപിതാക്കളെ ബഹുമാനിക്കുക' 'അപ്പനെയും അമ്മയെയും ദ്വേഷിക്കാത്തവൻ—' തുടങ്ങിയ വചനങ്ങളുടെ വിശദീകരണവും ഇതിനുമുമ്പുദ്ധരിച്ച വാക്യങ്ങളുടെ വിശദീകരണവും അടിസ്ഥാനപരമായി ഒന്നുതന്നെ. നാം അധികമായി ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ അതുമൂലം ദൈവത്തെ ദ്വേഷിക്കുന്നവരുടെ മനസ്സിൽ നമ്മോടു് അത്യധികമായ ദ്വേഷം സംജാതമാകുന്നു. 'ഇരുട്ടും വെളിച്ചവും തമ്മിൽ സഹകരണം സാദ്ധ്യമല്ല. ക്രിസ്തുവും ബലിയാലും തമ്മിലും അതുപോലെ തന്നെ. വിശ്വാസിക്കും അവിശ്വാസിക്കും ഒരേ കാര്യത്തിൽ പങ്കില്ല' എന്നതുതന്നെ കാരണം.[11]

സ്നേഹത്തിൻെറ വിവിധ തലങ്ങളെക്കുറിച്ചു് ഇവിടെ ഞാൻ കഴിവുപോലെ വിശദമായി പ്രതിപാദിച്ചു കഴിഞ്ഞു. അതിനാൽ മണവാട്ടി—സഭ അഥവാ ആത്മാവു്—മണവാളൻെറ സുഹൃത്തുക്കളോടു് ആവശ്യപ്പെടുന്ന സഹായം എന്തെന്നു മനസ്സിലാക്കാൻ എളുപ്പമുണ്ടല്ലോ. വീഞ്ഞിൻെറ ഭവനത്തിലേയ്ക്കു തന്നെ ആനയിക്കാൻ അവരം ആദ്യം ആവശ്യപ്പെട്ടു. അവിടെ താൻ കണ്ട വസ്തുക്കളിൽ ഉത്തമമായതു് സ്നേഹം എന്ന ദൈവദാനമാണെന്നും അതിനു് ഒരിക്കലും വീഴ്ച സംഭവിക്കുന്നില്ലെന്നും അവരം മനസ്സിലാക്കി. അതിനാൽ ആ സ്നേഹത്തിൻെറ ക്രമീകരണം മനസ്സി

www.malankaralibrary.com



ലാക്കിക്കൊടുക്കാൻ അവൾ ആവശ്യപ്പെടുന്നു. സ്നേഹിക്കുന്ന വിഷയത്തിൽ വല്ല അബദ്ധങ്ങളും പ്രവർത്തിച്ച് മുറിവേൽക്കാതിരിക്കുന്നതിനുവേണ്ടിയാണിത്. അവൾതന്നെ പിന്നീടു പറയുന്നുണ്ട്: 'സ്നേഹം മൂലം എനിക്കു മുറിവേററു' (ഉത്തമ. 2: 5).

തനിക്ക് ബോധനവും സംരക്ഷണവും നൽകേണ്ട മാലാഖാമാരോടാണ് ആത്മാവ് മുകളിൽ ഉദ്ധൃതമായ അഭ്യർത്ഥന നടത്തുന്നത് എന്ന് നാം വിചാരിച്ചാലും അതിൽ അയുക്തമായിട്ടൊന്നുമില്ല. ദൈവത്തിന്റെ ജനത്തെക്കുറിച്ചു വി. ലിഖിതത്തിൽ ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ട്: 'ജനതകളേ, നിങ്ങൾ കർത്താവിന്റെ ജനത്തോടൊത്ത് ആഹ്ളാദിക്കുവിൻ. ദൈവത്തിന്റെ മാലാഖാമാരെല്ലാം അവരെ ആശ്വസിപ്പിക്കട്ടെ.' വേറൊരിടത്ത് ഇങ്ങനെ നാം കാണുന്നു: 'കർത്താവിനെ ഭയപ്പെടുന്നവർക്കു ചുററും കർത്താവിന്റെ മാലാഖമാർ കൂടാരമടിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നു.' ഇനിയും വേറൊരിടത്ത്: 'സഭയിലുള്ള ഈ ചെറിയവരിൽ ആരെയും അവഗണിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. അവരുടെ മാലാഖാമാർ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരിക്കുകയാണ്.[12] യോഹന്നാന്റെ വെളിപാടിൽ, തീയത്തീറായിലെ സഭയുടെ ദൂതന് ആ സഭയിൽ താൻ ക്രമീകരിച്ചിട്ടുള്ള സ്നേഹത്തെക്കുറിച്ച് ദൈവപുത്രൻ സാക്ഷ്യപ്പെടുത്തുന്നു. എഴുതപ്പെട്ടിരിക്കുന്നത് ഇങ്ങനെയത്രേ: 'നിന്റെ പ്രവൃത്തികളും സ്നേഹവും വിശ്വാസവും ശുശ്രൂഷയും ക്ഷമയും ഞാൻ അറിയുന്നു. നിന്റെ അവസാന പ്രവർത്തനങ്ങൾ ആദ്യത്തെതിനെക്കാൾ മെച്ചപ്പെട്ടവയാണ്'' (2. 18f.).

മണവാളന്റെ ആഗമനത്തിനുമുമ്പ് ദൈവവചന ശുശ്രൂഷ നടത്തിയിരുന്ന പ്രവാചകന്മാരോടാണ് മണവാട്ടിയുടെ നിർദിഷ്ടമായ അഭ്യർത്ഥനയെന്നു കരുതിയാലും അതിൽ അപാകതയൊന്നുമില്ല. അങ്ങനെ നാം എടുക്കുകയാണെങ്കിൽ അവരുടെ അദ്ധ്യാപനത്തിൽനിന്ന്—പ്രവാചിക ഗ്രന്ഥങ്ങളിൽനിന്ന്—സ്നേഹത്തിന്റെ ക്രമം മനസ്സിലാക്കാൻ മണവാട്ടി ആഗ്രഹിക്കുന്നുവെന്നു മനസ്സിലാക്കണം, ഈ ലോകജീവിതത്തിൽനിന്നു വേർപിരിഞ്ഞുപോയിട്ടുള്ള എല്ലാ വിശുദ്ധന്മാരും ലോകത്തിൽ ജീവിച്ചിരിക്കുന്നവരോടു സ്നേഹമുള്ളവരാണെന്നും അവരുടെ രക്ഷയിൽ താല്പര്യമുള്ളവരാണെന്നും ദൈവസന്നിധിയിലുള്ള മാദ്ധ്യസ്ഥ പ്രാർത്ഥനകൾവഴി അവരെ സഹായിക്കുന്നുണ്ടെന്നും നാം പറഞ്ഞാൽ അതിൽ അയുക്തമായി ഒന്നുമില്ല. മക്കബായക്കാരുടെ പുസ്തകത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'തന്റെ ജനങ്ങൾക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്ന ദൈവത്തിന്റെ പ്രവാചകനായ ജെറമിയാസാണിത്'' (2 മക്ക. 15: 14).



നിർദിഷ്ടമായ അഭ്യർത്ഥന അപ്പസ്തോലന്മാരോടായാലും ചേർച്ചക്കുറവില്ല. എന്തെന്നാൽ അവർവഴി ദൈവത്തിന്റെ സഭ, അല്ലെങ്കിൽ ദൈവത്തെ അന്വേഷിക്കുന്ന ആത്മാവ് വീഞ്ഞിന്റെ ഭവനത്തിലേയ്ക്ക് ആനയിക്കപ്പെടുന്നു. അവിടെയെത്തിയപ്പോൾ അവൾക്ക് മധുരമായ സുഗന്ധങ്ങൾ അനുഭവപ്പെടുന്നു. തനിക്കു ചുററും ആപ്പിൾപ്പഴങ്ങളുടെ കൂമ്പാരം അവൾ കാണുന്നു. സ്നേഹത്തിന്റെ ക്രമവും അർത്ഥവും അവിടെവെച്ച് അഭ്യസിപ്പിക്കപ്പെടുന്നു.

## 8

'ലേപനതൈലങ്ങൾകൊണ്ട് എന്നെ ശക്തിപ്പെടുത്തുക, ആപ്പിൾപ്പഴംകൊണ്ട് എനിക്ക് ഉന്മേഷം നല്കുക. എന്തെന്നാൽ ഞാൻ പ്രേമത്താൽ മുറിവേററവളായിരിക്കുന്നു' (2:5).

'Amoyrs കൊണ്ട് എന്നെ ശക്തിപ്പെടുത്തുക' എന്നാണു മൂലം.[13] അമോയിർ എന്നത് ഒരുതരം വൃക്ഷമാണ്. അതു മീറ ആണെന്നു സങ്കല്പിച്ചുകൊണ്ട് ലത്തീൻകാർ അതിനെ ലേപനതൈലം എന്ന് തർജമ ചെയ്തു. അപ്പോൾ നാടക കഥയുടെ തുടർച്ച ഇങ്ങനെയാണ്. മണവാളന്റെ അധരങ്ങളിൽനിന്നുതന്നെ കേട്ട വാക്കുകൾ അനുസരിച്ച് മണവാട്ടി മണവാളന്റെ രാജകീയ മണിയറയിൽ പ്രവേശിക്കുന്നു. തുടർന്നു വീഞ്ഞിന്റെ ഭവനത്തിലും വിരുന്നിന്റെയും വിജ്ഞാനത്തിന്റെയും സങ്കേതങ്ങളിലും ചെന്നെത്തുന്നു. അവിടെയുള്ള വിശിഷ്ടഭോജ്യങ്ങളും തന്റെ ദൈവിക രഹസ്യങ്ങളാകുന്ന വീഞ്ഞു നിറച്ച പാനപാത്രങ്ങളും കണ്ടു മനസ്സിലാക്കുന്നു. ഈ കാഴ്ചകൾ അവളെ അദ്ഭുതസ്തബ്ധയാക്കുന്നു. മുകളിൽ പറയപ്പെട്ട മണവാളന്റെ ചങ്ങാതിമാരോട് തനിക്ക് ശക്തി വർദ്ധിപ്പിക്കാൻ അവൾ അഭ്യർത്ഥിക്കുന്നു. ക്ഷീണിതയായതുകൊണ്ട് അമോയിർ അഥവാ ആപ്പിൾമരത്തിൽ ചാരിയിരുന്ന് അല്പസമയം വിശ്രമിക്കാൻ അവൾ ആഗ്രഹിക്കുന്നു. സ്നേഹത്തിന്റെ വടു ഹൃദയത്തിലേററ ക്ഷീണത്താൽ മരങ്ങളുടെയും കാടുകളുടെയും ആശ്വാസം അവൾ തേടുന്നു,

ഈ വസ്തുതകളുടെയെല്ലാം ആദ്ധ്യാത്മികമായ ആന്തരാർത്ഥം ഗ്രഹിക്കണമെങ്കിൽ സോളമനു ദൈവത്തിൽനിന്നു ലഭിച്ചതായ അനുഗ്രഹം നമുക്കും ലഭിക്കേണ്ടതുണ്ട്. ലോകത്തിലുള്ള എല്ലാ വസ്തുക്കളുടെയും—വേരുകളും വൃക്ഷങ്ങളും കുററിച്ചെടികളും അടക്കം—സ്വഭാവം ഗ്രഹിക്കാനുള്ള അനുഗ്രഹമാണത് (വിജ്ഞാ. 7: 20).

www.malankaralibrary.com



അപ്പോൾ അമോയിർമരത്തിന്റെ സ്വഭാവവും ഗുണവിശേഷങ്ങളും എന്തെന്നു നമുക്കു മനസ്സിലാകും; അതിന്റെ ആദ്ധ്യാത്മികമായ അർത്ഥതലം എന്തെന്നു കണ്ടെത്താൻ കഴിയുകയും ചെയ്യും. എന്നാൽ പ്രസ്തുത വൃക്ഷത്തെക്കുറിച്ച് എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുള്ളത് അതിന് വിശിഷ്ടമായ ഒരു സുഗന്ധമുണ്ടെന്നു മാത്രമാണ്. അതിൽ കായ്കൾ ഉണ്ടാകാറില്ല. എന്നാൽ ആപ്പിൾമരത്തെ സംബന്ധിച്ചാണെങ്കിൽ അതിൽ കായ്കൾ ഉണ്ടാകുമെന്നും ആ കായ്കൾ നല്ല മാധുര്യവും സുഖദായകത്വവുമുള്ളവയാണെന്നും എല്ലാവർക്കും അറിയാം.

അങ്ങനെയിരിക്കട്ടെ. എല്ലാമനുഷ്യരും വൃക്ഷങ്ങൾ എന്നു വിളിക്കപ്പെട്ടിട്ടുണ്ട്. അവ നല്ലവയോ ചീത്തയോ ആകാം; കായ്ക്കുന്നവയോ കായ്ക്കാത്തവയോ ആകാം. കർത്താവുതന്നെ സുവിശേഷത്തിൽ ഇങ്ങനെ പറയുന്നുണ്ടല്ലോ; 'ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത്; അല്ലെങ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത.' വേറൊരിടത്ത് 'നല്ല ഫലങ്ങൾ കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും (മത്താ. 12: 33; 3: 10).

ആളുകൾ മൂന്നു വിഭാഗത്തിൽപ്പെട്ടവരാണെന്നു തോന്നുന്നു. ഒന്ന്: ഫലം പുറപ്പെടുവിക്കാത്തവർ. രണ്ട് നല്ല ഫലം പുറപ്പെടുവിക്കുന്നവർ. മൂന്ന്: ചീത്തഫലം പുറപ്പെടുവിക്കുന്നവർ. ഇവിടെ മണവാട്ടിയായ ക്രിസ്തുവിന്റെ സഭ ആവശ്യപ്പെടുന്നത് അവൾക്കു കരുത്തു നൽകപ്പെടണമെന്നാകുന്നു. നല്ല ഫലം പുറപ്പെടുവിക്കുന്ന ഒരു ആപ്പിൾമരത്തിൽ ചാരി ഇരിക്കണമെന്ന് അവൾ ആഗ്രഹിക്കുകയും ചെയ്യുന്നു. അവളുടെ അർത്ഥന ന്യായവും യുക്തവുമത്രേ. എന്തെന്നാൽ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരിലും സത്കൃത്യങ്ങൾവഴി വളരുന്നവരിലുംകൂടെയാണ് സഭ കരുത്താർജിക്കുന്നത്.

എന്നാൽ ഫലം പുറപ്പെടുവിക്കാത്ത, സുഗന്ധത്തിൽമാത്രം ആഹ്ളാദിക്കുന്ന അമോയിർ മരങ്ങളാൽ കരുത്തു വർദ്ധിപ്പിക്കണം എന്ന് ആവശ്യപ്പെടുമ്പോൾ മണവാട്ടി എന്താണർത്ഥമാക്കുന്നത്. സുഗന്ധത്തിൽ മാത്രം ആഹ്ളാദിക്കുന്ന, ഫലം പുറപ്പെടുവിക്കാത്ത, വൃക്ഷങ്ങൾ എന്നതുകൊണ്ട് മണവാട്ടി അർത്ഥമാക്കുന്നത് കൊറിന്ത്യർക്കുള്ള ലേഖനത്തിൽ പൗലോസ് പറയുന്നതുപോലെ 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം എല്ലായിടത്തും വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും' ആണ് എന്നു ഞാൻ വിചാരിക്കുന്നു (1 കൊറി. 1: 2). എല്ലായ്പോഴും അവർ യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നു എന്നതിൽ സവിശേഷമായ ഒരു സൗരഭ്യം അവർക്കുണ്ട്. എന്നാൽ



പൂർണമായ ധീരതയോടും സ്വാതന്ത്ര്യത്തോടുംകൂടെ അവർ വിശ്വാസത്തെ സമീപിക്കുന്നില്ല എന്നതിനാൽ അവർ വിശ്വാസത്തിന്റെ ഫലങ്ങളൊന്നും പുറപ്പെടുവിക്കുന്നില്ല. സഭയിലെ ജ്ഞാനസ്നാനാർത്ഥികളെയാണ് ഇവിടെ വിവക്ഷിക്കുന്നതെന്നു നമുക്കു കരുതാം. അവരിൽക്കൂടെയും ഒരു പരിധിവരെ സഭ ശക്തി നേടുന്നുണ്ടല്ലോ. അവരിൽ സഭയ്ക്കുള്ള പ്രതീക്ഷ ചെറുതല്ല. ഒരുദിവസം അവരും ഫലം പുറപ്പെടുവിക്കുന്ന വൃക്ഷങ്ങളായിത്തീരുമെന്നും പറുദീസായിലെ കർഷകനായ ദൈവം ആ വൃക്ഷങ്ങളെയും അവിടെ നടുമെന്നും അവൾ പ്രതീക്ഷിക്കുന്നു. അവിടുന്നാണ് ക്രിസ്തുവിന്റെ സഭയിൽ ഇത്തരം വൃക്ഷങ്ങൾ നടുന്നത്. സഭ ആനന്ദങ്ങളുടെ പറുദീസായാണല്ലോ. കർത്താവു പറയുന്നു: 'എന്റെ സ്വർഗീയ പിതാവു നട്ടതല്ലാത്ത ചെടികളൊക്കെയും പിഴുതു മാറ്റപ്പെടും' (മത്താ. 15: 13).

അതിനാൽ, ഒന്നാമതായിത്തന്നെ, സഭ ആപ്പിൾ മരങ്ങളാൽ ചൂഴപ്പെട്ടിരിക്കുന്നു, അവയിൽ അവൾ ആശ്വാസം നേടുകയും ചെയ്യുന്നു. ഈ ആപ്പിൾവൃക്ഷങ്ങൾ എന്നതുകൊണ്ട് 'സമ്പൂർണ്ണ ജ്ഞാനത്താൽ സ്യഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതം നവീകരിക്കപ്പെടുന്ന ആത്മാക്കൾ' എന്നു നാം മനസ്സിലാക്കണം (കൊളോ. 3: 10). ദൈവത്തിന്റെ മക്കൾ അവിടുത്തെ പ്രതിച്ഛായതങ്ങളിൽത്തന്നെ, സ്വന്തം നവീകരണത്തിലൂടെ, നവീകരിക്കുകയായതിനാൽ അവരെ ആപ്പിൾവൃക്ഷങ്ങൾ എന്നു വിളിക്കുന്നതു തികച്ചും ശരിയാണ്. മണവാളൻതന്നെ 'വനവൃക്ഷങ്ങളുടെയിടയിലെ ആപ്പിൾ മരം' എന്ന് കുറെമുമ്പ് പറയപ്പെട്ടിട്ടുണ്ടല്ലോ (ഉത്തമ. 2: 3).

ദൈവപുത്രനെ ആപ്പിൾമരം എന്നു വിളിക്കുന്നതിൽ ആരും ആശ്ചര്യപ്പെടാനില്ല. ജീവന്റെ വൃക്ഷം എന്നും മറ്റു പലനാമങ്ങളും തനിക്കു നൽകപ്പെട്ടിട്ടുണ്ട്—സത്യമായ അപ്പം, യഥാർത്ഥ മുന്തിരിവള്ളി, ദൈവത്തിന്റെ കുഞ്ഞാട് എന്നിങ്ങനെ. 'ദൈവവചനം' ഓരോരുത്തരുടെയും സ്വഭാവവും ആവശ്യവും അനുസരിച്ച് ഇവയെല്ലാമായിത്തീരുന്നു. മന്നായുടെ കാര്യം ഇതിനു തുല്യമായി നമുക്ക് എടുത്തുപറയാം. അത് ഒരൊററ വിധത്തിലുള്ള ഭക്ഷണമായിരുന്നെങ്കിലും ഓരോ വ്യക്തിക്കും അവന്റെ ഇഷ്ടമനുസരിച്ചുള്ള സ്വാദ് അതിൽനിന്ന് അനുഭവപ്പെട്ടു.[14] അതിനാൽ ദൈവവചനം വിശക്കുന്നവർക്ക് അപ്പമായിട്ടും ദാഹിക്കുന്നവർക്ക് വീഞ്ഞായിട്ടും മാത്രമല്ല,വിവിധ ആഹ്ളാദങ്ങൾ ആഗ്രഹിക്കുന്നവർക്ക് സൗരഭ്യമുള്ള ആപ്പിൾക്കനിയായിട്ടും സ്വയം നൽകുന്നു.

അതുകൊണ്ടാണു വേണ്ടുവോളം ഭക്ഷണം കഴിച്ചു ക്ഷീണം തീർത്തു കഴിഞ്ഞ മണവാട്ടി വീണ്ടും ആപ്പിൾപ്പഴങ്ങളോ

www.malankaralibrary.com



ടൊത്തു കഴിയാൻ ആഗ്രഹം പ്രകടിപ്പിക്കുന്നതു്. തനിക്കാവശ്യ മുള്ള എല്ലാ ആഹ്ലാദവും എല്ലാ പോഷണവും 'ദൈവവചന'ത്തി ലുണ്ടെന്നു് അവൾക്കറിയാം. സ്നേഹബാണങ്ങളാൽ മുറിവേററവ ളാണു് താനെന്നു മണവാട്ടി മനസ്സിലാക്കി വളരെ പ്രത്യേക മായി ഇതേപ്പററി പുനർവിചിന്തനം നടത്തുന്നു.

ദൈവവചനത്തിന്റെ ഈ വിശ്വസ്തതാപൂർണമായ സ്നേഹ ത്താൽ ഒരിക്കലെങ്കിലും കത്തിജ്വലിച്ചവർ എവിടെയെങ്കിലു മുണ്ടോ? തെരഞ്ഞെടുക്കപ്പെട്ട സ്നേഹാസ്ത്രമായ തന്നിൽനിന്നു മധുര മായ മുറിവു് ഏററു വാങ്ങിയവർ ആരെങ്കിലുമുണ്ടോ? തന്നെക്കുറി ച്ചുള്ള ജ്ഞാനമാകുന്ന സ്നേഹാർഹമായ കുന്തംകൊണ്ടു് ഹൃദയം പിളക്ക പ്പെട്ടവരുണ്ടോ? അതിന്റെ ഫലമായി അയാൾ രാപകൽ അവിടു ത്തെത്തന്നെ ആഗ്രഹിക്കുന്നുണ്ടോ? തന്നെക്കുറിച്ചല്ലാതെ മററൊ ന്നിനെക്കുറിച്ചും പറയാനും കേൾക്കാനും ചിന്തിക്കാനും ആഗ്രഹി ക്കാനും കഴിവില്ലാത്ത അവസ്ഥയിൽ എത്തിയിട്ടുണ്ടോ? ഉണ്ടെ ങ്കിൽ ആ ആത്മാവിനു് സത്യമായി പറയാൻ കഴിയും: 'ഞാൻ സ്നേഹത്താൽ മുറിപ്പെട്ടിരിക്കുന്നു.' 'എന്നെ മിനുക്കിയ അസ്ത്ര മാക്കി തന്റെ ആവനാഴിയിൽ അവിടുന്നു് ഒളിച്ചുവച്ചു എന്നു് ഏശയ്യാ പ്രവാചകൻ പറഞ്ഞതു്' (49: 2) ആരെ ഉദ്ദേശിച്ചാണോ അയാളിൽ നിന്നാണു് അവൾക്കു് ആ മുറിവേററിട്ടുള്ളതു്.

ഇതുപോലുള്ള മുറിവുകൾ ഹൃദയങ്ങളിൽ ഏല്പിക്കുന്നതും ഇതുപോലുള്ള അമ്പുകളും കുന്തങ്ങളും കൊണ്ടു് ഹൃദയങ്ങളെ പിളക്കു ന്നതും ദൈവത്തിനു് ചേർന്നതത്രേ. 'ദൈവം സ്നേഹമാകുന്നു' എന്നതിനാൽ (1 യോഹ. 4: 8) അത്തരം മുറിവുകൾ ഏററവക്കു പറയാൻ കഴിയും 'ഞാൻ സ്നേഹത്താൽ മുറിവേൽപ്പിക്കപ്പെട്ടിരി ക്കുന്നു.' ഈ പ്രേമനാടകത്തിലെ മണവാട്ടിയും തനിക്കു് സ്നേഹ ത്തിന്റെ മുറിവേററിരിക്കുന്നു എന്നു പറയുകയാണു്. ദൈവത്തി ന്റെ ജ്ഞാനത്തിനുവേണ്ടിയുള്ള ആഗ്രഹത്താൽ ജ്വലിക്കുന്ന ഒരാത്മാവിനു്—തന്റെ ജ്ഞാനത്തിന്റെ സൗന്ദര്യം കണ്ടറിയാൻ പ്രാപ്തിയുള്ള ആത്മാവിനു്—ഇതുപോലെ തന്നെ പറയാൻ കഴിയും, 'ഞാൻ ജ്ഞാനത്താൽ മുറിവേല്പിക്കപ്പെട്ടിരിക്കുന്നു,' തന്റെ ശക്തിയുടെ മഹത്ത്വത്തെയും പ്രതാപത്തെയും കുറിച്ചു് ധ്യാനിക്കു കയും ദൈവവചനത്തിന്റെ ശക്തിയിൽ ആശ്ചര്യപ്പെടുകയും ചെയ്യുന്ന ആത്മാവിനു് പറയാൻ കഴിയും: 'ശക്തിയാൽ ഞാൻ മുറിവേൽപ്പിക്കപ്പെട്ടിരിക്കുന്നു.' 'കർത്താവു് എന്റെ പ്രകാശവും രക്ഷയുമാണു്. ഞാൻ ആരെ ഭയപ്പെടണം? കർത്താവു് എന്റെ ജീവിതത്തിനു കോട്ടയാണു; ഞാൻ ആരെ പേടിക്കണം?' (സങ്കീ. 27: 1) എന്നു പറഞ്ഞതു് ഇങ്ങനെയുള്ള ആത്മാവാണെന്നു ഞാൻ വിചാരിക്കുന്നു.



ദൈവത്തിന്റെ നീതിയെക്കുറിച്ചുള്ള സ്നേഹത്താൽ ഉദ്ദീപ്ത നാകുകയും തന്റെ പരിപാലനയുടെ നിർവഹണത്തിലെ നീതി നിഷ്ഠയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുന്ന ഒരാത്മാവു് തീർച്ചയായും പറയും: 'ഞാൻ നീതിയാൽ മുറിവേല്പിക്കപ്പെ ട്ടിരിക്കുന്നു.' ദൈവത്തിന്റെ നന്മയുടെയും സ്നേഹകാരുണ്യങ്ങ ളുടെയും വൈപുല്യം മനസ്സിലാക്കുന്ന ഒരാത്മാവും ഇതുപോലെ തന്നെ പറയും. എന്നാൽ ഈ മുറിവുകളെയെല്ലാം ഉള്ളടക്കുന്നേ മുറിവ് സ്നേഹത്തിന്റേതാണു്. ആ മുറിവു തനിക്കു് ഏററി രിക്കുന്നുവെന്നാണു മണവാട്ടി ഇവിടെ പ്രഖ്യാപിക്കുന്നതു്.

ആത്മാവിൽ രക്ഷയുടെ മുറിവു് ഏല്പിക്കുന്ന ദൈവ ത്തിന്റെ അമ്പുകൾ ഉള്ളതുപോലെ 'ദുഷ്ടന്റെ ജ്വലിക്കുന്ന ക്രൂരമ്പുകളും ഉണ്ടു്' എന്നു നാം മനസ്സിലാക്കണം (എഫേ.6:16). വിശ്വാസത്തിന്റെ പടച്ചട്ട ധരിച്ചിട്ടില്ലാത്ത ആത്മാവിൽ ആ ക്രൂരമ്പുകൾ മരണകരമായ മുറിവേല്പിക്കും. ഇവയെക്കു റിച്ചു പ്രവാചകൻ പറയുന്നു. 'നിഷ്കളങ്ക ഹൃദയരെ ഇരുട്ട ത്തെയ്യാൻവേണ്ടി ദുഷ്ടന്മാർ വില്ലു കുലച്ചു് അമ്പു തൊടുത്തി രിക്കുന്നു' (സങ്കീ. 11:2). ഇരുട്ടത്തു് എയ്യുന്നവരായി പ്രവാ ചകൻ ഇവിടെ പറയുന്ന ദുഷ്ടന്മാർ അദൃശ്യരായ പിശാചു ക്കളാണു്. അവർക്കു വ്യഭിചാരം, മോഹം, അത്യാഗ്രഹം തുട ങ്ങിയവയുടെ ചില അമ്പുകളുണ്ടു്, അവ ഉപയോഗിച്ചു് കഴി യുന്നത്ര ആളുകളെ അവർ മുറിപ്പെടുത്തും. ഭള്ള പറച്ചിലിന്റെ യും പൊങ്ങച്ചത്തിന്റെയും കുന്തങ്ങളും അവരുടെ കയ്യിലുണ്ടു്. ഇവയെല്ലാം വളരെ സൂക്ഷ്മമായും നിശ്ശബ്ദമായും പ്രയോ ഗിക്കപ്പെടുന്നവയാണു്. തന്നെ അവ ആഴത്തിൽ മുറിപ്പെടു ത്തിയിരിക്കുന്നു എന്നു് ആത്മാവിനു മനസ്സിലാവുകയില്ല. ദൈവത്തിന്റെ പടച്ചട്ട ധരിച്ചു ശ്രദ്ധയോടുകൂടെയും പതറാതെ യും പിശാചിന്റെ തന്ത്രങ്ങൾക്കെതിരായി നിലയുറ പ്പിച്ചാൽ മാത്രം ആപത്തിൽപ്പെടാതിരിക്കാൻ കഴിയും. ശരീരത്തിന്റെ ഒരു ഭാഗവും വിശ്വാസത്തിന്റെ ആവരണ മില്ലാത്തതാകരുതു്. വിശ്വാസത്തിന്റെ പരിച ധരിച്ചിരി ക്കുകയും വേണം. പിശാചുക്കൾ ഏതെല്ലാം തരത്തിലുള്ള കുന്തങ്ങൾ നിർമ്മിച്ചാലും, അവ തീ പറത്തുന്നവയായാലും, കാമത്തിന്റെ ജ്വാലകളാലും തിന്മകളുടെ അഗ്നികളാലും അവ എരിഞ്ഞാലും മനുഷ്യന്റെ ഹൃദയം വിശ്വാസത്തിന്റെ കോട്ട യാൽ ഭദ്രമാണെന്നു കണ്ടാൽ അവന്റെ അഗ്നിജ്വാലകളെല്ലാം സ്വയം കെട്ടടങ്ങും.

www.malankaralibrary.com



## 9

'അവന്റെ ഇടതുകരം എനിക്കു തലയണയാകട്ടെ-
അവന്റെ വലതുകരം എന്നെ ആലിംഗനം ചെയ്യട്ടെ'
(2:6).

ഈ പ്രേമനാടകത്തിൽ ഇപ്പോൾ നമ്മുടെ കൺമുമ്പിലുള്ള രംഗം മണവാളനോടു തനിക്കുള്ള ചേർച്ച പൂർത്തിയാക്കാൻ മണവാട്ടി തിടുക്കപ്പെടുന്നതിന്റെയാണ്. എന്നാൽ നമുക്കിപ്പോൾ ജീവദായകമായ ചൈതന്യത്തിലേക്കു വേഗം തിരിയാം. ശാരീരികമായ ആശയങ്ങളെല്ലാം ഉപേക്ഷിച്ച്, ദൈവവചനത്തിന്റെ വലത്തുകയ്യെന്ത് ഇടത്തുകയ്യെന്ത്, മണവാട്ടിയുടെ—പൂർണത നേടിയ ആത്മാവിന്റെ അഥവാ സഭയുടെ—ശിരസ്സ് എന്നാലെന്ത് എന്നീ കാര്യങ്ങളെക്കുറിച്ചെല്ലാം ചിന്തിക്കാം. ശാരീരിക കാര്യങ്ങളെയും വികാരങ്ങളെയും സംബന്ധിക്കുന്ന ഒരർത്ഥവിശദീകരണം നിങ്ങളെ വഴിതെറ്റിക്കാൻ അനുവദിക്കരുത്.

സദൃശ്യവാക്യങ്ങളുടെ പുസ്തകത്തിൽ ജ്ഞാനത്തിന്റെ ഇടതുകരത്തെയും വലതുകരത്തെയും സംബന്ധിച്ചു പറഞ്ഞ കാര്യങ്ങൾതന്നെയാണ് ഇവിടെ മണവാളന്റെ കരങ്ങളെക്കുറിച്ചും പറയാനുള്ളത്. അവിടെ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'അവളുടെ വലതുകരത്തിൽ ദീർഘായുസ്സും അവളുടെ ഇടതുകരത്തിൽ സമ്പത്തുകളും പ്രതാപവും ഉണ്ടു'' (3:13–16). ജ്ഞാനത്തെക്കുറിച്ച് ഇവിടെ സ്ത്രീലിംഗത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു ജ്ഞാനം ഒരു സ്ത്രീയാണെന്നു നിങ്ങളാരും വിചാരിക്കുകയില്ലല്ലോ. അതുപോലെതന്നെ ദൈവവചനത്തിന്റെ ഇടതുകരം, വലതുകരം എന്ന പ്രയോഗങ്ങളെ നിങ്ങൾ ശാരീരികമായ അർത്ഥത്തിലും എടുക്കരുത്. ദൈവവചനത്തെക്കുറിച്ചു മണവാളൻ എന്നു പുല്ലിംഗരൂപത്തിലുള്ള വാക്കുപയോഗിച്ചിരിക്കുന്നതു നമുക്കു തെറ്റിധാരണ ജനിപ്പിക്കരുത്. മണവാട്ടി എന്നതു് ഒരു സ്ത്രീലിംഗ ശബ്ദമായതിനാൽ ആ മണവാട്ടിയുടെ ആലിംഗനം എന്നു പറയുമ്പോൾ ഒരു സ്ത്രീയുടെ ആലിംഗനമായും മനസ്സിലാക്കരുത്.

ദൈവ'വചനം' എന്നതു ഗ്രീക്കുഭാഷയിൽ പുല്ലിംഗമാകുന്നു; നമ്മുടെ ഭാഷയിൽ നപുംസകലിംഗവും.[15] എന്നാൽ ഉദ്ധൃത ഭാഗത്തു പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ലിംഗഭേദങ്ങൾക്കതീതമായി നാം മനസ്സിലാക്കണം. അതു് 'ദൈവവചന'ത്തെക്കുറിച്ചു മാത്രമല്ല, ദൈവത്തിന്റെ സഭയെക്കുറിച്ചും പൂർണത നേടിയ ആത്മാവിനെക്കുറിച്ചും എല്ലാം വേണ്ടതത്രേ.



എന്തെന്നാൽ അപ്പസ്തോലൻ പറയുന്നു: 'പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസമില്ല. നിങ്ങളെല്ലാം യേശുക്രിസ്തുവിൽ ഒന്നാകുന്നു' (ഗലാ. 3:28).

വി. ലിഖിതം ഇക്കാര്യങ്ങളെല്ലാം മനുഷ്യഭാഷയുടെ രീതിയിൽ പ്രതിപാദിക്കുന്നു. തങ്ങൾക്കു പരിചയം ഉള്ള ഇത്തരം പ്രയോഗങ്ങളിലൂടെ ആവിഷ്ക്കരിച്ചില്ലെങ്കിൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ പ്രാപ്തിയില്ലാത്തയാളുകൾക്കുവേണ്ടിയാണ് അങ്ങനെ ചെയ്തിട്ടുള്ളത്. അതിനാൽ നാം കേൾക്കുന്ന വാക്കുകൾ സുപരിചിതങ്ങളും ബോധഗമ്യങ്ങളുമായിരിക്കും. എന്നാൽ നാം അവയ്ക്കു യോഗ്യമായ അർത്ഥകല്പന നൽകുകയാണെങ്കിൽ അതു് ദൈവികവും ഭൗതികാതീതവുമായിരിക്കും. 'ഞാൻ ജ്ഞാനത്തിന്റെ സൗന്ദര്യത്തെ പ്രേമിക്കുന്നു' എന്നു പറയുന്ന ഒരാൾ തന്നിലുള്ള സ്നേഹം എന്ന സ്വാഭാവിക വികാരത്തെ ജ്ഞാനസമ്പാദനത്തിനായി തിരിച്ചു വിടുകയാണ്. അതുപോലെ ഇവിടെ മണവാട്ടിയായ സഭ തന്റെ മണവാളനായ ദൈവവചനത്തോട് അവിടുത്തെ ഇടതുകരംകൊണ്ടു തന്റെ തലയ്ക്കു് അവലംബം നല്കാൻ അഭ്യർത്ഥിക്കുന്നു; വലതുകൈകൊണ്ടു തന്നെ മുഴുവനായി മുറുകെ ആലിംഗനം ചെയ്യാനും.

ജ്ഞാനം സമ്പത്തുകളും പ്രതാപവും പിടിച്ചിരിക്കുന്നതു് അവളുടെ ഇടതുകയ്യിലാണെന്നാണല്ലോ പറയപ്പെട്ടിരിക്കുന്നത്. തന്റെ മണവാളനിൽനിന്നു ലഭിച്ചതല്ലാത്ത എന്തു സമ്പത്തും മഹിമയുമാണു സഭയ്ക്കുള്ളത്. ആ മണവാളനാകട്ടെ, താൻ സമ്പന്നനായിരുന്നെങ്കിലും തന്റെ ദാരിദ്ര്യംവഴി സഭ സമ്പന്നയാകണമെന്ന ലക്ഷ്യത്തോടുകൂടി ദാരിദ്ര്യം സ്വീകരിച്ചവനാകുന്നു. അവളുടെ മഹിമയെന്താകുന്നു? 'പിതാവേ, നിന്റെ പുത്രനെ മഹത്വപ്പെടുത്തണമേ'[16] എന്നു പറയുമ്പോൾ നമ്മുടെ കർത്താവുദ്ദേശിക്കുന്ന കാര്യംതന്നെ. ഇതു തന്റെ പീഡാനുഭവത്തിന്റെ മഹത്വമാണെന്നതിനു സംശയമൊന്നുമില്ല. അതിനാൽ ക്രിസ്തുവിന്റെ പീഡാനുഭവത്തിലുള്ള വിശ്വാസമാണു മണവാളന്റെ ഇടത്തുകയ്യിലുള്ളതായ സഭയുടെ സമ്പത്തും മഹത്വവും.

ദൈവവചനത്തിന്റെ ഇടതുകരം എന്നതു മറ്റൊരു തരത്തിൽക്കൂടെ വ്യാഖ്യാനിക്കപ്പെടണമെന്ന് എനിക്കു തോന്നുന്നു. മനുഷ്യാവതാരത്തിനു മുമ്പുള്ളതും മനുഷ്യാവതാരത്തിൽ ലഭിച്ചതുമായ ചില ദിവ്യസംഗതികൾ തന്നിലുണ്ടു്. ദൈവവചനം ദൈവികമായ നിർവഹണത്തിൽ മനുഷ്യാവതാരത്തിനു മുമ്പു ചെയ്യപ്പെട്ടകാര്യങ്ങൾ വലത്തുകയ്യെന്നു കരുതാം; മനുഷ്യാവതാരത്തിൽ നിർവഹിക്കപ്പെട്ടവ ഇടത്തുകയ്യെന്നും. ഇതുകൊണ്ടാണ്

www.malankaralibrary.com



ഇടത്തുകയ്യിൽ സമ്പത്തുകളും മഹത്ത്വവും ഉണ്ടു് എന്നു പറയപ്പെട്ടിരിക്കുന്നതു്. കാരണം മനുഷ്യാവതാരംവഴി അവിടുന്നു സമ്പത്തുകളും മഹത്ത്വവും നേടി—അതായതു് എല്ലാ ജനതകളുടെയും രക്ഷ ഉറപ്പാക്കി. 'വലതുകരത്തിൽ ദീർഘായുസ്സുണ്ടു്' എന്നും പറയപ്പെട്ടിട്ടുണ്ടല്ലോ. അതു തന്റെ നിത്യതയെ സൂചിപ്പിക്കുന്നു എന്നതിനു സംശയമില്ല. ആദിമുതൽ ദൈവത്തോടൊപ്പമുണ്ടായിരുന്ന വചനമായ ദൈവമാണല്ലോ അവിടുന്നു്.

ക്രിസ്തു ആരുടെ തലയാണോ ആ സഭ, അവിടുത്തെ ഇടതുകരം തന്റെ തലയ്ക്കു് അവലംബമായിരിക്കാൻ ആഗ്രഹിക്കുന്നു. അതായതു തന്റെ ശിരസ്സ് ദൈവവചനത്തിന്റെ മനുഷ്യാവതാരത്തിലുള്ള വിശ്വാസത്താൽ സംരക്ഷിക്കപ്പെടാൻ ആഗ്രഹിക്കുന്നു. അവിടുത്തെ വലതുകരം തന്നെ ആശ്ലേഷിക്കണം എന്നു് സഭ ആഗ്രഹിക്കുന്നുണ്ടല്ലോ. മനുഷ്യാവതാരംകൊണ്ടു നിർവഹിച്ച ഈ രക്ഷാകര വ്യാപാരത്തിനു മുമ്പു രഹസ്യങ്ങളിൽ അടച്ചുപൂട്ടി വയ്ക്കപ്പെട്ടിരുന്ന കാര്യങ്ങൾ പൂർണമായി തനിക്കു ഗ്രഹിക്കണം എന്ന ആശയമാണിവിടെ. പാപികളുടെ ദുഃഖമോ ദൗർബല്യത്തിന്റേതായ വീഴ്ചകളോ ഒന്നും ഉൾപ്പെടാത്ത കാര്യങ്ങളാണു വലത്തുകൈക്കാര്യങ്ങൾ എന്നതുകൊണ്ടു നാം മനസ്സിലാക്കേണ്ടതു്. താൻതന്നെയായിരുന്നവൻ നമുക്കുവേണ്ടി പാപവും ശാപവും ആക്കപ്പെടുകയും നമ്മുടെ മുറിവുകൾ സുഖപ്പെടുത്തുകയും നമ്മുടെ പാപങ്ങൾ വഹിക്കുകയും ചെയ്ത ആ കാലത്തെ കാര്യങ്ങൾ ഇടത്തുകൈക്കാര്യങ്ങൾ എന്നതുകൊണ്ടും.

അക്കാര്യങ്ങളെല്ലാം സഭയുടെ ശിരസ്സിനെയും വിശ്വാസത്തെയും പിൻതാങ്ങുന്നവയാണെങ്കിലും അവയെല്ലാം ദൈവവചനത്തിന്റെ ഇടതുകരം എന്നു സാധുവായ വിധത്തിൽ പറയാം. എന്നു മാത്രമല്ല, അവയിൽ ചിലതു് പ്രകാശവും മഹത്ത്വവും പ്രതാപവും നിറഞ്ഞ, വലതുകരത്തിന്റേതായ സ്വഭാവത്തിനു വിരുദ്ധമായ വിധത്തിൽ താൻ സഹിച്ചതായും പറയപ്പെടുന്നു.



## 10

'ജറുശലേം പുത്രിമാരേ, വയലിലെ ശക്തികളാലും പ്രേരണകളാലും, അവനിഷ്ടമുള്ളവിധം സ്നേഹത്തെ ഉയർത്തുകയും, ഉണർത്തുകയും ചെയ്യുവോ എന്നു് ഞാൻ നിങ്ങളോടു് അപേക്ഷിച്ചു ചോദിക്കുന്നു' (2:7).

ഈ ഭാഗത്തും മണവാട്ടി കന്യകമാരോടു സംസാരിക്കുകയാണു്. അവർ സ്നേഹിക്കുകയും സ്നേഹാർഹമായി കരുതുകയും ചെയ്യുന്ന വസ്തുക്കളുടെ നാമത്തിൽ അവൾ ഒരുകാര്യം അവരോടു യാചിക്കുകയും ആണയിട്ടു പറയുകതന്നെയും ചെയ്യുകയാണു്. അവരിൽ നിദ്രാണമായിക്കിടക്കുന്ന സ്നേഹത്തെ മണവാളനു പ്രീതിജനകമാകുന്നേടത്തോളം മാത്രം അവർ ഉത്തേജിപ്പിക്കുകയും ഉണർത്തുകയും ചെയ്യണം. അതിലധികമായിട്ടോ കുറവായിട്ടോ അതിനെ ഉത്തേജിപ്പിക്കുവാൻ പാടില്ല.

തന്റെ പ്രിയതമന്റെ ഇച്ഛയ്ക്കും ഇഷ്ടത്തിനും വിരുദ്ധമായി ആരും ഒന്നും ചെയ്യരുതെന്നു് ആഗ്രഹിക്കുന്നതാണല്ലോ മണവാട്ടിയുടെ സ്നേഹത്തിന്റെ പൂർണത. ഈ വിഷയത്തിൽ കന്യകമാർ അലസതയോ ഉപേക്ഷയോ കാണിക്കാതിരിക്കുന്നതിനുവേണ്ടി വയലുകളിലെ ശക്തികളുടെ നാമത്തിൽ—വയലുകളിലുള്ള വൃക്ഷങ്ങളുടെയും കുററിക്കാടുകളുടെയും വിതയ്ക്കപ്പെട്ട സസ്യങ്ങളുടെയും നാമത്തിൽ— അവൾ അവരോടു യാചിക്കുകയാണു്. ഉദ്ധൃത ഭാഗത്തെ നാടകത്തിലെ കഥയുടെ പശ്ചാത്തലത്തിൽ ഇപ്രകാരം നമുക്കു മനസ്സിലാക്കാം.

ഇനി പ്രസ്തുത ഭാഗത്തിന്റെ വ്യംഗ്യാർത്ഥം എന്തെന്നു നോക്കാം. ഓരോ ആത്മാവിനും, വിശിഷ്യ, ജറുസലെമിന്റെ പുത്രിയായ ഓരോ ആത്മാവിനും സ്വന്തമായി ഒരു വയലുണ്ടു്. അതു് യേശു അവൾക്കു നൽകിയതാണു്. തന്റെ യോഗ്യതകളുടെ പവിത്രീകൃതമായ ഒരുതരം പങ്കാളിത്തത്തിലൂടെയാണു് അതു ലഭിക്കുന്നതു്. യാക്കോബിന്റെ വയൽ അങ്ങനെയുള്ള ഒന്നായിരുന്നു. അതിന്റെ സന്തോഷദായകത്വത്താൽ പ്രേരിതനായി പൂർവപിതാവായ ഇസഹാക്കു് യോഗാത്മക ഭാഷയിൽ ഇങ്ങനെ പറഞ്ഞു, 'കർത്താവു കനിഞ്ഞനുഗ്രഹിച്ചു സമൃദ്ധി നിറഞ്ഞ വയലിന്റെ മണമാണു് എന്റെ മകന്റേതു്' (ഉല്പ. 27:27). അങ്ങനെ, നാം പറഞ്ഞതുപോലെ, ഓരോ ആത്മാവിനും അവളുടെ വയലുണ്ടു്; അവളുടെ ജീവിതവും ജീവിതരീതിയുമാണു് ആ വയൽ. പരിശ്രമശീലവും പ്രയത്നസ്ഥിരതയുമുള്ള ആത്മാവു് അവിടെ അവിശ്രമം പണിയെടു

www.malankaralibrary.com



ക്കുന്നു. അവിടെ എല്ലാ നല്ല മനോഭാവങ്ങളും നട്ടു വളർത്തുന്നതിനും മനസ്സിന്റെ എല്ലാ നല്ല ശക്തികളെയും പരിപോഷിപ്പിക്കുന്നതിനും അവർ ശ്രദ്ധാലുവായിരിക്കുന്നു. മനസ്സിന്റെ ശക്തികളെ മാത്രമല്ല, പ്രമാണങ്ങൾ ആവശ്യപ്പെടുന്ന കർത്തവ്യങ്ങളുടെ നിർവഹണത്തിനുപയുക്തമായ കർമ്മശേഷികളെയും അവർ പരിപാലിച്ചു വളർത്തിയെടുക്കുന്നു.

അങ്ങനെ, ഓരോ ആത്മാവിനും ഓരോ വയലുണ്ട്, അവർ അതിനെ കിളച്ചു പാകപ്പെടുത്തുകയും മുകളിൽ പറഞ്ഞ വിധത്തിലെല്ലാം അവിടെ കൃഷി നടത്തുകയും ചെയ്യുന്നു. ജെറൂസലെം പുത്രിമാർക്കെല്ലാം പൊതുവായ ഉടമസ്ഥതയുള്ള മറ്റൊരു വയലുമുണ്ട്. അതിനെക്കുറിച്ചു പൗലോസ് പറയുന്നു: 'നിങ്ങൾ ദൈവത്തിന്റെ വയലാകുന്നു' (1 കൊറി. 3:9). ഇവിടെ പറയുന്ന വയൽ എന്നതിന് സഭയുടെ പൊതുവായ വിശ്വാസത്തിന്റെയും ജീവിതരീതിയുടെയും പരിശീലനം എന്നു നമുക്ക് അർത്ഥമെടുക്കാം. അതിൽ തീർച്ചയായും സ്വർഗീയ ശക്തികളും ആധ്യാത്മികദാനങ്ങളുടെ കരുത്തുകളുമുണ്ട്. തന്റെ അമ്മ സ്വർഗീയജെറൂസലെമാണ്[17] എന്നു മനസ്സിലാക്കുന്നതുകൊണ്ടു ജറൂശലെം പുത്രിമാർ എന്നു വിളിക്കപ്പെടുന്ന ഓരോ ആത്മാവും ഈ വയലിലെ ജോലികളുടെ നിർവഹണത്തിനു തന്റെ പങ്ക് തീർച്ചയായും നിർവഹിക്കണം. ഒരു സ്വർഗീയ സമ്പാദ്യമായിരിക്കുന്നതിന് ഇത് അർഹമായിത്തീരണമെന്ന് അവർ ആഗ്രഹിക്കുകയും വേണം.

അതിനാൽ, കന്യകമാരും വിശ്വാസത്തിന്റെ ആരംഭം ലഭിച്ചവരും ക്രിസ്തുവിന്റെ സ്നേഹത്തെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യണമെന്നു സഭ വയലിലെ ശക്തികളുടെയും കരുത്തുകളുടെയും നാമത്തിൽ പ്രഖ്യാപിക്കുന്നു. സഭ അവരോട് ഇങ്ങനെ ചോദിക്കുന്നു: 'ക്രിസ്തു ആഗ്രഹിക്കുന്ന വിധത്തിൽ നിങ്ങൾ സ്നേഹത്തെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്തുവോ?' ആ ചോദ്യത്തിന്റെ അർത്ഥം ഇങ്ങനെ വിശദീകരിക്കാം. 'ഭയത്തിന്റെ ആത്മാവിനാലല്ലാതെ പുത്രസ്വീകാരത്തിന്റെ ആത്മാവിനാൽ നിങ്ങൾ പ്രചോദിതരായിരിക്കുന്നുവെങ്കിൽ, പൂർണമായ സ്നേഹം ഭയത്തെ ബഹിഷ്ക്കരിക്കുന്ന അവസ്ഥയിൽ[18] നിങ്ങൾ എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ, നിങ്ങൾ നിങ്ങളിൽ സ്നേഹത്തെ വളർത്തുകയും ഉയർത്തുകയും ചെയ്യുന്നുണ്ടെങ്കിൽ, സ്നേഹത്തിന്റെ പുത്രനായ, ദൈവത്തിന്റെ സ്നേഹംതന്നെയായ യേശുവിനു പ്രിയങ്കരമാകുംവിധത്തിൽ നിങ്ങൾ അതിനെ ഉണർത്തുകയും ഉയർത്തുകയും ചെയ്യണം. മാനുഷിക സ്നേഹത്തിന്റെ മാനദണ്ഡങ്ങൾ വേണ്ടുവോളമാണെന്നു നിങ്ങൾ വിചാരിക്കുകയാണെ



ങ്കിൽ ദൈവത്തിനു യോഗ്യമായ വിധത്തിലുള്ള ദൈവികസ്നേഹത്തിനാവശ്യമായതിലും താഴ്ന്ന വിധത്തിലായിരിക്കും നിങ്ങൾ പെരുമാറുന്നത്.' സ്നേഹത്തെ സംബന്ധിച്ചെടത്തോളം ദൈവത്തിന്റെ ഏക മാനദണ്ഡം നമ്മുടെ സ്നേഹം ദൈവം ആഗ്രഹിക്കുന്നെടത്തോളം മഹത്തായിരിക്കണം എന്നതത്രേ. ദൈവഹിതം എന്നും ഒന്നുതന്നെയാണ്. അതിന് ഒരിക്കലും മാറ്റം വരുന്നില്ല. അതിനാൽ ദൈവസ്നേഹത്തിന് മാറ്റമോ നാശമോ സംഭവിക്കുന്നില്ല.

'നിങ്ങൾക്കു സ്നേഹം ലഭിച്ചിട്ടുണ്ടോ?' എന്നു സഭ ചോദിച്ചിട്ടില്ല എന്ന കാര്യം നിങ്ങൾ തീർച്ചയായും ശ്രദ്ധിക്കേണ്ടതാണ്. 'നിങ്ങൾ അതിനെ ഉയർത്തിയിട്ടുണ്ടോ' എന്നാണു സഭയുടെ ചോദ്യം. അതിന്റെ അർത്ഥം ഇതാണ്. 'സ്നേഹം തീർച്ചയായും നിങ്ങളിലുണ്ട്. എന്നാൽ ഇപ്പോൾ അതു നിശ്ചലമായികിടക്കുകയാണ്, സ്വന്തം കാലിൽ നിവർന്നുനിന്നിട്ടില്ല.' വീണ്ടും നിങ്ങൾ സ്നേഹം കണ്ടെത്തിയോ? എന്നു സഭ ചോദിച്ചില്ല. നിങ്ങൾ അതിനെ ഉണർത്തിയോ? എന്നാണു ചോദ്യം. സ്നേഹം നിങ്ങളിലുണ്ട് എന്ന് ആ ചോദ്യത്തിൽനിന്നുതന്നെ സിദ്ധിക്കുന്നു. എന്നാൽ അതു നിശ്ചലവും നിദ്രാണവുമാണ്. ആരെങ്കിലും ഉണർത്തുന്നതുവരെ ആ സ്ഥിതിയിൽ അതു തുടരും. 'ഉറങ്ങുന്നവനേ, നീ ഉണരുക. ക്രിസ്തു നിന്റെമേൽ പ്രകാശിക്കും.' എന്നു പറഞ്ഞപ്പോൾ തന്റെ ശിഷ്യരിലുള്ള ഈ ഉറക്കക്കാരനെ പൗലോസ് വിളിച്ചുണർത്തുകയായിരുന്നെന്നു ഞാൻ കരുതുന്നു (എഫേ. 5:14).

## 11

'അതാ, എന്റെ പ്രിയന്റെ സ്വരം, കണ്ടാലും, മലമുകളിലൂടെ കുതിച്ചുചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും അവൻ വരുന്നു' (2:8).

എന്റെ പ്രിയന്റെ സ്വരം! ഉത്തമഗീതം എന്ന ചെറിയ ഗ്രന്ഥം ഒരു നാടകത്തിന്റെ രൂപത്തിലാണു വിരചിതമായിരിക്കുന്നത് എന്ന വസ്തുത വായനക്കാരെ ഇടയ്ക്കിടെ അനുസ്മരിപ്പിക്കുന്നത് ആശാസ്യമായിരിക്കുമെന്നു ഞാൻ കരുതുന്നു. വിചിന്തനത്തിനായി മുകളിൽ ഉദ്ധരിച്ചിട്ടുള്ള വരിയുടെ ആശയം ഏകദേശം താഴെപറയുന്ന വിധത്തിലാണ്: മണവാട്ടി യറൂസലേം പുത്രിമാരായ കന്യകമാരോടു സംസാരിക്കുകയായിരുന്നു. പെട്ടെന്ന്, മണവാളൻ കുറെ അകലെനിന്ന്

www.malankaralibrary.com



ആരോടോ സംസാരിക്കുന്നതുപോലുള്ള സ്വരം അവൾ കേട്ടു. പെട്ടെന്നു കന്യകമാരോടുള്ള സംഭാഷണം നിർത്തിയിട്ട് അവൾ ആ സ്വരത്തിലേക്കു തന്റെ ശ്രദ്ധ തിരിച്ചു. എന്നിട്ടു പറയുന്നു: 'എന്റെ പ്രിയന്റെ സ്വരം!'

കണ്ണുകൾക്കു മുമ്പിൽ പ്രത്യക്ഷനാകും മുമ്പ്, മണവാട്ടി തന്റെ മണവാളനെ സ്വരം കൊണ്ടുതന്നെ തിരിച്ചറിഞ്ഞു എന്നു വായനക്കാർ മനസ്സിലാക്കേണ്ടതാണ്. പിന്നീടു മണവാളൻ അവളുടെ അക്ഷികൾക്കു ലക്ഷീഭവിക്കുന്നു. താൻ വസിക്കുന്ന സ്ഥലത്തിനു സമീപമുള്ള ചില മലകളിൽക്കൂടെ അദ്ദേഹം ഓടിച്ചാടിവരുകയാണ്. മാനുകൾ സഞ്ചരിക്കുന്ന രീതിയിൽ, വേഗതയേറിയ കുതിപ്പുകളോടുകൂടി മണവാളൻ തന്റെ മണവാട്ടി കുടികൊള്ളുന്നിടത്തേയ്ക്കു പാഞ്ഞടുക്കുകയാണ്.[19]

മണവാട്ടി വസിക്കുന്ന വീടിനു സമീപം എത്തിയപ്പോൾ മണവാളൻ അല്പസമയം നിന്നുവെന്ന് നമുക്കു വിചാരിക്കാം. തന്റെ സാന്നിധ്യം എങ്ങനെയെങ്കിലും മണവാട്ടി മനസ്സിലാക്കട്ടെ എന്നു കരുതിയായിരിക്കും അത്. എല്ലാവർക്കും കാണത്തക്കവിധം പരസ്യമായി താൻ വീടിനുള്ളിലേയ്ക്കു പ്രവേശിച്ചില്ല. സ്നേഹത്തിനു ചേർന്നവിധത്തിൽ ജാലകത്തിലൂടെ മണവാട്ടിയെ നോക്കി.

മണവാട്ടിയുടെ വസതിക്കു സമീപം ചില വലകളോ കുരുക്കുകളോ സ്ഥാപിക്കപ്പെട്ടിരുന്നു എന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. മണവാട്ടിയോ തോഴിമാരായ ജെറുസലേം പുത്രിമാരോ എപ്പോഴെങ്കിലും വീടിനു പുറത്തിറങ്ങാൻ ഇടയായാൽ അവർ അവയിൽ അകപ്പെടും. മണവാളൻ അവയുടെ അടുത്തു വന്നു.തന്നെ അകപ്പെടുത്താൻ അവയ്ക്കു കഴിയുകയില്ല എന്ന ആത്മവിശ്വാസത്തോടുകൂടിത്തന്നെ. കരുത്തനായ മണവാളൻ അവയെ കീറിനീക്കി ഉള്ളിൽ കടന്നു. അതിനുശേഷം മണവാട്ടിയോടു പറയുകയാണ്, 'എന്റെ അയൽക്കാരീ, എന്റെ മണവാട്ടീ, എന്റെ മാടപ്രാവേ, എഴുന്നേൽക്കു, വരൂ' (ഉത്തമ. 2:10).

മണവാളൻ ഇങ്ങനെ പറയുന്നതിന് ഒരു ഉദ്ദേശ്യമുണ്ട്. താൻ ചെയ്തതെന്താണെന്നു കാണുന്നതുകൊണ്ടുതന്നെ, ശത്രു അവൾക്കുവേണ്ടി ഒരുക്കിയ വലകളെയും കെണികളെയും അവൾ എത്ര നിർഭയമായി പുച്ഛിച്ചു തള്ളണമെന്നുള്ളതാണത്. തന്റെ അടുത്തേയ്ക്ക് അവൾ തിടുക്കപ്പെട്ടുവരണമെന്നു കൂടുതൽ ശക്തിയായി അവളെ ഉദ്ബോധിപ്പിക്കുന്നതിനുവേണ്ടി മണവാളൻ പറയുന്നു: ഞെരുക്കം നിറഞ്ഞതെന്നു തോന്നിയ കാലമെല്ലാം കഴിഞ്ഞിരിക്കുന്നു. മടിപിടിച്ചിരിക്കുന്നതിനുള്ള ഒരു ഒഴികഴിവായ മഞ്ഞുകാലം കടന്നുപോയിരിക്കുന്നു. പ്രയോജ



നരഹിതമായ മഴ അവസാനിച്ചു. പൂക്കാലം സമാഗതമായി, 'അതിനാൽ എന്റെ പക്കലേക്കു നയിക്കുന്ന പാതയിൽ യാത്ര തുടങ്ങാൻ അമാന്തിക്കരുത്. തളിർക്കും കാലം അവരെ നോക്കി പുഞ്ചിരിക്കുന്നതുകൊണ്ട് കർഷകർ അവരുടെ മുന്തിരിത്തോട്ടങ്ങൾക്കു വേണ്ട പരിചരണങ്ങൾ നൽകുന്നു. മറ്റു പക്ഷികളുടെ കൂജനങ്ങൾക്കൊപ്പം കാട്ടുപ്രാവുകളുടെ കൂജനം, വസന്താഗമം വിളംബരം ചെയ്യുന്ന ആ പ്രിയനാദം, മുഴങ്ങുന്നു. അത്തിമരം, തളിർക്കും കാലത്തിന്റെ പ്രശാന്തസ്വഭാവത്തെക്കുറിച്ചുള്ള ഉറപ്പോടുകൂടി, ആശങ്കയില്ലാതെ തന്റെ തളിർപ്പുകൾ പുറപ്പെടുവിക്കുന്നു. മുന്തിരിച്ചെടികളാകട്ടെ, വസന്തർത്തുവിന്റെ പ്രശാന്തതയെക്കുറിച്ചുള്ള അതിയായ നിശ്ചയത്തോടുകൂടി പുഷ്പങ്ങളും സൗരഭ്യവും ആവിഷ്കരിക്കുന്നു.'

ഋതുവിന്റെ ശാന്തസ്വഭാവത്തെ സംബന്ധിക്കുന്ന ഇക്കാര്യങ്ങളെല്ലാം മണവാളൻ മണവാട്ടിക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുന്നു. തന്റെ പക്കലേക്കുള്ള വഴിയിൽ അധികമായ ആത്മവിശ്വാസത്തോടുകൂടി അവൾ യാത്രപുറപ്പെടുന്നതിനുവേണ്ടിയാണിത്. അവൾ തന്നോടൊത്തു വിശ്രമിക്കണമെന്നു താൻ ആഗ്രഹിക്കുന്നതായ സ്ഥലത്തെക്കുറിച്ചും മണവാളൻ പറയുന്നുണ്ട്. ഒരു പാറയുടെ മറവുമൂലം വളരെ തണലുള്ളതായ ഒരു സ്ഥലമുണ്ടെന്ന് അവളോടു പറയുന്നു. അത് ആ വീടിന്റെ മതിലിനോടോ പുറംകോട്ടയോടോ ചേർന്നുള്ളതാണ്. മണവാട്ടി ആ സ്ഥലത്തേയ്ക്കു ചെല്ലണമെന്നും അവിടെവെച്ചു മുഖാവരണം മാറ്റിയിട്ട് തന്റെ അനാവൃതമായ മുഖം അവർ കാണണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. അഭിമുഖമായി അവർ പരസ്പരം കാണുകയും അറിയുകയും ചെയ്യണം. മണവാളന് മണവാട്ടിയുടെ മുഖം അനാവൃതമായും സ്വതന്ത്രമായും കാണണം. അതുമാത്രമല്ല, അവളുടെ സ്വരം കേൾക്കുകയും വേണം. തന്റെ മണവാട്ടിയുടെ മുഖം സുന്ദരവും അവളുടെ സ്വരം മധുരവും ശ്രവണത്തിന് ആഹ്ളാദവുമാണെന്നു മണവാളനറിയാം.

ഈ ഭാഗങ്ങളെല്ലാം നാം മുൻകൂട്ടി ചർച്ചചെയ്യുകയും മുൻഭാഗങ്ങളോടു ബന്ധപ്പെടുത്തി പറയുകയുമാണ്. നാം നാടകകഥയുടെ ക്രമം തെറ്റിക്കുകയാണെന്ന ധാരണ ഉണ്ടാക്കാതിരിക്കാനാണ് അങ്ങനെ ചെയ്തത്. ഇങ്ങനെ മുൻപോട്ടു കടന്നു ചർച്ചചെയ്യുന്ന ഘട്ടത്തിൽ നാം എത്തിയിരിക്കുന്നു. 'നിന്റെ സ്വരം മധുരമാകുന്നു, നിന്റെ മുഖം മനോഹരവും' ഇനി ആരംഭിച്ചിടത്തേക്കു നമുക്കു തിരിഞ്ഞുനോക്കാം. 'അതാ'

www.malankaralibrary.com



എന്റെ പ്രിയന്റെ സ്വരം' എന്നു പറയുന്നതുകൊണ്ടു് മണവാട്ടി എന്താണ് അർത്ഥമാക്കുന്നതു്?

ഒന്നാമതായി, സഭ ക്രിസ്തുവിനെ തിരിച്ചറിയുന്നതു് തന്റെ സ്വരംകൊണ്ടു മാത്രമാണു്. താൻ പ്രവാചകന്മാർവഴി ആദ്യമായി തന്റെ സ്വരം അവർക്കു് അയച്ചുകൊടുത്തു. അങ്ങനെ താൻ കാണപ്പെടാത്ത അവസ്ഥയിലും കേൾക്കപ്പെട്ടു. തന്നെപ്പററി പ്രവാചകന്മാർ പ്രഖ്യാപിച്ച കാര്യങ്ങളിലൂടെയാണു് സഭ തന്നെപ്പററികേട്ടതു്. കാലത്തിന്റെ ആരംഭംമുതൽ രൂപീകൃതമായ സഭ വളരെക്കാലത്തേയ്ക്കു തന്റെ സ്വരം കേൾക്കുക മാത്രമേ ചെയ്യുന്നുള്ളു. ഒടുവിൽ തന്റെ കണ്ണുകൾകൊണ്ടു് അവൾ അദ്ദേഹത്തെ കണ്ടു. അപ്പോൾ അവൾ പറഞ്ഞു: 'കണ്ടാലും, മലമുകളിലൂടെ കുതിച്ചുചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും അവൻ വരുന്നു.' അവിടുന്നു പ്രവാചകപർവ്വതങ്ങളുടെയും വിശുദ്ധ കുന്നുകളുടെയും മുകളിലൂടെ കുതിച്ചുചാടിയാണു വന്നതു്. തന്റെ ഛായയും രൂപവും വഹിച്ച ആളുകളാണു് ആ പർവതങ്ങളും കുന്നുകളും.

ഇവിടെ പരാമർശിക്കുന്ന പർവതങ്ങളായി നിങ്ങൾ അപ്പസ്തോലന്മാരെയും പരിഗണിക്കുന്നുവെങ്കിൽ അതിൽ അനൗചിത്യമൊന്നുമില്ല. കൂടുതൽ ഔചിത്യമുള്ളതുകൊണ്ടു് ആ പർവതങ്ങൾക്കു മുകളിലൂടെ കുതിച്ചുചാടാൻ 'മണവാളനു' സാധിക്കുന്നു. അപ്പസ്തോലന്മാർക്കുശേഷം കർത്താവു തെരഞ്ഞെടുക്കുകയും ദൗത്യം നൽകുകയും ചെയ്ത ആളുകളെ കുന്നുകളായും നമുക്കു കണക്കാക്കാം. അവയിൽ തുള്ളിച്ചാടി നടക്കുന്ന ചെറുമാനുകളോടും കലമാനുകളോടും അവിടുന്നു് ഉപമിക്കപ്പെട്ടിരിക്കുന്നു. മറേറതു ജന്തുവിനേക്കാളും സൂക്ഷ്മമായ കാഴ്ചശക്തിയുള്ള മൃഗമാണു ചെറുമാൻ. കലമാനാകട്ടെ സർപ്പങ്ങളെ നശിപ്പിക്കുന്നു.

നിയമത്തിലെയോ പ്രവാചകന്മാരിലെയോ ഏതെങ്കിലും അവ്യക്ത വചനങ്ങളോ പ്രഹേളികകളോ എപ്പോഴെങ്കിലും നമ്മുടെ മനസ്സിനെ വലയം ചെയ്താൽ ആ സമയത്തു് മണവാളന്റെ സാന്നിധ്യം ആത്മാവിനു് അനുഭവപ്പെട്ടെന്നു വന്നേക്കും—ഇങ്ങനെ, വിഷമിക്കുന്ന ഘട്ടങ്ങൾ ഉണ്ടാകുമെന്നതു് നമുക്കോരോരുത്തർക്കും അനുഭവബോധ്യമുള്ള കാര്യമാണല്ലോ—അത്തരം സന്ദർഭങ്ങളിൽ ആത്മാവു വിദൂരതയിൽനിന്നു മണവാളന്റെ സ്വരം ശ്രദ്ധിക്കുന്നു. ഉടൻ തന്നെ അവൾക്കു ഉദ്ധാരണം ലഭിക്കുകയും ചെയ്യുന്നു. അവിടുന്നു് ആത്മാവിന്റെ ബോധപദവിയോടു കൂടുതൽ അടുത്തു വരുകയും അവ്യക്തമായ കാര്യങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ അവിടുന്നു മലകൾക്കും കുന്നുകൾക്കും മീതെ കുതിച്ചു ചാടി വരു



ന്നതായി ആത്മാവു കാണുന്നു. ഉന്നതവും ഉദാത്തവുമായ അർത്ഥവിശദീകരണങ്ങൾ അവിടുന്നു തോന്നിച്ചുകൊടുക്കുമ്പോൾ ആത്മാവിനു പറയാൻ കഴിയും: 'അതാ, മലമുകളിലൂടെ കുതിച്ചുചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും അവൻ വരുന്നു.'

ഇവിടെ ഈ പരാമർശങ്ങൾ അവതരിപ്പിക്കുമ്പോൾ, കുറെമുമ്പു് മണവാളൻ മണവാട്ടിയുടെ അടുത്തുനിന്നു് അവളോടു സംസാരിച്ചതായി പ്രസ്താവിച്ച കാര്യം നാം വിസ്മരിക്കുന്നില്ല. എന്നാൽ ഈ ചെറുപുസ്തകം ഒരു നാടകത്തിന്റെ രൂപത്തിലാണു് എഴുതപ്പെട്ടിരിക്കുന്നതെന്നു നാം മുമ്പു പറഞ്ഞല്ലോ. അതിൽ ചിലപ്പോൾ സന്നിഹിതനായ ഒരു മണവാളനെക്കുറിച്ചു പറയുന്നു; ചിലപ്പോൾ സന്നിഹിതനല്ലാത്ത മണവാളനെക്കുറിച്ചും. രണ്ടുതരം പ്രസ്താവവും ഉചിതമാകത്തക്കവിധത്തിലാണു് കഥാപാത്രങ്ങളുടെ പരിവൃത്തി നിർവ്വഹിച്ചിട്ടുള്ളതു്. മണവാളനായ ക്രിസ്തു തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ മണവാട്ടിയോടു് ഒരവസരത്തിൽ ഇങ്ങനെ പറഞ്ഞു: 'കണ്ടാലും, ലോകാവസാനം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്താ. 28: 20). എന്നാൽ വേറൊരിടത്തു്, വീട്ടുടമസ്ഥൻ തന്റെ ദാസരെ വിളിച്ചു വ്യാപാരം നടത്തുന്നതിനായി തന്റെ സമ്പത്തു പങ്കിട്ടു് അവരെ ഏല്പിച്ചിട്ടു് വിദേശത്തേക്കുപോയ കാര്യവും പറയുന്നു. തനിക്കുവേണ്ടി ഒരു രാജ്യം സമ്പാദിക്കാൻ ദൂരദേശത്തേയ്ക്കു പോയ കാര്യം വേറൊരിടത്തു പറയുന്നു. അകലെപ്പോയ മണവാളനെക്കുറിച്ചു് വേറൊരിടത്തു് ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'എന്നാൽ അർധരാത്രിയിൽ 'ഇതാ മണവാളൻ; പുറത്തുവന്നു് അവനെ എതിരേല്പിൻ' എന്ന വിളിയുണ്ടായി' (മത്താ.25:14).

ഇങ്ങനെ മണവാളൻ ചിലപ്പോൾ മണവാട്ടിയുടെ പക്കൽ സന്നിഹിതനായിരിക്കുകയും അവളെ പഠിപ്പിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അസന്നിഹിതനാകുന്നു. അപ്പോൾ മണവാട്ടി അവിടുത്തെ സാന്നിധ്യം ആഗ്രഹിക്കുന്നു. ഈ രണ്ടവസ്ഥയും സഭയെയും വിശ്വസ്തതയുള്ള ആത്മാവിനെയും സംബന്ധിച്ചു പ്രസക്തമാണു്. പീഡനങ്ങളും കഷ്ടതകളും അനുഭവിക്കാൻ സഭയെ അനുവദിക്കുമ്പോൾ അവിടുന്നു അസന്നിഹിതനാണെന്നു തോന്നും. സഭ സമാധാനത്തിൽ മുന്നോട്ടുപോകുകയും വിശ്വാസത്തിലും നല്ല പ്രവർത്തനങ്ങളിലും അഭിവൃദ്ധിപ്പെടുകയും ചെയ്യുമ്പോൾ തന്റെ സാന്നിധ്യം അവളോടൊപ്പമുള്ളതായി തോന്നും.

ആത്മാവിന്റെ കാര്യത്തിലും ഇങ്ങനെതന്നെയാണു്. അവൾ ഏതെങ്കിലും കാര്യം ഗ്രഹിക്കാൻ പരിശ്രമിക്കുകയും അവ്യക്തവും രഹസ്യവുമായ ഏതെങ്കിലും കാര്യം മനസ്സി

www.malankaralibrary.com



ലാക്കാൻ ആഗ്രഹിക്കയും ചെയ്യുമ്പോൾ, ഉദ്ദേശിച്ചകാര്യം സാധിക്കാതെ അവൾ വിഷമിക്കുന്ന സമയത്തോളം ദൈവവചനത്തിന്റെ സാന്നിധ്യം അവൾക്കു ലഭിക്കുന്നില്ലെന്നു പറയാം. എന്നാൽ അന്വേഷിച്ച കാര്യം വെളിപ്പെട്ടുവരുമ്പോൾ ദൈവവചനം അവളുടെ മനസ്സിനെ പ്രകാശിപ്പിച്ചുകൊണ്ടും അറിവിന്റെ ദീപം പ്രദാനം ചെയ്തുകൊണ്ടും അവളുടെ പക്കൽ സന്നിഹിതനാകുന്നുവെന്നതിനെപ്പററി ആർക്കു സംശയിക്കാൻ കഴിയും? വിവിധ വിഷയങ്ങളുടെ ഗ്രഹണം നമ്മുടെ മനസ്സിനു മുമ്പിൽ അടയ്ക്കപ്പെടുകയും തുറക്കപ്പെടുകയും ചെയ്യുന്നതായി കരുതാം.

താൻ കൂടെക്കൂടെ സന്ദർശിക്കുകമാത്രമല്ല സ്ഥിരം സഹവസിക്കുകയും ചെയ്യുന്ന ആളുകളുമായി നാം പരിണമിക്കുന്നതുവരെ ഈ അവസ്ഥാവിശേഷം നിലനില്ക്കും. നമ്മുടെ കർത്താവിന്റെ വാക്കുകളെ പൂർണമായും അനുവർത്തിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഇവിടെ ഇക്കാര്യം പറയുന്നത്. ഒരിക്കൽ ഒരു ശിഷ്യൻ നമ്മുടെ കർത്താവിനോട് ഇങ്ങനെ ചോദിച്ചു. 'നീ നിന്നെത്തന്നെ ഞങ്ങൾക്കു വെളിപ്പെടുത്താനിരിക്കുന്നു, എന്നാൽ ലോകത്തിന് വെളിപ്പെടുത്തുകയില്ല എന്നു പറഞ്ഞതെന്താണ്?' ആ ചോദ്യത്തിനു മറുപടിയായി അവിടുന്ന് ഇങ്ങനെ പറഞ്ഞു: 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവു അവനെ സ്നേഹിക്കയും ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും (യോഹ. 14:22f).

അപ്പോൾ ആത്മാവിന്റെ മണവാളനായ ദൈവവചനത്തെ കാണണമെന്നു നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, 'മലമുകളിലൂടെ കുതിച്ചു ചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും അവിടുന്നു നമ്മുടെ അടുത്തേയ്ക്കു വരണമെന്നുണ്ടെങ്കിൽ, ആദ്യമായി നാം അവിടുത്തെ സ്വരം ശ്രവിക്കണം. അങ്ങനെ എല്ലാ കാര്യങ്ങളിലും തന്റെ സ്വരം ശ്രവിച്ചു കഴിയുമ്പോൾ മണവാട്ടി ഇവിടെ അവിടുത്തെ കണ്ടതായി പറയുന്ന സാഹചര്യങ്ങളിൽ നമുക്കും അവിടുത്തെ കാണാൻകഴിയും. മണവാട്ടി തന്റെ മണവാളനെ നേരത്തെ കണ്ടതാണെങ്കിലും ഇപ്പോഴത്തേതുപോലെ 'മലമുകളിലൂടെ കുതിച്ചു ചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും' വരുന്നതു കണ്ടിട്ടില്ല. ജനാലകളിലൂടെ ചാഞ്ഞുനോക്കുകയും മലകൾക്കിടയിലൂടെ നോക്കുകയും ചെയ്യുന്നതായിട്ടും ഇതിനു മുമ്പുകണ്ടിട്ടില്ല. ആദ്യമായി അവൾ മണവാളനെ കണ്ടത് മഞ്ഞുകാലത്താണെന്നു വിചാരിക്കണം. എന്തെന്നാൽ 'മഞ്ഞുകാലം കടന്നുപോയിരിക്കുന്നു' എന്നു മണവാ-



ളൻ ഇപ്പോൾ ആദ്യമായി പറയുന്നു. മഞ്ഞുകാലം—കഷ്ടതയുടെയും പരീക്ഷണങ്ങളുടെയും കാലം—മുഴുവൻ താൻ മണവാട്ടിക്കു പ്രത്യക്ഷനായിരുന്നു എന്നതാണ് ഇതിൽനിന്നെല്ലാം വെളിവാകുന്ന വസ്തുത.

ആദ്യത്തെ ആ ദർശനം നൽകൽ ഇപ്പോഴെത്തെതിൽ നിന്നു വ്യത്യസ്തമായിരുന്നു. കുറെസമയം ദർശനം നൽകുകയും പിന്നെ കുറെസമയം കാണാതാകുകയുമായിരുന്നു ആ സന്ദർശനത്തിലെ രീതി. മണവാട്ടിയെ പരീക്ഷിക്കാനാണത്. വീണ്ടും മണവാളൻ അവളെ സമീപിക്കുകയും അവളുടെ ശിരസു് ഉയർത്തുകയും അവളെ ആശ്ലേഷിക്കുകയും ചെയ്യുന്നു. അവൾ വിശ്വാസത്തിൽ അടിപതറാതിരിക്കാനും പരീക്ഷണങ്ങളുടെ ഭാരാധിക്യത്തിൽ അമർന്നുപോകാതിരിക്കാനും വേണ്ടിയാണത്. മണവാളന്റെ ഇടതുകരംകൊണ്ട് തന്റെ തല അതായത് വിശ്വാസമാകുന്ന ശീർഷം ഉയർത്തിപ്പിടിക്കണമെന്നും വലതുകരംകൊണ്ടു തന്നെ ആകമാനം ആശ്ലേഷിക്കണമെന്നും അങ്ങനെ താങ്ങി നിർത്തണമെന്നും മണവാട്ടി ആവശ്യപ്പെട്ട ആ കാലമാണു മഞ്ഞുകാലം എന്നും ഞാൻ കരുതുന്നു. നേരെ മറിച്ച് മലകളിലും കുന്നുകളിലുംനിന്നു വരുന്നതായ ഈ ദർശനം ആദ്ധ്യാത്മിക ദാഹങ്ങളുടെ ഔന്നത്യങ്ങളും ശക്തികളും സൂചിപ്പിക്കുന്നുവെന്നും ഞാൻ കരുതുന്നു. മണവാളൻ ജാലകത്തിലൂടെ നോക്കുന്നു എന്ന പ്രസ്താവം ആത്മാവിന്റെ സംവേദനശക്തികൾക്കു നൽകപ്പെട്ട പ്രകാശത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നാണ് എനിക്കു തോന്നുന്നത്. മണവാളൻ കീറി നീക്കംചെയ്ത വലകൾ പിശാചുവച്ച കെണികളാണ്. മഞ്ഞുകാലം എന്നപോലെ പ്രലോഭനങ്ങളുടെ കാലം ഇപ്പോൾ കടന്നുപോകുകയും ചെയ്തിരിക്കുന്നു.

സങ്കീർത്തനങ്ങളിൽ പറയുന്നതുപോലെ തളിർക്കും കാലത്തിന്റെയും വേനൽക്കാലത്തിന്റെയും അടയാളങ്ങളും വെളിപ്പെടുത്തപ്പെടുന്നുണ്ട്: 'കർത്താവേ, ഗ്രീഷ്മവും ഹേമന്തവും അങ്ങു സൃഷ്ടിച്ചു' (സങ്കീ.74:17). അതിനാൽ സഭ ഒടുവിൽ പുരോഗതിയുടെ പുഷ്പങ്ങളും ആവിഷ്കരിച്ചിരിക്കുന്നു. സഭ പരീക്ഷണത്തിന്റെ കാലഘട്ടത്തെ അതിജീവിച്ചു. ക്രമീകരണത്തിന്റേതായ ജോലികൾ പൂർത്തിയാവുകയും ചെയ്തിരിക്കുന്നു. ഇക്കാര്യങ്ങളെല്ലാം അവയെ പരാമർശിക്കുന്ന ഭാഗങ്ങൾ ചർച്ചയ്ക്കു വരുമ്പോൾ വ്യക്തമാക്കാം.

'അതാ മലമുകളിലൂടെ കുതിച്ചു ചാടിയും കുന്നുകളിലൂടെ തുള്ളിച്ചാടിയും അവൻ വരുന്നു.' ഈ ഭാഗത്തോടു ബന്ധപ്പെട്ട

www.malankaralibrary.com



കഥാഗതി നാം മുകളിൽ രേഖപ്പെടുത്തിക്കഴിഞ്ഞു. ക്രിസ്തു മലമുകളിലൂടെ കുതിച്ചുചാടിയും കുന്നുകളിലൂടെ തുള്ളിച്ചാടിയും സഭയുടെ പക്കലേക്കു വരുന്നു എന്നു പറയുന്നതിന്റെ അർത്ഥമെന്തെന്ന് ഇനി നോക്കാം. നടന്നു മുന്നോട്ടുപോകുകവഴി ഇസഹാക്ക് വളരെ വലിയവനായിത്തീരുന്നതുവരെ അഭിവൃദ്ധിപ്പെട്ടു (ഉല്പ. 26:13). എന്നാൽ പൗലോസ് പുരോഗതി നേടിയത് നടപ്പുകൊണ്ടല്ല ഓട്ടം കൊണ്ടാണ്. 'ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി' എന്ന് അദ്ദേഹം പറയുന്നു (2 തിമോ. 4:7). എന്നാൽ നമ്മുടെ രക്ഷകനും സഭയുടെ മണവാളനുമായ ഈശോ നടക്കുകയോ ഓടുകയോ ചെയ്യുന്നതായിട്ടല്ല ഇവയെല്ലാമുപരിയായി കുതിച്ചു ചാടുന്നതായിട്ടാണു പറഞ്ഞിരിക്കുന്നത്.

വളരെ ചുരുങ്ങിയ കാലംകൊണ്ട് ദൈവത്തിന്റെ വചനം, അബദ്ധവിശ്വാസങ്ങൾക്കധീനമായിരുന്ന ലോകം മുഴുവൻ വ്യാപിച്ചു എന്നു ചിന്തിക്കുകയാണെങ്കിൽ, അങ്ങനെ ലോകം മുഴുവൻ സത്യവിശ്വാസത്തിലേയ്ക്ക് ആനയിക്കപ്പെട്ടു എന്നു പരിഗണിക്കുകയാണെങ്കിൽ താൻ പർവതങ്ങൾക്കുപരി കുതിച്ചുചാടി എന്ന പ്രസ്താവത്തിന്റെ ആശയം നിങ്ങൾക്കു മനസ്സിലാകും. ചില വലിയ രാജ്യങ്ങളെ ഈ കുതിപ്പുകളാൽ താൻ അധീനമാക്കുകയാണ്. അതായത് ദൈവിക മതത്തെക്കുറിച്ചുള്ള അറിവു സമ്പാദിക്കാൻ അവയെ സജ്ജമാക്കുകയാണ്. താൻ കുന്നുകൾക്കു മുകളിൽ തുള്ളിച്ചാടി എന്നു പറയുന്നതിനർത്ഥം ചെറിയ രാജ്യങ്ങളെ വളരെ അനായാസമായി യഥാർത്ഥ ആരാധനയിലേയ്ക്കും ഭക്തിയിലേയ്ക്കും നയിച്ചു എന്നാകുന്നു.

ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേയ്ക്ക്, ഒരു രാജ്യത്തുനിന്നു മറ്റൊരു രാജ്യത്തേയ്ക്ക്, ഒരു പ്രവിശ്യയിൽ നിന്നു മറ്റൊരു പ്രവിശ്യയിലേക്കു തന്റെ പഠനങ്ങളുടെ പ്രകാശപ്പൊലിമയിലൂടെ അവിടുന്നു കുതിക്കുന്നു. 'ഞാൻ ജെറുസലെം തുടങ്ങി ഇല്ലിറിക്കം വരെ ചുറ്റി സഞ്ചരിച്ചു ക്രിസ്തുവിന്റെ സുവിശേഷം പൂർത്തിയാക്കി' എന്നുള്ള പൗലോസിന്റെ വാക്കുകളിലൂടെ (റോമ. 15:19) 'അവൻ മലകളിലൂടെ കുതിച്ചു ചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും വരുന്നു' എന്ന വാക്കുകളുടെ അർത്ഥം നിങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കും.

ഈ ഉദ്ധൃതഭാഗത്തിനു വേറെ ഒരു തരത്തിലും അർത്ഥം പറയാം. മോശ നമ്മുടെ കർത്താവിനെക്കുറിച്ചെഴുതി. പ്രവാചകന്മാരെല്ലാം തന്നെക്കുറിച്ചുള്ള കാര്യങ്ങൾ മുൻകൂട്ടിപ്പറഞ്ഞു. പഴയനിയമത്തിൽ ഈ ദർശനങ്ങളെക്കുറിച്ചെല്ലാം നാം വായി-



ക്കുന്നു. എന്നാൽ അവയെല്ലാം ഒരാവരണംകൊണ്ട് ആച്ഛാദിതമായ അവസ്ഥയിലാണ്. എന്നാൽ മണവാട്ടിയുടെ—ദൈവത്തിങ്കലേക്കു തിരിഞ്ഞ സഭയുടെ—മുന്നിൽ ആ ആവരണം നീക്കപ്പെടുമ്പോൾ മണവാളൻ ആ പർവതങ്ങൾക്ക്—പഴയനിയമങ്ങൾക്കു—മുകളിൽ കുതിച്ചു ചാടുന്നതായി അവൾ കാണുന്നു. പ്രവാചകഗ്രന്ഥങ്ങളാകുന്ന കുന്നുകളുടെ മുകളിൽനിന്ന് താൻ കുതിച്ചുയരുന്നതായി അവൾക്കു ദൃഷ്ടിഗോചരമാകുന്നു. പ്രസ്തുതഗ്രന്ഥങ്ങളിൽ അവിടുന്ന് അത്രയേറെ സ്പഷ്ടമായി വെളിപ്പെടുന്നതുകൊണ്ട് അവിടെ കേവലം കാണപ്പെടുന്നുവെന്നല്ല, അവയിൽനിന്നു കുതിച്ചുയരുന്നുവെന്നുതന്നെയാണു പറയേണ്ടത്. ഉദാഹരണമായി പ്രവാചകഗ്രന്ഥങ്ങളുടെ പേജുകൾ ഓരോന്നായി മറിക്കുമ്പോൾ അവയിൽനിന്നു ക്രിസ്തു കുതിച്ചുയരുന്നതായി അവൾ കാണുന്നു. നേരത്തേ അവയ്ക്കുണ്ടായിരുന്ന ആവരണം ഇപ്പോൾ നീങ്ങിയിരിക്കുന്നതിനാൽ (2കൊരി. 3:14–16) വായിക്കുന്ന അവസരത്തിൽ ഒരോ പേജിൽനിന്നും അവിടുന്ന് ഉദിച്ചുയർന്നു വരുന്നതായി അവൾ കാണുകയാണ്. ഈ പ്രത്യക്ഷീകരണം ഇപ്പോൾ സുസ്പഷ്ടമാണ്.

ക്രിസ്തു, രൂപാന്തരീകരണം നടത്തേണ്ടതായി വന്ന സന്ദർഭത്തിൽ സമതലങ്ങളോ താഴ്‌വാരങ്ങളോ തെരഞ്ഞെടുക്കാതെ ഒരു പർവതത്തിന്റെ ഉപരിഭാഗം തന്നെ അതിനായി തെരഞ്ഞെടുത്തത് ഇതുകൊണ്ടായിരിക്കും എന്നു ഞാൻ വിചാരിക്കുന്നു.[21] നിങ്ങളെ പഠിപ്പിക്കുന്നതിനും അവിടുന്ന് എപ്പോഴും മലകളുടെയോ കുന്നുകളുടെയോ മുകളിൽ പ്രത്യക്ഷപ്പെടുന്നു. നിയമങ്ങളും പ്രവാചകന്മാരുമാകുന്ന മലകളിലല്ലാതെ വേറൊരിടത്തും ആരും തന്നെ അന്വേഷിക്കാതിരിക്കുന്നതിനുവേണ്ടിയാണിത്. പർവതങ്ങൾ പരിശുദ്ധ സ്ഥലങ്ങളാണെന്നു കാണിക്കുന്ന പല ഭാഗങ്ങളും വി. ലിഖിതത്തിൽ നമുക്കു കാണാം. ഉദാഹരണത്തിനു സങ്കീർത്തനങ്ങളിൽ 'അവിടുന്നു വിശുദ്ധ ഗിരിയിൽ തന്റെ നഗരം സ്ഥാപിച്ചു' (87;1). വീണ്ടും, 'പർവതങ്ങളിലേക്കു ഞാൻ കണ്ണുകൾ ഉയർത്തുന്നു. എനിക്കു സഹായം എവിടെനിന്നു വരും' (121:1). കഷ്ടതകൾ അനുഭവിക്കുന്ന സന്ദർഭങ്ങളിൽ വി. ലിഖിതങ്ങളിൽനിന്നു നമുക്ക് ആശ്വാസം ലഭിക്കും.

ദൈവവചനം പർവതങ്ങൾക്കു മുകളിൽ കുതിച്ചു ചാടുകയും കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി സഞ്ചരിക്കുകയും ചെയ്യുന്നതായിട്ടാണല്ലോ പറയപ്പെടുന്നത്. ആ മലകൾ പുതിയ നിയമത്തിലെ ഗ്രന്ഥങ്ങളാണെന്നു നമുക്കു കരുതാം. കുന്നുകളിൽ ദീർഘകാലം മറഞ്ഞിരുന്നവനെപ്പോലെ അവിടുന്ന് അവയിൽ

www.malankaralibrary.com



നിന്ന് കുതിച്ചുയരുകയാണ്. ആ കുന്നുകൾ പഴയനിയമഗ്രന്ഥങ്ങളാണെന്നും കരുതാം.

ജെറമിയാ പ്രവാചകൻ്റെ പുസ്തകത്തിൽ ജനങ്ങളെ തേടിപ്പിടിച്ച് രക്ഷയിലേക്കാനയിക്കാൻ മീൻപിടുത്തക്കാരെയും വേട്ടക്കാരെയും വിടുന്നകാര്യം പറയുന്നുണ്ട്. അവരെ കുന്നുകളിലേയ്ക്കും മലകളിലേയ്ക്കും വിടുമെന്നാണ് പ്രസ്താവം. ആ ഭാഗം ഇങ്ങനെയത്രേ: 'കണ്ടാലും, എൻ്റെ മീൻപിടുത്തക്കാരെയും വേട്ടക്കാരെയും ഞാൻ അയയ്ക്കും. അവർ എല്ലാ മലകളിലും കുന്നുകളിലും നിന്ന് അവരെ പിടികൂടും' (16:16). പിൽക്കാലത്ത്, കാലത്തിൻ്റെ പൂർണതയിൽ മാത്രമാണ്, ഈ ദീർഘദർശനം നിവർത്തിയാകാൻ പോകുന്നതെന്നാണ് ഞാൻ കരുതുന്നത്. അന്ന് സുവിശേഷത്തിലെ ഉപമയനുസരിച്ച്, കൊയ്ത്തുമെതിക്കാലത്ത് ഗോതമ്പും പതിരും വേർതിരിക്കാൻ മാലാഖമാർ അയക്കപ്പെടും (മത്താ. 13:24). അന്ന് ഉന്നതമായ തലത്തിൽ ജീവിച്ചവരും ഉന്നതമായ ജീവിതരീതികൾ അനുവർത്തിച്ചവരും മലകൾക്കും കുന്നുകൾക്കും മുകളിൽ കാണപ്പെടും. താഴ്ന്നപ്രദേശങ്ങളിലോ പതിരുകളോടു കൂടികലരുന്ന പോകാനിടയുള്ള മറ്റു പ്രദേശങ്ങളിലോ ആയിരിക്കുകയില്ല അവരുടെ സ്ഥിതി. ഉന്നതമായ വിജ്ഞാനത്തിൻ്റെയും വിശ്വാസത്തിൻ്റെയും മേഖലയിൽ അവർ പ്രതിഷ്ഠിതരാകും. മലമുകളിലൂടെ കുതിച്ചു ചാടുകയും കുന്നുകളിൽ തുള്ളിച്ചാടുകയും ചെയ്യുന്ന ദൈവവചനത്തോട് അവർ ചേർന്നു വസിക്കും. ഇക്കാര്യം ഇതേ അർത്ഥത്തിൽ സുവിശേഷത്തിലെ മറ്റൊരുപമയിലും പ്രതിപാദിക്കപ്പെടുന്നുണ്ട്. 'പുരമുകളിലായിരിക്കുന്നവൻ തൻ്റെ വീട്ടിൽനിന്ന് എന്തെങ്കിലും എടുക്കാൻ താഴേയ്ക്ക് ഇറങ്ങാതിരിക്കട്ടെ (മത്താ.24:17).

നമ്മുടെ വിചിന്തനത്തിനു വിഷയമായ അസാധാരണ ആശയസമൃദ്ധിയുള്ള ഈ ഗീതഭാഗത്തിന് ഇനി വേറൊരർത്ഥവും പറയാം. വിനീതഹൃദയമുള്ള ഓരോ വിശ്വാസിയെയും അയാളുടെ ജീവിതത്തിൻ്റെ ഗുണനിലവാരവും അറിവിൻ്റെ വൈപുല്യവും ആധാരമാക്കി ഓരോ മലയെന്നോ കുന്നെന്നോ വിളിക്കാം. ആരംഭത്തിൽ അയാൾ ഒരു താഴ്വര ആയിരുന്നാൽപ്പോലും പ്രായത്തിലും ജ്ഞാനത്തിലും ദൈവവരപ്രസാദത്തിലും ക്രിസ്തു അയാളിൽ വളരുന്നതനുസരിച്ച് ആ താഴ്വാരം നികത്തി ഉയർത്തപ്പെടും. ഇത്തരം ആളുകളെക്കുറിച്ചാണ് ഇങ്ങനെ പറയപ്പെട്ടിരിക്കുന്നത്: 'കർത്താവിൽ ആശ്രയിക്കുന്നവൻ എന്നേക്കും നിലകൊള്ളുന്ന സീയോൻ പർവതം പോലെയാണ്.' യെറൂശലെത്തെക്കുറിച്ച് ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'അവൾക്കു ചുറ്റും



പർവതങ്ങൾ ഉണ്ട്.'[22] എന്നാൽ മലകളെയും കുന്നുകളെയുംപോലെ ഔന്നത്യമുള്ളവരാണെങ്കിലും അഹങ്കരിക്കുന്നവർ നിലംപരിചാക്കപ്പെടുകതന്നെ ചെയ്യും. എന്തെന്നാൽ 'തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടും' (ലൂക്കോ. 18:14).

ഇതേ കാരണത്താൽ നമ്മുടെ രക്ഷകനെ രാജാക്കളുടെ രാജാവെന്നും പുരോഹിതന്മാരുടെ പുരോഹിതനെന്നും പറയുന്നതുപോലെ പർവതങ്ങളുടെ പർവതം എന്നും പറയാം എന്നു ഞാൻ വിചാരിക്കുന്നു.[23]

മൂന്നാമത്ത് ഒരർത്ഥവിവരണം ഉൾപ്പെടുത്തുന്നതിനുവേണ്ടി നമുക്കു വ്യക്തിയാത്മാവിൻ്റെ വിഷയത്തിലേക്കുതിരിച്ചുവരാം. 'ദൈവവചന'ത്തെ സ്വീകരിക്കുന്നതിനു കൂടുതൽ പ്രാപ്തിയുള്ള ചിലരുണ്ടാകാം. അവർ യേശു നൽകിയ ജീവജലം പാനം ചെയ്തവരായിരിക്കും. 'ആ ജലം അവരിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകുകയാണെങ്കിൽ അവരുടെ ജീവിതവും വിജ്ഞാനവും അധ്യാപനവുംമൂലം അവർ പർവ്വതങ്ങളൊ കുന്നുകളൊ ആയിത്തീരുന്നു. അവരിൽ ദൈവവചനം അനവരതം പ്രവഹിക്കുന്ന അരുവികൾപോലെ നിരന്തരവും സമൃദ്ധവുമായ സംവേദനങ്ങളായി പൊട്ടിപ്പുറപ്പെടുന്നു. അവരുടെ അദ്ധ്യാപനത്തിൻ്റെ പ്രസ്രവണത്തിലൂടെ ദൈവവചനം അവരുടെമേൽ തുള്ളിച്ചാടുന്നുവെന്നും അവരിൽനിന്നു കുതിച്ചു പായുന്നുവെന്നും യുക്തമായിത്തന്നെ പറയാം.

## 12

'എൻ്റെ പ്രിയൻ ബേഥേൽ മലകളിലെ ചെറുമാനിനെപ്പോലെയോ കലമാൻകുട്ടിയെപ്പോലെയോ ആണ്'(2:9a).

ശുദ്ധിയുള്ള മൃഗങ്ങളായിട്ട് നിയമാവർത്തനപ്പുസ്തകത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുള്ള മൃഗങ്ങളാണു കലമാനും ചെറുമാനും. അതുകൊണ്ടാണ് അവയെ ഇവിടെ പരാമർശിക്കുന്നത്. നിയമാവർത്തനത്തിലെ പ്രസക്തഭാഗം ഇതാണ്: 'നിങ്ങൾക്കു ഭക്ഷിക്കാവുന്ന മൃഗങ്ങൾ ഇവയാകുന്നു–കാള, ചെമ്മരിയാട്, കോലാട്, പുള്ളിമാൻ, കലമാൻ, കടമാൻ, കാട്ടാട്, ചെറുമാൻ, കവരിമാൻ, മലയാട്. ഇരട്ടക്കുളമ്പുള്ളവയും അയവിറക്കുന്നവയുമായ എല്ലാ മൃഗങ്ങളെയും ഭക്ഷിക്കാം (14:4f). വിശുദ്ധനായ മനുഷ്യനെ മാനിനോടുപമിക്കുന്ന പല സ്ഥലങ്ങളും വേദപുസ്തകത്തിലുണ്ട്. ഉദാഹരണത്തിനു സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു: 'ദൈവമേ, നീർ

www.malankaralibrary.com


ച്ചാൽ തേടുന്ന മാൻപേടയെപ്പോലെ എന്റെ ഹൃദയം അങ്ങയെ തേടുന്നു' (41:2).

നിയമാവർത്തനത്തിൽനിന്നു മുകളിൽ ഉദ്ധരിച്ച ഭാഗത്തു ശുദ്ധിയുള്ള മൃഗങ്ങളുടെ പട്ടിക കൊടുത്തിരിക്കുന്നതിലെ ക്രമം നമ്മുടെ ശ്രദ്ധയിൽപ്പെടാതെ പോകരുത്. കാള ആദ്യം വരുന്നു, പിന്നെ ചെമ്മരിയാട്, മൂന്നാമതായി കോലാട്. എന്നാൽ അതേ മോശതന്നെ അൾത്താരയിൽ അർപ്പിക്കരുതാത്ത മൃഗങ്ങളുടെ പട്ടിക നൽകുമ്പോൾ കലമാനിനെ ഒന്നാമതായും ചെറുമാനിനെ രണ്ടാമതായും നിർദേശിക്കുന്നു. അതിനു ശേഷമാണു മററു മൃഗങ്ങളുടെ പേരു പറയുന്നത് (12:15.22). അറിവ് എന്ന ദാനത്തിന്റെകാര്യത്തിൽ പരിശുദ്ധാത്മാവിൽനിന്നു കൂടുതൽ പ്രസാദവരം നേടിയിട്ടുള്ളവർക്ക് ഈ ക്രമീകരണത്തിന്റെ അത്ഥം കൂടുതൽ സ്പഷ്ടമായി മനസ്സിലാകും.

ചർച്ചാവിഷയമായ പദ്യഭാഗത്തിന്റെ ഉപരിവിശദീകരണത്തിൽ ചെറുമാൻ, കലമാൻ എന്നിവയെപ്പററി നമുക്ക് ഇനിയും പറയേണ്ടിവരും. അതിനാൽ വി. ലിഖിതത്തിൽ ഈ ജീവികളെപ്പററി പ്രതിപാദിക്കുന്ന ഭാഗങ്ങൾ നമുക്കു കഴിവതും അന്വേഷിച്ചു കണ്ടുപിടിക്കാം. ബലിപീഠത്തിൽ സമർപ്പിച്ചതല്ലെങ്കിൽ ആളുകൾക്ക് താല്പര്യം തോന്നുമ്പോൾ ഭക്ഷിക്കാവുന്ന മൃഗങ്ങളെ പരാമർശിക്കുന്ന സന്ദർഭത്തിൽ മോശ ഇവയെക്കുറിച്ചു പറയുന്നുണ്ട്. അദ്ദേഹം പറയുന്നു, 'കലമാനിനെയും ചെറുമാനിനെയും പോലെ ശുദ്ധർക്കും അശുദ്ധക്കും അതു ഭക്ഷിക്കാം.' (അതേവാക്യം) ഇരുപത്തൊൻപതാം സങ്കീർത്തനത്തിൽ വളരെ ശ്രദ്ധേയമായ ഒരു ഭാഗമുണ്ട്. ദൈവസ്വരത്തിന്റെ ശക്തിയെക്കുറിച്ചു പറയുന്ന സന്ദർഭത്തിൽ എഴുത്തുകാരൻ പറയുന്നു: 'കലമാനുകളെ കററമററവയാക്കുന്ന ദൈവത്തിന്റെ സ്വരം കററിക്കാടുകളെ വെളിപ്പെടുത്തും.' കർത്താവിന്റെ സ്വരം അഗ്നിജ്വാലകളെ വിഭജിക്കുകയും മരുഭൂമിയെ വിറകൊള്ളിക്കുകയും ചെയ്യുമെന്നു പറഞ്ഞിട്ടുള്ളതുപോലെ തന്നെയാണ്അതു് കലമാനുകളെ കുററമററവയാക്കും എന്നും കററിക്കാടുകൾ വെളിപ്പെടുത്തും എന്നും പ്രസ്താവിക്കപ്പെട്ടിട്ടുള്ളത് (വാക്യം 7–9).

യോബിന്റെ പുസ്തകത്തിലും കലമാനിനെക്കുറിച്ചുള്ള പരാമർശം നമുക്കു കാണാം. അതിൽ കൊടുങ്കാററിലൂടെയും മേഘത്തിലൂടെയും കർത്താവ് യോബിനോടു സംസാരിക്കുന്നുണ്ട്. കർത്താവു പറയുന്നു: 'മാനുകളുടെ പ്രസവകാലം നിനക്കറിയാമോ? മാൻപേടകളുടെ ഈററുനോവ് നീ കണ്ടിട്ടുണ്ടോ?



അവയുടെ ഗഭ്കാലം നിനക്കു കണക്കു കൂട്ടാമോ? അവ പ്രസവിക്കുന്ന സമയം നിനക്കറിയാമോ? എപ്പോൾ അവ കുനിഞ്ഞു് കുഞ്ഞുങ്ങളെ പ്രസവിക്കുകയും അവയുടെ നോവ് നിലയ്ക്കുകയും ചെയ്യുന്നു? അവയുടെ കുഞ്ഞുങ്ങൾ ബലപ്പെട്ടു വിജനസ്ഥലത്തു വളരുന്നു. അവ പിരിഞ്ഞു പോകുന്നു. മടങ്ങി വരുന്നില്ല' (39:1–4). ഇതിനുപുറമേ സദൃശ്യവാക്യങ്ങളിലെ ഈ വാക്യവും ശ്രദ്ധിക്കുക: 'സൗഹൃദങ്ങളുടെ കലമാനും അനുഗ്രഹങ്ങളുടെ മാൻകിടാവും നിന്നോടു സംസാരിക്കട്ടെ' (5:19).

വേദപുസ്തകത്തിൽ കലമാനെപ്പററി പരാമർശിക്കുന്നതായി തൽക്കാലം എനിക്കോർമ്മ വരുന്ന ഭാഗങ്ങൾ ഇവയാകുന്നു. 'ഭൗതികവിജ്ഞാനത്തിന്റെ വാക്കുകൾ പ്രസംഗിക്കാതെ, ആത്മാവിന്റെ ചൈതന്യത്തിൽ ആധ്യാത്മിക കാര്യങ്ങളെ ആധ്യാത്മിക കാര്യങ്ങളോടു തുലനം ചെയ്യുന്നതിനുവേണ്ടിയാണ് ഈ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുള്ളത് (1 കൊറി. 2:13). അതിനാൽ നമുക്കു വചനത്തിന്റെ പിതാവായ ദൈവത്തോടു, തന്റെ വചനത്തിന്റെ രഹസ്യങ്ങൾ നമുക്കു വെളിപ്പെടുത്തിത്തരണേ എന്നും നമ്മുടെ ധാരണശക്തിയെ മാനുഷിക വിജ്ഞാനത്തിന്റെ തത്ത്വത്തിൽനിന്ന് ആത്മാവിന്റെ തത്ത്വത്തിലേയ്ക്ക് ഉന്നയിപ്പിക്കേണമേ എന്നും പ്രാർഥിക്കാം. അതുവഴി മാംസത്തിന്റെ ചെവികൾക്കു മനസ്സിലാകുന്ന വാക്കുകൾ പറയാതെ, ആത്മാവിന്റെ ബോധത്തിൽ ഉള്ളടങ്ങുന്ന വാക്കുകൾ പറയാൻ നമുക്കിടവരട്ടെ.

അദൃശ്യമായ ദൈവികകാര്യങ്ങൾ ദൃശ്യമായ കാര്യങ്ങൾ വഴി നമുക്കു ഗ്രഹിക്കാൻ സാധിക്കുന്നുവെന്ന് പൗലോസ് അപ്പസ്തോലൻ നമ്മെ പഠിപ്പിക്കുന്നു. അദൃശ്യമായ കാര്യങ്ങൾ ദൃശ്യമായവയോടുള്ള ബന്ധവും സാദൃശ്യവുംവഴി മനസ്സിലാക്കപ്പെടുന്നുവെന്നും അദ്ദേഹം പറയുന്നു.[24] ദൃശ്യമായ ഈ ലോകം അദൃശ്യമായ ലോകത്തെക്കുറിച്ചു നമ്മെ പഠിപ്പിക്കുന്നുവെന്നും ഈ ഭൗമികതലം സ്വർഗീയ കാര്യങ്ങളുടെ ചില ക്രമങ്ങൾ ഉൾക്കൊള്ളുന്നുവെന്നും അദ്ദേഹം നമുക്കു കാണിച്ചു തരുന്നു.[25] താഴെയുള്ള വസ്തുക്കളിൽനിന്നു മുകളിലുള്ള വസ്തുക്കളിലേക്ക് ആരോഹണം ചെയ്യുന്നതിനും ഭൂമിയിൽ കാണുന്ന വസ്തുക്കൾവഴി സ്വർഗത്തിലുള്ള വസ്തുക്കളെ കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നതിനും നമുക്കു സാധ്യമാകുന്നതിനു വേണ്ടിയാണിത്. സ്രഷ്ടാവു സ്വർഗത്തിലെ മാതൃകകളുടെ ചില സാദൃശ്യങ്ങൾ ഭൂമിയിലുള്ള തന്റെ ചില സൃഷ്ടികൾക്കു നൽകി. അതിനാൽ അവയുടെ വലുതായ വൈവിധ്യം കൂടുതൽ അനായാസമായി അനുമാനിക്കാനും മനസ്സിലാക്കാനും നമുക്കു സാധിക്കുന്നു.

www.malankaralibrary.com



ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യരെ സൃഷ്ടിച്ചല്ലോ. ഭൂമിയിലെ മററു ജീവികളെ ദൈവം സൃഷ്ടിച്ചതു സ്വർഗത്തിലുള്ള മറേറതെങ്കിലും മാതൃകകളെ അനുകരിച്ചായിരിക്കും. 'എല്ലാ വിത്തുകളിലുംവച്ച് ഏററവും ചെറുതായ കടുകമണിക്കും' അതിനോടു സമാനമായ ഒന്നു സ്വർഗത്തിൽ ഉണ്ടായിരിക്കും. 'അതു് എല്ലാ വിത്തിനെയുംകാൾ ചെറുതാണെങ്കിലും വളർന്നുകഴിയുമ്പോൾ മററു ചെടികളെക്കാൾ വലുതായി, ആകാശത്തിലെ പറവകൾവന്നു് അതിന്റെ കമ്പുകളിൽ ചേക്കേറുവാൻ തക്കവിധം വലിയമരം ആയിത്തീരുന്നു.' കടുകിനു സാദൃശ്യമുള്ളതു സ്വർഗത്തിലെ ഏതെങ്കിലും വസ്തുവിനോടല്ല, സ്വർഗരാജ്യത്തോടുതന്നെയാണ്.[26]

ഇതുപോലെതന്നെ ഭൂമിയിലുള്ള മററു വിത്തുകൾക്കും സ്വർഗത്തിലുള്ള എന്തിനോടെങ്കിലും സാദൃശ്യവും ബന്ധവും ഉണ്ടായിരിക്കും. വിത്തുകളുടെ കാര്യംപോലെതന്നെയായിരിക്കും ചെടികളുടെ കാര്യവും എന്നതിനു സംശയമില്ല. പറക്കുകയോ ഇഴയുകയോ നാലു കാലുകളിൽ സഞ്ചരിക്കുകയോ ചെയ്യുന്ന ജന്തുക്കളുടെ കാര്യവും വ്യത്യസ്തമായിരിക്കുകയില്ല.

നമുക്കു ശ്രദ്ധിക്കാൻ കഴിയുന്ന മറെറാരു കാര്യംകൂടെയുണ്ട്. പക്ഷികൾ അതിന്റെ ശിഖരങ്ങളിൽ കൂടുണ്ടാക്കുന്നു എന്നതു മാത്രമല്ല കടുകും സ്വർഗരാജ്യവും തമ്മിലുള്ള സാധർമ്മ്യം. കടുകമണി വിശ്വാസപരിപൂർണതയുടെ ഒരു പ്രതീകംകൂടെയാണ്. ഒരു മനുഷ്യനു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ പർവതത്തോടു മാറിപ്പോകാൻ പറഞ്ഞാൽ അതു് ദൂരെ മാറിപ്പോകും (മത്താ. 17:19). ഇതു് ഇങ്ങനെയാണെങ്കിൽ സ്വർഗ്ഗീയ വസ്തുക്കളോടു സാദൃശ്യമുള്ള മററു വസ്തുക്കൾക്കും സ്വർഗീയ മാതൃകകളോടുള്ള സാമ്യവും ബന്ധവും ഒന്നിലധികം വിധത്തിലാകാം.

കടുകമണിക്കു സ്വർഗരാജ്യത്തോടുള്ള സാദൃശ്യം ഒന്നിലധികം വിധത്തിലാണെന്നതു നേരുതന്നെ. എന്നാൽ കടുകുമണിയുടെ അന്തിമമായ പ്രയോജനം മനുഷ്യർക്കു ശാരീരികാവശ്യങ്ങൾക്കുതകുന്നു എന്നതാണല്ലോ. മററു വിത്തുകളുടെയും ചെടികളുടെയും വേരുകളുടെയും ജന്തുക്കളുടെ തന്നെയും കാര്യം ഇതുപോലെ തന്നെ. അവയും മനുഷ്യരുടെ ഭൗതികമായ ആവശ്യങ്ങൾക്കുതകുന്നു; അതേ സമയം അവയ്ക്കു ഭൗതികാതീത കാര്യങ്ങളുടെ ആകൃതികളും സാദൃശ്യങ്ങളും ഉണ്ട്. സ്വർഗ്ഗീയവും അദൃശ്യവുമായ വസ്തുതകളെക്കുറിച്ചു ചിന്തിക്കുന്നതിനുള്ള ബോധനവും പ്രേരണയും അവയിൽനിന്നു് ആത്മാവിനു ലഭിക്കുന്നു.



ഒരുപക്ഷെ ദൈവികവിജ്ഞാനത്തിന്റെ ലേഖകൻ താഴെ കാണുംവിധം പറയുമ്പോൾ ഉദ്ദേശിക്കുന്നതും ഇതുതന്നെയാകാം: 'എല്ലാ വസ്തുക്കളെയും കുറിച്ചുള്ള യഥാർത്ഥജ്ഞാനം അവിടുന്നു് എനിക്കുതന്നു: ലോകത്തിന്റെ യഥാർത്ഥ സ്വഭാവവും പഞ്ചഭൂതങ്ങളുടെ ഗുണങ്ങളും, കാലത്തിന്റെ ആദിയും മധ്യവും അവസാനവും, ഗതികളുടെ മാററങ്ങളും കാലാവസ്ഥയുടെ പരിണാമങ്ങളും, ആണ്ടുവട്ടത്തിന്റെ പരിവർത്തനങ്ങളും നക്ഷത്രങ്ങളുടെ സ്ഥാനങ്ങളും ജീവികളുടെ സ്വഭാവങ്ങളും മൃഗങ്ങളുടെ വിളയാട്ടങ്ങളും കാററുകളുടെ ശക്തികളും മനുഷ്യരുടെ യുക്തിചിന്താപരമായ കഴിവുകളും, സസ്യങ്ങളുടെ വൈവിധ്യങ്ങളും വേരുകളുടെ ഗുണങ്ങളും; ഇപ്രകാരം ഗുപ്തവും അപ്രത്യക്ഷവുമായ എല്ലാ കാര്യങ്ങളും ഞാൻ മനസ്സിലാക്കി' (വിജ്ഞാനം 7:17–21).

വി. ലിഖിതത്തിലെ ഈ വാക്കുകളിൽനിന്നു നാം ചർച്ച് ചെയ്യുന്ന വിഷയത്തിൽ കൂടുതൽ വെളിച്ചം ലഭിക്കുമോ എന്നു നമുക്കു നോക്കാം. വിജ്ഞാനത്തിന്റെ ലേഖകൻ ഒന്നിനു പിറകെ ഒന്നായി പല കാര്യങ്ങളുടെ പട്ടിക നിരത്തുന്നു. ഗുപ്തവും പ്രത്യക്ഷവുമായ എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള അറിവു തനിക്കു നൽകപ്പെട്ടു എന്നു് ഒടുവിൽ പ്രസ്താവിക്കുകയും ചെയ്യുന്നു. പ്രത്യക്ഷമായ ഓരോ വസ്തുവും അദൃശ്യമായ ഒന്നിനോടു ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഈ വാക്യംകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നതു് എന്നതിനു സംശയമില്ല; അതായതു ദൃശ്യമായ ഓരോ വസ്തുവിനും അദൃശ്യമായ ഒരു മാതൃകയും സാദൃശ്യവുമുണ്ട്. അതിനാൽ മാംസശരീരത്തിൽ ജീവിക്കുന്ന മനുഷ്യനു ദൃശ്യവസ്തുക്കളിൽ എന്തെങ്കിലും സാദൃശ്യമോ പ്രതിരൂപമോ മനസ്സിലാക്കാതെ, മറച്ചുവയ്ക്കപ്പെട്ടതും അദൃശ്യവുമായ കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും മനസ്സിലാക്കാൻ സാധ്യമല്ല. തന്റെ അനന്തജ്ഞാനത്തിൽ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചവൻ ഭൂമിയിലുള്ള എല്ലാ ദൃശ്യവസ്തുക്കളെയും സൃഷ്ടിച്ചപ്പോൾ അവയിൽ അദൃശ്യവും സ്വർഗീയവുമായ കാര്യങ്ങളെക്കുറിച്ചുള്ള കുറെ അറിവും ബോധനവും ഉൾച്ചേർത്തു എന്നാണു ഞാൻ വിചാരിക്കുന്നതു്. അവവഴി മനുഷ്യമനസ്സ് ആധ്യാത്മികമായ അറിവുകളിലേക്കു് ആരോഹണം ചെയ്യുകയും കാര്യങ്ങളുടെ അടിസ്ഥാനം സ്വർഗത്തിൽ അന്വേഷിക്കുകയും വേണം. ദൈവത്തിന്റെ ജ്ഞാനത്തിൽ പഠിപ്പിക്കപ്പെട്ടിട്ട് അവനു പറയാൻ കഴിയും: 'ഗുപ്തങ്ങളും പ്രകടങ്ങളുമായ കാര്യങ്ങൾ ഞാൻ പഠിച്ചിരിക്കുന്നു.'

ഇതുപോലെതന്നെ പ്രസ്തുത ലേഖകനു ലോകത്തിന്റെ അന്തസ്സാരത്തെക്കുറിച്ചും ജ്ഞാനമുണ്ട്; പ്രകടവും ദൃശ്യവും

www.malankaralibrary.com



ഭൗതികവുമായ അന്തസ്സാരത്തെക്കുറിച്ചു മാത്രമല്ല, നമ്മിൽനിന്നു മറക്കപ്പെട്ടിട്ടുള്ളതും ഭൗതികാതീതവുമായ അദൃശ്യാന്തസ്സാരത്തെക്കുറിച്ചും ലോകത്തിന്റെ ഘടകങ്ങളെക്കുറിച്ചും അദ്ദേഹത്തിനറിയാം: ദൃശ്യങ്ങളായവയെക്കുറിച്ചു മാത്രമല്ല, അദൃശ്യങ്ങളായവയെക്കുറിച്ചും അവയുടെ ഗുണങ്ങളും അറിയാം.

കാലത്തിന്റെ ആദിമദ്ധ്യാന്തങ്ങളെക്കുറിച്ചു ഗ്രന്ഥകാരൻ പറയുന്നുണ്ടല്ലോ. ദൃശ്യലോകത്തിന്റെ ആരംഭത്തെക്കുറിച്ചാണതു്. അതു സംഭവിച്ചതു് ഏകദേശം ആറായിരം വർഷം മുമ്പാണെന്നു മോശ പറയുന്നു.27 മധ്യം എന്നതു് ആകെക്കൂടെയുള്ള കാലഗണനയെ ആശ്രയിച്ചു നിൽക്കുന്ന കാര്യമാണു്. അവസാനത്തിനുവേണ്ടി നാം കാത്തിരിക്കുന്നു. അന്നു് 'ആകാശവും ഭൂമിയും കടന്നുപോകും' (മത്താ. 24:35). മറയ്ക്കപ്പെട്ട കാര്യങ്ങളെക്കുറിച്ചുള്ള അറിവിൽ ആദിഘട്ടമാണു് ദൈവത്തിന്റെ ജ്ഞാനത്താൽ പഠിപ്പിക്കപ്പെട്ടവനു സുഗ്രഹമായിട്ടുള്ളതു്. എന്നാൽ അതിനെ ശരിക്കു മനസ്സിലാക്കാൻ കാലങ്ങൾക്കോ യുഗങ്ങൾക്കോ സാധ്യവുമല്ല. മധ്യഘട്ടം ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതത്രെ. അവസാനം ഇനിയും വന്നുചേരാനുള്ളതും—അതായതു പ്രപഞ്ചം കുററമററതും പൂർണവുമായിത്തീരുന്ന അവസ്ഥ. എന്നാൽ മറഞ്ഞിരിക്കുന്ന ഇക്കാര്യങ്ങളെല്ലാം ദൃശ്യമായിട്ടുള്ളവയിൽനിന്നു മനസ്സിലാക്കാനും അനുമാനിക്കാനും കഴിയും.

എന്നു മാത്രമല്ല, ദൃശ്യപ്രപഞ്ചത്തിലെ ഗതിപരിവർത്തനങ്ങൾ, കാലാവസ്ഥയിലെ മാററങ്ങൾ, ആണ്ടുവട്ടത്തിന്റെ പരിണാമങ്ങൾ എന്നിവയെ അഭൗതികവസ്തുക്കളിലെ മാററങ്ങളോടു് അദ്ദേഹം ബന്ധപ്പെടുത്തുന്നു. നമ്മുടെ ജീവിതത്തോടു ബന്ധപ്പെട്ട ഭൗതികവർഷത്തിന്റെ രൂപമാററങ്ങളെ കൂടുതൽ പ്രാചീനവും സനാതനവുമായ ആണ്ടുവട്ടങ്ങളോടു് അദ്ദേഹം ബന്ധിപ്പിക്കുകയാണു്. 'സനാതനങ്ങളായ വത്സരങ്ങൾ എന്റെ മനസ്സിലുണ്ടു്' എന്നു പറഞ്ഞ സങ്കീർത്തനക്കാരന്റെ മനോഭാവം തന്നെയാണു് ഈ ഗ്രന്ഥകാരനിലും കാണാവുന്നതു് (77:5). ഗുപ്തവും പ്രത്യക്ഷവുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ജ്ഞാനം നൽകപ്പെടാനുള്ള യോഗ്യത നേടിയ ഒരാൾ നേരിട്ടുകാണാൻ സാധിക്കുന്ന നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ മറയ്ക്കപ്പെട്ടിട്ടുള്ളവയുടേതിനോടു ബന്ധപ്പെടുത്താൻ അധൈര്യപ്പെടുകയുമില്ല. പ്രധാനമായും അബ്രഹാമിന്റെ പാരമ്പര്യമുള്ള വിശുദ്ധ വ്യക്തികളുടെ ഒരു വർഗം 'ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയാണു്' എന്നു് അദ്ദേഹം പറഞ്ഞുതരും (ഉല്പ. 22:17). മറയ്ക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള തന്റെ ജ്ഞാനത്തിനനുസൃതമായി, ഭാവിയിലെ



പുനരുത്ഥാനത്തിന്റെ മഹത്ത്വം നക്ഷത്രങ്ങളുടെതാണെന്നും അദ്ദേഹം പ്രഖ്യാപിക്കും. 'സൂര്യന്റെ തേജസ്സ് ഒന്നു്. ചന്ദ്രന്റേതു മറെറാന്നു്. നക്ഷത്രങ്ങൾ തമ്മിലും തേജസ്സിനു വ്യത്യാസമുണ്ടു്. ഇപ്രകാരംതന്നെയാണു മരിച്ചവരുടെ പുനരുത്ഥാനവും' എന്നു രേഖപ്പെടുത്തിയ അപ്പസ്തോലന്റെ കാഴ്ചപ്പാടുതന്നെയാണു് ഇവിടെ പ്രകടമായിട്ടുള്ളതു് (1 കൊറി. 15:41f).

'ജന്തുക്കളുടെ സ്വഭാവവും മൃഗങ്ങളുടെ വിഹാരങ്ങളും' എന്ന ഭാഗവും ഇതേരീതിയിൽ വായനക്കാർ മനസ്സിലാക്കണം. കാരണം, മൃഗങ്ങളുടെ സ്വഭാവത്തെക്കുറിച്ചു ശരിയായ അവബോധമില്ലായിരുന്നെങ്കിൽ 'ആ കുറുക്കനോടു പറയുക' എന്നു നമ്മുടെ രക്ഷകൻ സുവിശേഷത്തിൽ പ്രസ്താവിക്കുമായിരുന്നില്ല. ഒരു വിഭാഗം ആളുകൾ 'സർപ്പങ്ങളും അണലികളുടെ സന്തതികളും' ആണെന്നു യോഹന്നാനും പറയുമായിരുന്നില്ല. 'തിന്നു മദിച്ച കുതിരകളാണവർ' എന്നു ചില ആളുകളെക്കുറിച്ചു ജെറമിയാ ദീർഘദർശി പറയുമായിരുന്നില്ല. 'മനുഷ്യൻ തന്റെ പ്രതാപത്തിൽ നിലനിൽക്കുകയില്ല; മൃഗങ്ങളെപ്പോലെ അവനും നശിച്ചുപോകും' എന്നും 'അവർക്കു സർപ്പത്തിന്റേതുപോലുള്ള വിഷമുണ്ടു്. ചെവിയടഞ്ഞ അണലിയെപ്പോലെ ബധിരരാണു് അവർ' എന്നും രേഖപ്പെടുത്തിയ സങ്കീർത്തനക്കാരൻ മൃഗങ്ങളുടെ സ്വഭാവവ്യാപാരങ്ങളെ സശ്രദ്ധം നിരീക്ഷിച്ചിരുന്നു എന്നതിനു സംശയമുണ്ടോ?28

'കാററുകളുടെ ശക്തികൾ' എന്നു പറയുന്ന ഗ്രന്ഥകാരൻ പ്രകടമായ കാര്യങ്ങളുടെ തലത്തിൽ വായുവിലെ വിവിധ തരത്തിലുള്ള ചലനങ്ങളെയാണു് അർത്ഥമാക്കുന്നതു്; അദൃശ്യകാര്യങ്ങളുടെ തലത്തിലാകട്ടെ അശുദ്ധാത്മാക്കളുടെ ശക്തികളെയും. 'വക്രതയാർന്ന ഉപദേശങ്ങളുടെ കാററു്' എന്നു വി. പൗലോസ് പറയുന്നു (എഫേ. 4:14). ശാരീരിക രീതിയിലുള്ള 'മനുഷ്യന്റെയുക്തി വിചാരങ്ങളെ'യും—'അവ മനുഷ്യന്റെ ഹൃദയത്തിൽനിന്നു വരുന്നു'.29 അദൃശ്യമായ രീതിയിൽ ചീത്തയും ദുഷ്ടവുമായ വിചാരങ്ങൾ മനുഷ്യരിൽ ജനിപ്പിക്കുന്ന അരൂപികളെയും ഗ്രന്ഥകാരൻ അറിഞ്ഞിരിക്കുന്നു എന്നു് ഇപ്പറഞ്ഞ കാര്യങ്ങളിൽനിന്നു സിദ്ധിക്കുന്നു. 'പിശാചു്, യൂദാസ്കറിയോത്തായുടെ മനസ്സിൽ ക്രിസ്തുവിനെ ഒററിക്കൊടുക്കുവാൻ തോന്നിച്ചു' എന്നു സുവിശേഷത്തിൽ എഴുതപ്പെട്ടിട്ടുണ്ടല്ലോ (യോഹ. 13:2ff). 'കർത്തനായവന്റെ ആത്മാവു നിന്റെമേൽ ആവസിക്കുമ്പോൾ നീ സ്വസ്ഥാനം കൈവെടിയരുതു്; ശരിയായ യുക്തിബോധം

www.malankaralibrary.com



തെററുകളെ തടയുന്നു' എന്നു സുഭാഷിതങ്ങളിലും പറയപ്പെട്ടിട്ടുണ്ട് (10:4). നല്ല വിചാരങ്ങൾക്കും അവയുടെ പ്രചോദകനുണ്ട്. സങ്കീർത്തനങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു: 'കർത്താവേ അങ്ങയിൽ ശക്തി കണ്ടെത്തിയവർ ഭാഗ്യവാന്മാർ. അവരുടെ ഹൃദയത്തിൽ എഴുന്നെള്ളുവാൻ അങ്ങു തിരുമനസ്സായി' (84:5). വീണ്ടും 'മനുഷ്യൻെറ ചിന്തകൾ അങ്ങേയ്ക്കു സ്തുതി സമർപ്പിക്കും; അവർ അങ്ങേയ്ക്കു വിശ്രമദിനമായാചരിക്കും' (77:11_12).

അങ്ങനെ, നാം ആദ്യം പറഞ്ഞതുപോലെ ദൃശ്യപ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളെയും അദൃശ്യപ്രപഞ്ചത്തിലുള്ളവയോടു ബന്ധപ്പെടുത്താം. ഭൗതികമായതിനെ അഭൗതികമായതിനോടും, പ്രകടമായതിനെ ഗുപ്തമായതിനോടും.

ഈ ബന്ധം ജീവികളെ സംബന്ധിച്ച മാത്രമുള്ളതല്ല. വി. ലിഖിതംതന്നെ എഴുതപ്പെട്ടിട്ടുള്ളതു് ഇതിനോടു സമാനമായ ഒരു ജ്ഞാനം കൊണ്ടാണ്. രഹസ്യാത്മകവും അജ്ഞാതവുമായ ഏതോ കാരണത്താൽ ജനങ്ങൾ ഭൗമികമായ ഈജിപ്തിൽനിന്നു നയിക്കപ്പെടുന്നു. അവർ മരുഭൂമിയിലൂടെ നയിക്കപ്പെടുന്നു. അവിടെ കടിക്കുന്ന സർപ്പവും തേളും ദാഹവും ഉണ്ടായിരുന്നു. ആ മരുഭൂമിയിൽവച്ച പല കാര്യങ്ങളും സംഭവിച്ചതായി എഴുതപ്പെട്ടിട്ടുണ്ട്.[30] ഇവയ്ക്കെല്ലാം, നാം മുമ്പുപറഞ്ഞതുപോലെ, മറഞ്ഞിരിക്കുന്ന ചില കാര്യങ്ങളോടു ബന്ധവും സാമ്യവും ഉണ്ട്. പഴയനിയമഗ്രന്ഥങ്ങളിൽ പ്രതിപാദിതങ്ങളായ കാര്യങ്ങളിൽ മാത്രമല്ല, സുവിശേഷങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന നമ്മുടെ രക്ഷകനായ കർത്താവിൻെറ പ്രവൃത്തനങ്ങളിലും ഈ സാമ്യം നാം കാണുന്നു.

കാര്യങ്ങളെല്ലാം ഈ വിധത്തിലാണെങ്കിൽ ഉത്തമഗീതത്തിൽ പരാമർശിക്കപ്പെടുന്ന കലമാൻ, ചെറുമാൻ എന്നിവയ്ക്കു് അവയുടെ ശാരീരിക സവിശേഷതകളോടു സാമ്യമുള്ള അദൃശ്യലോകത്തിലെ സംഗതികളുണ്ടായിരിക്കും. കലമാനുകൾക്കു പൂർണത നൽകുന്ന കർത്താവിനെക്കുറിച്ച പറയപ്പെട്ടിട്ടുള്ളതിനു[31]കാണപ്പെടാത്ത ആ കലമാനുകളോടു ബന്ധപ്പെടുത്തി ഉചിതമായ അർത്ഥവിശദീകരണം നൽകാൻ നമുക്കു സാധിക്കുന്ന വിധത്തിലുള്ളതായിരിക്കണം അതു്.

ദൃശ്യലോകത്തിലുള്ള കലമാനുകൾക്കു കർത്താവിൻെറ സ്വരത്തിൽനിന്നു് എന്തു പൂർണതയുണ്ടാകാം? അഥവാ കർത്താവിൻെറ സ്വരത്തിൽനിന്നു് എന്തു് അദ്ധ്യാപനമാണ് അവക്കു ലഭിക്കാനുള്ളതു്? എന്നാൽ ആധ്യാത്മിക തലത്തിലെ കലമാനുകളെക്കുറിച്ച നാം അന്വേഷിക്കുകയാണെങ്കിൽ, കർത്താവിൻെറ സ്വരം അവയെ പൂർണതയുടെ അത്യുന്നതാവസ്ഥയിലേക്കു നയിക്കുമെന്നു നമുക്കു കാണാം.



ഈ കലമാനുകളുടെ ജനനത്തെ കർത്താവു കാത്തുരക്ഷിച്ചതു എത്രമാത്രം യുക്തമായിരുന്നു എന്നു നാം ശ്രദ്ധിക്കേണ്ടതാണ്.[32] തള്ളമാനുകൾ പ്രസവവേദന സഹിച്ച സമയത്തു്, സർപ്പവർഗത്തെ എതിർക്കുകയും പലായനം ചെയ്യിക്കുകയും ചെയ്യുന്ന ആ പുത്രന്മാരെ പ്രസവിക്കുംവരെ, ചികിത്സകൻ എന്ന നിലയിൽ സേവനങ്ങൾ നൽകിക്കൊണ്ടു്, ദൈവിക പ്രതാപത്തിനു യോജിച്ച രീതിയിൽ അവിടുന്നു് അരികിൽ നിന്നതു് എത്രമാത്രം യുക്തമായിരുന്നു എന്നും നാം മനസ്സിലാക്കണം. ഗർഭനാശം വരാത്തവിധം കർത്താവു പ്രസവം കാത്തു രക്ഷിക്കുന്നതു് ഏതുതരം മാനുകളുടെയായിരിക്കും എന്നു നാം ചിന്തിക്കണം. പ്രസവസമയം ആകുംവരെ അവയുടെ മാസങ്ങൾ അവിടുന്നു എണ്ണിക്കൊണ്ടിരിക്കുന്നു. സന്താനങ്ങൾ നിർജ്ജീവങ്ങളായിപ്പോകാതെയും ജനനം കുററമില്ലാത്തതായും ഇരിക്കുന്നതിനു് അവിടുന്നു് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും നൽകുന്നു. ക്രിസ്തു അവരിൽ രൂപപ്പെട്ടു വരുന്നതുവരെമാത്രം അവർ പ്രസവക്ലേശം അനുഭവിക്കാൻ അവിടുന്നു അനുവദിക്കുന്നു (ഗലാ. 4:19).

ഇത്തരം മാനുകളുടെ കുഞ്ഞുങ്ങളെ കർത്താവുതന്നെ തീററിപ്പോററുന്നു. സ്വന്തം വിചാരങ്ങളെയെല്ലാം കർത്താവിങ്കലേക്കു തിരിച്ചു വിടുന്നവരാണ് ഈ മാനുകൾ. കർത്താവു തന്നെ തങ്ങളെ തീററിപ്പോററുകയും സംരക്ഷിക്കുകയും ചെയ്യുന്നമെന്നു് അവർ ആഗ്രഹിക്കുന്നു. ദൈവഭയത്തിൽനിന്നു് അവർ ആത്മാവിൽ ഗർഭം ധരിക്കുന്നു, അവർ രക്ഷയുടെ ആത്മാവിനെ പ്രസവിക്കുന്നു (ഏശാ. 26:17b). ഇത്തരം ആത്മാക്കളുടെ പ്രസവവേദനകളിൽ കർത്താവുതന്നെ സംരക്ഷണം നൽകുന്നു. എന്നാൽ കർത്താവു് അവർക്കു ദുഃഖങ്ങളും വേദനകളും യാത്രയാക്കും. ഗർഭകാലത്തു് അവർ കരയുന്നതിനും മററു മനുഷ്യരുടെ വേദനകളിൽ പങ്കുകൊള്ളുന്നതിനുംവേണ്ടിയാണതു്. മററു മനുഷ്യർക്കൊപ്പം ജീവിതവേദനകൾ അനുഭവപ്പെടാതിരുന്നാൽ അവർക്കു സംഭവവശാൽ അഹങ്കാരമുണ്ടായെങ്കിലോ?[33]

ഈ മാനുകൾ സ്വസന്താനങ്ങളെ അകററുന്നുവെന്നും വി. ലിഖിതം പറയുന്നുണ്ട് (യോബ് 39:4). സുവിശേഷംവഴി തങ്ങൾ ജനിപ്പിച്ച സന്താനങ്ങളെ അവർ പാപത്തിൻെറ ചങ്ങലയിൽനിന്നും പിശാചിൻെറ കെണിയിൽനിന്നും ബലമായി അകററുന്നു. പിശാചിൻെറ ഇഷ്ടത്തിനു് അവൻ അധീനനായി കഴിയരുതെന്നു കരുതിയാണതു്. ഈ സന്താനങ്ങളും

www.malankaralibrary.com



വർധിച്ചവരും; അവ മടങ്ങിവരുന്നില്ല. ലോത്തിന്റെ ഭാര്യയെ അനുകരിച്ച് അവർ പിറകോട്ടു തിരിഞ്ഞുനോക്കുകയില്ല. കലപ്പയിൽ കൈവച്ചിട്ടു പിറകോട്ടു തിരിഞ്ഞുനോക്കുന്നവൻ സ്വർഗരാജ്യത്തിനു യോഗ്യനല്ല എന്ന് അവർക്കറിയാം. പിന്നീടു കഴിഞ്ഞവയെയെല്ലാം അവർ വിസ്മരിക്കുന്നു; മുമ്പേ പോകുന്നവരോടൊപ്പമെത്താൻ അവർ തിടുക്കപ്പെട്ടു മുന്നേറുന്നു.[34]

ഇത്തരം കലമാനുകൾക്കാണു കർത്താവിന്റെ സ്വരം പൂർണ്ണത നൽകുന്നത്. നിയമത്തിലും പ്രവാചകന്മാരിലും അടങ്ങിയിട്ടുള്ളതല്ലാതെ മറ്റെന്താണു കർത്താവിന്റെ സ്വരം? 'വിജനസ്ഥലത്തു വിളിച്ചുപറയുന്ന സ്വര'മായ യോഹന്നാൻവരെ അതു വന്നെത്തി. യോഹന്നാന്റെ സ്വരം ഇങ്ങനെ പറഞ്ഞു: 'കർത്താവിന്റെ വഴികൾ ഒരുക്കുവിൻ. ദൈവത്തിന്റെ വഴികൾ നേരെയാക്കുവിൻ.' ഈ വാക്കുകൾ മാനുകളെ പൂർണതയുള്ളവരാക്കി. അവർ 'ഒരേ മനസ്സിലും ഒരേ അറിവിലും പൂർണതയുള്ളവർ' ആയിത്തീർന്നു. അങ്ങനെയുള്ള ഒരാൾ സ്വകാരണമായിത്തന്നെ ഇങ്ങനെ പറയുന്നു: 'നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു'.[35]

'സൗഹൃദങ്ങളുടെ കലമാനിന്റെ' കാര്യം പറയുകയാണെങ്കിൽ (സദൃശ്യ. 5:19) ഹവ്വായെ വഞ്ചിച്ച സർപ്പത്തിന്റെ തല തകർത്തവനല്ലാതെ മറ്റാരാണത്? ആ സർപ്പം തന്റെ പ്രേരണയാൽ അവളിൽ പാപത്തിന്റെ വിഷം വ്യാപിപ്പിച്ചു. വീഴ്ചയുടെ ദോഷഫലങ്ങൾ അതുമൂലം മനുഷ്യവർഗത്തെ മുഴുവൻ ബാധിച്ചു. മനുഷ്യന്റെയും ദൈവത്തിന്റെയും ഇടയിൽ 'തിന്മയുടെ മധ്യസ്ഥൻ' വരുത്തിവച്ച ശത്രുത നമ്മുടെ കർത്താവു സ്വന്തം ശരീരംകൊണ്ടുതന്നെ ഇല്ലായ്മ ചെയ്തു. 'വരപ്രസാദങ്ങളുടെ മാൻകിടാവ്' എന്ന പ്രയോഗം പരിശുദ്ധത്മാവിനെക്കുറിക്കുന്നതായി നമുക്കു കണക്കാക്കാം. ദൈവത്തെ ആഗ്രഹിക്കുകയും ദാഹിക്കുകയും ചെയ്യുന്നവർക്ക് ആധ്യാത്മികമായ വരപ്രസാദങ്ങളും സ്വർഗീയ ദാനങ്ങളും അവിടുന്നു നൽകുന്നു.

മണവാട്ടി തന്റെ പ്രിയതമനെ ഒരു ചെറിയ കലമാനിനോടു ഉപമിച്ചതിന്റെ ഔചിത്യം സ്പഷ്ടമാക്കുന്നതിനുവേണ്ടിയാണു നാം ഇക്കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞത്. വേറെ ചിലടത്തു ചെയ്തിട്ടുള്ളതുപോലെ ഒരു കലമാനിനോടുതന്നെ ഉപമിക്കാതെ ഇവിടെ മണവാളനെ ഒരു ചെറുകലമാനിനോടുപമിച്ചതിന്റെ സാംഗത്യമെന്ത് എന്നൊരു സംശയമുണ്ടാകാവുന്നതാണ്. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കുക: 'അവൻ



ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും, നമുക്കുവേണ്ടി ഒരു ശിശുവായി ജനിച്ചു; ഒരു പുത്രനായി നൽകപ്പെട്ടു. ആധിപത്യം അവന്റെ ചുമലിൽ ആയിരുന്നു താനും.'[36] നമുക്കുവേണ്ടി ഒരു ശിശുവായി അവതരിച്ച അവിടുന്ന് ഒരു മാൻകിടാവുതന്നെ. കലമാനുകൾ എന്നത് അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ദാവീദ്, സോളമൻ തുടങ്ങിയ ചില വിശുദ്ധരും ആയിരിക്കാം. ശാരീരികമായി അവരുടെ സന്താനമായിട്ടാണല്ലോ ക്രിസ്തു വന്നത്. ആ മാനുകളെ ദൈവത്തിന്റെ സ്വരം പരിപൂർണരാക്കി. ശാരീരികമായി അവരുടെ മാംസത്തിൽനിന്നു ജനിച്ച ക്രിസ്തു ആ മാനുകളുടെ മാൻകിടാവാണല്ലോ.

നൂറ്റിമൂന്നാം സങ്കീർത്തനത്തിലെ ഒരു ഭാഗവും എന്റെ ഓർമയിൽ വരുന്നു. അതിങ്ങനെയാണ്: 'ഉയർന്ന പർവതങ്ങൾ കലമാനുകൾക്കു സങ്കേതമാകുന്നു.' (104:18). സർപ്പത്തിന്റെ വിഷം ദൂരീകരിപ്പാൻ ഈ ഭൂമിയിൽവന്ന പുണ്യചരിതന്മാരെ കലമാനുകൾ എന്നു വിളിക്കാം എന്നു മുകളിൽ പറഞ്ഞല്ലോ. കലമാനുകൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ടതായി പറയപ്പെടുന്ന ഉന്നതപർവതങ്ങൾ എന്താണ് എന്നു നമുക്കു നോക്കാം. എന്റെ അഭിപ്രായത്തിൽ ആ ഉന്നത പർവതങ്ങൾ ത്രിത്വത്തെക്കുറിച്ചുള്ള ജ്ഞാനമാണ്. ഒരു കലമാൻ ആയിത്തീരാതെ ആർക്കും അതു സ്വന്തമാക്കാനാവില്ല.

ഉന്നതമായ പർവ്വതങ്ങൾ എന്ന് ഇവിടെ ബഹുവചനത്തിൽ പറഞ്ഞിരിക്കുന്ന ആശയം ഉന്നത പർവതം എന്ന് ഏകവചനത്തിൽ ചിലെടത്തു പ്രസ്താവിക്കപ്പെടുന്നുണ്ട്. ഉദാ. ഏശയ്യാ പ്രവാചകൻ പറയുന്നു. 'സീയോന് സദ്വാർത്തയുമായി വരുന്നവനേ, ഉയർന്നമലയിൽക്കയറി ശക്തിയോടെ സ്വരമുയർത്തിപ്പറയുക; ജെറുസലെമിനു സദ്വാർത്തയുമായി വരുന്നവനേ, നിർഭയം വിളിച്ചു പറയുക.' (40:9). മുമ്പത്തെ സന്ദർഭത്തിൽ ദൈവികആളുകളുടെ വ്യതിരിക്തതകൊണ്ട്. ത്രിത്വമായി മനസ്സിലാക്കപ്പെട്ടിരുന്നത് ഇവിടെ ആ ആളുകളുടെ അന്തസ്സത്തയിലുള്ള ഐക്യംകൊണ്ട് ഏക ദൈവമായി മനസ്സിലാക്കപ്പെടുന്നു.

കലമാൻകുട്ടിയെക്കുറിച്ച് ഇത്രയും പറഞ്ഞതു മതിയെന്നു വയ്ക്കാം. മണവാളനെ ചെറുമാനിനോടു തുല്യപ്പെടുത്തിയിരിക്കുന്നതിനു കാരണമെന്ത് എന്നിനി നോക്കാം. ഗ്രീക്കുഭാഷയിലുള്ള അതിന്റെ പേരു നോക്കിയാൽ ഈ ജന്തുവിന്റെ സൂക്ഷ്മദർശന ശക്തികൊണ്ടാണ് ആ പേരു ലഭിച്ചതെന്നു നമുക്കു മനസ്സിലാക്കാം. ക്രിസ്തുവിനെപ്പോലെ

www.malankaralibrary.com



ദർശനശക്തി മററാർക്കാണുള്ളത്? അവിടുന്നു മാത്രമാണ് പിതാവിനെ കാണുകയും അറിയുകയും ചെയ്യുന്നത്. ആത്മാവിൽ കളങ്കമില്ലാത്തവർ ദൈവത്തെ കാണും എന്നു പറയപ്പെട്ടിട്ടുണ്ടെങ്കിലും അവർ അങ്ങനെ കാണുന്നതു് ക്രിസ്തുവിന്റെ വെളിപ്പെടുത്തലിലൂടെ മാത്രമാണെന്നതു നിസ്സംശയം.[37] കാര്യങ്ങളെല്ലാം സൂക്ഷ്മമായി കണ്ടു മനസ്സിലാക്കാൻ മാത്രമല്ല, മററുള്ളവർക്കു കാഴ്ചശക്തി വർധിപ്പിക്കാനും കഴിയും എന്നതു് ചെറുമാനിന്റെ പ്രകൃതിയിലെ ഒരു സവിശേഷതയാകുന്നു. ചികിത്സാവിധികളിൽ വൈദഗ്ധ്യമുള്ളവർ ഉറപ്പിച്ചു പറയുന്നു, ചെറുമാനിന്റെ കുടലിൽ കാഴ്ചക്കുറവു പരിഹരിക്കാനുതകുന്ന ഒരു രസമുണ്ടെന്ന്. അതിനാൽ ക്രിസ്തുവിനെ ചെറുമാൻ എന്നു വിശേഷിപ്പിക്കുന്നതു യുക്തമാണ്. കാരണം അവിടുന്നു പിതാവായ ദൈവത്തെ കാണുന്നുവെന്നുമാത്രമല്ല, താൻ കാഴ്ചശക്തി നൽകിയ ആളുകൾക്കു പിതാവിനെ കാണിച്ചു കൊടുക്കുകയും ചെയ്യുന്നു.

'പിതാവിനെ കാണുക' എന്നു പറയുമ്പോൾ അതു ശാരീരികമായ അർത്ഥത്തിലാണെന്നോ പിതാവു ദൃശ്യനാണെന്നോ വായനക്കാർ വിചാരിക്കരുതു്. പിതാവിനെ കാണുന്ന കണ്ണ് ശരീരത്തിന്റെയല്ല, മനസ്സിന്റെയും ആത്മാവിന്റെയുമാണ്. നമ്മുടെ കർത്താവുതന്നെ സുവിശേഷത്തിൽ താൻ ഉപയോഗിക്കുന്ന വാക്കുകൊണ്ടു് ഈ അർത്ഥഭേദം വെളിപ്പെടുത്തുന്നുണ്ടു് (മത്താ. 11:27). എന്തെന്നാൽ പുത്രനല്ലാതെ മററാരും പിതാവിനെ 'കണ്ടിട്ടില്ലെ'ന്നല്ല, 'അറിഞ്ഞിട്ടില്ല' എന്നാണ് അവിടുന്നു പറഞ്ഞതു്. സർവോപരി ദൈവത്തെ കാണാനുള്ള ശക്തി നൽകപ്പെടുന്നവർക്കു് അറിവിന്റെയും വിവേകത്തിന്റെയും ചൈതന്യവും അവിടുന്നു നൽകുന്നു. ആ ചൈതന്യംകൊണ്ടാണ് അവർ ദൈവത്തെ കാണേണ്ടതു്. ഇക്കാരണത്താൽ താൻ ശിഷ്യരോടു പറഞ്ഞു, 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (യോഹ.14:9).

യേശുവിനെ ശാരീരികമായി ദർശിച്ചവർ അതേവിധത്തിൽ പിതാവിനെയും ദർശിച്ചു എന്നാരെങ്കിലും കരുതിയാൽ അതു ബാലിശമായിരിക്കും. കാര്യം അങ്ങനെയായിരുന്നെങ്കിൽ ക്രിസ്തുവിനെ പീഡിപ്പിച്ച കപടനാട്യക്കാരായ നിയമജ്ഞരും പരീശന്മാരും പീലാത്തോസും അവനെ ക്രൂശിക്കുക എന്നാർത്തു വിളിച്ച ജനങ്ങളും പീഡിപ്പിച്ചു എന്നു കരുതേണ്ടിവരും. അതു വളരെ പരിഹാസ്യവും ദൈവദൂഷണപരവും ആയിരിക്കും. ജനക്കൂട്ടം അവിടുത്തെ തിക്കിത്തിരക്കി അവിടുത്തെ ശിഷ്യരോടൊപ്പം സഞ്ചരിച്ചു സമയത്തു് അനേകം പേർ അവിടുത്തെ ശാരീരികമായി



സ്പർശിച്ചിരിക്കും. എന്നാൽ രക്തസ്രാവത്താൽ ക്ലേശിതയായി തന്റെ വസ്ത്രത്തിന്റെ അരികിൽ തൊട്ടവൾ മാത്രമാണ്. തന്നെ സ്പർശിച്ചതായി അവിടുന്നു പറയുന്നതു്. അവളെക്കുറിച്ചു മാത്രം അവിടുന്നു സാക്ഷ്യപ്പെടുത്തി. 'ഒരാൾ എന്നെ സ്പർശിച്ചിരിക്കുന്നു. എന്തെന്നാൽ എന്നിൽനിന്നു ശക്തി പുറപ്പെട്ടതായി ഞാൻ അറിയുന്നു' (ലൂക്കാ. 8:43–46). അതുപോലെതന്നെ ശാരീരികമായി തന്നെ കണ്ടവർ പലരും ഉണ്ടായിരിക്കാം. എന്നാൽ തന്നെ ദൈവവചനവും ദൈവപുത്രനുമായി തിരിച്ചറിഞ്ഞയാളൊഴികെ ആരുംയഥാർത്ഥത്തിൽ തന്നെ കണ്ടതായി പ്രസ്താവിക്കപ്പെടുന്നില്ല. അയാൾ അതേസമയം പുത്രനിൽ പിതാവിനെ കാണുകയും മനസ്സിലാക്കുകയും ചെയ്തു.

ഇവിടെ ഒരു കാര്യംകൂടെ നാം ശ്രദ്ധിക്കേണ്ടതുണ്ടു്: അവിടുന്ന് ആദ്യമായി ഒരു ചെറുമാനിനോടാണ് ഉപമിക്കപ്പെടുന്നതു്. കലമാൻ അതിനേക്കാൾ വലിയമൃഗവുമാണ്. ഇക്കാര്യത്തെക്കുറിച്ച് അല്പം സൂക്ഷ്മമായി ചിന്തിക്കാം. വിശ്വാസിയുടെ രക്ഷ പ്രധാനമായി രണ്ടു കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ഒന്ന്: വിശ്വാസത്തെക്കുറിച്ചുള്ള ധാരണ. രണ്ട്: വിശ്വാസം അനുസരിച്ചുള്ള പ്രവൃത്തികളുടെ പൂർണത. നാം മുമ്പുകണ്ടതുപോലെ വിശ്വാസത്തെയാണു ചെറുമാനിനോടു് ഉപമിക്കുന്നതു്. ചെറുമാനിന്റെ കാഴ്ചശക്തി വളരെ തീക്ഷ്ണമാണല്ലോ. ആത്മാവിന്റെ വിചിന്തനപരമായ അന്തർദർശനശക്തി ഇവിടെ സൂചിതമാകുന്നു. അതാണ് രക്ഷയുടെ ആദ്യത്തെ പടി. രണ്ടാമത്തെപടി പ്രവർത്തനങ്ങളിലെ പൂർണതയാകുന്നു. കലമാൻ അതിന്റെ പ്രതീകമത്രേ. കലമാൻ വിഷപ്പാമ്പുകളെ നശിപ്പിക്കുന്നുവെന്നാണല്ലോ പറയപ്പെടുന്നതു്. പിശാചിന്റെ കുതന്ത്രങ്ങളെ തകർക്കുന്ന രക്ഷാകരമായ പ്രവർത്തനങ്ങൾ ഇവിടെ സൂചിതമാകുന്നു.

അപ്പോൾ, തന്റെ പ്രിയതമൻ ബേഥേൽ പർവതത്തിലെ ഒരു ചെറുമാനിനെപ്പോലെയാണെന്ന് മണവാട്ടി പറയുന്നു. 'ബേഥേൽ' എന്നാൽ 'ദൈവത്തിന്റെ ഭവനം' (ഉല്പ. 28:17. 19.22). അതിനാൽ ദൈവത്തിന്റെ ഭവനത്തിലെ പർവതങ്ങൾ എന്നതിന് നിയമത്തിന്റെയും പ്രവാചകന്മാരുടെയും പുസ്തകങ്ങളെന്നും സുവിശേഷങ്ങളും അപ്പസ്തോലന്മാരുടെ ലേഖനങ്ങളും എന്നും അർത്ഥം പറയാം. ഇവയിലൂടെയാണു ദൈവവിശ്വാസം ദർശിക്കപ്പെടുന്നതു്. പ്രവർത്തനങ്ങളിലെ അവികലത പഠിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതും അവയിലൂടെത്തന്നെ.

www.malankaralibrary.com



## 13

'അതാ അവൻ ഭിത്തിക്കുപിന്നിൽ നിൽക്കുന്നു. ജനാലയിൽ ചാഞ്ഞുനിന്നുകൊണ്ട്, വലകളിലൂടെ നോക്കി എന്റെ പ്രിയൻ എന്നോടു മന്ത്രിക്കുന്നു'.

'എന്റെ പ്രിയേ, എന്റെ സുന്ദരീ, എഴുന്നേൽക്കു; എന്റെ മാടപ്രാവേ, ഇറങ്ങിവരൂ. തണുപ്പുകാലം കഴിഞ്ഞു. മഴയും മാറി; നമ്മുടെ നാട്ടിൽ പുഷ്പങ്ങൾ വിരിഞ്ഞു തുടങ്ങി.... അത്തിമരം തളിരിട്ടു; മുന്തിരിവള്ളികൾ പൂത്തുലഞ്ഞു് സുഗന്ധം പരത്തുന്നു' (2: 9b–13b).

ഇവിടെ ഉദ്ധരിച്ചിട്ടുള്ള വേദപുസ്തകഭാഗത്തിന്റെ അർത്ഥം കണ്ടുപിടിക്കാനുള്ള ബുദ്ധിമുട്ടുകൾ പരിഗണിക്കുമ്പോൾ മണംപിടിച്ചു വേട്ടമൃഗത്തെ അനുധാവനം ചെയ്യുന്ന ഒരു വേട്ടക്കാരന്റെ അവസ്ഥയിലാണു ഞാനെന്നു തോന്നിപ്പോകുന്നു. വേട്ടമൃഗം പതിവായി സഞ്ചരിക്കുന്ന വഴിയിലൂടെ മുന്നോട്ടു ചെന്നുകഴിയുമ്പോൾ അതു ഒളിച്ചിരിക്കുന്ന ഗുഹയുടെ സമീപത്തു താൻ എത്തിക്കഴിഞ്ഞു എന്നു വേട്ടക്കാരനു തോന്നും. എന്നാൽ പെട്ടെന്നു മൃഗത്തിന്റെ കാൽപാടുകൾ അപ്രത്യക്ഷമാകുന്നു. മണംപിടിച്ചു മുന്നോട്ടുപോകാൻതന്റെപട്ടിയെവിട്ടിട്ട് അയാൾ വന്നവഴിയെ പിറുകോട്ടുപോയി അന്വേഷണം നടത്തുന്നു. എന്നാൽ ഇതിനിടയിൽ അന്വേഷിക്കുന്ന മൃഗം തന്റെ അപകടസ്ഥിതി മനസ്സിലാക്കി വേറൊരു മാർഗമായി രക്ഷപെട്ടിരിക്കുന്നു. ഇക്കാര്യം മനസ്സിലാക്കുമ്പോൾ വേട്ടക്കാരൻ കൂടുതൽ ശ്രദ്ധയോടെ അതിനെ പിന്തുടരുന്നു. താൻ ഇപ്പോൾ ശരിയായ വഴിയിലാണെന്നും ഇര തന്റെ കയ്യിലാകുമെന്നും അയാൾക്കു കൂടുതൽ ഉറപ്പുണ്ട്, അതുപോലെ അർത്ഥവിശദീകരണത്തിന്റെ ചില പാഠങ്ങൾ പരാജയപ്പെട്ടു കഴിയുമ്പോൾ കർത്താവായ ദൈവം ഇരയെ എന്റെ കയ്യിൽ എത്തിച്ചു തരും എന്നു ഞാൻ പ്രത്യാശിക്കുന്നു. അല്പംകൂടെ അന്വേഷണം നടത്തേണ്ടി വന്നേക്കാം. കുറെക്കൂടെ സരളമായ ഒരു വിശദീകരണ സമ്പ്രദായം അവലംബിക്കേണ്ടി വന്നേക്കാം. അങ്ങനെ കിട്ടിക്കഴിയുമ്പോൾ കാര്യകാരണബന്ധത്തിന്റെ വചനങ്ങളാകുന്ന ഉപ്പു ചേർത്തു് അതിനെ പാകപ്പെടുത്തണം. പൂർവ്വമാതാവായ റാഹേൽ പൂർവ്വപിതാവായ യാക്കോബിൽ നിന്ന് അനുഗ്രഹം വാങ്ങിയതുപോലെ അനുഗ്രഹം വാങ്ങാൻ എനിക്കും സാധിക്കണം.[38]

ഈ സാഹചര്യത്തിലാണു പിറകോട്ടു പോവുകയും മുമ്പു വിശദീകരിച്ച കാര്യങ്ങൾ ഒരിക്കൽക്കൂടെ ചുരുക്കത്തിൽ ആവർത്തിക്കുകയും ചെയ്യുക ആവശ്യമായിത്തോന്നുന്നത്. അങ്ങനെ



ചെയ്യുമ്പോൾ ഏതർത്ഥമാണു കൂടുതൽ യുക്തമെന്നു കാണാൻ കഴിയും. അതിനാൽ നമ്മുടെ നാടകത്തിന്റെ ആരംഭത്തിൽ മണവാട്ടി വീട്ടിനു പുറത്തു രണ്ടുവഴികൾ സന്ധിക്കുന്ന ഒരു സ്ഥലത്തു നിൽക്കുന്നതായി നമുക്കു കണക്കാക്കാം.[39] തന്റെ പ്രിയതമനോടുള്ള സ്നേഹാധിക്യം മൂലം, ഏതു വഴിയേ ആണ് അദ്ദേഹം വരുന്നത് എന്നുള്ള ഉത്കണ്ഠയോടുകൂടി രണ്ടു വഴിയിലേയ്ക്കും അവൾ മാറിമാറിനോക്കുന്നു. എന്നാൽ ഏതു വഴിയേ ആണു മണവാളൻ വരുന്നത് എന്നു നിശ്ചയമില്ലാത്തതുകൊണ്ട് അവൾ ഒരു വഴിയിലൂടെയും മണവാളനെത്തേടി യാത്ര ആരംഭിക്കുന്നില്ല; വീട്ടിൽപ്പോയിരിക്കാൻ അക്ഷമ അവളെ അനുവദിക്കുന്നുമില്ല.

അങ്ങനെ അവിടെ നിന്നുകൊണ്ട് അഭിലാഷാധിക്യത്തോടെ അവൾ പറയുന്നു: 'അവൻ തന്റെ ചുംബനങ്ങൾകൊണ്ടു എന്നെ പൊതിയട്ടെ.' മണവാളൻ തന്റെ അടുത്തു വന്നുകഴിയുമ്പോൾ അവൾ പറയുന്നു 'അവിടുത്തെ മാറിടം വീഞ്ഞിനെക്കാൾമാധുര്യമുള്ളതാകുന്നു.' തുടർന്ന് മണവാട്ടിക്കു മണവാളന്റെ പ്രതിസ്നേഹം ലഭിക്കുന്നു. അവൾ അവിടുത്തെ മണിയറയിലേക്കു സമാനയിക്കപ്പെടുന്നു. 'രാജാവു തന്റെ മണിയറയിലേക്ക് എന്നെ ആനയിച്ചു' എന്ന് അവൾ പറയുന്നു. തുടർന്നുള്ള ഭാഗങ്ങൾ ആ മണിയറയിൽ നിന്നു കൊണ്ടു മണവാട്ടി പറയുന്ന വിധത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ചില കാര്യങ്ങൾ അവൾ തോഴിമാരുടെ സാന്നിദ്ധ്യത്തിൽ മണവാളനോടു പറയുന്നു; ചിലതു മണവാളന്റെ ചങ്ങാതിമാരോടു പറയുന്നു.

ഇവിടത്തെ മണവാളൻ എപ്പോഴും വീട്ടിനുള്ളിലിരിക്കുന്ന ഒരു ഭർത്താവല്ല എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. അയാൾ, എപ്പോഴും, വീട്ടിലിരിക്കുന്ന മണവാട്ടിയുടെ കാര്യങ്ങളിൽ മാത്രം ദത്തശ്രദ്ധനല്ല, മണവാളൻ പലപ്പോഴും ഓരോരോ കാര്യങ്ങൾക്കായി പുറത്തേക്കു പോകുന്നു. മണവാട്ടി പ്രേമാതുരയായി കാത്തിരിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നു. മണവാളൻ ഇടയ്ക്കിടെ മണവാട്ടിയുടെ സന്നിധിയിൽ മടങ്ങിയെത്തുന്നു. അതിനാൽ ഈ പുസ്തകത്തിൽ ആദ്യന്തം മണവാളന്റെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവും മാറിമാറി വരുന്നതായി നാം മനസ്സിലാക്കണം. അസാന്നിദ്ധ്യത്തിൽ മണവാട്ടി മണവാളനെ അന്വേഷിക്കുന്നു. സന്നിഹിതനായിരിക്കുമ്പോൾ താൻ മണവാട്ടിയോടു സംഭാഷണങ്ങൾ നടത്തുന്നു.

മണവാട്ടി മണവാളന്റെ രാജകീയമണിയറയിലെ വിശിഷ്ടവിഭവങ്ങളും പ്രതാപപൂർണ്ണമായ ദൃശ്യങ്ങളും കണ്ടു മനസ്സിലാക്കിയവളാണല്ലോ. അതിനാൽ വീഞ്ഞിന്റെ അറയിലേക്ക്

www.malankaralibrary.com



ആനയിക്കപ്പെടാൻ അവൾ ആവശ്യപ്പെടുന്നു. അവിടെച്ചെന്നു കഴിഞ്ഞപ്പോൾ മണവാളൻ തന്റെകൂടെയില്ല എന്ന് അവൾ കാണുന്നു. അതിനാൽ പ്രണയാതുരയായി അവൾ അവിടെ നിന്നു പുറത്തേയ്ക്കു പോവുകയാണ്. അവൾ വീട്ടിനുചുറ്റും അകത്തും പുറത്തും എല്ലാം ഉത്കണ്ഠാകുലയായി തെരയുന്നു. അങ്ങനെയിരിക്കെ, പൊടുന്നനെ, മണവാളന്റെ രൂപം ദൃഷ്ടിഗോചരമാകുന്നു. വലിയ കുതിപ്പുകളാൽ സമീപസ്ഥമായ പർവ്വതത്തിന്റെ അധിത്യകകളെ പിൻതള്ളികൊണ്ടു താൻ വരുകയാണ്. ഇതാ, പ്രണയാകുലയായ മണവാട്ടി കുടികൊള്ളുന്ന ഭവനത്തിന്റെ സമീപം താൻ എത്തിക്കഴിഞ്ഞിരിക്കുന്നു.

എന്നാൽ വീട്ടുമതിലിനു സമീപം എത്തിച്ചേർന്ന മണവാളൻ അല്പസമയം മതിലിനു മറഞ്ഞു നിൽക്കുകയാണ്. ഏതോ കാര്യത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ട് എന്ന മട്ടിലാണു നില്പ്. പിന്നീട് മണവാട്ടിയോടുള്ള സ്നേഹത്താൽ പ്രചോദിതനായും, വീടിന്റെ കിളിവാതിൽവരെ എത്തുന്ന തന്റെ ഉയരം പ്രയോജനപ്പെടുത്തിക്കൊണ്ടും—ഈ കിളിവാതിലുകൾക്കു വലകളുമുണ്ട്—ചരിഞ്ഞുനിന്ന് അതിലൂടെ നോക്കുന്നു. മണവാട്ടിയോടു പറയുന്നു. 'എന്റെ ഓമനേ, എന്റെ സുന്ദരീ, എന്റെ മാടപ്രാവേ എഴുന്നേൽക്കൂ. ഇറങ്ങിവരൂ' (ഉത്തമ. 2: 10–12).

ക്രമീകരിക്കാനും വിശദീകരിക്കാനും വിഷമമുണ്ടെന്നു ഞാൻ പറഞ്ഞ സംഭവക്രമം ഇതാണ്. സംഭാഷണത്തിന്റെ മുകളിൽകൊടുത്ത വിശകലനം അതിനെ കൂടുതൽ സ്പഷ്ടമാക്കിയിട്ടുണ്ടെന്നും ഞാൻ കരുതുന്നു.

എന്നാൽ ഈ ഭാഗത്തിന്റെ ആദ്ധ്യാത്മികമായ അർത്ഥവിവരണം അത്രതന്നെ ബുദ്ധിമുട്ടുളവാക്കുന്നതല്ല.[40] ദൈവവചനത്തിന്റെരാജകീയഹർമ്മ്യത്തിൽ വസിക്കുന്ന അവിടുത്തെ മണവാട്ടി—അതായതു സഭ—തന്റെ മണവാളനായ ദൈവവചനത്താൽ പഠിപ്പിക്കപ്പെടുന്നു. തന്റെ രാജകീയ നിധിപ്പുരയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ളതത്ത്വരത്നങ്ങളാണ് അദ്ധ്യാപനവിഷയം. 'ജീവിക്കുന്ന ദൈവത്തിന്റെ സഭയാകുന്ന (1 തിമോ. 3: 15) ഈ രാജകീയ ഭവനത്തിൽ വീഞ്ഞു സൂക്ഷിക്കുന്ന ഒരറയുള്ളതും മണവാട്ടി കണ്ടറിയുന്നു, പരിശുദ്ധമായ ചക്കുകളിൽ ആട്ടി തയ്യാറാക്കിയ വീഞ്ഞാണ് അവിടെ സൂക്ഷിച്ചിട്ടുള്ളത്. പുതിയ വീഞ്ഞു മാത്രമല്ല, മധുരമായ പഴയ വീഞ്ഞും—നിയമത്തിന്റെയും പ്രവാചകന്മാരുടെയും പഠനങ്ങളും—അവിടെ സൂക്ഷിച്ചിട്ടുണ്ട്.

ആ പുസ്തകങ്ങളിൽ വേണ്ടുവോളം പരിശീലനം നേടിക്കഴിയുമ്പോൾ 'വചന'ത്തെത്തന്നെ അവൾ തന്നിലേയ്ക്കു



സ്വീകരിക്കുന്നു. അനാദിമുതൽ ദൈവത്തോടൊപ്പമുണ്ടായിരുന്ന ദൈവം തന്നെയാണ് ആ വചനം. എന്നാൽ ആ ദൈവവചനം സദാ അവളോടൊപ്പം ഉണ്ടായിരിക്കുകയില്ല. മാനുഷിക സ്വഭാവമനുസരിച്ച് അതു സാദ്ധ്യമല്ലല്ലോ. താൻ ഇടയ്ക്കിടെ മണവാട്ടിയെ സന്ദർശിക്കും എന്നതു ശരിതന്നെ. എന്നാൽ ഇടയ്ക്കിടെ അവളെ വിട്ടുപോകുകയും ചെയ്യും. മണവാട്ടിയിൽ തന്നെക്കുറിച്ചുള്ള അഭിലാഷം ഉദ്ദീപ്തമാകാൻവേണ്ടിയാണത്. എന്നാൽ ഉത്തമഗീതത്തിലെ പ്രസ്താവത്തിന്റെ അർത്ഥം പരിഗണിച്ചാൽ മണവാളൻ മലകൾക്കുമുകളിലൂടെ കുതിച്ചു ചാടിക്കൊണ്ടാണ് മണവാട്ടിയെ സന്ദർശിക്കാൻ വരുന്നത്. അതായതു സ്വർഗീയമായ ജ്ഞാനത്തിന്റെഉന്നതസത്യങ്ങൾ അവൾക്കു വെളിപ്പെടുത്തിക്കൊണ്ട്. ഇതുമൂലം 'ജീവിക്കുന്ന ദൈവത്തിന്റെ സഭയും സത്യത്തിന്റെ തൂണും കോട്ടയുമായ ദൈവഭവന'ത്തിന്റെ വേണ്ടവിധത്തിലുള്ള നിർമ്മാണം സാദ്ധ്യമായിത്തീരുന്നു. പിന്നീട് മണവാളൻ ഭിത്തിയുടെ സമീപത്തോ പിന്നിലോ നിൽക്കുന്നു. ആ നിലയിൽ താൻ പൂർണമായും മറഞ്ഞ അവസ്ഥയിലോ അല്ല. കാരണം, ദൈവത്തിന്റെ വചനമോ ജ്ഞാനത്തിന്റെ വചനമോ എല്ലാവർക്കും കണ്ടുമനസ്സിലാക്കത്തക്കവിധം പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കപ്പെടുന്നതായി നാം കാണുന്നില്ല. അതു മനുഷ്യരാൽ ചവിട്ടിമെതിക്കപ്പെടാനും പാടില്ല.[41] എന്നാൽ അന്വേഷിക്കുന്നവർക്കു ദൈവവചനത്തെ കണ്ടെത്താൻ സാധിക്കുന്നു. അതു നാം മുമ്പു പറഞ്ഞതുപോലെ തുറസ്സായ നടുമുറ്റത്തല്ല, ഭാഗികമായി മറഞ്ഞരീതിയിലാണ്, ഒരുപക്ഷെ ഭിത്തിക്കു പിന്നിൽ മറഞ്ഞിരിക്കുംവിധം.

എന്നാൽ 'സഭയിൽ' ആയിരിക്കുന്നു എന്നു പറയപ്പെടുന്ന ആത്മാവ് കെട്ടിടത്തിന്റെ മതിലുകൾക്കുള്ളിൽ സ്ഥിതിചെയ്യുന്നു എന്നല്ല മനസ്സിലാക്കേണ്ടത്; വിശ്വാസത്തിന്റെ കൊത്തളങ്ങളാലും ജ്ഞാനത്തിന്റെ മന്ദിരങ്ങളാലും സംരക്ഷിതമായ അവസ്ഥയിലാണെന്നാണ്. ആ മന്ദിരങ്ങൾ ഉപവിയുടെ ഗൃഹശൃംഗങ്ങളാൽ അലംകൃതങ്ങളായിരിക്കും. അതിനാൽ ഒരാത്മാവിനെ സഭയാകുന്ന ഭവനത്തിൽ വസിക്കുന്നതാക്കുന്നത് ശരിയായ പെരുമാറ്റവും ശരിയായ തത്വങ്ങളിലുള്ള വിശ്വാസവുമാണ്. ഈ ഭവനത്തിൽ മുറികളുമുണ്ട്. അവയ്ക്ക്, ഓരോന്നും ഉൾക്കൊള്ളുന്ന ആധ്യാത്മിക ദാനങ്ങളുടെ വൈവിധ്യമനുസരിച്ച് മണിയറ, വീഞ്ഞറ തുടങ്ങിയ വിവിധ പേരുകൾ വിളിക്കാം.

അതുപോലെ, മുകളിൽ നിർദ്ദിഷ്ടമായ ഭിത്തിയും ഈ ഭവനത്തിന്റെ ഒരു ഭാഗമാകുന്നു. അത് തത്വങ്ങളുടെ സ്ഥി

www.malankaralibrary.com



തിയെ സൂചിപ്പിക്കുന്നതായി കണക്കാക്കാം. ഈ ഭിത്തിയോടു ചേർന്നു മണവാളൻ നിൽക്കുന്നു എന്നാണു പറയപ്പെടുന്നത്. ഈ തത്ത്വങ്ങളിൽ താൻ അത്ര ഔന്നത്യവും മഹത്ത്വവും ഉള്ളവനാണ്; എല്ലാ മന്ദിരങ്ങളെക്കാളും ഉയർന്നവനായി നിന്നുകൊണ്ട് ആ വീട് തന്റെ മണവാട്ടിയായ ആത്മാവിനെ വീക്ഷിക്കുന്നു. എന്നാൽ ഇപ്പോഴും താൻ മണവാട്ടിക്കു പൂർണ്ണമായും തടസ്സമില്ലാതെയും സ്വയം വെളിപ്പെടുത്തുന്നില്ല, വലകൾക്കിടയിലൂടെ അവളുടെ നേരെ നോക്കുകയാണ് അവിടുന്നു ചെയ്യുന്നത്. വീട്ടിനുള്ളിൽ അലസയായിരിക്കാതെ പുറത്തുവന്നു തന്നെ കാണാൻ അവളെ പ്രോത്സാഹിപ്പിക്കുകയാണെന്നു കരുതണം. ജനലുകളിലൂടെയും വലകൾക്കിടയിലൂടെയുമല്ല, കണ്ണാടിയിലൂടെ എന്നപോലെ അവ്യക്തമായിട്ടുമല്ല, അഭിമുഖമായിത്തന്നെ മണവാട്ടി തന്നെ ദർശിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ഇപ്പോൾ അവൾക്കു തന്നെ അവ്വിധം ദർശിക്കാൻ സാധ്യമല്ലായ്കയാൽ താൻ നിൽക്കുന്നത് അവളുടെ സമക്ഷമല്ല, അവൾക്കു പിന്നിലാണ്; മതിലിനപ്പുറം.

താൻ ജനാലക്കൽ ചാരിനിൽക്കുകയാണ്. ജനാലകൾ തുറന്നിട്ടിരിക്കയാണ്; വെളിച്ചം ഉള്ളിലേക്കു കടന്നുവരുന്നതിനു വേണ്ടി. ആ ജാലകത്തിലൂടെ നോക്കിക്കൊണ്ട് തന്റെ അടുത്തേക്കുവരാൻ ദൈവവചനം ആത്മാവിനെ ക്ഷണിക്കുന്നു.

ജനാലകൾ ശരീരത്തിലെ ജ്ഞാനേന്ദ്രിയങ്ങളാണെന്നു നമുക്കു കരുതാം. അവയിലൂടെയാണല്ലോ ജീവനോ മരണമോ ആത്മാവിലേയ്ക്കു പ്രവേശിക്കുന്നത്. 'മരണം കിളിവാതിലിലൂടെ കയറി വരുന്നു' എന്നു പാപികളെക്കുറിച്ചു പറയുമ്പോൾ ജെറമിയാ പ്രവാചകൻ അർത്ഥമാക്കുന്നത് മറ്റൊന്നുമല്ല(9:21). കിളിവാതിലിലൂടെ മരണം കടന്നുവരുന്നതെങ്ങനെയാണ്? കാമവികാരത്തോടുകൂടി പുരുഷൻ സ്ത്രീയെ നോക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ അവൻ ഹൃദയത്തിൽ വ്യഭിചാരം ചെയ്തുകഴിഞ്ഞു (മത്താ.5:28). ആ സന്ദർഭത്തിൽ കണ്ണാകുന്ന കിളിവാതിലിലൂടെ മരണം അവനെ സമീപിക്കുന്നു.

ഇതുപോലെ, ഒരാൾ നിഷിദ്ധമായ ഒരു കാര്യം കേൾക്കുന്നു എന്നു വിചാരിക്കുക. പ്രത്യേകിച്ചും അക്കാര്യം ആത്മാവിന് ആപത്തു വരുത്തുന്ന ഒരു തത്ത്വമാണെന്നു വിചാരിക്കുക. അപ്പോൾ കാതുകളാകുന്ന കിളിവാതിലിലൂടെ മരണം അയാളുടെ ആത്മാവിൽ പ്രവേശിക്കുന്നു.



മറിച്ച്, മനോഹരമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ പ്രപഞ്ചത്തിന്റെ സൗന്ദര്യം കാണുമ്പോൾ ആ സൗന്ദര്യത്തിലൂടെ ഒരാൾ അതിന്റെ സ്രഷ്ടാവിനെ കാണുകയും തന്റെ സൃഷ്ടിവൈഭവത്തിൽ അത്ഭുതം കൂറുകയും തന്നെ സ്തുതിക്കുകയും ചെയ്യുന്നു എന്നു കരുതുക. അയാളുടെ ആത്മാവിലേക്കു കണ്ണുകളാകുന്ന ജാലകങ്ങൾവഴി, ജീവൻ പ്രവേശിക്കുകയാണ്. അതുപോലെതന്നെ ഒരു വ്യക്തി ദൈവവചനം ശ്രവിക്കുകയും ദൈവത്തിന്റെ ജ്ഞാനത്തിലും വിവേകത്തിലും ആഹ്ലാദിക്കുകയും ചെയ്യുമ്പോൾ കാതുകളാകുന്ന കിളിവാതിലിലൂടെ അയാളുടെ ആത്മാവിലേയ്ക്കു ജീവൻ കടന്നുചെല്ലുന്നു.

അപ്പോൾ, ദൈവവചനം ഈ ജനാലകൾ വഴി നോക്കുകയും മണവാട്ടിയായ ആത്മാവിന്റെ മേൽ തന്റെ താല്പര്യം ഉറപ്പിക്കുകയും ചെയ്തിട്ട്, എഴുന്നേറ്റു തന്റെ അടുത്തേക്കു വരാൻ അവളോട് ആഹ്വാനം ചെയ്യുകയാണ്. അതായത് ദൃശ്യവും ശാരീരികവുമായ കാര്യങ്ങൾ ഉപേക്ഷിച്ച് അശാരീരികവും, ആത്മീയവുമായ കാര്യങ്ങളിലേക്ക് ഓടിയണയാൻ ആവശ്യപ്പെടുന്നു. എന്തെന്നാൽ ദൃശ്യവസ്തുക്കൾ അനിത്യങ്ങളും അദൃശ്യങ്ങളായവ നിത്യങ്ങളുമത്രേ (1കൊറി. 4:18).

ഇതുപോലെതന്നെ, ദൈവത്തിന്റെ അരൂപി 'ജ്ഞാന'ത്തിന് അധിവസിക്കാൻ കൊള്ളാവുന്ന ആത്മാക്കളെ അന്വേഷിച്ചു ചുറ്റിനടക്കും എന്നു പറയാറുണ്ട് (വിജ്ഞാ.6:17).

ഇവിടെ മണവാളൻ ജനാലയുടെ വലകളിലൂടെ നോക്കുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. ആ പ്രസ്താവം സംശയാതീതമായി ഒരു കാര്യം സൂചിപ്പിക്കുന്നു. ആത്മാവു ശരീരമാകുന്ന ഈ ഭവനത്തിലായിരുന്നകാലത്തോളം ദൈവത്തിന്റെ ജ്ഞാനത്തെ നഗ്നവും ശുദ്ധവുമായ വിധത്തിൽ സ്വീകരിക്കാൻ അവൾക്കു കഴിയുകയില്ല. അദൃശ്യവും ഭൗതികാതീതവുമായ വസ്തുക്കളെ ചില ദൃശ്യവസ്തുക്കളാകുന്ന സാദൃശ്യങ്ങളും അടയാളങ്ങളും വഴിയാണ് അവൾ ദർശിക്കുക. മണവാളൻ ജനാലയിലെ വലകളിലൂടെ മണവാട്ടിയെ വീക്ഷിക്കുന്നു എന്നു പറയുന്നതിനർത്ഥമിതാണ്.

ഉദ്ധൃതഭാഗത്തെ, ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നാം വ്യാഖ്യാനിക്കുകയാണെങ്കിൽ, സഭയാകുന്ന മണവാട്ടി വസിക്കുന്ന ഭവനം നിയമവും പ്രവാചകന്മാരുമാണ്. അവിടെയും ഒരു രാജാവിന്റെ മണിയറയുണ്ട്; അറിവിന്റെയും വിവേകത്തിന്റെയും സമസ്തസമ്പത്തുകളും നിറഞ്ഞതാണത്. അവിടെയും വീഞ്ഞിന്റെ

www.malankaralibrary.com



ഒരു കലവറയുണ്ട്; മനുഷ്യന്റെ ഹൃദയത്തെ ആഹ്ളാദിപ്പിക്കുന്ന ഭൗതികമോ ധാർമികമോ ആയ പഠനങ്ങൾ.

ക്രിസ്തു ആഗതനായ കാലത്തു് പഴയനിയമമാകുന്ന മന്ദിരത്തിന്റെ ഭിത്തിക്കു പിന്നിൽ കുറെ സമയം നിന്നു. താൻ ജനങ്ങൾക്കു് ആ സമയം സ്വയം വെളിപ്പെടുത്തിയില്ല എന്നുള്ളതാണ് അങ്ങനെ പറയാൻ കാരണം. സമയം സമാഗതമായപ്പോൾ ഭവനത്തിനുള്ളിൽ സ്ഥിതിചെയ്തിരുന്ന, അതായതു് നിയമത്തിന്റെ അക്ഷരാർത്ഥങ്ങളിൽ ബദ്ധമായിരുന്ന സഭയ്ക്കു മുന്നിൽ താൻ പ്രത്യക്ഷപ്പെട്ടു. നിയമത്തിന്റെയും പ്രവാചകന്മാരുടെയും ജനാലകൾവഴി അവൾക്കു സ്വയം വെളിപ്പെടുത്തി. തന്നെക്കുറിച്ചു പ്രസ്തുത ഗ്രന്ഥങ്ങളിലുള്ള പരാമർശനങ്ങളും ദീർഘദർശനങ്ങളുമാണ് ആ ജനാലകൾ. തുടന്ന് അവയിൽനിന്നു പുറത്തുവന്നു് തന്റെ സമീപത്തു് എത്തിച്ചേരാൻ അവിടുന്നു് അവളെ ആഹ്വാനം ചെയ്യുന്നു.

അവൾ തന്റെ സമീപത്തേയ്ക്കു് വരുന്നില്ലെങ്കിൽ, പഴയനിയമഗ്രന്ഥങ്ങളുടെ അക്ഷരാർത്ഥങ്ങളിൽനിന്നു് ആന്തരാർത്ഥത്തിലേയ്ക്കു മുന്നേറുന്നില്ലെങ്കിൽ, മണവാളനോടുചേർന്നു് ഒന്നാകുവാൻ അവൾക്കു കഴിയുകയില്ല. അതിനാൽ ശാരീരികമായ കാര്യങ്ങളിൽനിന്നു് ആത്മീയകാര്യങ്ങളിലേയ്ക്കു കടന്നുചെല്ലാൻ അവിടുന്നു് അവളെ വിളിക്കുന്നു. അവൾ ദൃശ്യത്തിൽനിന്നു് അദൃശ്യത്തിലേയ്ക്കും' നിയമത്തിൽനിന്നു സുവിശേഷത്തിലേയ്ക്കും കടന്നുചെല്ലണം.

പിന്നീടു വിശദമായി പറയാനുള്ള ഒരു കാര്യം ഇവിടെ സൂചിപ്പിക്കാം. അടുത്ത ഘട്ടത്തിൽ മണവാളൻ മണവാട്ടിയോടു് ഇങ്ങനെ പറയുന്നുണ്ടല്ലോ: 'മഞ്ഞുകാലം കഴിഞ്ഞു; മഴക്കാലം കടന്നുപോയി; പെസഹായുടെ യഥാർത്ഥസമയമാണ് ഇവിടെ പരാമൃഷ്ടമായിട്ടുള്ളതു്. മഞ്ഞുംമഴയുമെല്ലാം കഴിഞ്ഞുപോയ സമയത്താണ് ക്രിസ്തുവിന്റെ പീഡാസഹനം. കർത്താവു പീഡകൾ സഹിക്കുന്നതുവരെയുള്ള കാലത്തു ഭൂമിയിൽ ആധ്യാത്മികമായ മഴപെയ്തിരുന്നു എന്നും പറയാം. പ്രവാചകമേഘങ്ങൾ ഭൂതലത്തിൽ വചനത്തിന്റെ മഴ പൊഴിക്കുവാൻ അവിടുന്നു് അനുവദിച്ചു. സ്നാപകയോഹന്നാന്റെ കാലംവരെ മാത്രമേ പ്രവാചകന്മാരുടെ പ്രവർത്തനങ്ങൾ നിലനിന്നുള്ളൂ എന്നതുകൊണ്ടു (ലൂക്കാ. 16:16) മഴക്കാലം അവസാനിച്ചു എന്നു ശരിയായിത്തന്നെ പറയാം.

എന്നാൽ ഈ പ്രവചനവർഷങ്ങൾ അവസാനിച്ചതുകൊണ്ടു് വിശ്വാസികൾക്കു നഷ്ടമുണ്ടായില്ല. സഭയ്ക്കു് അതുകൊണ്ടു്



കൂടുതൽ മെച്ചമുണ്ടായി എന്നും പറയാം, 'നദി ദൈവത്തിന്റെ നഗരത്തെ സന്തോഷപൂർണമാക്കുമ്പോൾ' മഴയുടെ ആവശ്യം എന്താണ്? 'നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവി' പ്രവർത്തമാനമായിരിക്കുമ്പോൾ എന്തിനാണു മഴ?[42] 'എല്ലായിടവും പൂക്കൾ പ്രത്യക്ഷപ്പെട്ടിരിക്കെ', മഴയുടെ ആവശ്യമെന്തു്? മുമ്പു കായ്ക്കാതിരുന്ന അത്തിവൃക്ഷം കർത്താവിന്റെ ആഗമനത്തിനുശേഷം വെട്ടി തീയിൽ ഇടപ്പെടുന്നില്ല എന്ന സ്ഥിതിയായി.[43] എന്തെന്നാൽ ഇപ്പോൾ ആ അത്തിവൃക്ഷം പുതിയ ഫലങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. മുന്തിരിത്തോട്ടങ്ങൾ അവയുടെ മധുരഗന്ധം സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. ആ മുന്തിരിത്തോട്ടത്തിലെ ഒരംഗം ഇങ്ങനെ പറഞ്ഞു: രക്ഷിക്കപ്പെടുന്നവരുടെയിടയിലും ശിക്ഷിക്കപ്പെടുന്നവരുടെയിടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ പരിമളമാകുന്നു (2 കൊറി. 2:15).

മുമ്പു സൂചിപ്പിച്ചതുപോലെ, പ്രതിപാദനത്തിന്റെ ക്രമത്തിൽനിന്നു് അല്പം മുന്നോട്ടുവന്നാണ് ഈ ഭാഗം ഇവിടെ പറഞ്ഞതു്. ഇതിനുമുമ്പു പ്രതിപാദിച്ചുകൊണ്ടിരുന്ന ഭാഗത്തേയ്ക്കു തിരിച്ചു ചെല്ലാം; 'വലകളിൽക്കൂടെ നോക്കി' എന്ന പ്രസ്താവത്തിന്റെ അർത്ഥത്തെക്കുറിച്ചു് ഉപരിവിചിന്തനം ചെയ്യാം.

'പക്ഷി കാൺകെ അതിനു വല വയ്ക്കുന്നതു നിഷ്ഫലമാണല്ലോ' എന്നെഴുതപ്പെട്ടിരിക്കുന്നു. വേറൊരിടത്തു്, നീതിമാൻ പാപത്തിൽ വീണെങ്കിൽ 'മാൻ കെണിയിൽനിന്നും പക്ഷി വലയിൽനിന്നും എന്നപോലെ രക്ഷപെട്ടുകൊള്ളണം' എന്നു കല്പിക്കപ്പെട്ടിരിക്കുന്നു (സാദൃശ്യ.1:17). അപ്പോൾ മനുഷ്യന്റെ ജീവിതം മാരകപാപങ്ങളുടെ കെണികളും വഞ്ചനകളുടെ വലകളും നിറഞ്ഞതാണ്. 'കർത്താവിനെതിരായി നിംറോദ് എന്ന നായാട്ടുവീരൻ സ്ഥാപിച്ചവയാണ് ആ കെണികളും വലകളും (ഉല്പ. 10:8f). ദൈവത്തിനെതിരായിപ്പോലും കലാപമുണ്ടാക്കുന്ന പിശാച് അല്ലാതെ ആരാണ് ആ നായാട്ടുവീരൻ? അതിനാൽ പ്രലോഭനങ്ങളാകുന്ന കെണികളും പിശാച് തന്ത്രപരമായി സംവിധാനം ചെയ്ത കുടുക്കുകളുമാണ് വലകൾ എന്നു വിളിക്കപ്പെടുന്നതു്. ശത്രു ഈ വലകൾ എല്ലായിടത്തും വിരിച്ചിരിക്കുന്നു; മിക്കവാറും എല്ലാവരെയും അതിൽ കുടുക്കിയിട്ടുമുണ്ട്. അതിനാൽ അവയെക്കാൾ ശക്തിയുള്ള ആരെങ്കിലും വരുകയും അവയിൽ അകപ്പെടാതെ നിൽക്കുകയും അവയെ തകർക്കുകയും ചെയ്യേണ്ടതു് ആവശ്യമായിരുന്നു. അങ്ങനെ തന്റെ അനുയായികൾക്കു വഴിതെളിച്ചുകൊടുക്കേണ്ടതുണ്ടായിരുന്നു. തന്റെ സഭയുമായി യോജിപ്പിക്കപ്പെടും മുമ്പ് രക്ഷകൻപോലും പ്രലോഭനങ്ങൾക്കു വിധേയനായി.[44] പ്രലോഭനങ്ങളാകുന്ന കെണികളെ പരാജയപ്പെടുത്തിക്കൊണ്ടു്

www.malankaralibrary.com



അവസ്ഥിടയിലൂടെ സഭയെ വീക്ഷിക്കുകയും സഭയാകുന്ന മണവാട്ടിയെ തന്റെ പക്കലേയ്ക്കു ക്ഷണിക്കുകയും ചെയ്യുന്നതിനുവേണ്ടിയായിരുന്നു അത്. ക്രിസ്തുവിൽ എത്തിച്ചേരാനുള്ള വഴി അലസമായ അനായാസതയിലും സുഖപരതയിലും കൂടെയുള്ളതല്ല, അനേകം പരീക്ഷണങ്ങളിലും പ്രലോഭനങ്ങളിലും കൂടെയുള്ളതാണെന്ന് സംശയാതീതമാംവിധം സഭയെ പഠിപ്പിക്കാനും മനസ്സിലാക്കാനും അവിടുന്ന് ആഗ്രഹിച്ചിരുന്നു.

അതിനാൽ ആ വലകളെ കീഴ്പ്പെടുത്താൻ കഴിവുള്ളയാരും വേറെയില്ല. എഴുതപ്പെട്ടിരിക്കുന്നതുപോലെ 'എല്ലാവരും പാപം ചെയ്തു. 'വി. ലിഖിതത്തിൽ വേറൊരിടത്തു് ഇങ്ങനെ കാണുന്നു: 'ഒരിക്കലും പാപം ചെയ്യാതെ നന്മമാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമുഖത്തില്ല.'[45] മറ്റൊരിടത്തു് ഇങ്ങനെയും പറയപ്പെട്ടിട്ടുണ്ട്: 'അശുദ്ധിയിൽനിന്നു പൂർണവിമുക്തനായി ഒരു മനുഷ്യൻപോലുമില്ല, അവന്റെ ജീവിതം ഒരു ദിവസത്തേയ്ക്കു മാത്രമുള്ളതാണെങ്കിലും' (ജോബ്, 14.4f.). അതിനാൽ പാപം ചെയ്യാത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തു മാത്രമേ ഉള്ളു. എന്നാൽ 'തന്റെ പുത്രൻ നമുക്കു വേണ്ടി പാപമായിത്തീരാൻ' പിതാവായ ദൈവം അനുവദിച്ചു. 'പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ പാപത്തെ ശിക്ഷവിധിക്കാൻ വേണ്ടിയായിരുന്നു അതു്.

അങ്ങനെ അവിടുന്ന് ഈ വലകളുടെയടുക്കലേയ്ക്കു വന്നു. അവിടുത്തെ അകപ്പെടുത്താൻ ആ വലകൾക്കു കഴിഞ്ഞില്ല. പകരം അവിടുന്ന് ആ വല കീറുകയും ചവിട്ടിമെതിക്കുകയും ചെയ്തു. വലകൾ തകർത്തുകളയാനും കെണികളെ തട്ടിയുടയ്ക്കാനും അനന്തരം ഇപ്രകാരം പറയാനുമുള്ള തന്റേടം അവിടുന്നു സഭയ്ക്കു നൽകുന്നു: 'വേടന്റെ കെണിയിൽനിന്നു കുരുവിയെന്നപോലെ നാം രക്ഷപെട്ടു. കെണി തകർന്നു; നാം രക്ഷപ്പെട്ടു (സങ്കീ. 124: 7). കെണിയിൽ അകപ്പെടാതിരിക്കാൻ കഴിയുന്ന ഏക വ്യക്തിയായ കർത്താവിനു മാത്രമല്ലാതെ ആർക്കാണ് കെണി തകർക്കാൻ കഴിയുക. എന്തെന്നാൽ താൻ മരിച്ചതു് സ്വന്ത ഇഷ്ടപ്രകാരമായിരുന്നു. നമ്മെപ്പോലെ പാപത്തിനധീനനായിട്ടല്ല. മരിച്ചവരിൽ സ്വതന്ത്രനായിട്ടുള്ളവൻ അവിടുന്നു മാത്രമായിരുന്നല്ലോ.

മരിച്ചവരുടെയിടയിൽ താൻ സ്വതന്ത്രനായിരുന്നതുകൊണ്ട് അവിടുന്ന് 'മരണത്തിന്റെ സമ്രാട്ടിനെ' അടിപ്പെടുത്തി. മരണത്തിന്റെ തടവറയിൽ കഴിഞ്ഞിരുന്നവരെ സ്വതന്ത്രരാക്കുകയും ചെയ്തു.[46] മരണത്തിൽനിന്നു താൻ സ്വയം ഉത്ഥാനം ചെയ്യുക മാത്രമല്ല ഉണ്ടായതു്; മരണത്താൽ ബന്ധിതരായിരുന്നവരെ ഉത്ഥാനം ചെയ്യിക്കുകയും 'സ്വർഗത്തിൽ തന്നോടുകൂടി ഇരുത്തുകയും' ചെയ്തു. 'ഉന്നതങ്ങളിലേയ്ക്കു് ആരോഹണം ചെയ്യവേ അവിടുന്ന് അടിമത്തത്തെ അടിമത്തത്തിലാഴ്ത്തി.[47] മരിച്ചവരുടെ ആത്മാക്കളെ മാത്രമല്ല, ശരീരങ്ങളെയും താൻ ഉയിർപ്പിച്ചു. സുവിശേഷം ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു: 'നിദ്ര പ്രാപിച്ചിരുന്ന പല വിശുദ്ധരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു....അവർ അനേകർക്ക് പ്രത്യക്ഷപ്പെട്ടു; ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗീയ ജെറൂസലെമിലേയ്ക്കുവരുകയും ചെയ്തു.'[48]



'വലകൾ' എന്നതിന്റെ രണ്ടാമത്തെ അർഥവ്യാഖ്യാനമെന്ന നിലയിലാണ് മുൻപറഞ്ഞ കാര്യങ്ങൾ ഇവിടെ ചേർത്തിരിക്കുന്നത്. യോഗാത്മകാർഥമെന്ന നിലയിൽ ഈ രണ്ടർഥങ്ങളിൽ ഏതാണു കൂടുതൽ ഉചിതം എന്ന് വായനക്കാർ തന്നെ നിശ്ചയിക്കുക.

# പുസ്തകം 4:1

## 14

'(എന്റെ അയൽക്കാരീ, എന്റെ സുന്ദരീ, എഴുന്നേല്ക്കു, വരു. കണ്ടാലും, മഞ്ഞുകാലം കഴിഞ്ഞു; മഴക്കാലം കടന്നുപോയി. ഭൂമിയിൽ പുഷ്പങ്ങൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ശുപ്പിറക്കലിന്റെ കാലം സമാഗതമായി. കാട്ടുപ്രാവിന്റെ നാദം നമ്മുടെ നാട്ടിൽ കേട്ടുതുടങ്ങി. അത്തിമരങ്ങൾ അവയുടെ മൊട്ടുകൾ പുറപ്പെടുവിച്ചിരിക്കുന്നു. മുന്തിരിവള്ളികൾ പൂത്തുലഞ്ഞു സുഗന്ധം പരത്തുന്നു' (2:10b–13a).

നാടകത്തിന്റെ ക്രമീകരണത്തെക്കുറിച്ചു നാം നേരത്തേ പറഞ്ഞിട്ടുള്ളതാണല്ലോ. തന്നെ സ്വീകരിക്കുന്നതിനു യോഗ്യതയും സന്നദ്ധതയുമുള്ള ആത്മാവിനോട് ദൈവവചനം പറയുന്നതെന്തു് അഥവാ ക്രിസ്തു തന്റെ സഭയോട് എന്തു പറയുന്നതായി നാം മനസ്സിലാക്കണം എന്ന് ഇനി പരിഗണിക്കാം.

സുന്ദരിയും ശ്രേഷ്ഠയുമായ ആ ആത്മാവിന് ദൈവവചനം തന്റെ പ്രത്യക്ഷദർശനം നൽകിക്കഴിഞ്ഞിരിക്കുന്നു.

www.malankaralibrary.com



ശാരീരിക ജ്ഞാനേന്ദ്രിയങ്ങൾവഴി അതായത് വി. ലിഖിത പാരായണവും തത്ത്വശ്രവണവുംവഴി ജനാലകളിലൂടെ കണ്ടിട്ട് എന്നപോലെ അവിടുത്തെ ഔന്നത്യവും മഹത്ത്വവും അവൾക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. മുകളിലുദ്ധരിച്ച വാക്കുകൾ ശ്രവിക്കാൻ അവളെ അർഹയാക്കുന്നതിനുവേണ്ടിയാണ് ഈ സജ്ജീകരണം. അവളുടെ നേരേ ചാഞ്ഞുനിന്നുകൊണ്ട് ഭവനത്തിനു പുറത്തേക്കു വരാൻ അവിടുന്ന് അവളെ ആഹ്വാനംചെയ്യുന്നു. ശാരീരികമായ അനുഭൂതികളിൽനിന്ന്, മാംസത്തിന്റേതായ അവസ്ഥയിൽനിന്ന്, മോചനം നേടാനാണ് ആഹ്വാനം. 'നിങ്ങൾ ജഡികരല്ല, ആദ്ധ്യാത്മികരാണ്' (റോമ.8:9) എന്നു പറയപ്പെടാൻ അവൾ അർഹത നേടണം.

അങ്ങനെയല്ലെങ്കിൽ ദൈവവചനം അവളെ അയൽക്കാരി എന്നു വിളിക്കുകയില്ല; അവളുമായി ഒന്നുചേർന്ന് ഒരാത്മാവായിത്തീരുകയുമില്ല, (1 കൊറി. 6:17). അവളുടെ ഛായ അനുദിനം നവീകൃതമാകുന്നില്ലെങ്കിൽ (2കൊറി.4:16) അവിടുന്ന് അവളെ 'സുന്ദരി' യെന്നു വിളിക്കുകയില്ല. യോർദ്ദനാൻ നദിയിൽവച്ചു മാടപ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിനെ (മത്താ. 3:16). സ്വീകരിക്കാൻ പ്രാപ്തയായി അവളെ കണ്ടില്ലായിരുന്നെങ്കിൽ 'എന്റെ മാടപ്രാവേ', എന്നു താൻ അവളെ സംബോധന ചെയ്യുമായിരുന്നില്ല. 'ദൈവവചന'ത്തെക്കുറിച്ചുള്ള സ്നേഹം അവൾ ഉള്ളിൽ സ്വീകരിച്ചു. 'പ്രാവിന്റേതുപോലുള്ള ചിറകുകൾ കർത്താവ് എനിക്കു നൽകും. ഞാൻ പറന്നു വിശ്രമസ്ഥാനത്ത് എത്തിച്ചേരും' (സങ്കീ.55:6) എന്നു പറഞ്ഞുകൊണ്ട് അതിവേഗം പറന്നു തന്റെ സന്നിധിയിൽ എത്താൻ അവൾ ആഗ്രഹിച്ചു. 'അവന്റെ അറിവിന്റെയും വിവേകത്തിന്റെയും നിധികളെക്കുറിച്ച് (കൊളോ. 2:3) മനസ്സിലാക്കിക്കഴിയുമ്പോൾ എന്റെ സ്നേഹവികാരങ്ങളും ആദ്ധ്യാത്മിക ദർശനങ്ങളുംകൊണ്ടു പറന്നു വിശ്രമസ്ഥാനത്തെത്തും' എന്ന് അവൾ വിചാരിക്കുന്നു.

ക്രിസ്തുവിന്റെ മരണത്തെ സ്വന്തമായി സ്വീകരിക്കുകയും സ്വന്തം ശരീരത്തെ പീഡിപ്പിക്കുകയും ചെയ്യുന്നവർ ഈ ലോകത്തിൽ തന്റെ മരണത്തിന്റെ സാദൃശ്യത്തിൽ പങ്കാളികൾ ആകുന്നതുപോലെ (കൊളോ. 3:5; റോമ.6:5) പരിശുദ്ധാത്മാവിന്റെ ശക്തി സ്വീകരിക്കുകയും തന്നാൽ വിശുദ്ധീകരിക്കപ്പെടുകയും തന്റെ ദാനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നവർ പ്രാവുകളായിത്തീരുന്നു—പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിലാണല്ലോ പ്രത്യക്ഷപ്പെട്ടത്—എന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെ പരിശുദ്ധാരൂപിയുടെ ചിറകുകളിൽ സംവഹിക്കപ്പെട്ട് അവർ ഭൗമികവും ശാരീരികവു



മായ വസ്തുക്കളിൽനിന്നകന്ന് സ്വർഗീയ സ്ഥാനങ്ങളിൽ ചെന്നെത്തുന്നു.

ഇക്കാര്യങ്ങളെല്ലാം സംഭവിക്കാനുള്ള സമയം സമാഗതമായിരിക്കുന്നു എന്നു കാണിക്കാൻ വളരെ യുക്തിപൂർവമായി മണവാളൻ പറയുന്നു: 'മഞ്ഞുകാലം കടന്നുപോയിരിക്കുന്നു. മഴയെല്ലാം അവസാനിച്ചു.' മണവാട്ടിയുടെ വ്യക്തിത്വത്തിലെ വൈകല്യങ്ങളാകുന്ന മഞ്ഞുകാലവും തിന്മകളാകുന്ന കൊടുങ്കാറ്റുകളും അവസാനിക്കാതെ അവൾക്കു ദൈവവചനത്തോടു ചേർന്ന് ഒന്നാകുവാൻ കഴിയുകയില്ല. 'വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ഇളകുന്ന' അവസ്ഥയിൽനിന്ന് (എഫേ. 4:14) മോചനംനേടിയിരിക്കണം. അങ്ങനെയുള്ള കുഴപ്പങ്ങളെല്ലാം ആത്മാവിൽനിന്ന് അകറ്റപ്പെട്ടുകഴിയുമ്പോൾ, അഭിലാഷങ്ങളുടെ കൊടുങ്കാറ്റുകൾ അവളെ വിട്ടകന്നു കഴിയുമ്പോൾ സുകൃതങ്ങളുടെ പുഷ്പങ്ങൾ അവളിൽ സുലഭമായി വികസിക്കാൻതുടങ്ങും. അപ്പോൾ അവളെ സംബന്ധിച്ച് തൂപ്പിറക്കുന്ന കാലവും സമാഗതമാകും. അവളുടെ താല്പര്യങ്ങളിൽ അനാവശ്യമോ വിലകെട്ടതോ ആയി വല്ലതുമുണ്ടെങ്കിൽ അവയെല്ലാം വെട്ടിനീക്കേണ്ടതായിട്ടുണ്ട്. ആദ്ധ്യാത്മികമായ ധാരണയുടെ അങ്കുരങ്ങളിലേയ്ക്ക് ആ താല്പര്യങ്ങളെ തിരിച്ചുവിടുകയും വേണം.

'കാട്ടുപ്രാവുകൾ കുറുകുന്ന ശബ്ദവും' അപ്പോൾ അവൾക്കു കേൾക്കാൻ കഴിയും. 'വചന'ത്തിന്റെ മുന്നോടിയായിട്ടുള്ളവർ പക്വമതികളോടു പ്രസംഗിക്കുന്ന രഹസ്യവും നിഗൂഢവുമായ ദൈവിക വിജ്ഞാനത്തെയാണ് ഇത് സുനിശ്ചിതമായി സൂചിപ്പിക്കുന്നത് (1കൊരി. 2:6f). കാട്ടുപ്രാവിനെക്കുറിച്ചുള്ള പരാമർശം ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആ പക്ഷി മനുഷ്യരുടെ നിവാസങ്ങളിൽനിന്നകന്ന് വിജന പ്രദേശങ്ങളിലത്രേ ജീവിക്കുന്നത്; കാടുകളിലോ വിദൂരമായ പർവതപ്രദേശങ്ങളിലോ മാത്രമേ അവയെ കാണാൻകഴിയൂ.

ഈ സമയത്തിന്റെ അനുയോജ്യതയ്ക്കും ആഹ്ലാദകരത്വത്തിനും ചേരുന്നതായി വേറെയെന്താണുള്ളത്? 'അത്തിവൃക്ഷം അതിന്റെ മുകുളങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.' അത്തിവൃക്ഷം ഇവിടെ മനുഷ്യാത്മാവിന്റെ പ്രതീകമാണ്. മനുഷ്യാത്മാവ് ഇതുവരെ അതിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം എന്നിവയെ ഒന്നും പുറപ്പെടുവിച്ചിരുന്നില്ല (ഗലാ.5:22f). എന്നാൽ ഇപ്പോൾ അവയുടെ അങ്കുരങ്ങൾ ഉണ്ടായിത്തുടങ്ങിയിരിക്കുന്നു.

സഭയിൽ, വ്യക്തിയുടെ ആത്മാവിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്ന പല വൃക്ഷങ്ങളുണ്ട്. ആ വിഷയ

www.malankaralibrary.com



ത്തെപ്പററി ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. 'എന്റെ പിതാവു നട്ടതല്ലാത്ത വൃക്ഷങ്ങളെല്ലാം പിഴുതു് എറിയപ്പെടും' (മത്താ. 15:13). വീണ്ടും 'ദൈവത്തിന്റെ കൂട്ടുവേലക്കാരൻ' എന്നു സ്വയം വിളിക്കുന്ന വി. പൗലോസ് ഒരിടത്തു പറയുന്നു: 'ഞാൻ നട്ടു, അപ്പോല്ലോ നനച്ചു. എന്നാൽ ദൈവമാണു വളർത്തിയതു്' (1കൊറി. 3:9). സുവിശേഷത്തിൽ കർത്താവു പറയുന്നു: 'ഒന്നുകിൽ വൃക്ഷം നല്ലതു്, ഫലവും നല്ലതു്' (മത്താ. 12:33). മനുഷ്യാത്മാക്കളെ എന്നപോലെ ആത്മാവിന്റെ വിവിധ കഴിവുകളെയും വൃക്ഷങ്ങളായി രൂപണംചെയ്യാറുണ്ടു്. അതിനാൽ, മൊട്ടുകൾ പുറപ്പെടുത്തുന്ന ഒരു അത്തിവൃക്ഷം ആത്മാവിലുണ്ടു്; പൂത്തുലഞ്ഞു് സുഗന്ധം പരത്തുന്ന മുന്തിരിച്ചെടിയും. കർഷകനായ സ്വർഗീയപിതാവു്, മുന്തിരിച്ചെടിയിൽനിന്നു് കൂടുതൽ ഫലങ്ങൾ ലഭിക്കുന്നതിനുവേണ്ടി അതിലെ അനാവശ്യമായ തളിർപ്പുകൾ വെട്ടിനീക്കുന്നു (യോഹ. 15:1f). എന്നാൽ, 'ഞങ്ങൾ എല്ലായിടത്തും ക്രിസ്തുവിന്റെ പരിമളമാകുന്നു' എന്നുള്ള അപ്പസ്തോലന്റെ വാക്കുകൾ അനുസരിച്ചു് (2കൊറി. 2:14–15). ആ മുന്തിരിച്ചെടി ഏററവും ആദ്യമായി ആനന്ദിപ്പിക്കുന്നതു് നമ്മുടെ നാസാദ്വാരങ്ങളെയാണു്, അതിന്റെ പൂക്കളുടെ സൗരഭ്യംകൊണ്ടു്. അതിനാൽ, ദൈവവചനം, ആത്മാവിന്റെ സുകൃതങ്ങളുടെ ഈ ആരംഭങ്ങൾ കണ്ടിട്ടു് അവളെ തന്റെ പക്കലേയ്ക്കു വിളിക്കുന്നു. ശാരീരികമായിട്ടുള്ളതിനെയെല്ലാം പരിത്യജിച്ചുകൊണ്ടു് തിടുക്കപ്പെട്ടു തന്റെ പക്കലേക്കു വരാനും തന്റെ പരിപൂർണതയിൽ പങ്കാളിയാകാനുമാണു് അവിടുന്നു് അവളോടു് ആവശ്യപ്പെടുന്നതു്.

ഇതാണു് 'ഉണരു' എന്നു് മണവാളൻ ആദ്യമായി പറയാൻ കാരണം. ആത്മാവു് ഇപ്പോഴും ആലസ്യത്തിൽ ആണ്ടുകിടക്കുകയാണെന്നും ശാരീരികമായ താല്പര്യങ്ങളുടെ മദ്ധ്യത്തിലാണെന്നുമത്രേ ആ ആഹ്വാനത്തിന്റെ സൂചന. മണവാളന്റെ ആജ്ഞ കേട്ടപ്പോഴേ ആത്മാവു് അതിനനുസൃതം പ്രവർത്തിച്ചു. അപ്പോൾ സംപ്രീതനായ മണവാളൻ 'എന്റെ അയൽക്കാരീ, എന്റെ മാടപ്രാവേ' എന്നു് അവളെ സംബോധന ചെയ്യുന്നു.

അതിനുശേഷം, പ്രലോഭനങ്ങളുടെ കൊടുങ്കാററുകളിൽ അവൾ സംഭീതയാകാതിരിക്കുന്നതിനുവേണ്ടി മണവാളൻ അവളോടു പറയുന്നു: 'മഞ്ഞുകാലം കടന്നുപോയി, മഴയെല്ലാം അവസാനിച്ചിരിക്കുന്നു. അവ അവയിലേയ്ക്കുതന്നെ തിരോഭവിച്ചു'. തിന്മയുടെ ആഘാതത്തിലും കൊടുങ്കാററിലുംനിന്നു് നമ്മുടെമേൽ നിപതിക്കുന്ന ഇത്തരം മഞ്ഞുകാലവും മഴകളും അവയിലേയ്ക്കുതന്നെ തിരോഭവിച്ചു എന്നു പറഞ്ഞപ്പോൾ പാപങ്ങളുടെയും തിന്മകളുടെയും സ്വഭാവം മനോഹരമായ ഒരു ഉക്തി



യിലൂടെ അവിടുന്നു് ഹൃദ്യമായിത്തന്നെ സൂചിപ്പിക്കുകയാണു ചെയ്തതു്. പാപങ്ങൾക്കു് സ്വന്തമായ അസ്തിത്വമില്ലെന്നു് അവിടുന്നു വ്യക്തമാക്കുകയാണു്. ഒരു മനുഷ്യന്റെ തിന്മകൾ അവനെ വിട്ടകലുമ്പോൾ അവ ഒന്നിച്ചുചേർന്നു് മറെറാരു അസ്തിത്വമായിത്തീരുന്നില്ല. അവ അവയിൽത്തന്നെ ലയിച്ചു് ഇല്ലാതെയാകുന്നു.

'ദൈവവചനം' ആത്മാവിനു പ്രത്യക്ഷപ്പെട്ടുകഴിയുമ്പോൾ അവൾക്കു ശാന്തത ലഭിക്കുന്നു; പാപം ഇല്ലാതെയാകുന്നു. അങ്ങനെ അവസാനം മുന്തിരിത്തോട്ടം പൂത്തുലഞ്ഞുകഴിയുമ്പോൾ തോട്ടത്തിൽ സദ്ഗുണങ്ങളാകുന്ന ഫലങ്ങൾ ഉണ്ടായിത്തുടങ്ങും.

ഇനി, ക്രിസ്തു പ്രസ്തുത വാക്കുകൾ സഭയാകുന്ന മണവാട്ടിയോടു സംസാരിക്കുകയാണു് എന്നു കരുതുക. ഈ കാലഘട്ടത്തെ മുഴുവൻ ഒരു വത്സരവൃത്തമായി കണക്കാക്കുന്നുവെന്നും കരുതുക. അപ്പോൾ 'മഞ്ഞുകാലം' എന്നതിനു് രണ്ടു് അർത്ഥം പറയാം. ഒന്നു്: കൊടുങ്കാററുകളും പേമാരികളും ഈജിപ്തുകാരെ പീഡിപ്പിച്ച പത്തു ബാധകളും എല്ലാം ഉൾപ്പെടുന്ന കാലകാലഘട്ടം. രണ്ടു്: ഇസ്രായേൽ വിവിധ സമരങ്ങളിൽ ഏർപ്പെട്ടിരുന്ന കാലഘട്ടം, അഥവാ രക്ഷകനെത്തന്നെ ഇസ്രായേൽ എതിർത്തിരുന്ന കാലം. അപ്പോൾ അവിശ്വാസത്തിന്റെ കൊടുങ്കാററിൽപ്പെട്ടു് ആ ജനത വിശ്വാസപരമായ കപ്പൽച്ചേതത്തിൽപ്പെട്ടു. അങ്ങനെ 'ഇസ്രായേൽക്കാരുടെ പാപം നിമിത്തം അന്യജാതികൾക്കു രക്ഷ ലഭിച്ചു' (റോമ.11:11). അതിനാൽ ക്രിസ്തു പുറജാതികളുടെ സഭയെ തന്റെ അടുക്കലേയ്ക്കു വിളിച്ചിട്ടു പറയുന്നു: 'ഉണരുക എന്റെ പക്കലേയ്ക്കു വരുക. അവിശ്വാസികളെ ഗ്രസിക്കുകയും നിന്നെ അജ്ഞാനത്തിൽ ആഴ്ത്തിനിർത്തുകയും ചെയ്തിരുന്ന ആ മഞ്ഞുകാലം കടന്നുപോയി. മഴയും പോയിരിക്കുന്നു. അതായതു്, പ്രവാചക മേഘങ്ങളോടു് ഭൂമിയുടെമേൽ വചനത്തിന്റെ മഴപൊഴിക്കാൻ ഞാൻ ഇനി ആവശ്യപ്പെടുകയില്ല. എന്നാൽ കാട്ടുപ്രാവിന്റെ ശബ്ദം, ദൈവത്തിന്റെ യഥാർത്ഥമായ ജ്ഞാനം, ഭൂമിയിൽ സംസാരിച്ചുകൊണ്ടു് ഇങ്ങനെ പറയും, 'സംസാരിച്ചവനായ ഞാൻ തന്നെ ഇതാ ഇവിടെയുണ്ടു്' (ഏശ.52:6). അതിനാൽ വിശ്വസിക്കുന്ന ജനങ്ങളാകുന്ന പുഷ്പങ്ങളും മൊട്ടിട്ടുവരുന്ന സഭകളും ഭൂമിയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. എന്റെ പീഡാനുഭവത്തെയും പുനരുത്ഥാനത്തെയുംകുറിച്ചുള്ള വിശ്വാസത്തിലൂടെ ളുപ്പിറക്കലിന്റെ കാലവും സമാഗതമായിരിക്കുന്നു.

ജ്ഞാനസ്നാനത്തിൽ പാപങ്ങൾക്കു മോചനം നൽകപ്പെടുമ്പോൾ പാപങ്ങൾ വെട്ടിനീക്കപ്പെടുകയാണു്. കാട്ടു

www.malankaralibrary.com



പ്രാവിന്റെ നാദം കേൾക്കുന്നതു പ്രവാചകന്മാരുടെ ശബ്ദത്തിലൂടെ മാത്രമല്ല, അതു് ഭൂമിയിൽ കേൾക്കപ്പെടുന്ന ദൈവത്തിന്റെ സ്വന്തം ജ്ഞാനത്തിന്റെ ശബ്ദമാകുന്നു. അത്തിവൃക്ഷം തളിരിടുന്നു എന്നു പറഞ്ഞാൽ അതു് പരിശുദ്ധാരൂപിയുടെ ഫലങ്ങളെ സൂചിപ്പിക്കുന്നു എന്നു നമുക്കു പറയാം. അവയിപ്പോൾ ആദ്യമായി സഭയ്ക്കു വെളിപ്പെടുത്തപ്പെടുകയാണ്. അല്ലെങ്കിൽ നിയമത്തിന്റെ അക്ഷരങ്ങളാകാം പരാമൃഷ്ടമായിട്ടുള്ളതു്. ക്രിസ്തുവിന്റെ ആഗമനത്തിനുമുമ്പ് അതു് അടച്ചുകെട്ടി ശാരീരികമായ ഒരുതരം വ്യാഖ്യാനവിശേഷംകൊണ്ടു മൂടപ്പെട്ടിരുന്നു. എന്നാൽ തന്റെ ആഗമനത്തിന്റെയും സാന്നിധ്യത്തിന്റെയും ഫലമായി അതിൽനിന്നു് ആധ്യാത്മിക ധാരണത്തിന്റേതായ ഒരു അങ്കുരം പുറപ്പെട്ടുവന്നു. അതിനുള്ളിൽ ഒളിച്ചിരുന്ന വിശിഷ്ടമായ അർത്ഥതലങ്ങൾ വെളിച്ചത്തുവന്നു. ഇതിന്റെ ഫലമായി, അത്തിവൃക്ഷത്തിൽ, അതായതു 'നിയമ'ത്തിൽ ആച്ഛാദിതമായി സ്ഥിതിചെയ്തിരുന്ന സഭ പ്രത്യക്ഷമായിത്തീരുന്നു. ഇപ്പോൾ അതു് നിഷ്ഫലമോ അക്ഷരാശ്രിതമോ അല്ല, ജീവദായകമായ 'ആത്മാവിനെ' അനുഗമിക്കുന്നതും വികസ്വരവും ആകുന്നു.

മുന്തിരിച്ചെടികളും പൂക്കൾനിറഞ്ഞവയാണെന്നും സുഗന്ധം പരത്തുന്നുവെന്നും പറഞ്ഞിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ കാണപ്പെടുന്ന സഭകളെയും മുന്തിരിച്ചെടികൾ എന്നും മുന്തിരിത്തോട്ടങ്ങൾ എന്നും വിളിക്കാം. 'സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേൽ ജനമാണ്; യൂദായിലെ മനുഷ്യൻ തനിക്കു പ്രിയപ്പെട്ട വൃക്ഷവും' (ഏശാ. 5:7). ഈ മുന്തിരിത്തോട്ടങ്ങൾ ആദ്യം വിശ്വാസത്തിലേക്കു വരുമ്പോൾ അവ പുഷ്പിക്കുന്നു എന്നു പറയാം. ദൈവികമായ പ്രവർത്തനങ്ങളുടെ മാധുര്യംകൊണ്ടു് അലംകൃതരാകുമ്പോൾ അവർ പരിമളം പ്രസരിപ്പിക്കുന്നു എന്നു പറയാം.

അവയുടെ പരിമളം എന്നു് മണവാളൻ പറയുന്നതു കാരണമില്ലാതെയല്ല. 'ഒരു പരിമളം' എന്നല്ല പറയുന്നതു്. ഓരോ ആത്മാവിനും പ്രത്യേകമായ ശക്തിസാധ്യതയും ഇച്ഛാസ്വാതന്ത്ര്യവും ഉണ്ടെന്നു കാണിക്കുന്നതിനുവേണ്ടിയാണതു്. എല്ലാ നല്ലകാര്യങ്ങളും ചെയ്യുന്നതിനു പ്രസ്തുത കഴിവുകൾ ആത്മാവിനു പ്രാപ്തി നൽകുന്നു. എന്നാൽ പാപത്തിൽ വീണതുമൂലം ജന്മസിദ്ധമായ ഈ നന്മ ആത്മാവിനു നഷ്ടമായി. അവ ആലസ്യവും ദുഷ്ടതയുമായി രൂപാന്തരപ്പെടുകയും ചെയ്തു. ദൈവാനുഗ്രഹംമൂലം ഇതിനു പരിഹാരമുണ്ടാവുകയും 'ദൈവവചന'ത്തിന്റെ അധ്യാപനംമൂലം പൂർവ്വസ്ഥിതി പുനഃസ്ഥാപിതമാവുകയും ചെയ്യുമ്പോൾ, സ്രഷ്ടാവായ ദൈവം



ആദ്യം നൽകിയിരുന്ന പരിമളം ആത്മാവിൽനിന്നു നിർഗളിക്കാൻ തുടങ്ങുന്നു.

സ്വർഗീയ ശക്തികളെയും മാലാഖമാരെയുംകൂടെ മുന്തിരിവള്ളികളും മുന്തിരിച്ചെടികളുമായി കണക്കാക്കാമെന്നു് എനിക്കു തോന്നുന്നു. അവർ അവരുടെ സുഗന്ധം മനുഷ്യരുടെമേൽ തൂവുന്നുണ്ടു്. ആധ്യാത്മിക ജ്ഞാനത്തിന്റെ നന്മകളാണ് ആ പരിമളം. ഈ നന്മകൾ സ്വർഗീയശക്തികൾ നമുക്കു പ്രദാനം ചെയ്യുന്നു. അതിന്റെ ഫലമായി നാം പൂർണത പ്രാപിക്കുകയും ദൈവത്തെ മനസ്സിലാക്കാൻ ആരംഭിക്കുകയും ചെയ്യുന്നു. എബ്രായർക്കുള്ള ലേഖനത്തിൽ അപ്പസ്തോലൻ ഇങ്ങനെ പറയുന്നുമുണ്ടു്: 'രക്ഷയുടെ അവകാശികളാകുവാനിരിക്കുന്നവർക്കു് ശുശ്രൂഷചെയ്യാൻ അയയ്ക്കപ്പെട്ട സേവകാത്മാക്കളല്ലേ അവരെല്ലാം?'(1:14). ഇക്കാരണത്താൽ ആത്മാക്കൾ ആദ്യം അവരിൽനിന്നു നല്ലകാര്യങ്ങളാകുന്ന പൂക്കളും അവയുടെ സുഗന്ധവും സ്വീകരിക്കുന്നതായി പറഞ്ഞിരിക്കുന്നു. എന്നാൽ അവർ മുന്തിരിയുടെ യഥാർത്ഥ ഫലങ്ങൾക്കുവേണ്ടി ആശ്രയിക്കേണ്ടതു് 'എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു നവമായി ഇതു പാനം ചെയ്യുന്ന ദിവസംവരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്നു ഞാൻ വീണ്ടും കുടിക്കുകയില്ല' എന്നു പറഞ്ഞ (മത്താ. 26:29) ദൈവപുത്രനെത്തന്നെയാണ്.

ഈ പക്വതയാർന്ന ഫലങ്ങൾ നമ്മുടെ കർത്താവിൽനിന്നുതന്നെയാണു നാം പ്രതീക്ഷിക്കേണ്ടതു്. എന്നാൽ അവയുടെ ആരംഭഘട്ടവും പുരോഗതിയുടെ മാധുര്യവും നമുക്കു പ്രാപ്യമാക്കാൻ സ്വർഗീയശക്തികൾക്കു കഴിയും. അഥവാ, മുമ്പു നാം പറഞ്ഞതുപോലെ, 'നാം എല്ലായിടത്തും ക്രിസ്തുവിന്റെ പരിമളമാണ്'' എന്നു പറഞ്ഞവർക്കു കഴിയും (2 കൊറി. 2:15).

നിർദിഷ്ടമായ ഉദ്ധരണം വേറൊരു വിധത്തിലും നമുക്കു മനസ്സിലാക്കാം. അതു സഭയ്ക്കു നൽകപ്പെട്ട ഒരു പ്രവചനമാണെന്നു പറയാവുന്നതാണ്. ആ പ്രവചനം പ്രതിജ്ഞാതമായ ഭാവി അനുഗ്രഹങ്ങളിലേക്കു് അവളെ ആഹ്വാനം ചെയ്യുന്നു. സമയത്തിന്റെ പൂർണത സമാഗതമായിരിക്കുന്നുവെന്നും പുനരുത്ഥാനവേള സമീപസ്ഥമായി എന്നും തോന്നുംവിധം 'ഉണരൂ' എന്ന നിർദേശം അവൾക്കു നല്കപ്പെടുകയാണ്. ഈ ആജ്ഞാവചനം പുനരുത്ഥാനത്തെ ദൃഢീകരിക്കുന്നു. മണവാട്ടി 'രാജ്യ'ത്തിലേക്കു ക്ഷണിക്കപ്പെടുകയാണ്. മണവാളൻ തുടർന്നു പറയുന്നു: 'എന്റെ അയൽക്കാരീ, എന്റെ സുന്ദരീ, എന്റെ മാടപ്രാവേ, വരൂ; മഞ്ഞുകാലം കഴിഞ്ഞുപോയിരി

ക്കുന്നു.' ഐഹിക ജീവിതത്തിന്റെ കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളും മനുഷ്യജീവിതത്തെ ഇട്ടുലയ്ക്കുന്ന പ്രലോഭനങ്ങളുടെ ആഘാതങ്ങളുമാണ് ഇവിടെ പറയുന്ന മഞ്ഞുകാലം.

അപ്പോൾ, ഈ മഞ്ഞുകാലം അതിന്റെ മഴകളോടുകൂടി കടന്നുപോവുകയും അതിൽത്തന്നെ ചെന്നൊടുങ്ങുകയും ചെയ്തിരിക്കുന്നു. ഭൂമിയിൽ പ്രത്യക്ഷപ്പെട്ടതായി പറയുന്ന പുഷ്പങ്ങൾ ഭാവിവാഗ്ദാനങ്ങളുടെ ആരംഭമാണെന്നു പറയാം. 'തുപ്പിറക്കലിന്റെ കാല'ത്തെ, കാലത്തിന്റെ പൂർണതയിൽ 'വൃക്ഷങ്ങളുടെ ചുവട്ടിൽ വയ്ക്കപ്പെട്ട കോടാലി'യായും കരുതാം. 'നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെയെല്ലാം വെട്ടി വീഴ്ത്തു'ന്നതാണ് ആ കോടാലി (മത്താ. 3:10;7:19). ആ വാഗ്ദത്തരാജ്യത്തു മുഴങ്ങികേൾക്കുന്ന കാട്ടുപ്രാവിന്റെ ശബ്ദത്തിൽ, ജനങ്ങളെ നേരിട്ടു പഠിപ്പിക്കുന്ന ക്രിസ്തുവിനെത്തന്നെയാണ് നാം മനസ്സിലാക്കേണ്ടത്. അവ്യക്തമായ രൂപത്തിലോ കണ്ണാടിയിൽക്കൂടെ എന്നപോലെയോ അല്ല, അഭിമുഖമായിത്തന്നെ അവിടുത്തെ നാം കാണുകയാണ് (1കൊറി. 13:12).

മുകുളങ്ങൾ പുറപ്പെടുത്തുന്ന അത്തിവൃക്ഷത്തെ നീതിമാന്മാരുടെ സമൂഹത്തിന്റെ മുഴുവൻ ഫലം എന്ന അർത്ഥത്തിലും നമുക്കു മനസ്സിലാക്കാം. വിശുദ്ധവും അനുഗൃഹീതവുമായ ദൈവദൂതാത്മക ശക്തികളാണ് പൂത്തുലഞ്ഞുനിൽക്കുന്ന മുന്തിരിച്ചെടികൾ. തെരഞ്ഞെടുക്കപ്പെട്ടവരും അനുഗൃഹീതരുമായ എല്ലാവരും അവരോടു ബന്ധപ്പെട്ടിരിക്കും—അവരും 'ദൈവത്തിന്റെ മാലാഖമാരെപ്പോലുള്ളവരായിരിക്കും' താനും (മത്താ.22:30)—എല്ലാ ആത്മാക്കൾക്കും അവയുടെ സൗരഭ്യം ലഭിക്കും. സ്രഷ്ടാവിൽനിന്നു ലഭിച്ചതും പിന്നീടു നഷ്ടപ്പെട്ടതുമായ ദൈവവരപ്രസാദം അവർക്കു വീണ്ടും ലഭിക്കുകയും ചെയ്യും. തങ്ങളുടെ സ്വർഗീയ സൗരഭ്യത്തിന്റെ മാധുര്യം കൊണ്ട് മരണത്തിന്റെയും അഴുകലിന്റെയും ദുർഗന്ധത്തെ അവർ ആട്ടിപ്പായിക്കുന്നു.



## 15

'എന്റെ അയൽക്കാരീ, എന്റെ സുന്ദരീ, എന്റെ മാടപ്പിറാവേ, എഴുന്നേറ്റുവരിക. പുറംമതിലിനു സമീപമുള്ള പാറയുടെ മറവിൽ നിന്റെ മുഖം ഞാൻ കാണട്ടെ: നിന്റെ സ്വരം ഞാൻ കേൾക്കട്ടെ. നിന്റെ സ്വരംമധുരമാകുന്നു; നിന്റെ മുഖം മനോഹരവും' (2.13b—14).

നമ്മുടെ മുമ്പിലുള്ള നാടകത്തിന്റെ കഥാഗതിയിൽ, മലകളിലൂടെ തുള്ളിച്ചാടിയും കുന്നുകൾക്കുമീതെ കുതിച്ചുചാടിയും മണവാട്ടിയുടെ അടുത്തെത്തിച്ചേർന്ന മണവാളൻ, കിളിവാതിലിലൂടെ മണവാട്ടിയെ നോക്കിക്കൊണ്ട് രണ്ടാംപ്രാവശ്യം അവളോടു പറയുന്നു: 'എന്റെ അയൽക്കാരീ, എന്റെ സുന്ദരീ, എന്റെ മാടപ്പിറാവേ, എഴുന്നേറ്റുവരു.' ഇപ്രാവശ്യം മണവാളൻ മുമ്പത്തേതിൽനിന്ന് ഒരടികൂടെ മുന്നോട്ടുപോകുന്നു. മണവാട്ടി എവിടേയ്ക്കു വരണം എന്ന നിർദ്ദേശം ഇത്തവണ നൽകുന്നു. മേൽക്കൂരയാൽ എന്നപോലെ പാറകൊണ്ട് മറവുള്ള ഒരു സ്ഥലമാണത്, ഈ സ്ഥലം മതിലിനടുത്തല്ല, പുറംമതിലിനടുത്തത്രേ.

ബഹുമാനദ്യോതകമായി മണവാട്ടി മുഖാവരണം അണിഞ്ഞു പ്രത്യക്ഷപ്പെടുന്നു എന്നു തോന്നുംവിധമാണിവിടെ മണവാളന്റെ വാക്കുകൾ. കൂടുതൽ ഏകാന്തം എന്ന നിലയ്ക്കു താൻ നിർദ്ദേശിച്ച സ്ഥലത്തു വന്നുകഴിയുമ്പോൾ മണവാട്ടി തന്റെ മുഖാവരണം നീക്കംചെയ്യണമെന്നും മണവാളൻ ആവശ്യപ്പെടുന്നു. ബഹുമാനത്തിന്റെ ആധിക്യംമൂലം മണവാട്ടി നിശബ്ദയായിരിക്കുകയാണ്. തനിക്ക് അവളുടെ സ്വരം കേൾക്കണമെന്നും അവളുടെ സംഭാഷണംകേട്ട് ആഹ്ളാദിക്കണമെന്നും മണവാളൻ ആവശ്യപ്പെടുന്നു. മണവാട്ടിയുടെ കണ്ഠനാദമാകട്ടെ, മുഖാകൃതിയാകട്ടെ, മണവാളനു തീർത്തും അപരിചിതമല്ല എന്നു തോന്നുന്നു. എന്നാൽ അവളുടെ മുഖം കാണുകയും കണ്ഠനാദം കേൾക്കുകയുംചെയ്തിട്ട് കുറെസമയം ആയിരിക്കുന്നു.

നാടകത്തിലെ കഥാഗതി ഇങ്ങനെയാണെന്നു പറയാം. ഭൂമിയിൽ പൂക്കൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നും കാട്ടുപ്രാവു കുറുകുന്ന ശബ്ദം കേൾക്കുന്നു എന്നും വൃക്ഷങ്ങൾ മൊട്ടിട്ടു എന്നും ഉള്ള പ്രസ്താവങ്ങൾ വസന്തകാലം സമാഗതമായി എന്നു വ്യക്തമാക്കുന്നു. അതിനാൽ. ഇതുവരെ മഞ്ഞുകാലമായതിനാൽ വീട്ടിനുള്ളിൽത്തന്നെ കഴിഞ്ഞിരുന്ന മണവാട്ടിയെ, ഉചിതമായ സമയമായതിനാൽ പുറത്തേക്കിറങ്ങിവരാൻ മണവാളൻ ക്ഷണിക്കുന്നു.

www.malankaralibrary.com



എന്നാൽ ഇപ്പറഞ്ഞ കാര്യങ്ങളൊന്നും കഥയെ സംബന്ധിച്ചിടത്തോളം വായനക്കാർക്ക് ഒരുപകാരവും ചെയ്യുന്നില്ലെന്നാണ് എനിക്കു തോന്നുന്നതു്. വി. ലിഖിതത്തിലെ മററു കഥകളിലെന്നപോലെ ആഖ്യാനപരമായ ഒരു തുടർച്ച കഥയ്ക്കു ലഭിക്കുന്നുമില്ല. അതിനാൽ, ഇക്കാര്യങ്ങൾക്കെല്ലാം ആദ്ധ്യാത്മികമായ ഒരർത്ഥം കൊടുക്കേണ്ടതാവശ്യമാണ്.

ആദ്യമായിത്തന്നെ ആത്മാവിനെ സംബന്ധിച്ചിടത്തോളം മഞ്ഞുകാലം എന്താണെന്നു നോക്കാം. വികാരങ്ങളുടെ കല്ലോലങ്ങളാൽ ഉലയ്ക്കപ്പെടുകയും തിന്മകളുടെ കൊടുങ്കാററുകളാലും ദുഷ്ടാരൂപികളുടെ ശക്തിയായ ആഘാതങ്ങളാലും തകർക്കപ്പെടുകയും ചെയ്യുന്ന കാലമാണതു്. ആത്മാവ് അത്തരമൊരു സ്ഥിതിയിലായിരിക്കുമ്പോൾ ദൈവവചനം അവളെ തന്റെ പക്കലേയ്ക്കു് വിളിക്കുന്നില്ല. ദുഷ്ടാരൂപികളെ ആക്രമണങ്ങളിൽനിന്നു് അവൾ കരുതലോടെ സ്വയം കാത്തുസൂക്ഷിക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. വി. ലിഖിതങ്ങളിൽനിന്നു് അഭിരുചിയുടെപുഷ്പങ്ങളൊന്നും അപ്പോൾ അവൾക്കു ലഭിച്ചെന്നു വരികയില്ല. അഗാധജ്ഞാനത്തിന്റെ രഹസ്യങ്ങളൊന്നും കാട്ടുപ്രാവിന്റെ കുറുകൽപോലെ അവളുടെ സമീപത്തു് കേൾക്കപ്പെടുകയുമില്ല. പൂത്ത മുന്തിരിവള്ളികളിൽനിന്നു ലഭിക്കുന്നതുപോലുള്ള ആഹ്ളാദങ്ങളൊന്നും അവളുടെ ഘ്രാണേന്ദ്രിയത്തിനു് ലഭിക്കുകയില്ല. മൊട്ടുകൾ നിറഞ്ഞ അത്തിവൃക്ഷം പോലെ നയനാനന്ദകരമായ ദൃശ്യങ്ങൾ അവളുടെ നയനങ്ങൾക്കും ലബ്ധമാവുകയില്ല.

എന്നാൽ പ്രതികൂലങ്ങളുടെ ആ കാലഘട്ടത്തിൽ വീഴ്ചപററാതെ സാമർത്ഥ്യപൂർവം ആത്മാവു രക്ഷപ്പെട്ടു നിൽക്കുകയാണെങ്കിൽ അവളെ സംബന്ധിച്ചിടത്തോളം മഞ്ഞുകാലം ഒരു കഴിഞ്ഞ കഥയാകുന്നു; വസന്തകാലം വന്നുചേരുന്നു. ആത്മാവിനു ശാന്തിയും മനസ്സിനു സ്വസ്ഥതയും ലഭിക്കുന്ന കാലമാണല്ലോ വസന്തം. ആ സമയത്തു് ദൈവവചനം അവളുടെയടുക്കൽ വരുന്നു; അവളെ തന്റെയടുത്തേയ്ക്കു വിളിക്കുന്നു. വീട്ടിൽനിന്നുമാത്രമല്ല, നഗരത്തിൽനിന്നും പുറത്തുവന്നു് തന്നോടൊപ്പം പോരുന്നതിനാണ് മണവാളൻ ക്ഷണിക്കുന്നതു്. അതായതു്, ആത്മാവ് ശാരീരിക ദുരാശകളെ മാത്രമല്ല, ഭൗതികമായ സകലസമ്പത്തുകളെയും അനുഭൂതികളെയും ഉപേക്ഷിക്കണം. നഗരമെന്നതു് ലോകത്തിന്റെ പ്രതീകമാണെന്നു് ഇതിനു മുമ്പുതന്നെ നാം വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ ആത്മാവു മതിലിനു പുറത്തു്, പുറംമതിലിങ്കലേയ്ക്കു വിളിച്ചു വരുത്തപ്പെടുകയാണ്. അവൾ ദൃശ്യങ്ങളും ഭൗതികങ്ങളുമായ



എല്ലാവസ്തുക്കളെയും പരിത്യജിച്ചു് അദൃശ്യങ്ങളും നിത്യങ്ങളുമായവയെ ത്വരിതമായി സമീപിക്കുന്നു (2കൊറി. 4:18).

ഇങ്ങനെയാണെങ്കിലും ആ നിത്യതയിലേയ്ക്കുള്ള മാർഗം തികച്ചും, വെളിംപ്രദേശത്തുകൂടെയുള്ളതല്ല, പാറയുടെമറവിൽക്കൂടെയുള്ളതാണെന്നു് ആത്മാവു് അനുസ്മരിപ്പിക്കപ്പെടുന്നുണ്ടു്. ശക്തിയായ വെയിലേററു വീണ്ടും അവളുടെ നിറം മങ്ങാൻ ഇടയാകരുതു്. അങ്ങനെ വന്നാൽ 'സൂര്യൻ എന്റെ നേരെ ചരിഞ്ഞുനോട്ടംനോക്കി' എന്നു വീണ്ടും പറയേണ്ടിവരും. അതിനാൽ പാറയുടെ മറവിലുള്ള വഴിയെ അവൾ പോകണം. ഈ മറ വൃക്ഷക്കൊമ്പുകളോ തുണിയോ തോലോ കൊണ്ടുള്ളതായിരിക്കാൻ മണവാളൻ ഇഷ്ടപ്പെടുന്നില്ല; അതു് പാറകൊണ്ടുള്ളതുതന്നെ ആയിരിക്കണം. അതായതു് തന്റെ ദൃഢവും പ്രൗഢവുമായ അദ്ധ്യാപനങ്ങൾ. 'ആ പാറ ക്രിസ്തുവായിരുന്നു' എന്നു പറയുമ്പോൾ വി. പൗലോസ് പ്രഖ്യാപിക്കുന്നതു് ഈ വസ്തുത തന്നെയാണല്ലോ (1കൊറി. 10:4).

അപ്പോൾ, ക്രിസ്തുവിന്റെ തത്ത്വങ്ങളും തന്നിലുള്ള വിശ്വാസവുംകൊണ്ടു് സംരക്ഷിക്കപ്പെടുമെങ്കിൽ, 'മൂടുപടമണിയാത്ത മുഖംകൊണ്ടു് കർത്താവിന്റെ മുഖം നേരിട്ടു ദർശിക്കാൻ' സാധിക്കുന്ന സ്ഥലത്തു് സുരക്ഷിതമായി ചേരുവാൻ അവൾക്കു സാധിക്കും. പാറകൊണ്ടുള്ള ആവരണം സുരക്ഷിതമാണെന്നു നമുക്കു ശരിയായി വിശ്വസിക്കാം. സർപ്പം പാറയിൽ സഞ്ചരിച്ച പാടുകൾ കണ്ടുപിടിക്കാൻ കഴിയുകയില്ലെന്നു സോളമൻ സദൃശ്യവാക്യങ്ങളിൽ പറയുന്നു. ഇപ്രകാരമാണ് അദ്ദേഹത്തിന്റെ വാക്കുകൾ:'മൂന്നു കാര്യങ്ങൾ മനസ്സിലാക്കാൻഎനിക്കു അസാധ്യമാണ്;നാലാമത്തെ ഒരു കാര്യം എനിക്കറിയാനും പാടില്ല;കഴുകൻ ആകാശത്തു പറക്കുന്നവഴി, സർപ്പം പാറയിൽ സഞ്ചരിക്കുന്ന പാത, കടലിൽ കപ്പൽ സഞ്ചരിക്കുന്ന ചാൽ, യൗവനത്തിൽ മനുഷ്യന്റെ സമ്പ്രദായങ്ങൾ (30:18f).

സർപ്പം സഞ്ചരിച്ച പാടുകൾ_അതായതു് പാപത്തിന്റെ അടയാളങ്ങൾ—ക്രിസ്തുവിൽ കണ്ടെത്താൻ സാധിക്കുകയില്ല. എന്തെന്നാൽ താനൊരുത്തൻ മാത്രമാണ് പാപം ചെയ്യാത്തവൻ.[2]

ഇപ്രകാരം പാറയുടെ സംരക്ഷണം ഉപയോഗപ്പെടുത്തിക്കൊണ്ടു് മണവാട്ടി പുറംമതിലിന്റെ സമീപത്ത് എത്തിച്ചേർന്നിരിക്കുന്നു; അതായതു് ഭൗതികാതീതവും നിത്യവുമായ സത്യങ്ങളെക്കുറിച്ചുള്ള വിചിന്തനങ്ങളുടെ മണ്ഡലത്തിൽ. സങ്കീർത്തനത്തിൽ ദാവീദ് ഇതേ പാറയെക്കുറിച്ചു് ഇങ്ങനെ പറയുന്നു, 'അവിടുന്നു് എന്റെ പാദങ്ങൾ പാറയിൽ ഉറപ്പിച്ചു. കാൽവയ്പുകൾ സുരക്ഷിതമാക്കി' (40:2).

www.malankaralibrary.com



ദാവീദിനെ സംബന്ധിച്ചേടത്തോളം ഈ പാറ ആത്മാവിനു ദൈവത്തിങ്കലേയ്ക്കു പോകുന്നതിനുള്ള വഴിയും അടിസ്ഥാനവും ആണെങ്കിൽ ആശ്ചര്യപ്പെടാനില്ല. സോളമനെ സംബന്ധിച്ചാകട്ടെ, ജ്ഞാനത്തിന്റെ മൗതിക രഹസ്യങ്ങളിൽ എത്തിച്ചേർന്നതിനു് ഒരുങ്ങിപ്പുറപ്പെട്ടിട്ടുള്ള ആത്മാവിന്റെ സംരക്ഷണാവരണവുമാണതു്. ക്രിസ്തുതന്നെ ഒരു സമയം വഴിയെന്നും മറ്റൊരിക്കൽ മുന്നോടിയെന്നും വി. ലിഖിതത്തിൽ വിളിക്കപ്പെടുന്നുണ്ടല്ലോ. 'ഞാൻ വഴിയും സത്യവും ജീവനും ആകുന്നു' എന്നു് അവിടുന്നു തന്നെ പറയുന്നു(യോഹ. 14:6). വി. പൗലോസ് പറയുന്നു: 'നമ്മുടെ മുന്നോടിയായ യേശു ആ വിരികളുള്ളിലേയ്ക്കു പ്രവേശിച്ചു' (എബ്രാ. 6:20). ഇക്കാര്യം പരിഗണിക്കുമ്പോൾ ദാവീദും സോളമനും ക്രിസ്തുവിനെ രണ്ടു തരത്തിൽ പരാമർശിക്കുന്നതിൽ അനുപപത്തിയില്ല.

ദൈവം മോശയോടു പറഞ്ഞ വാക്കുകളും ഇവയ്ക്കു സമാനമാണ്. 'കണ്ടാലും, പാറയുടെ ഒരിടുക്കിൽ നിന്നെ ഞാൻ നിർത്തിയിരിക്കുന്നു. എന്റെ പിൻവശം നീ കാണും.'[3] അപ്പോൾ, ക്രിസ്തുവാകുന്ന ആ പാറ മുഴുവൻ അടവായതല്ല അതിൽ ഇടുക്കുകൾ ഉണ്ടു്. ദൈവത്തെ മനുഷ്യർക്കു വെളിപ്പെടുത്തുകയും അറിയിച്ചു കൊടുക്കുകയും ചെയ്യുന്നയാളാണ് ആ പാറയിടുക്കു്. എന്തെന്നാൽ, 'പുത്രനല്ലാതെ ആരും പിതാവിനെ അറിയുന്നില്ലല്ലോ (മത്താ. 11:27) അതിനാൽ, ക്രിസ്തു തന്റെ വെളിപാടുവഴി നേരിട്ടു പഠിപ്പിക്കുമ്പോഴല്ലാതെ ദൈവത്തിന്റെ പിൻവശം—പിൽക്കാലത്തു സംഭവിക്കാനുള്ള കാര്യങ്ങൾ—ആരും കണ്ടറിയുന്നില്ല.

അപ്പോൾ ഇവിടെ, പാറയുടെ മറവിൽ, പുറം മതിലിനരികിലേക്കു ദൈവവചനം തന്റെ അയൽക്കാരിയായിത്തീർന്ന ആത്മാവിനെ ക്ഷണിക്കുകയാണ്. അദൃഷ്ടങ്ങളും സനാതനങ്ങളുമായ വസ്തുതകളെക്കുറിച്ചു ചിന്തിക്കാനാണു വിളിക്കുന്നതു്. അവിടെ, താൻ, അവളോടു പറയുന്നു: നിന്റെ മുഖം ഞാൻ കാണട്ടെ. പഴയ ആവരണമൊന്നും ആ മുഖത്തില്ല എന്നു തനിക്കു വ്യക്തമായി ബോധ്യം വരണം. ധീരമായ മുഖത്തോടുകൂടി ദൈവത്തിന്റെ മഹത്ത്വം അവൾക്കു കാണാൻ കഴിയണം. അവൾക്കും ഇങ്ങനെ പറയാൻ കഴിയണം, 'അവന്റെ മഹത്ത്വം, കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം ഞാൻ ദർശിച്ചു' (യോഹ. 1:14).



'മോശ സംസാരിക്കുകയും ദൈവം ഉത്തരം നൽകുകയും ചെയ്തു' എന്നു് മോശെയെക്കുറിച്ചു പറയപ്പെട്ടതുപോലെ (പുറ. 19:19) ഈ മണവാട്ടിയെക്കുറിച്ചും പറയാവുന്ന ഒരവസ്ഥ സംജാതമാകുമ്പോൾ 'നിന്റെ സ്വരം ഞാൻ കേൾക്കട്ടെ' എന്ന മണവാളന്റെ വചനം അവളിൽ പൂർത്തിയാകുന്നു. 'നിന്റെ നാദം മധുരമാണ്'' എന്ന വാക്കുകളിൽ അടങ്ങിയിരിക്കുന്നതു് ഉയർന്ന പ്രശംസ തന്നെ. വിവേകികളിൽ അഗ്രിമനായ ദാവീദ്പ്രവാചകൻ ഇപ്രകാരം പറയുന്നു: 'എന്റെ സംഭാഷണം അവിടുത്തേയ്ക്കു മധുരമായിരിക്കട്ടെ' (സങ്കീ.104:34). ആത്മാവിന്റെ നാദം മധുരമായിത്തീരുന്നതു് അതു ദൈവത്തിന്റെ വചനം ഉച്ചരിക്കുമ്പോഴും സത്യവിശ്വാസത്തെയും തത്ത്വങ്ങളെയും വിശദീകരിക്കുമ്പോഴും ദൈവത്തിന്റെ വ്യാപാരങ്ങളും വിധികളും വെളിപ്പെടുത്തുമ്പോഴും ആണ്.

എന്നാൽ, അന്തസ്സാരശൂന്യമായ സംഭാഷണങ്ങളും ക്രൂരമായ ഫലിതങ്ങളും പൊങ്ങച്ചവും അവളുടെ വായിൽനിന്നു പുറപ്പെടുന്നുവെങ്കിൽ, അതിന്റെപേരിൽ അവൾക്കു വിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെങ്കിൽ (മത്താ. 22: 36), അവളുടെ സ്വരം മധുരമോ ഇമ്പകരമോ അല്ല. ആ സ്വരം കേൾക്കാതെ ക്രിസ്തു തന്റെ കാതുതിരിച്ചുകളയുന്നു. അതിനാൽ, പൂർണതയുള്ളവരെല്ലാം 'നാവിനു കടിഞ്ഞാണിടുകയും അധരകവാടത്തിനു് കാവലേർപ്പെടുത്തുകയും ചെയ്യുന്നു.' അതുമൂലം അവൾ പറയുന്ന കാര്യങ്ങൾ ഉപ്പുചേർത്തു പതംവരുത്തിയതും കേൾക്കുന്നവർക്കു പ്രിയംകരവും ആയിരിക്കും.[4] ദൈവവചനം അവളെക്കുറിച്ചു് ഇങ്ങനെ പറയും. 'നിന്റെ സ്വരം മാധുര്യമുള്ളതാകുന്നു.'

അവിടുന്നു വീണ്ടും പറയുന്നു: 'നിന്റെ മുഖം മനോഹരമാകുന്നു'. 'നാമെല്ലാം ആവരണമില്ലാത്ത മുഖത്തോടുകൂടി' എന്നും 'അപ്പോഴാകട്ടെ മുഖത്തോടു മുഖം ദർശിക്കും' എന്നും[5] പറയുമ്പോൾ 'മുഖം' എന്നതുകൊണ്ടു പൗലോസ് ശ്ലീഹാ അർത്ഥമാക്കുന്നതെന്തു് എന്നു നിങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ ദൈവവചനം ശ്ലാഘിക്കുന്നതും സുന്ദരമെന്നു വിളിക്കുന്നതും ഏതുതരം മുഖത്തെയാണെന്നു നിങ്ങൾക്കു മനസ്സിലാകും. ദിവസവും നവീകൃതമായിക്കൊണ്ടിരിക്കുന്ന മുഖമാണതു് എന്നതിനു സംശയമൊന്നുമില്ല. 'സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതം, കറയോ ചുളിവുകളോ മറ്റു കറവുകളോ ഇല്ലാതെ അനുദിനം നവീകരിക്കപ്പെടുന്ന'താകണം അതു്. അതു പരിശുദ്ധവും കളങ്കമില്ലാ

www.malankaralibrary.com



ത്തും ആയിരിക്കും. 'ക്രിസ്തു തനിക്കുവേണ്ടിത്തന്നെ പ്രതിഷ്ഠിച്ച' സഭയ്ക്കു സമാനമായിരിക്കും അതു്.[6] മററു വാക്കുകളിൽ പറഞ്ഞാൽ പരിപൂർണതയിൽ എത്തിയ ആത്മാവു്. അത്തരം ആത്മാക്കൾ ചേർന്നു സഭാശരീരം ഉണ്ടാകുന്നു.

ഏതു് ആത്മാക്കളുടെ സംഘാതമായിട്ടാണോ സഭാശരീരം രൂപംകൊള്ളുന്നതു്, ആ ആത്മാക്കൾ പരിപൂർണതയുടെതായ സൗന്ദര്യം നിലനിർത്താൻ ചെയ്യുന്ന പ്രയത്നമനുസരിച്ചു സഭാശരീരം സുന്ദരവും ആകർഷകവുമായിരിക്കും. ആത്മാവു കോപാകുലമാകുകയാണെങ്കിൽ ശരീരാവസ്ഥയെയും അതു വികൃതവും ഭീകരവുമാക്കും. എന്നാൽ ആത്മാവു പ്രശാന്തമായ സമാധാനാവസ്ഥയിലായിരിക്കുമ്പോൾ അതു ശരീരത്തിനു് പ്രശാന്തതാസമ്പൂർണവും കരുണാർദ്രവുമായ ഒരു ഭാവം പ്രദാനം ചെയ്യുന്നു. അതുപോലെ സഭയുടെ മുഖം സുന്ദരമെന്നോ വിരൂപമെന്നോ നിശ്ചയിക്കുന്നതു് അതിലെ അംഗങ്ങളുടെ നന്മതിന്മകളെയും ഹൃദയാഭിലാഷങ്ങളെയും അടിസ്ഥാനമാക്കിയാണു്. ഇങ്ങനെ എഴുതപ്പെട്ടിട്ടുമുണ്ടു്: 'ഐശ്വര്യപൂർണമായ ഹൃദയത്തിൻെറ അടയാളമാണു് പ്രസന്നമായ മുഖം.' വേറൊരിടത്തു്; സന്തുഷ്ടമായ ഹൃദയം മുഖത്തെ പ്രസന്നമാക്കുന്നു. ദുഃഖപൂർണമായ ഹൃദയം മുഖത്തിൻെറ ഉന്മേഷം കെടുത്തിക്കളയുന്നു'.[7] ഹൃദയം സന്തോഷപൂർണമാകുന്നതു ദൈവത്തിൻെറ ചൈതന്യം അതിൽ നിവസിക്കുമ്പോളത്രേ. ആ ചൈതന്യത്തിൻെറ ആദ്യഫലം ഉപവിയും രണ്ടാമത്തേതു സന്തോഷവും ആകുന്നു (ഗലാ. 5: 22). ജ്ഞാനിയായ മനുഷ്യൻ സുന്ദരനും അജ്ഞാനി വിരൂപനുമാണെന്നു് മതാത്മകമല്ലാത്ത വിജ്ഞാനത്തിൽ അഗ്രിമരായ ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നതു് ഇത്തരം വസ്തുതകളെ ആധാരമാക്കിയാണെന്നു ഞാൻ കരുതുന്നു.[8]

'പുറംമതിൽ' എന്ന വാക്കിനു കുറെക്കൂടെ സമഗ്രമായ ഒരു അർത്ഥവിശദീകരണം നൽകേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നു. ഒരു മതിലിനു പുറത്തുള്ള മറെറാരു മതിലാണു് പുറംമതിൽ. ഈ ആശയം ഏശയ്യാപ്രവാചകൻെറ വാക്കുകളിൽ ഇങ്ങനെ നാം കാണുന്നു: 'കർത്താവു നമ്മുടെ രക്ഷയ്ക്കുവേണ്ടി ഒരു മതിലും ഒരു പുറംമതിലും ഉണ്ടാക്കും' (ഏശാ. 26: 1). മതിൽ എന്നതു് ഇവിടെ നഗരത്തിൻെറ കോട്ടയാണു്. അതിനപ്പുറമുള്ള മതിൽ കൂടുതൽ ബൃഹത്തും കരുത്താർന്നതുമായ ഒരു സംരക്ഷണസംവിധാനത്തെ സൂചിപ്പിക്കുന്നു. ഇതിൽനിന്നു നാം മനസ്സിലാക്കേണ്ട കാര്യം ഇതാണു്; ദൈവവചനം മനുഷ്യാത്മാവിനെ വിളിച്ചുകൊണ്ടുപോകുമ്പോൾ ശാരീരിക താൽപര്യങ്ങളിലും ഭൗതിക വീക്ഷാപഥങ്ങളിലും നിന്നു് ഉപരിയായ ഒരു മണ്ഡല



ത്തിലേയ്ക്കു് അവിടുന്നു് അവളെ നയിക്കുകയാണു്. വരാനിരിക്കുന്ന യുഗത്തിൻെറ രഹസ്യങ്ങളെക്കുറിച്ചു് അവളെ പഠിപ്പിക്കാൻ താൻ ആഗ്രഹിക്കുന്നു; ആ ഘട്ടത്തിലേക്കുവേണ്ട പ്രതിരോധ സജ്ജീകരണങ്ങൾ അവൾക്കു നൽകാനും. അങ്ങനെ സജ്ജീകൃതയും വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രതീക്ഷയാൽ പരിവേഷ്ടിതയും ആയ അവൾ വഞ്ചനകൾക്കു് അധീനയും പരീക്ഷണങ്ങളാൽ പരിക്ഷീണയും ആവുകയില്ല.

ഇനി ഉദ്ധൃതഭാഗം ക്രിസ്തു തൻെറ സഭയോടു പറയുന്നതായി പരിഗണിക്കുമ്പോൾ അതിൻെറ അർത്ഥമെന്തു് എന്നു നോക്കാം. സഭ ക്രിസ്തുവിനെ സംബന്ധിച്ചു് അയൽക്കാരിയും സുന്ദരിയുമാണു്. എന്നാൽ മററാരെയും സംബന്ധിച്ചു സുന്ദരിയല്ല. 'എൻെറ സുന്ദരീ' എന്ന സംബോധനകൊണ്ടു് അവിടുന്നു സൂചിപ്പിക്കുന്നതു് അതാണു്. അപ്പോൾ, ക്രിസ്തു അവളെ ഉണർത്തുകയും പുനരുത്ഥാനത്തിൻെറ സുവിശേഷം അവൾക്കായി പ്രഖ്യാപിക്കുകയും ചെയ്യുകയാണു്. അതിനാൽ അവിടുന്നു പറയുന്നു: 'എൻെറ അയൽക്കാരീ, എൻെറ സുന്ദരീ, എഴുന്നേററു വരൂ.' എന്നു മാത്രമല്ല, 'അനേകരുടെ മദ്ധ്യത്തിൽ' അവൾ ഉറങ്ങിക്കഴിഞ്ഞതിനുശേഷം താൻ അവൾക്കു 'മാടപ്രാവിൻെറ ചിറകുകൾ' നൽകുകയും ചെയ്തു (സങ്കീ. 68: 13).

ഇസ്രായേലിനുള്ള രണ്ടു വിളികളുടെ മദ്ധ്യത്തിലാണു് സഭ വിളിക്കപ്പെട്ടിട്ടുള്ളതു്. അതായതു്, ആദ്യമായി ഇസ്രായേൽ വിളിക്കപ്പെട്ടു, പിന്നീടു് ഇസ്രായേൽ കാൽതട്ടി വീണപ്പോൾ പുറജാതികളുടെ സഭ വിളിക്കപ്പെട്ടു. പുറജാതികളെല്ലാം ആഗതരായിക്കഴിയുമ്പോൾ, ഇസ്രായേൽ വീണ്ടും വിളിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യും (റോമ. 11.11. 25.26). അങ്ങനെ ഈ രണ്ടു ഗണങ്ങളുടെ മദ്ധ്യത്തിൽ സഭ ഉറങ്ങുന്നു. ഇക്കാരണത്താൽ മാടപ്രാവിൻെറ ചിറകുകൾ വെള്ളികൊണ്ടു പൊതിഞ്ഞു താൻ അവൾക്കു നൽകി. പരിശുദ്ധാത്മാവിൻെറ ദാനം വഴി കാര്യകാരണബോധത്തിൻെറ ഉയർന്ന പറക്കലിനെ പ്രസ്തുത ചിറകുകൾ സൂചിപ്പിക്കുന്നു. 'അവിടുന്നു കനകത്തിൻെറ നവീനശോഭകൊണ്ടു് അവളുടെ പുറം ആവരണം ചെയ്തു' (സങ്കീ. 68: 13). ഇനിയും സംഭവിക്കാനിരിക്കുന്നതെന്നു് അപ്പസ്തോലൻ പ്രസ്താവിക്കുന്ന, ഇസ്രായേലിൻെറ രണ്ടാമത്തെ വിളി 'നിയമം' അനുസരിക്കുന്നതിലല്ല വിശ്വാസത്തിൻെറ അമൂല്യതയിലാണു് അടങ്ങിയിരിക്കുന്നതെന്നുള്ള വസ്തുതയായിരിക്കും ഇതു ചൂണ്ടിക്കാണിക്കുന്നതു്. വിശ്വാസം സുകൃതങ്ങളിൽ പൂത്തുവിടരുമ്പോൾ സ്വർണസമാനമായ ഒരു നവ്യശോഭ അതിൽ നിന്നുടലെടുക്കുന്നു.

www.malankaralibrary.com



സഭ സമൂഹങ്ങളുടെ മദ്ധ്യത്തിൽ വിശ്രമിക്കുന്നു അഥവാ ഉറങ്ങുന്നു എന്നു പറഞ്ഞാൽ അവൾ രണ്ടു് ഉടമ്പടികളുടെയും മദ്ധ്യത്തിലാണു് എന്നു് അർത്ഥം മനസ്സിലാക്കാം. 'നിയമ'ത്തെക്കുറിച്ചുള്ള അറിവാകുന്ന വെള്ളികൊണ്ടു് അവളുടെ ചിറകുകൾ പൊതിയപ്പെട്ടിരിക്കുന്നു. അവളുടെ മുതുകിനു നവ്യശോഭ നൽകുന്ന കാഞ്ചനം സുവിശേഷമാകുന്ന സമൃദ്ധമായ അനുഗ്രഹമത്രേ.

അതിനാൽ ഈ സഭയോടു ക്രിസ്തു പറയുന്നു: 'എന്റെ മാടപ്രാവേ വരുക, പാറയുടെ മറവിൽ ആയിരിക്കുക.' ശത്രുക്കളുടെ ആക്രമണം ഏൽക്കാത്തവിധം ഒരു മറയുടെ പിന്നിൽ കഴിയാനാണു ക്രിസ്തുസഭയെ ഉദ്ബോധിപ്പിക്കുന്നതു്. പ്രലോഭനങ്ങളുടെ ആഘാതങ്ങളൊന്നും അവളെ ബാധിക്കാൻ ഇടയാകരുതു്. പാറയുടെ തണലിൽ അവൾ സുരക്ഷിതമായി സഞ്ചരിക്കണം. 'കർത്താവായ മിശിഹാ ഞങ്ങളുടെ മുഖത്തിന്റെ ജീവശ്വാസം. അവന്റെ തണലിൽ ഞങ്ങൾ ജനതകളുടെ ഇടയിൽ വസിക്കും എന്നു് അവനെപ്പററിയാണു ഞങ്ങൾ പറഞ്ഞതു്' എന്നു് അവൾ പറയുകയും വേണം (വിലാ. 4: 20).

ഇങ്ങനെ ആവരണത്തോടും സംരക്ഷണത്തോടുംകൂടെ അവൾ സഞ്ചരിക്കുന്നു, എന്തെന്നാൽ, 'മാലാഖാമാരെ ആദരിച്ചു്, ശിരോവസ്ത്രം അവൾക്കുണ്ടായിരിക്കണം' (1 കൊറി. 11: 10). എന്നാൽ പുറംമതിലിന്റെ, അതായതു്, വരാനിരിക്കുന്ന യുഗത്തിന്റെ സമീപത്തു് അവൾ എത്തിക്കഴിയുമ്പോൾ അവിടുന്നു് അവളോടു പറയുന്നു: 'നിന്റെ മുഖം ഞാൻ കാണട്ടെ, നിന്റെ സ്വരം ഞാൻ കേൾക്കട്ടെ, നിന്റെ സ്വരം മധുരമാകുന്നു. തന്റെ സഭയുടെ സ്വരം ശ്രവിക്കപ്പെടണമെന്നാണു് അവിടുത്തെ അഭീഷ്ടം. എന്തെന്നാൽ 'മനുഷ്യരുടെ മുമ്പിൽ എന്നെ ഏററുപറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏററുപറയും' എന്നു് അവിടുന്നു വാഗ്ദാനം ചെയ്തിട്ടുണ്ടു് (മത്താ. 10: 32).

'എന്തെന്നാൽ നിന്റെ സ്വരം മധുരമാകുന്നു.' സത്യവിശ്വാസത്തിന്റെ ഏററു പറച്ചിലിൽ കത്തോലിക്കാസഭയുടെ സ്വരം മധുരമാണെന്നു് ആരുംതന്നെ സമ്മതിക്കയില്ലേ? അതേസമയം പാഷണ്ഡതകളുടെ സ്വരം പരുഷവും ദുഃശ്രവവുമത്രേ. സത്യത്തിന്റെ തത്ത്വങ്ങൾ ഏററുപറയാൻ മടിക്കുന്നതും ആകാശത്തിനെതിരെ തിരിയുന്നതും ദൈവദൂഷണങ്ങൾ വിളിച്ചു പറയുന്നതുമാകുന്നു. അതുപോലെതന്നെ സഭയുടെ മുഖം സുന്ദരവും പാഷണ്ഡതകളുടേതു വിരൂപവും ഭീഷണവുമാണു്, വസ്തുതകൾ വകതിരിച്ചറിയാൻ കഴിവുള്ളയാൾക്കു് ഈ സൗന്ദര്യ



വൈരൂപ്യങ്ങൾ മനസ്സിലാക്കാൻ കഴിയും. എന്നാൽ അജ്ഞരും സുഖാസക്തരുമായ മനുഷ്യർക്കു് അസത്യത്തിന്റെ വിഭ്രാമകമായ മുഖം സത്യത്തിന്റെ മുഖത്തെക്കാൾ മനോഹരമായിത്തോന്നും.

പ്രസ്തുതമായ പുറംമതിലിനെക്കുറിച്ചുള്ള ചിന്തയിൽ ഒരാശയംകൂടെ നമുക്കു പറയാവുന്നതായിട്ടുണ്ടു്. അതു പിതാവായ ദൈവത്തിന്റെ മാറിടത്തിന്റെ പ്രതീകമാകുന്നു. അവിടെനിന്നാണു് ഏകജാതൻ എല്ലാ സത്യങ്ങളും പ്രഖ്യാപിക്കുന്നതു്. പിതാവിന്റെ ഹൃദയത്തിൽ ഏതെല്ലാം സത്യങ്ങൾ മറഞ്ഞിരിക്കുന്നു എന്നു് അവിടുന്നു തന്റെ സഭയോടു പറയുകയും ചെയ്യുന്നു. അതുകൊണ്ടാണു് തന്നാൽ പഠിപ്പിക്കപ്പെട്ട ഒരാൾ ഇങ്ങനെ പറഞ്ഞിട്ടുള്ളതു്: 'ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മാറിടത്തിൽ വസിക്കുന്നവനായ ആ ഏകജാതൻ തന്നെയാണു് പിതാവിനെ വെളിപ്പെടുത്തിയതു്.' അതിനാൽ ക്രിസ്തു തന്റെ മണവാട്ടിയെ വിളിക്കുന്നതു് ആ സ്ഥലത്തേക്കാണു്. പിതാവിനോടുകൂടെയുള്ള എല്ലാ കാര്യങ്ങളും അവളെ പഠിപ്പിക്കുന്നതിനും 'എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിന്നെ ഞാൻ അറിയിച്ചു' എന്നു് അവളോടും 'പിതാവേ, നീ എനിക്കു നൽകിയവരും ഞാൻ ആയിരിക്കുന്നിടത്തു് എന്നോടുകൂടി ഉണ്ടായിരിക്കണം' എന്നു പിതാവിനോടും പറയുന്നതിനുവേണ്ടിയും ആണതു്.[9]

## 16

'മുന്തിരിത്തോട്ടം നശിപ്പിക്കുന്ന ആ ചെറുകുറുക്കന്മാരെ പിടികൂടുക അപ്പോൾ നമ്മുടെ മുന്തിരിത്തോട്ടങ്ങൾ തഴച്ചു വരും.' (2:15).

നാടകത്തിലെ കഥാപാത്രസംവിധാനത്തിൽ ഒരു മാററം ഇവിടെ കാണാനുണ്ടു്, ഇവിടെ മണവാളൻ സംസാരിക്കുന്നതു മണവാട്ടിയോടല്ല, തന്റെ ചങ്ങാതിമാരോടാണു്. മുന്തിരിത്തോട്ടങ്ങളിൽ പതിയിരിക്കുന്ന കുട്ടിക്കുറുക്കന്മാരെ പിടികൂടണമെന്നു് മണവാളൻ ചങ്ങാതിമാരോടു് ആവശ്യപ്പെടുകയാണു്. മുന്തിരിവള്ളികളിൽ പൂമൊട്ടുകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവ വിടർന്നു കായായിത്തീരാൻ ആ കുറുക്കന്മാർ സമ്മതിക്കുകയില്ല.

മുമ്പു ചെയ്തിട്ടുള്ളതുപോലെ ഈ പ്രസ്താവത്തിന്റെയും ആദ്ധ്യാത്മികമായ അർത്ഥം നാം കണ്ടെത്തണം. ഇവിടത്തെ മുന്തിരിച്ചെടി അഥവാ മുന്തിരിത്തോട്ടം ദൈവവചനത്തോടു ചേരുന്ന മനുഷ്യാത്മാവാണെങ്കിൽ കുറുക്കന്മാർ ആത്മാവിനെ ദ്രോഹിക്കുന്ന ശക്തികളും പിശാചുക്കളുടെ കഴിവുകളുമാണു്. അവ നീചവികാരങ്ങളും വഴിപിഴച്ച ആശയങ്ങളുംകൊണ്ടു്

www.malankaralibrary.com



ആത്മാവിന്റെ പൂക്കളാകുന്ന സുകൃതങ്ങളെ നശിപ്പിക്കുന്നു. അങ്ങനെ വിശ്വാസത്തിന്റെ ഫലങ്ങളെ തടയുന്നു. 'സൈന്യങ്ങളുടെ കർത്താവായ' 'ദൈവവചന'ത്തിന്റെ വാഗ്ദാനമനുസരിച്ച്, ആത്മാക്കളിൽനിന്ന് അത്തരം വിചാരവികാരങ്ങളെ നീക്കം ചെയ്യുന്നതിനുള്ള ആജ്ഞ മാലാഖമാർക്ക നൽകപ്പെടുകയാണ്. അത്തരം വിചാര വികാരങ്ങളെ ആത്മാവിൽ പതിയിരുത്തിയതു് പിശാചാകുന്നു. 'രക്ഷയുടെ അവകാശികളാകുവാനിരിക്കുന്നവർക്ക ശുശ്രൂഷചെയ്യാൻ നിയോഗിക്കപ്പെട്ടവർ' (എബ്രാ.1:14) ആണല്ലോ മാലാഖാമാർ. പ്രസ്തുത കുറുക്കന്മാരെ നീക്കംചെയ്താൽ സുകൃതങ്ങളാകുന്ന പുഷ്പങ്ങൾ കേടും തടവുമില്ലാതെ വിടർന്നുവരും. ചീത്തവിചാരങ്ങൾ ദൈവത്തിൽനിന്നുള്ളവയല്ല, ദുഷ്ടാരൂപിയിൽനിന്നുള്ളവയാണെന്ന് ആത്മാവിന്ന് ബോധം നൽകുകയും അരൂപികളെ മനസ്സിലാക്കാനുള്ള കരുത്തേകുകയും ചെയ്യുന്നതിനെയാണ് കുറുക്കന്മാരെ പിടികൂടുക എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നതു്. അങ്ങനെ ഒരവബോധമുണ്ടാകുമ്പോൾ ഏതു വിചാരം ദൈവത്തിൽനിന്ന്, ഏതു വിചാരം പിശാചിൽനിന്ന് എന്നു വകതിരിച്ചു മനസ്സിലാക്കാൻ ആത്മാവിനു കഴിയും.

പിശാചു മനുഷ്യന്റെ ആത്മാവിലേക്കയയ്ക്കുന്ന വിചാരങ്ങൾ ഏവയാണെന്നു മനസ്സിലാക്കാൻ സുവിശേഷത്തിലെഴുതപ്പെട്ടിട്ടുള്ളതെന്താണെന്നു നോക്കുക. 'പിശാച് യൂദാ സ്കറിയോത്തായുടെ മനസ്സിൽ ക്രിസ്തുവിനെ ഒററിക്കൊടുക്കാൻ തോന്നിച്ചു' (യോഹ. 13:2). ഇത്തരം വിചാരങ്ങൾ മനുഷ്യന്റെ ഹൃദയത്തിലേയ്ക്കു പിശാചു കടത്തിവിടുമെന്നു വ്യക്തം. എന്നാൽ ദൈവപരിപാലനയുടെ കരങ്ങൾ നമ്മെ കൈവെടിയുകയില്ല. അവിടുന്നു കാരുണ്യം നിറഞ്ഞ മാലാഖാമാരെയും നന്മനിറഞ്ഞ സ്വർഗീയശക്തികളെയും നമ്മുടെ സംരക്ഷണത്തിനായി ഏർപ്പെടുത്തിയിരിക്കുന്നു. കുറുക്കന്മാരെപ്പോലെ വഞ്ചകരായ പിശാചുക്കൾ ആത്മാവിനെ ആക്രമിക്കുമ്പോൾ അവർ വലത്തുകൈകൊണ്ട് നമുക്കു പിന്തുണ നൽകുന്നു. ദുഷ്ടശക്തികളുടെ ധിക്കാരപൂർണമായ പ്രവർത്തനംമൂലം മാനവസ്വാതന്ത്ര്യത്തിനു തകർച്ച സംഭവിക്കാതിരിക്കുന്നതിനും നമുക്കു ശിക്ഷാവിധിയുണ്ടാകാൻ അനിവാര്യകാരണം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണിതു്.

'ചെറിയ കുറുക്കന്മാരെ പിടികൂടുക' എന്നു പറഞ്ഞിരിക്കുന്നതിന്റെ കാരണം ഇതാണ്. കുറുക്കന്മാർ ചെറുതായിരിക്കുമ്പോൾത്തന്നെ അവരെ പിടിച്ചേടുക്കണം എന്ന് അവിടുന്നു പറയുന്നതു് ഉചിതമായിട്ടുണ്ട്. എന്തെന്നാൽ മനസ്സിലെ



ഒരു ദുർവിചാരം ആരംഭദശയിലായിരിക്കുമ്പോൾ അതിനെ അവിടെനിന്ന് ആട്ടിപ്പായിക്കാൻ വളരെ എളുപ്പമാണ്. എന്നാൽ അതു വീണ്ടും വീണ്ടും ഉണ്ടാവുകയും ദീർഘകാലം നിലനിൽക്കുകയും ചെയ്താൽ മനസ്സ് അതിൽ ലയിക്കാൻ തുടങ്ങും. അതു മനസ്സിൽ ദൃഢമൂലമായിത്തീർന്നാൽ പാപപ്രവൃത്തിയായി പരിണമിക്കുകയും ചെയ്യും. അതിനാൽ ചെറുതും പ്രാരംഭാവസ്ഥയിലും ആയിരിക്കുമ്പോൾത്തന്നെ അതിനെ പിടിച്ചു പുറത്താക്കണം. പഴകി, തഴക്കമായിക്കഴിഞ്ഞാൽ ബഹിഷ്കരിക്കാൻ അസാദ്ധ്യമായിത്തീരും.

ഇപ്രകാരം യൂദാസിന് ആദ്യഘട്ടങ്ങളിൽ ധനമോഹം എന്ന തിന്മയുടെ ആരംഭം ഉണ്ടായിരുന്നു. അയാളെ സംബന്ധിച്ച് അതു് ഒരു ചെറിയ കുറുക്കനായിരുന്നു. പൂത്തുലയേണ്ട ഒരു മുന്തിരിത്തോട്ടമായ അയാളുടെ ആത്മാവിനെ ആ കൊച്ചുകുറുക്കൻ കേടു വരുത്തുന്നതു നമ്മുടെ രക്ഷകൻ കണ്ടു. ആ കൊച്ചുകുറുക്കനെ പുറത്താക്കുന്നതിനുവേണ്ടി അവിടുന്ന് അവനെ പണസഞ്ചികളുടെ ചുമതല ഏല്പിച്ചു. ആഗ്രഹിക്കുന്നതു കയ്യിലുള്ളപ്പോൾ പിന്നെ മോഹിക്കുകയില്ലല്ലോ എന്നു കരുതിയാണ് ഇങ്ങനെ ചെയ്തതു്. എന്നാൽ ആ വൈദ്യന്റെ ഉപായത്തെ തെററായ വിധത്തിലാണ് യൂദാസ് കൈക്കൊണ്ടതു്. ശരിയായ തെരഞ്ഞെടുപ്പു നടത്താനുള്ള സ്വാതന്ത്ര്യം അയാൾക്കുണ്ടായിരുന്നുവെങ്കിലും താന്തോന്നിത്തംമൂലം ആത്മാവിനെ നശിപ്പിക്കുന്ന മാർഗത്തിലൂടെ അയാൾ നീങ്ങി. ആത്മാവിന്റെമോചനത്തിനുപയുക്തമായ മാർഗം തെരഞ്ഞെടുത്തില്ല.

ഇനി, ഉദ്ധൃതഭാഗം ക്രിസ്തുവിന്റെ മണവാട്ടിയായ സഭയെ സംബന്ധിക്കുന്ന വിധത്തിൽ നാം വ്യാഖ്യാനിക്കുകയാണെങ്കിൽ കുറുക്കന്മാരെ പിടിക്കാൻ മണവാളൻ ആവശ്യപ്പെടുന്നതു് സഭയിലെ അദ്ധ്യാപകരോടാണ്. അവിടെ കുറുക്കന്മാർ, വഴിതെററിയ സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്ന ദുർബുദ്ധികളും അവരുടെ പാഷണ്ഡതത്ത്വങ്ങളും ആകുന്നു. അവർ ചാതുര്യം നിറഞ്ഞ വാദമുഖങ്ങൾകൊണ്ട് നിഷ്കളങ്കരായ ജനങ്ങളുടെ ഹൃദയങ്ങളെ വഴിതെററിക്കുകയും ദൈവത്തിന്റെ മുന്തിരിത്തോട്ടം നശിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ സത്യമായ വിശ്വാസത്തിന്റെ പൂക്കൾ അതിൽ വിരിയാതെ വരുന്നു. അതിനാൽ അബദ്ധതത്ത്വപ്രബോധകന്മാരെ അവരുടെ ദുഷ്പ്രവർത്തനത്തിന്റെ ആരംഭഘട്ടത്തിൽത്തന്നെ നേരിടുകയും തിരുത്തുകയും നിയന്ത്രിക്കുകയും ചെയ്യാൻ സഭയിലെ ഗുരുക്കന്മാരോടു് നമ്മുടെ കർത്താവു് ആജ്ഞാപിക്കുകയാണ്. സത്യവചനത്തിന്റെ എതിരാളികളെ സത്യത്തിന്റെ വിശദീകരണങ്ങളും ഉപപാദനങ്ങളുംകൊണ്ടു് പരാജിതരാക്കാൻ അവിടുന്ന് ആവശ്യപ്പെടുകയാണ്.

www.malankaralibrary.com



നാം അവരോട് സഹിഷ്ണത കാണിക്കുകയും ആദ്യഘട്ടത്തിൽ അല്പം സൗഹാർദം പ്രകടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ 'അവരുടെ സംസാരം ശരീരത്തെ കാർന്നു തിന്നുന്ന വ്രണം പോലെ പടർന്നുപിടിക്കും' (2തിമോ.2:17). ചികിത്സിച്ചു ഭേദപ്പെടുത്താൻ വയ്യാത്ത അവസ്ഥയിലെത്തും. അബദ്ധ പ്രബോധകന്മാരാൽ വഴിതെറ്റിക്കപ്പെട്ട പലരും താമസംവിനാ ആ അബദ്ധസിദ്ധാന്തങ്ങളുടെയും അവയുടെ പ്രയോക്താക്കളുടെയും സംരക്ഷണത്തിനായി ആയുധമെടുക്കാനും അടരാടാനും രംഗത്തുവരുന്നതു നാം കാണാറില്ലേ? അതിനാൽ കുറുക്കന്മാരെ കൊച്ചിലേ പിടികൂടുന്നതാണുചിതം. അബദ്ധപ്രബോധനങ്ങളെ ആരംഭഘട്ടങ്ങളിൽത്തന്നെ നേരിട്ട് നിരാകരിക്കണം.

മുകളിൽ കൊടുത്തിട്ടുള്ള രണ്ടു വ്യാഖ്യാനങ്ങളും കൂടുതൽ സ്പഷ്ടമാക്കുന്നതിനുവേണ്ടി, കുറുക്കന്മാരെക്കുറിച്ച് വി. ലിഖിതത്തിലുള്ള മറ്റു പരാമർശങ്ങൾ നമുക്കു പരിശോധിക്കാം. അറുപത്തിമൂന്നാം സങ്കീർത്തനത്തിൽ ദുഷ്ടന്മാരെക്കുറിച്ച് ഇങ്ങനെ പറയുന്നതു നാം കാണുന്നു, 'അവർ എന്റെ ആത്മാവിനെ നശിപ്പിക്കാൻ നോക്കിയതു വെറുതയാണ്. അവർ ഭൂമിയുടെ അഗാധഗർത്തങ്ങളിൽ പതിക്കും. അവർ വാളിനിരയാകും, കുറുനരികൾക്കു ഭക്ഷണമാകുകയും ചെയ്യും' (63:9–10).

മത്തായിയുടെ സുവിശേഷത്തിലും ഒരു പരാമർശം നമുക്കു കാണാം. 'ഒരു നിയമജ്ഞൻ അവനെ സമീപിച്ചു പറഞ്ഞു: 'ഗുരോ, നീ പോകുന്നിടത്തെല്ലാം നിന്നെ ഞാൻ അനുഗമിക്കും'. യേശു പറഞ്ഞു: കുറുനരികൾക്കു മാളങ്ങളും ആകാശപ്പറവകൾക്കു കൂടുകളുമുണ്ട്. എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല' (8:19f). ഇതുപോലെതന്നെ വി. ലൂക്കായുടെ സുവിശേഷത്തിൽ നാം വായിക്കുന്നു. 'ആ സമയത്തു ചില ഫരിസേയർ വന്ന് അവനോടു പറഞ്ഞു, 'ഇവിടെനിന്നു പോവുക, ഹേറോദേസ് നിന്നെ കൊല്ലുവാൻ ഒരുങ്ങുന്നു.' അവൻ പറഞ്ഞു, നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ: 'ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നൽകുകയും ചെയ്യും. മൂന്നാം ദിവസം എന്റെ ദൗത്യം ഞാൻ പൂർത്തിയാക്കിയിരിക്കും' (13:31f).

ന്യായാധിപന്മാരുടെ പുസ്തകത്തിൽ സാംസണെക്കുറിച്ചു പറയുന്നിടത്തു് ഒരു സംഭവമുണ്ട്. ഫിലിസ്റ്റൈൻകാരിയായ ഭാര്യ അദ്ദേഹത്തിൽനിന്നകറ്റപ്പെട്ടതാണു സന്ദർഭം. 'സാംസൺ പോയി മുന്നൂറു കുറുനരികളെ പിടിച്ചു. കുറെ പന്തങ്ങളും ഉണ്ടാക്കി. ഈരണ്ടെണ്ണത്തെ വാലോടു വാൽചേർത്തു ബന്ധിച്ച് അവയ്ക്കിടയിൽ പന്തവും വച്ചുകെട്ടി. അനന്തരം അവൻ പന്തങ്ങൾക്കു തീ കൊളുത്തി. അവയെ



ഫെലിസ്ത്യരുടെ ധാന്യവിളയിലേക്കു വിട്ടു. വയലിൽ നിൽക്കുന്നവിളയും കൊയ്ത കറ്റയും ഒലിവുതോട്ടങ്ങളും കത്തിച്ചാമ്പലായി' (15:3–5).

വീണ്ടും എസ്രായുടെ രണ്ടാംപുസ്തകത്തിൽ ഒരു പ്രസ്താവമുണ്ട്. അടിമത്തത്തിൽനിന്നു തിരിച്ചുവന്ന ഇസ്രായേൽ ജനങ്ങളുടെ നിർമ്മാണപരമായ ജോലികൾ തടയാൻ അമ്മോൻകാരനായ തോബിയാസ് ശ്രമിക്കുന്നതാണു സന്ദർഭം. ദേവാലയവും ദേവാലയമതിലും നിർമ്മിക്കുന്നതിനുതടസ്സമുണ്ടാക്കിക്കൊണ്ട് അയാൾ ഫിലിസ്ത്യരോടു പറഞ്ഞു: 'ഈ സ്ഥലത്തു് അർപ്പിച്ച വസ്തുക്കൾ അവർ ബലിയർപ്പിക്കുകയും ഭക്ഷിക്കുകയും ചെയ്യുമോ? അവർ കല്ലുകൾകൊണ്ടുണ്ടാക്കുന്ന ഈ മതിൽ കുറുനരികയറിയാൽ ഇടിഞ്ഞുവീഴുകയില്ലേ?' (നെഹ. 4:3).

കുറുക്കന്മാരെ പരാമർശിക്കുന്നതായി തൽക്കാലം എന്റെ ഓർമ്മയിൽ വരുന്ന വി. ലിഖിതഭാഗങ്ങൾ ഇവയൊക്കെയാണ്. 'ആ കൊച്ചു കുറുക്കന്മാരെ പിടികൂടുക' എന്ന നമ്മുടെ ഉദ്ധൃതഭാഗത്തിനു ഞാൻ കൊടുത്തിട്ടുള്ള വ്യാഖ്യാനങ്ങൾ ഉചിതമാണോ എന്ന് നിരീക്ഷണപടുക്കളായ വായനക്കാർക്ക് ഇതിൽനിന്നു തീരുമാനിക്കാമല്ലോ. ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളെല്ലാം വിശദമായി വിവരിക്കുന്നതു വളരെ ക്ലേശകരമായ സംഗതിയാണെങ്കിലും കഴിവനുസരിച്ചു ഹ്രസ്വമായി ഇവിടെ അവയെക്കുറിച്ചു പ്രതിപാദിക്കാം.

ആദ്യമായി 63-ാം സങ്കീർത്തനം നോക്കാം. ദുഷ്ടന്മാർ നീതിമാന്മാരുടെ ആത്മാക്കളെ പീഡിപ്പിക്കുന്നതു കണ്ടിട്ട് സങ്കീർത്തനക്കാരൻ അതിൽ പറയുകയാണ്: 'എന്റെ ആത്മാവിനെ ആക്രമിക്കാൻ അവർ നിഷ്ഫലപ്രയത്നം നടത്തി. അവർ ഭൂമിയുടെ അഗാധ ഗർത്തങ്ങളിൽ പതിക്കും. അവർ വാളുകളാൽ വധിക്കപ്പെടും; കുറുനരികൾക്കു ഭക്ഷണമായിത്തീരും.' ഇവിടെ ഒരു കാര്യം വളരെ വ്യക്തമായി നമുക്കു കാണാൻ കഴിയുന്നുണ്ട്. അർത്ഥശൂന്യവും മൂഢവുമായ വചനങ്ങൾകൊണ്ടു നീതിമാന്മാരുടെ ആത്മാക്കളെ വഞ്ചിക്കാൻ ആഗ്രഹിക്കുന്ന ദുഷ്ടപ്രബോധകർ ഭൂമിയുടെ അഗാധഗർത്തങ്ങളിൽ നിപതിക്കുമെന്നു പറഞ്ഞിരിക്കുന്നു. അവരുടെ വിജ്ഞാനം ഭൂമിയുടേതാണല്ലോ. അവർ ഭൂമിയിൽനിന്നു സംസാരിക്കുന്നു; അതിന്റെ അധോഭാഗങ്ങളിലേക്കു താഴുകയും ചെയ്യുന്നു— അതായതു മൗഢ്യത്തിന്റെ കയങ്ങളിൽ ചെന്നു വീഴുന്നു.

മാംസത്തിന്റെ വഴിയിൽ ജീവിക്കുന്ന മനുഷ്യരെ ഭൂമിയെന്നും ഭൂമിയിൽ ജീവിക്കുന്നവരെന്നും വിളിക്കാം. അവർ അവരവർക്കുമാത്രമേ ഉപദ്രവം ചെയ്യുന്നുള്ളു. എന്നാൽ വി.

www.malankaralibrary.com



ലിഖിതങ്ങളെ ഭൗമികവും വൈഷയികവുമായ രീതിയിൽ വ്യാഖ്യാനിച്ചു മററുള്ളവരെ വഴിതെററിക്കുന്നവരാകട്ടെ ഭൂമിയുടെ അഗാധഗർത്തങ്ങളിൽ പതിക്കുന്നു എന്നും പറയാം. ലൗകായതികമായി ജീവിക്കുന്നവരെക്കാൾ വലിയ തെററാണു ലൗകായതികമായ ഉദ്ബോധനങ്ങൾ നൽകുന്നവർ ചെയ്യുന്നത്. കൂടുതൽ ഭീകരമായ ശിക്ഷ അവരെ കാത്തിരിക്കുന്നു. നിർദിഷ്ടമായ സങ്കീർത്തനഭാഗത്തുതന്നെ അക്കാര്യം പറഞ്ഞിട്ടുണ്ട്. 'അവർ വാളിനിരയാകും.' ഒരുപക്ഷെ ഉത്പത്തിപ്പുസ്തകത്തിൽ പറഞ്ഞിട്ടുള്ള 'എല്ലാ വശത്തേക്കും തിരിയുന്നതും തീ ജ്വലിക്കുന്നതുമായ' (3:24) ആ വാളിനായിരിക്കും അവർ ഇരയാകുന്നത്.

'അവർ കുറുക്കൻെറ അവകാശമായിത്തീരും' എന്നു പറയുന്നത് ഏതു് അർത്ഥത്തിലാണ് എന്ന് ഇനി നമുക്കു നോക്കാം. എല്ലാ മനുഷ്യരും ഒന്നുകിൽ ദൈവത്തിൻെറ അല്ലെങ്കിൽ മനുഷ്യരുടെമേൽ അധികാരം നൽകപ്പെട്ട മറെറാരാളുടെ അധീനതയിലായിരിക്കും. എന്തെന്നാൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'അത്യുന്നതൻ ജനതകൾക്ക് അവരുടെ പൈതൃകം വീതിച്ചു കൊടുത്തപ്പോൾ മാലാഖാമാരുടെ എണ്ണമനുസരിച്ച് അവിടുന്ന് ജനതകൾക്ക് അതിർത്തി നിർണയിച്ചു. യാക്കോബു കർത്താവിൻെറ ഓഹരിയായി' (ആവ. 32:8f). അപ്പോൾ, എല്ലാ മനുഷ്യരും ഒന്നുകിൽ ദൈവത്തിൻെറ അല്ലെങ്കിൽ മറെറാരാളുടെ ഓഹരിയാണെന്നു നാമെല്ലാം സമ്മതിക്കുന്നു. ഒരാളുടെ അധീനതയിൽനിന്നു മറെറാരാളുടെ അധീനതയിലേയ്ക്കു പോകാൻ നമ്മുടെ സ്വാതന്ത്ര്യമനസ്സ് നമുക്ക് അവസരം നൽകുന്നു. മാററം വരുത്തുമ്പോൾ ദൈവത്തിങ്കലേക്കാണെങ്കിൽ അതു നന്മയ്ക്കു കാരണമാകും. പിശാചുക്കളുടെ അധീനതയിലേക്കാണെങ്കിൽ തിന്മയ്ക്കു കാരണമാകും. അപ്പോൾ നീതിമാന്മാരുടെ ആത്മാക്കളെ അബദ്ധത്തിൽ ചാടിക്കാൻ ശ്രമിക്കുന്നവർ കുറുനരികളുടെ അവകാശമായിത്തീരുമെന്നു സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതിൻെറ അർത്ഥം അവർ ഏററവും ദുഷ്ടന്മാരും നികൃഷ്ടന്മാരുമായ പിശാചുക്കൾക്കു് അധീനരായിത്തീരുമെന്നാണ്. ഇപ്രകാരം അബദ്ധ വിജ്ഞാനത്തിൻെറ കാപട്യങ്ങളും വഞ്ചനകളും അവതരിപ്പിക്കുന്ന ദുഷ്ടാത്മാക്കളെയാണു കുറുക്കന്മാർ എന്ന് ആലങ്കാരികമായി ഇവിടെ പറയുന്നത്.

ബുദ്ധിശൂന്യരായ ഒരുകൂട്ടം മനുഷ്യരുണ്ടല്ലോ—അബദ്ധപ്രബോധകരുടെ വാക്കുകൾക്കു ചെവികൊടുക്കുന്നവർ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ വാക്കുകളും അവയിലൂടെ അനാവൃതമാകുന്ന ദൈവികതത്വങ്ങളും അംഗീകരിക്കാത്തവർ—അവർ ആ കുറുക്കന്മാരുടെ ഓഹരിയായിത്തീരും; അവർ



ആ കുറുക്കന്മാരോടുകൂടി ഭൂമിയുടെ അഗാധഗർത്തങ്ങളിലേക്കു് പോകും. സുവിശേഷത്തിൽപറഞ്ഞിട്ടുള്ള ഒരുതരം കുറുക്കന്മാരുണ്ടല്ലോ, മാളങ്ങളുള്ള കുറുക്കന്മാർ—അവരും ഈ കുറുക്കന്മാരും ഒരു വർഗംതന്നെ. എന്നാൽ ദൈവപുത്രൻ തലചായ്ക്കുന്ന സ്ഥലം അവരുടെ മാളങ്ങളുടെ സമീപമെങ്ങുമല്ല. ഹേറോദോസിനെ കുറുക്കനെന്നു വിളിച്ചിട്ടുള്ളത് അയാളുടെ വഞ്ചനാചാതുര്യത്തെ ആസ്പദമാക്കിയാണ്.

സാംസൻെറ കഥയിലെ കുറുക്കന്മാരെ സംബന്ധിച്ച് ഇതുപോലെ യുക്തി യുക്തമായ ഒരു വ്യാഖ്യാനം നൽകാൻ വിഷമമായിട്ടാണ് എനിക്കു തോന്നുന്നത്. സാംസൺ മുന്നൂറു കുറുക്കന്മാരെ പിടിച്ച് ഈരണ്ടെണ്ണത്തിൻെറ വാലുകൾ കൂട്ടിക്കെട്ടി അതിനിടയിൽ കത്തുന്ന പന്തങ്ങൾവച്ച് അവയെ ശത്രുക്കളുടെ വിളഞ്ഞുനിൽക്കുന്ന വയലുകളിലേക്കു വിട്ടു എന്നാണല്ലോ പറഞ്ഞിട്ടുള്ളത്. ആ പോക്കിൽ ധാന്യവയലുകൾക്കും ഒലിവുതോട്ടങ്ങൾക്കും മുന്തിരിത്തോട്ടങ്ങൾക്കും തീ കൊളുത്തി. ഇപ്പറഞ്ഞ കഥയിൽനിന്ന് എന്തെങ്കിലും ഒരർത്ഥം തല്ലിക്കൊഴിച്ചെടുക്കാൻ പററുമോ എന്നു നമുക്കു നോക്കാം. കുറുക്കന്മാർ തല തിരിഞ്ഞ ഉദ്ബോധകരാണെന്നു കരുതുക, സാംസൺ യഥാർത്ഥതത്വങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരാചാര്യനാണ്. അദ്ദേഹം സത്യത്തിൻെറ വചനങ്ങൾകൊണ്ടു കുറുക്കന്മാരെ പിടികൂടുന്നു. വാലുകൾ കൂട്ടിക്കെട്ടുന്നു എന്നു പറഞ്ഞാൽ അവരുടെയിടയിൽത്തന്നെയുള്ള വ്യത്യസ്താഭിപ്രായങ്ങൾകൊണ്ട് അവരെ പരസ്പരം എതിരിടിയിക്കുന്നു. അവരുടെതന്നെ വാദമുഖങ്ങളും ഉപപാദനങ്ങളും ഉപയോഗിച്ചുകൊണ്ടു സിദ്ധാന്തപക്ഷമാകുന്ന അഗ്നി അവരുടെ വയലുകളിൽത്തന്നെ വ്യാപിപ്പിക്കുന്നു. തിന്മയുടെ വർഗത്തിൽപ്പെട്ട അവരുടെ ഒലിവുതോട്ടങ്ങളും മുന്തിരി വയലുകളും അവരുടെ വിതണ്ഡാവാദങ്ങളുടെതന്നെ അഗ്നിയിൽ ദഹിച്ചുപോകുന്നു.

പരസ്പരം കലഹിച്ചുതകരുന്ന ഈ കുറുക്കന്മാരെ സംബന്ധിച്ചു പറയുമ്പോൾ മുന്നൂറ് എന്ന സംഖ്യയ്ക്കുതന്നെ പ്രത്യേകമായ അർത്ഥമുണ്ട്. മൂന്നുതരം പാപങ്ങളെയാണ് ആ സംഖ്യ സൂചിപ്പിക്കുന്നത്. പ്രവൃത്തിയാലോ വാക്കാലോ വിചാരത്താലോ ആണല്ലോ എല്ലാ പാപങ്ങളും ചെയ്യപ്പെടുന്നത്.

എസ്രായുടെ രണ്ടാം പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ളതും മുമ്പു നാം പരാമർശിച്ചതുമായ കാര്യവും പൂർണമായി വിസ്മരിക്കാവുന്നതല്ല. അവിടെ പരമ പരിശുദ്ധസ്ഥലം പണിയപ്പെട്ടുകൊണ്ടിരുന്നപ്പോൾ—അതായത്, ക്രിസ്തുവിൻെറ

www.malankaralibrary.com



വിശ്വാസവും തന്റെ രക്തസാക്ഷികളുടെ രഹസ്യങ്ങളും പ്രതിഷ്ഠാപിതമായിക്കൊണ്ടിരുന്നപ്പോൾ—സത്യത്തിന്റെ ശത്രുക്കളും വിശ്വാസത്തിന്റെ പ്രതിയോഗികളും—അവർ ലൗകികമായ വിജ്ഞാനമുള്ളവരാണല്ലോ—സുവിശേഷ ഹർമ്മ്യത്തിന്റെ മതിലുകൾ സാഹിത്യപരമായ കലാഭംഗിയോ ദാർശനികമായ വൈദഗ്ധ്യമോ കൂടാതെ ഉയർന്നു വരുന്നതുകണ്ടിട്ട് പരിഹാസപൂർവം പറയുകയാണ്: 'പദപ്രയോഗപരമായ തന്ത്രങ്ങൾകൊണ്ടും സമർത്ഥമായ അസത്യങ്ങൾകൊണ്ടും തർക്ക ശാസ്ത്രത്തിലെ വാദങ്ങൾകൊണ്ടും ഇതിനെ തച്ചുടയ്ക്കാം.'

ഈ വിഷയം തത്ക്കാലം ഇവിടെ നിൽക്കട്ടെ; പ്രധാന ചിന്താവിഷയത്തിലേക്കു നമുക്കു പിന്തിരിയാം. ഉത്തമഗീതത്തിൽ മണവാളൻ, തനിക്കനുകൂലമായിട്ടുള്ള ശക്തികളോട്, മനുഷ്യാത്മാക്കളെ ആക്രമിച്ചു നശിപ്പിക്കാൻ പതിയിരിക്കുന്ന ദുഷ്ടശക്തികളെ പിടികൂടി നശിപ്പിക്കാൻ ആവശ്യപ്പെടുകയാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ കുറുനരികൾ മാളങ്ങളിലെന്നപോലെ മനുഷ്യമനസ്സുകളിൽ ഒളിച്ചിരിക്കുന്ന പ്രസ്തുത ദുഷ്ടശക്തികൾ മനുഷ്യരുടെ മൊട്ടിടുന്ന വിശ്വാസത്തെയും സുകൃതപുഷ്പങ്ങളെയും നശിപ്പിക്കും. ചില രഹസ്യവിജ്ഞാനങ്ങളുടെ വികാസം എന്ന നാട്യത്തിലായിരിക്കും അത്തരം നശീകരണം. ദുഷ്ടശക്തികളെ നിഷ്പ്രയാസം അമർത്തുന്നതിനുവേണ്ടിയാണ് അവ ചെറുതായിരിക്കുമ്പോൾത്തന്നെ പിടികൂടണം എന്ന് ആവശ്യപ്പെടുന്നത്. ആ ഘട്ടത്തിൽ അവ അവയുടെ ഗർഹണീയമായ പ്രേരണകൾ പ്രയോഗിച്ചു തുടങ്ങുന്നതേയുള്ളൂ. അവ വളർന്നു വൻകുറുക്കന്മാരായിത്തീർന്നുകഴിഞ്ഞാൽ മണവാളന്റെ ചങ്ങാതിമാർക്ക് അവയെ പിടികൂടാൻ സാധിക്കാതെവന്നേക്കും; മണവാളൻതന്നെ ആ ഉദ്യമത്തിൽ ഏർപ്പെടേണ്ടിവന്നേക്കും.

സഭയിലെ വിശുദ്ധരായ ചില ആധ്യാത്മികപണ്ഡിതന്മാർക്കും ഈ കുറുക്കന്മാരെ പിടിക്കാനുള്ള ശക്തി നൽകപ്പെടാറുണ്ട്: 'പാമ്പുകളുടെയും തേളുകളുടെയും മീതെ ചവിട്ടി നടക്കാൻ അധികാരം നൽകപ്പെട്ടിരിക്കുന്നതു'പോലെ തന്നെ, 'ശത്രുവിന്റെ സകലശക്തികളുടെയും മീതെ അവർക്ക് അധികാരം നൽകപ്പെട്ടിരിക്കുക'യാണല്ലോ (ലൂക്കോ. 10:19). ശത്രുവിന്റെ പ്രസ്തുത ശക്തികളിലൊന്നു തീർച്ചയായും മുന്തിരിവയലുകളെ നശിപ്പിക്കുന്ന ഈ കുറുക്കനാകുന്നു. കുഞ്ഞായിരിക്കുമ്പോൾത്തന്നെ അതിനെ പിടികൂടാൻ ആവശ്യപ്പെട്ടിരിക്കയുമാണ്. 137-ാം സങ്കീർത്തനത്തിൽ ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ട്: 'സംഹാരിണിയായ ബാബിലോൺ പുത്രിയുടെ കുഞ്ഞുങ്ങളെ പിടിച്ചു പാറമേൽ അടിക്കുന്നവൻ അനുഗ്രഹീതൻ' (137:9). ബാബിലോണിയൻ ജീവിത വീക്ഷണം



വളർന്നു വികസിക്കുന്നതു സങ്കീർത്തനക്കാരനു ഹിതകരമല്ല. അതു കുഞ്ഞായിരിക്കുമ്പോഴേ അതിനെ എടുത്തു പാറമേൽ അടിക്കണം. അപ്പോൾ അതിനെ നിഷ്പ്രയാസം നശിപ്പിക്കാം.

'ചെറിയ' എന്ന വിശേഷണം കുറുക്കന്മാരെയല്ല, മുന്തിരിച്ചെടികളെയാണു കുറിക്കുന്നത് എന്ന വിധത്തിലും നമുക്ക് അർത്ഥം പറയാം. അങ്ങനെ വരുമ്പോൾ ചെറിയ മുന്തിരിച്ചെടികളെ എളുപ്പം നശിപ്പിക്കാൻ കഴിയും. വലിയവയെ അങ്ങനെ കഴിയുകയില്ല എന്നു നാം മനസ്സിലാക്കണം. ചെറിയ ആത്മാക്കൾ, അതായതു വിശ്വാസത്തിലെ ആരംഭക്കാർ, ആ വിഷയത്തിൽ കരുത്താർജിച്ചു കഴിഞ്ഞിട്ടില്ലല്ലോ. വിപരീത ശക്തികളുടെ ആക്രമണങ്ങൾമൂലം അവർക്കു കൂടുതൽ തകരാറു പറ്റാൻ സാധ്യതയുണ്ട്. 'ഈ ചെറിയവരിൽ ഒരുവനു ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവനു കൂടുതൽ നല്ലതു കഴുത്തിൽ തിരികല്ലുകെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും. എന്ന് സുവിശേഷത്തിൽ പറയപ്പെട്ടിട്ടുണ്ടല്ലോ (മത്താ. 18:6). ഔന്നത്യവും പൂർണതയും നേടിയ ആത്മാവിനെയല്ല, ശരിയായ രൂപീകരണം പ്രാപിക്കാത്ത ചെറിയ ആത്മാവിനെയാണു വീഴിക്കാൻ എളുപ്പമുള്ളത് എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. സങ്കീർത്തനത്തിൽ നാം വായിക്കുന്നു: 'അങ്ങയുടെ നാമത്തെ സ്നേഹിക്കുന്നവർക്കു ശാന്തി ലഭിക്കും. അവർ കല്ലിൽ കാൽതട്ടി വീഴുകയില്ല' (119:165).

ഇതുപോലെതന്നെ, പിഞ്ചുമുന്തിരിത്തോട്ടം, അതായത് വിശ്വാസത്തിൽ പ്രാരംഭക്കാരനായ ആത്മാവ്, പെട്ടെന്നു കേടുവരാവുന്ന അവസ്ഥയിലാണെന്നു നാം മനസ്സിലാക്കണം. അതായത് ദുർവിചാരങ്ങൾക്കും നീചപ്രബോധകർക്കും അവരെ അനായാസം അബദ്ധത്തിലേയ്ക്കാനയിക്കാൻ കഴിയും. നല്ലവരായ അധ്യാപകന്മാർ കുറുക്കന്മാരെ ആത്മാക്കളിൽനിന്നു ബഹിഷ്ക്കരിച്ചാൽ ആ ആത്മാക്കൾ സുകൃതങ്ങളിൽ മുന്നേറുകയും വിശ്വാസത്തിൽ വളരുകയും ചെയ്യും. ആമ്മേൻ.

www.malankaralibrary.com

## രണ്ടാം ഭാഗം

# ഉത്തമഗീതം: പ്രസംഗങ്ങൾ

(വിശുദ്ധ ജെറോമിൻെറ ലത്തീൻ വിവർത്തനത്തിൽനിന്ന്)

## ആമുഖം

ഏററവും അനുഗൃഹീതനായ ദമാസൂസ് മാർപ്പാപ്പായ്ക്ക് ജറോം എഴുതുന്നത്:[1]

ഒരിജെൻ തൻെറ കൃതികൾവഴി മററു ഗ്രന്ഥകാരന്മാരെയെല്ലാം ഉല്ലംഘിച്ചെങ്കിൽ തൻെറ 'ഉത്തമഗീതത്തിൽ' തന്നെത്തന്നെ ഉല്ലംഘിച്ചിരിക്കുന്നു. ഇരുപതിനായിരത്തോളം വരികൾ വരുന്ന പത്തു വാല്യങ്ങളിലായി ഉത്തമഗീതത്തിൻെറ അഞ്ചു പാഠഭേദങ്ങൾക്കും അദ്ദേഹം വ്യാഖ്യാനം നൽകിയിരിക്കുന്നു. ആദ്യമായി എഴുപതുപേരുടെതിന്, പിന്നെ അക്വിലാ, സിമ്മാക്കൂസ്, തിയോഡോഷ്യൻ എന്നിവരുടെ. അവസാനമായി ആക്റിയത്തിനു സമീപമുള്ള കടൽത്തീരത്തുനിന്നു തനിക്കു ലഭിച്ചു എന്ന് അദ്ദേഹം പറയുന്ന പകർപ്പിന്. അദ്ദേഹത്തിൻെറ വിശദീകരണം വളരെ വളരെ ഉജ്ജ്വലവും പ്രസന്നവുമാണ്. 'രാജാവു തൻെറ മണിയറയിലേക്ക് എന്നെ ആനയിച്ചു' (ഉത്തമ.2:4). എന്ന വചനങ്ങൾ ഒരിജെനിൽ പൂർത്തിയായി എന്നാണെനിക്കു തോന്നുന്നത്. ഞാൻ ആ പുസ്തകം കടന്നുപോരുകയാണു ചെയ്യുന്നത്. അത്ര കരുത്തുററ, ബൃഹത്തായ, ഒരു കൃതി ലത്തീനിലാക്കുന്നതിന് വളരെയേറെ സമയവും പ്രയത്നവും ധനവ്യയവും വേണ്ടിവരും. കട്ടിയായ ഭക്ഷണം ഞാൻ ഇവിടെ വിളമ്പുന്നില്ല. അതിനു പകരം ശിശുക്കൾക്കും മുലകുടിക്കുന്നവർക്കുംവേണ്ടി അദ്ദേഹം തയ്യാറാക്കിയ രണ്ടു പ്രസംഗങ്ങൾ തർജ്ജമ ചെയ്യുകയാണ്. മോടിയെക്കാളേറെ വിശ്വസ്തതയാണ് തർജ്ജമയിൽ ഞാൻ ദീക്ഷിച്ചിട്ടുള്ളത്. തർജ്ജമ അനുദിന സംഭാഷണത്തിൻെറ ഭാഷയിലായിരിക്കാനും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒരിജെൻെറ ചിന്താരീതിയുടെ ഒരു മാതൃക നിങ്ങൾക്കു ലഭിക്കണമെന്നതാണ് എൻെറ ഉദ്ദേശ്യം. അദ്ദേഹത്തിൻെറ ഏററവും ലഘുവായ രചനകൾക്കുപോലും അത്രയേറെ മതിപ്പുളവാക്കാൻ കഴിയുമെങ്കിൽ അദ്ദേഹത്തിൻെറ ഉന്നതങ്ങളായ ആശയങ്ങൾ എത്രയധികമായി വിലമതിക്കപ്പെടണം എന്നു ചിന്തിക്കുവാൻ അപ്പോൾ വായനക്കാർക്കു കഴിയുമല്ലോ.



## പ്രസംഗം I

'രാജാവ് തൻെറ മേശയ്ക്കരുകിൽ ചാരിയിരിക്കുന്നതുവരെ' എന്നുവരെയുള്ള ഉത്തമഗീതത്തിൻെറ ആദ്യഭാഗത്തെക്കുറിച്ച്.

1. ചില സ്ഥലങ്ങൾ കേവലം പരിശുദ്ധങ്ങളല്ല, പരമപരിശുദ്ധസ്ഥലങ്ങളാണ് എന്നും ചില ദിവസങ്ങൾ വെറും ശാബത്തുകളല്ല, ശാബത്തുകളുടെ ശാബതാണെന്നും മോശയിൽനിന്നു നാം പഠിച്ചു (പുറ. 30:10; ലേവ്യ.10:17). അതുപോലെ ഇപ്പോൾ വെറും ഗീതങ്ങളല്ലാതെ, ഗീതങ്ങളുടെ ഗീതങ്ങളായ ചില ഗീതങ്ങളുണ്ട് എന്നു സോളമൻെറ തൂലിക നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധസ്ഥലങ്ങളിൽ പ്രവേശിക്കുന്നവൻ അനുഗൃഹീതനത്രേ. എന്നാൽ പരമപരിശുദ്ധ സ്ഥലത്തു പ്രവേശിക്കുന്നവൻ എത്രയോ അധികം അനുഗൃഹീതൻ! ശാബതാചരിക്കുന്നവൻ അനുഗൃഹീതനാകുന്നു. എങ്കിൽ, ശാബത്തുകളുടെ ശാബത്ത് ആചരിക്കുന്നവൻ എത്രയോ കൂടുതൽ അനുഗൃഹീതനായിരിക്കും.[3] പാട്ടുകൾ പഠിക്കുകയും പാടുകയും ചെയ്യുന്നവനും, അതുപോലെ, അനുഗൃഹീതൻതന്നെ.—ഉത്സവദിനങ്ങളിലൊഴികെ ആരും പാടുക പതിവില്ലല്ലോ—എന്നാൽ പാട്ടുകളുടെ പാട്ടു പാടുന്നവൻ വളരെയധികം അനുഗൃഹീതനാകുന്നു. പരിശുദ്ധ സ്ഥലത്തു പ്രവേശിക്കാനർഹതയുള്ളവൻ പരമപരിശുദ്ധ സ്ഥലത്തു പ്രവേശിക്കണമെങ്കിൽ കൂടുതൽ യോഗ്യതകൾ നേടേണ്ടതായിട്ടുണ്ട്. എല്ലാ ജനങ്ങൾക്കുംവേണ്ടി ദൈവം കല്പിച്ചിട്ടുള്ള ശാബത്ത് ആചരിക്കുന്നവനു ശാബത്തുകളുടെ ശാബത്ത് ആചരിക്കാൻ സാധിക്കണമെങ്കിൽ പല കാര്യങ്ങളും ആവശ്യമായിട്ടുണ്ട്. അതുപോലെതന്നെ ഉത്തമഗീതങ്ങളുടെ ഔന്നത്യം അളക്കാൻ പ്രാപ്തിയുള്ള ഒരാളിനെ കണ്ടുപിടിക്കാനും എളുപ്പമല്ല. വി. ലിഖിതത്തിലെ എല്ലാ ഗാനങ്ങളും വശമാക്കിയവരിൽപ്പോലും അത്തരക്കാർ അപൂർവമായിരിക്കും.

'കർത്താവിനെ ഞാൻ സ്തുതിച്ചു പാടും; എന്തെന്നാൽ അവിടുന്നു മഹത്ത്വപൂർണമായ വിജയം നേടിയിരിക്കുന്നു' എന്നാരംഭിക്കുന്നതാണു വി. ഗ്രന്ഥത്തിലെ ആദ്യഗീതം (പുറ.15:1—21). ഈജിപ്തിലെ അടിമത്തത്തിൽനിന്നു പുറത്തുവന്ന്, ആ രാജ്യത്തെ ബഹുദൂരം പിന്നിലാക്കി, ചെങ്കടൽ തരണംചെയ്തുകഴിയുമ്പോഴാണു നിങ്ങൾക്ക് ആ ഗീതം ആലപിക്കാൻ സാധിക്കുന്നത്. ആ ഗീതം ആലപിച്ചുകഴിഞ്ഞാലും ഉത്തമഗീതത്തിൽനിന്നു വളരെ അകലെയാണു നിങ്ങൾ. മരുഭൂ

www.malankaralibrary.com



മിയിൽക്കൂടെയുള്ള നിങ്ങളുടെ ആദ്ധ്യാത്മിക യാത്ര തുടരുക. അപ്പോൾ നിങ്ങൾ 'രാജാക്കന്മാർ കുഴിപ്പിച്ച കിണറിനു സമീപം' ചെന്നെത്തും (സംഖ്യ. 21:71f). അവിടെവച്ച് നിങ്ങൾക്കു രണ്ടാമത്തെ ഗാനം പാടാം. പിന്നീടു വിശുദ്ധ ഭൂമിയുടെ പ്രവേശന കവാടത്തിലെത്തിച്ചേരുക. അവിടെ യോർദ്ദാൻ നദിയുടെ തീരത്തുനിന്നുകൊണ്ടു മൂശയുടെ പാട്ടു നിങ്ങൾക്കു പാടാം: 'ആകാശങ്ങളേ, ചെവിക്കൊൾക; ഞാൻ സംസാരിക്കുന്നു. ഭൂമി എന്റെ അധരങ്ങളുടെ ആലാപനം ശ്രവിക്കട്ടെ' (ആവ.32:1—43). അതിനുശേഷം നിങ്ങൾ ജോഷ്വായുടെ നേതൃത്വത്തിൽ സമരംചെയ്യുകയും വിശുദ്ധ നാടിനെ നിങ്ങളുടെ പൈതൃകമായി കയ്യടക്കുകയും വേണം. അപ്പോൾ ഒരു തേനീച്ച നിങ്ങൾക്കുവേണ്ടി പ്രവചിക്കുകയും നിങ്ങളെ വിധിക്കുകയും ചെയ്യും—ദെബോറാ എന്ന വാക്കിന്റെ അർത്ഥം തേനീച്ചയെന്നാണല്ലോ—ന്യായാധിപന്മാരുടെ പുസ്തകത്തിലുള്ള 'ദെബോറാ'യുടെ ഗാനം നിങ്ങൾക്കു സ്വന്തമാക്കാം. (ന്യായാ. 5). അവിടെനിന്നു രാജാക്കന്മാരുടെ പുസ്തകത്തിലേയ്ക്ക് ആരോഹണംചെയ്യുക. അവിടെ ദാവീദിന്റെ ഗാനത്തിൽ എത്തിച്ചേരാം: 'കർത്താവു ദാവീദിനെ സകല ശത്രുക്കളിലും സാവൂളിലുംനിന്നു രക്ഷിച്ച ദിവസം' അദ്ദേഹം ആലപിച്ച ഗാനമാണത്. അദ്ദേഹം പാടി: 'കർത്താവെന്റെ വാസസ്ഥലവും ശക്തിയും എന്റെ ആശ്രയവും രക്ഷകനും' (2രാജാ. 22;സങ്കീ.17). അതിനുശേഷം നിങ്ങൾ ഏശായായുടെ പക്കലേയ്ക്കു പോകണം. അദ്ദേഹത്തോടുകൂടി നിങ്ങൾക്ക് ഇങ്ങനെ പറയാൻ കഴിയും: 'എന്റെ പ്രിയനുവേണ്ടി എന്റെ മുന്തിരിത്തോട്ടത്തിന്റെ ഗാനം ഞാൻ ആലപിക്കട്ടെ'(5:1—7).

ഈ ഗാനങ്ങളെല്ലാം കഴിയുമ്പോൾ അതിലും ഉന്നതമായ ലക്ഷ്യങ്ങളിലേയ്ക്കു യാത്രയാരംഭിക്കുക. അവിടെ സുന്ദരിയായ ഒരാത്മാവായി പ്രിയതമനോടൊത്തു് ഈ ഉത്തമഗീതം ആലപിക്കുക. ഇതിലുൾപ്പെട്ടതു് എത്രപേരാണെന്നു കൃത്യമായി പറയാൻ എനിക്കു സാദ്ധ്യമല്ല. എന്നാൽ നിങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം എനിക്കു കാണിച്ചുതന്നതനുസരിച്ച് ഇതിൽ നാലു കഥാപാത്രങ്ങളുണ്ട്—മണവാളനും മണവാട്ടിയും മണവാട്ടിയുടെ തോഴിമാരും മണവാളന്റെ ചങ്ങാതിമാരും. ചില കാര്യങ്ങൾ മണവാട്ടി പറയുന്നു; ചിലതു മണവാളൻ. ചിലപ്പോൾ മണവാട്ടിയുടെ തോഴിമാർ സംസാരിക്കുന്നു; ചിലപ്പോൾ മണവാളന്റെ ചങ്ങാതിമാർ. വിവാഹാഘോഷത്തിന്റെ സന്ദർഭത്തിൽ വധുവിന്റെ തോഴിമാരായി ഒരു ഗണം കന്യകമാരും വരന്റെ സുഹൃത്തുക്കളായി കുറെ യുവാക്കളും ഉണ്ടായിരിക്കുക എന്നതു യുക്തംതന്നെ. ഇപ്പറഞ്ഞതി



ന്റെയെല്ലാം അർത്ഥത്തിനുവേണ്ടി നിങ്ങൾ പുറത്തേയ്ക്കു നോക്കേണ്ടതില്ല. സുവിശേഷ പ്രഘോഷണംമൂലം രക്ഷിക്കപ്പെട്ടവരുടെ അപ്പുറത്തേയ്ക്കു നോക്കേണ്ട ആവശ്യമില്ല. മണവാളൻ എന്നതുകൊണ്ടു ക്രിസ്തുവിനെ മനസ്സിലാക്കുക. മണവാട്ടി എന്നതുകൊണ്ടു ചുളിവോ കളങ്കമോ ഇല്ലാത്ത സഭയെയും. ആ സഭയെക്കുറിച്ചാണ് ഇങ്ങനെ എഴുതപ്പെട്ടിട്ടുള്ളതു്: 'ഇതു് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാതെ മഹത്വപൂർണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനുവേണ്ടിയാണ്'' (എഫേ.5:27). മണവാട്ടിയോടൊപ്പമുള്ള കന്യകമാർ വിശ്വാസികളുടെ ആത്മാക്കളാകുന്നു. അവർ വിശ്വാസമുള്ളവരെങ്കിലും സഭയെ സംബന്ധിച്ച മുകളിൽപ്പറഞ്ഞ വിവരണത്തിൽ ഉൾപ്പെടുന്നില്ല. എങ്കിലും ചില അർത്ഥങ്ങളിൽ അവർ രക്ഷപ്പെട്ടവരുമാണ്. മണവാളന്റെ ചങ്ങാതികളെ മാലാഖമാരും 'പരിപൂർണ്ണ'നായ മനുഷ്യന്റെ പക്കലേയ്ക്ക് അയയ്ക്കപ്പെട്ട ആളുകളുമായി മനസ്സിലാക്കണം (എഫേ. 4:13). ഇങ്ങനെ നാലു വിഭാഗങ്ങൾ നാം കാണുന്നു: മണവാളനും മണവാട്ടിയും എന്നു രണ്ടു വ്യക്തികളും പരസ്പരം ഉത്തരം പറയുന്ന രണ്ടു ഗായകസംഘങ്ങളും. മണവാട്ടി തന്റെ തോഴിമാരോടൊപ്പം പാടുന്നു. മണവാളൻ തന്റെ ചങ്ങാതിമാരോടൊപ്പവും. ഇത്രയും കാര്യങ്ങൾ ഗ്രഹിച്ചുകഴിഞ്ഞാൽ പാട്ടുകളുടെ പാട്ടു കേൾക്കാനും അതിന്റെ ആശയം ഗ്രഹിക്കാനും ആരംഭിക്കാം. മണവാട്ടിയോടു ചേർന്ന് അവൾ പറയുന്ന കാര്യങ്ങൾ നിങ്ങൾക്കു പറയാം. അപ്പോൾ അവൾ കേട്ട കാര്യങ്ങൾ നിങ്ങൾക്കും കേൾക്കാൻ കഴിയും. മണവാട്ടിയോടൊപ്പം നിൽക്കാനും അവൾ പറയുന്ന കാര്യങ്ങൾ പറയാനും നിങ്ങൾക്കു പ്രാപ്തിയില്ലെങ്കിൽ മണവാളന്റെ ചങ്ങാതിമാരുടെ കൂട്ടത്തിൽ ചേർന്നുകൊള്ളുക. അതും നിങ്ങളുടെ കഴിവിനപ്പുറമാണെങ്കിൽ മണവാട്ടിയുടെ തോഴിമാരുടെ സംഘത്തിൽ ചേരുക.

അപ്പോൾ ഒരേസമയം നാടകവും വിവാഹഗാനവുമായ ഈ പുസ്തകത്തിലെ കഥാപാത്രങ്ങൾ ഇവരൊക്കെയാണ്. ഇതിൽനിന്നാണ് അന്യമതക്കാർ വിവാഹഗീതം എന്നൊരു കാവ്യരൂപം സ്വീകരിച്ചതു്.

ആദ്യമായി മണവാട്ടി പ്രാർത്ഥിക്കുന്നു; ഉടൻതന്നെ അവളുടെ പ്രാർത്ഥന സഫലമാകുന്നു, അവൾ പ്രാർത്ഥിച്ചതുപോലെ മണവാളൻ സന്നിഹിതനാകുന്നു. തോഴിമാർ അവൾക്കു ചുററും കൂടുന്നു. മണവാളൻ അവളോടു സംസാരിക്കുന്നു. അതിനുശേഷം അവളുടെ രക്ഷയ്ക്കുവേണ്ടി താൻ പീഡയനുഭവിക്കുന്ന സന്ദർഭത്തിൽത്തന്നെ മണവാളന്റെ ചങ്ങാതിമാർ മണവാട്ടിയോടു പറയുന്നു: 'മണവാളൻ തന്റെ മേശയ്ക്കു

www.malankaralibrary.com



രികിൽ ഭക്ഷണത്തിനിരിക്കും മുമ്പ്(ഉത്തമ.1:12). തന്റെ പീഡാനുഭവത്തിനും ഉത്ഥാനത്തിനും മുമ്പായി ഞങ്ങൾ നിനക്കുവേണ്ടി ഏതാനും ആഭരണങ്ങൾ ഉണ്ടാക്കാം.

2. മണവാട്ടിയുടെ പ്രാർത്ഥനയിലെ വാക്കുകൾ ഏവയാണെന്ന് നമുക്കിവിടെ പരിഗണിക്കാം. 'അവിടുന്ന് തന്റെ അധരങ്ങളുടെ ചുംബനങ്ങൾ എനിക്കു നൽകട്ടെ' (ഉത്തമ 1:2). പ്രസ്തുത വാക്കുകളുടെ ആശയം ഇങ്ങനെയത്രെ. മോശ വഴിയും പ്രവാചകന്മാർ വഴിയും എന്റെ മണവാളൻ ഇനിയും എത്രകാലമാണ് എനിക്കു ചുംബനങ്ങൾ അയച്ചുതരുവാൻ പോകുന്നത്? അവിടുത്തെ അധരങ്ങളുടെ നേരിട്ടുള്ള സ്പർശനമാണ് ഞാൻ ആഗ്രഹിക്കുന്നത്. അവിടുന്നു വരട്ടെ. അവിടുന്നു തന്നെ നേരിട്ടു സ്വർഗത്തിൽ നിന്നിറങ്ങിവരട്ടെ. അതിനാൽ മണവാട്ടി മണവാളന്റെ പിതാവിനോട് അപേക്ഷിക്കുകയാണ്: അവിടുന്നു' തന്റെ അധരങ്ങളുടെ ചുംബനങ്ങൾ എനിക്കു പ്രദാനം ചെയ്യട്ടെ.'

'നീ വിളിക്കും മുമ്പേ ഞാൻ ഉത്തരമരുളും. ഇതാ ഞാൻ ഇവിടെയുണ്ട്''4 എന്ന പ്രവാചകവചനം മണവാട്ടിയെസംബന്ധിച്ച് അന്വർത്ഥമാണ്. മണവാളന്റെ പിതാവു മണവാട്ടിയുടെ പ്രാർത്ഥന കേട്ടപ്പോൾതന്നെ മണവാളനെ അവളുടെ പക്കലേയ്ക്കയച്ചു.

ആരുടെ വരവിനുവേണ്ടിയാണോ താൻ പ്രാർത്ഥിച്ചത്, ആ മണവാളനെ അടുത്തു കണ്ടപ്പോൾ മണവാട്ടി പ്രാർത്ഥന നിറുത്തിയിട്ടു മണവാളനോടു നേരിട്ടു പറയുന്നു: 'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ മധുരമാകുന്നു അങ്ങയുടെ ലേപനതൈലത്തിന്റെ സുഗന്ധം എല്ലാ പരിമളങ്ങളെയും പശ്ചാത്കരിക്കുന്നു'(ഉത്തമ. 1:2b_3a).

അങ്ങനെ പിതാവിനാൽ അയക്കപ്പെട്ട ക്രിസ്തുവാകുന്ന മണവാളൻ തന്റെ മണവാട്ടിയുടെ അടുത്തുവരുന്നു. പരിമളതൈലങ്ങൾ ലേപനം ചെയ്തുകൊണ്ടാണ് തന്റെ ആഗമനം. ആ മണവാളനോട് ഇങ്ങനെ പറയപ്പെടുന്നു: നീ നീതിയെ സ്നേഹിക്കുകയും ദുഷ്ടതയെ വെറുക്കുകയും ചെയ്യുന്നു. ആകയാൽ ദൈവം, നിന്റെ ദൈവം, നിന്നെ മറ്റുള്ളവരിൽനിന്നുയർത്തി; ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തു (സങ്കീ.45:7). മണവാളൻ എന്നെ സ്പർശിച്ചാൽ അവിടുത്തെ സുഗന്ധം എനിക്കും ലഭിക്കും: അപ്പോൾ അപ്പസ്തോലന്മാരോടുകൂടി എനിക്കും പറയാൻ കഴിയും: 'ഞങ്ങൾ എല്ലായിടത്തും ക്രിസ്തുവിന്റെ പരിമളമാകുന്നു' (2കൊറി. 2:14f).



എന്നാൽ നാം ഇക്കാര്യങ്ങളെല്ലാം കേൾക്കുന്നുണ്ടെങ്കിലും ഇപ്പോഴും പാപങ്ങളുടെയും തിന്മകളുടെയും ദുർഗന്ധം പരത്തുന്നവരാണ്. ആ പാപങ്ങളെയും തിന്മകളെയും കുറിച്ച് പശ്ചാത്തപിക്കുന്ന ആത്മാവ് പ്രവാചകനിലൂടെ ഇങ്ങനെ പറയുന്നു, 'എന്റെ ഭോഷത്തംമൂലം എന്റെ വ്രണങ്ങൾ അഴുകിനാറുന്നു' (സങ്കീ.38:5). പാപത്തിനു ചീത്ത ഗന്ധമാണ്. പുണ്യം ഹൃദ്യമായ സുഗന്ധങ്ങൾ പ്രസരിപ്പിക്കുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ അവയ്ക്കുള്ള ഉദാഹരണങ്ങൾ നോക്കുക. ദേവദാരു തൈലം, നറുമ്പശ, ഗുൽഗുലു, കുന്തുരുക്കം മുതലായവയെല്ലാം അവിടെക്കാണാം. ഇവയെല്ലാം സുഗന്ധധൂപത്തിനു വേണ്ടിയുള്ളവയാണ്. ഇവയ്ക്കു പുറമേ ജടാമഞ്ചിതൈലം തുടങ്ങിയ വേറെയും സുഗന്ധവസ്തുക്കളുണ്ട്. സുഗന്ധവസ്തുക്കളുണ്ടാക്കുന്ന വിദഗ്ധർ അതെല്ലാം എടുത്തു വേണ്ടവിധം യോജിപ്പിക്കുന്നു (30:34f). ആകാശവും ഭൂമിയും സൃഷ്ടിച്ചവനായ ദൈവം മോശയോട് ഇങ്ങനെ പറയുന്നു: 'സാമർത്ഥ്യവും ബുദ്ധിശക്തിയും വിജ്ഞാനവും അവർക്കു ഞാൻ നൽകിയിരിക്കുന്നു. സുഗന്ധവസ്തുവിദഗ്ദ്ധന്റെ ജോലിയോട് ബന്ധപ്പെട്ട എല്ലാ വസ്തുക്കളും ഉണ്ടാക്കാൻ അവർക്കു കഴിയുന്നതിനുവേണ്ടിയാണിത്' (പുറ. 31:3). സുഗന്ധവസ്തുനിർമാതാക്കളെ ദൈവം പഠിപ്പിക്കുന്നു. ആദ്ധ്യാത്മികമായ അർത്ഥത്തിലെടുത്തില്ലെങ്കിൽ ഇപ്പറയുന്നതെല്ലാം വെറും കഥകളല്ലേ? മറയ്ക്കപ്പെട്ട എന്തെങ്കിലും രഹസ്യങ്ങളില്ലെങ്കിൽ ഈ വാക്കുകൾ ദൈവത്തിനുയോഗ്യമാണോ? അതിനാൽ വി. ലിഖിതങ്ങളുടെ ആദ്ധ്യാത്മികമായ അർത്ഥങ്ങൾ മനസ്സിലാക്കാൻ കഴിയുന്നവരുണ്ടെങ്കിൽ, അഥവാ അങ്ങനെ മനസ്സിലാക്കാൻ സാധിക്കുന്നവരാരെങ്കിലുമുണ്ടെങ്കിൽ അവർ മാംസരക്തങ്ങളുടേതല്ലാത്ത മാർഗത്തിൽ ജീവിക്കാൻ പരമാവധി പരിശ്രമിക്കേണ്ടിയിരിക്കുന്നു. ആ ജീവിതരീതികൊണ്ട് അവൻ ആദ്ധ്യാത്മിക രഹസ്യങ്ങൾക്കു യോഗ്യനായിത്തീരും. ചിലതരം ഭക്ഷണങ്ങൾ ശരീരത്തിനുള്ളതായിരിക്കുന്നതുപോലെ ചിലത് ആത്മാവിനുള്ളതുമാണ്. ചില പാനീയങ്ങൾ ശാരീരികമാണെങ്കിൽ ചിലത് ആദ്ധ്യാത്മികം: മാംസപരമായ ഒരു തരം സ്നേഹമുണ്ട്. അതു സാത്താനിൽനിന്നു വരുന്നു. ആത്മാവിന്റേതായ സ്നേഹവുമുണ്ട്. അതിന്റെ ഉത്ഭവം ദൈവത്തിൽനിന്നാണ്. ഈ രണ്ടുതരം സ്നേഹത്തിനും അധീനനായിരിക്കാൻ ആർക്കും സാധ്യമല്ല. നിങ്ങൾ മാംസത്തിന്റെ കാമുകനാണെങ്കിൽ ആത്മാവിന്റെ പ്രേമം നിങ്ങൾക്കു സ്വായത്തമാവുകയില്ല. ശാരീരികമായ കാര്യങ്ങളെയെല്ലാം നിങ്ങൾ വെറുത്തുപേക്ഷിച്ചാൽ—മാംസരക്തങ്ങ

www.malankaralibrary.com



ളെയല്ല. ധനത്തെയും സമ്പത്തിനെയും ഭൂമിയെയും [അവ കടന്നുപോകും] (മത്താ. 24: 35).—നിങ്ങൾക്ക് ആദ്ധ്യാത്മികമായ സ്നേഹം സ്വാധീനമാകും. ഭൗതികവസ്തുക്കളെ നിങ്ങൾ നിസ്സാരമായിത്തള്ളണം. നിങ്ങളുടെ മനസ്സ് അവയിലൊന്നും ആസക്തമാകരുത്. പാപകരമായ പരിശീലനങ്ങളൊന്നും നിങ്ങളെ പിടിച്ചുനിർത്താൻ അനുവദിക്കുകയും അരുത്.

ആദ്ധ്യാത്മികമായ പ്രേമത്തെക്കുറിച്ചു പറയാനുള്ള ഒരു സന്ദർഭം ഉണ്ടായതുകൊണ്ടാണ് ഇക്കാര്യങ്ങൾ ഇവിടെ പറഞ്ഞത്. സോളമൻ, അഥവാ സോളമനിലൂടെ സംസാരിച്ച ദൈവം വിജ്ഞാനത്തെക്കുറിച്ചു നൽകിയിട്ടുള്ള കല്പനകൾ നമുക്കു അനുകരണീയമാണ്. സദൃശ്യവാക്യങ്ങളിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'അവളെ സ്നേഹിക്കുക; അവൾ നിന്നെ സുരക്ഷിതനായി കാത്തു സൂക്ഷിക്കും. അവളെ സ്വന്തമാക്കുക; അവൾ നിന്നെ മഹത്വത്തിലേയ്ക്കുനയിക്കും. അവളെ ബഹുമാനിക്കുക; അവൾ നിന്നെ പൂർണനാക്കും' (4:8). ആദ്ധ്യാമികമായ ഒരു ആശ്ലേഷമുണ്ട്. 'മണവാളന്റെ അവികലമായ ആശ്ലേഷം എന്റെ ആത്മാവാകുന്ന മണവാട്ടിക്കു ലഭിക്കുന്നെങ്കിൽ! അപ്പോൾ ഉത്തമഗീതത്തിൽ എഴുതപ്പെട്ടിട്ടുള്ള വിധം എനിക്കു പറയാൻ കഴിയുമായിരുന്നു: 'മണവാളന്റെ ഇടതുകരം എന്റെ ശിരസ്സിനു താങ്ങാകുന്നു. അവിടുത്തെ വലതുകരം എന്നെ ചേർത്തണയ്ക്കും (ഉത്തമ.2:6).

3. 'അവിടുന്നു തന്റെ അധരങ്ങളുടെ ചുംബനം എനിക്കു നൽകട്ടെ.' വി. ലിഖിതത്തിലെ പ്രയോഗങ്ങൾ അധികം ആശംസകാർത്ഥത്തിലല്ല; നിയോജകാർത്ഥത്തിലാണ്. ഉദാഹരണത്തിനു 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമെ' (മത്താ. 6:9) എന്നാണു നാം പറയുന്നത്. പൂജിതമായിരുന്നെങ്കിൽ! എന്നല്ല. ഇവിടെ നാം പരിഗണിക്കുന്ന ഭാഗത്താകട്ടെ, 'അവിടുന്ന് ....ചുംബനം എനിക്കു നൽകട്ടെ' എന്നാണ്. 'നൽകിയിരുന്നെങ്കിൽ' എന്നല്ല.

തുടർന്നു മണവാട്ടി മണവാളനെ കാണുന്നു. ലേപനതൈലങ്ങളുടെ പരിമളത്തോടുകൂടി താൻ ആഗതനായി. മറെറാരു വിധത്തിൽ മണവാട്ടിയെ സമീപിക്കാൻ മണവാളനു സാദ്ധ്യമല്ല. മറെറാരു വിധത്തിൽ പുത്രനെ വിവാഹത്തിനയക്കാൻ പിതാവിനും സാദ്ധ്യമല്ല. വിവിധങ്ങളായ സൗരഭ്യങ്ങളാൽ പിതാവു പുത്രനെ സുവാസിതനാക്കി, 'അഭിഷിക്ത'നാക്കി. മധുരഗന്ധങ്ങൾ പ്രസരിപ്പിച്ചുകൊണ്ടു മണവാളൻ വരുന്നു.



അപ്പോൾ മണവാട്ടി പ്രഖ്യാപിക്കുന്നു: 'അവിടുത്തെ മാറിടം വീഞ്ഞിനെക്കാൾ മധുരമത്രേ.' വി. ലിഖിതം സന്ദർഭമനുസരിച്ചു ഒരേ കാര്യത്തെ സൂചിപ്പിക്കാൻ തന്നെ വിവിധ പദങ്ങൾ ഉപയോഗിക്കും.

നിയമത്തിൽ ഒരു ബലിവസ്തുവിനെ സമർപ്പിക്കുമ്പോൾ അതിന്റെ അർത്ഥമെന്തെന്നു കാര്യമായി കാണിക്കാൻ വചനം ആഗ്രഹിക്കുന്നതിനാൽ 'അവിടുത്തെ മാറിടം വീഞ്ഞിനേക്കാൾ മധുരമത്രേ'എന്നു പറയുന്നു. എന്നാൽ ഒരാൾ യേശുവിൽ ചാരിയിരുന്നു സമ്പൂർണമായ മാനസ്സിക സംസർഗം അനുഭവിക്കുമ്പോൾ 'ചെറിയ മാറിടം' എന്നല്ല 'മടി' എന്നാണു പ്രയോഗിക്കാറുള്ളത്. വീണ്ടും വധു വരനോടു സംസാരിക്കുമ്പോൾ, ഒരു വിവാഹഗീതമാണ് ആരംഭിക്കുന്നത് എന്നതിനാൽ ബലിയിലെപ്പോലെ, 'ചെറിയ മാറിടം' എന്നോ, ശിഷ്യനായ യോഹന്നാനേപ്പോലെ മടി എന്നോ അല്ല, പിന്നെയോ, മാറിടം എന്നാണ്. 'നിന്റെ മാറിടം വീഞ്ഞിനേക്കാൾ ശ്രേഷ്ഠമാണ്.'

നിങ്ങളും മണവാട്ടിയെപ്പോലെ മണവാളനോട് ഏകമനസ്സായിരിക്കുക. അപ്പോൾ ഇത്തരം ചിന്തകൾ മനസ്സിനെ ലഹരിപിടിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുമെന്നു നിങ്ങൾക്കു മനസ്സിലാകും. 'കർത്താവിന്റെ ലഹരിപിടിപ്പിക്കുന്ന പാനപാത്രം! അതു മറെറന്തിനെക്കാളും നല്ലതാകുന്നു. എന്നു സങ്കീർത്തനത്തിൽ പറയുന്നുണ്ടല്ലോ (23: 5). അതുപോലെതന്നെ അവിടുത്തെ മാറിടം വീഞ്ഞിനെക്കാൾ മധുരമാകുന്നു' എന്നു മണവാട്ടി മണവാളനോടു പറയുന്നു. 'അങ്ങയുടെ ലേപനതൈലത്തിന്റെ പരിമളം മറെറല്ലാ സുഗന്ധവസ്തുക്കളുടെതിനെക്കാളും ഉപരിയാകുന്നു' എന്നും പറയുന്നു. അദ്ദേഹം എല്ലാ സുഗന്ധതൈലങ്ങളും ലേപനത്തിനുപയോഗിച്ചിട്ടുണ്ട്.

ദിവ്യമണവാളൻ എന്റെ ആത്മാവിനെയും തന്റെ മണവാട്ടിയാക്കാനും അവളുടെ സമീപം ആഗതനാകാനും തിരുമനസ്സാവുകയാണെങ്കിൽ അവൾ എത്ര സുന്ദരിയായിരിക്കണം. തന്റെ പ്രിയതമയെ സന്ദർശിക്കുന്നതിനുവേണ്ടി ദൈവകുമാരനെ സ്വർഗത്തിൽനിന്നു ഭൂമിയിലേക്ക് അവൾ ആകർഷിക്കണ്ടേ? പരിപൂർണയായ മണവാട്ടിയോട് അവിടുന്നു പറഞ്ഞകാര്യങ്ങൾ എന്റെ ആത്മാവിനോടും പറയണമെങ്കിൽ എത്രയോ ഉജ്ജ്വലമായ സൗന്ദര്യംകൊണ്ട് അവൾ അലംകൃതയായിരിക്കണം! എത്രയോ തീക്ഷ്ണമായ സ്നേഹാഗ്നികൊണ്ട് അവൾ ജ്വലിക്കണം! മണവാട്ടിയുടെ കഴുത്തിനെയും കണ്ണുകളെയും കവിളുകളെയും കൈകളെയും, തോളുകളെയും പാദങ്ങളെയുംകുറിച്ചെല്ലാം മണവാളൻ പറയുന്നുണ്ട്.[5] ദൈവം അനുവദിക്കുന്നപക്ഷം

www.malankaralibrary.com



ഈവക കാര്യങ്ങളെക്കുറിച്ചെല്ലാം നമുക്കു വിചിന്തനം ചെയ്യാം. വധുവിന്റെ ഓരോ അവയവത്തെക്കുറിച്ചും പ്രത്യേകമായി പരാമർശിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതെന്ത് എന്നു നോക്കണം. അതെല്ലാം ചിന്തിച്ചു മനസ്സിലാക്കിക്കഴിയുമ്പോൾ നമ്മുടെ ആത്മാവിനോടും ദിവ്യമണവാളൻ അതേ വിധത്തിൽ സംസാരിക്കാൻ നാം ആഗ്രഹിക്കും.

'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ മാധുര്യമുള്ളതാകുന്നു.' നിങ്ങൾ മണവാളനെ കണ്ടിട്ടുണ്ടെങ്കിൽ ഇവിടെ പറഞ്ഞകാര്യം സത്യമാണെന്നു നിങ്ങൾക്കു മനസ്സിലാകും. 'അവിടുത്തെ മാറിടം വീഞ്ഞിനേക്കാൾ മാധുര്യമുള്ളതാകുന്നു അവിടുത്തെ സുഗന്ധ വസ്തുക്കളുടെ പരിമളം സർവ്വാതിശായിയത്രേ.' സുഗന്ധദ്രവ്യങ്ങൾ പലയാളുകൾക്കും ഉണ്ടായിരുന്നു. ദക്ഷിണദിക്കിന്റെ രാജ്ഞി സോളമന്റെ പക്കൽ സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവന്നു.[6] വേറെ പലയാളുകൾക്കും അവയുണ്ടായിരുന്നു. എന്നാൽ മററാർക്കെല്ലാം എന്തെല്ലാം നിധികൾ ഉണ്ടായിരുന്നെങ്കിലും അവയൊന്നും ക്രിസ്തുവിന്റെ പരിമളങ്ങളോടു തുലനം ചെയ്യാവുന്നതായിരുന്നില്ല. മോശയ്ക്കും അഹറോനും മറെറല്ലാ പ്രവാചകന്മാർക്കും സുഗന്ധവസ്തുക്കൾ ഉണ്ടായിരുന്നുവെന്നു തോന്നുന്നു. എന്നാൽ ഞാൻ ഒരിക്കൽ ക്രിസ്തുവിനെ ദർശിക്കുകയും അദ്ദേഹത്തിന്റെ പക്കലുള്ള സുഗന്ധവസ്തുക്കളുടെ പരിമളം അനുഭവിക്കുകയും ചെയ്താൽ അപ്പോൾത്തന്നെ ഞാൻ ഇങ്ങനെ ഉദ്ഘോഷിക്കും: 'അങ്ങയുടെ സുഗന്ധവസ്തുക്കളുടെ പരിമളം സർവ്വോത്തമമാകുന്നു.'

4 'അങ്ങയുടെ നാമം പകർന്ന പരിമളതൈലംപോലെയാകുന്നു' (ഉത്തമ. 1: 3). ഈ വാക്കുകൾ ഒരു രഹസ്യം സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ നാമം പ്രഖ്യാപിക്കപ്പെടുമ്പോൾ, അതു തൂകിയ സുഗന്ധതൈലത്തിനു സമാനമത്രേ. ഒരു സ്ത്രീ സ്ഫടികപാത്രത്തിൽ കൊണ്ടുവന്ന വിലയേറിയ ജടാമഞ്ചി തൈലം യേശുവിന്റെ തലയിൽ ചൊരിഞ്ഞതായി പറയുന്നു. വേറൊരാൾ അവിടുത്തെ പാദങ്ങളിൽ സുഗന്ധതൈലം പൂശിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.[7] രക്ഷകന്റെ തലയിൽ തൈലം ചൊരിഞ്ഞതാരാണെന്നു നാം ശ്രദ്ധിക്കേണ്ടതാണ്. പാപിനിയായ സ്ത്രീ പാദത്തിൽ തൈലം പൂശി. പാപിനി എന്നു വിളിക്കപ്പെടാത്തവളാണ് തലയിൽ തൈലം തൂകിയതു്. ഈ സുവിശേഷപാഠത്തിൽ സുവിശേഷകന്മാർ ദിവ്യരഹസ്യങ്ങളാണു രേഖപ്പെടുത്തിയിട്ടുള്ളതു്; വെറും കഥകളും കെട്ടുകഥകളുമല്ല. 'തൈലത്തിന്റെ സുഗന്ധം ആ ഭവനം മുഴുവൻ വ്യാപിച്ചു' (യോഹ. 12: 3).



കുഷ്ഠരോഗിയായ ശെമയോനെയും അയാളുടെ ഭവനത്തെയും കുറിച്ചും അതേഭാഗത്തു പറയുന്നു. കുഷ്ഠരോഗി ഈ ലോകത്തിന്റെ പ്രഭു ആണ് എന്നെനിക്കു തോന്നുന്നു.[8] അയാളുടെ പേരു ശെമയോൻ എന്നാണെന്നും: പാപിനിയായ ഒരു സ്ത്രീ പശ്ചാത്തപിക്കുമ്പോഴും പാപിനിയല്ലാത്ത ഒരു സ്ത്രീ തൈലാഭിഷേകത്താൽ യേശുവിന്റെ ശിരസ്സിനെ ആദരിക്കുമ്പോഴും പരിമളപൂരിതമാകുന്നതു് അയാളുടെ ഭവനമാകുന്നു.

'അങ്ങയുടെ നാമം തൂകപ്പെട്ട സുഗന്ധതൈലംപോലെയാണ്.' പരിമളതൈലം തൂകപ്പെടുമ്പോൾ അതിന്റെ സൗരഭ്യം നാലുവശത്തേയ്ക്കും പ്രസരിക്കുന്നു. അതുപോലെ തന്നെയാണ് യേശുവിന്റെ നാമവും. എല്ലാ ദേശങ്ങളിലും അവിടുത്തെ തിരുനാമം മാറെറാലിക്കൊള്ളുന്നു, ലോകമെല്ലാം അവിടുന്നു പ്രസംഗിക്കപ്പെടുന്നു. യൂദയായുടെ അതിർത്തികൾക്കപ്പുറം പണ്ടു മോശയുടെ നാമം കേൾക്കപ്പെട്ടിരുന്നില്ല. എന്നാൽ ഇന്ന് ആ നാമവും എല്ലായിടത്തും നാം കേൾക്കുന്നു. ഗ്രീക്കുകാരുടെ ഗ്രന്ഥങ്ങളിൽ നാം മോശയെക്കുറിച്ചു വായിക്കുന്നില്ല. അദ്ദേഹത്തെയോ പഴയനിയമത്തിലെ മററു ചരിത്രപുരുഷന്മാരെയോ പററി അന്യമതസ്ഥരുടെ സാഹിത്യങ്ങളിലെങ്ങും ഒരു പ്രസ്താവവുമില്ല. എന്നാൽ യേശു ലോകത്തിന്മേൽ പ്രകാശിച്ചപ്പോൾ, അവിടുന്നു നിയമത്തെയും പ്രവാചകന്മാരെയും സകല ദിക്കിലേയ്ക്കും ആനയിച്ചു. അപ്പോൾ 'അങ്ങയുടെ നാമം തൂകപ്പെട്ട സുഗന്ധമാകുന്നു' എന്ന വചനങ്ങൾ സഫലീകൃതങ്ങളായി.

5. 'അതിനാൽ കന്യകമാർ അവിടുത്തെ പ്രേമിച്ചു' (ഉത്തമ. 1: 4). എന്തെന്നാൽ 'പരിശുദ്ധാത്മാവു നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം ചിന്തുന്നു' (റോമ. 5: 5). ചിന്തുന്നു എന്ന പ്രയോഗം ഇവിടെ യുക്തം തന്നെ. 'അവിടുത്തെ നാമം ചിന്തപ്പെട്ട സുഗന്ധതൈലം പോലെയാകുന്നു' എന്നു പറയുന്ന സന്ദർഭത്തിൽത്തന്നെ മണവാട്ടി കന്യകമാരെ കാണുന്നു. അവൾ മണവാളന്റെ പിതാവിനോടു പ്രാർത്ഥിച്ച സമയത്തും മണവാളനോടു നേരിട്ടു സംസരിച്ച സമയത്തും കന്യകമാർ അവളുടെകൂടെ ഉണ്ടായിരുന്നില്ല. എന്നാൽ അതു കഴിയുമ്പോൾ ഒരു സംഘം കന്യകമാർ വന്നുചേരുന്നു. അവരെ പ്രശംസിച്ചുകൊണ്ടു മണവാട്ടി പറയുന്നു: 'അതിനാൽ കന്യകമാർ അവിടുത്തെ പ്രേമിച്ചു; അവിടുത്തെ ആകർഷിച്ചു.' കന്യകമാർ മറുപടിയായി പറയുകയാണ്: 'അവിടുത്തെ സുഗന്ധവസ്തുക്കളുടെ പരിമളത്തിൽ ഞങ്ങൾ അവിടുത്തെ അനുധാവനം ചെയ്യും' (ഉത്തമ. 1: 4). മണവാട്ടിയുടെ പരിചാരികമാർക്കു മണവാട്ടിയുടെ ആത്മവിശ്വാസം ഇനിയും കൈവന്നിട്ടില്ല

www.malankaralibrary.com



എന്ന സൂചന എത്ര ചാതുര്യപൂർണമാണ്! മണവാട്ടി മണവാളനെ അനുഗമിക്കുകയല്ല, തൻെറ ഒപ്പം നടക്കുകയാണ്. അവൾ അവിടത്തെ വലതുകരം ഗ്രഹിച്ചിരിക്കുന്നു; മണവാളൻ തൻെറ വലതുകരത്തിൽ അവളുടെ കരവും. തോഴിമാർ അവരുടെ പിന്നാലെ നടക്കുന്നതേയുള്ളു. 'അറുപതു രാജ്ഞിമാരും എൺപതു് ഉപനാരിമാരും അസംഖ്യം കന്യകമാരും ഉണ്ടു്. എന്നാൽ എൻെറ മാടപ്രാവു്, എൻെറ പൂർണവതി ഒരുവൾ മാത്രം. അവളുടെ അമ്മയ്ക്കു് അവൾ ഏകപുത്രിയാണ്' (ഉത്തമ. 6:7f). 'അങ്ങയുടെ പിന്നാലെ, അങ്ങയുടെ സൗരഭ്യത്തിലേയ്ക്കു് ഞങ്ങൾ ഓടിയെത്തും.'

'അങ്ങയുടെ സൗരഭ്യത്തിലേയ്ക്കു ഞങ്ങൾ ഓടിയെത്തും' എന്ന ഈ വാക്കുകൾ കാമുകിമാരെ സംബന്ധിച്ച് ഇവിടെ പ്രയോഗിച്ചിരിക്കുന്നതു വളരെ സമീചീനമാകുന്നു. 'ഞാൻ എൻെറ ഓട്ടം പൂർത്തിയാക്കി. മത്സരത്തിൽ എല്ലാ ഓട്ടക്കാരും ഓടുന്നെങ്കിലും സമ്മാനം നേടുന്നതു് ഒരാൾ മാത്രം' എന്ന വാക്കുകളോടു്[9] അവ യോജിക്കുന്നു. ഇവിടെ പ്രസ്തുതമായ സമ്മാനം ക്രിസ്തുവാകുന്നു. നമുക്കറിയാവുന്നതുപോലെ, ഈ കന്യകമാർ പുറത്തുനിൽക്കുകയാണ്. എന്തെന്നാൽ അവരുടെ സ്നേഹം പ്രാരംഭഘട്ടം കഴിഞ്ഞിട്ടില്ല. അവർ മണവാളൻെറ ചങ്ങാതിമാർക്കു തുല്യരത്രേ. 'അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവൻെറ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു' (യോഹ. 3:29). കന്യകമാർക്കും ഇതിനു സമാനമായ അനുഭൂതിയാണുണ്ടാകുന്നതു്: മണവാളൻ മണവറയിൽ പ്രവേശിക്കുമ്പോൾ അവർ പുറത്തുനിൽക്കുന്നു.

എന്നാൽ, സുന്ദരിയും പരിപൂർണയും കളങ്കമോ ചുളിവുകളോ ഇല്ലാത്തവളും ആയ മണവാട്ടി മണവാളൻെറ മണിയറയിൽ, രാജാവിൻെറ രഹസ്യമായ ആ സ്ഥാനത്തു് പ്രവേശിച്ചതിനുശേഷം കന്യകമാരുടെ അടുത്തേയ്ക്കു തിരിച്ചു വരുന്നു. താൻ കണ്ട കാര്യങ്ങളെക്കുറിച്ച് അവൾ അവരോടു പറയുന്നു.

'രാജാവു തൻെറ മണിയറയിലേയ്ക്കു് എന്നെ ആനയിച്ചു' (ഉത്തമ. 1:4) എന്നു് ഏക വചനത്തിലാണ്, 'ഞങ്ങളെ ആനയിച്ചു' എന്നു ബഹുവചനത്തിലല്ല മണവാട്ടി പറയുക. മററു കന്യകമാരെക്കൂടാതെ മണവാട്ടിമാത്രം രാജാവിൻെറ മണവറയിലേയ്ക്കു് ആനയിക്കപ്പെടുകയാണ്, അവിടെയുള്ള അജ്ഞാത രഹസ്യനിധികൾ കണ്ടറിഞ്ഞിട്ടു് അവയെക്കുറിച്ചു കന്യകമാരോടു പറയാൻ.

മണവാട്ടി മണവാളൻെറ മണവറയിലേയ്ക്കു് ആനയിക്കപ്പെട്ടു് അവിടെയുള്ള, മണവാളൻെറ നിധികൾ കണ്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ മററു കന്യകമാർ—മണവാട്ടിയാകുന്നതിനുള്ള യോഗ്യത സമ്പാദിച്ചുകൊണ്ടിരിക്കുന്ന നല്ല ആത്മക്കൾ—മണവാട്ടിയുടെ പ്രത്യാഗമനം കാത്തു പുറത്തുനിൽക്കുകയാണ്, 'ഞങ്ങൾ സന്തോഷിക്കും, നിന്നിൽ ആഹ്ളാദിക്കും' എന്നു് ആലപിച്ചുകൊണ്ടു്. മണവാട്ടിയുടെ പരിപൂർണതയിലാണ് അവരുടെ ആഹ്ളാദം. സുകൃത വൈശിഷ്ട്യങ്ങളെ സംബന്ധിച്ച അസൂയ അവർക്കില്ല. അവരുടെ സ്നേഹം പരിശുദ്ധമാണ്. കുററമററതാണ്.



'ഞങ്ങൾ സന്തോഷിക്കും, നിന്നിൽ ആഹ്ളാദിക്കും. ഞങ്ങൾ അങ്ങയുടെ മാറിടത്തെ സ്നേഹിക്കും. കൂടുതൽ മഹത്വമാർന്നവൾ ആ മാറിടത്തിലെ ദുശ്ധം ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്.' അവൾ ആഹ്ളാദപൂർവം പറയുന്നു: 'അങ്ങയുടെ മാറിടം വീഞ്ഞിനെക്കാൾ മാധുര്യമുള്ളവയാണ്.' എന്നാൽ കാത്തുനിൽക്കുന്ന ഇവർ ചെറിയ കന്യകമാരായതുകൊണ്ടു് അവരുടെ സന്തോഷവും ആഹ്ളാദവും പ്രേമവും ഭാവിയിലേയ്ക്കു നീട്ടിവയ്ക്കുകയാണ്. അവർ പറയുന്നു: ഞങ്ങൾ സന്തോഷിക്കുകയും ആഹ്ളാദിക്കുകയും ചെയ്യും. ഞങ്ങൾ സ്നേഹിക്കും.—' 'ഞങ്ങൾ സ്നേഹിക്കുന്നു' എന്നല്ല, 'സ്നേഹിക്കും' എന്നാണ് അവർ പറയുന്നതു്, 'അവിടത്തെ മാറിടത്തെ. അവർ തുടർന്നു മണവാളനോടു പറയുന്നു: 'ന്യായം അങ്ങയെ സ്നേഹിച്ചു.' മണവാട്ടിയെ അവർ 'ന്യായം' എന്നു വിളിച്ചു പ്രശംസിക്കുന്നു. മണവാട്ടിയുടെ വ്യക്തിപരമായ സുകൃതങ്ങളുടെ സമവായത്തെ അവർ 'ന്യായം' എന്നു വിശേഷിപ്പിക്കുകയാണ്.

6. മണവാട്ടി കന്യകമാരോടു് പ്രത്യുത്തരമായി ഇങ്ങനെ പറയുന്നു: 'ജെറുസലേം പുത്രിമാരേ, ഞാൻ കറുത്തവളും സുന്ദരിയുമാകുന്നു.' കന്യകമാർ ജെറുസലേം പുത്രിമാരാണെന്നു നാം മനസ്സിലാക്കുന്നു. 'ജെറുസലേം പുത്രിമാരേ, ഞാൻ കറുത്തവളാണെങ്കിലും, കേദാറിലെ കൂടാരങ്ങൾപോലെയും സോളമൻെറ തിരശ്ശീലകൾ പോലെയും അഴകുള്ളവളാണ്. ഞാൻ മങ്ങിയ നിറമുള്ളവളായതുകൊണ്ടു്, വെയിലേററു്, ഇരുണ്ടുപോയതുകൊണ്ടു്, നിങ്ങൾ എന്നെ തുറിച്ചു നോക്കരുതേ' (ഉത്തമ. 1:5f) എന്നാണ് മണവാട്ടി തോഴിമാരോടു പറയുന്നതു്.

മണവാട്ടി സുന്ദരി തന്നെ. അവൾ സുന്ദരിയായതെങ്ങനെ എന്നു മനസ്സിലാക്കാനും നമുക്കു കഴിയും. എന്നാൽ അവൾ കറുത്തതായിരിക്കുന്നതു് എന്തുകൊണ്ടു് എന്നതും വെണ്മയില്ലാത്ത അവൾ സുന്ദരിയാകുന്നതെങ്ങനെ എന്നതുമാണു ചിന്തനീയം. അവൾ തൻെറ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചിട്ടുണ്ടു്.

www.malankaralibrary.com



പശ്ചാത്താപംമൂലമുള്ള മാനസാന്തരം അവൾക്കു നൽകിയതാണ് മത്രേ അവളുടെ സൗന്ദര്യം. സുന്ദരിയെന്ന് അവൾ സ്തുതിക്കപ്പെടാൻ കാരണം മറ്റൊന്നല്ല. എങ്കിലും അവൾ കറുമ്പി എന്നു വിളിക്കപ്പെടുന്നു. കാരണം ഇപ്പോഴും സകല പാപങ്ങളുടെയും കളങ്കം അവളിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. രക്ഷയിലേയ്ക്കു് അവൾ പ്രക്ഷാളനം ചെയ്യപ്പെട്ടു കഴിഞ്ഞിട്ടില്ല. എന്നാൽ അവൾ കറുമ്പിയായിത്തന്നെ കഴിയുകയല്ല, ധാവള്യം നേടിവരികയാണ്. ഉന്നതതരങ്ങളായ കാര്യങ്ങളെ ലക്ഷീകരിച്ച് അവൾ ഉയരുമ്പോൾ, ഹീനങ്ങളായവയിൽനിന്ന് ഉദാത്തങ്ങളായവയിലേയ്ക്കു് ആരോഹണം ചെയ്യുമ്പോൾ അവളെക്കുറിച്ച് അവർ പറയും, 'കഴുകി വെടിപ്പാക്കപ്പെട്ടവളായി ധാവള്യത്തോടെ മുന്നോട്ടുവരുന്ന ഇവൾ ആരാകുന്നു?' ഈ രഹസ്യം കൂടുതൽ വിശദമായി മനസ്സിലാക്കുന്നതിന് ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. 'പ്രിയതമന്റെ തോളിൽ ചാരിക്കൊണ്ട്' അവൾ വരുന്നുവെന്നല്ല—അങ്ങനെയാണ് ചില പകർപ്പുകളിൽ കാണുന്നതെങ്കിലും—'മാറിൽ ചാരിക്കൊണ്ട്' എന്നത്രേ തോഴിമാർ പറയുന്നത്. മാറിടമാണല്ലോ ഹൃദയത്തിന്റെ ആസ്ഥാനം. അതിനാൽ മാംസപരമായ കാര്യങ്ങളെ വജ്ജിച്ച് ആത്മാവിനെ സംബന്ധിച്ച കാര്യങ്ങൾ നാം ഗ്രഹിക്കണം. സ്നേഹിക്കാതിരിക്കുന്നതല്ല, ആത്മീയമായ രീതിയിൽ സ്നേഹിക്കുന്നതാണ് ശ്രേഷ്ഠം എന്നു നാം മനസ്സിലാക്കുകയും വേണം. അപ്പോൾ മണവാട്ടി 'പ്രിയതമന്റെ മാറിൽ ചാരിക്കൊണ്ട് വരുന്നു. ഗീതത്തിന്റെ ആദ്യഭാഗത്ത് 'കറുത്തവൾ' എന്നു വിശേഷിക്കപ്പെട്ട മണവാട്ടിയെക്കുറിച്ച് ആ വിവാഹഗീതത്തിന്റെ ഒടുവിൽ പറയപ്പെടുന്നത് 'കഴുകി വെടിപ്പാക്കപ്പെട്ട് വെണ്മയോടുകൂടി വരുന്നവൾ' എന്നാകുന്നു.

അപ്പോൾ മണവാട്ടി ഒരേസമയം കറുത്തവളും അഴകാന്നവളും ആയിരിക്കുന്നതെങ്ങനെ എന്നു നാം കണ്ടുകഴിഞ്ഞു. എന്നാൽ നിങ്ങൾ ഈ മണവാട്ടിയെപ്പോലെ പ്രായശ്ചിത്തം പരിശീലിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ആത്മാവു കറുത്തതും വികൃതവും എന്ന് ആക്ഷേപിക്കപ്പെടും. ഇരട്ടദുഷ്പേരാണ് നിങ്ങൾക്കു വരാൻ പോകുന്നത്: പഴയ പാപങ്ങൾമൂലമുള്ള കറുപ്പും പഴയ പാപങ്ങളിൽ തുടർന്നു ജീവിക്കുന്നതു മൂലമുള്ള വികൃതാവസ്ഥയും മൂലം ഉണ്ടാകുന്നത്. എന്നാൽ നിങ്ങൾ പശ്ചാത്തപിച്ചാൽ ആ സ്ഥിതി മാറുന്നു. പഴയ പാപങ്ങൾമൂലമുള്ള കറുപ്പ് അപ്പോഴും നിലനിൽക്കും. എന്നാൽ പശ്ചാത്താപംമൂലം ആത്മാവിനു സൗന്ദര്യം ലഭിക്കും. ആ സൗന്ദര്യത്തെ ഒരു 'എത്യോപ്യൻ സൗന്ദര്യം' എന്നു നമുക്കു



വിളിക്കാം. എത്യോപ്യൻ എന്ന വാക്കു പറയാനിടയായതുകൊണ്ട് അതിന്റെ സൂചന വ്യക്തമാക്കാൻ വി.ഗ്രന്ഥത്തിൽ നിന്ന് ഒരു വാക്യം ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 'മോശയുടെ ഭാര്യ എത്യോപ്യക്കാരിയായിരുന്നതുകൊണ്ട് മിറിയവും അഹറോനും മോശക്കെതിരായി പിറുപിറുത്തു' (സംഖ്യ. 12:1). മോശ ഒരു എത്യോപ്യാക്കാരിയെ ഭാര്യയായി സ്വീകരിച്ചു. തന്റെ നിയമം നമ്മുടെ ഗീതത്തിലെ എത്തിയോപ്യാക്കാരിയെയും ഉൾക്കൊള്ളത്തക്കവിധം വിശാലമായതുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തത്. യഹൂദ പൗരോഹിത്യമാകുന്ന അഹറോനും യഹൂദരുടെ സിനഗോഗുകളാകുന്ന മിറിയവും അതിനെതിരായി പിറുപിറുത്തുകൊള്ളട്ടെ. അവരുടെ പിറുപിറുക്കലുകളെ മോശ തരിമ്പും പരിഗണിക്കുന്നില്ല. എത്യോപ്യക്കാരിയായ തന്റെ പത്നിയെ അദ്ദേഹം സ്നേഹിക്കുക തന്നെ ചെയ്യുന്നു. അവളെക്കുറിച്ച് പ്രവാചകന്റെ വാക്കുകളിൽ വേറൊരിടത്തു വേദപുസ്തകം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു, 'എത്യോപ്യായിലെ നദികളുടെ ഉത്ഭവസ്ഥാനങ്ങളിൽനിന്ന് അവർ ഉപഹാരങ്ങൾ കൊണ്ടുവരും.' വേറൊരിടത്തു് ഇങ്ങനെ പറയുന്നു: 'എത്യോപ്യാ ദൈവത്തിങ്കലേയ്ക്കു് കരം നീട്ടും.'[10] അവൾ ആദ്യം കരം നീട്ടും എന്നു പറഞ്ഞതു യുക്തംതന്നെ. സിനഗോഗ്ഭരണാധികാരിയുടെ മകളെക്കാൾ മുമ്പായി രക്തസ്രാവമുള്ള സ്ത്രീ നമ്മുടെ കർത്താവിന്റെ ശ്രദ്ധയ്ക്കു വിഷയമായി എന്നു സുവിശേഷത്തിൽ പറയുന്നുണ്ടല്ലോ(മത്താ.9:18ff). അതുപോലെ ഇസ്രായേൽ രോഗബാധിതമായിരിക്കുമ്പോൾ തന്നെ എത്യോപ്യാ സുഖപ്പെടുത്തപ്പെട്ടു. 'ഇസ്രായേൽക്കാരുടെ പാപം നിമിത്തം വിജാതീയർക്കു രക്ഷ ലഭിച്ചു. തന്മൂലം അവർക്കു വിജാതീയരോട് അസൂയ ഉളവായി' (റോമ. 11:11).

ജെറൂസലെം പുത്രിമാരേ, ഞാൻ കറുത്തവളും സുന്ദരിയുമാകുന്നു. സഭയിലെ വിശ്വാസി, നിങ്ങൾ ജെറൂസലെം പുത്രിമാരെ സംബോധന ചെയ്തുകൊണ്ടു പറയുക: 'നിങ്ങളെ സ്നേഹിക്കുന്നതിലധികമായി മണവാളൻ എന്നെ സ്നേഹിക്കുന്നു. ജെറൂസലെത്തിന്റെ പുത്രിമാരായ നിങ്ങൾ പുറത്തുനിൽക്കുകയും മണവാട്ടി മണവറയിലേക്കു പ്രവേശിക്കുന്നതു വീക്ഷിക്കുകയും ചെയ്യുന്നു.'

കറുത്തവളെ സുന്ദരിയെന്നു വിളിച്ചതുകൊണ്ട്, കറുപ്പാണു സൗന്ദര്യം എന്ന് ആരും കരുതരുത്. ദൈവത്തെ ഏറ്റുപറയുക എന്നതാണ് നമ്മുടെ അസ്തിത്വത്തിന്റെ ലക്ഷ്യം. ദൈവസ്തുതി ഗാനങ്ങൾ ആലപിക്കാൻ വേണ്ടി നാം ജീവിക്കുന്നു. എത്യോപ്യായുടെ അങ്ങേ അറ്റത്തു

www.malankaralibrary.com



നിന്നു്, ഭൂമിയുടെ അതിർത്തികളിൽനിന്നു് യഥാർത്ഥ സോളമന്റെ_സമാധാന ദൂതന്റെ_വിജ്ഞാന വചനങ്ങൾ ശ്രവിക്കാൻവേണ്ടി വന്നെത്തുന്നവരാകണം നാം.

'ദക്ഷിണ ദേശത്തിന്റെ രാജ്ഞി വിധിദിവസത്തിൽ ഈ തലമുറയോടൊത്ത് ഉയിർപ്പിക്കപ്പെടുകയും ഇതിനെ കററം വിധിക്കുകയും ചെയ്യും. എന്തെന്നാൽ സോളമന്റെ വിജ്ഞാനം ശ്രവിക്കാൻ അവൾ ഭൂമിയുടെ അതിർത്തികളിൽനിന്നു വന്നെത്തി. ഇതാ ഇവിടെ സോളമനെക്കാൾ വലിയവൻ' (മത്താ. 12:42) എന്ന വാക്കുകൾ നമ്മുടെ രക്ഷകന്റെ ശബ്ദത്തിൽ ഇടിമുഴക്കംപോലെ ഉയർന്നുകേൾക്കുമ്പോൾ, അതിന്റെ രഹസ്യാത്മകമായ അർത്ഥമെന്തെന്നു് നിങ്ങൾ മനസ്സിലാക്കണം. ഭൂമിയുടെ അതിർത്തിയിൽനിന്നു വരുന്ന ദക്ഷിണദിക്കിന്റെ രാജ്ഞി സഭയത്രേ. അവൾ വിധിക്കുന്ന 'ഈ തലമുറയിലെ ആളുകൾ' യഹൂദന്മാരാകുന്നു, മാംസരക്തങ്ങളുടെ അഭിലാഷങ്ങൾക്കടിപ്പെട്ടു ജീവിക്കുന്നവർ. സഭയാകുന്ന രാജ്ഞി ഭൂമിയുടെ അതിർത്തിയിൽനിന്നു വന്നെത്തുന്നതു പഴയനിയമത്തിൽ നാം വായിക്കുന്ന സോളമന്റെ വചനങ്ങൾ ശ്രവിക്കാനല്ല, സോളമനെക്കാൾ വലിയവനെന്നു സുവിശേഷം സാക്ഷ്യപ്പെടുത്തുന്ന രക്ഷകന്റെ വിജ്ഞാനവചനങ്ങൾ ശ്രവിക്കാനാകുന്നു.

ജെറൂസലെം പുത്രിമാരേ, ഞാൻ കറുത്തവളാണെങ്കിലും, കേദാറിലെ കൂടാരങ്ങൾ പോലെയും സോളമന്റെ തിരശ്ശീലകൾ പോലെയും അഴകുള്ളവളാണ്.' ഇവിടെനിർദിഷ്ടമായ പേരുകൾതന്നെ മണവാട്ടിയുടെ ചാരുതയോടു ചേർന്നുപോകുന്നവയാണ്. 'കേദാർ' എന്നതു് ഇരുട്ടിനെ സൂചിപ്പിക്കുന്ന പദമാണെന്നത്രേ ഹെബ്രായക്കാർ പറയുന്നതു്. 'സോളമന്റെ തിരശ്ശീലകൾപോലെ അഴകാർന്നവൾ.' ഏററവും അധികമായ ശ്രദ്ധയോടും ക്ലേശത്തോടും കൂടെ, താൻ ദേവാലയം പണിയിച്ചുകൊണ്ടിരുന്നപ്പോൾ, സമാഗമകൂടാരത്തിനു് അലങ്കാരാവരണമായി സോളമൻ തയ്യാറാക്കിയവയാണു തിരശ്ശീലകൾ. സോളമൻ വളരെ വളരെ സമ്പന്നനായിരുന്നു; ഏതെങ്കിലും വിജ്ഞാനശാഖയിൽ അദ്ദേഹത്തെ അതിശയിക്കാൻ കഴിയുന്ന ഒരാളും ഉണ്ടായിരുന്നില്ല.

'ജെറൂസലെം പുത്രിമാരേ, ഞാൻ കറുത്തവളെങ്കിലും സുന്ദരിയാകുന്നു; കേദാറിലെ കൂടാരങ്ങൾപോലെയും സോളമന്റെ തിരശീലകൾപോലെയും ഞാൻ കറുത്തവളായതുകൊണ്ടു നിങ്ങൾ എന്നെ തുറിച്ചുനോക്കരുതേ' എന്നു മണവാട്ടി പറയുന്നു. തന്റെ കറുപ്പുനിറത്തെക്കുറിച്ചു ക്ഷമാപണത്തിന്റെ സ്വരത്തിലാണു മണവാട്ടി പറയുന്നതു്. പശ്ചാത്താപംമൂലം മെച്ചപ്പെട്ടു



ഒരവസ്ഥയിൽ അവൾ എത്തിച്ചേരുന്നു. താൻ കറുത്തവളാണെങ്കിലും സുന്ദരിയാണെന്നു് അവൾ ജെറൂസലെം പുത്രിമാരെ അറിയിക്കുന്നു. അവൾ തുടരുന്നു: 'ഞാൻ കറുത്തവളായതുകൊണ്ടു നിങ്ങൾ എന്നെ തുറിച്ചു നോക്കരുതേ.' എനിക്കു വല്ലാത്തൊരു നിറമുള്ളതുകൊണ്ടു് നിങ്ങൾ അമ്പരക്കരുതു്. സൂര്യൻ അമർഷംപൂണ്ടു നോക്കിയതുകാരണമാണെനിക്കു നിറംമാററം. സൂര്യന്റെ ഉഗ്രമായ ശോഭ അതിന്റെ പൂർണ തീക്ഷ്ണതയോടുകൂടി എന്റെമേൽ പതിച്ചു. ആ താപംകൊണ്ടു് എന്റെ നിറം ഇരുണ്ടു. സൂര്യന്റെ പ്രകാശം ഞാൻ എന്നിലേക്കു സ്വീകരിച്ചില്ല. അതായിരുന്നു ഞാൻ ചെയ്യേണ്ടതും സൂര്യന്റെ അന്തസ്സിനു യോജിച്ചതും.

'ഇസ്രായേൽക്കാരുടെ പാപംനിമിത്തം വിജാതീയർക്കു രക്ഷ ലഭിച്ചു.' വീണ്ടും, 'അവരുടെ അനുസരണക്കേടു നിമിത്തം നിങ്ങൾക്കു ദയ ലഭിച്ചു.' ഈ രണ്ടു വാക്യങ്ങളും അപ്പസ്തോലന്റെ ലേഖനത്തിലുള്ളതാകുന്നു (റോമ. 11:11.31).

7. 'എന്റെ മാതൃപുത്രന്മാർ എനിക്കെതിരായി യുദ്ധം ചെയ്തു' (ഉത്തമ. 1:6). മണവാട്ടി ഈ വാക്കുകൾ പറയുന്നതു് എന്തർത്ഥത്തിലാണെന്നു് ഇനി നമുക്കു ചിന്തിക്കാം. ഏതു സമയത്താണു സഹോദരന്മാർ ഈ ആക്രമണം പ്രയോഗിച്ചതു്? സഹോദരൻ മണവാട്ടിക്കെതിരായി ആക്രമണം നടത്തിയതു മനസ്സിലാകണമെങ്കിൽ സഭയുടെ പീഡകനായ പൗലോസിന്റെ കാര്യം പരിഗണിച്ചാൽ മതി (നടപടി. 8:3). എന്നാൽ ആ പീഡകന്മാർ പിന്നീടു് അനുതപിക്കുകയും സഹോദരിയുടെ പതാകയ്ക്കു കീഴിൽ അണിനിരക്കുകയും ചെയ്തിട്ടുണ്ടു്; മുമ്പു് നശിപ്പിക്കാൻ ശ്രമിച്ച വിശ്വാസം പ്രസംഗിക്കാൻ അവർ മുന്നോട്ടു വന്നു. ഇക്കാര്യം മുൻകൂട്ടി കണ്ടുകൊണ്ടാണു് ഇവിടെ മണവാട്ടി പറയുന്നതു്: 'അവർ എന്നോടു കോപിച്ചു. എന്നെ മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയാക്കി. എന്നാൽ എന്റെ സ്വന്തം മുന്തിരിത്തോട്ടം ഞാൻ കാത്തുസൂക്ഷിച്ചില്ല' (ഉത്തമ. 1:6). സഭ പറയുകയാണു്, 'ഞാൻ, സഭ, കളങ്കമില്ലാത്തവൾ എന്റെ സഹോദരന്മാരാൽ അനേകം മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയായി നിയമിക്കപ്പെട്ടു. അവർ ഒരു കാലത്തു് എനിക്കെതിരായി യുദ്ധം ചെയ്തവരത്രേ. അനേകം മുന്തിരിത്തോട്ടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയും ക്ലേശങ്ങളുംമൂലം വിഷമിച്ചു ഞാൻ എന്റെ സ്വന്തം മുന്തിരിത്തോട്ടം വേണ്ടവിധം സംരക്ഷിച്ചില്ല.'

വി. പൗലോസിനോടോ മററുള്ളവരുടെ ആത്മാക്കളെ രക്ഷിക്കുന്നതിൽ താല്പര്യമുള്ള വേറെ ഏതെങ്കിലും വിശുദ്ധനോടോ ബന്ധപ്പെടുത്തി ഈ വാക്കുകളുടെ അർത്ഥം വിചിന്തനം

www.malankaralibrary.com



ചെയ്യുക. മററുള്ളവരുടെ മുന്തിരിത്തോപ്പുകളെ സംരക്ഷിക്കാനുള്ള ഉത്സാഹത്തിൽ സ്വന്തമായതിനെ എങ്ങനെ അവഗണിക്കുന്നു എന്ന് അപ്പോൾ വ്യക്തമാകും. പൗലോസ് സ്വതന്ത്രനായിരുന്നെങ്കിലും എല്ലാവരെയും നേടുന്നതിനുവേണ്ടി എല്ലാവരുടെയും ദാസനായി; ദുർബ്ബലന്മാർക്കു ദുർബലനായി, യൂദന്മാർക്കു യൂദനായി, നിയമത്തിൻകീഴുള്ളവരെ നേരിടേണ്ടതിനു നിയമത്തിനു വിധേയനല്ലെന്നിരിക്കിലും, അവരെപ്പോലെയായി (1 കൊറി.9:19ff). ചുരുക്കത്തിൽ 'ഞാൻ എന്റെ മുന്തിരിത്തോട്ടം സൂക്ഷിച്ചില്ല' എന്ന് അദ്ദേഹത്തിനു പറയാൻ കഴിയും.

അനന്തരം മണവാട്ടി മണവാളനെ കാണുന്നു. എന്നാൽ, താമസിയാതെ തന്നെ മണവാളൻ ദൂരെ പോകുന്നു. കഥയിൽ ഇടയ്ക്കിടെ മണവാളൻ ഇങ്ങനെ ചെയ്യുന്നുണ്ട്. സ്വയം അനുഭവം ഉണ്ടായിട്ടില്ലാത്ത ആളുകൾക്കു മനസ്സിലാക്കാൻ വിഷമമുള്ള ഒരു കാര്യമാണിത്. ആത്മീയ മണവാളൻ എന്റെ അടുത്തു വരുകയും അവിടുത്തെ സാന്നിധ്യം ഏററവും തീക്ഷ്ണമായ വിധത്തിൽ ഞാൻ അനുഭവിക്കുകയും ചെയ്തതിനു് എനിക്കു ദൈവം സാക്ഷിയാകുന്നു. എന്നാൽ അവിടുന്നു പെട്ടെന്നു തിരോഭൂതനായി. എത്ര തേടിയിട്ടും അവിടുത്തെ കണ്ടെത്താൻ എനിക്കായില്ല. അവിടുന്നു വീണ്ടും വരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ചിലപ്പോഴെല്ലാം ആ ആഗ്രഹം സാധിതമാവുകയും ചെയ്യുന്നു. അവിടുന്നു പ്രത്യക്ഷനാവുകയും ഞാൻ അവിടുത്തെ പിടികൂടുകയും ചെയ്തു കഴിയുമ്പോൾ അവിടുന്നു വഴുതിമാറിക്കളയുന്നു. അപ്പോൾ അവിടുത്തേയ്ക്കുവേണ്ടിയുള്ള എന്റെ അന്വേഷണം വീണ്ടും ആരംഭിക്കുന്നു. ഈ രീതിയിലുള്ള അനുഭവം പലപ്രാവശ്യം ആവർത്തിക്കപ്പെടുകയാണ്. ഒടുവിൽ അവിടുത്തെ സ്ഥിരമായി പിടികൂടുവാനും പ്രിയതമന്റെ തോളിൽചാരിക്കൊണ്ട് ഉന്നതങ്ങളിലേക്കു പോകുവാനും എനിക്കു കഴിയും.

8. 'എന്റെ ആത്മാവിന്റെ സ്നേഹഭാജനമേ, എന്നോടു പറയൂ, എവിടെയാണ് അങ്ങ് ആട്ടിൻപററങ്ങളെ മേയിക്കുന്നത്? അങ്ങയുടെ മധ്യാഹ്നവിശ്രമസ്ഥലം എവിടെയാണ്?' (ഉത്തമ. 1:7). മററു സമയങ്ങളെക്കുറിച്ചു ഞാൻ അന്വേഷിക്കുന്നില്ല. പ്രഭാതത്തിലോ സായാഹ്നത്തിലോ സൂര്യാസ്തമനവേളയിലോ അങ്ങു മേയിക്കുന്നതെവിടെയാണെന്നു ഞാൻ അന്വേഷിക്കുന്നില്ല. മദ്ധ്യാഹ്നവേളയിലെ കാര്യം മാത്രമാണ് എനിക്കറിയേണ്ടത്; പ്രകാശം ഏററവും തീക്ഷ്ണമായിരിക്കുന്ന, അങ്ങയുടെ പ്രതാപം അത്യുച്ചാവസ്ഥയിലായിരിക്കുന്ന സമയത്തെക്കാര്യം മാത്രം.

മദ്ധ്യാഹ്നത്തെക്കുറിച്ചു വേറെ ഏതെല്ലാം സന്ദർഭങ്ങളിലാണു നിങ്ങൾ വായിച്ചിട്ടുള്ളതെന്നു ശ്രദ്ധാപൂർവം ഓർത്തു



നോക്കുക. യൗസേപ്പിന്റെ കഥയിൽ അദ്ദേഹത്തിന്റെ സഹോദരന്മാർ സദ്യകഴിക്കുന്നത് ഉച്ചനേരത്താണ് (ഉല്പ. 43:16-25). മദ്ധ്യാഹ്നവേളയിൽ അബ്രഹാം ദൈവദൂതന്മാരെ സൽക്കരിച്ചു (ഉല്പ. 11:1). ഇതുപോലെ വേറെയും ഉദാഹരണങ്ങളുണ്ട്. നിങ്ങൾ സൂക്ഷ്മമായി ചിന്തിക്കുന്ന പക്ഷം, വി. ലിഖിതം ക്രമമില്ലാതെയും ലക്ഷ്യമില്ലാതെയും ഒരു വാക്കുപോലും ഒരിക്കലും ഉപയോഗിക്കാറില്ലെന്നു മനസ്സിലാകും. മധ്യാഹ്നം പ്രാപിക്കുന്നതിനും മണവാളൻ ഉച്ചസമയത്ത് ആടുകളെ മേയ്ക്കുകയും വിശ്രമിക്കുകയും ചെയ്യുന്ന സ്ഥലം കണ്ടറിയുന്നതിനും യോഗ്യനായി നിങ്ങളിൽ ആരുണ്ട് എന്നു നിങ്ങൾ വിചാരിക്കുന്നു?

'എന്റെ ആത്മാവിന്റെ സ്നേഹഭാജനമേ, അങ്ങ് മധ്യാഹ്നത്തിൽ ആടുകളെ മേയിക്കുന്നതും വിശ്രമിക്കുന്നതും എവിടെയാകുന്നു? അങ്ങ് പറഞ്ഞുതന്നില്ലെങ്കിൽ ഞാൻ അങ്ങയെ അന്വേഷിച്ച് അങ്ങുമിങ്ങും നടക്കും. അങ്ങയെത്തേടി നടക്കുന്നതിനിടയിൽ മററുള്ളവരുടെ ആട്ടിൻ പററങ്ങളുടെ പിന്നാലെ ഞാൻ ഓടാൻ ഇടയാകും. അന്യരെ കാണുമ്പോൾ എനിക്കു ലജ്ജയുണ്ടാകുമെന്നതിനാൽ എനിക്ക് എന്റെ മുഖം ആവരണം ചെയ്യേണ്ടിവരും. ഞാൻ യഥാർത്ഥത്തിൽ സുന്ദരിയായ വധുവാകുന്നു. അങ്ങയെ അല്ലാതെ മററാരെയും എന്റെ നഗ്നമായ മുഖം ഞാൻ കാണിക്കുകയില്ല. അങ്ങയെ ഇപ്പോൾ ഞാൻ മൃദുവായി ചുംബിച്ചതേയുള്ളൂ.

മധ്യാഹ്നത്തിൽ അങ്ങ് ആടുകളെ മേയ്ക്കുന്നതും വിശ്രമിക്കുന്നതും എവിടെയാണെന്ന് എന്നോടു പറഞ്ഞില്ലെങ്കിൽ 'എനിക്കു മുഖാവരണമണിഞ്ഞു സഞ്ചരിക്കുകയും അങ്ങയുടെ ചങ്ങാതിമാരുടെ ആട്ടിൻകൂട്ടങ്ങൾക്കടുത്ത് അലഞ്ഞു നടക്കുകയും ചെയ്യേണ്ടിവരും (ഉത്തമ. 1:7). ആ ദുരനുഭവങ്ങൾ എനിക്കുണ്ടാകാതിരിക്കാൻവേണ്ടി, അന്യരുമായി ഇടപഴകി, ഇന്നെനിക്കജ്ഞാതരായ ആരെയെങ്കിലും സ്നേഹിക്കുകയെന്ന ആപത്തിൽ ഞാൻ ചെന്നുകപ്പെടാതിരിക്കാൻവേണ്ടി, മധ്യാഹ്നസമയത്ത് അങ്ങ് എവിടെയായിരിക്കുമെന്ന് എന്നോടു പറയുക. ഞാൻ അവിടെവന്ന് അങ്ങയെ കണ്ടെത്തട്ടെ.

മുകളിൽപ്പറഞ്ഞ വാക്കുകൾക്കുശേഷം മണവാളൻ മണവാട്ടിക്ക് ഒരു താക്കീതു കൊടുക്കുന്നതായിട്ടാണു നാം കാണുന്നത്. മണവാളൻ പറയുന്നു: 'ഒന്നുകിൽ നീ നിന്നെത്തന്നെ ശരിക്കു മനസ്സിലാക്കണം. നീ രാജാവിന്റെ മണവാട്ടിയും സുന്ദരിയുമാകുന്നു. നിന്നെ സുന്ദരിയാക്കിയതു ഞാൻതന്നെ. 'കളങ്കമോ ചുളിവോ ഇല്ലാത്ത മഹത്ത്വം നിറഞ്ഞ ഒരു സഭയെ എനിക്കുതന്നെ ഞാൻ സമ്മാനിച്ചു' (എഫേ. 5:27) എന്നതാണ് ആ

www.malankaralibrary.com



സൗന്ദര്യത്തിനടിസ്ഥാനം. നീ നിന്നെക്കുറിച്ചുതന്നെ ശരിക്കു മനസ്സിലാക്കിയില്ലെങ്കിൽ, നിന്റെ പദവിയുടെ ഔന്നത്യം എന്തെന്നു ധരിച്ചില്ലെങ്കിൽ, താഴെപ്പറയുന്ന ക്ലേശങ്ങൾ നിനക്ക് അനുഭവിക്കേണ്ടിവരും.' എന്താണവ?

'സ്ത്രീകളിൽ സുന്ദരിയായവളേ, നീ നിന്നെത്തന്നെ മനസ്സിലാക്കുന്നില്ലെങ്കിൽ ആട്ടിൻപററങ്ങളുടെ കാൽപ്പാടുകൾ നോക്കി സഞ്ചരിക്കുക, നിന്റെ കോലാടുകളെ മേയിക്കുക' (ഉത്തമ. 1:9). ചെമ്മരിയാടുകളുടെയോ ചെമ്മരിയാട്ടിൻ കുട്ടികളുടെയോ പററങ്ങളെയല്ല, കോലാട്ടിൻ സമൂഹങ്ങളെയാണു മേയിക്കേണ്ടിവരുക–'താൻ ചെമ്മരിയാടുകളെ വലത്തുവശത്തും കോലാടുകളെ ഇടത്തുവശത്തും നിറുത്തും' (മത്താ. 25:33) എന്നതു നിശ്ചയം. 'നിന്റെ കോലാടുകളെ ഇടയന്മാരുടെ കൂടാരങ്ങൾക്കരികിൽ മേയിക്കുക' എന്നാണ് മണവാളൻ പറയുന്നത്. നീ ഒടുവിൽ 'ആട്ടിൻ പററങ്ങളുടെ കാല്പാടുകളുടെ മധ്യത്തിലായിരിക്കും. ചെമ്മരിയാടുകളുടെ മധ്യത്തിലല്ല, കോലാടുകളുടെ മധ്യത്തിൽ. നീ അവയുടെ മധ്യത്തിലായിരിക്കുന്ന കാലത്തോളം നല്ല ഇടയനായ എന്നോടൊപ്പമായിരിക്കാൻ നിനക്കു കഴിയുകയില്ല.'

'ഫറവോയുടെ രഥങ്ങൾക്കിടയിലെ എന്റെ കുതിരസവാരിക്കാരോടു നിന്നെ ഞാൻ ഉപമിക്കുന്നു' (ഉത്തമ. 1:9). അല്ലയോ മണവാട്ടീ, നീ നിന്നെത്തന്നെ അറിയേണ്ടതെങ്ങനെയാണെന്നു മനസ്സിലാക്കണമെങ്കിൽ, ഞാൻ നിന്നെ ആരോടാണു തുല്യപ്പെടുത്തിയിരിക്കുന്നതെന്നു നീ മനസ്സിലാക്കുക. നിന്റെ തുല്യത എന്തിനോടാണെന്നു ധരിച്ചു കഴിയുമ്പോൾ, അനാദരണീയയല്ല നീ എന്നു വ്യക്തമാകും.' പ്രവാചകന്റെ വാക്കുകളിൽ മണവാളൻതന്നെ കുതിരസവാരിക്കാരനോട് ഉപമിക്കപ്പെട്ടിരിക്കുന്നു എന്നെനിക്കറിയാം: 'കർത്താവേ അങ്ങയുടെ കുതിരസവാരി രക്ഷയാകുന്നു' (ഹബ. 3:8). അങ്ങനെ മണവാട്ടി 'ഫറവോയുടെ രഥങ്ങളുടെയിടയിലുള്ള കർത്താവിന്റെ കുതിരസവാരിക്കാരോട്' ഉപമിക്കപ്പെട്ടിരിക്കുകയാണ്. കർത്താവായ ദൈവത്തിന്റെ കുതിരസവാരിക്കാർ ഫറവോന്റെ കുതിരസവാരിക്കാരിൽനിന്നു വിഭിന്നരാണല്ലോ. ആദ്യത്തെ കൂട്ടർ രണ്ടാമത്തെ കൂട്ടരെ ചെങ്കടൽത്തിരകളിൽ മുക്കിക്കൊല്ലുന്നു. മണവാട്ടി മറെറല്ലാ കന്യകമാരിൽനിന്നും ഉന്നതയാകുന്നു. സഭയിലെ അംഗമായ ആത്മാവിന് മറെറല്ലാ ആത്മാക്കളെക്കാളും ശ്രേഷ്ഠതയുണ്ട്.

മണവാളൻ അടുത്തതായി മണവാട്ടിയുടെ സൗന്ദര്യത്തെ ആധ്യാത്മിക പ്രേമത്തിന്റേതായ വാക്കുകളിൽ വിവരി-



ക്കുന്നു: 'കാട്ടുപ്രാവിന്റേതിനു തുല്യമാണു നിന്റെ കവിൾത്തടങ്ങൾ' (ഉത്തമ. 1:10). മണവാട്ടിയുടെ മുഖത്തെ പ്രശംസിക്കുകയാണ്. റോസാപ്പൂവുപോലുള്ള അവളുടെ കവിൾത്തടങ്ങൾ അദ്ദേഹത്തിൽ അതിയായ കൗതുകം ഉണർത്തുന്നു. ഒരു സ്ത്രീയുടെ സൗന്ദര്യം പ്രധാനമായും അവളുടെ കവിളുകളിൽ കുടികൊള്ളുന്നു എന്നാണു കരുതപ്പെടുന്നത്. അതിനാൽ ഇവിടെ പരാമൃഷ്ടമായ കപോലങ്ങൾ ആത്മാവിന്റെ സൗന്ദര്യം വെളിപ്പെടുത്തുന്നു. എന്നാൽ ചുണ്ടുകളും നാവും ബുദ്ധിശക്തിയെ പ്രതിനിധാനം ചെയ്യുന്നു എന്നും കരുതണം.

'നിന്റെ കഴുത്തു കണ്ഠാഭരണംപോലെ സുന്ദരമാകുന്നു' (ഉത്തമ. 1:10). ആഭരണമൊന്നും ധരിക്കാത്തപ്പോഴും നിന്റെ കഴുത്തു സുന്ദരമാണ്. ഒരു കണ്ഠാഭരണത്തിന്റെ അഴക് അതിനുണ്ട്. കന്യകമാർ സാധാരണ ധരിക്കാറുള്ള മുത്തുമാല ('ഹോർമിസ്ക്കോസ്') എന്ന ആഭരണമാണിവിടെ സൂചിതം.

ഇത്രയും കാര്യങ്ങൾക്കുശേഷം മണവാളൻ വിശ്രമിക്കുന്നു. 'അവൻ ഒരു സിംഹത്തെപ്പോലെ വിശ്രമിക്കുന്നു. ഒരു സിംഹക്കുട്ടിയെപ്പോലെ അവൻ ഉറങ്ങുന്നു.' യഥാസമയം നമുക്കു കേൾക്കാൻ കഴിയും: 'അവനെ ഉണർത്താൻ ആർ ധൈര്യപ്പെടും?' (സംഖ്യ. 24:9). മണവാളൻ വിശ്രമിക്കുമ്പോൾ തന്റെ ചങ്ങാതിമാരായ മാലാഖമാർ മണവാട്ടിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. അവർ ഈ വാക്കുകൾകൊണ്ടു മണവാട്ടിയെ ആശ്വസിപ്പിക്കുന്നു: 'നിനക്കു സ്വർണാഭരണങ്ങൾ ഉണ്ടാക്കിത്തരാൻ ഞങ്ങൾക്കു കഴിവില്ല–ഞങ്ങൾ മണവാളനോളം സമ്പത്തുള്ളവരല്ല. മണവാളൻ നിനക്കു സ്വർണംകൊണ്ടുള്ള കണ്ഠാഭരണം തരും. ഞങ്ങളുടെ കൈവശം സ്വർണ്ണാഭരണങ്ങൾ ഇല്ലാത്തതുകൊണ്ടു ഞങ്ങൾ സ്വർണ്ണാഭരണങ്ങളുടെ അനുകരണങ്ങൾ ഉണ്ടാക്കിത്തരാം. എന്നാൽ ഞങ്ങൾ അത്തരം അനുകരണങ്ങളും വെള്ളികൊണ്ടുള്ള മൊട്ടുകളും ഉണ്ടാക്കിയാൽ അതുതന്നെ ആഹ്ലാദത്തിനു കാരണമാണ്. 'വെള്ളിപതിച്ച സ്വർണ്ണാഭരണാനുകരണങ്ങൾ നിനക്കു ഞങ്ങൾ ഉണ്ടാക്കിത്തരാം' (ഉത്തമ. 1:11). എന്നാൽ ഇത് എക്കാലത്തേക്കുമുള്ളതല്ല. മണവാളൻ തന്റെ വിശ്രമത്തിൽ നിന്നുണരുന്നതുവരെമാത്രം. താൻ ഉണർന്നുകഴിയുമ്പോൾ നിനക്കായി വെള്ളിസ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കിത്തരും. നിന്റെ മനസ്സിനെയും ധാരണയെയും അവിടുന്നുതന്നെ അലങ്കരിക്കും. നീ യഥാർത്ഥത്തിൽ ധന്യയായിത്തീരും; മണവാളന്റെ ഭവനത്തിൽ കുററമററവളാക്കപ്പെട്ട മണവാട്ടി ആയിത്തീരും. ആ മണവാളന് എന്നുമെന്നും സ്തുതിയും മഹത്ത്വവും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

www.malankaralibrary.com



## പ്രസംഗം 2

'എന്റെ ജടാമഞ്ചി തൂമണം തൂകി' എന്ന ഭാഗം മുതൽ
'നിന്റെ സ്വരം മധുരമാണ്
നിന്റെ രൂപം മനോഹരമാണ്' എന്ന ഭാഗം വരെ.

1. പ്രപഞ്ച സ്രഷ്ടാവായ ദൈവം ആത്മാവിന്റെ എല്ലാ വികാരങ്ങളെയും നമുക്കുവേണ്ടി സൃഷ്ടിച്ചു. എന്നാൽ ഈ വികാരങ്ങളെ നാം പ്രയോഗിക്കുന്ന രീതിമൂലം കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ട്. പ്രകൃത്യാ നല്ലതായിട്ടുള്ളകാര്യങ്ങൾ തെറ്റായ പ്രയോഗം കാരണം നമ്മെ പാപത്തിലേക്കു നയിക്കുന്നു. ആത്മാവിന്റെ വികാരങ്ങളിലൊന്നു സ്നേഹമാണ്. ആ സ്നേഹത്തിന്റെ വിഷയങ്ങൾ ജ്ഞാനവും സത്യവുമാണെങ്കിൽ ആ വികാരത്തെ നാം നന്നായി ഉപയോഗിക്കുന്നു എന്നു പറയാം. എന്നാൽ അതേ വികാരം താഴ്ന്നനിലവാരത്തിലേക്കിറങ്ങുമ്പോൾ നാം മാംസത്തെയും രക്തത്തെയും സ്നേഹിക്കുന്നു. നിങ്ങൾ ആദ്ധ്യാത്മികതയുള്ളവരാണല്ലോ. നാം ആലപിക്കുന്ന ഈ സ്നേഹഗീതങ്ങളെ ആധ്യാത്മികമായ രീതിയിലാണ് നിങ്ങൾ ശ്രവിക്കേണ്ടതു്. നിങ്ങളുടെ ആത്മാവിന്റെ വികാരങ്ങളെയും സ്വാഭാവികമായ സ്നേഹാവേശത്തെയും ഉന്നതമായ കാര്യങ്ങളിലേക്കു തിരിച്ചുവിടണം. 'ജ്ഞാനത്തെ സ്നേഹിക്കുക, അവൾ നിന്നെ സംരക്ഷിക്കും. അവളെ കരവലയത്തിലാക്കുക, അവൾ നിന്നെ ഔന്നത്യത്തിലേയ്ക്കു നയിക്കും' എന്ന് സദൃശ്യവാക്യങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു (4:6.8).

'ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുക' എന്ന് അപ്പസ്തോലൻ പറയുന്നു. എന്നാൽ അവിടംകൊണ്ട് അദ്ദേഹം നിർത്തുന്നില്ല. ഭത്താവിനു ഭാര്യയോടുള്ള സ്നേഹവും അന്തസ്സില്ലാത്ത വിധമാകാം എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അവരുടെ സ്നേഹം ദൈവത്തിനു സന്തോഷപ്രദമാണെന്നും അദ്ദേഹത്തിനു ബോധമുണ്ടായിരുന്നു. അതിനാൽ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കേണ്ടതു് എങ്ങനെയാണെന്നു കാണിക്കാൻ അദ്ദേഹം ഇങ്ങനെ തുടർന്നു പറയുന്നു: 'ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചതുപോലെ' (എഫേ.5:25).

നമുക്കു ചച്ച്ചെയ്യാനുള്ള കാര്യങ്ങൾക്ക് ഒരാമുഖമാകട്ടെ എന്നു വിചാരിച്ചാണ് ഇത്രയുംകാര്യങ്ങൾ ഇവിടെ പറഞ്ഞതു്.



2. അപ്പോൾ, 'രാജാവു് വിശ്രമിക്കുകയായിരുന്നപ്പോൾ' മണവാളന്റെ ചങ്ങാതിമാർ മണവാട്ടിക്കു് ഒരു വാഗ്ദാനം നൽകി—രാജാവിന്റെ നിദ്ര ഒരു സിംഹത്തിന്റെയും സിംഹക്കുട്ടിയുടെയും നിദ്രയ്ക്കു തുല്യമായിരുന്നു (സംഖ്യാ. 24:9)—രാജാവുണരുന്നതിനിടയിൽ തങ്ങൾ സ്വർണാഭരണങ്ങളുടെ അനുകരണങ്ങൾ ഉണ്ടാക്കി മണവാട്ടിക്കു നൽകാം എന്നായിരുന്നു അവരുടെ വാഗ്ദാനം. അങ്ങനെ പറയാൻ കാരണമുണ്ട്: അവരുടെ കൈവശം മണവാളന്റേതുപോലെ സ്വർണമില്ല. ഇവിടെ 'മണവാളന്റെ പീഡാനുഭവം ഒരു പരിധിവരെ മറ്റു വാക്കുകളിൽ മുൻകൂട്ടി പറയപ്പെട്ടിരിക്കുകയാണു്. 'രാജാവു വിശ്രമിക്കുന്ന വേളയിൽ ഞങ്ങൾ വെള്ളികൊണ്ടുള്ള മൊട്ടുകൾ പതിച്ച സ്വർണാഭരണങ്ങൾ നിനക്കായി ഉണ്ടാക്കാം' എന്ന വാക്കുകളിൽ ആ പീഡാനുഭവത്തിന്റെ ഒരു നിഴലാട്ടം സ്വയം നിരീക്ഷിച്ച വധു യുക്തിരഹിതമല്ലാത്തവിധം മറുപടി പറയുകയാണ്; 'എന്റെ ജടാമഞ്ചി തൂമണം തൂകി. ഒരു മീറബിന്ദുച്ചിമിഴുപോലെയാണ് എന്റെ ഭാഗിനേയൻ എനിക്കു്. അവൻ എന്റെ സ്തനാന്തരത്തിൽ ഇളകൊള്ളും'.

'രാജാവു വിശ്രമിക്കുന്നവേളയിൽ' എന്നു മുമ്പു പറഞ്ഞു. 'എന്റെ ജടാമഞ്ചി തൂമണം തൂകി' എന്നു പിന്നീടു പറയുന്നു. ഇവ തമ്മിൽ എങ്ങനെ യോജിപ്പിക്കും? സുവിശേഷത്തിൽ ഒരിടത്തു് ഇങ്ങനെ പറയുന്നുണ്ടു്: 'ഒരു സ്ഫടികപ്പാത്രത്തിൽ പരിശുദ്ധവും അമൂല്യവുമായ ജടാമഞ്ചിതൈലം എടുത്തുകൊണ്ടു് ഒരു സ്ത്രീ വന്നു. പാപിനിയായ സ്ത്രീയെക്കുറിച്ചല്ല, പുണ്യവതിയായ സ്ത്രീയെക്കുറിച്ചാണ് ഇവിടെ ഞാൻ പറയുന്നതു്. വി. ലൂക്കാ ഒരു പാപിനിയെക്കുറിച്ചു പറഞ്ഞിട്ടുള്ളതെനിക്കറിയാം. എന്നാൽ മത്തായിയും മർക്കോസും യോഹന്നാനും അങ്ങനെ ചെയ്തിട്ടില്ല.[1] അതിനാൽ പാപിനിയല്ല, പുണ്യവതിയായ സ്ത്രീയാണ്—വി. യോഹന്നാൻ അവളുടെ പേരും പറഞ്ഞിട്ടുണ്ടു്, മറിയം— സ്ഫടികപ്പാത്രത്തിൽ വിശിഷ്ടമായ നാർദീൻ സുഗന്ധദ്രവ്യം കൊണ്ടുവരുകയും അതു യേശുവിന്റെ തലയിൽ ഒഴിക്കുകയും ചെയ്തതു്. അതുകണ്ടു് യൂദാസ് അമർഷംകൊണ്ടു; മറ്റാരും അങ്ങനെ ചെയ്തില്ലതാനും. അതു മുന്നൂറു നാണയങ്ങൾക്കു വിറ്റു് പാവങ്ങൾക്കു കൊടുക്കാമായിരുന്നില്ലേ എന്ന് അയാൾ ചോദിച്ചു. അപ്പോൾ നമ്മുടെ രക്ഷകനും ഗുരുവുമായ കർത്താവു മറുപടി പറഞ്ഞു: 'ദരിദ്രർ' എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. ഞാനാകട്ടെ എപ്പോഴും നിങ്ങളോടുകൂടി ഉണ്ടായിരിക്കുകയില്ല. എന്നെ സംസ്കരിക്കുന്നതിന് ഒരുക്കമായിട്ടാണ് ഇവൾ എന്റെ ശരീരത്തിൽ തൈലം പൂശിയതു്. അതിനാൽ ലോകത്തിൽ

www.malankaralibrary.com



എവിടെയെല്ലാം ഈ സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾ ചെയ്തകാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും.'[2]

അപ്പോൾ, അവൾ കർത്താവിന്റെ ശിരസ്സിൽ പരിമളതൈലം ഒഴിക്കുകവഴി 'എന്റെ ജഡാമഞ്ചി തൂമണം തൂകി' എന്ന വാക്യം പൂർത്തീകരിക്കുകയായിരുന്നു. നിങ്ങളും അതുപോലെ ജഡാമഞ്ചിത്തൈലം എടുക്കുക. അതിന്റെ പരിമളം നമ്മുടെ കർത്താവിന്റെ ശിരസ്സിൽ പകർന്നു കഴിയുമ്പോൾ നിങ്ങൾക്കും ധീരമായി പറയാൻ കഴിയും: 'എന്റെ ജഡാമഞ്ചി തൂമണം തൂകി.' അതിനു പ്രതികരണമായി കർത്താവും ഇങ്ങനെ പറയുന്നതു കേൾക്കാനും കഴിഞ്ഞേക്കും, 'ലോകത്തിൽ എവിടെയെല്ലാം ഈ സുവിശേഷം പ്രസംഗിക്കപ്പെടുമോ, അവിടെയെല്ലാം ഇവൾ ചെയ്തകാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും.' നിങ്ങളുടെ പ്രവൃത്തിയും എല്ലാ ജനതകളുടെയും മദ്ധ്യേ പ്രഖ്യാപിക്കപ്പെടും.

പക്ഷെ, എപ്പോഴാണിതു നിങ്ങൾ ചെയ്യാൻ പോകുന്നതു്? നിങ്ങളും അപ്പസ്തോലനെപ്പോലെ ആയിത്തീരുമ്പോൾ; 'രക്ഷിക്കപ്പെട്ടവരിൽ, എല്ലായിടത്തും, ഞങ്ങൾ ക്രിസ്തുവിന്റെ പരിമളമാകുന്നു' എന്നു പറയാനുള്ള അർഹത നേടികഴിയുമ്പോൾ (2 കൊരി. 2: 15). നിങ്ങളുടെ നല്ല പ്രവൃത്തികളാണു നിങ്ങളുടെ ജടാമഞ്ചി. എന്നാൽ നിങ്ങൾ പാപം ചെയ്താൽ നിങ്ങളുടെ പാപങ്ങൾ ദുർഗന്ധം വമിക്കും. പശ്ചാത്തപിക്കുന്ന പാപി ആത്മാർത്ഥമായിത്തന്നെ ഇങ്ങനെ പറയുന്നു: 'എന്റെ ഭോഷത്തംമൂലം എന്റെ വ്രണങ്ങൾ അഴുകി നാറുന്നു' (സങ്കീ. 38:5). നമ്മുടെ മാംസചക്ഷുസ്സുകൾകൊണ്ടു കാണാവുന്ന ജടാമഞ്ചി തൈലത്തിന്റെ കാര്യം പ്രതിപാദിക്കാനല്ല പരിശുദ്ധാത്മാവു് ആഗ്രഹിക്കുന്നതു്. ദൃശ്യമായ ഏതെങ്കിലും തൈലത്തിന്റെ കാര്യമല്ല സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുള്ളതും. പ്രതിപാദ്യം ആദ്ധ്യാത്മികമായ സുഗന്ധ തൈലമാകുന്നു.

3. 'എന്റെ ഭാഗിനേയൻ ഒരു മീറബിന്ദുച്ചിമിഴാണെനിക്കു്.'

മീറ, ദേവദാരുതൈലം, ഗുല്ഗുലു, കുന്തുരുക്കം എന്നിവ ദൈവത്തിന്റെ നിർദ്ദേശമനുസരിച്ചു യോജിപ്പിച്ചു ദേവാലയത്തിലെ ഉപയോഗത്തിനുള്ള പവിത്രസുഗന്ധപദാർത്ഥം നിർമ്മിക്കപ്പെട്ടതിന്റെ ചരിത്രം നാം പുറപ്പാടുപുസ്തകത്തിൽ വായിക്കുന്നു (30:34f). അതിനാൽ നമ്മുടെ രക്ഷകൻ ഭൗമികവും താഴ്ന്നതുമായ കാര്യങ്ങളിലേക്കു് ഇറങ്ങുന്നതായി കാണുകയാണെ



ങ്കിൽ, ഉന്നത ശക്തിയിലും ദൈവിക മഹത്ത്വത്തിലുംനിന്നു് ഒരു ചെറിയ ബിന്ദു എങ്ങനെ നമ്മുടെ അടുത്തേയ്ക്കു് ഒഴുകിവന്നു എന്നു നിങ്ങൾ കാണും. ഈ ബിന്ദുവിനെക്കുറിച്ചു പ്രവാചകനും ഉദ്ഗാനം ചെയ്തിട്ടുണ്ടു്: 'ഈ ജനതയുടെ ഒരു ബിന്ദുവിൽനിന്നു ശേഖരിക്കപ്പെടേണ്ടവനായ യാക്കോബ് ശേഖരിക്കപ്പെടും (മീഖാ. 2:11f).

നമ്മുടെ രക്ഷകന്റെ, ശരീരത്തിലുള്ള ആഗമനം മറ്റൊരു രൂപത്തിലും സൂചിപ്പിക്കപ്പെടുന്നുണ്ടു്——ആരുടെയും കരസ്പർശംകൂടാതെ പർവതത്തിൽനിന്നു് അടർത്തിയെടുക്കപ്പെട്ട കല്ലിന്റെ രൂപത്തിൽ (ദാനി. 2:34). കാരണം, ഭൂമിയിലേയ്ക്കു വന്നതു് ഒരു പർവതം മുഴുവനുമായിരുന്നില്ല, മാനുഷിക ദൗർബല്യത്തെ ആ രീതിയിൽ ചിത്രീകരിക്കാനും വയ്യ. താൻ ഒരു പർവതത്തിൽനിന്നുള്ള ശില ആയിരുന്നു, തട്ടിവീഴിക്കുന്ന കല്ലും ഉപദ്രവംചെയ്യുന്ന പാറയും.[3] അങ്ങനെ മറ്റൊരു അലങ്കാര കല്പനയിൽ ഇവിടെ നമ്മുടെ കർത്താവ് ഒരു 'തുള്ളി' എന്നു വിളിക്കപ്പെടുന്നു.

അതു് ഉചിതംതന്നെ. കാരണം, എല്ലാ ജനതകളും അവിടുത്തേയ്ക്കു തൊട്ടിയിൽ ഒരുതുള്ളി വെള്ളംപോലെ ആണല്ലോ (ഏശാ. 40:15). നമ്മുടെ രക്ഷകൻ എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി എല്ലാം ആക്കപ്പെട്ടവനാണു്. ജനതകളെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുന്നതിനുവേണ്ടി താൻ ഒരു തുള്ളിയായിത്തീരണം. നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു് എന്തുതന്നെ ആക്കപ്പെട്ടില്ല? നാം അകിഞ്ചനരായിരുന്നു. താൻ 'സ്വയം ശൂന്യമാക്കിക്കൊണ്ടു് ഒരു ദാസന്റെ രൂപം ധരിച്ചു (ഫിലി. 2:7). നാം ബുദ്ധിയും ബോധവും ഇല്ലാത്ത ഒരു ജനതയായിരുന്നു. ദൈവത്തിന്റെ ഭോഷത്തം മനുഷ്യരെക്കാൾ ബുദ്ധിയുള്ളതാകുന്നതിനുവേണ്ടി അവിടുന്നു് ഉപദേശത്തിന്റെ മൂഢതയായി. നാം ദുർബലരായിരുന്നു; ദൈവത്തിന്റെ ദൗർബല്യം മനുഷ്യരെക്കാൾ കരുത്തുള്ളതായി.[4] ദൈവത്തിന്റെ സന്നിധിയിൽ 'എല്ലാ ജനതകളും തൊട്ടിയിലെ ഒരു വെള്ളത്തുള്ളിപോലെയും തുലാസിലെ ഒരു പൊടിപോലെയും' ആയതുകൊണ്ടു നമ്മുടെ കർത്താവും ഒരുതുള്ളിയായിത്തീർന്നു. അതിനാൽ തന്നിലൂടെ മീറയുടെ സുഗന്ധം നമ്മുടെ വസ്ത്രങ്ങളിലാകെ വ്യാപിക്കാനിടയായി. മണവാട്ടിയെ ഉദ്ദേശിച്ചു നാല്പത്തിഅഞ്ചാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്ന കാര്യം ഇതുതന്നെയാണു്: 'നിന്റെ അങ്കി മീറയും ചന്ദനവും ലവങ്ഗവുംകൊണ്ടു സുരഭിലമായിരിക്കുന്നു. ദന്തനിർമ്മിതമായ കൊട്ടാരത്തിൽനിന്നു രാജകുമാരിമാർ നിന്റെ മഹത്ത്വത്തിൽ നിന്നെ ആഹ്ലാദിപ്പിച്ചു' (45:8f).

www.malankaralibrary.com



ഭാഗിനേയൻ എന്ന വാക്കിന്റെ അർത്ഥമെന്താണെന്ന് ഇനി നോക്കാം.[5] ഇവിടെ സംസാരിക്കുന്നതു സഭയാണ്. അതായത്, അന്യജാതികളിൽനിന്നു രൂപപ്പെട്ട സഭയായ നാംതന്നെ. രക്ഷകൻ നമ്മുടെ സഹോദരിയുടെ–സിനഗോഗിന്റെ–പുത്രനാകുന്നു. സഭയും സിനഗോഗും യഥാർത്ഥത്തിൽ രണ്ടു സഹോദരികൾതന്നെ. അപ്പോൾ സിനഗോഗിന്റെ പുത്രൻ സഭയ്ക്കു സഹോദരീ പുത്രൻ–ഭാഗിനേയൻ—ആണല്ലോ. അങ്ങനെ മണവാളനായ ക്രിസ്തു മണവാട്ടിയായ സഭയുടെ ഭാഗിനേയനാകുന്നു.

'അവൻ എന്റെ സ്തനാന്തരത്തിൽ വസിക്കും.' ദൈവവചനത്തെ സ്വന്തം സ്തനാന്തരത്തിൽ, മാറിടത്തിൽ, ഹൃദയത്തിന്റെ ആവാസസ്ഥാനത്തു വസിപ്പിക്കാൻതക്കവിധം ഭാഗ്യമുള്ളതാരാണ്? 'നിന്റെ കന്യാത്വത്തിന്റെ മുലക്കണ്ണുകൾക്കു ക്ഷതം പറ്റിയിട്ടില്ലെങ്കിൽ' (എസ. 23:3) ദൈവവചനം അവയുടെമദ്ധ്യേ ഇളകൊള്ളും. വിവാഹഗാനത്തിൽ സ്തനങ്ങളെക്കുറിച്ചു പറയാതെ മുലക്കണ്ണുകളെക്കുറിച്ചു പറഞ്ഞിരിക്കുന്നതു യുക്തം തന്നെ. 'അവൻ എന്റെ സ്തനാന്തരത്തിൽ വസിക്കും' എന്ന ഉദ്ധൃതഭാഗത്തിന്റെ അർത്ഥവിശദീകരണത്തിനുവേണ്ടി 'നിന്റെ കന്യാത്വത്തിന്റെ മുലക്കണ്ണുകൾക്കു ക്ഷതമേറ്റിട്ടില്ലെങ്കിൽ' എന്ന വാക്കുകൾ ഉദ്ധരിച്ചിട്ടുള്ളതെന്തിന് എന്നു വ്യക്തമാണല്ലോ. എസക്കിയേലിൽനിന്നുള്ള പ്രസ്തുത ഉദ്ധരണത്തിൽ ജെറുസലെമിനെ കുറ്റപ്പെടുത്തുന്ന ദൈവത്തിന്റെ സ്വരം മറ്റു കാര്യങ്ങളുടെകൂട്ടത്തിൽ ഇങ്ങനെയും പറയുന്നു: 'ഈജിപ്തിൽ വച്ചു നിന്റെ മുലക്കണ്ണുകൾക്കു നഖക്ഷതമേറ്റു.' കന്യകകളുടെ മാറിടങ്ങൾ ക്ഷതപ്പെടുന്നില്ല. എന്നാൽ വേശ്യകളുടെ മുലക്കണ്ണുകൾ ചുളിവും അയഞ്ഞ തൊലിയുടെ മടക്കുകളും ഉള്ളതായിരിക്കും. കന്യകമാരുടെ സ്തനങ്ങൾ ഉറപ്പും വൃത്താകൃതിയും കന്യാത്വത്തിന്റെ പാടലകാന്തിയും ഉള്ളവയായിരിക്കും. അങ്ങനെയുള്ള കന്യകമാർ മണവാളനായ ദൈവവചനത്തെ സ്വീകരിക്കുന്നു എന്നിട്ടു പറയുന്നു: 'അവൻ എന്റെ സ്തനാന്തരത്തിൽ വസിക്കും.'

'എന്റെ ഭാഗിനേയൻ ഒരു സൈപ്രസ് പൂങ്കുലയാണെനിക്ക്.' ഒരു സംഭാഷണത്തിന്റെ ആരംഭം, അതിന്റെ മുകുളമത്രേ; കുപ്രിസ്മോസിന്റെ (Kuprismos) ആരംഭം—അതായതു മൊട്ട് വചനമാണ്; അതുകൊണ്ട് അവൾ പറയുന്നു: എന്റെ ഭാഗിനേയൻ എനിക്ക് ഒരു സൈപ്രസ് പൂങ്കുലയാണ്—അതായതു മൊട്ടുകളാണ്.

ആ സൈപ്രസ് പൂങ്കുല എല്ലാവർക്കും വേണ്ടിയുള്ളതല്ല. താനാകുന്ന പൂവിന് അർഹരായവർക്കുവേണ്ടി മാത്രമുള്ളതാണ്.



മറ്റുള്ളവർക്കുവേണ്ടി പലതരം മുന്തിരിപ്പഴങ്ങളുണ്ട്. എന്നാൽ കറുത്ത സുന്ദരിയായ ഒരാൾക്കുമാത്രമാണ് അവിടുന്ന് ഒരു പൂവിന്റെ ചാരുതയിൽ സ്വയം സമ്മാനിക്കുന്നത്.

'എന്റെ ഭാഗിനേയൻ ഒരു സൈപ്രസ് പൂങ്കുലയാണ്' എന്നു മാത്രമല്ല മണവാട്ടി പറയുന്നത്. 'എനിക്ക്' എന്നു കൂട്ടിച്ചേർക്കുന്നുമുണ്ട്. മണവാളൻ എല്ലാവർക്കും സൈപ്രസ് പൂങ്കുലയല്ല എന്ന് ഇതുവഴി അവൾ വ്യക്തമാക്കുകയാണ്.

മണവാട്ടിയുടെ ഈ 'പൂങ്കുല' ഏതു ഭൂഭാഗങ്ങളിലാണു കാണപ്പെടുക എന്ന് ഇനി നമുക്കു നോക്കാം. 'എൻഗെദിയിലെ മുന്തിരിത്തോപ്പുകളി'ലാണവ കാണപ്പെടുക. 'എൻഗെദി' എന്ന പദത്തിനർത്ഥം പ്രലോഭനത്തിന്റെ കണ്ണ് എന്നത്രേ. പ്രലോഭനത്തിന്റെ കണ്ണാകുന്ന മുന്തിരിത്തോപ്പിലാണ് എന്റെ സോദരീപുത്രൻ എനിക്ക് ഒരു സൈപ്രസ് പൂങ്കുലയാകുന്നത്. പ്രലോഭനത്തിന്റെ കണ്ണു നമ്മുടെ വർത്തമാനാവസ്ഥയിലുള്ളതാകുന്നു. വാസ്തവത്തിൽ നാം ഈ ലോകത്തിൽ ജീവിക്കുന്നതുതന്നെ പ്രലോഭനങ്ങളുടെ മദ്ധ്യത്തിലാണല്ലോ. 'ഈ ഭൂമിയിൽ മനുഷ്യന്റെ ജീവിതം പ്രലോഭനമാകുന്നു' (ജോബ്. 7:1). ഈ സൂര്യന്റെ പ്രകാശത്തിൽ ജീവിക്കുവോളം നാം എൻഗെദിയിലെ മുന്തിരിത്തോപ്പുകളിൽത്തന്നെ. എന്നാൽ കുറെക്കൂടെ മെച്ചപ്പെട്ട സ്ഥലത്തേയ്ക്കു പറിച്ചുനടപ്പെടുവാനുള്ള യോഗ്യത നമുക്കുണ്ടെന്നു വ്യക്തമാവുകയാണെങ്കിൽ, പറിച്ചുനടുന്നതു നമ്മുടെ 'കർഷകൻ' ആയിരിക്കും. എൻഗെദിയിലെ മുന്തിരിത്തോപ്പിൽനിന്നു കുറെക്കൂടെ മെച്ചപ്പെട്ട നിലത്തേയ്ക്കു മാറ്റപ്പെടാനുള്ള സാദ്ധ്യതയെക്കുറിച്ചു നിങ്ങൾ സംശയിക്കുകയും വേണ്ട. നിരന്തരവിചിന്തനത്താൽ അവിടുന്നു മുന്തിരിച്ചെടികൾ മാറ്റിനടുന്നതിൽ വിദഗ്ധനാകുന്നു. 'ഈജിപ്തിൽനിന്ന് അവിടുന്ന് ഒരു മുന്തിരിവള്ളി കൊണ്ടുവന്നു. ജനതകളെ പുറത്താക്കി അതു നട്ടുപിടിപ്പിച്ചു. അതിന്റെ തണൽ കുന്നുകളെ മൂടി, അതിന്റെ ശാഖകൾ ദൈവത്തിന്റെ ദേവദാരുക്കളെയും' (സങ്കീ. 80:8ff).

നാം വിശദീകരിച്ച ഈ കാര്യങ്ങൾ മണവാട്ടി പറഞ്ഞതായി നമുക്കു കണക്കാക്കാം. തന്റെ അതിഥിയായി വരുന്ന മണവാളനോടു തനിക്കുള്ള സ്നേഹവും സ്വീകരണവും വ്യക്തമാക്കാനാണിതു പറയുന്നത്. മണവാളൻ വരുമ്പോൾ മണവാട്ടി തന്റെ സ്തനാന്തരത്തിൽ, തന്റെ ഹൃദയത്തിന്റെ ഉള്ളറയിൽ അദ്ദേഹത്തെ വസിപ്പിക്കും.

4. മണവാളൻ വീണ്ടും മണവാട്ടിയെ സംബോധനചെയ്തുകൊണ്ടു പറയുന്നു: 'കണ്ടാലും, നീ സുന്ദരിയാകുന്നു; എന്റെ അയൽക്കാരി, നീ സുന്ദരിയാകുന്നു; നിന്റെ കണ്ണുകൾ

www.malankaralibrary.com



മാടപ്രാവുകളാകുന്നു.' മണവാട്ടിയാകട്ടെ മണവാളനോട് ഇങ്ങനെ പറയുന്നു: 'കണ്ടാലും, അങ്ങു സുന്ദരനാകുന്നു, എന്റെ ഭാഗിനേയൻ (ഉത്തമ. 1:15f). എന്റെ അയൽക്കാരൻ എന്ന് അവൾ പറയുന്നില്ല. അതെന്തുകൊണ്ട്? 'എന്റെ അയൽക്കാരീ, നീ സുന്ദരിയാകുന്നു' എന്നു മണവാളൻ പറയുന്നതെന്തുതൊണ്ട്? കാരണമുണ്ട്. മണവാളനിൽനിന്നു വളരെ അകലെയായിരിക്കുന്ന അവസ്ഥയിൽ മണവാട്ടിക്കു സൗന്ദര്യമില്ല. ദൈവവചനത്തോട് ഐക്യപ്പെട്ടിരിക്കുന്ന അവസ്ഥയിൽ മാത്രമാണ് അവൾ സുന്ദരിയായിരിക്കുക. മണവാട്ടി തന്റെ സമീപത്തായിരിക്കണമെന്നും അകന്നുപോകരുതെന്നും മണവാളൻ പഠിപ്പിക്കുന്നത് സകാരണംതന്നെ. 'കണ്ടാലും, നീ സുന്ദരിയാകുന്നു എന്റെ അയൽക്കാരീ, നീ സുന്ദരിയാകുന്നു. നിന്റെ സൗന്ദര്യത്തിന്റെ ആരംഭം എന്നോടുള്ള സാമീപ്യത്തിലത്രേ. എന്നാൽ ഒരിക്കൽ സുന്ദരിയാകാൻ തുടങ്ങിയാൽ നീ നിരുപാധികം സുന്ദരിതന്നെ. ഞാൻ നിന്നെ വീണ്ടും അയൽക്കാരീ എന്നു വിളിക്കേണ്ടതില്ല. കണ്ടാലും, നീ സുന്ദരിയാകുന്നു, എന്റെ അയൽക്കാരീ, കണ്ടാലും, നീ സുന്ദരിയായാകുന്നു.

സുന്ദരിക്കു നല്കപ്പെടുന്ന പ്രശംസയുടെ മറ്റൊരു ഘടകവും നമുക്കു പരിഗണിക്കാം. മണവാട്ടിയെപ്പോലെ ആയിത്തീരാൻ നമുക്കും പ്രയത്നിക്കണമല്ലോ. 'നിന്റെ നയനങ്ങൾ മാടപ്രാവുകളാണ്.' 'ഭോഗാസക്തിയോടെ ഒരു സ്ത്രീയെ നോക്കുകയും' 'ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്യുകയും ചെയ്യുന്ന (മത്താ. 5:28) ഒരാളിനും മാടപ്രാവിന്റെ കണ്ണുകൾ ഇല്ല. അങ്ങനെ ഇല്ലാത്തവൻ സദൃശ്യവാക്യങ്ങളിലെ വിലക്കിനെ മറികടന്നുകൊണ്ട് തന്റെ സഹോദരന്റെ വീട്ടിൽ പ്രവേശിക്കുന്നു. നീ നിർഭാഗ്യാവസ്ഥയിലായിരിക്കുമ്പോൾ നിന്റെ സഹോദരന്റെ ഭവനത്തിൽ പ്രവേശിക്കരുത്' എന്നാണു സദൃശ്യവാക്യങ്ങളിലെ നിർദേശം (27:10). ഹീബ്രൂമൂലത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കിന്റെ ശരിയായ അർത്ഥം അക്വിലാ മനസ്സിലാക്കി. സെപ്റ്റുവജിന്റ് അതിനെ 'നിർഭാഗ്യകരം' എന്നാണു തർജമ ചെയ്യുന്നത്.

'ബുദ്ധിയില്ലാത്ത' (അപൊറെൻതാ) എന്ന പാഠം അവിടെ സ്വീകരിച്ചു.[6] മാടപ്രാവിന്റെ കണ്ണുകൾ ഉള്ളയാളിന് സത്യസന്ധമായ വീക്ഷണം ഉണ്ടായിരിക്കും. അയാൾ ദയ അർഹിക്കുന്നു. സത്യസന്ധമായ വീക്ഷണമുള്ളതുകൊണ്ട് അയാൾ ദയയെ പിന്തുടരുന്നു എന്നതാണു യാഥാർത്ഥ്യം. ചാരിത്ര്യപൂർണമായ വീക്ഷണവും വിശുദ്ധമായ കണ്ണുകളും ഉള്ളവർക്കല്ലാതെ ആർക്കാണു സത്യസന്ധമായ വീക്ഷണം ഉണ്ടാവുക? അതിനാൽ ഞാൻ പറഞ്ഞ കാര്യങ്ങൾ ശരീരത്തിന്റെ കണ്ണുക



ളെമാത്രം സംബന്ധിക്കുന്ന വിധത്തിൽ മനസ്സിലാക്കരുത്. അവയെല്ലാം ഉൾപ്പെടുത്തുംവിധം മനസ്സിലാക്കിയാൽ കുഴപ്പമില്ലതാനും. നിങ്ങളുടെ ഹൃദയത്തിന്റെ ഏറ്റവും ഉള്ളിലെ അറയിലേക്കു കടന്നുചെല്ലുക. നിങ്ങളുടെ മനസ്സുകൊണ്ട് മററു കണ്ണുകൾക്കുവേണ്ടി ജാഗ്രതാപൂർവം അന്വേഷിക്കുക. ആ ഉൾക്കണ്ണുകളും ദൈവത്തിന്റെ കല്പനയാൽ പ്രകാശിക്കപ്പെട്ടവയാകുന്നു. 'കർത്താവിന്റെ കല്പന ഉത്സാഹദായകമാണ്, അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു' (സങ്കീ. 19:8). ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം പരിശുദ്ധമായ രീതിയിൽ മനസ്സിലാക്കാൻ ഉത്സാഹപൂർവം പരിശ്രമിക്കുക. നിങ്ങൾക്കു മാടപ്രാവിന്റെ കണ്ണുകളുണ്ട്. അതിനാൽ 'മാടപ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന ആത്മാവിനു യോജിച്ച കാര്യങ്ങൾ കേൾക്കാൻ ശ്രമിക്കുക' (മത്താ. 3:16).

ആത്മാവിനടുത്തവിധം നിങ്ങൾ 'നിയമ'ത്തെ മനസ്സിലാക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ കണ്ണുകൾ മാടപ്രാവിന്റേതാണ്. സുവിശേഷം നാം എങ്ങനെ മനസ്സിലാക്കണമെന്നും പ്രസംഗിക്കണമെന്നുമാണോ ദൈവം ആഗ്രഹിക്കുന്നത്, അതേ രീതിയിൽത്തന്നെ നാം ഗ്രഹിക്കുന്നുണ്ടെങ്കിൽ നമുക്കു മാടപ്രാവിന്റെ കണ്ണുകൾ ഉണ്ടെന്നു പറയാം. എല്ലാ തരത്തിലുമുള്ള രോഗങ്ങളിലും അസുഖങ്ങളിലുംനിന്ന് ഈശോ ജനങ്ങൾക്കു മോചനം നൽകി. താൻ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് എന്നപോലെതന്നെ ഇന്നും അതു നിർവഹിക്കുന്നുണ്ടെന്നു നാം മനസ്സിലാക്കണം. കർത്താവ് അന്നൊരിക്കൽ മാത്രമല്ല മനുഷ്യരുടെയിടയിലേക്ക് ഇറങ്ങി വന്നത്. ഭൂമിയിലേക്കു വന്ന അവിടുന്ന് ഇന്നും നമ്മുടെ മധ്യേ സന്നിഹിതനാണ്. ഇക്കാര്യങ്ങളെല്ലാം നാം മനസ്സിലാക്കണം. കാരണം, 'കണ്ടാലും, ലോകാവസാനംവരെ എന്നും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും' എന്ന് അവിടുന്നു വാഗ്ദാനം ചെയ്തിരിക്കുന്നു (മത്താ. 28:20).

'നിന്റെ കണ്ണുകൾ മാടപ്രാവുകളാണ്. നീ സുന്ദരിയാകുന്നു, എന്റെ അയൽക്കാരീ, നീ സുന്ദരിതന്നെ.' തന്നെക്കുറിച്ചുള്ള ഈ സ്തുതിവചനങ്ങൾ കേട്ടിട്ട് അതിനു പ്രത്യുത്തരമായി മണവാളനെ സ്തുതിക്കുന്നു. ആ സ്തുതിവഴി മണവാളനില്ലാത്ത എന്തെങ്കിലും ഒരു മഹത്വം മണവാട്ടി പ്രദാനം ചെയ്യുന്നു എന്ന് അർത്ഥമില്ല. തന്റെ സങ്കല്പത്തിലുള്ള സൗന്ദര്യം പരിഗണിച്ചുകൊണ്ട് അവൾ പറയുകയാണ്: 'കണ്ടാലും, അങ്ങു സുന്ദരനാകുന്നു. എന്റെ പ്രിയനേ, അങ്ങു സുന്ദരൻതന്നെ. നമ്മുടെ ശയ്യാതലം തണൽ നിറഞ്ഞതത്രേ' (ഉത്തമ. 1:15).

www.malankaralibrary.com



മണവാളൻ മണവാട്ടിയോടൊത്തു വിശ്രമിക്കുന്ന ശയ്യാതലം ഏതെന്നു ഞാൻ ആലോചിച്ചു നോക്കുകയാണ്. എനിക്കു തെറ്റുപറ്റിയിട്ടില്ലെങ്കിൽ ആ ശയ്യ മനുഷ്യശരീരമത്രേ. ശയ്യാവലംബിയായിരുന്ന ഒരു തളർവാതരോഗിയുടെ കാര്യം നാം വായിക്കുന്നുണ്ടല്ലോ. കട്ടിലെടുത്തുകൊണ്ടു വീട്ടിൽപ്പോകാൻ കർത്താവ് അയാളോട് ആജ്ഞാപിച്ചു. രോഗമോചനം ലഭിക്കും മുമ്പ് സ്വന്തം ദുർബല ശരീരമാകുന്ന കിടക്കയിൽ കിടക്കുകയായിരുന്നു അയാൾ. ആ ശരീരം അനന്തരക്ഷണത്തിൽ ദൈവശക്തിയാൽ ആരോഗ്യപൂർണ്ണമായി. 'നിന്റെ കട്ടിലുമെടുത്തു വീട്ടിലേക്കു പോവുക' എന്ന നിർദേശം (മത്താ. 9:2ff) ഞാൻ മനസ്സിലാക്കുന്നതു് ആ വിധത്തിലാണ്. ദൈവപുത്രൻ സ്വർഗത്തിൽനിന്നു ഭൂമിയിലേക്കിറങ്ങിവന്നതു കട്ടിലുകളെ സംബന്ധിച്ചു കല്പനകൾ പുറപ്പെടുവിക്കാനല്ലല്ലോ. രോഗമോചനം നേടിയ ഒരു മനുഷ്യൻ കട്ടിലില്ലാതെ വീട്ടിലേക്കു പോകുന്നതു തടയാനല്ല 'നീ നിന്റെ കട്ടിലുമെടുത്തു വീട്ടിലേയ്ക്കു പോവുക' എന്ന് അവിടുന്നു പറഞ്ഞതും.

ആ മണവാളൻ മണവാട്ടിയായ നിങ്ങളുടെ പക്കലേക്കു വരുകയും നിങ്ങളോടൊത്ത് ആ ശയ്യയിൽ ശയിക്കുകയും ചെയ്തു കഴിയുമ്പോൾ, നിങ്ങൾ അവിടുത്തോടു പറയുക: 'അങ്ങു സുന്ദരനാകുന്നു. എന്റെ പ്രിയനേ, അതേ സുന്ദരൻതന്നെ. നമ്മുടെ ശയ്യാതലം തണലുള്ളതാകുന്നു. 'മണവാളൻ സുന്ദരനും തണൽ നൽകുന്നവനുമത്രേ. ആ തണൽ ഉള്ളതുകൊണ്ടു 'പകൽ സൂര്യനോ രാത്രി ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല' (സങ്കീ. 121:6).

5. 'നമ്മുടെ ഭവനങ്ങളുടെ ഉത്തരങ്ങൾ ദേവദാരുകൊണ്ടു തീർത്തതാകുന്നു' (ഉത്തമ. 1:17). ഒരുമിച്ചു സംസാരിക്കുന്ന കുറെ ആളുകളുടെ വാക്കുകളാണിവ. നാം മുമ്പു പരാമർശിച്ചിട്ടുള്ള, മണവാളന്റെ ചങ്ങാതികളാണു വക്താക്കൾ എന്നു കരുതാം. ദേവദാരുകൊണ്ട് ഉത്തരങ്ങളും സൈപ്രസ് തടികൊണ്ടു കഴുക്കോലും ഉണ്ടാക്കിയ വീടുകളെക്കുറിച്ച് അവർ സംസാരിക്കുന്നു. 'മുൾച്ചെടിക്കു പകരം സൈപ്രസ് മരവും കാരയ്ക്കു പകരം സൗഗന്ധികവും മുളയ്ക്കും' എന്നാണല്ലോ പ്രവാചകൻ പ്രസ്താവിച്ചിട്ടുള്ളതു് (ഏശാ. 55:13). അതിനാൽ നിങ്ങൾ ഈ തടികളുടെ സ്വഭാവത്തെക്കുറിച്ച് അന്വേഷിക്കുകയും ദേവദാരു കേടുവരാത്ത തടിയാണെന്നും സൈപ്രസ് മരത്തിന്റെ തടി അതുല്യസൗരഭ്യമുള്ളതാണെന്നും മനസ്സിലാക്കുകയും ചെയ്യുമ്പോൾ 'ഞങ്ങളുടെ ഭവനങ്ങളുടെ ഉത്തരങ്ങൾ ദേവദാരുകൊണ്ടും കഴുക്കോലുകൾ സൈപ്രസ് വൃക്ഷംകൊണ്ടും നിർമ്മിച്ചതാണ്'' എന്നു പറയത്തക്കവിധം വീടുണ്ടാക്കാൻ നിങ്ങളും ഉത്സാഹിക്കും.



6. പിന്നീടു മണവാളൻ പറയുന്നു: 'വയലിലെ പുഷ്പവും താഴ്‌വരകളിലെ ലില്ലിപ്പൂവുമാണു ഞാൻ' (ഉത്തമ.2:1). താഴ്‌വരയിലായിരുന്ന എനിക്കുവേണ്ടി അവിടുന്നു താഴ്‌വരയിലേയ്ക്ക് ഇറങ്ങിവന്നു. താഴ്‌വരയിൽ വന്നപ്പോൾ അവിടുന്നു താഴ്‌വരകളിലെ ലില്ലിപ്പൂവായിത്തീർന്നു. 'ദൈവത്തിന്റെ പറുദീസായിൽ നടപ്പെട്ട ജീവന്റെ വൃക്ഷമായിരുന്ന' (വെളി. 2:7) ആളാണ് ഇങ്ങനെ ഒരു മാറ്റത്തിനു വിധേയനായതു്. അവിടുന്നു വയലിന്റെ പുഷ്പമായും തീർന്നു. അതായതു് ഈ ലോകത്തിന്റെ മുഴുവൻ പുഷ്പമായി. ക്രിസ്തുവിന്റെ നാമത്തിനല്ലാതെ മറ്റെന്തിനു ലോകത്തിന്റെ യഥാർത്ഥ പുഷ്പമായിരിക്കാൻ കഴിയും? 'അവിടുത്തെ നാമം ചിന്തപ്പെട്ട സുഗന്ധതൈലം പോലെയാകുന്നു' (ഉത്തമ.1:3) എന്നും 'ഞാൻ വയലിലെ പുഷ്പവും താഴ്‌വരകളിലെ ലില്ലിയും ആകുന്നു' എന്നും ഉള്ളതു് ഒരേകാര്യം വ്യത്യസ്തങ്ങളായ വാക്കുകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമാത്രമത്രേ. രണ്ടും സൂചിപ്പിക്കുന്നതും ഒരാളെത്തന്നെ.

തുടർന്നു മണവാട്ടിയെ സ്തുതിച്ചുകൊണ്ടു മണവാളൻ പറയുകയാണ്: 'മുള്ളുകൾക്കിടയിൽ ലില്ലിപ്പുഷ്പം പോലെയാണു കന്യകമാർക്കിടയിൽ എന്റെ അയൽക്കാരി' (ഉത്തമ. 2:2). മുള്ളുകൾക്കിടയിലാണ് ലില്ലിപ്പൂവു പലപ്പോഴും വളരുന്നതു്. എന്നാൽ ലില്ലിപ്പുഷ്പവും മുള്ളിൻകൂട്ടവും തമ്മിൽ യാതൊരു സാധർമ്മ്യവും ഇല്ല. അതുപോലെതന്നെ എന്റെ അയൽക്കാരിയും മറ്റു കന്യകമാരും തമ്മിലും. 'അയൽക്കാരി' ജീവിക്കുകയും വളരുകയും ചെയ്യുന്നതു മറ്റു കന്യകമാരുടെ മധ്യത്തിലാണെന്നതാനും.

മണവാളന്റെ പ്രസ്തുത വചനങ്ങൾക്കു മണവാട്ടി പ്രതിവചനം നൽകുന്നു. മണവാളനെ സംബന്ധിച്ചു ആഹ്ലാദകാരിയായ മറ്റൊരു സംഗതി ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് അവൾ വീണ്ടും സ്തുതിയിലേക്ക് എടുത്തുചാടുകയാണ്. ലേപനതൈലങ്ങളുടെ ഗന്ധം സുഖകരവും ഇന്ദ്രിയങ്ങൾക്ക് ആശ്വാസദായകവുമാണെന്നതു നിശ്ചയംതന്നെ. എന്നാൽ ലേപനതൈലം സുഖകരമായ ഭക്ഷ്യമല്ല. എന്നാൽ രുചിയിലും സുഗന്ധത്തിലും വിശിഷ്ടമായ ഒരു ഭക്ഷ്യപദാർത്ഥമുണ്ട്. അതു് ഒരേ സമയം സ്വാദിനാൽ നാവിനെയും സുഗന്ധത്താൽ നാസാരന്ധ്രങ്ങളെയും പ്രീതിപ്പെടുത്തുന്നു. അതാണ് ആപ്പിൾ. അതിനാൽ 'വചന'ത്തിന്റെ സൗരഭ്യത്തെ മാത്രമല്ല, മാധുര്യത്തെയും പ്രശംസിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു മണവാട്ടി പറയുകയാണ്: 'കാനനവൃക്ഷങ്ങളുടെ മധ്യത്തിൽ ആപ്പിൾമരംപോലെയത്രേ പുരുഷന്മാരുടെ മധ്യത്തിൽ എന്റെ സോദരീപുത്രൻ.

www.malankaralibrary.com



(ഉത്തമ. 2:3). എല്ലാ തടികളും എല്ലാ വൃക്ഷങ്ങളും ദൈവവചനമാകുന്ന വൃക്ഷത്തോടു തുലനം ചെയ്യുമ്പോൾ ഫലശൂന്യമാണെന്നാണ് ഇവിടുത്തെ ഗണന. എന്തെന്നാൽ ദൈവപുത്രനോടു താരതമ്യം ചെയ്യുമ്പോൾ ഫലപൂർണ്ണമെന്നു പറയാവുന്ന മറ്റെന്തുണ്ട്? ഫലങ്ങളുടെ ഭാരംകൊണ്ടു കുനിഞ്ഞു നിന്നുവെന്നു തോന്നിയ മരങ്ങൾപോലും തന്റെ ആഗമനത്തോടു ചേർത്തു വീക്ഷിക്കപ്പെടുമ്പോൾ ഫലശൂന്യങ്ങളായി കാണപ്പെടും. അതുകൊണ്ട് 'കാനനവൃക്ഷങ്ങളുടെ മധ്യത്തിൽ ആപ്പിൾമരം പോലെയത്രേ പുരുഷന്മാരുടെ മധ്യത്തിൽ എന്റെ സോദരീപുത്രൻ. ഞാൻ അവന്റെ തണലിൽ ഇരിക്കാൻ ആഗ്രഹിക്കുകയും ഇരിക്കുകയും ചെയ്തു.'

'അവന്റെ തണലിൽ ഇരിക്കാൻ ഞാൻ ആഗ്രഹിച്ചു' എന്നു മണവാട്ടി പറയുന്നതു് എത്ര മനോഹരമായിരിക്കുന്നു! അതിന്റെ തണലിൽ ഇരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു എന്നല്ല അവൾ പറയുന്നതു്. ഞാൻ 'ഇരിക്കുന്നു' എന്നുമല്ല. പിന്നെയോ 'ഇരുന്നു' എന്നാണ്. സൂക്ഷ്മമായി പറഞ്ഞാൽ ആദ്യമേ തന്നെ അവിടുത്തോടു സംസാരിക്കാൻ സാധ്യമല്ല. ആദ്യഘട്ടത്തിൽ നാം ആസ്വദിക്കുന്നതു തന്റെ മഹത്വത്തിന്റെ ഒരു നിഴൽ മാത്രമാണ്. അതുകൊണ്ടുതന്നെയാണു പ്രവചനഗ്രന്ഥങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നതു്: 'ഞങ്ങളുടെ ജീവന്റെ ശ്വാസമായ ദൈവത്തിന്റെ അഭിഷിക്തനോടു ഞങ്ങൾപറഞ്ഞു, 'അന്യജനതകളുടെ മധ്യത്തിൽ അവന്റെ തണലിൽ ഞങ്ങൾ ജീവിക്കും' (വിലാ. 4:20). 'ഒരു തണലിൽനിന്നു് ഇനി മറ്റൊരു തണലിലേയ്ക്കു പോകാം; മരണത്തിന്റെ പ്രദേശത്തും നിഴലിലും കഴിഞ്ഞിരുന്നവർക്കു് ഒരു പ്രകാശം ഉദിച്ചു' (ഏശാ. 9:2). നമുക്കു മരണത്തിന്റെ തണലിൽനിന്നു ജീവന്റെ തണലിലേക്കു നീങ്ങാൻ അതുമൂലം സാധ്യമായി. മുന്നേറ്റങ്ങൾ എന്നും ഈ രീതിയിലാണ്. നന്മകളുടെ നിഴലിലെങ്കിലുമായിരിക്കാൻ ആദ്യമായി ഒരു വ്യക്തി ആഗ്രഹിക്കുന്നു.

ഈശോയുടെ ജനനവും ഒരു നിഴലിൽനിന്ന്—നിഴലിലല്ല—ആരംഭംകുറിച്ചു എന്നു ഞാൻ കരുതുന്നു. എന്നാൽ അതു പൂർത്തിയായതു സത്യത്തിലാണ്. ഇങ്ങനെ പറയപ്പെട്ടു: 'പരിശുദ്ധാത്മാവു നിന്റെമേൽവരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും' (ലൂക്കാ. 1:35). അങ്ങനെ ക്രിസ്തുവിന്റെ ജന്മം നിഴലിൽനിന്നു് ആരംഭംകുറിച്ചു. എന്നാൽ നിഴൽ വീശലിൽനിന്നു് അവിടുത്തെ ജനനത്തിനു തുടക്കംകുറിച്ചതു മറിയത്തിൽ മാത്രമല്ല. നിങ്ങൾക്കു യോഗ്യതയുണ്ടെങ്കിൽ നിങ്ങളിലും 'ദൈവവചനം' ജനിക്കുന്നു. അതിനാൽ അവിടുത്തെ നിഴലിനെ സ്വീകരിക്കാൻ നിങ്ങൾക്കും കഴിവുണ്ടാക്കാൻ



നോക്കുക. നിങ്ങൾക്കു് അതിനു് അർഹതയുണ്ടാകുമ്പോൾ അവിടുത്തെ ശരീരം—ശരീരത്തിൽനിന്നാണല്ലോ നിഴലുണ്ടാകുന്നതു്—നിങ്ങളുടെ പക്കലേക്കുവരും. എന്തെന്നാൽ, 'ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നവൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കും (ലൂക്കാ. 16:10).

'അവന്റെ തണലിൽ ഇരിക്കാൻ ഞാൻ ആഗ്രഹിക്കുകയും ഇരിക്കുകയും ചെയ്തു.' അവൾ എപ്പോഴും ആ തണലിൽ നിൽക്കുകമാത്രമല്ല ചെയ്തതെന്നു നമുക്കു കാണാം. കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങളിലേക്കവൾ മുന്നേറി. അവൾ പറയുന്നു: 'ആ ആപ്പിൾമരത്തിന്റെ കനി എന്റെ കണ്ഠത്തിൽ മാധുര്യമിയറ്റി' (ഉത്തമ. 2:3). മണവാട്ടിയുടെ വാക്കുകളുടെ ആശയമിതാണ്: മണവാളന്റെ തണലിൽ വിശ്രമിക്കാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ തണലിന്റെ കുളിർമ്മയോടൊപ്പം അവിടുത്തെ കനികളും എനിക്കു ധാരാളമായികിട്ടി. അതുകൊണ്ടു ഞാൻ പറയുന്നു: 'അവന്റെ ഫലം എന്റെ കണ്ഠത്തിൽ മാധുര്യപൂർണ്ണമായിരുന്നു.'

'വീഞ്ഞിന്റെ അറയിലേയ്ക്കു് എന്നെ ആനയിക്കുക' (ഉത്തമ. 2:4). മണവാളൻ പുറത്തുവന്നുനിന്നു, മണവാട്ടിയാൽ സ്വീകരിക്കപ്പെട്ടു; മണവാട്ടിയുടെ സ്തനാന്തരത്തിൽ വിശ്രമിച്ചു. മണവാളനെ അതിഥിയായി സ്വീകരിക്കാൻ യോഗ്യത നേടിയവരല്ല അനേകമുള്ള മറ്റു കന്യകമാർ. പുറത്തുനിൽക്കുന്ന ജനക്കൂട്ടങ്ങളോടു മണവാളൻ ഉപമകളിൽ സംസാരിക്കുന്നു (മത്താ. 13:2f). നമ്മളും ഈ കന്യകമാരിൽപ്പെടുന്നവരായിരിക്കുമോ എന്നു ഞാൻ എത്രയധികമായി ഭയപ്പെടുന്നു!

'എന്നെ വീഞ്ഞിന്റെ അറയിലേയ്ക്കു് ആനയിക്കുക.' ഞാൻ എന്തിനാണ് ഇത്രയധികം നേരം പുറത്തു നിൽക്കുന്നതു്? 'ഇതാ, ഞാൻ പടിവാതുക്കൽ നിന്നുകൊണ്ടു മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷണം കഴിക്കയും ചെയ്യും' (വെളി. 3: 20).

'എന്നെ അകത്തേയ്ക്കു ആനയിക്കുക.' ദൈവവചനവും ഇങ്ങനെതന്നെ പറയുന്നു. 'എന്നെ ഉള്ളിലേക്കു് ആനയിക്കുക' എന്നു പറയുന്നതു ക്രിസ്തുവത്രേ. ജ്ഞാനസ്നാനാർത്ഥികളായ ആളുകളോടും അവിടുന്നു പറയുകയാണ്: 'എന്നെ ഉള്ളിലേയ്ക്കു് ആനയിക്കുക.' വീടിനുള്ളിലേയ്ക്കു മാത്രമല്ല, വീഞ്ഞുള്ള അറയിലേക്കും ആനയിക്കണം. നിങ്ങളുടെ ആത്മാവു് സന്തോഷമാകുന്ന വീഞ്ഞുകൊണ്ടു നിറയട്ടെ; പരിശുദ്ധാത്മാവാകുന്ന വീഞ്ഞുകൊണ്ടു നിറയട്ടെ. അനന്തരം വചനവും വിജ്ഞാനവും സത്യവുമായ ദൈവവചനത്തെ

www.malankaralibrary.com



ആ ആത്മാവിലേക്ക് ആനയിക്കുക' എന്നത് പരിപൂർണ്ണത നേടാത്ത ആത്മാക്കളോടും പറയാവുന്നതാണ്.

'ക്രമമായ സ്നേഹം എന്നിൽ സ്ഥാപിക്കുക' (മത്താ. 2:4). മനോഹരമായ ഒരു പ്രയോഗമാണിത്. പലരുടെയും സ്നേഹം ക്രമരഹിതമായ ഒരവസ്ഥയിലാണ്. സ്നേഹത്തെ സംബന്ധിച്ചിടത്തോളം ഒന്നാം സ്ഥാനത്തു നിൽക്കേണ്ടവയ്ക്ക് അവർ രണ്ടാം സ്ഥാനം കൊടുക്കുന്നു, രണ്ടാം സ്ഥാനത്തു പ്രതിഷ്ഠിക്കേണ്ടവയെ അവർ ഒന്നാംസ്ഥാനത്തു പ്രതിഷ്ഠിക്കുന്നു. മൂന്നാംസ്ഥാനം അർഹിക്കുന്നതു നാലാംസ്ഥാനത്തും നാലാംസ്ഥാനം അർഹിക്കുന്നവ മൂന്നാംസ്ഥാനത്തും വരുന്നു. എന്നാൽ വിശുദ്ധരുടെ സ്നേഹം വേണ്ടവിധം ക്രമീകരിച്ചതത്രെ.

'ക്രമമായ സ്നേഹം എന്നിൽ സ്ഥാപിക്കുക' എന്ന വാക്കുകളുടെ അർത്ഥം ശരിയായി മനസ്സിലാക്കുന്നതിന് ഉപയുക്തമായ ഏതാനും ഉദാഹരണങ്ങൾ ഞാൻ പറയട്ടെ. നിങ്ങൾ നിങ്ങളുടെ പിതാവിനെയും മകനെയും മകളെയും സ്നേഹിക്കണമെന്ന് ദൈവവചനം ആഗ്രഹിക്കുന്നു. നിങ്ങൾ ക്രിസ്തുവിനെ സ്നേഹിക്കണമെന്നും അതേ ദൈവവചനം ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ നിങ്ങളുടെ മക്കളെയോ ജന്മദാതാക്കളെയോ സ്നേഹിക്കരുതെന്ന് ആ ദൈവവചനം ഒരിക്കലും ആവശ്യപ്പെടുന്നില്ല. ദൈവവചനം എന്താണാവശ്യപ്പെടുന്നത്? 'നിങ്ങൾക്കു ക്രമമില്ലാത്ത സ്നേഹം ഉണ്ടായിരിക്കരുത്. നിങ്ങൾ മാതാപിതാക്കളെ ഒന്നാമതായും എന്നെ രണ്ടാമതായും സ്നേഹിക്കരുത്. എന്നോടുള്ളതിലധികമായ സ്നേഹം നിങ്ങൾക്കു നിങ്ങളുടെ പുത്രീപുത്രന്മാരോടുണ്ടാകരുത്. 'എന്നെക്കാൾ അധികമായി അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല' (മത്താ. 10:37). 'എന്നെക്കാളധികമായി മക്കളെ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല.'

നിങ്ങളുടെ സ്നേഹത്തിന്റെ ക്രമീകരണത്തെക്കുറിച്ച് ഒരു മനസ്സാക്ഷി പരിശോധന നടത്തുക. മാതാപിതാക്കളെ, മക്കളെ, സഹോദരങ്ങളെ, ദൈവവചനമായ ഈ രേഖയെ എല്ലാം നിങ്ങൾ സ്നേഹിക്കുന്നുണ്ട്. ശരിയായ ആത്മശോധന നടത്തിയാൽ ക്രിസ്തുവിനേക്കാൾ അധികമായി മതാപിതാക്കളെയും മററും നിങ്ങൾ സ്നേഹിക്കുന്നുണ്ട് എന്നു വ്യക്തമാകും. സ്നേഹത്തെ സംബന്ധിച്ചിടത്തോളം ദൈവവചനത്തെ ഒന്നാം സ്ഥാനത്തും മക്കളെ രണ്ടാം സ്ഥാനത്തും പ്രതിഷ്ഠിക്കാൻ കഴിഞ്ഞവർ നിങ്ങളിലാ



രുണ്ട്? ഈ രീതിയിൽത്തന്നെ ഭാര്യയെയും നിങ്ങൾ സ്നേഹിക്കേണ്ടതാണ്: 'ആരും സ്വന്തം ശരീരത്തെ ഒരിക്കലും വെറുക്കുന്നില്ലല്ലോ.' ഭർത്താവു ഭാര്യയെ സ്നേഹിക്കുന്നതു സ്വന്തം ശരീരത്തെ എന്നപോലെയാണ്. 'അവർ ഒരേ ശരീരത്തിൽ രണ്ടുപേർ ആയിരിക്കും' (എഫേ. 5 :29,31). എന്നാൽ ഒരേ ആത്മാവിലല്ല. ദൈവത്തെ നാം സ്നേഹിക്കണം; എന്നാൽ മാംസമോ രക്തമോ ആയിട്ടല്ല, ആത്മാവായിട്ട്. എന്തെന്നാൽ 'കർത്താവിനോടു സംയോജിക്കുന്നവൻ അവിടുത്തോട് ഏകാത്മാവായിത്തീരുന്നു.'[8]

അതിനാൽ, പരിപൂർണത നേടിയവരിൽ സ്നേഹം ക്രമീകൃതമായിരിക്കും. ദൈവത്തെ ഏററവും അധികമായി സ്നേഹിക്കണമെന്നതിൽ തർക്കമില്ല. മററുള്ളവരെ സംബന്ധിച്ചിടത്തോളം നമ്മുടെ സ്നേഹത്തിന്റെ ക്രമം എന്തായിരിക്കണം? അതിൽ ഏററവും അധികമായി മാതാപിതാക്കളെ സ്നേഹിക്കുക. പിന്നെ മക്കളെ; അതിനുശേഷം മററു ബന്ധുക്കളെ. എന്നാൽ ദുർവൃത്തനായ ഒരു മകനും സുചരിതനായ ഒരു സേവകനുമുണ്ടെങ്കിൽ ആ സേവകനെ കൂടുതലായി സ്നേഹിക്കാവുന്നതാണ്. അങ്ങനെ വിശുദ്ധരുടെ സ്നേഹം ക്രമപ്പെടുത്തണം.

നമ്മുടെ ഗുരുവായ കർത്താവ് സ്നേഹത്തിന്റെ ക്രമീകരണത്തെപ്പററി വ്യക്തമായ നിർദേശങ്ങൾ സുവിശേഷത്തിൽ നൽകിയിട്ടുണ്ട്: 'നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കുക.' 'നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക (മത്താ. 22:37.39). ദൈവത്തെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക; അയൽക്കാരനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ്ണമനസ്സോടും സ്നേഹിക്കുക എന്നല്ല അവിടുന്നു പറയുന്നത്. 'ദൈവവചനം' ക്രമരഹിതനല്ല; അസാധ്യകാര്യങ്ങൾ അവിടുന്ന് നമ്മോട് ആജ്ഞാപിക്കുന്നുമില്ല. 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക' എന്നു പറയുന്ന അവിടുന്ന് (മത്താ. 5:54) 'ശത്രുക്കളെ നിങ്ങളെപ്പോലെതന്നെ സ്നേഹിക്കുക' എന്ന് ആവശ്യപ്പെടുന്നില്ല. ശത്രുക്കളെ നാം സ്നേഹിച്ചാൽമതി, ദ്വേഷിക്കാതിരുന്നാൽ മതി. എന്നാൽ അയൽക്കാരെ നമ്മെപ്പോലെ തന്നെ സ്നേഹിക്കണം. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നതാവട്ടെ, 'പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടെ' ആയിരിക്കണം.

ഈ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കുകയും മനസ്സിലാക്കിയ കാര്യങ്ങൾ നടപ്പാക്കുകയും ചെയ്താൽ മണവാളൻ ആവശ്യ

www.malankaralibrary.com



പ്പെടുന്നവ നിങ്ങൾ നിർവഹിച്ചു എന്നു പറയാം. 'നിങ്ങൾ എന്നെ വീഞ്ഞിന്റെ അറയിലേയ്ക്കു് ആനയിക്കുക. ക്രമമായ സ്നേഹം എന്നിൽ സ്ഥാപിക്കുക.' നിങ്ങളുടെയിടയിൽ ക്രമീകൃതമായ സ്നേഹമുള്ള വ്യക്തി ആരാണെന്നു് ആലോചിച്ചുനോക്കുക.

'സുഗന്ധവസ്തുക്കൾകൊണ്ടു് എനിക്കു ശക്തി പകരുക' (ഉത്തമ. 2:5ff). ഒരു തർജ്ജമക്കാരൻ 'പൂങ്കുലകൾകൊണ്ടു ശക്തി പകരുക' എന്നും രേഖപ്പെടുത്തിയിട്ടുണ്ടു്. ഇപ്പോൾ സംസാരിക്കുന്നതു മണവാട്ടിയത്രേ. 'ആപ്പിളുകൾകൊണ്ടു് എന്നെ വലയംചെയ്യുക.' ഏതു് ആപ്പിളുകൾകൊണ്ടു്? 'കാട്ടിൽ ആപ്പിൾമരം എന്നപോലെയാണു പുരുഷന്മാർക്കിടയിൽ എന്റെ ഭാഗിനേയൻ.' അതിനാൽ 'ആപ്പിൾകൊണ്ടു് എന്നെ വലയംചെയ്യുക. എന്തെന്നാൽ 'എനിക്കു പ്രേമത്തിന്റെ മുറിവു് ഏററിരിക്കുന്നു.'

സ്നേഹത്തിന്റെ മുറിവു് ഏല്ക്കുക എന്നതു് എത്ര യുക്തവും എത്ര ആനന്ദകരവുമാകുന്നു! ചിലയാളുകൾക്കു് ഏല്ക്കുന്നതു ശാരീരിക പ്രേമത്തിന്റെ സായകമാണു്. വേറെ ചിലരെ മുറിപ്പെടുത്തുന്നതു ഭൗതികമായ അഭിലാഷങ്ങളത്രേ. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട അസ്ത്രം, സ്നേഹത്തിന്റെ അസ്ത്രം വന്നുതറയ്ക്കുന്നതിനുവേണ്ടി നിങ്ങൾ സ്വന്തം ശരീരം അനാവൃതമാക്കുക. അമ്പെയ്യുന്നയാൾ ദൈവംതന്നെയാകുന്നു. ഈ സ്നേഹാസ്ത്രത്തെക്കുറിച്ചു വി. ലിഖിതം പറയുന്നതെന്തെന്നു കേൾക്കുക, അപ്പോൾ നിങ്ങൾക്കു കൂടുതൽ ആശ്ചര്യം തോന്നും. ആ സ്നേഹാസ്ത്രംതന്നെ പറയുന്നതെന്തെന്നു കേൾക്കുക: 'അവിടുന്നു് എന്നെ മിനുക്കിയ അസ്ത്രമാക്കി തന്റെ ആവനാഴിയിൽ എന്നെ സൂക്ഷിച്ചു. അവിടുന്നു് എന്നോടു പറഞ്ഞു: 'എന്റെ ദാസൻ എന്നു വിളിക്കപ്പെടുന്നതു നിനക്കു വലിയ കാര്യമാകുന്നു' (ഏശാ. 49:2f:6). സ്നേഹാസ്ത്രം പറയുന്നതെന്താണെന്നും ദൈവം അവിടുത്തെ തെരഞ്ഞെടുത്തതു് ഏതുവിധത്തിലാണെന്നും മനസ്സിലാക്കുക. ഈ അസ്ത്രത്താൽ മുറിവേൽക്കപ്പെട്ടതു് എത്ര സൗഭാഗ്യകരം! 'വഴിയിൽവച്ചു് അവൻ വിശുദ്ധ ലിഖിതം വിശദീകരിച്ചുകൊണ്ടു നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?' എന്നു പരസ്പരം ചോദിച്ച ശിഷ്യന്മാർ (ലൂക്കാ. 24:32). ഈ അസ്ത്രത്തിൽനിന്നു മുറിവേററവരാണു്. നമ്മുടെ ഈ ചർച്ചകൊണ്ടു് ആർക്കെങ്കിലും മുൻപറഞ്ഞവിധത്തിൽ മുറിവേററിട്ടുണ്ടെങ്കിൽ, വിശുദ്ധ ലിഖിതത്തിന്റെ അദ്ധ്യാപനംമൂലം ആർക്കെങ്കിലും അത്തരം മുറിവേററിട്ടുണ്ടെങ്കിൽ അയാൾക്കു പറയാൻ കഴിയും: 'എനിക്കു സ്നേഹത്തിന്റെ മുറിവേററിരിക്കുന്നു.' ഒരുപക്ഷേ ആദ്യത്തേതും



രണ്ടാമത്തേതും ഒരുപോലെ ആയിരിക്കാം. എന്നാൽ എന്തുകൊണ്ടാണു് 'ഒരുപക്ഷേ' എന്നു ഞാൻ പറഞ്ഞതു്? ഞാൻ വ്യക്തമായ ഒരു വിശദീകരണം നൽകാം.

9. 'അവന്റെ ഇടതുകരം എന്റെ തലയ്ക്കു കീഴെയാകുന്നു. അവന്റെ വലതുകരം എന്നെ ആലിംഗനം ചെയ്യും' (ഉത്തമ. 2:6). ദൈവവചനത്തിനു് ഇടതുകരവും വലതുകരവും ഉണ്ടു്. വിജ്ഞാനം അതിന്റെ പഠനവിഷയങ്ങളെ സംബന്ധിച്ചിടത്തോളം വൈവിധ്യമാർന്നതാണെങ്കിലും അന്തസ്സാരത്തിൽ ഒന്നാകുന്നു. സോളമൻതന്നെ വിജ്ഞാനത്തിന്റെ ഇടതുകരത്തെയും വലതുകരത്തെയുംകുറിച്ചു പഠിപ്പിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നു: 'അവളുടെ വലത്തുകൈയിൽ ദീർഘായുസ്സും ഇടത്തുകൈയിൽ സമ്പത്തും ബഹുമതിയും സ്ഥിതിചെയ്യുന്നു' (സദൃശ്യ. 3:16). അതിനാൽ അവിടുത്തെ ഇടതുകരം എന്റെ തലയ്ക്കു കീഴെ ആയിരിക്കുന്നതു് എനിക്കു വിശ്രമം നൽകുന്നതിനുവേണ്ടിയാകുന്നു. മണവാളന്റെ കൈയ്യു് എനിക്കു തലയിണയാകും. ആത്മാവിന്റെ പ്രധാന ഇരിപ്പിടം 'ദൈവവചന'ത്തിന്മേൽ ഇളകൊള്ളും.

'അവന്റെ ഇടതുകരം എന്റെ തലയ്ക്കു കീഴെ.' വിലാപങ്ങൾക്കു കാരണമായ തലയിണകൾ ഉപയോഗിക്കുന്നതു് ആശാസ്യമല്ല. എസക്കിയേലിന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു: 'എല്ലാ കൈമുട്ടുകൾക്കും കീഴിൽ വയ്ക്കാൻതലയിണ തയ്ക്കുന്നവർക്കു ദുരിതം' (13:18). തലയിണ തയ്ക്കാതിരിക്കുക. നിങ്ങളുടെ തലയ്ക്കു വേറൊരിടത്തും വിശ്രമസ്ഥാനം അന്വേഷിക്കാതിരിക്കുക. മണവാളന്റെ കൈതന്നെ നിങ്ങളുടെ തലയ്ക്കു താങ്ങാക്കുക. എന്നിട്ടു പറയുക: 'അവന്റെ ഇടതുകരം എന്റെ തലയ്ക്കു കീഴെ.' അങ്ങനെവരുമ്പോൾ ആ ഇടതുകൈയിലുള്ളവയെല്ലാം നിങ്ങൾക്കു ദാനംചെയ്യപ്പെടും. നിങ്ങൾക്കു സത്യമായിത്തന്നെ പറയാം.: 'അവന്റെ ഇടത്തുകൈയിൽ സമ്പത്തും പ്രതാപവും ഉണ്ടു്.'

'അവന്റെ വലതുകരം എന്നെ ആശ്ലേഷിക്കും.' മണവാളന്റെ വലതുകരം നിങ്ങളെ പൂർണമായി ആശ്ലേഷിക്കട്ടെ. 'അവന്റെ വലത്തുകൈയിൽ ദീർഘായുസ്സുണ്ടു്.' അതിനാൽ 'കർത്താവായ ദൈവം നിനക്കു തരുന്ന നല്ല നാട്ടിൽ നിനക്കു ദീർഘായുസ്സുണ്ടാകും' (പുറ. 20:13).

'അല്ലയോ ജെറൂസലേം പുത്രിമാരേ, വയലിലെ ശക്തികളുടെയും ബലങ്ങളുടെയും മദ്ധ്യേ ഞാൻ നിങ്ങളോടു പ്രാർത്ഥിക്കുന്നു.' മണവാട്ടി ജെറൂസലേം പുത്രിമാരോടു് അഭ്യർത്ഥിക്കുന്നു

www.malankaralibrary.com



തെന്താണ്? 'നിങ്ങൾ പ്രേമത്തെ ഉയർത്തുകയും ഉണർത്തുകയും ചെയ്യുവോ? (ഉത്തമ. 2:7). ജെറൂസലേം പുത്രിമാരേ, കന്യകമാരേ, എന്നിൽ ഉറങ്ങുകയല്ലാത്ത പ്രേമം എന്ന വികാരം എത്രകാലമായി നിങ്ങളിൽ നിദ്രകൊള്ളുന്നു? എന്നിൽ പ്രേമത്തിന്റെ മുറിവുണ്ട്. അതിനാൽ എന്റെ പ്രേമം ഉണർന്നിരിക്കുന്നു. നിങ്ങൾ അനേകംപേരുണ്ട്. ജെറൂസലേം പുത്രിമാരായ കന്യകമാരാണു നിങ്ങൾ. മണവാളനോടുള്ള സ്നേഹം ഉറങ്ങിക്കിടക്കുകയാണു നിങ്ങളിൽ. അതുകൊണ്ടാണു നിങ്ങൾ നിങ്ങളിലെ സ്നേഹത്തെ വളർത്തുകയും ഉണർത്തുകയും ചെയ്യുവോ എന്നു ഞാൻ ചോദിക്കുന്നത്. പ്രപഞ്ചത്തിന്റെ നിർമ്മാതാവു നിങ്ങളെ സൃഷ്ടിച്ചപ്പോൾ അവിടുന്നു നിങ്ങളുടെ ഹൃദയങ്ങളിൽ സ്നേഹത്തിന്റെ വിത്തുവിതച്ചു. എന്നാൽ ഇപ്പോൾ 'നീതി അവളിൽ ഉറങ്ങാൻപോയിരിക്കുന്നു' എന്നു വേറൊരിടത്തു പറഞ്ഞതുപോലെ സ്നേഹം നിങ്ങളിൽ നിദ്രാണമത്രേ. 'അവൻ ഒരു സിംഹത്തെപ്പോലെയും സിംഹക്കുട്ടിയെപ്പോലെയും ഉറങ്ങി' (സംഖ്യ.24:9) എന്നു മണവാളനെക്കുറിച്ചു മറ്റൊരിടത്തു പറഞ്ഞതുപോലെതന്നെ.

അവിശ്വാസികളിലും സംശയാത്മാക്കളിലും ദൈവവചനം ഇപ്പോഴും ഉറങ്ങിക്കിടക്കുകയാണ്. എന്നാൽ വിശുദ്ധരിൽ താൻ ഉണർന്നിരിക്കുന്നു. കൊടുങ്കാറ്റുകളാൽ ഉലയ്ക്കപ്പെട്ടുന്നവരിൽ അവിടുന്ന് ഉറങ്ങുന്നു; എന്നാൽ മണവാളൻ ഉണരുകയും തങ്ങളെ രക്ഷിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നവരുടെ ശബ്ദത്താൽ അവിടുന്ന് ഉണർത്തപ്പെടുന്നു. താൻ ഉണരുമ്പോൾ ക്ഷണേന സർവത്ര സമാധാനം വ്യാപിക്കുന്നു; പർവതസദൃശങ്ങളായ തിരമാലകൾ അപ്രത്യക്ഷമാകുന്നു; പ്രതികൂലങ്ങളായ കാറ്റുകൾ ശാസിക്കപ്പെടുന്നു: ജലാശയത്തിന്റെ ഉദ്ഭ്രാന്താവസ്ഥ നിശ്ശബ്ദതയായി പരിണമിക്കുന്നു. എന്നാൽ അവിടുന്ന് ഉറങ്ങുമ്പോൾ കൊടുങ്കാറ്റും മൃത്യുവും നൈരാശ്യവും തേർവാഴ്ചനടത്തുന്നു. (മത്താ. 8:23ff).

'ജെറൂസലേം പുത്രിമാരേ, വയലിലെ ശക്തികളുടെ മദ്ധ്യത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.' ഏതു വയലിലെ? 'കർത്താവു കനിഞ്ഞനുഗ്രഹിച്ച വയലിന്റെ മണം' എന്ന് ഏതു വയലിനെക്കുറിച്ചാണോ പറഞ്ഞിട്ടുള്ളത്, ആ വയൽതന്നെ (ഉല്പ. 27:27).

10. 'അവനു് ഇഷ്ടമായിരിക്കുന്നിടത്തോളം നിങ്ങൾ സ്നേഹത്തെ ഉയർത്തുകയും ഉണർത്തുകയും ചെയ്തിട്ടുണ്ടോ? അതാ എന്റെ പ്രിയന്റെ സ്വരം. പർവതങ്ങളുടെ മുകളിൽ കുതിച്ചു ചാടിക്കൊണ്ട് അതാ അവൻ വരുന്നു' (ഉത്തമ. 2: 7f). സഭയാ



ണിവിടെ സംസാരിക്കുന്നത്. മണവാളന്റെ ആഗമനത്തിനു തയാറായിരിക്കാൻ കന്യകമാരെ ഉദ്ബോധിപ്പിക്കുകയാണ് അവളുടെ ലക്ഷ്യം, മണവാളൻ വന്ന് അവരോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ മണവാട്ടി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ മണവാളൻ വരികയാണ്. മണവാട്ടി മണവാളനെ ലക്ഷ്യമാക്കി വിരൽ ചൂണ്ടിക്കൊണ്ടു പറയുകയാണ്: 'നോക്കു, പർവ്വതങ്ങൾക്കു മീതെ കുതിച്ചുചാടി അവൻ വരുന്നു.' മണവാട്ടിയുടെ ആത്മാവു വളരെയേറെ പരിപൂർണ്ണവും അനുഗൃഹീതവുമാണ്. അതിനാൽ ദൈവവചനത്തിന്റെ ആഗമനം മറ്റുള്ളവരേക്കാൾ വളരെ മുമ്പേ കാണാനും അറിയാനും അവൾക്കു കഴിയുന്നു. വിജ്ഞാനവും സ്നേഹവും തനിക്കാണു ലഭിച്ചിട്ടുള്ളതെന്നു മനസ്സിലാക്കിക്കൊണ്ട്, കാണാൻ കഴിവില്ലാത്തവരോട് അവൾ പറയുന്നു: 'നോക്കു, അതാ അവൻ വരുന്നു!'

'കണ്ടാലും, അതാ അവൻ വരുന്നു' എന്നു പറയാനുള്ള കഴിവ് എനിക്കും ഉണ്ടാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയാണ്. എന്തെന്നാൽ, എനിക്കു ദൈവത്തിന്റെ വചനം വ്യാഖ്യാനിക്കാനുള്ളകഴിവുണ്ടെങ്കിൽ എനിക്കും പറയാൻകഴിയും: 'അതാ അവൻ വരുന്നു.' പക്ഷെ ഇവിടെ വരുന്നതെങ്ങോട്ടാണ്? ഒരു താഴ്വരയിലേയ്ക്കോ താഴ്ന്നഭൂമിയിലേക്കോ അല്ല എന്നു നിശ്ചയം. പിന്നെ എവിടേയ്ക്കാണ്? 'പർവ്വതങ്ങളിൽ കുതിച്ചുചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും.' നിങ്ങൾ ഒരു പർവ്വതമാണെങ്കിൽ ദൈവവചനം നിങ്ങളുടെമേൽ കുതിച്ചു ചാടും; പർവ്വതത്തിനെക്കാൾ കുറെക്കൂടെ ഔന്നത്യം കുറഞ്ഞ ഒരു കുന്നാണു നിങ്ങളെങ്കിൽ ദൈവവചനം നിങ്ങളുടെമേൽ തുള്ളിച്ചാടും. യഥാർത്ഥത്തിൽ എത്ര സുന്ദരവും ഉചിതവുമാണ് മണവാട്ടിയുടെ പ്രസ്തുത വാക്കുകൾ! വലിപ്പംകൂടിയ പർവതങ്ങളിന്മേൽ കുതിച്ചു ചാടുന്നയാൾ വലിപ്പം കുറഞ്ഞതായ കുന്നുകളിന്മേൽ തുള്ളിച്ചാടുകയാണ്. താൻ പർവ്വതങ്ങളിൽ തുള്ളിച്ചാടുകയോ കുന്നുകളിൽ കുതിച്ചു ചാടുകയോ ചെയ്യുന്നില്ല.

11. 'എന്റെ പ്രിയതമൻ ബേഥേലിലെ പർവ്വതങ്ങളിലുള്ള ചെറുമാനിനെയോ കലമാൻ കുട്ടിയെയോ പോലെയാണ്' (ഉത്തമ. 2:9). ചെറുമാൻ, കലമാൻ എന്നീ രണ്ടു മൃഗങ്ങളെക്കുറിച്ചുള്ള പരാമർശം വി. ഗ്രന്ഥത്തിൽ പലെടത്തും കാണാം. ചിന്തയ്ക്കുകൂടുതൽ വിഭവം തരുന്നതിനുവേണ്ടി മിക്കപ്പോഴും അവ രണ്ടിനെയും ചേർത്താണു പറയാറുള്ളതും. 'നിങ്ങൾക്കു ഭക്ഷിക്കാവുന്ന മൃഗങ്ങൾ ഇവയാകുന്നു' എന്നു പറഞ്ഞിട്ടു തുടർന്നുകൊടുക്കുന്ന പട്ടികയിൽ 'ചെറുമാനും കലമാനും' ഉൾപ്പെടുന്നു (ആവ. 14: 4f). നമ്മുടെ വിചിന്തന വിഷയമായ അവയെ ഒരുമിച്ചാണു പരാമർശിച്ചിട്ടുള്ളത് അവയ്ക്കു ചില ഗുണ

www.malankaralibrary.com



സാമ്യങ്ങളും സാധാരണ ധർമ്മങ്ങളുമുണ്ട്. 'ഡോർകാസ്''[10] എന്നുകൂടെ പേരുള്ള ചെറുമാനിന്റെ ദർശനശക്തി വളരെ തീക്ഷ്ണമാണ്. കലമാനാകട്ടെ സർപ്പഹന്താവുമാണ്.

ഉദ്ധൃതഭാഗത്തിന്റെ അർത്ഥം ശരിക്കു വ്യാഖ്യാനിക്കാനും അവിടെ അനാവൃതമായ രഹസ്യത്തിനു പര്യാപ്തമായ വിശദീകരണം നൽകാനും പ്രാപ്തരായി ആരാണു നമ്മുടെ കൂട്ടത്തിലുള്ളത്? വി. ലിഖിതങ്ങളുടെ അർത്ഥം നമ്മുടെ കർത്താവു നമുക്കു വിശദീകരിച്ചു തന്നതുപോലെ (ലൂക്കാ. 24: 32) അവയെ മനസ്സിലാക്കാനും വിശദീകരിക്കാനുമുള്ള അനുഗ്രഹം നൽകണമേ എന്നു നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. ജീവികളുടെ സ്വഭാവ വിശേഷങ്ങളെക്കുറിച്ചു സൂക്ഷ്മപഠനം നടത്തുന്ന ശാസ്ത്രജ്ഞന്മാർ ചെറുമാനിനു കൊടുത്തിട്ടുള്ള ഡോർകാസ്സ് എന്ന നാമം അതിന്റെ സൂക്ഷ്മമായ ദർശനശക്തിയെ ആധാരമാക്കിയുള്ളതാണെന്നു മുമ്പു പറഞ്ഞല്ലോ. കലമാൻ സർപ്പങ്ങളുടെ ശത്രുവത്രേ. അതു സർപ്പങ്ങളെ എതിരിടുന്നു. സ്വന്തം നിശ്വാസവായുവിന്റെ ശക്തികൊണ്ട് അതു സർപ്പങ്ങളെ മാളങ്ങളിൽനിന്നു പുറത്തു കൊണ്ടുവരുന്നു. അവയുടെ വിഷത്തിന്റെ ശക്തി നശിപ്പിച്ചിട്ട് അവയെ ഭക്ഷണമായി ആസ്വദിക്കുന്നു.

എന്റെ രക്ഷകൻ കാഴ്ചശക്തിയെ സംബന്ധിച്ചേടത്തോളം ഒരു ചെറുമാനും പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഒരു കലമാനും ആയിരിക്കാം. അവിടത്തെ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്? അവിടുന്നാണ് സർപ്പങ്ങളെക്കൊല്ലുന്നത്; പ്രതികൂലശക്തികളെ നിഹനിക്കുന്നത്. അതിനാൽ അവിടുത്തോടു ഞാൻ പറയും: 'അവിടുന്നു ആഴത്തിലെ സർപ്പങ്ങളുടെ തല ചവിട്ടിയരച്ചു' (സങ്കീ. 74: 13–14).

12. 'ബേഥേൽപർവ്വതങ്ങളിലുള്ള ചെറുമാനിനെയോ കലമാനിനെയോപോലെയാണ് എന്റെപ്രിയതമൻ'. ബേഥേൽ എന്ന വാക്കിനർത്ഥംദൈവത്തിന്റെ ഭവനം എന്നാണല്ലോ(ഉല്പ. 28:10). എല്ലാ പർവ്വതങ്ങളും ദൈവത്തിന്റെ ഭവനങ്ങളല്ല. സഭയിലെ പർവ്വതങ്ങൾമാത്രമാണു ദൈവഭവനങ്ങൾ. ദൈവജ്ഞാനത്തിനെതിരെ വളർത്തപ്പെടുകയും തലയുയർത്തി നിൽക്കുകയും ചെയ്യുന്ന മറ്റു പർവ്വതങ്ങളും നാം കാണുന്നുണ്ട്. ഈജിപ്തിലെയും അലോഫൈലിയിലെയും[11] പർവ്വതങ്ങൾ. മണവാട്ടിയുടെ ഭാഗിനേയൻ ബേഥേലിലെ പർവ്വതങ്ങളിലുള്ള ചെറുമാനിനെയോ കലമാനിനെയോപോലെ ആയിരിക്കുന്നത് എന്തുകൊണ്ടാണെന്നു നിങ്ങൾക്കറിയണമോ? എങ്കിൽ സഭയുടെ ഒരു പർവതമാകുക. ദൈവത്തിന്റെ ഭവനമായിട്ടുള്ള ഒരു പർവതമാകുക. അപ്പോൾ മണവാളൻ 'ബേഥേലിലെ പർവതങ്ങളിലുള്ള ചെറുമാനിനെയോ കലമാനിനെയോപോലെ' നിങ്ങളുടെ അടുത്തുവന്നെത്തും.



അതിനുമുമ്പു പർവതങ്ങളിലും കുന്നുകളിലും നിവസിച്ചിരുന്ന മണവാളൻ അടുത്തെത്തിക്കഴിഞ്ഞു എന്നു മണവാട്ടി മനസ്സിലാക്കുന്നു. താൻ തുള്ളിച്ചാടിയും കുതിച്ചുചാടിയും വരുന്നതായി അവൾ പറയുന്നു. അദ്ദേഹം തന്റെയും മറ്റു കന്യകമാരുടെയും സമീപത്ത് എത്തിച്ചേർന്നതായി മനസ്സിലാക്കിയിട്ട് അവൾ ഉദ്ഘോഷിക്കുന്നു, 'കണ്ടാലും അവൻ പിന്നിൽ എത്തിയിരിക്കുന്നു, നമ്മുടെ മതിലിനപ്പുറം.' നിങ്ങൾ ദൈവത്തിനു വേണ്ടി ഒരു മതിലും എടുപ്പും ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ മണവാളൻ നിങ്ങളുടെ മതിലിനപ്പുറം വന്നെത്തും.

'ജനാലകളിലൂടെ നോക്കിക്കൊണ്ട്''. ഒരു ജനാലയെന്നാൽ നമ്മുടെ ഇന്ദ്രിയങ്ങളിൽ ഒന്നത്രേ. അതിലൂടെയാണ് മണവാളൻ പുറത്തേയ്ക്കു നോക്കുന്നത്. മറ്റൊരു ജനാല മറ്റൊരിന്ദ്രിയമാകുന്നു. ഏതിന്ദ്രിയത്തിലൂടെയാണു ദൈവവചനം നോക്കുകയില്ലാത്തത്? 'ജനാലയിലൂടെ നോക്കുക' എന്നതിന്റെ അർത്ഥമെന്താണെന്നും മണവാളൻ അതിലൂടെ കാണുന്നതെങ്ങനെയാണെന്നും താഴെ പറയുന്ന ഉദാഹരണത്തിൽ നിന്നു നമുക്കു മനസ്സിലാക്കാം. തന്റെ നോട്ടം പതിയാത്തേടത്തു മരണം തലപൊക്കി വരുന്നതു കാണാം. ജെറമിയാസിൽ നാം വായിക്കുന്നു: 'കണ്ടാലും മരണം നിന്റെ ജനാലകളിലൂടെ കയറി വരുന്നു' (9: 21). 'ഒരു സ്ത്രീയെ കാമിക്കുന്നതിനുവേണ്ടി അവളെ നിങ്ങൾ നോക്കുമ്പോൾ' (മത്താ. 5: 28) മരണം നിങ്ങളുടെ ജനാലകളിലൂടെ കയറിവരുന്നു.

'വലകൾക്കിടയിലൂടെ കാണപ്പെടുന്നു'. നീ കെണികൾക്കിടയിലൂടെയാണു സഞ്ചരിക്കുന്നതെന്നും ശല്യപ്പെടുത്തുന്ന പോരാട്ടത്തിൻ കീഴിൽക്കൂടെയാണു കടന്നുപോകുന്നതെന്നും അറിയുക' (പ്രഭാഷകൻ 9:13). [illegible]ിടവും നിറയെ വലകളാണ്. പിശാച് എല്ലായിടത്തും വല വിരിച്ചിരിക്കുന്നു. എന്നാൽ ദൈവവചനം വന്നു വലകളിൽക്കൂടി കാണപ്പെടാൻ തുടങ്ങുമ്പോൾ നീ പറയും: 'വേട്ടക്കാരുടെ കെണിയിൽനിന്ന് കരികിൽപോലെ നാം രക്ഷപെട്ടു; കെണി തകർക്കപ്പെട്ടു; നാം വിടുവിക്കപ്പെട്ടു; ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നാം അനുഗ്രഹിക്കപ്പെട്ടവരാകുന്നു' (സങ്കീ. 124:7–8). മണവാളൻ വലകൾക്കിടയിൽക്കൂടി കാണപ്പെടുന്നു. യേശു നിങ്ങൾക്കൊരു വഴിയൊരുക്കി; അവിടുന്നു ഭൂമിയിലേക്കിറങ്ങിവന്ന് ഈ ലോകത്തിന്റെ കെണികൾക്കു സ്വയം വിധേയനാക്കി. മനുഷ്യകുലത്തിന്റെ വലിയൊരുകൂട്ടം കെണിയിലകപ്പെട്ടതായി കണ്ടതിനാൽ, തനിക്കല്ലാതെ ആർക്കും അവരെ വിമുക്തരാക്കാൻ സാധിക്കയില്ലെന്നു കണ്ടതിനാൽ ശത്രുശക്തികളുടെ കെണിയിൽ പെട്ടിരുന്ന മനുഷ്യശരീരത്തെ

www.malankaralibrary.com



അവിടന്നെടുത്തപ്പോൾ അവിടന്ന് വലകൾക്കു വിധേയനാക്കി. അവിടന്നു നിങ്ങൾക്കുവേണ്ടി ആ വലകൾ പിച്ചിക്കീറി. അപ്പോൾ നിങ്ങൾ പറയും: 'ഇതാ അവിടന്നു പിറകിൽ; നമ്മുടെ ഭിത്തിക്കു പിന്നിൽ; ജനാലയിൽക്കൂടി നോക്കുന്നു; വലകളിൽക്കൂടി അവിടന്നു ദൃശ്യനാകുന്നു.'

അവിടന്നു കാണപ്പെട്ടപ്പോൾ നിങ്ങൾ ആത്മഗതം ചെയ്യും: 'എന്റെ ഭ്രാതൃസഹോദരൻ ഉത്തരമായി പറയുന്നു: എന്റെ അയൽക്കാരീ, എഴുന്നേൽക്കുക. നിനക്കു ഞാനിതാ ഒരു വഴിയൊരുക്കി. ഞാൻ വലകൾ പിച്ചിക്കീറി; അതുകൊണ്ട്, എന്റെ അയൽക്കാരീ, എന്റെ പക്കലേക്കു വരൂ. എന്റെ അയൽക്കാരീ, സുന്ദരീ, മാടപ്രാവേ, എഴുന്നേറ്റു വരൂ'. 'എഴുന്നേൽക്കൂ; വേഗമാകട്ടെ', എന്ന് അവൻ പറയുന്നതെന്തുകൊണ്ടാണ്?' 'കൊടുങ്കാറ്റിന്റെ ഉഗ്രത നിനക്കുവേണ്ടി ഞാൻ സഹിച്ചു; നീ അർഹിച്ച വെള്ളപ്പൊക്കത്തിന്റെ ശക്തി ഞാനേറ്റു: നിനക്കുവേണ്ടി എന്റെ ആത്മാവ് മരണംവരെ ദുഃഖിതയായി. മരണത്തിന്റെ കൂരമ്പുകൾ ഒടിച്ചുകൊണ്ടും പാതാളത്തിന്റെ ചങ്ങലകൾ തകർത്തുകൊണ്ടും ഞാൻ മരിച്ചവരിൽനിന്നുയിർത്തു' എന്ന് അവൻ പറയുന്നു (മത്താ. 8,23f; 26:38). അതുകൊണ്ട് ഞാൻ പറയുന്നു: 'എന്റെ അയൽക്കാരീ എന്റെ സുന്ദരീ, എന്റെ മാടപ്രാവേ, എഴുന്നേറ്റുവരൂ. ഇതാ, തണുപ്പുകാലം കഴിഞ്ഞു; മഴക്കാലം മാറി; ഭൂമിയിൽ പുഷ്പങ്ങൾ കാണപ്പെട്ടു തുടങ്ങി. മരിച്ചവരിൽനിന്നുയിർത്ത് ഞാൻ കൊടുങ്കാറ്റിനെ ശാന്തമാക്കി, ശാന്തത പുനഃസ്ഥാപിച്ചു. ജഡത്തിലെ വ്യാപാരപ്രകാരം പിതൃഹിതാനുസരണം ഞാൻ കന്യകയിൽനിന്ന് ജനിച്ച് വിജ്ഞാനത്തിലും പ്രായത്തിലും വളർന്നതിനാൽ, ഭൂമിയിൽ പുഷ്പങ്ങൾ കാണപ്പെട്ടു തുടങ്ങി; വെട്ടിയൊരുക്കലിന്റെ സമയമായി.'

വെട്ടിയൊരുക്കൽ പാപങ്ങളുടെ മോചനമാണ്. 'എന്തെന്നാൽ എന്നിൽ വസിക്കുകയും ഫലം പുറപ്പെടുവിക്കയും ചെയ്യുന്ന ശാഖകളെല്ലാം കൂടുതൽഫലം പുറപ്പെടുവിക്കാനായി എന്റെ പിതാവ് വെടിപ്പാക്കുന്നു' എന്ന് അവിടന്നു പറയുന്നു (യോഹ. 15:2). ഫലം പുറപ്പെടുവിക്കുക; ഫലരഹിതമായി നേരത്തെ നിങ്ങളിലുണ്ടായിരുന്നവ നിങ്ങളിൽനിന്നു നീക്കപ്പെടും.

യഥാർത്ഥത്തിൽ 'വെട്ടിയൊരുക്കലിന്റെ സമയമായി.' നമ്മുടെ നാട്ടിൽ മാടപ്രാവുകളുടെ കൂജനങ്ങൾ കേട്ടു തുടങ്ങി. ബലിക്ക് ഒരു ജോഡി ചെങ്ങാലികളെയും രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയും സ്വീകരിച്ചത് കാരണം കൂടാതെയല്ല (ലേവ്യ. 5;7;12:8). അതിനു രണ്ടിനും ഒരേ വിലയാണ്; ഒരു ജോഡി



ചെങ്ങാലികളെപ്പറ്റി മാത്രമുള്ള പരാമർശനം നിങ്ങൾ ഒരിടത്തും കാണില്ല. പിന്നെയോ, ഒരു ജോഡി ചെങ്ങാലികളെയും രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയും. പ്രാവ് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. എന്നാൽ മഹത്തരവും നിഗൂഢവുമായ രഹസ്യങ്ങളെയും അനേകമാളുകൾക്കു ഗ്രഹിക്കാനാവാത്ത സംഗതികളെയും സൂചിപ്പിക്കുമ്പോൾ പരിശുദ്ധാത്മാവിനെ ചെങ്ങാലിപ്രാവ് എന്ന നാമത്തിൽ അതായത്, സദാ മലമുകളിലും മരങ്ങളുടെ മുകളിലും ഇരിക്കുന്ന പക്ഷിയുടെ നാമത്തിൽ അത്രേ സൂചിപ്പിക്കുന്നത്. എന്നാൽ താഴ്വരകളിൽ, എല്ലാ മനുഷ്യരും മനസ്സിലാക്കുന്ന സംഗതികളിൽ, അവിടന്നു പ്രാവിന്റെ സാദൃശ്യത്തിലാണ്. അവസാനമായി, നമ്മുടെ രക്ഷകൻ മനുഷ്യപ്രകൃതി സ്വീകരിച്ച് ഭൂമിയിലേക്കു വന്നപ്പോൾ, യൂദാപ്രദേശത്ത് അക്കാലത്തു ധാരാളം പാപികളുണ്ടായിരുന്നതിനാലാണ് പരിശുദ്ധാത്മാവ് ചെങ്ങാലിയുടെ രൂപമെടുക്കാതെ പ്രാവിന്റെ രൂപമെടുത്തത് (മത്താ. 3:16). അവിടന്നു മനുഷ്യർക്കുവേണ്ടി കൂടുതൽ ഇണങ്ങിയ പക്ഷിയെപ്പോലെ നമ്മുടെ ഇടയിൽ വസിക്കുന്നു. എന്നാൽ അവിടന്നു മോശയ്ക്കും പ്രവാചകരിലൊരുവനും—അതാരെങ്കിലുമാകട്ടെ—അവർ മലകളിലേക്കു കയറി ഒളിച്ചു ദൈവത്തിൽനിന്നു വെളിപാടുകൾ സ്വീകരിച്ചപ്പോൾ, ചെങ്ങാലിയുടെ രൂപത്തിലാണ് കാണപ്പെടുന്നത്.

'മാടപ്രാവിന്റെ കൂജനം നമ്മുടെ നാട്ടിലെങ്ങും കേട്ടു തുടങ്ങി.'

അത്തിവൃക്ഷം പച്ചക്കായ്കൾ പുറപ്പെടുത്തുന്നു. 'അത്തിവൃക്ഷത്തിൽനിന്ന് ഒരുപമ പഠിപ്പിൻ. അതിന്റെ കൊമ്പുകൾ തളിർത്ത് ഇലയുണ്ടാകുമ്പോൾ വേനൽ അടുത്തു എന്ന് അറിഞ്ഞുകൊള്ളുവിൻ' (മത്താ. 24:32). തണുപ്പുകാലത്തിനും കൊടുങ്കാറ്റിനുംശേഷം ആത്മാക്കളുടെ കൊയ്ത്തുകാലം അടുത്തു എന്ന് ഈ പ്രഖ്യാപനത്തിലൂടെ നമ്മോടു പറയാൻ ദൈവം ആഗ്രഹിക്കുന്നു. അവിടന്നു പറയുന്നു: 'അത്തിവൃക്ഷം പച്ചക്കായ്കൾ പുറപ്പെടുത്തുന്നു; മുന്തിരിവള്ളി പൂവണിയുന്നു; അവ പരിമളം പരത്തുന്നു.' അവ പുഷ്പിക്കുന്നു. മുന്തിരിങ്ങാ ഉണ്ടാകുന്ന കാലം അടുത്തു.

13. 'എന്റെ അയൽക്കാരീ, എന്റെ സുന്ദരീ, എന്റെ പ്രാവേ, എഴുന്നേറ്റു വരൂ'(ഉത്തമ. 2:13). മണവാളനെ മണവാട്ടി മാത്രമേ കേൾക്കുന്നുള്ളു നാം നേരത്തെ വ്യാഖ്യാനിച്ച വാക്കുകൾ കന്യകകൾ കേൾക്കാതെ അവളാണു പറയുന്നത്. എന്നാൽ

www.malankaralibrary.com



മണവാട്ടിയോട് സംസാരിക്കുമ്പോൾ മണവാളൻ എന്താണു പറയുന്നതെന്നു നമുക്കു ശ്രദ്ധിക്കാം. 'എന്റെ അയൽക്കാരീ, എഴുന്നേററു വരൂ'. അവൻ കന്യകകളോടു സംസാരിക്കുന്നില്ല; 'നീ എഴുന്നേല്ക്കു' എന്നു പറയുന്നില്ല; പിന്നെയോ, 'എന്റെ അയല്ക്കാരീ, എന്റെ സുന്ദരീ, എന്റെ പ്രാവേ, എഴുന്നേററു വരൂ, എന്നാണുപറയുന്നത്. പാറയുടെ കീഴിലുള്ള തണലിലേക്ക് എന്റെ പ്രാവേ, വരൂ. ദൈവത്തെ പിന്നിൽനിന്നു കാണുവാൻ മോശയും പാറയുടെ മറവിൽ വയ്ക്കപ്പെടുകയുണ്ടായി (പുറ. 33:21). 'പുറത്തെ മതിലിന്റെ നിഴലിലും.' മതിലിനു മുൻപിലുള്ളതിലേക്കാദ്യം വരൂ; അപ്പോൾ 'പാറ'കൊണ്ടുള്ള മതിലുള്ളിടത്തു നിനക്കു കയറാനാകും.

'നിന്റെ മുഖം എന്നെ കാണിക്കുക.' അത്തരം സംഗതികൾ ഇപ്പോഴും മണവാട്ടിയോടു പറയുക സാധാരണമാണ്. എന്നാൽ ഇതുവരെ മൂടുപടം കൂടാതെ കർത്താവിന്റെ മഹത്വം ദർശിക്കുവാൻ അവൾ ധൈര്യപ്പെട്ടിട്ടില്ല. എന്നാൽ അവൾ അലങ്കാരവിഭൂഷിതയായി അണിഞ്ഞൊരുങ്ങിവന്നപ്പോൾ 'നിന്റെ മുഖം എന്നെ കാണിക്കുക' എന്ന് അവളോടു പറയപ്പെട്ടു.

'ഞാൻ നിന്റെ സ്വരം കേൾക്കട്ടെ' എന്ന് അവൻ അവളോടു പറയുന്നതിന് അവൾ യോഗ്യയാകത്തക്കവിധം അവളുടെ സ്വരം അത്ര മധുരമായിരുന്നില്ല. അവൾ 'സംസാരിക്കാൻ പഠിച്ചപ്പോൾ (അതേ, ഇസ്രായേലേ, നിശ്ശബ്ദമായി ശ്രവിക്കുക) എന്താണു പറയേണ്ടതെന്ന് അവൾ ഗ്രഹിച്ചപ്പോൾ, 'എന്റെ സംസാരം അവനു പ്രിയംകരമാകട്ടെ' (സങ്കീ. 114. 34) എന്ന പ്രവാചകവാക്യമനുസരിച്ച് അവളുടെ ശബ്ദം മണവാളനു മധുരമായി ത്തീർന്നപ്പോൾ, മണവാളൻ അവളോടുപറയുന്നു: 'ഞാൻ നിന്റെ സ്വരം കേൾക്കട്ടെ, എന്തെന്നാൽ നിന്റെ സ്വരം മധുരമാകുന്നു.'

നിങ്ങൾ ദൈവവചനത്തോട് നിങ്ങളുടെ വായ് തുറന്നു സംസാരിച്ചാൽ മണവാളൻ നിങ്ങളോടു പറയും: 'നിന്റെ സ്വരം മധുരമാകുന്നു, നിന്റെ മുഖം മനോജ്ഞവുമാകുന്നു.' അതുകൊണ്ട് നമുക്ക് ഒന്നിച്ച് എഴുന്നേററുനിന്ന് മണവാളനും വചനവും വിജ്ഞാനവും ആയ യേശുമിശിഹായ്ക്കു് നാം യോഗ്യരായിത്തീരാൻ, ദൈവത്തോടു പ്രാർത്ഥിക്കാം. അവിടുത്തേക്ക് രാജ്യവും മഹത്വവും എന്നുമെന്നേക്കും. ആമ്മീൻ. ദൈവത്തിനു സ്തുതി.

# കുറിപ്പുകൾ

## ആമുഖം (പേജ് 1–38)

1. Logos=sermo(ആഫ്രിക്കയിലെ വിവർത്തനം), Verbum (യൂറോപ്പിലെ വിവർത്തനം). വചനം എന്നർത്ഥം.
2. എബ്രാ. 5:12; 1 പത്രോ. 2:2
3. എബ്രാ. 5:14
4. ദെവുതെരോസിസ് (deuterosis) എന്ന് ഏകവചനത്തിൽ പറഞ്ഞാൽ അതു് മിഷ്ണ (Mishna) എന്ന ഹീബ്രുവാക്കിന്റെ ഗ്രീക്കു വിവർത്തനമാണ്: 'ആവർത്തിക്കുക', 'വീണ്ടും ചെയ്യുക' എന്നിപ്രകാരമാണ് മൂലാർത്ഥം. പ്രാചീനരുടെ വാചികപാരമ്പര്യത്തെ (മർക്കോ. 7:3) ഇതു സൂചിപ്പിക്കുന്നു. 160നും 220 നും ഇടയ്ക്കു് ഈ വാചികപാരമ്പര്യങ്ങൾ ലിഖിതരൂപത്തിലായി. എന്നാൽ ഇവിടെ 'ദെവുതെരോസെയിസ്' എന്ന് ബഹുവചനത്തിലാണ്. മിഷ്ണീയ അല്ല കുറിക്കുന്നത്, പിന്നെയോ, വിശദമായ പഠനം ആവശ്യമുള്ള നാലു വേദപുസ്തകഭാഗങ്ങളാണു വിവക്ഷ. ഇതേപ്പററി ജറോമും സാക്ഷിക്കുന്നു. മുപ്പതുവയസ്സെങ്കിലും ഉള്ളവർമാത്രമേ ഈ ഭാഗങ്ങൾ വായിക്കാവൂ (എസക്കിയേൽഭാഷ്യം, 1. ആമുഖം; ലേഖനം, 53:8 പൗളീനസിന്)
5. പ്ലേറേറായുടെ 'സിമ്പോസിയം' (symposium) എന്ന കൃതിയാകും വിവക്ഷ.
6. സങ്കീ. 68:12
7. ഉല്പ. 1:26f; 2:7
8. 2 കൊറി. 4:16; റോമ. 7:22; എഫേ. 3:16 കൂടികാണുക.
9. എഫേ. 4:13 കാണുക.
10. 1 യോഹ. 2:12–14
11. 1 കൊറി. 3:1f
12. 1 കൊറി. 13:11
13. എഫേ. 4:13
14. 2:14
15. മത്താ. 13:43
16. 50:1
17. സുഭാഷി. 3:23; മത്താ. 18:8
18. സങ്കീ. 73:2
19. ഏശാ. 26:17f.
20. സങ്കീ. 5:9; 55:9; 3:8; 9:36

www.malankaralibrary.com



21. യോഹ. 6:32f.41; 4:13
22. യോഹ. 15:1
23. സമാന്തരാശയങ്ങൾ, ഒരിജൻ, മത്തായിഭാഷ്യം, 17:35; ആദ്യതത്ത്വങ്ങൾ, 2:11.2
24. 1ശമു. 2:5
25. പുറ. 23:26
26. Cupido (Eros), (Cupid) കാമദേവനാണ്. പ്ലേറ്റോയിൽ നിന്ന് ഒരിജൻ ഏറോസിന്റെ കഥ ഉദ്ധരിക്കുന്നു (ചെൽസൂസിനെതിരെ, 4:39).
27. ഗലാ. 6:8 കാണുക
28. 1 കൊറി. 15:49
29. കൊളോ. 1:15f
30. ഏശാ. 49:2
31. എസ. 23
32. Charity or affection
33. desire or passion
34. dilexit
35. dilexit
36. ഉല്പ. 24:67; 29:17f.
37. dilexit
38. dilexerat
39. dilexio
40. 2 ശാമു, 13:1ff.
41. Passion
42. Charity or affection
43. adama (desire her greatly)
44. സദൃശ്യ. 4:6.8
45. വിജ്ഞാനം 8:2
46. ഉത്തമ. 5:8
47. 1 യോഹ. 4:7f.
48. യോഹ .16:28
49. 1 യോഹ. 4:16
50. യോഹ. 14:26
51. 1 തിമോ. 6:15f.
52. റോമ. 8:35.39
53. ലൂക്കാ. 10:37
54. യോഹ. 10:34f.
55. സങ്കീ. 82:1
56. സങ്കീ. 96:5
57. റോമ. 7:2 'Eros' (Amor)
58. മത്താ. 22:34–40; 19:18
59. 2 കൊറി. 4:8f.17



60. റോമ. 5:5
61. ഉല്പ. 29:19–20
62. 1 കൊറി. 13:4–8
63. യോഹ. 15:26
64. യോഹ. 15
65. 1 രാജാ. 4:29f.
66. Paroimia(വാച്യാർത്ഥത്തിൽ: a song or saying beside); Mashal (മാഷാൽ) എന്ന് ഹീബ്രു; Proverbium എന്ന് ലത്തീൻ; Proverbs എന്ന് ഇംഗ്ലീഷ്: to be like, to represent, to compare എന്ന് ഗൂഢാർത്ഥം. ഉപമ എന്നർത്ഥവും ഇതിനുണ്ട്.
67. യോഹ. 16:25
68. താഴെക്കാണുന്നതിന് സദൃശ. 1:2–6 കാണുക.
69. ഉപമ. (parable); dark speech(ഗൂഢോക്തി) riddles (കടംകഥകൾ; sayings of the wise (വിവേകികളുടെ ഉക്തികൾ)
70. സദൃശ്യ. 1:24
71. സഭാ. 1:26
72. പുറ. 3:6
73. ഉല്പ. 12:1-4.22
74. ഉല്പ. 26:12ff.
75. ഉല്പ. 28:10.17; 32:2
76. ഉല്പ. 22:9; 26:25; 33:20; 35:7
77. എബ്രാ. 11:9
78. പുറ. 30:29; സംഖ്യ. 4:47; റോമ. 16:27
79. സംഖ്യാഹോമിലി, 5:2; ലേവ്യാഹോമിലി, 13:6
80. റോമാ ലേഖനഭാഷ്യം 10:43
81. ഗലാ. 3:19
82. ഉത്തമ. 6:8
83. പുറ. 14:31–15:1
84. പുറ. 14:29f.
85. സംഖ്യ. 21:12. 16–18
86. സംഖ്യാഹോമിലി 1:2
87. ആവ. 31:19; 32:1–2
88. ന്യായാ. 5:1-3
89. ന്യായാ. 5:12
90. റൂഫീനസിന്റെ ലത്തീൻവിവർത്തനത്തിലൂടെ ഇതു നമുക്കു കൈവന്നിട്ടുണ്ട്. (GCS 30:464–522)
91. ശമു. 21:1–3f; ലത്തീൻരീതിയനുസരിച്ച് 2 ശമുവേൽ രാജാക്കന്മാരുടെ രണ്ടാം പുസ്തകമാണ്
92. 16:8

www.malankaralibrary.com



93. മത്താ. 12:42
94. 1 തിമോ. 6:15; ഫിലി. 2:6f.
95. 1 കൊറി. 1:30
96. എബ്രാ. 12:22f.
97. കൊളോ. 1:20; 1 കൊരി. 15:24–26
98. 2 കൊറി. 5:16
99. ലൂക്കോ. 2:52
100. യോഹ. 13:36
101. സംഖ്യ. 2:32f
102. സംഖ്യ. 3:5f
103. മത്താ. 10:24; ലൂക്കോ. 6:40
104. 1 കൊറി. 15:24
105. 1 രാജാ. 4:29–32.
106. സദൃശ്യ. 22:28

## പുസ്തകം 1 (പേജ് 39–70)

1. 1 കൊറി. 13:33 ഹാഗിയോയ് (Hagioi)ക്രിസ്ത്യാനികളെ കുറിക്കാൻ പൗലോസ് ഉപയോഗിച്ചു. സഭാപിതാക്കന്മാരുടെ ശൈലിയിൽ 'വിശുദ്ധർ' ധരയിൽ ജീവിക്കുന്നവരുടെ സഭയാണ്.
2. വി. കബ്ബാനയിലെസമാധാനം കൊടുക്കലാണ് വിവക്ഷ.
3. Principale cordis(ഹെഗെമൊണിക്കോൻ): the ground of the heart
4. ലേവ്യ. 10:14f: ലേവ്യപുസ്തകഹോമിലി, 7:3
5. സഭാ. 2:1.4f.8
6. മത്താ. 5:1–21f, 27f.
7. 1 രാജാ. 10:1–4f.
8. ആന്തരികാത്ഥം (ആധ്യാത്മികാത്ഥം)
9. Nazirite:സംഖ്യ.6:NZR=consecrated or devoted
10. ഗലാ. 4:1f; 3:25
11. ഗലാ. 5:22; സങ്കീ. 45:8; എബ്രാ. 1:9
12. മത്താ. 18:20; നടപടി, 2:1f; 4:32
13. 1 കൊറി. 6:17; യോഹ. 17:21
14. പുറ. 1:41; 14:24; 15:22; 16:14; സങ്കീ. 78:25
15. 1 കൊറി. 2:14; animalis homo Psychikos anthropos.
16. സങ്കീ. 18:9; മത്താ. 13:9; 2 കൊറി. 2:15; സങ്കീ. 33:9
17. ഫിലി. 2:6f; യോഹ. 1:16
18. 1 കൊറി. 2:16; 12:9; കൊളോ. 2:3
19. ഗലാ. 4:1f; 3:24f



## പുസ്തകം 2 (പേജ് 71–147)

1 യൂദപ്പഴമ 8:165-175
ഒരിജൻ ഷേബാ (സാബാ) നഗരം, രാജ്ഞിയുമായി കൂട്ടിക്കുഴയ്ക്കുന്നു. ഷേബാ രാജ്ഞിയെ ഈജിപ്തിലെയും എത്യോപ്യയിലെയും രാജ്ഞി എന്നു ജൊസേഫൂസ് തെററിദ്ധരിക്കുന്നു (8:165). ഒരിജൻ ജൊസേഫൂസിൽനിന്ന് ഈ ആശയം സ്വീകരിക്കുന്നു. യൂദപ്പഴമ 2:249 കൂടി കാണുക.
2. ജറ. 38:10; 39:15–18
3. സംഖ്യാഹോമിലി 6:4-7
4. നമ്പർ 2 കാണുക
5. രാജഭൃത്യൻ എന്ന് ഹിബ്രുവിലത്ഥം
6. ജറ. 39:16–18
7. താതചികർക്കുള്ള മറെറാരു പേരാണിത്.
8. ജറ. 2:21; ആവ. 32:32f
9. കാവൽമാലാഖമാരെപ്പററിയുള്ള പ്രബോധനം! ബർണബാസിൻെറ ലേഖനം, ഹെർമാസിൻെറ ഇടയൻ, അലക്സാണ്ഡ്രിയയിലെ ക്ലെമൻറ് എന്നിവരിൽ ഇതേപ്പററിയുള്ള പ്രബോധനം കാണാം. ഉല്പ. 48:16; തോബി. 3:25; മത്താ. 18;10; നടപടി 12:15 എന്നിവിടങ്ങളിൽ മാലാഖമാരെപ്പററി പരാമർശനമുണ്ട്. ഒരിജനിൽതന്നെ പലയിടങ്ങളിലും ഈ പ്രബോധനം കാണാം. ആദ്യതത്ത്വങ്ങൾ 2:20–7; മത്തായി സുവിശേഷഭാഷ്യം, 13:27f ആദിയായവ.
10. 1 കൊറി. 11:10–15; 1 പത്രോ. 2:16
11. ലൂക്കോ. 10:27; ആവ. 6:5
12. 'മമ്രേ' എന്ന വാക്ക് 'ദർശനം' എന്ന് ഒരിജൻ (റൂഫീനസ്) തെററായി മനസ്സിലാക്കി.
13. മത്താ. 27:45; ലൂക്കോ, 23:44f; മർക്കോ. 15:33
14. Scito teipsum (Cognoscere teipsum) 'gnothi seauton'-nosce teipsum: the greek is attributed to the Spartan Ephor Chilon (6th c B. C.)
15. ഹോശിയ 10:12ൻെറ LXXവിവർത്തനം. ഹീബ്രുവിൽ വ്യത്യസ്തമായ വാക്യമാണ്. യിരെ. 4:3ലും ഇതുകാണാം. niru lakhem nir (till you the untilled ground; Vg: Sow for yourselves in justice)
യിറെമ്യാവിൽ LXX ശരിയായി വിവർത്തനംചെയ്തു. ഹോശിയായിൽ മാററിയിരിക്കുന്നു.
16. കൊളോ.1:24; എഫേ. 5:25–27
17. ഹിപ്പോളിററസ്, ദാനിയേൽഭാഷ്യം 1:17
18. ഹെസക്കിയേൽഭാഷ്യം, 16:13; പുറപ്പാട്ടു ഹോമിലി,13:2

www.malankaralibrary.com



സംഖ്യാഹോമിലി, 9:1. വിശ്വാസം=സ്വർണം; ദൈവവചനമറിയിക്കുന്നത് വെള്ളി (Ibid.26:2); സുകൃതങ്ങളും സൽപ്രവൃത്തികളും=സ്വർണം.

19. പുറപ്പാടുഹോമിലി, 9:3; 13:3; റോമാഭാഷ്യം, 3:8
20. ഗലാ. 3:19; എബ്രാ. 10:2, 1 കൊറി. 10:11
21. വെളി. 17:15; ഏശാ. 8:7f; സങ്കീ. 12.3:1–6
22. ഫിലി. 3:10: 2 കൊറി. 4:18; കൊളോ. 3.1f; കൊറി. 5:16
23. 1 കൊറി. 10:1–4; യോഹ. 6:31ff
1 കൊറി. 5:7; വെളി. 5:6; എബ്രാ. 10:19f
24. സംഖ്യാഹോമിലി, 17;5; Sel in Num. 24:7
25. ലൂക്കാ. 2:52; ഗലാ. 4:2; മത്താ.18:10; എബ്രാ. 5:12
26. shoots(ഷെലാഹിം)=sending forth;(lit) apostoloi;emissiones
27. യോഹ. 4:13f; 7:37f; 6:35
28. ഏശാ. 40:15; ഫിലി. 2:6f
29. 1 കൊറി. 1:30.24; കൊളോ, 2:3; യോഹ. 15:1
30. മക്കോ. 14:24f. 15; മത്താ. 8:11; ലൂക്കാ. 14:15-24

## പുസ്തകം 3 (പേജ് 148_215)

1. 2 കൊരി. 11:14 (സാത്താൻ)
2. കൊളോ. 1:24; 1 തിമോ. 2:5; റോമ. 5:2
3. സഭ ക്രിസ്തുവിൻെറ മൗതികശരീരമാണെന്ന് ഒരിജൻ പഠിപ്പിച്ചു. സഭ വൈദികരും മെത്രാന്മാരും ഉൾപ്പെട്ട ഹയറാർക്കിക്കൽ സഭയാണ്; ഏകസഭ നിരവധി സഭകളുടെ സമൂഹമാണു) എന്ന ആശയം അദ്ദേഹം ഇവിടെ പഠിപ്പിക്കുന്നു.
4. ഇതു് റുഫീനസിൻെറ പരാമർശനമാണ്,
5. സങ്കീ. 1:12; ലേവ്യ. 11:1-4
6. എബ്രാ. 10:1; കൊളോ. 2:16f.
എബ്രാ. 8:5
7. ഏശ. 9:2: മത്താ. 4:16
8. സങ്കീ. 81:84: അൽഗിത്തീത്ത് (al-gittith); huper ton lenon (ഹ്യപെർ തോൺ ലേനോൻ)
9. ആവ. 6:5f; മക്കോ. 12:30f.
10. 1 കൊരി. 15:9; 2 കൊരി. 4:9; 11:28
11. 2 കൊറി. 6:14f; പുറ. 20:12; ലൂക്കാ. 14:26
12. ആവ. 32:43; സങ്കീ. 33:8; മത്താ. 18:10
13. 'Confirmate me in amoyris' എന്നാണ് റുഫീനസിൻെറ ലത്തീൻമൂലം.



14. വെളി. 2:7; യോഹ. 6:31f; 15:1; 1:19; പുറ. 16:22f.
15. ലത്തീനിൽ; റുഫീനസാണ് ഇവിടെ വിശദീകരിക്കുന്നത്.
16. 2 കൊരി. 8:9; യോഹ. 12:28
17. എബ്രാ. 12:22; ഗലാ. 4:26f
18. റോമ. 8:15; 1 യോഹ. 4:18
19. ഇവിടെ ഉത്തമ. 2:9–14 ആണു ചർച്ചാവിഷയം; 8–ാം വാക്യം അതിനുശേഷവും. എന്നാൽ തുടങ്ങിയതു 8–ാം വാക്യത്തിൻെറ ചർച്ചകൊണ്ടാണ്.
20. യോഹ. 5:45f; ലൂക്കാ. 4:16–21
21. മത്താ. 17:1f; മർക്കോ. 9:1f; ലൂക്കാ. 9:28f.
22. ഏശാ. 40:4; സങ്കീ. 125:1f.
23. ദാനി. 2:34; 1 തിമോ. 6:15; വെളി: 19:16; എബ്രാ. 4:14
24. റോമ. 1:20; 2 കൊരി. 4:18
25. എബ്രാ. 9:24നെ അനുസ്മരിപ്പിക്കുന്നു.
26. ഉല്പ. 1:26f; മത്താ. 13:31 കാണുക.
27. മില്ലെനറിസം (കിലിയസം) എന്ന ചിന്താഗതിയാണ് ഈ ഭാഗം കാട്ടുക. ആദ്യതത്ത്വങ്ങൾ (2:11) എന്ന കൃതിയിൽ ഇതിൻെറ പ്രാകൃതരൂപത്തെ ഒരിജൻ എതിർക്കുന്നു. പപ്പിയാസ്, ബർണബാസ്, ജസ്റ്റിൻ, ഇരെനേയൂസ്, തെർത്തുല്യൻ, ആഗസ്റ്റിൻ (ആദ്യകാലത്തു്), ഹിപ്പോളിററസ് (ദാനിയേൽ ഭാഷ്യം 4:23) എന്നിവരിലും മില്ലെനറിസം ദൃശ്യമാണ്. വി. ഗ്രന്ഥത്തിൽ നിന്നാണിവർ ആരംഭിക്കുന്നത് (സങ്കീ. 90:4; 2 പത്രോ. 3:8; വെളി. 20:4). സൃഷ്ടികഴിഞ്ഞ് 5500–ാം വർഷം ഡിസംബർ 25നു ക്രിസ്തു ജനിച്ചു എന്ന് ഹിപ്പോളിററസ് കരുതി: cfr,Vigiliae Christianae 2 (1948–1)6
28. ലൂക്കാ. 13:32; മത്താ. 3:7; യിരെ. 5:8; സങ്കീ. 49:11 സങ്കീ. 58:4
29. മർക്കോ. 7:21 കാണുക.
30. ആവ. 8:15; 1 കൊരി. 10:1–11
31. സങ്കീ. 29:7_9ലേക്കു തിരിയുന്നു.
32. ഇയ്യോബ് 39:1–4 കാണുക
33. സങ്കീ. 126:6; 73:5f.
34. 1 കൊരി. 4:15; 1 തിമോ. 3:7; ഉല്പ. 19:26; ലൂക്കാ. 9:62: ഫിലി. 3:13f.
35. മത്താ. 3:3; 1 കൊരി. 1:10; സങ്കീ. 42:1–2
36. ഫിലി. 2:6f; ഏശാ. 9:6
37. യോഹ. 6:46; മത്താ. 5:8
38. റിബെക്കായുടെ കഥയാകാം ഒരിജൻെറ മനസ്സിലുണ്ടായി

www.malankaralibrary.com



രുന്നതു് എന്നു തോന്നുന്നു. ഉല്പ. 27
39. ഉത്തമഗീതം 2:10 വരെ വന്നിട്ടു് ഒരിജൻ 1:2ലേക്കു തിരിയുന്നു.
40. ഒരിജൻ 1:4 ന്റെ ഒരു ഭാഗത്തേക്കു തിരിയുന്നു.
41. 1 കൊരി. 12:8; മത്താ. 7:6
42. സങ്കീ. 45:6; യോഹ: 4:14
43. മത്താ. 21:19; 7:19
44. മർക്കോ. 1:13; മത്താ. 4:1ff; ലൂക്കോ. 4:1ff.
45. റോമ. 3:23; സഭാ. 7:21
46. എബ്രാ. 2:14–15; എഫേ. 4:8
47. എഫേ. 2:6; 4:8
48. മത്താ. 27:52f;. എബ്രാ. 12:22

## പുസ്തകം 4

1. സംഖ്യാഹോമിലി. 18:4
2. 1 കൊരി. 10:4; 1 പത്രോ. 3:22; ഏശ. 53:9
3. പുറ. 33:21–23 ക്രിസ്തു പാറയും പാറയിലെ വിള്ളലുമാണു് എന്നു് ഒരിജൻ കരുതി. 'വിള്ളൽ' മുറിവായി പിൽക്കാലത്തു ചിത്രീകരിക്കപ്പെട്ടു.
4. സങ്കീ. 141:3; കൊളോ. 4:6
5. 2 കൊരി. 3:18; 1 കൊരി. 3:12
6. 2 കൊരി. 4:16; കൊളോ. 3:10; എഫേ. 5:27
7. സഭാ. 13:26; സദൃശ്യ. 15:13
8. സ്റ്റോയിക് ചിന്ത!
9. യോഹ. 1:18; 15.15; 17:24

## രണ്ടാം ഭാഗം_പ്രസംഗങ്ങൾ

### പ്രസംഗം 1 (പേജ് 240–259)

1. ദമാസൂസ് (366-384)
2. സെപ്ത്വജിന്തു് എബ്രായ വേദപുസ്തകത്തിന്റെ ഗ്രീക്കു വിവർത്തനമാണു്. ക്രി. മു. 250ൽ ഈജിപ്തിൽവച്ചു് ഇതു് രൂപീകൃതമായി. അക്വിലായുടെ വിവർത്തനം ക്രി. വ. 128ൽ ആണുണ്ടായതു്. 'പദാനുപദതർജമ' എന്നതാണു് അക്വിലായുടെ പ്രത്യേകത. കുറെനാൾ ഇയാൾ ക്രിസ്ത്യാനിയായിരുന്നു. എന്നാൽ പിന്നീടു് തിരികെ യഹൂദമതത്തിലേക്കുപോയി. തിയഡോഷ്യൻ മറെറാരു യൂദനാണു്. സെപ്ത്വജിന്തിനു് ഒരു സ്വതന്ത്രപതിപ്പുണ്ടാക്കി. അക്വിലായ്ക്കുശേഷം ജീവിച്ചു. അക്വിലായുടേതിനേക്കാൾ മെച്ചപ്പെട്ടതാണു് തിയഡോഷ്യന്റെ ശൈലി. ഹീബ്രു ബൈബിളിനെയാണു് മുഖ്യമായും ആധാരമാക്കിയതു്. ഒരു എബിയോണീത്തനായിരുന്നു സിമ്മാക്കുസ് (രണ്ടാം നൂററാണ്ടു്). മൂലഭാഷ മെച്ചപ്പെട്ട ഗ്രീക്കിൽ വിവർത്തനം ചെയ്യുക എന്നതായിരുന്നു സിമ്മാക്കുസിന്റെ ലക്ഷ്യം. ബൈബിളിന്റെ രണ്ടു വിവർത്തനങ്ങൾകൂടി തനിക്കറിവുണ്ടെന്നു് ഒരിജൻ രേഖപ്പെടുത്തിയിരിക്കുന്നു. ക്വിന്താ (Quinta) എന്നും സെക്സ്താ (Sexta) എന്നും അവ അറിയപ്പെടുന്നു (എവുസേബിയസ്, സഭാചരിത്രം, 6:16.2). ആദ്യത്തേതു് ആക്റ്റിയത്തിനു (Actium) സമീപം നിക്കോപ്പൊളീസിൽ നിന്നാണു് ഒരിജനു ലഭിച്ചതു്. മറേറതു ജറീക്കോയ്ക്കുസമീപം ഒരു കുടത്തിൽനിന്നു ലഭിച്ചു. ചാവുകടൽതീരത്തുനിന്നു് ഈ അടുത്തകാലത്തു കണ്ടെടുക്കപ്പെട്ടവയും ഒരിജനു ലഭിച്ചവയും ഒരേതരത്തിൽപ്പെട്ടവയാണു്.
3. ലേവ്യ. 16:31; 25:2-2; 26:35
4. ഏശ. 65:24; 52;6
5. ഉത്തമ. 1:10; 1:15; 7:1_6
6. 1 രാജാ. 10:1-2. 10
7. മത്താ. 26:6ff; മർക്കോ. 14:3ff; യോഹ. 12:3ff ലൂക്കോ.7:37ff.
8. യോഹ. 12:31; 14:30; 16:11; മത്താ. 26:6; മർക്കോ. 14:3 (കുഷ്ഠരോഗിയായ ശിമയോൻ); ലൂക്കോ. 7:37_40 (ഫരിശനായ ശിമയോൻ) രണ്ടും രണ്ടാളുകളാണു്.
9. 2 തിമോ. 4:7; 1 കൊരി. 9:24
10. cfr, സങ്കീ. 71:8.10; 67:32

www.malankaralibrary.com



## പ്രസംഗം 2 (പേജ് 260-282)

1. മത്താ. 26:6–13; മർക്കോ. 14:3_9; യോഹ. 12:1–8. ലൂക്കോസിന്റെ വിവരണം (7:36-50) മററവയിൽനിന്നു വ്യത്യസ്തമായ ഒന്നായി വ്യാഖ്യാതാക്കൾ കരുതുന്നു.
2. cfr, മത്താ. 26:11-13; മർക്കോ. 14:7–9
3. ഏശാ. 8:14; ലൂക്കോ. 9:32f.
4. ആവ. 32:6; 1 കൊറി. 1:25
5. adelphidos [ഒരിജൻ: LXX]; fratruelis (ജറോം); fraternus (റുഫീനസ്) dilectus (വംഗേററ്) agapetos (സിമ്മാക്കസ്).
6. aporeonta
7. സ്ഥാനാർത്ഥികളെപ്പററി പരാമർശിക്കുന്ന രണ്ടു ഭാഗങ്ങളാണ് ഈ കൃതിയിലുള്ളത്: ഒന്നിതു്; മറെറാന്നു് ഉത്തമഗീത ഭാഷ്യം, പുസ്തകം, 3:8
8. എഫേ, 6:12; 1 കൊറി. 6:17
9. സിമ്മാക്കൂസ്
10. Dorcas
11. 'മറെറാരു ഗോത്രം' എന്നു പദാർത്ഥം; വിദേശികം; ഇവിടെ 'ഫിലിസ്ത്യർ' എന്നർത്ഥം